
# ഫാത്വിമ رضي الله عنها



Dr. മുഹമ്മദ് അബ്ദു യമാനി

വിവർത്തനം

മുഹമ്മദ് ഫാറൂഖ് നഈമി അൽ ബുഖാരി MA.DJ

# صدر للمترجم

## വിവർത്തകന്റെ കൃതികൾ

العقيدة الإسلامية اهميتها ومكانتها

ഇസ്‌ലാമിക വിശ്വാസം യുക്തിയും പ്രസക്തിയും

* * *

الى حضرة امي واختي

ഉമ്മയും പെങ്ങളും വായിച്ചറിയാൻ

* * *

الشمائل المحمدية.

സൗന്ദര്യ സ്വരൂപരായ തിരുനബി(സ)

* * *

لماذا كنت سنيا....؟ എന്തുകൊണ്ട് സുന്നി...?

* * *

عالم الجن والشياطين ജിന്നുകളുടെ ലോകം

* * *

ترجمة القصيدة العمرية കാവ്യസുധ

* * *

الشيخ عبد القادر حيوته واثره في مليبار

പതി അബ്ദുൽഖാദിർ മുസ്‌ലിയാർ, ജീവിതവുംദർശനവും

* * *

الفلسطين الباكية

കരയുന്ന ഫലസ്തീൻ

* * *

ترجمة ونقد على هرمجدون آخر بيان يا أمّة الإسلام

മൂന്നാം ലോക മഹായുദ്ധം തുടക്കവും ഒടുക്കവും

معاشرة الرسول ﷺ

തിരുനബി ﷺ സമീപന മാഹാത്മ്യങ്ങൾ

# ഫാത്വിമ (رضي الله عنها)

മൂന്നാം പതിപ്പ്

Dr. മുഹമ്മദ് അബ്ദു യമാനി

വിവർത്തനം:
മുഹമ്മദ് ഫാറൂഖ് നഈമി അൽ ബുഖാരി MA,DJ
കൊല്ലം

പ്രസാധനം

ഖാദിസിയ്യ പബ്ലിക്കേഷൻസ്

ഖാദിസിയ്യ ഇസ്‌ലാമിക് കോംപ്ലക്സ്, പി.ഒ. തഴുത്തല
മുഖത്തല, കൊല്ലം, ഫോൺ: 0474-2531578

الأصل
إنها فاطمة الزهراء
للدكتور محمد عبده يماني
ترجمة
محمد فاروق النعيمي البخاري

**FATHIMA**
*(Malayalam)*
*Original*
**INNAHA FATHIMATHU ZUHRA**
*By*
**Dr. MUHAMMED ABDU YAMANI**
*Translator*
**MUHAMMED FAROOQUE NAEEMI AL BUKHARI KOLLAM**
*Publishers:*
**Quadisiyya Publications**
Quadisiyya Islamic Complex
Thazhuthala, P.O. Mukhathala, Kollam
Phone: 0474 - 2531578
*First Edition* : 2002 June
*Second Edition* : 2008 August
Third Edition : 2009 December
*Typesetting:*
Az Creations, 9447445640
*Printing Consultant:*
**Basheer Perumugham**, Ph: 9847003652
Price Rs. 80/-
© Rights Reserved

# تقريظ

## بسم الله الرحمن الرحيم

الحمد لله رب العالمين، والصلاة والسلام على أشرف المرسلين، وعلى آله الطيبين الطاهرين وأصحابه أجمعين، أما بعد،

لقد يسّرنا بترجمة كتاب الأخ الفاضل الدكتور محمد عبده يماني "إنّها فاطمة الزهراء" إلى اللغة المليبارية، لأن سيرة البتول مرآة للفتيات وفضائلها وخصائصها إصلاح وعلاج وقدوة حسنة للأخلاقيات. عفتها وطهارتها دروس وعبر لكل فتاة. لقصص الصالحين ووقائعهم أثر كبير في تكوين شخصية طيبة وأسوة حسنة وقدوة مطهرة. إنا وجدنا في هذا الكتاب نفائس عديدة ووقائع أثيرة من حيوة بنت الرسول فاطمة البتول. وهذه القبسات من سيرتها رضي الله عنها هي خير ما يقدمه الأستاذ لتلاميذه والشيخ لمريده.

أهدى إلى مؤلف الكتاب ومترجمة ألف التهاني والتبريكات. ووفقكم الله وإيانا لخدمة دينه الإسلام وأذاقنا محبة النبي ﷺ وآله وأجمعنا في دار السلام، آمين

من الأخ
الشيخ أبوبكر بن أحمد
الأمين العام لجمعية علماء أهل السنة بعموم

# تقريظ

بسم اللّه الرحمن الرحيم، الحمد للّه ربّ العالمين، والصلاة والسلام على سيدنا محمد وعلى آله واصحابه أجمعين.

لقد يسّرنا أن تلميذنا النبيل محمد فاروق قام بترجمة الكتاب المفيد للأمة الإسلامية أجمعها 'إنها فاطمة الزهراء' للعالم الفاضل العلامة محمد عبده يماني أطال اللّه بقائه إلى اللغة المليبارية، لأن في سيرة من سلف من الصالحين عبرة لمن بعدهم حتى انه لا قوام للأمة الإسلامية إلا بالسلوك في مناهجهم المستقيمة. وصاحب الكتاب قد أتى فيه من حكايات بديعة من شتات الكتب المعتمدة من كتب التاريخ.

وقد رسم فيه من أخلاق فاطمة البتول وأحوالها مع أبيها محمد ﷺ. وهذا الكتاب سند عظيم يعتمد عليه كل مسلم في تكوين أسرة طيبة وعلاقات عميقة.

ولقد يسّرنا أيضا أن المترجم محمد فاروق متخرج من كلية الإمام البخاري للدعوة الإسلامية بكندوتي وانه قد أتم الماجستر في اللغة الإنجليزية من جامعة أناملا (Annamali University)

نهدي إلى المؤلف والمترجم ألف التهاني والتبريكات لما قاموا بخدمة التاريخ النبوي. وفقكم اللّه وايانا لخدمة دينه مع الإخلاص، وأجمعنا وإياكم في دار رحمته ورضوانه مع النبي ﷺ وبنته البتول، آمين.

الأساتذة

كلية الإمام البخاري للدعوة الإسلامية

كندوتي، مالابورام، الهند – ٦٧٣٦٣٨

# تمهيد

بسم اللّه الرحمن الرحيم، الحمد للّه الذي أنعم علينا بسيد المرسلين والصلاة والسلام على حبيبنا محمد وعلى آله الطيبين الطاهرين وأصحابه وأتباعه إلى يوم الدين، أما بعد.

اهدى لي أخي الكبير محمد كنهي الثقافي أمين العام لمجمع قادسية الإسلامية كتاب "إنها فاطامة الزهراء" للعالم الفاضل العلامة الدكتور محمد عبده يماني قبل ثلاثة أعوام. حينما طالعت صميمها من الآثار والأخبار حاورت مع أمي أدام اللّه بقائها عن محتويات الكتاب، فأرشدتني لترجمته إلى اللغة المليبارية، فبدأت الترجمة صفحة بعد صفحة، فوجدته رائعا نفيسا ومفيدا للفتيان والفتيات، ونشرت في مجلة "السنة" الشهرية.

فبينما نحن في ذلك إذ أتانا موسم الحج سنة ١٤٢٤ فلاقيت مع المصنف من مجلس السيد محمد علوي المالكي الحسني رحمه اللّه برصيفة من مكة المكرمة. فأخبرته عن ترجمة مصنفه المتين والكتاب المبين في فضائل بنت الرسول الأمين. فأرشد للقائه من مكتبة 'ببرج دلة" يوم السبت بجدة. وحاورت عن قيامي تبرجمة الكتاب فأحثني وشجّعني على خدمة تاريخ بضعة الرسول سيدتنا البتول ماديّا ومعنويا.

الحمد للّه، فهذه لديكم صفحات مترجمة... وقبسات نّيرة.... ولحظات متعطرة، نرجو من اللّه الكريم أن يكسو هذه رداء القبول ومحبة آل النبي أبي

البتول، وأن يجمعنا مع السادات في دار الفرح والسرور وأبائنا وأمهاتنا وأحبابنا وأساتيذنا وإخوانا ببركة سيدنا محمد ﷺ.

أظن أن هذه أول دراسة مبرمة في حيوة فاطمة رضي اللّه عنها باللغة المليارية.

أدعو خاصة لسماحة المصنف المرشد إلى هذا العمل المبارك أدام اللّه بقائه وأجمعنا وإياه مصنفا مترجما مع صحابة "الترجمة" رضي اللّه عنها، واللّه ولي التوفيق.

٢٩ شول ١٤٢٥هـ<br>
كيرالا، الهند

بكل ودواحترام<br>
محمد فاروق النعيمي البخاري

# ഉള്ളടക്കം


ഫാത്വിമ ജനിക്കുന്നു ........ 17

ജന്മസ്ഥലം ........ 20

നാമകരണവും നാമങ്ങളും ........ 23

മാന്യമായ പാരമ്പര്യം ........ 26

മാതാമഹി ആമിന (റ) ........ 37

സന്മാർഗ്ഗം പിറക്കുന്നു ........ 40

സഹ്റാഇന്റെ പിതാവ് ........ 43

ഖദീജതുൽ കുബ്റാ ........ 44

തിരുനബി(റ)യുമായുള്ള വിവാഹം ........ 48

ഫാത്വിമ (റ)യും രഹസ്യപ്രബോധനവും ........ 51

ഫാത്വിമ (റ) ഉദാഹരിക്കപ്പെടുന്നു ........ 54

ഹബശയിലേക്കുള്ള പലായനം ........ 57

സഹ്റാഅ് പരീക്ഷണങ്ങൾക്ക് നടുവിൽ ........ 63

ആബൂത്വാലിബിന്റെ വിയോഗം ........ 68

ഖദീജ(റ)യുടെ വിയോഗം ........ 71

തിരുനബി യുടെ വിവാഹവും ഫാത്വിമ(റ)യും ........ 74

പലായനവും ഫാത്വിമ(റ)യും ........ 77

സൈനബ(റ) യുടെ പലായനം ........ 83

ഫാത്വിമ(റ)യുടെ വിവാഹം ........ 90

മോഹന ദിനങ്ങൾ ........ 96
ഫാത്വിമ(റ) വസതിയിൽ ........ 100
അലി (റ)യുടെ വസതി ........ 104
ഫാത്വിമ(റ) പടക്കളത്തിനു ചാരെ ........ 110
ഉമ്മുകുൽസൂമിന്റെ വിവാഹം ........ 112
സൗന്ദര്യപ്പിണക്കങ്ങൾ ........ 114
ഹഫ്സയുടെ മംഗല്യം ........ 116
പുതിയ പരീക്ഷണങ്ങൾ ........ 118
സൂനങ്ങൾ പിറക്കുന്നു ........ 122
പ്രാർത്ഥനയുടെ ഫലം ........ 136
തിരുനബി സ്നേഹം ഫാത്വിമാ കുടുംബത്തിൽ ........ 144
സഹ്റാഇന്റെ സാന്നിദ്ധ്യം ചരിത്രദളങ്ങളിൽ ........ 147
അഹ്ലുബൈത്തിന്റെ നായിക ........ 169
ഫാത്വിമ(റ)യും ഹജ്ജും ........ 173
ഇബ്രാഹിം(റ) ന്റെ വിയോഗം ........ 176
വിടവാങ്ങൽ ഹജ്ജും ഫാത്വിമ(റ)യും ........ 181
ഫാത്വിമ (റ) തിരുസന്നിധിയിൽ ........ 189
വഫാത്തുറസൂൽ ........ 190
ഫാത്വിമ(റ)യെ സ്നേഹിക്കുമ്പോൾ ........ 198
സ്വഭാവ മഹിമ ........ 205
ഫാത്വിമ(റ) യുടെ കർമ്മശാസ്ത്രം ........ 209
സഹ്റാഇന്റെ വസ്വിയ്യത്ത് ........ 213
രോഗവും വിയോഗവും ........ 215
വിശുദ്ധ പാരമ്പര്യം ........ 217
സമാപ്തം ........ 222

# പ്രസാധകക്കുറിപ്പ്

അൽഹംദുലില്ലാഹ്...

സർവ്വസ്തോത്രങ്ങളും അല്ലാഹുവിന്,

തിരുനബിയിലും കുടുംബത്തിലും സ്വലാത്തും സലാമും സദാ വർഷിക്കട്ടെ.

തിരുനബിയുടെ വാത്സല്യപുത്രി ബീവി ഫാത്വിമ (റ) യുടെ അക്ഷരാവിഷ്ക്കാരമാണ് നിങ്ങളുടെ കരങ്ങളിൽ. സ്നേഹത്തിന്റെയും സഹനത്തിന്റെയും ജാജ്ജ്വല്ല്യമായ നൂറ് നൂറ് കഥകൾ ബീവി ഫാത്വിമ(റ) യുടെ ജീവിതസ്പന്ദനങ്ങൾക്ക് പറയാനുണ്ട്...... തിരുനബിയെ കണ്ടും കേട്ടും അനുഭവിച്ചും ജീവിതത്തിലേക്കാവഹിച്ച മഹതി തിരുകുടുംബത്തിന്റെ നായികയാണ്. നമ്മുടെ യുവതീയുവാക്കൾക്ക് അത്യാകർഷകമായ ജീവിതമാതൃക വരച്ചുകാട്ടാൻ ഈ കൃതിക്കാവുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. സൗദി അറേബ്യയിലെ പ്രശസ്ത പണ്ഡിതൻ ഡോ. അബ്ദുയമാനി യുടെ ഇന്നഹാഫാത്വിമതുസ്സഹ്റാ എന്ന ഈ ഗ്രന്ഥം വിവർത്തനം ചെയ്തിരിക്കുന്നത് പ്രശസ്ത പണ്ഡിതനും വാഗ്മിയുമായ മുഹമ്മദ് ഫാറൂഖ് അൽ ബുഖാരി MA,DJ യാണ്.

കടപ്പാട് പലരോടാണ്. ഗ്രന്ഥകാരൻ ഡോ. അബ്ദുയമാനി, വിവർത്തകൻ മുഹമ്മദ് ഫാറൂഖ് അൽ ബുഖാരി, അവതാരിക തന്ന് അനുഗ്രഹിച്ച ശൈഖുനാ കാന്തപുരം, മറ്റു ഉസ്താദുമാർ പ്രസാധനത്തിന് അണിയറിയലും പുറത്തും സഹായിച്ചവർ, പ്രചോദനം നൽകിയവർ...... ഏവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. നാഥൻ സ്വർഗ്ഗീയാരാമത്തിൽ ഒരുമിച്ചുകൂട്ടട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പബ്ലിക്കേഷൻ ഡിവിഷൻ**
**ഖാദിസിയ്യ ഇസ്ലാമിക് കോംപ്ലക്സ്**
**തഴുത്തല(പി.ഒ), മുഖത്തല, കൊല്ലം, കേരള.**

# അവതാരിക

സർവ്വ സ്തോത്രങ്ങളും അല്ലാഹുവിന്, തിരുനബിയിലും ആലിലും അസ്ഹാബിലും സ്വലാത്തും സലാമും സദാ വർഷിക്കുമാറാകട്ടെ.

വിശ്വപ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായ ഡോക്ടർ മുഹമ്മദ് അബ്ദുയമാനിയുടെ 'ഇന്നഹാ ഫാത്വിമ തുസ്സഹ്റാ' എന്ന അറബി ഗ്രന്ഥം മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകണ്ടതിൽ വളരെയധികം സന്തോഷിക്കുന്നു. കാരണം ഫാത്വിമയുടെ ചരിത്രം യുവതലമുറയ്ക്ക് ദർപ്പണമാണ്. അവിടുത്തെ സ്വഭാവശുദ്ധിയും ആത്മാർത്ഥമായ ഇടപെടലുകളും എല്ലാ യുവതികൾക്കും പാഠമാണ്. മുൻകാലത്ത് ജീവിച്ചുപോയ മഹാൻമാരുടെ ചരിത്രമാണ് ഒരർത്ഥത്തിൽ ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കുന്നത്. നല്ല വ്യക്തികൾ ഉദ്ഭവിക്കുന്നതും അവിടെ നിന്നാണ്.

അമൂല്യമായ ചരിത്രശകലങ്ങളും ഫാത്വിമയുടെ വിശ്വാസം തുളുമ്പുന്ന ജീവിതരേഖകളും യാഥാർത്ഥ്യബോധത്തോടെ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയതിൽ ഞാൻ സംതൃപ്തനാണ്. ഒരു ഗുരുവിന് തന്റെ ശിഷ്യന് സമർപ്പിക്കാവുന്ന ഉത്തമമായ ഒരു ഉപഹാരമാണ് ഈ ഗ്രന്ഥം.

ഗ്രന്ഥകർത്താവിനും വിവർത്തകനും ആശംസകളറിയിക്കുന്നതോടൊപ്പം നമുക്കെല്ലാവർക്കും ദീനിന്റെ സേവനത്തിന് അല്ലാഹു തൗഫീഖ് നൽകട്ടെ എന്ന് ദുആ ചെയ്യുന്നു. പ്രവാചകസ്നേഹത്തിന്റെ വക്താക്കളായി ജീവിച്ച് പരിശുദ്ധ സ്വർഗ്ഗത്തിൽ നമ്മെയെല്ലാം നാഥൻ ഒരുമിച്ചുകൂട്ടുമാറാകട്ടെ. (ആമീൻ)

**കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ**
ജനറൽ സെക്രട്ടറി
അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമാ.

# വായനയ്ക്ക് മുമ്പ്

മുറകൾക്ക് പിറകെ....

വിശ്വപ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായ ഡോ. മുഹമ്മദ് അബ്ദുയമാനിയുടെ 'ഇന്നാഹാഫാത്വിമത്തുസ്സഹ്റാഅ്' എന്ന കൃതിയുടെ ഭാഷാന്തരമാണ് ഇത് ഫാത്വിമ (റ) എന്ന പേരിൽ പ്രകാശിതമാകുന്നത്.

ഗ്രന്ഥകാരന്റെ ജനനം മക്കയിലും പ്രാഥമികപഠനം ഹറം ശരീഫിലെ പണ്ഡിതകേസരികളിൽ നിന്നുമായിരുന്നു. ശേഷം അൽഫലാഹ് വിദ്യാകേന്ദ്രത്തിൽ നിന്ന് ജ്ഞാനം നുകരുകയും മലിക് സുഊദ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഭൂഗർഭശാസ്ത്രം (Geology), രസതന്ത്രം(Chemistry) എന്നിവകളിൽ ബിരുദം നേടുകയും ചെയ്തു. ന്യൂയോർക്ക് കോർണിൽ യൂണിവേഴ്സിറ്റിയിൽ നിന്നായിരുന്നു മാസ്റ്റർ ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കിയത്. ഭൂഗർഭഘനി, സാമ്പത്തിക വ്യവസ്ഥ എന്നീ വിഷയങ്ങളിലുള്ള പഠനമാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് നേടിക്കൊടുത്തത്. ബിരുദാനന്തരം മലിക് സുഊദ് സർവ്വകലാശാല സയൻസ് കോളേജിൽ ലക്ചറർ ആയി നിയമനം ലഭിച്ചു. ശേഷം വിദ്യാഭ്യാസമന്ത്രാലയപ്രതിനിധിയായും മലിക് അബ്ദുൽ അസീസ് യൂണിവേഴ്സിറ്റി ചാൻസലറായും വാർത്താവിതരണ മന്ത്രിയായും ഔദ്യോഗിക പദവികൾ അലങ്കരിച്ചു. ഇപ്പോൾ മലിക് അബ്ദുൽ അസീസ് സർവ്വകലാശാലയിൽ ഭൂഗർഭശാസ്ത്ര ഘനി, സാമ്പത്തിക ശാസ്ത്ര പ്രൊഫസറാണ്. ഒപ്പം ദല്ല കൺസ്ട്രക്ഷൻ കമ്പനിയുടെ എം.ഡിയുമാണ്.

പ്രവാചക ചരിത്രദർശനങ്ങളെ ഉൾക്കൊള്ളുന്ന മഹദ് സമൂഹസൃഷ്ടിയാണ് അദ്ദേഹത്തിന്റെ സന്ദേശം. അമ്പതിൽപരം ഗ്രന്ഥങ്ങളുടെയും അനവധി ലേഖനങ്ങളുടെയും ഉടമയായ യമാനി മൺമറയുന്ന ചരിത്രാവശിഷ്ടങ്ങളെ ദുഃഖത്തോടെ ദർശിക്കുകയും ആ രംഗത്ത് ഭരണാധി

കാരികൾ നിലനിർത്തുന്ന അനാസ്ഥയെ നിരൂപണബുദ്ധ്യാ നോക്കിക്കാണുകയും ചെയ്യുന്നു.

മുസ്‌ലിം വേൾഡ് ലീഗിന്റെ സ്ഥാപകാംഗം കൂടിയായ ഇദ്ദേഹം ലോക മുസ്ലിംകളുടെ പ്രശ്നങ്ങളെ അടുത്തറിയാനും പരിഹാരനിർദ്ദേശത്തിനും മുൻകൈയെടുക്കുന്നു. ഇതിനുവേണ്ടി മാത്രം അത്തരം പ്രദേശങ്ങൾ നിരവധി തവണ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ആഫ്രിക്കയെക്കുറിച്ചും മറ്റുമുള്ള ഗ്രന്ഥങ്ങൾ അതിന്റെ ലേഖനാവിഷ്കാരമാണ്.

യമാനിയുടെ ഗ്രന്ഥങ്ങൾ ലോകത്ത് പല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലിമൂ ഔലാദകും മഹബ്ബത്ത റസൂലില്ലാഹ് എന്ന കൃതി എന്റെ-ഗുരുവര്യൻ കൂടിയായ കെ.എ.കെ. ഫൈസി 'കുട്ടികളെ മഹബ്ബത്തു റസൂൽ പഠിപ്പിക്കുക' എന്ന പേരിൽ മലയാളിക്ക് നൽകിയിട്ട് വർഷങ്ങൾ കഴിഞ്ഞു.

علموا أولادكم محبة رسول الله
علموا أولادكم محبة ال بيت النبي
بأبي أنت وأمي يا رسول الله
أفريقيا لماذا؟ لا تضيعوا أفريقيا كما ضاعت الأندلس الجيولوجيا الاقتصادية

തുടങ്ങിയ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

ചരിത്രത്തിലെ വ്യക്തമായ അവബോധവും നബികുടുംബത്തോടുള്ള അനുരാഗവും വരികളിൽ മുഴുത്ത് നിൽക്കുന്നു. ചരിത്രാധമന്മാരായ പരിഷ്ക്കാരികൾ തകർത്തുകളഞ്ഞ പൈതൃകങ്ങളുടെ പൂർവ്വകാല ചിത്രങ്ങളും ഈ കൃതിയിൽ ചേർത്തിട്ടുണ്ട്. പ്രവാചകാനുരാഗത്തിന്റെ നിദർശനമെന്ന പോലെ പ്രേമാനുരക്തമായ ബുർദ്ദാ ശകലങ്ങൾ ആലേഖനം ചെയ്ത, നബി (ﷺ) വിശ്രമിക്കുന്ന മുറിയുടെ വാതിലിന്റെ ചിത്രമാണ് മുഖചിത്രമായി തെരഞ്ഞെടുത്തത്. പരിഷ്ക്കാരത്തിന്റെ ഭ്രാന്തിൽ മഹാത്മ്യങ്ങളെ മറന്നുകളയുന്ന അഭിനവ പണ്ഡിതഭാവങ്ങളുടെയും രചനകളുടെയും മുമ്പിൽ അഹ്‌ലു സ്സുന്നത്തിവൽ ജമാ അത്തിന്റെ ജ്ഞാനതിലകമാണ് യമാനിയും കൃതികളും.

ഇസ്‌ലാമിക സമൂഹത്തെയും ദർശനങ്ങളെയും ഇതിവൃത്തമാക്കിയുള്ള നോവൽ രചന ഗ്രന്ഥകാരനെ വിശ്വസാഹിത്യത്തിന്റെ വിശാല ലോകത്തേക്കും ആനയിച്ചിട്ടുണ്ട്.

ഫാത്വിമ മലയാളത്തിലേക്ക് വരുന്നതിന്റെ പിന്നിൽ ചില നിമിത്തങ്ങളുണ്ട്. ഈ വിനീതൻ ബുഖാരി ദഅ്‌വാ കോളേജിൽ വിദ്യാർത്ഥിയായിരിക്കെ മൂന്ന് വർഷങ്ങൾക്ക് മുമ്പ് എന്റെ ഇക്കാക്ക പി.എ. മുഹമ്മദ് കുഞ്ഞ് സഖാഫി എം. എം, എം. ഫിൽ എനിക്ക് സമ്മാനമായി നൽകിയ ഗ്രന്ഥമാണ് ഇന്നഹാ ഫാത്വിമ പാരായണത്തിൽ നിന്നു ലഭിച്ച ഹൃദ്യതയും ചരിത്രത്തിലെ അപരിചിതമായ തലങ്ങളും പ്രിയപ്പെട്ട ഉമ്മായ്ക്ക് വായിച്ചുകൊടുത്തു. ഫാത്വിമ (റ) യുടെ ജീവചരിത്രത്തിലെ ഹൃദ്യമായ ഏടുകൾ ശ്രവിക്കവേ, ഇത് മലയാളത്തിലാക്കിയാൽ എത്ര ഉപകാരപ്രദമായിരുന്നു എന്ന് ഉമ്മ എന്നോട് നിർദ്ദേശിച്ചു. അതോടെ വിവർത്തനം എന്ന ചിന്ത ഉടലെടുക്കുകയും ആദ്യത്തെ ചില ഭാഗങ്ങൾ ഭാഷാന്തരം ചെയ്ത് സുന്നത്ത് മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ, 1424 ഹിജ്റ വർഷത്തിലെ ഹജ്ജ് കാലയളവിൽ മുഹമ്മദ് അലവി മാലിക്കി (റഹിമഹുള്ള) യുടെ മജ്‌ലിസിൽ വെച്ച് അബ്ദു യമാനിയെ നേരിൽ കാണാൻ തീർത്തും അവിചാരിതമായി അവസരം ലഭിച്ചു. ഞാൻ നിങ്ങളുടെ ഫാത്വിമ ഭാഷാന്തരം ചെയ്യുന്നു എന്നറിയിച്ചപ്പോൾ അടുത്ത ശനിയാഴ്ച ജിദ്ദയിലെ കാര്യാലയത്തിൽ വന്നു കാണാൻ ആവശ്യപ്പെട്ടു. അത് പ്രകാരം കണ്ടുമുട്ടുകയും പരിഭാഷ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ അനുമതി നൽകുകയും സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.

അൽഹംദുലില്ലാ.... അതിന്റെ പുലർച്ചയാണിത്. പദാനുപദം എന്ന സാഹസികതക്കോ, അനുവാചക വിരക്തിക്കോ മുതിരാതെ ആശയവിവർത്തനമാണ് നിർവ്വഹിച്ചിട്ടുള്ളത്. അറബി ഭാഷയുടെ അലങ്കാരത്തിനു മാത്രം വഴങ്ങുന്ന ചില പരാമർശങ്ങൾക്കു മുമ്പിൽ മലയാള ഭാഷയുമായി സന്ധിക്കാൻ പണിപ്പെട്ടിട്ടുണ്ട്. മലയാളി അനുവാചകർക്ക്, അലോസരമാകുമെന്നതിൽ ചില ആവർത്തനങ്ങളും മനഃപൂർവ്വം ഒഴിവാക്കാൻ നിർബന്ധിതനായി. പരമാവധി ഭാഷ സരളമാക്കാനും ആശയം പ്രകാശിപ്പിക്കാനും മുതിർന്നിട്ടുണ്ട്. പിഴവുകൾ നാഥൻ പൊറുത്തുതരട്ടെ – ആമീൻ.

പരിപൂർണമാണെന്ന അവകാശവാദമൊന്നുമില്ല. ന്യൂനതകൾ ശ്രദ്ധയിൽപെട്ടാൽ ചൂണ്ടിക്കാണിക്കുന്നത് സ്വാഗതാർഹമാണ്. മലയാളത്തിലെ സ്വതന്ത്രമായ ഒരു രചനയില്ലാത്തതിനാലും മൂലകൃതിയോടു നീതി പുലർത്തേണ്ടതിനാലും താളഭേദങ്ങൾ അനുഭവപ്പെട്ടേക്കാം. അനുവാചകർ അതുൾക്കൊള്ളുമെന്ന് പ്രത്യാശിക്കുന്നു.

ഭാഷാന്തരമാണെങ്കിലും സഹായിച്ചവർ ഏറെയുണ്ട്. വിവർത്തനത്തിനാഗ്രഹിച്ചവരുണ്ട്. ഏവർക്കും പ്രാർത്ഥനാപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. പദ്യഭാഷാന്തരത്തിൽ ആത്മാർത്ഥമായി സഹകരിച്ച കൊല്ലം സിദ്ധീഖ് മിസ്ബാഹി അൽ കാമിലി, അവതാരികയുടെ അലങ്കാരം നൽകിയ ശൈഖുനാ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ, ബുഖാരിയിലെ ഉസ്താദുമാർ, പ്രസാധനത്തിന്റെ അരമനയിൽ സർവ്വാത്മനാ സഹകരിച്ച ആത്മമിത്രങ്ങൾ ഏവർക്കും നാഥൻ അനുഗ്രഹവർഷം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഗ്രന്ഥത്തിലെ നായിക ബീവി ഫാത്വിമ (റ) യുടെ ബറകത്ത് കൊണ്ട് മാതാപിതാക്കൾ, ഉസ്താദുമാർ, സഹോദരങ്ങൾ, ആത്മമിത്രങ്ങൾക്കൊപ്പം സ്വർഗ്ഗീയപൂവനത്തിലണയാൻ ഈ ചുരുങ്ങിയ വരികൾ നിമിത്തമാകട്ടെ എന്ന പ്രാർത്ഥനയോടെ..... (ആമീൻ)

അനുവാചകലോകത്ത് സ്വീകരണം പ്രതീക്ഷിച്ച് കൈമാറുന്നു.

എന്ന്,
**മുഹമ്മദ് ഫാറൂഖ് നഈമി അൽബുഖാരി MA, DJ**
ഫിർദൗസ് മൻസിൽ, ശൂരനാട്, കൊല്ലം
ഫോൺ - 0476-2851145, 9388421313

15-11-04
കൊല്ലം

# ഫാത്വിമ ജനിക്കുന്നു

അന്ത്യപ്രവാചകൻ മുഹമ്മദ്(ﷺ) യുടെയും ബീവി ഖദീജത്തുൽ കുബ്റ (റ) യുടെയും പുത്രിയായി ഫാതിമത്തുസ്സഹ്റ (റ) പിറന്നു. ശ്രേഷ്ടദമ്പതികളുടെ വൈവാഹിക ജീവിതം ദശാബ്ദം പൂർത്തിയാവുമ്പോഴായിരുന്നു നാലാമത്തെ പുത്രിയായി ഫാതിമ (റ) ജനിച്ചത്.

അക്കാലത്ത് വിശുദ്ധമായ കഅ്ബാലയത്തിൽ ഒരഗ്നിബാധയുണ്ടായി. ഏതോ പെണ്ണിന്റെ തീച്ചട്ടിയിൽ നിന്ന് കഅ്ബയുടെ ഖില്ലയിലേക്ക് തീപടർന്നു. ഖില്ല പൂർണ്ണമായി കത്തിക്കരിഞ്ഞു. ഭിത്തികൾക്ക് വിള്ളൽ വീണു. ഇത്രയൊക്കെയായിട്ടും കഅ്ബാലയം ഒന്നു പുതുക്കിപ്പണിയാൻ അറബികൾക്ക് ധൈര്യം വന്നില്ല. പുതുക്കുപ്പണിയാനാണെങ്കിലും പൊളിക്കാൻ മുതിർന്നാൽ ദൈവ കോപം വന്നേക്കുമോ എന്ന ഭയമായിരുന്നു കാരണം. കഅ്ബാലയം അപ്പടി തന്നെ നിലനിന്നു. മറ്റൊരിക്കൽ മക്കാ മലകളിൽ നിന്ന് ഒലിച്ചിറങ്ങിയ മലവെള്ളം ബൈതുൽ അതീഖിനെ കൂടുതൽ ദുർബലമാക്കി. തുടർന്ന് അനന്തരനടപടികളാലോചിക്കാൻ കഅ്ബാലയത്തിന് മുമ്പിൽ ഖുറൈശികൾ ഒത്തുകൂടി. മറ്റൊരു പരിഹാരം കാണാത്തതിനാൽ കഅ്ബ പൊളിച്ചു പുതുക്കി പണിയാൻ തന്നെ തീരുമാനമായി.

കഅ്ബ പുനഃനിർമ്മാണത്തിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായി. പക്ഷെ പൊളിക്കാൻ ആദ്യം ആരിറങ്ങും. എല്ലാവരും നോക്കി നിന്നു. വലീദുബ്നുമുഗീറ രംഗത്ത് വന്നു. നാഥാ ഞങ്ങൾ നല്ലതല്ലാതെ ഒന്നും ഉദ്ദേശിച്ചിട്ടില്ല എന്ന് പറഞ്ഞ് കൊണ്ട് വിശുദ്ധ ഭവനത്തിൽ ആയുധം വെച്ചു. ഇത് കണ്ട് ഖുറൈശികളിൽ പലരും ഭയന്നു വിറച്ചു. അന്നു രാത്രി

വലീദിന് എന്തെങ്കിലും സംഭവിക്കുമെന്നവർ ഉറപ്പിച്ചു. പക്ഷെ പിറ്റേന്നവർ കണ്ടത് ഉന്മേഷവാനായി പണി തുടരുന്ന വലീദിനെയാണ്. അപ്പോൾ മറ്റുള്ളവരും സഹകരിക്കാൻ തയ്യാറായി. പ്രവാചകൻ(ﷺ)യും നിർമ്മാണ പ്രവർത്തനത്തിൽ സഹകരിച്ചു.

പണിപൂർത്തിയായതോടെ ഹജറുൽ അസ്‌വദിനെ ചൊല്ലി തർക്കമായി. തർക്കം ഒരു യുദ്ധത്തിന്റെ വക്കോളമെത്തി. കാലുഷ്യത്തിന്റെ കനൽ പുകഞ്ഞും നീറിയും നാലോ അഞ്ചോ ദിവസം കടന്നു. പ്രശ്നപരിഹാരത്തിനായി ഖുറൈശികളിൽ ഏറ്റവും പ്രായം കൂടിയ അബു ഉമയ്യതുബ്നിനുൽ മുഗീറ (ഉമ്മുൽമുഅ്മിനീൻ ഉമ്മുസലമ (റ) യുടെ പിതാവ്) രംഗത്തുവന്നു.

ഖുറൈശികളെ ... ഈ പളളിയുടെ കവാടത്തിലൂടെ ആദ്യം കടന്നുവരുന്ന ആളെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ വേണ്ടി നിർദ്ദേശിക്കാം. അതവർ സമ്മതിച്ചു. എല്ലാ കണ്ണുകളും ആ വാതിലിലൂടെ ആദ്യം കടന്നു വരുന്നയാളെ പ്രതീക്ഷിച്ചിരുന്നു. അരോഗ്യദൃഢഗാത്രനായ സുശീലനുമായ ഒരു ചെറുപ്പക്കാരൻ അതുവഴി കടന്നുവന്നു. ജനങ്ങൾ ഒന്നിച്ച് വിളിച്ചു പറഞ്ഞു. "ഓ അത് അൽഅമീൻ അബ്ദുല്ലാഹിയുടെ മകൻ മുഹമ്മദ്, ഞങ്ങൾ അദ്ദേഹത്തിന്റെ വിധിയിൽ തൃപ്തിപ്പെട്ടിരിക്കുന്നു."

അപ്പോഴേക്കും തിരുനബി(ﷺ) അവരുടെ അടുക്കലെത്തി അവർ കാര്യം പറഞ്ഞു. ഉടനെ നബി(ﷺ) ഒരു തുണി ആവശ്യപ്പെട്ടു. അതിൽ കല്ലെടുത്തു വച്ചിട്ട് നബി(ﷺ) പറഞ്ഞു. എല്ലാ ഗോത്രക്കാരും ഇതിൽ പിടിക്കുക. ഒന്നിച്ചുയർത്തുക. പ്രത്യുത വെക്കേണ്ട സ്ഥലം വരെ ഉയർന്നപ്പോൾ നബി അതെടുത്ത് നിശ്ചിത സ്ഥലത്ത് സ്ഥാപിച്ചു. അന്ന് നബി(ﷺ)യുടെ പ്രായം മുപ്പത്തിയഞ്ച് വയസ്.

ഖദീജ (റ) ക്ക് പ്രസവമടുത്തതിനാൽ പ്രശ്നം പരിഹരിച്ച ഉടനെ നബി(ﷺ) വീട്ടിലേക്ക് തിരിച്ചു. അപ്പോഴേക്കും മഹതി പ്രസവിച്ചിരുന്നു.

മക്കാപുനഃനിർമ്മാണപൂർത്തീകരണവും ഫാത്വിമ (റ) യുടെ ജനനവും ജമാദുൽ ഉഖ്റാ ഇരുപതിന് വെള്ളിയാഴ്ചയായിരുന്നു.

പുത്രി വത്സലനായ പിതാവ് മകളെ കൈകളിലെടുത്ത് താലോലിച്ചു. അപ്പോൾ പ്രവാചക മുഖത്ത് വിരിഞ്ഞ ആഹ്ലാദം ഖദീജ (റ) യുടെ ഹൃദയത്തെ ആനന്ദിപ്പിച്ചു. സങ്കോചത്തിന്റെ അംശം പോലും ബാധിക്കാതെ നാലമത്തെ പെൺകുഞ്ഞിനെയും സ്വീകരിച്ച ഖദീജ(റ) കുട്ടിക്ക് നബിയോടുള്ള സാദൃശത്തിൽ ആനന്ദതുന്ദിലയായി. ആ പ്രത്യക്ഷ

സാദൃശ്യം അല്ലാഹുവിന്റെ ഔദാര്യങ്ങൾക്ക് കാരണമാകുമെന്നവർ വിശ്വസിച്ചു.

ഖദീജ(റ) യുടെ ജന്മദിനവും അന്നുതന്നെയായിരുന്നു എന്ന് സ്ഥീകരിക്കുന്ന ഒരു പരാമർശം ഇവിടെ ഓർക്കുന്നത് നന്നാകും.

അലി ഫാത്വിമ ദമ്പതിമാരിലേക്ക് അബ്ബാസ്(റ) കടന്നു വന്നു. അപ്പോൾ അവർ പരസ്പരം ചോദിക്കുന്നത് കേട്ടു ഞങ്ങളിൽ ആരാണ് പ്രായം കൂടിയത്. അപ്പോൾ അബ്ബാസ്(റ) പറഞ്ഞു. അലീ നീങ്ങൾ ജനിച്ചത് കഅ്ബ നിർമ്മാണത്തിന് വർഷങ്ങൾക്ക് മുമ്പാണ്. മോളേ ഫാതിമാ, ഖുറൈശികൾ കഅ്ബ നിർമ്മിച്ചപ്പോഴാണ് മോള് ജനിച്ചത്.

ഫാത്വിമ(റ) യെ പ്രസവിച്ച ഖദീജ(റ) എന്ന മാതാവിനോട് തിരുനബി(ﷺ)യായ പിതാവ് പറഞ്ഞു. ഖദീജാ, ഇവൾ വിശുദ്ധയാണ് എന്റെ പാരമ്പര്യം ഇവളിലൂടെയാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. നബി(ﷺ) യോടുള്ള ഫാത്വിമ(റ)യുടെ രൂപസാദൃശ്യം പരാമർശിക്കുന്ന നിരവധി ഹദീസുകൾ വന്നിട്ടുണ്ട്. ആഇശ(റ) പറഞ്ഞു. "ഫാതിമ ബീവി(റ)യേക്കാൾ നബി(ﷺ)യോടു വർത്തമാനത്തിൽ സാദൃശ്യമുള്ള ഒരാളെയും ഞാൻ കണ്ടിട്ടില്ല."

# ജന്മസ്ഥലം

തിരുനബി ഖദീജ ദമ്പതിമാരിൽ നിന്ന് പിറന്ന മറ്റു സന്താന ങ്ങളെപ്പോലെ ഫാതിമ(റ) യും ഖദീജ ബീവി(റ)യുടെ വസതിയിൽ തന്നെ യാണ് പിറന്നത്. അസ്റഖിയുടെ അഭിപ്രായത്തിൽ അത്താറി ഇടവഴി എന്നറിയപ്പെടുന്ന പാറപ്പുറത്തായിരുന്നു ജനനം. അതിനെ പരാമർശി ക്കുന്ന അസ്റഖിയുടെ വരികൾ കാണുക. "ആ വീട്ടിൽ വച്ചാണ് ഖദീജ(റ)യുമായി നബി(ﷺ)വീടുകൂടിയത്. അവിടെ വച്ച് തന്നെയാണ് ഖദീജ(റ) വഫാത്തായതും. ഹിജ്റക്ക് പോകും വരെ നബി (ﷺ) താമ സിച്ചിരുന്നതും ആ വീട്ടിൽ തന്നെയായിരുന്നു." ശേഷം അത് ഉഖൈൽബിൻ അബീതാലിബ് കൈവശമാക്കി. മുആവിയ (റ) തന്റെ ഭരണകാലത്ത് ഉഖൈലിയിൽ നിന്ന് ആ സ്ഥലം വാങ്ങി പള്ളിയാക്കി.

ഇന്ന് ആ ഗേഹമില്ല. ചരിത്ര വിരോധികളുടെ നുകങ്ങൾ അതിനു മുകളിൽ സംഹാരതാണ്ഡവം നടത്തി. അതിന്റെ അവശിഷ്ടങ്ങൾ പോലും മക്കാ വികസനത്തിൽ അപ്രത്യക്ഷമായി. ചരിത്രാംശങ്ങളുമായി സല്ലപിച്ചു പഠനം നടത്തുന്ന ഡോ. സാമീ അൻഖാവി തത്സൂചകമായി എനിക്കു തന്ന ചില ചിത്രങ്ങൾ ഈ പഠനത്തിൽ ഞാൻ ചേർത്തിട്ടുണ്ട്. അദ്ദേഹത്തെ അല്ലാഹു അനുഗ്രഹിക്കട്ടെ.

വഴിയിൽ നിന്നൽപ്പം താഴ്ന്നിട്ടായിരുന്നു ആ ഭവനം. അങ്ങോട്ടിറ ങ്ങാൻ ചെറിയ ചില പടികളുണ്ടായിരുന്നു ഇടതുവശത്ത് ഒരു പുറം വാതിൽ. ഭൂമിയിൽ നിന്ന് ഏകദേശം മുപ്പത് സെ. മീറ്റർ ഉയരെയായി രുന്നു അത്. ആ വീടിന്റെ നീളം പത്ത് മീറ്ററും വീതി നാല് മീറ്ററുമായിരു ന്നു. അവിടെ കുട്ടികൾക്ക് ഖുർ ആൻ പഠിക്കാനുള്ള ഒരിടമുണ്ടായിരു

ന്നു. വലത്തുമാറി രണ്ടു പടി ഉയരത്തിൽ ഒരു ചെറിയ വാതിൽ. അതിലൂടെ ഒരിടവഴിയിലേക്ക് കടക്കാം.

അവിടെ മൂന്നു വാതിലുകൾ. അതിലൊന്നിലൂടെ മൂന്നു മീറ്റർ നീളമുള്ള അത്രയും വീതിയില്ലാത്ത ഒരു റൂമിലേക്ക് കടക്കാം. അവിടെയായിരുന്നു നബി (ﷺ) ഇബാദത്തിന് തയ്യാർ ചെയ്തിരുന്നത്. വഹ്‌യ് സ്വീകരിച്ചിരുന്നതും അവിടെ വച്ചായിരുന്നു. ആ റൂമിലേക്ക് കടക്കുന്നതിനിടയ്ക്ക് അൽപം താഴ്ന്ന ഒരു സ്ഥലം കാണാം. നബി(ﷺ) വുളൂഅ് ചെയ്തിരുന്നത് അവിടെയായിരുന്നു.

വാതിലിലൂടെ കടന്നാൽ അൽപം വിശാലമായ ഒരിടമുണ്ട്. ഏകദേശം ആറ് മീറ്റർ നീളവും നാലു മീറ്റർ വീതിയുമുള്ള മുറി. അതായിരുന്നു തിരുനബി ഖദീജ ദമ്പതിമാരുടെ അറ (ചിത്രം 5 നോക്കുക)

രണ്ടാമത്തെ കവാടം വലത്തു ചേർന്ന് നാലുമീറ്റർ വീതിയും എഴര മീറ്റർ നീളവുമുള്ള ഒരു റൂമിലേക്ക് തുറക്കുന്നു. അതിന് നടുവിൽ അധികം ചെറുതല്ലാത്ത ഒരു ഭാഗം പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. അവിടെയാണ് ഫാതിമ (റ) യുടെ ജന്മസ്ഥലം. (ചിത്രം 4 നോക്കുക).

ആ മുറിയുടെ കിഴക്കുഭിത്തിയിലുള്ള ചെറിയ ഒരു അലമാരയിൽ ഫാതിമ ബീവിയുടേതാണെന്ന് പറയപ്പെടുന്ന, ധാന്യം പൊടിക്കാനുപയോഗിക്കുന്ന ഉപകരണത്തിന്റെ ഒരു ഭാഗമുണ്ടായിരുന്നു.

ഈ സ്ഥലത്തിന്ന് ഇടത്തു ഭാഗത്ത് ഒരു മീറ്റർ ഉയരത്തിൽ ഒരു വിശാലമായ ഇടമുണ്ടായിരുന്നു . പതിനാറ് മീറ്റർ നീളവും ഏഴുമീറ്റർ വീതിയും കാണും അതിന്. അവിടെയായിരുന്നു ഖദീജ (റ) യുടെ വ്യാപാരകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് എന്ന് കരുതപ്പെടുന്നു. (ചിത്രം നോക്കുക) ബതാനൂനി തന്റെ രിഹ്‌ലയിൽ ഖദീജ (റ) യുടെ ഭവനത്തിന്റെ ചിത്രീകരണം നടത്തിയതെങ്ങനെയാണ്. ഒറ്റ നോട്ടത്തിൽ നാലു റൂമുകൾ അടങ്ങിയ ഒരു ലളിത ഭവനം. മൂന്നും അന്തർ റൂമുകൾ. ഒന്ന് : പെൺമക്കൾക്ക്, രണ്ട് : ഭാര്യക്ക് മൂന്ന് : നബിയുടെ ഇബാദത്തിന്. നാലാമത്തേത് പൊതുജനങ്ങൾക്കും നബിക്ക് ഏകാന്തതക്കും.

ശിഫാഉൽഗറാമിൽ ഫാസി നൽകുന്ന ചിത്രീകരണം മറ്റൊരു നിലക്കാണ്. മൊത്തത്തിൽ ഒരു പള്ളിയുടെ ഭാവം. മുഖാമുഖം നിൽക്കുന്ന പൂമുഖത്തോടു കൂടി ഏഴു കമാനങ്ങൾ. ആകെ കൂടി എട്ടുതൂണുകൾ. ഖിബ്‌ലക്കഭിമുഖമായ ഭിത്തിയുടെ മധ്യഭാഗത്ത് മൂന്ന് മിഹ്റാബുകൾ. അതിൽ രണ്ട് നിരകളിലായി ഇരുപത്തിയാറ് സിൽസിലകൾ. അതിനെ

അഭിമുഖീകരിക്കുന്ന പൂമുഖത്ത് അഞ്ച് തൂണുകളിൽ താങ്ങിനിൽക്കുന്ന നാലു കമാനങ്ങളോട് കൂടിയ ഭാഗം. രണ്ട് പൂമുഖങ്ങളിൽ ഒന്ന് മറ്റേതിനേക്കാൾ ചെറുത്. അതിനിടയിൽ ഒരു ചെറിയ മുറ്റം. ജനങ്ങൾ സന്ദർശിക്കാൻ വരുന്ന മൂന്നിടങ്ങളും.

ഖുബ്ബതുൽവഹ്യ് എന്നറിയപ്പെട്ടിരുന്ന ഭാഗത്തോട് ചേർന്നായിരുന്നു ഫാതിമ (റ) യുടെ ജന്മസ്ഥാനമായ അൽമുഖ്തബഅ് എന്നറിയപ്പെടുന്ന സ്ഥാനം ഭിത്തിയിൽ നിന്നും 4 1/3 മുഴം മാറിയായിരുന്നു. അതിലായിരുന്നു ഭിത്തിയിലേക്കുള്ള മിഹ്റാബ്.

ഫാതിമബീവി(റ)യുടെ ജന്മസ്ഥലമായി അറിയപ്പെടുന്ന ഭാഗം ഏകദേശം അഞ്ചു മുഴം നീളവും ഭിത്തിയിൽ നിന്ന് 3 3/4 വീതിയും ഉണ്ടായിരുന്നു. അതിനിടയിൽ ഒരു മുഴം നീളവും വീതിയും വരുന്ന ഒരു കുഴിഞ്ഞ ഭാഗമുണ്ട്. അതിനു നടുവിൽ ഒരു കറുത്ത കല്ല് അതാണ് ഫാതിമ (റ) ജനിച്ചുവീണ യഥാർത്ഥ സ്ഥലം (ചിത്രം 4 നോക്കുക).

# നാമകരണവും നാമങ്ങളും

അല്ലാഹുവിന്റെ കൽപ്പനപ്രകാരം നവജാതശിശുവിന് ഫാത്വിമ എന്ന് നബി(ﷺ) നാമകരണം ചെയ്തു. ഫത്വിമ എന്ന ക്രിയാരൂപത്തിൽ നിന്ന് നിഷ്പന്നമായതാണ് ഫാത്വിമ എന്ന നാമം. നരകത്തിൽ നിന്ന് ഫാത്വിമയെ തടഞ്ഞിരിക്കുന്നു എന്നർത്ഥം ധ്വനിപ്പിക്കാനാണ് അല്ലാഹു ആ നാമം നിർദ്ദേശിച്ചത്. അബുഹുറൈറ(റ) വിൽ നിന്ന് ദൈലമിയും അലി(റ) വിൽ നിന്ന് ഹാകിമും നിവേദനം ചെയ്യുന്നു. പ്രവാചകരുടെ പുത്രിക്ക് ഫാത്വിമ എന്ന നാമകരണം ചെയ്തു. കാരണം അവരെ അല്ലാഹു നരകത്തിൽ നിന്ന് സംരക്ഷണം നൽകിയിരിക്കുന്നു.

"ഫാത്വിമതുസ്സഹ്റാഅ്" എന്നാണ് പ്രസിദ്ധനാമമെങ്കിലും ഒൻപതു പേരുകൾ മഹതിക്കുണ്ടായിരുന്നു. ഓരോ പേരും അതിന്റെ അർത്ഥതലങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ്.

## അസ്സഹ്റാഅ്

മുസ്തഫാനബിക്ക് മകൾ ഫാത്വിമ ഒരു പനിനീർ പുഷ്പമായിരുന്നു എന്നതിനാൽ നബി(ﷺ) അങ്ങനെ വിളിച്ചു. ഇത് ഇവരുടെ ശാരീരകലാവണ്യത്തെയും പ്രതിനിധാനം ചെയ്യുന്നു. ജഅ്ഫർബിൻ മുഹമ്മദ് ബിൻ അലി (റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. അബു അബ്ദില്ലായോട് ഞാൻ ഫാത്വിമബീവിയെ "സഹ്റാഅ് " എന്ന് വിളിക്കുന്നതെന്തു കൊണ്ടാണെന്നു ചോദിച്ചു. മറുപടി ഇങ്ങനെയായിരുന്നു. വാനിലെ ആ നക്ഷത്ര പ്രഭാവം ഭൂവാസികൾക്ക് ഹരമാകുന്നത് പോലെ ഭൂമിയിൽ നിൽക്കുന്ന ഫാത്വിമായുടെ പ്രകാശം വാനവാസികൾക്ക് ഹരമാകുന്നു.

സിദ്ധീഖ: സക്കിയ, റാളിയ, മർളിയ്യ, മുബാറക, ത്വാഹിറ ഈ നാമങ്ങൾ ധ്വനിപ്പിക്കും പോലെ സത്യവതിയും വിശുദ്ധയും സംസ്കൃതയും പരിശുദ്ധയുമായിരുന്നു. ഇവർ.

## അൽബതൂൽ

തനിക്കുക, തനിപ്പിക്കുക എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. മാഹാത്മ്യത്തിലും സൗന്ദര്യത്തിലും ശ്രേഷ്ടതയിലും ഇവർക്കു സമാനമായി ആരുമില്ലല്ലോ. ഇബാദത്തിന് വേണ്ടി മഹതി തനിച്ചിരുന്നു എന്നോ ഇതുരണ്ടുമോ ആവാം ആ നാമകരണത്തിന്റെ ഉദ്ദേശ്യം. താജുൽ അറൂസ് എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണാം. മർയം ബീവി(റ)യോട് തുല്യമായ സ്ഥാനമുള്ളതുകൊണ്ടാണ് ഫാത്വിമബീവി(റ)ക്ക് 'ബതൂൽ' എന്ന് നാമം വിളിച്ചത്. സഅ്ലബ് പറയുന്നതിപ്രകാരമാണ്. ലോകവനിതകളിൽ നിന്നും, വിശിഷ്യാ സമകാലിക സ്ത്രീകളിൽ നിന്നും ചാരിത്ര്യശുദ്ധിയിലും ദീനിബന്ധത്തിലും സ്ഥാനത്തിലും അതുല്യയായിരുന്നതിനാലാണ് ഈ നാമകരണം. ബതൂൽ എന്നതിനർത്ഥം ഇലാഹീ ആരാധനയിൽ അതുല്യത പുലർത്തിയവർ എന്നാണ്. അത് പരിഗണിക്കുമ്പോൾ താജുൽ അറൂസിൽ പറഞ്ഞപ്രകാരം ഫാത്വിമബീവിയും മർയം (റ)യും ബതൂൽ എന്ന് നാമത്തിന്നർഹരായവർ തന്നെ.

## ഉമ്മു അബീഹാ (സ്വന്തം പിതാവിന്റെ ഉമ്മ)

മറ്റൊരു നാമം ഇങ്ങനെയായിരുന്നു. ചിലപ്പോൾ ഉമ്മുന്നബി (നബിയുടെ ഉമ്മ) വിളിക്കാറുണ്ടായിരുന്നു. ഈ നാമകരണത്തിന് പിന്നിലെ രഹസ്യം തേടുമ്പോൾ മനസ്സിലാകുന്നതിങ്ങനെയൊക്കെയാണ്.

ഫാത്വിമ (റ) നബി(ﷺ) യുടെ ഇളയപുത്രിയായതിനാൽ ഖദീജ(റ) യുടെ വിയോഗാനന്തരം വീട്ടിൽ ഇവർ തനിച്ചായിരുന്നു. നബി (ﷺ) യുടെ പരിചരണവും മറ്റും ഇവർ തനിച്ചായിരുന്നു നിർവഹിച്ചത്. ഒരു മാതാവിന്റെ റോൾ കൈകാര്യം ചെയ്തു എന്നർത്ഥം.

പ്രവാചകപ്രഭാവത്തിന്റെ പാരമ്പര്യം മഹതിയിലൂടെ തുടർന്നതിൽ ജന്മം കൊടുത്ത മാതാവല്ലെങ്കിലും രിസാലതിന്റെ ഭാഗത്തു കൂടി മാതൃസ്ഥാനം കൈവരിച്ചിരുന്നു. ആ പരിഗണനയിലുള്ള അതിയായ സ്നേഹവും പ്രവാചകരിൽ നിന്ന് മകൾ നേടുകയും ചെയ്തു.

ജനിക്കുന്നതിനു മുമ്പെ പിതാവും ചെറുപ്പത്തിൽ തന്നെ മാതാവും നഷ്ടപ്പെട്ട തിരുറസൂലിന് മാതൃത്വത്തിന്റെ പരിലാളന ലഭിച്ചത് മകൾ

ഫാത്വിമ(റ) യിൽ നിന്നായിരുന്നു. അതിന് പുറമേ ആമിന(റ) യുടെ വിയോഗാനന്തരം അബൂത്വാലിബിന്റെ വസതിയിൽ നബിയെ പരിചരിച്ചിരുന്നവർ ഫാത്വിമത്ബിൻത് അസദ് എന്നിവരായിരുന്നു. നബിയുടെ സ്നേഹവും അവരിലേക്ക് പകരുകയും യാഉമ്മാഹ് എന്ന് വിളിച്ച് പോരുകയും ചെയ്തു. അവരുടെ വിയോഗത്തിൽ തിരുനബി അതീവദുഃഖിതയായി. ആയിടയ്ക്കാണ് മകൾ ഫാത്വിമ(റ) യെ അല്ലാഹു സമ്മാനിച്ചത്. മകൾ ഫാത്വിമയിൽ ഫാത്വിമ ഉമ്മയെ കണ്ടെത്തിയ നബി(ﷺ) ഉമ്മുഅബീഹാ എന്ന ഓമനപ്പേരിൽ മകളെ വിളിക്കുകയും ചെയ്തു. ഉസ്താദ് ഫാളിൽ ഹുസൈനിയുടെ അഭിപ്രായമാണിത്.

പ്രവാചകരുടെ എല്ലാ പ്രവർത്തനങ്ങളും സമീപനങ്ങളും അർത്ഥപൂർണമായിരുന്നു. ഈ ഓമനപ്പേര് വിളിച്ചതിലും അർത്ഥതലങ്ങൾ കണ്ടെത്താൻ കഴിയും. അർത്ഥശൂന്യമായി ഒന്ന് നബിയിൽ കണ്ടെത്തുക അസാധ്യം തന്നെ.

# മാന്യമായ പാരമ്പര്യം

ഗുണവതിയായ തമ്പുരാട്ടി പരിശുദ്ധ സന്തതി, മഹാത്മമകുടമായ മകൾ ക്ഷമാശാലിയായ പരിശ്രമി. ഫാത്വിമ (റ) പഠന വിധേയമാകുമ്പോൾ കുറച്ചു ചോദ്യങ്ങൾ എഴുന്നു നിൽക്കുന്നു.

ആരുടെ മകൾ? ആരുടെ ഭാര്യ? ആരുടെ മാതാവ്? പ്രപഞ്ചസൃഷ്ടിപ്പിന്റെ കാരണജാതരായ തിരുമുസ്ഥഫായുടെ മകൾ......?

നിൽക്കൂ: ഒന്നുകൂടി പിറകോട്ട് പോയി ഹാഷിമിനെ ഒന്നു നോക്കാം. പ്രവാചക പ്രഭുവിന്റെ പിതാമഹൻ ഹാഷിമുബ്നു അബ്ദി മനാഫിനെ. ലി ഈലാഫി... എന്ന ഖുർആനികാധ്യായത്തിലെ ഇതിവൃത്തം അദ്ദേഹത്തെപ്പറ്റിയുള്ളതാണ്. ഖുറൈശി ചരിത്രത്തിലാദ്യമായി വരൾച്ച ശൈത്യ കാലങ്ങളിൽ യാത്രാപതിവും വരുത്തിയ പരിവർത്തകൻ. അതിൽ നിന്നു തന്നെയാണ് ഹാഷിമിന്റെ നാമവും ഉടലെടുക്കുന്നത്. ചരിത്രമിങ്ങനെ വായിക്കൂ.

ഹാഷിമിന്റെ നാമം അംറ് എന്നായിരുന്നു. അംറ്ഹാഷിമായതിനു പിന്നിൽ ഒരു കഥയുണ്ട്. ധനരഹിതമായ വറുതിയുടെ വർഷങ്ങളിലൂടെ ഖുറൈശി കുലം വട്ടം കറങ്ങി. ഹാഷിം ശാമിലേക്ക് പുറപ്പെട്ടു. റൊട്ടിക്ക് ഓർഡർ നൽകി. അതും ഒട്ടകപ്പുറത്ത് വാങ്ങി മക്കയിലേക്ക് മടങ്ങി. അത് ചുമന്നിരുന്ന ഒട്ടകത്തെ അറുത്ത് റൊട്ടിയും ചേർത്ത് വലിയ വലിയ പാത്രങ്ങളിൽ വിളമ്പി മക്കാവാസികളുടെ വയർ നിറച്ചു. വറുതി ആണ്ടിലെ ആദ്യത്തെ ഊട്ടലായിരുന്നു അത്. റൊട്ടിനുറുക്കി എന്നർത്ഥം വരുന്ന ഹഷമ എന്ന് അറബി പദത്തിൽ നിന്ന് നിഷ്പന്നമായ ഹാഷിം അന്നു മുതൽ അംറിന്റെ പേരായി മാറി. അബ്ദുല്ലാ ഹിസ്സബ്അരി(റ) അതിന് കാവ്യാവിഷ്ക്കാരം കൊടുത്തതിങ്ങനെ.

عمرو العلا هشم الثريد لقومه ورجال مكة مسنتون عجاف

അതുപോലെ വഹബ്ബിന് അബ്ദു ഖുസയ്യിന്റെ വരികൾ ചുവടെ...

تحمل هاشم ما ضاق عنه وأعيا أن يقوم به ابن بيض
أتاهم بالغرائر متأقات من ارض الشأم بالبر النفيض
فأوسع أهل مكة من هشيم وشاب الخبز باللحم الغريض
فظل القوم بين مكللات من الشيزى حائرها يفيض

"മക്കക്കാർ വിശന്നു വിഷ്ണ്ണരായപ്പോൾ ഉന്നതനായ അംറ് റൊട്ടി നിർമ്മിച്ചു."

"മക്കാനിവാസികൾക്ക് പ്രായോഗിക പ്രയാസം സൃഷ്ടിച്ച കാര്യം ഹാഷിം ഏറ്റെടുത്തു. ഗോതമ്പ് ഉറവിന്റെ വൻ ശേഖരം ശാമിൽ നിന്നും അദ്ദേഹം കൊണ്ടുവന്നു."

"സ്വാദിഷ്ടമായ ഇറച്ചിയും പത്തിരിയും മക്കക്കാരായ ആബാല വൃദ്ധം ജനങ്ങൾക്കും ലഭിച്ചു."

"ജലധാരകൾ താളം പിടിക്കുന്ന പുഷ്കലവും ഹരിതാഭവുമായ ജീവിതാവസ്ഥ ജനങ്ങൾക്ക് കൈവന്നു."

"തന്നെയും സഹവാസികളെയും ക്ഷീണിപ്പിച്ച ദാരിദ്ര്യത്തെ ഹാഷിം ഏറ്റെടുത്തു. വിഭവപൂർണ്ണമായ പാത്രങ്ങൾ ശാമിൽ നിന്നെത്തിച്ചു കൊടുത്തു."

"ഹാഷിമിന്റെ റൊട്ടിക്കഷണങ്ങൾ കൊണ്ട് മക്കപുഷ്കലമായി പുഷ്ടമായ മാംസപേശികളായതോടെ ആ റൊട്ടിക്കഷണങ്ങൾ യൗവത്വം കൈവരിച്ചു."

ഉദാഹരിക്കപ്പെടുകയും പദ്യങ്ങളുടെ ഇതിവൃത്തമാക്കി വാഴ്ത്തപ്പെടുകയും ചെയ്യുന്ന ഈ മഹാൻ ഫാത്വിമബീവിയുടെ ഒരു പിതാമഹനാണ്. മാനവരാശിക്കനുഗ്രഹ കരുണാപാത്രമായി മാറിയ ഈ മഹാനുഭാവന്റെ യാത്രാ സംവിധാന നവീകരണത്തെ ശ്ലാഘിക്കുന്ന ഖുർ ആനിക ശകലം അനന്യ സ്വാഭവത്തോടെ പാരായണം ചെയ്യപ്പെടുന്നു. അതാണ് ലിഈലാഫി അദ്ധ്യായത്തിന്റെ അന്തസത്ത.

ഈ ഹാഷിമിന് തന്നെയായിരുന്നു ഹാജികളെ സ്വീകരിക്കുകയും പാനം നൽകുകയും ചെയ്യുന്ന ജോലി. അതിനാൽ തന്നെ ഹജ്ജ് സീസ

ണിൽ മക്കാവാസികളോടു ഹാഷിം വിളിച്ചു പറഞ്ഞു. "നിങ്ങൾ അല്ലാഹുവിന്റെ അയൽവാസികളും അവന്റെ കഅ്ബാ ഗേഹത്തിന്റെ സഹവാസികളുമാണ്. ഈ ഗേഹത്തെയും അല്ലാഹുവിനെയും ആദരിക്കുന്നവർ നിങ്ങളിലേക്ക് വരും. അവർ അല്ലാഹുവിന്റെ അതിഥികളാണ്. അതിഥികളെ ആദരിക്കേണ്ടത് ആതിഥേയരുടെ ബാദ്ധ്യതയാണ്. അല്ലാഹുവിന്റെ അതിഥികളെ സ്വീകരിക്കാനുള്ള ഭാഗ്യം നമുക്കാണ് ലഭിച്ചത്. സന്ദർശകരെയും ആഗതരെയും അത്യുത്സാഹപൂർവ്വം സ്വീകരിക്കുകയും അദരിക്കുകയും ചെയ്യുക അവർക്ക് പാനം നൽകുകയും ചെയ്യുക" ഹാഷിം ഹാജികളെ സ്വീകരിക്കാൻ ധാരാളം പണം ചെലവഴിക്കുകയും ഭക്ഷണം പാകം ചെയ്ത് നൽകുകയും ചെയ്തു. "മുൻത്വഖ്" എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണാം.അറേബ്യൻ ജനതയിൽ ഉന്നത സ്ഥാനീയനും ഗണനീയനും ഉദാരമതിയുമായിരുന്നു ഹാഷിം. അദ്ദേഹത്തിന്റെ സുപ്രക്ഷാമക്ഷേമകാലഭേദമന്യേ സദാനിറഞ്ഞതായിരുന്നു. യാത്രികരും ആവശ്യക്കാരും അതിലേക്ക് ക്ഷണിക്കപ്പെട്ടുകൊണ്ടിരുന്നു. പ്രവാചകപ്രഭയുടെ സ്വാധീനം ആമുഖത്ത് സദാപ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. അതിന്റെ പ്രഭാവം ജ്വലിക്കുകയും ഔന്നത്യത്തിലേക്കുയരുകയും ചെയ്തിരുന്നു. കാണുന്ന പുരോഹിതരെല്ലാം അദ്ദേഹത്തിൽ എന്തോ രഹസ്യം മനസ്സിലാക്കി ഹസ്തദാനം നൽകിപ്പോന്നു. അറബികുലശ്രേഷ്ഠരും പാതിരിമാരും തങ്ങളുടെ പെൺമക്കൾക്ക് ഹാഷിമിനെ കൊതിക്കുകയും കേഴുകയും ചെയ്തു. റോമാ ഭരണാധികാരി ഹിർഖൽ വരെയും ആ ഗണത്തിൽപെടുന്നു. അദ്ദേഹത്തിന്റെ അപേക്ഷാ വാചകങ്ങൾ ഇങ്ങനെയായിരുന്നു. "എനിക്കൊരു മകളുണ്ട്. അവളേക്കാൾ സുന്ദരീവതിയും മുഖകാന്തിയുള്ളവരുമായ ഒരു പെൺകുഞ്ഞിനും ഒരു മാതാവും വേറെ ജന്മം നൽകിയിട്ടില്ല. നിങ്ങളുടെ മാഹാത്മ്യവും സ്ഥാനവും ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ സ്വീകരിക്കുക. എന്റെ മകളെ നിങ്ങൾക്ക് വിവാഹം ചെയ്തുതരാം."

ഇഞ്ചീലിൽ പരാമർശിക്കപ്പെട്ട പ്രവാചകനെ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു ആ അഭ്യർത്ഥന. പ്രവാചകപ്രഭാവത്തിന്റെ സ്വാധീനം അവർ ഹാഷിമിന്റെ മുഖത്ത് കണ്ടിരുന്നു. പക്ഷെ ഹാഷിം അത് വിസമ്മതിച്ചു. ഫാത്വിമയുടെ വലിയുപ്പയുടെ അപദാനങ്ങൾ ഇങ്ങനെ തുടരുന്നു.

ഇനി ഒരുപാട് താഴേക്കിറങ്ങാം അബ്ദുൽ മുത്വലിബിലേക്ക്. പ്രവാചക വല്ലഭരുടെ ഉപ്പയുടെ നേരെ ഉപ്പയിലേക്ക്. അദ്ദേഹത്തിന്റെ പേര് ശൈബതുൽഹംദ് എന്നായിരുന്നു. ശൈബ അബ്ദുൽ മുത്വലിബായതിന് പിന്നിലും ഒരു ചരിത്രം പതിയിരിക്കുന്നു.

ഹാഷിമിന് ശേഷം സഹോദരൻ മുത്വലിബ്ബിന് അബ്ദി മനാഫ് മക്കാ അതിഥികളുടെ പരിചാരകനായി. ആദരസൂചകമായി അറബികൾ അദ്ദേഹത്തെ ഷൈഖ് എന്ന് വിളിക്കുകയും ചെയ്തു. ഒരു ദിവസം അദ്ദേഹത്തിന്റെ ഉറ്റസുഹൃത്ത് സാബിത്ബിൻ മുൻദിർ (പ്രവാചക കവി ഹസ്സാൻ (റ) ന്റെ പിതാവ്) വന്നു പറഞ്ഞു. നിങ്ങളുടെ സഹോദര പുത്രൻ ശൈബയെ കാണാൻ എന്തൊരു ചന്തം. എത്ര കാന്തി. നല്ല രസമുണ്ട് കാണാൻ. എന്നാൽ അവനെ ഇങ്ങോട്ടു കൊണ്ടുവന്നിട്ടേ ഇനി ബാക്കി കാര്യമുള്ളൂ. ഉടനെ സാബിത് പറഞ്ഞു. പക്ഷെ സൽമ അയച്ചു കൊള്ളണമെന്നില്ല. എന്ത് സൽമ? എന്ന് പുഛത്തോടെ ചോദിച്ചു.

അദിയ്യ്ബിൻ നജ്ജാർ ഗോത്രത്തിലെ ലബീദിന്റെ മകൻ അംറിന്റെ മകൾ സൽമ, ശൈബയുടെ മാതാവ്. ഹാഷിമുമായി അവർ വിവാഹിതയായ കഥ കൂടി വായിക്കാം.

ഒരു ദിവസം ഹാഷിം ഒരു ഖുറൈശീ ഒട്ടകസംഘത്തിനൊപ്പം പുറപ്പെട്ടു. മാർക്കറ്റിൽ ചെന്നപ്പോൾ കുലീനയും സുന്ദരിയുമായ ഒരു വനിത കച്ചവടകാര്യങ്ങളിൽ കൽപനകൾ നൽകുന്നു. ഒറ്റ നോട്ടത്തിൽ തന്നെ അവരുടെ പ്രതാപവും കുലീനതയും മനസ്സിലാക്കിയ ഹാഷിം അന്വേഷിച്ചു. അവർ കന്യകയാണോ വിവാഹിതയാണോ? അവർ കന്യകയാണ്. പക്ഷെ അവർക്ക് അവരുടെ ജനതയിലുള്ള അംഗീകരവും സ്ഥാനവും കാരണം വിവാഹം ഉദ്ദേശിക്കുന്നില്ല. അഥവാ വിവാഹം ആലോചിച്ചാൽ അവരുടെ നിയന്ത്രണമണ്ഡലം അവർ കൈവിടുകയില്ല എന്ന നിബന്ധനയുമുണ്ട്. ഹാഷിം അവരോട് വിവാഹന്വേഷണം നടത്തി. ഹാഷിമിന്റെ സ്ഥാനങ്ങൾ മനസ്സിലാക്കിയ അവർ അതംഗീകരിച്ചു. ആ ദമ്പതികളിൽ സുന്ദരനായ ഒരു കുട്ടി ജനിച്ചു. കുട്ടിയുടെ തലയിൽ നരച്ച മുടിയുണ്ടായിരുന്നു. ആ അർത്ഥം ധ്വനിപ്പിക്കുന്ന വിധം ശൈബ എന്ന് നാമകരണം ചെയ്തു. അൽപ്പം കഴിഞ്ഞ ഒരു യാത്രയ്ക്കിടയിൽ പിതാവ് ഹാഷിം (അംറ്) വിടവാങ്ങുകയും ഗുസ്സ എന്ന സ്ഥലത്ത് മറമാടുകയും ചെയ്തു. അതോടെ മകൻ പൂർണ്ണമായും മാതാവ് സൽമയുടെ പരിചരണത്തിലാവുകയും ചെയ്തു. സന്തോഷമായി അങ്ങനെ കഴിയവെയാണ് ഹാഷിമിന്റെ സഹോദരൻ മുത്വലിബിനോട് സാബിത് മേൽവർത്തമാനം പറഞ്ഞത്.

മുത്വലിബ് മകനെ കൊണ്ടുപോകാൻ വന്നപ്പോൾ ആദ്യം വിസമ്മതിച്ചെങ്കിലും ശേഷം അവർ അംഗീകരിച്ചു. മുത്വലിബ് പട്ടാപ്പകൽ സഹോദരപുത്രനേയും കൊണ്ട് മക്കയിലേക്ക് പോയി. അത് കണ്ട് മക്കാ നിവാ

സികൾ അബ്ദുൽ മുത്വലിബ് എന്ന പേരിൽ ആ കുട്ടിയെ വിളിച്ചു. ഉടൻ മുത്വലിബ് പ്രതികരിച്ചു. എന്ത്, കഷ്ടം, ഇതെന്റെ സഹോദരൻ അംറിന്റെ പുത്രനാണ്. ശൈബുബിൻ അംറാണ്. പക്ഷെ കാലം ആ പേര് മായിച്ചു. ശൈബ അന്നു മുതൽ അബ്ദുൽ മുത്വലിബായി.

മുത്വലിബ് യമനിലേക്ക് യാത്രയായി. അവിടുന്ന് അന്ത്യയാത്രയുമുണ്ടായി. അതോടെ കഅ്ബാ പരിചരണം അബ്ദുൾ മുത്വലിബിന്റെ കൈകളിലായി. തന്റെ കൈകൾ കൊണ്ട് തന്നെ ഹാജിമാർ ഭക്ഷണം നൽകുകയും വലിയ വലിയ ഹൗളുകളിൽ അവർക്ക് പാനീയ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. സംസം പുറത്ത് വന്നതോടെ പിന്നെ ഹൗളുകളുടെ പ്രസക്തി നഷ്ടപ്പെട്ടു. ജൂർഹൂം വംശക്കാർ മൂടിക്കളഞ്ഞ സംസം പുറത്ത് കൊണ്ട് വന്ന ആൾ അദ്ദേഹമായിരുന്നു. ഹജ്ജും ഉംറയും ഉള്ളടത്തോളം അതിൽ നിന്ന് വെള്ളം വിദൂരങ്ങളിലേക്ക് വഹിക്കപ്പെടുക തന്നെ ചെയ്യും.

സംസം അനവധി ചൈതന്യവത്തായ സ്മരണകളുടെ സങ്കേതമാണ്. ഇസ്മാഈൽ (അ)ന്റെ ആനന്ദതന്തുലിതമായ ഓർമ്മകൾ സംസമിനുണ്ട്. പ്രാർത്ഥനമാത്രം കൊടുത്ത മകനെയും ഭാര്യയെയും കരുവോ അരുവിയോ ഇല്ലാത്ത മരുഭൂമിയിൽ ഉപേക്ഷിച്ചു പോവുകയായിരുന്നു ഇബ്രാഹീം(അ). പക്ഷേ, പ്രാർത്ഥന അനുഗ്രഹവർഷങ്ങൾ പൊഴിച്ചു അനുഗ്രഹീതനായ മകൻ ഇസ്മാഈൽ (അ)ന്റെ മടമ്പുകൾ മരുഭൂമിയിൽ വറ്റാത്ത ഉറവക്ക് പിറവി നൽകി. സംസം ഉയിർക്കുന്ന ചിന്തകൾ ഇവിടെനിന്ന് ചിറക് വെക്കും, അത് അനന്തവിഹായസ്സിലേക്ക് അറ്റമില്ലാതെ പറക്കും പക്ഷേ ഇപ്പോൾ പറക്കുന്നില്ല.

ആ സംസം ഉറവ കാലത്തിന്റെ കല്ലും ചരലും പേറി മറഞ്ഞു അതിനെ മറനീക്കി പുറത്ത് കൊണ്ടുവരാൻ അബ്ദുൽ മുത്വലിബ് ദൃഢപ്രതിജ്ഞയെടുത്തു. ഖുറൈശികൾ തന്നെ സഹായിക്കാൻ വിസമ്മതിച്ചപ്പോൾ നേർച്ച നേർന്ന് ആത്മ ധൈര്യത്തോടെ അബ്ദുൽ മുത്വലിബ് ഉദ്യമം തുടർന്നു നേർച്ച ഇപ്രകാരമായിരുന്നു എനിക്ക് പത്ത് ആൺ മക്കളുണ്ടായാൽ ഒന്നിനെ റബ്ബിന്റെ മാർഗത്തിൽ ബലിനൽകാം (ഇഅ) ആ സംസം കിണർ ഓർമകളും പേറി പാന കേന്ദ്രമായി ലോകാവസാനം വരെ തുടരും.

ആ വിശുദ്ധജലത്തിന്റെ അനുഗ്രഹം തനിക്കും മക്കൾക്കും വേണ്ടുവോളം ലഭിച്ചു. ഒരിക്കലും ബിംബത്തിന് മുമ്പിൽ തലകുനിക്കാത്ത താൻ ഒരു പൂജാരിയെയുറ കാര്യകർത്താവാക്കാതെ അക്രമത്തെ അകറ്റി ജീവിച്ചു. അനുഗ്രഹീതനായ അബ്ദുൽ മുത്വലിബിൽ ജന്മനാ ചില ക്രമീകര

ണങ്ങൾ ഉള്ളതുപോലെ പെരുമാറുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രാർത്ഥനക്കു പ്രതിഫലമായി പത്ത് ആൺമക്കളെ അദ്ദേഹത്തിന് ലഭിച്ചു. ഹാരീസ്, സുബൈർ, അബു ത്വാലിബ്, അബ്ദുല്ല, ഹംസ, അബൂലഹബ്, ഗീദാഖ്, മുഖവ്വം, ളിറാർ, അബ്ബാസ് എന്നീ പേരുകളിൽ അവർ വലുതായി. എല്ലാവരെയും ഒരുമിച്ചു കൂട്ടി തന്റെ നേർച്ചക്കാര്യം അബ്ദുൽമുത്വലിബ് വിവരിച്ചു.

ഒരു കുട്ടിപോലും പിതാവിന് എതിരാവുകയോ അമർഷം രേഖപ്പെടുത്തുകയോ ചെയ്തില്ല. എന്ന് മാത്രമല്ല, ഒരേസ്വരത്തിൽ നേർച്ച നടപ്പിലാക്കൂ ഉപ്പ എന്നവർ പറയുകയും ചെയ്തു. ഉടനെ അബുത്വാലിബ് പറഞ്ഞു. ഓരോരുത്തരും നിങ്ങളുടെ അമ്പിൽ അവരവരുടെ പേരെഴുതുക അവർ അനുസരിച്ചു.

അത് വാങ്ങി അബ്ദുൽ മുത്വലിബ് കഅ്ബാ പരിചാരകനെ ഏൽപിച്ചിട്ട് പറഞ്ഞു. നറുക്കെടുക്കുക അബ്ദുല്ലയുടെ നറുക്കുവന്നു. അബ്ദുൽ മുത്വലിബിനും മക്കാനിവാസികൾക്കും ഏറെ പ്രിയങ്കരനായിരുന്ന അബ്ദുല്ലാഹിക്കാണ് നറുക്ക്. പക്ഷേ ആത്മാർപ്പണ ബോധമുള്ള അബ്ദുൽമുത്വലിബ് പതറാതെ അബ്ദുല്ലയുടെ കൈയും പിടിച്ച് കത്തിയുമായി അറവിടത്തിലേക്ക് നടന്നു. അതോടെ അബ്ദുൽ മുത്വലിബിന്റെ പെൺമക്കൾ നിലവിളിക്കാൻ തുടങ്ങി. കൂട്ടത്തിൽ ഒരാൾ ഓടിവന്നു പറഞ്ഞു. അബ്ദുല്ലയുടെ പേരും ഒട്ടകത്തിന്റെ പേരുംകൂടി ഇട്ട് ഫിദ്‌യ കൊടുക്കൂ. അറബി ലോകവും അതിൽ ഐക്യ ദാർഢ്യം പ്രകടിപ്പിച്ചു. ഒന്നിച്ചു പറഞ്ഞു. ഏതായാലും അബ്ദുല്ലാഹിയെ അറുക്കരുത്. ഒരുപുരോഹിതനോട് അന്വേഷിച്ച് അബ്ദുൽ മുത്വലിബും ആ തീരുമാനത്തിലെത്തി. കഅ്ബ പരിചാരകനോട് അബ്ദുൽ മുത്വലിബ് പറഞ്ഞു. എന്നാൽ അബ്ദുല്ലഹിയുടെ പേരും പത്ത് ഒട്ടകങ്ങളുടെ കുറിയും ഇടുക. എന്നിട്ടെടുക്കുക. അപ്പോഴും അബ്ദുല്ലാഹിയുടെ പേരുതന്നെ വന്നു. ഓരോ പ്രവശ്യവും പത്തുവീതം ഒട്ടകങ്ങളുടെ കുറികൂട്ടി കൂട്ടി നറക്കെടുത്തു. ഒൻപതു പ്രാവശ്യവും അബ്ദുല്ലാഹിയുടെ പേര് തന്നെ വന്നു. പത്താം പ്രാവശ്യം ഒട്ടകത്തിന്റെ പേര് വന്നു. അബ്ദുൽമുത്വലിബും ജനങ്ങൾ മുഴുവനും തക്ബീർ മുഴക്കി. ഒട്ടകത്തെ അറുക്കുകയും ചെയ്തു.

അന്നുമുതലാണ് ഒരാൾക്ക് പകരം നൂറൊട്ടകം ഫിദിയ എന്ന ചര്യ തുടർന്നത്. അത് നബി(ﷺ) നിയമമാക്കി നിലനിർത്തുകയും ചെയ്തു.

പ്രവാചകപ്രഭാവത്തിൽ അന്തർലീനമായ വ്യക്തിക്ക് ലഭിക്കുന്ന അംഗീകാരത്തിന്റെ ശോഭനമായ ചിത്രമാണിത്. എന്നതിന് പുറമെ

ഇബ്രാഹീം നബിക്ക് മുമ്പിൽ കൽപനാനുസാരം നിൽക്കുന്ന ഇസ്മാഈലീ ചിത്രമാണ് അബ്ദുല്ലാഹിയിൽ തെളിഞ്ഞത്. പിതാവിന്റെ സ്വപ്നം ന്യായീകരിക്കാൻ കഴുത്തു കാണിച്ച പുത്രന്റെ പൗത്രൻ നേർച്ചക്ക് വണങ്ങി ബലിക്കത്തിക്കൊപ്പം നടന്ന തുടർച്ച.

ഇങ്ങനെ ചരിത്രത്തിന്റെ മുൻതാളുകൾ ചേർത്തുവായിച്ചാൽ ചിന്തക്കും പഠനത്തിനും മണ്ഡലം വ്യാപ്തമാവുന്നു. രണ്ടും ദിവ്യബോധനത്തിന്റെ അഭൗതിക സന്ദേശം സ്വീകരിച്ചവിനയാന്വിതർ.... ചരിത്രത്തിൽ നിന്ന് ഒരു നേർരേഖ വരച്ച് കണ്ണികൾ ചേർത്തു പിടിക്കുമ്പോൾ ഇബ്രാഹീം നബിയിൽ നിന്ന് പ്രകരണം ചെയ്തു തുടർന്ന തിരുനബിയുടെ പ്രഭാവം എവിടെയും വിലാസം നേടി പരിശുദ്ധി പാലിച്ച് അംഗീകാരത്തിന്റെ ആനന്ദാരമത്തിലൂടെ അബ്ദുല്ലാഹിയിൽ എത്തുന്നു.

തബഖാതിബ്നു സഅ്ദിന്റെ ഭാഷയിൽ ഖുറൈശികൾ ഏറ്റവും മാന്യരും മുഴുവൻ ദൂഷ്യങ്ങളിൽ നിന്നും അകന്നു നിന്നവരുമായിരുന്നു. കരാർ പാലിക്കുന്നതിൽ കാണിച്ച നിഷ്കർഷതയും മരണശേഷവും അതിന് വിഘാതം വരാതിരിക്കാൻ ചെയ്ത ഏർപ്പാടുകളും പ്രസിദ്ധമാണ്. ഖുസാഅഗോത്രക്കാരോട് ദാറുന്നദ്വയുടെ ഉള്ളിൽ വച്ച് നടത്തിയ കരാർ രേഖയാക്കി കഅ്ബാലയത്തിനുള്ളിൽ സൂക്ഷിക്കുകയും തന്റെ മകൻ സുബൈറിനോട് ആ കരാർ തുടർന്നും സൂക്ഷിക്കാനും അദ്ദേഹം തന്റെ പിറകെ അബൂത്വാലിബിനെയും ഏൽപിച്ചതും അതിന്റെ രേഖയാണ്.

എന്റെ വിയോഗം വൈകിപ്പോയാൽ ബനുഅംറിനോട് ഞാൻ ചെയ്തിട്ടുള്ള കരാർ പാലിക്കണമെന്ന് സുബൈറിനോട് വസ്വിയ്യത്ത് ചെയ്യുന്നു.

നേതാവ്, പ്രായാധിക്യമുള്ള സഖ്യകക്ഷിയെ പരിരക്ഷിക്കണം. ചതിയിലൂടെയോ അക്രമത്തിലൂടെയോ അതിൽ അരുതാത്തത് പ്രവർത്തിക്കരുത്.

അവർ പഴയ കരാർ പാലിച്ചു നിന്റെ പിതാവുമായി സഖ്യം ചേർന്ന് നിന്റെ ജനതക്ക് മുമ്പിൽ അവർ വിനയാന്വിതരായി.

നല്ല ഗുണങ്ങൾ പാരമ്പര്യത്തിൽ നിന്ന് പകരുന്നതാണ്. വിശുദ്ധമായ പാരമ്പര്യം ഒരു വ്യക്തിക്കഭിമാനവും വ്യക്തിത്വത്തിൽ സ്വാധീനിക്കുന്നതുമാണ്. ഈ വസ്തുതകൾ ശ്രദ്ധിക്കുന്ന ചരിത്രരചനയാണ് സഹ്റാമിന്റെ ചരിത്രത്തിൽ അബ്ദുൽമുത്വലിബിനെ എത്തിനോക്കുന്നത്. നമുക്ക് വേഗം രണ്ടാം പിതാവിലേക്കെത്താം.

റഖീഖത്ത് ബിൻത് അബീസൈഫി ബിൻഹിഷാം ഉദ്ദരിക്കുന്ന ഒരു സംഭവം അബ്ദുൽ മുത്വലിബിന്റെ ആത്മീയ, വിശ്വാസ പ്രഭാവത്തിന്റെ ദർപ്പണമാണ്. അതിവിടെ വായിക്കാതെ പോകുന്നത് അസംഗതമാണ്. ഖുറൈശികൾക്ക് മഴലഭിക്കാതെ കുടുങ്ങി. ദാരിദ്ര്യത്തിന്റെ അവശ ദിനങ്ങൾ വേദനസൃഷ്ടിച്ചു കൊണ്ടിരുന്നു. സമ്പത്തും ശരീരവുമെല്ലാം വിനഷ്ടമായിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഞാനൊരു സ്വപ്നം കണ്ടു. അതിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു. ഓ ഖുറൈശികളേ, നിശ്ചയം ഇനി അവതരിക്കാനുള്ള പ്രവാചകൻ നിങ്ങളിൽ നിന്നാണ് അതിനുള്ള കാലം അടുത്തു കഴിഞ്ഞു. അദ്ദേഹത്താൽ നിങ്ങൾക്ക് ഗുണവും പുനരുദ്ധാരണവും കൈവരും. നിങ്ങളിൽ കുടുംബപാരമ്പര്യത്തിലും മാന്യതയിലും ഉന്നതനായ ആളെ കണ്ടെത്തുക. പുരികങ്ങളുടെ സംഗമഭാഗം വെളുത്ത് ഇമകൾ നേർത്ത് ചുരുണ്ട കമനീയമായ കവിളുകളും ഒത്തമൂക്കും ഉള്ള മനുഷ്യനാണദ്ദേഹം അദ്ദേഹവും മുഴുവൻ മക്കളും ഖുറൈശി തറവാട്ടിലെ ഓരോ കുടുംബത്തിൽ നിന്ന് ഓരോ അംഗവും ശുദ്ധിവരുത്തി സുഗന്ധം പൂശി ഹജറുൽ അസ്‌വദിനെ ചുംബിച്ച് അബുഖുബൈസ് പർവ്വതത്തിന്റെ മുകളിൽ കയറട്ടെ മഴ ലഭിക്കും എന്ന വിശ്വാസത്തോടെ അദ്ദേഹം അല്ലാഹുവിനോട് മഴ ചോദിക്കട്ടെ... ഞാൻ എന്റെ സ്വപ്നം ഖുറൈശികളോട് പറഞ്ഞു ഉദൃത വിശേഷങ്ങളെല്ലാം സമ്മേളിച്ച ആളായി അബ്ദുൽമുത്വലിബിനെ മാത്രം അവർ കണ്ടെത്തി. സ്വപ്നത്തിൽ നിർദ്ദേശം ലഭിച്ചത്പോലെ പർവ്വതത്തിന്മേൽ കയറി. അബ്ദുൽമുത്വലിബ് ദുആ ചെയ്തു. ഞങ്ങൾ നിന്റെ അടിമകളാണ് നിന്റെ അടിമകളുടെ മക്കളുമാണ്. നിനക്കറിയുന്നത്പോലെ ഞങ്ങൾ വിഷമത്തിലാണ്. അതിൽനിന്ന് ഞങ്ങളെ രക്ഷപ്പെടുത്തുക. . പ്രാർത്ഥിച്ചിറങ്ങിയപ്പോഴേക്കും പർവ്വതതാഴ്‌വരകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. നബിയെക്കൊണ്ട് അവർക്ക് മഴ ലഭിച്ചു റഖീഖത്ബിൻത് അബീസ്വൈഫി ഇവിടെ സംസാരിക്കുന്നത് ഈണത്തിലാണ്.

بشية الحمد أسقى الله بلدتنا　　وقد فقدنا الحيا واجلوّذ المطر

فجاد بالماء جوني له سبل　　دان فعاشت به الأنعام والشجر

منا من الله بالميمون طائرة　　وخير من بشرت يوما به مضر

مبارك الأمر يستسقى الغمام به　　مافي الأنام له عدل ولا خطر

വരൾച്ച ബാധിച്ച് ആശ മുറിഞ്ഞ ഘട്ടത്തിൽ മഹത്വത്തിന്റെ പർവ്വതം നിമിത്തമായി നമുക്ക് മഴ ലഭിച്ചു.

ശക്തിയായി പ്രവഹിച്ച കാർമേഘങ്ങൾ ജലം പ്രദാനം ചെയ്ത് മൃഗ ലതാതികൾ സജീവമായി.

ജന്മനാ അനുഗ്രഹീതരും, അഭിമാനിക്കാവുന്നവരിൽ ഏറ്റവും ഉന്ന തരുമായവരെക്കൊണ്ട് മുളർഗോത്രത്തിന് അല്ലാഹു ഔദാര്യം ചെയ്തു ജനങ്ങളിൽ അതുല്യനും മഹത്വമാർന്നവരുമത്രെ മഴ ലഭിക്കാൻ കാര ണമായിത്തീർന്ന ശുഭോദർക്കൻ .

ഈ സ്വപ്നസന്ദേശം അബ്ദുൽമുത്വലിബിന്റെ ഹൃദയശുദ്ധിയും തന്നിൽ അന്തർലീനമായിക്കിടക്കുന്ന ഏകദൈവവിശ്വാസത്തിന്റെ ദാർഢ്യ തയുമാണ് പ്രതിനിധാനം ചെയ്യുന്നത്.

ഒരു നബി വരാനുണ്ടെന്നറിഞ്ഞ അബ്ദുൽ മുത്വലിബ് അത് തന്റെ കുടുംബത്തിൽനിന്നാകാനാഗ്രഹിക്കുകയും വേണ്ടത്ര മുന്നറിയിപ്പുകൾ തനിക്ക് ലഭിക്കുകയും ചെയ്തിരുന്നു. യമനിലേക്കുള്ള യാത്രാമാർഗ്ഗം, ഹുമൈറ ഗോത്രത്തിലെ ഒരുമഹാന്റെ അടുക്കൽ ചെന്നു. പ്രായാധി ക്യവും വേദപാണ്ഡിത്യവുമുള്ള മറ്റൊരാൾ അദ്ദേഹത്തിനൊപ്പമുണ്ട്. അയാൾ അബ്ദുൽ മുത്വലിബിനോട് ചോദിച്ചു. നിങ്ങളുടെ ശരീരത്തിൽ ഒരിടം പരിശോധിക്കാൻ നിങ്ങൾ അനുവാദം തരുമോ. അബ്ദുൽ മുത്വ ലിബ് "എന്റെ എല്ലാ സ്ഥലങ്ങളും നിങ്ങൾക്ക് പരിശോധിക്കാവതല്ല" ചോദ്യം: "അല്ല നിങ്ങളുടെ നാസാരന്ധ്രങ്ങൾ ഒന്നു പരിശോധിച്ചുകൂ ടെ." ഓ അത്രയേ ഉള്ളൂ! അയാൾ മൂക്കിലെ രോമങ്ങൾ സൂക്ഷ്മപരി ശോധന നടത്തി പിന്നീട് പറഞ്ഞു: പ്രവാചകത്വത്തെയും മലക്കിനെയും ഞാൻ കണ്ടു മറ്റൊന്നു ഞാൻ കണ്ടത് ബനീ സഹ്റയിലാണ്.

നിമിത്തമില്ലാത്ത നിയോഗം അബ്ദുൽമുത്വലിബ് തിരികെ ചെന്ന് ബനീ സഹ്റയിലെ ഹാലയെ വിവാഹം കഴിച്ചു. അതേ ബനീസഹ്റ യിലെ വഹബിന്റെ മകളായിരുന്നു അബ്ദുല്ലാഹിയുടെ മണവാട്ടി. മുഹ മ്മദ് മുസ്ഥഫ(ﷺ)യുടെ മാതാവ് ആമിന(റ)യും വരേണ്ട ലോകത്തിന്റെ വിമോചകന്റെ ബീജവാഹകനായിടത്തോളം അദ്ദേഹത്തിന്റെ എല്ലാ സ്ഥാനമാനങ്ങളുടെയും നിദാനം ആ പിതൃമഹത്വംതന്നെ. ദൃഢമായ ഏക ദൈവവിശ്വാസത്തിന്റെ ഹൃദയമായിരുന്നു അബ്ദുൽമുത്വലിബിന്റേത്. അതിന് മറ്റൊരു പ്രകടമായ ഉദാഹരണമാണിനി ഉദ്ധരിക്കുന്നത്.

*(ചരിത്രത്തിലെ ഈ രജതരേഖകാണാൻ കഴിയാത്തവരെ എന്തു ചെയ്യാൻ? വിവ:)*

അബ്രഹത്തും സൈന്യവും കഅ്ബാലയത്തെ തമസ്കരിക്കാൻ വന്നു. തന്റെ ഒട്ടകത്തിന്റെ കാര്യത്തിൽ അബ്രഹത്തിനെ എതിർക്കാൻ

വേണ്ടി അബ്ദുൽ മുത്വലിബ് ശത്രുവിനെ സമീപിച്ചു. ഉടനെ അയാൾ ചോദിച്ചു കഅ്ബയെക്കുറിച്ചൊന്നും പറയാനില്ലേ? ഏയ് ഇല്ല. അതിന തിന്റെ നാഥനുണ്ട്. അവനത് സംരക്ഷിക്കുകതന്നെചെയ്യും. അല്ലാഹു വിൽ തവക്കുൽ നടത്തി, തന്റെ നിസ്സഹായതയും അല്ലാഹുവിലുള്ള പ്രതീ ക്ഷയും പ്രകടിപ്പിക്കുകയായിരുന്നു അവിടെ തൈഥെവ: അബ്രഹത്തിന്റെ സൈന്യത്തെ കഅ്ബയുടെ നാഥൻ ചെറിയ പക്ഷികളെക്കൊണ്ട് നിലക്ക് നിർത്തി.

അത്യുന്നതിയിലെത്തിയ വിശ്വാസത്തിന്റെ ആൾരൂപമായിരുന്നു അബ്ദുൽ മുത്വലിബെന്നതിന് വ്യക്തമായ സംഭവമാണ് മേലുദ്ധരിച്ചത് വിശുദ്ധവിശ്വാസത്തിന്റെ അത്യുന്നതയിൽ ഫാത്വിമായുടെ പിതാമഹനെ നിർത്തി നമുക്കടുത്തപടിയിലേക്കിറങ്ങാം.

അബ്ദുൽ മുത്വലിബിനേറ്റവും കൂടുതൽ ഇഷ്ടവും സ്നേഹവുമുള്ള മകനായിരുന്നു അബ്ദുല്ല പിതൃമാതൃ പരമ്പരകളെ മുഴുവൻ പരിശോ ധിക്കുമ്പോൾ കടഞ്ഞെടുത്ത വിശുദ്ധ ശേഷിപ്പ് പാരമ്പര്യത്തിന്റെ വിശിഷ്ട വൃക്ഷത്തിലെ വിശിഷ്ട ശിഖരങ്ങൾ അതിനിടയിലും ബലി ക്കത്തിയിൽ നിന്ന് ദൈവഹിതത്താൽ പകരം നൽകപ്പെട്ടവിശുദ്ധർ അതിൽ അവസാനത്തെക്കണ്ണി അബ്ദുല്ലഹിക്കൊപ്പമാണ്.

സുന്ദരൻ, സുമുഖൻ ആരാലും ആകർഷിക്കപ്പെടുന്ന പ്രകൃതക്കാ രൻ മക്കയിലെ തരുണീമണികൾ അതിൽ മയങ്ങിക്കറങ്ങി ഓരോരുത്തരും അബ്ദുല്ല തന്റെ ഭർത്താവായെങ്കിൽ എന്നാശിച്ചു ചിലർ എല്ലാം മറന്ന് നേരിട്ട് തുറന്ന് പറയാനും, തങ്ങളുടെ ശരീരകാന്തി അബ്ദുല്ലാഹിക്ക് മുമ്പിൽ പ്രദർശിപ്പിക്കാനും ശ്രമിച്ചു. പക്ഷേ എല്ലാ കെണികളെയും വൈകാരികക്ഷണങ്ങളെയും ആവിശുദ്ധന് അവഗണിച്ചുതള്ളി ഒരുനാൾ വറഖത്ബിൻ നൗഫലിന്റെ സഹോദരി ഖുതൈലത് ബിൻത്നൗഫൽ കഅ്ബയുടെ അടുക്കൽ വെച്ച് കണ്ടുമുട്ടി.

അവൾ ചോദിച്ചു അബ്ദുല്ലാ... എവിടെപ്പോകുന്നു?

"എന്റെ ഉപ്പായുടെ കൂടെ". അവൾ: "അൽപനേരം നിങ്ങളെ എനി ക്കുതന്നാൽ നിങ്ങൾക്ക് പകരം ബലിയായി നൽകിയ അത്രയും ഒട്ടകം നിങ്ങൾക്ക് ഞാൻ തരാം".

ഞാനെന്റെ പിതാവിനൊപ്പം പോകുന്നു അദ്ദേഹത്തെപ്പിരിയുകയോ അദ്ദേഹത്തിനെതിര് പ്രവർത്തിക്കുകയോ എനിക്കാവില്ല.

മറ്റൊരു നിവേദനം ഇങ്ങനെയാണ് അവൾക്കടുത്തുകൂടി അബ്ദു ല്ലാഹ് നടന്നുപോയി ശരീരത്തെവിൽക്കാനാവശ്യപ്പെട്ടുകൊണ്ട് അവൾ

അബ്ദുല്ലായുടെ തുണിപിടിച്ചുവലിച്ചു. അപ്പോൾ മഹാനവർകൾ ഓടി രക്ഷപ്പെട്ടു.

അബ്ദുല്ലാഹിയെ വശീകരിക്കാൻ ശ്രമിച്ച മറ്റൊരു സുന്ദരിയായിരുന്നു ഫാതിമത്ബിൻത് മുററ. അവൾ വേദഗ്രന്ഥത്തിൽ പാണ്ഡിത്യമുള്ളവളായിരുന്നു എന്നും അല്ല ഖുഷ്അം ഗോത്രത്തിലെ മന്ത്രവാദിനിയായിരുന്നു എന്നും ഇബ്നുസഅ്ദും, ത്വബരിയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. ത്വബഖാതിൽ സംഭവത്തിന്റെ തുടർച്ച കുറിച്ചിടുന്നു അവർ അബ്ദുല്ലാഹിയെ ക്ഷണിച്ചിട്ട് പറഞ്ഞു ഞാൻ നിങ്ങൾക്ക് നൂറൊട്ടകം തരാം എന്നോടൊപ്പം വരിക. അവിടെ അബ്ദുല്ലാഹി ആർജ്ജവത്തോടെയും ധർമാധർമവിവേചന ചേതനയോടെയും രണ്ട് വരി തിരിച്ചെറിഞ്ഞു കൊടുത്തു.

أما الحرام فالممات دونه والحل لا حل فأستبينه

فكيف بالأمر الذي تنوينه يحمي الكريم عرضه ودينه

ഹറാം പ്രവർത്തിക്കുന്നതിലും ഭേദം മരണമാണ്.
ഇത് ഹലാലാണെങ്കിൽ ഞാൻ സ്വീകരിക്കുമായിരുന്നു
മാന്യന്മാരെ അവരുടെ ചര്യയും അഭിമാനവും രക്ഷിക്കും...
അപ്പോൾ നിന്റെ ഉദ്ദേശ്യം എങ്ങനെ നടക്കും.

അബ്ദുല്ലാഹിയുടെ വിശേഷണങ്ങൾ അറിഞ്ഞ അറബ് ലോക സുന്ദരീമണികൾ പലരും വിവാഹാലോചനകൾ നടത്തി. എല്ലാം വിസമ്മതിച്ചു. പെൺകൊടികൾ ഇങ്ങനെ പാടി.

“മാരിപെയ്യുന്ന മേഘങ്ങൾക്കിടയിൽ മിന്നിത്തിളങ്ങുന്ന മേഘക്കീറിനെ ഞാൻ ദർശിച്ചു.

ആ മേഘജലം സുപ്രഭാതം പോലെ ചുറ്റും പ്രകാശം പരത്തി.

എനിക്ക് നിദാനമായ മഹത്വത്തിന്റെ ഉടമയായി ഞാനദ്ദേഹത്തെക്കാണുന്നു.

അഗ്നിശിലയിൽനിന്ന് തീകൊളുത്താൻ ഉദ്ദേശിക്കുന്നവർക്കെല്ലാം സാധിക്കണമെന്നില്ല”.

ജാഹിലിയ്യത്തിന്റെ അന്ധകാര നിബിഢവും തമോമയവുമായ ചുറ്റുപാടിനിടയിലും ചാരിത്ര്യത്തിന്റെയും ദൈവഭയത്തിന്റെയും ആൾ രൂപമായി ഒഴുക്കിനെതിരെ വിജയത്തിന്റെ തോണി തുഴഞ്ഞ പിതാവിന്റെ പൗത്രിയാണിവിടെ കഥാപാത്രം പ്രപിതാവിങ്ങനെയായിരുന്നെങ്കിൽ മാതാമഹിയുടെ കഥയെങ്ങനെയെന്ന് വായിച്ചു നോക്കൂ.

# മാതാമഹി ആമിന(റ)

ലോകവനിതകളിൽ നിന്നും മുഹമ്മദ് മുസ്ഥഫായുടെ മാതാവാകാൻ നിയോഗം ലഭിച്ച ഒരേ ഒരു വനിത, അവരുടെ ചാരിത്ര്യ വിശ്വാസശുദ്ധി അന്വേഷിക്കുന്നവനാണൽപൻ. ഖുറൈശിയിലെ ഉന്നത തറവാട്ടിൽ ഉന്ന തരുടെ മകളായി ജനിച്ച ആമിന, വഹബിൽ അബ്ദുല്ലായുടെ പരമ്പര യുമായി സംഗമിക്കുന്നു. ഇനിയെന്തിനധികം പറയണം. തിരുനബി തന്നെ പറയട്ടെ. “വിശുദ്ധരുടെ മുതുകുകളിൽ നിന്ന് വിശുദ്ധകളുടെ ഗർഭാ ശയങ്ങളിലേക്കല്ലാഹു എന്നെ നീക്കിക്കൊണ്ടിരുന്നു. അൽപം പോലും അസംഗതങ്ങൾ കടന്നുകൂടാത്ത മാർഗേണ... രണ്ടു നല്ല കുടുംബങ്ങൾ ഒന്നിച്ചു ചേർന്നാൽ ഞാൻ അതിൽ ഏറ്റം ഉന്നതമായതിലാണ്. എന്റെ പരമ്പര പരമശുദ്ധം.”

ആമിന അബ്ദുല്ല ദമ്പതിമാരുടെ ഒന്നിച്ചുകൂടൽ അൽപവാചക ങ്ങൾക്കനുവദിച്ചു കൊടുക്കേണ്ടിതിവിടെ ആവശ്യമാണെന്ന് തോന്നുന്നു. വഹബിന്റെ മകൾ ആമിനയും അബ്ദുൽ മുത്വലിബിന്റെ പുത്രൻ മക്ക യുടെ കോമളൻ അബുദല്ലാഹിയും തമ്മിൽ വിവാഹം ഉറച്ചു. മക്കാ നിവാസികളിൽ ആനന്ദത്തിന്റെ ആന്തോളനങ്ങൾ അലയടിച്ചു. ഒരു മഹ ത്തായ വിരുന്നിനും സംഗമത്തിനും അവർ ഒരുങ്ങി, രണ്ടു വിശുദ്ധർ തമ്മി ലുള്ളനിയമാനുസൃതമായുള്ള സമാഗമം തമസ്സിന്റെ ലോകത്തിൽ രണ്ട് താരകങ്ങൾ അടുത്ത് നിന്ന് പ്രഭ വിതറാൻ പോകുന്നു. സഹ്റയുടെ കുടുംബത്തിലെ താരകം അബ്ദുൽ മുത്വലിബിന്റെ വീട്ടിലെ ചന്ദ്രിക യോട് സംഗമിക്കാൻ പോകുന്നു. ഏതായാലും മക്കക്ക് ആനന്ദനത്തിന്റെ ദിനരാത്രങ്ങൾ. മക്കയിലെ നേതാക്കളും ജേതാക്കളും ദാറുന്നദ്‌വയിൽ

ഒരുമിച്ചുകൂടി. മൂന്നു ദിനങ്ങളിലായി വിവാഹാഘോഷം നടന്നു. ശേഷം വധൂവരന്മാരുടെ നീക്കുപോക്കുകൾ ഉത്സവ പ്രതീതിയോടെ നോക്കിക്കണ്ടു. ഒരു കുസുമത്തിന് വേണ്ടി അവർ കാത്തിരുന്നു...... പക്ഷേ ആ യുവമിഥുനങ്ങൾ അധികകാലം ഒരുമിച്ചു താമസിച്ചില്ല. മടങ്ങി വരാമെന്ന് വാക്കുപറഞ്ഞ് ഭർത്താവ് അബ്ദുല്ല മദീനയിലേക്കു യാത്ര തിരിച്ചു. അപ്പോൾ തന്നെ ആമിനായുടെ അന്തർലോകത്ത് നിന്ന് അത്ഭുതങ്ങളുടെ അഭൗതിക സന്ദേശങ്ങൾ വരാൻ തുടങ്ങി. അത് ആമിനയുടെ വാക്കുകളിൽ ഇങ്ങനെ: "ഞാനുറക്കിനും ഉണർച്ചക്കും മധ്യേ ആയിരുന്നു. ഒരാൾ എന്റെയടുത്ത് വന്നു പറഞ്ഞു (തീർത്തും അഭൗതികതയുടെ ചാരുത) നിങ്ങൾ ഗർഭം ധരിച്ചിരിക്കുന്നത് ഈ സമുദായത്തിന്റെ നേതാവിനെയാണ്." ആമിന തുടരുന്നു "അന്നുവരെ ഞാൻ ഗർഭവതിയാണെന്ന് ഞാനറിഞ്ഞിരുന്നില്ല. സാധാരണഗതിയിൽ ഗർഭിണികൾക്കുള്ള അസ്വാരസ്യങ്ങളോ അലോസരങ്ങളോ ഞാൻ അഭിമുഖീകരിച്ചതേയില്ല. ശാമിന്റെ ഭൂമിയിൽ നിന്നുള്ള ഒരു പ്രകാശം ലോകം മുഴുവൻ പ്രഭാമയമാകുന്നത് ഞാൻ ദർശിച്ചു. പക്ഷേ ഭർത്താവ് തനിക്കൊപ്പം ആ മുഹൂർത്തങ്ങൾ ആസ്വദിക്കാനില്ലാത്തതിൽ ഖേദിച്ചു, കാത്തിരുന്നു. വരുമ്പോൾ പറയാമെന്നതിൽ ആമിന ആശ്വസിച്ചു. പക്ഷേ പ്രതീക്ഷകൾക്ക് മുമ്പിൽ കറുത്ത കർട്ടനുകൾ മറപിടിച്ചു. ഹൃദയപുഷ്പം പിന്നെ തിരിച്ചുവന്നില്ല. മദീനയിലേക്കുള്ള മാർഗമധ്യേ ഈ ലോകത്തോട് യാത്ര പറഞ്ഞു. മദീനയുടെ ഓരത്ത് മണിയറക്കുള്ളിൽ ഉറക്കം തുടങ്ങി. മണിയറയിൽ ഇരുന്ന മണവാളന്റെ മരണവാർത്തയറിഞ്ഞ ആമിന ഉടനെ ഒരു ശോകകാവ്യമാലപിച്ചു.

عفا جانب البطحاء من زيذ هاشم — وجاور لحدًا خارجًا في الغمائم

دعته المنايا دعوة فأجابها — وما تركت في الناس مثل ابن هاشم

عشية راحو يحملون سريره — تعاوره أصحابه في التزاحم

فإن تك غالته المنون وريبها — فقد كان معطاء كثير التراحم

ഹാഷിം എന്ന അലങ്കാരം മക്കക്കന്യമായി. ശുഭ്രമേഘലങ്ങളിലുള്ള ഖബറിലേക്കത് താമസം മാറ്റി.

ഹാഷിം അതുല്യനായിരുന്നു. ഇനി സമാനതകളില്ല. മരണത്തിന്റെ വിളി അദ്ദേഹം കാതോർത്തു.

സയാഹ്നത്തിലെ വിലാപയാത്രയിൽ ഹാഷിമിന്റെ മയ്യിത്ത് കട്ടിൽ വഹിക്കാൻ സുഹൃത്തുക്കൾ തിക്കിത്തിരക്കി. മരണം, അതിന്റെ വിപത്തിൽ നിന്നും മോചിതനായിരുന്നെങ്കിൽ അദ്ദേഹം കൂടുതൽ കാരുണ്യവാനും ധർമ്മിഷ്ഠനുമായേനെ....

അകത്തു കിടന്ന് അരുമ സന്തതി ആമിനായെ ആശ്വസിപ്പിച്ചു. പൊട്ടിത്തെറിക്കാതെ ആ മണവാട്ടി കല്ല്യാണ പതക്കവുമായി ജീവിച്ചു. ആയതിനാൽ കണ്ട അത്ഭുതപൂർവ്വമായ മാറ്റങ്ങൾ കുഞ്ഞിന്റെ മാഹാത്മ്യങ്ങളുടെ പ്രതീകമായപ്പോൾ സഹവാസികൾ മാറാതെ അടുത്തുകൂടി. ആ ജന്മത്തിന് സാക്ഷിയാകാൻ ഏവരും കൊതിച്ചു -ചരിത്രത്തിന്റെ ഒരു രജതബിന്ദുവിന് സാക്ഷിയാകാൻ ആരാണ് കൊതിക്കാതിരിക്കുക.

# സന്മാർഗ്ഗം പിറക്കുന്നു *

ആമിനായുടെ മുറി പ്രകാശത്താൽ നിറഞ്ഞു. ആദമിൽ അല്ലാഹു സന്നിവേശിപ്പിച്ച പ്രഭാവം. സന്മാർഗ്ഗം ലോകത്തേക്ക് കടന്നുവരുന്നു. വന്നവഴിത്താരകളിൽ മുഴുവൻ പ്രഭാവം നിലനിർത്തിയ പൗർണ്ണമി ആമിനായിൽ നിന്ന് ലോകത്തേക്കുദിച്ചു.....

പ്രവാചകരുടെ ജനനസമയം സാന്നിദ്ധ്യഭാഗ്യം ലഭിച്ച ഉമ്മുഉസ്മാനുസ്സഖഫിയ്യ പറയുന്നു. ആമിനായുടെ വസതിയാകെ ആ നേരം പ്രഭാവം കൊണ്ട് വിളങ്ങി. ഒരു നക്ഷത്രം അടുത്തുവന്നു. അതെന്റെ മേൽ സംഭവിക്കുമോ എന്നു ഞാൻ സംശയിച്ചുപോയി.

മക്കാ നിവാസികൾ മുഴുവൻ അതിൽ അഭിമാന പുളകിതരായി, സന്തോഷത്തിൽ പങ്കുചേർന്നു. കുട്ടിയുടെ സാന്നിദ്ധ്യം അവർക്കൊക്കെ അനുഗ്രഹമേകി. തന്റെ ഭർത്താവിതൊന്നും കാണാനില്ലല്ലോ എന്ന ചിന്ത ആമിനായുടെ അന്തരംഗത്തുണ്ടെങ്കിലും മകന്റെ സാന്നിദ്ധ്യം ആമിനായെ ഏതോ അഭൗതികലോകത്തെത്തിച്ചു. പിതാമഹൻ കുട്ടിക്ക് മുഹമ്മദ് എന്ന് നാമകരണം ചെയ്തു.

ദിവസങ്ങൾ ആഴ്ചകളും ആഴ്ചകൾ മാസങ്ങളും നെയ്തു. കാലം കലണ്ടറുകൾ മാറ്റി. ആമിനയുടെ അരുമ സന്തതി വളർന്നുകൊണ്ടിരുന്നു. ആമിനായുടെ അകതാരിൽ ഒരാഗ്രഹം, മകനെ കൂട്ടി ഭർത്താവിന്റെ ഖബറ് ഒന്നു സന്ദർശിക്കണം.

മകനെയും കൂട്ടിപ്പോയി അത് നർവ്വഹിച്ചു. തിരിച്ചു വരുന്ന വഴിയിൽ ബന്ധുക്കളുടെ കൂടെ കുറച്ചു ദിവസം താമസിച്ചതോടെ ഒരു ഖാഫിലക്കൊപ്പം ആമിനായും പുത്രനും മക്കയിലേക്കു തന്നെ യാത്ര തിരിച്ചു.

---

*(*അഹ്മദുശൗഖിയുടെ ഹംസിയ്യത്തുന്നബവിയുടെ തുടക്കമാണ് ഗ്രന്ഥകാരൻ തലക്കെട്ടായി കൊടുത്തിരിക്കുന്നത്)*

അബവാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ രോഗിണിയായ ആമിനാക്ക് അധികം മുന്നോട്ട് പോകാനാവില്ല എന്ന മട്ടിലെത്തി. പൊന്നുമോന്റെ സാന്നിദ്ധ്യത്തിൽ വസ്തുതതയെ തിരിച്ചറിഞ്ഞ മാതാവ് മകനോട് ചിലത് പറഞ്ഞു. എല്ലാ ജീവികളും മരിക്കും...... എല്ലാ പുതിയതും നശിക്കും. ആമിനായുടെ ശരീരം സ്വീകരിച്ചു കിടത്താനുള്ള ഭാഗ്യം അബവാഇന്റെ ഭൂമിക്കുണ്ടായി. മുഹമ്മദ് മോൻ തീർത്തും യതീമായി മാറിയിരിക്കുന്നു. സ്നേഹത്തിന്റെ എല്ലാ ബിന്ദുക്കളും കേന്ദ്രീകരിച്ചിരുന്ന തന്റെ മാതാവിന്റെ വിയോഗം ബാലനിൽ ദുഃഖം സൃഷ്ടിച്ചു...... ആ ഓർമകൾ മങ്ങാതെ മനതലത്തിൽ കിടന്നു.

വിയോഗത്തിന്റെ നാൽപ്പതാണ്ട് കഴിഞ്ഞിട്ടും മാതാവിന്റെ ഖബർ സന്ദർശിക്കാൻ അനുമതി ചോദിക്കുന്ന മുഹമ്മദ് നബിയെ കാണുന്നു. മാതാവിന് വേണ്ടി കണ്ണുനീർ പെയ്യുന്നു.

അബ്ദുല്ലാഹിബിന് മസ്ഊദ്(റ)വിൽ നിന്ന് നിവേദനം, നബിയും ഞങ്ങളും പുറപ്പെട്ടു. കുറേ ഖബറുകൾ ഉള്ള ഒരു സ്ഥലത്തെത്തി. ഞങ്ങളോട് കൽപിച്ച പ്രകാരം ഞങ്ങൾ അവിടെ ഇരുന്നു. ഖബറുകൾ വകഞ്ഞുമാറ്റി ഒരു ഖബറിന്റെയടുത്തെത്തി. അവിടെ ഇരുന്ന് നബി കുറെ സംസാരിച്ചു. പിന്നെ സ്വരം ഉയർന്നു അത് കരച്ചിലായി പരിണമിച്ചു. ഞങ്ങളും അത് കേട്ട് കരഞ്ഞുപോയി. പിന്നെ നബി(ﷺ) ഞങ്ങളുടെ അടുത്തേക്ക് മടങ്ങി വന്നു. ഉമർ(റ) ചോദിച്ചു. നബിയേ എന്താണവിടുന്ന് കരയാൻ കാരണം? ഞങ്ങൾ അത് കേട്ട് പേടിച്ചു കരഞ്ഞുപോയി. നബി ഉമർ(റ)ന്റെ കൈയ്യിൽ പിടിച്ച് ഞങ്ങളിലേക്ക് കൈയ്യൂന്നി ചോദിച്ചു. എന്റെ കരച്ചിൽ നിങ്ങളെ ഭയപ്പെടുത്തിയോ? ഞങ്ങൾ പറഞ്ഞു. അതെ. ഇത് മൂന്നുപ്രാവശ്യം ആവർത്തിച്ചു. തുടർന്നു നബി(ﷺ) പറഞ്ഞു. ഞാൻ സംസാരിക്കുന്നതായി നിങ്ങൾ കണ്ട ഖബർ എന്റെ ഉമ്മായുടേതാണ്. ഞാൻ അവരെ സിയാറത് ചെയ്യാൻ അല്ലാഹുവിനോടനുമതി ചോദിച്ചു. അവൻ അതനുവദിച്ചു തന്നു. ലോകത്തിന്റെ മുഴുവൻ കാരുണ്യത്തെ ലോകത്തിന് സമ്മാനിക്കാൻ ഭാഗ്യം കിട്ടിയ ചരിത്രത്തിലെ ഏക വനിത ആമിന(റ)ക്ക് ഒരു മാല്യം ചാർത്തി ഈ അധ്യായത്തിൽ നിന്ന് പേന ഉയർത്താം.

മുർസലുകളിൽ അത്യുത്തമരുടെ മാതാവാകാൻ അല്ലാഹു നിങ്ങൾ നിയോഗം നൽകി.

സൂക്ഷിപ്പ് നിധിയെ വഹിക്കാൻ അങ്ങയെ (ആമിന(റ)) നാഥൻ തെരഞ്ഞെടുത്തു. അങ്ങിനെ ആമിനയായി പിറന്നു. അൽഅമീനിന് പിറവി നൽകുകയും ചെയ്തു.

ആ ആമാശയങ്ങളും ഗർഭാശയങ്ങളും എത്ര മഹത്തരം...... ഗർഭാവസ്ഥയിൽ അഹ്മദ് നബി(ﷺ)ക്കത് തണലായിരുന്നു.

അഹ്മദ് നബി(ﷺ) സഞ്ചരിച്ച പരമ്പരകൾ (മുതുകുകൾ) എത്ര ആദരണീയമാണ്. ധാരാളം വ്യക്തികൾക്ക് മാന്യതയേകി. കാലത്തിനേറ്റം മഹത്വമേറിയ ഉത്തരീയമണിയിച്ച (മഹതി) അനർഘമുത്തുകളാൽ തിലകമണിഞ്ഞു.

നബി(ﷺ)യിൽ തെറ്റിദ്ധാരണ പുലർത്തി അസാംഗത്യം പറഞ്ഞപ്പോൾ അവിടുത്തെ സ്ഥാനം അവർ അറിഞ്ഞില്ല.

മാതാവിന് ഗുണം ചെയ്യാനുദ്ദേശിച്ച അവർ ആ നബിയുടെ സമുദായമായതിൽ പ്രത്യാശ നിലനിർത്തുന്നു.

ഒപ്പം അവിടുത്തെ മാതാവിനെ നിരാശപ്പെടുത്തുന്നു. എത്ര കഷ്ടമാണത് (നബി (ﷺ)യുടെ മാതാവിനെ മോശമാക്കുന്നവരെയാണുദ്ദേശ്യം).

അല്ലാഹു ആ പ്രവാചകനെ തൃപ്തിപ്പെടുത്തുമ്പോൾ (നബി(ﷺ)ക്ക് ജന്മം നൽകി കഷ്ടതകൾ സഹിച്ച) ഒപ്പം നിസ്സാരതകൾ പേറിയ മാതാവിനെ തൃപ്തിപ്പെടുത്തുകില്ലെന്നോ?

അല്ലാഹുവിന്റെ ദീനിനെ എങ്ങനെ നിലനിർത്തണമെന്നവനറിയാം. (അവന്റെ നബിയെ എവിടെക്കിടത്തണമെന്നും) ആമിനാപുത്രന്റെ മതത്തെ മതമായി അവൻ തൃപ്തിപ്പെട്ടിരിക്കുന്നു.

ഏറ്റവും മഹത്തരമായ പ്രദേശം നബി(ﷺ) വിശ്രമിക്കുന്ന സ്ഥലമാണ്. (നബിയുടെ(ﷺ) ശരീരം അവിടെയാണ് എന്നതാണ് കാരണം) - എന്നാൽ ആ ശരീരം രൂപപ്പെട്ട ഗർഭപാത്രത്തിന് പുണ്യമില്ലെന്നോ?

പ്രവാചകശ്രേഷ്ഠരുടെ മാതാവേ, ഫാത്വിമ(റ)യുടെ പിതാമഹിയേ... നിരന്തരമായി നിങ്ങൾക്ക് സമൃദ്ധി വർഷിക്കട്ടെ.

നിങ്ങളുടെ ആതിഥ്യത്താൽ അബവാഅ് ആദരണീയമാവുകയും മഹത്വത്താൽ മണൽത്തരികൾ പരിമളമാവുകയും ചെയ്തു.

ഓ സമുന്നരുടെ സൃഷ്ടിപ്പിന് പ്രകൃതിയുടെ ധാര നിർണ്ണയിച്ച നാഥാ. നിന്നിൽ പ്രതീക്ഷിക്കുന്നവർക്ക് വിടുതി നൽകുമല്ലേ....

അല്ലാഹുവിന്റെ തിരുദൂതരേ...ലജ്ജയാൽ വാക്കുകൾ പ്രവഹിക്കുന്നില്ല..... അങ്ങയുടെ മഹത്വം ഞങ്ങൾക്ക് വിഷമമാകുന്നു...(പ്രാപ്യമല്ല)

ഈസാ മൂസാ ഹാറൂൻ(അ) എന്നിവർക്ക് നൽകാത്ത പദവി തങ്ങൾക്ക് റബ്ബ് നൽകിയില്ലേ......

ഒട്ടകം തെളിക്കുന്നവർ രാഗമുയർത്തും കാലം.....റബ്ബേ...... വായിക്കുന്നവർ വായിക്കുന്നിടത്തോളം. നബി(ﷺ)യിലും കുടുംബത്തിലും നീ കടാക്ഷങ്ങൾ നൽകേണമേ......

# സഹ്റാഇന്റെ പിതാവ്

ആരുടെ മകൾ? എന്ന ചോദ്യത്തിലെ അവസാനത്തെ കണ്ണി എഴുതി തുടങ്ങാൻ തന്നെ സ്വതന്ത്രഗ്രന്ഥങ്ങൾ വേണം. പിന്നെങ്ങനെയാണ് പരിചയപ്പെടുത്തുക. പക്ഷേ സഹ്റാഇന്റെ ചരിത്രച്ചങ്ങല കണ്ണിപൊട്ടാതെ ചേർക്കാൻ ഒരൽപം.

മുഹമ്മദ് എന്ന കൈക്കുഞ്ഞ് ആമിനായുടെ തണലിൽ ജീവിക്കുന്നു. ശേഷം അത്യത്ഭുതങ്ങൾ നിറഞ്ഞ ഹലീമാ വസതിയിലെ ജീവിതം അന്ന് ഏവരുടെയും ശ്രദ്ധാകേന്ദ്രമായ ബാലൻ കൗമാരത്തിന്റെ പട്ടികയിൽ അസാധാരണത്വത്തിന്റെ കൗസല്യങ്ങളുമായി യൗവനത്തിന്റെ പടിയിലേക്ക് കയറി. അതോടെ അറേബ്യയുടെ അൽ അമീൻ ആരുടെയും കണ്ണിലുണ്ണിയായ പക്വമതി. സ്വന്തം അധ്വാനിച്ചു ജീവിക്കുന്ന മാന്യൻ. ആദ്യകാലത്ത് ആടിനെ മേയിച്ചു. ഇരുപത്തിഅഞ്ചാമത്തെ വയസ്സായതോടെ കച്ചവടത്തിലേക്ക് തിരിഞ്ഞു. ഖദീജ എന്ന കുലീനയുടെ കച്ചവട നേതൃത്വം ഏറ്റെടുത്തു. വിശ്വസ്തയും എന്നാൽ അത്ഭുതകരവുമായ കച്ചവട വിജയവും, സഹയാത്രികയായി പോയ ഖദീജയുടെ അടിമ മൈസറയുടെ വിവരണവും ഖദീജയുടെ മനസ്സ് നബി (ﷺ)യോടടുപ്പിച്ചു. ഖദീജ നഫീസയെപ്പറഞ്ഞയച്ചു, നബിയുടെയടുത്തേക്ക് വിവാഹാലോചനയുമായി. പിതൃസഹോദരന്മാരും വേണ്ടപ്പെട്ടവരുമായി ആലോചിച്ചു. വിവാഹവും ഉറച്ചു. ഖുറൈശിയിലെ ഏറ്റവും ഉന്നതയും പക്വമതിയുമായ ഖദീജ(റ) മാവനലോകത്തിന്റെ നായകന്റെ ഇണയായി ഫാത്വിമായുടെ മാതാപിതാക്കളുടെ സമാഗമം നടന്നു. ഇവിടെ അൽപം ഖദീജ(റ)യിലൂടെ സഞ്ചരിക്കേണ്ടതനിവാര്യമായി വരുന്നു. ഒന്നെത്തി നോക്കാം.

# ഖദീജതുൽ കുബ്റാ

ഖുവൈലിദിന്റെ മകൾ ഖദീജ പിതൃപരമ്പരയിൽ നബിയുടെ പിതാമഹൻ ഖുസയിൽ സംഗമിക്കുന്നു. രണ്ടുപേരുടെയും നാലാമത്തെ പിതാവ് ഒരാൾ തന്നെയെന്നർത്ഥം.

ചരിത്രത്തിന് ഖുവൈലിദിനെ പരിചയമുണ്ടോ!. അതെന്തു ചോദ്യം!. ഖുവൈലിദിനെ മറക്കാൻ ചരിത്രത്തിനെങ്ങനെ സാധിക്കും. മക്കയിൽ നിന്ന് ഹജറുൽ അസ്‌വദ് കടത്തിക്കൊണ്ട് പോകാൻ തബഅ് ഹാജിയായി മക്കയിലേക്ക് വന്നു. അതറിഞ്ഞ ഖുവൈലിദ് അയാളെത്തടഞ്ഞു. അതിൽ തൊട്ടാൽ വന്നു ഭവിച്ചേക്കാവുന്ന വിപത്തുക്കളെ കുറിച്ച് പറഞ്ഞുകൊടുത്തു. ഖുവൈലിദും കൂട്ടുകാരും ഹജറിന് കാവൽ നിന്നു. തബഇന്റെ കണ്ണുകൾ അടഞ്ഞു. വിഹ്വലമായ ചിത്രങ്ങൾ താൻ സ്വപ്നം കണ്ടു. ആ ഉദ്യമത്തിൽ നിന്ന് പിന്തിരിഞ്ഞു. സുഹൈലി ഈ സംഭവം സ്ഥിരീകരിക്കുന്നു. എന്നാൽ ഇബ്നു ഇസ്ഹാഖിന്റെ നിവേദനം മറ്റൊരു നിലക്കാണ് തബഅ് ഹജറിനെ യമനിലേക്കെടുക്കാൻ മുതിർന്നു. ഖുറൈശികൾ ഖുവൈലിദിന്റടുക്കൽ ഒത്തുകൂടി പറഞ്ഞു. നമ്മുടെ കല്ല് കൊണ്ടുപോകാൻ വന്നിരിക്കുന്നു ഖുവൈലിദേ!

ഖുവൈലിദ് :എന്ത്?

ഖുറൈശ് : തബഅ് ഹജറിനെ എടുത്ത് അയാളുടെ നാട്ടിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നു.

ഖുവൈലിദ് : ഹാ അതിനേക്കാൾ നല്ലത് നമുക്ക് മരണമാണ്.

ഉടനെ വാളെടുത്ത് പുറപ്പെട്ടു. ഖുറൈശികളും ഒപ്പം ആയുധങ്ങളുമായി കൂടി. ഒന്നിച്ച് തബഇനെ അഭിമുഖീകരിച്ചു.

ഒന്നിച്ചു ചോദിച്ചു : എന്താണുദ്ദേശ്യം?

തബഅ് : ഈ കല്ല് എന്റെ നാട്ടിലേക്കെടുക്കാൻ

ഖുറൈശ് : അതിന് മുമ്പുണ്ടാവുക നിന്റെ മരണമായിരിക്കും. തുടർന്നവർ ഒന്നിച്ചുപോയി ഹജറിന് മുമ്പിൽ നിന്നു.

ജനതതിയുടെ നായകത്വം വഹിച്ച് അല്ലാഹുന്റെ സ്നേഹത്തിന് വേണ്ടി സായുധസേനയെ അയച്ച ശുദ്ധവിശ്വാസി. അദ്ദേഹത്തിന്റെ മകൾ ഇവിടെ ചർച്ചാവിധേയമാകുന്നു. ഖദീജത്ത്ബിൻത് ഖുവൈലിദ്.

ഖദീജ(റ)യുടെ മാതാവ് ഫാതിമത്ബിൻത്സാഇദയും അബ്ദുമനാഫിൽ നബിയുടെ പരമ്പരയിൽ ചേരുന്നു. കുലീനയായ മാതാവ്, ശുദ്ധവതിയായ ഉമ്മ ഖദീജ(റ). ആ ഉമ്മയുടെ മകൾ.

മഹതിയുടെ അടുത്ത ബന്ധുക്കളെ മുഴുവൻ പരിശോധിച്ചാലും ചരിത്രത്തിന് നല്ലതേ പറയാനുള്ളൂ. ഖദീജ(റ)യെ ഏറ്റവും കൂടുതൽ സ്വാധീനിച്ചവരായിരുന്നു തന്റെ സഹോദരപുത്രൻ ഹകീമും പിതൃവ്യപുത്രൻ വറഖത്ബിൻ നൗഫലും. ഹകീം ജനിച്ചത് തന്നെ കഅ്ബക്കകത്തായിരുന്നു. ബുദ്ധിമാനും, സമർത്ഥനും തീരുമാനങ്ങളെടുക്കുന്നതിൽ അവലംബിക്കപ്പെടുന്ന ആളുമായിരുന്നു. അതുകൊണ്ട് തന്നെ നാൽപത് വയസ് പ്രായമായവർക്ക് മാത്രം പ്രവേശനം നൽകിയിരുന്ന ദാറുന്നദ്വയിൽ ഇരുപത്തിഅഞ്ചാം വയസിൽ ഹകീമിന് പ്രവേശനം ലഭിച്ചു.

എന്നാൽ അദ്ദേഹത്തിന്റെ ഭൂരിപക്ഷചിന്തയും കച്ചവടത്തിൽ കേന്ദ്രീകരിച്ചു. തന്റെ കച്ചവടസംഘങ്ങൾ അറബ് ലോകത്ത് നിന്നും പേർഷ്യ, ശാം രാജ്യങ്ങളിലേക്ക് വ്യാപിച്ചു. വൻ ലാഭം കൊയ്തിരുന്ന താൻ പാവങ്ങൾക്കൊരത്താണിയായി പ്രവർത്തിക്കുകയും ചെയ്തു തന്റെ പിതൃസഹോദരിയുമായി എന്നും നല്ലനിലയിൽതന്നെ വർത്തിക്കുകയും കച്ചവടകാര്യങ്ങൾകൂടി ആലോചന നടത്തുകയും ചെയ്തിരുന്നു.

വറഖത് അറിയപ്പെട്ട ഒരു പണ്ഡിതനും ഖദീജ(റ)യുടെ ചെറുപ്പകാല ജീവിതത്തിൽ പരിചരണം നൽകിയ ആളുമായിരുന്നു. നാലുപാടും തമസ്സ് വ്യാപിച്ചപ്പോഴും വേദഗ്രന്ഥങ്ങൾക്ക് നടുവിൽ വെളിച്ചം അനുഭവിച്ച പണ്ഡിതനും യോഗിവര്യനുമായിരുന്നു അദ്ദേഹം. ബിംബാരാധനയെ അവഗണിച്ചും ഏകദൈവവിശ്വാസത്തിന്റെ മധു അനുഭവിച്ചും താൻ ജീവിതം നയിച്ചു. വേദവാക്യങ്ങളിൽ പരാമർശിച്ച അവസാന പ്രവാചകന്റെ അടയാളങ്ങൾ തിട്ടപ്പെടുത്തി അൽ അമീനെ പിന്തുടരുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ആത്മീയ പരിചരണം അനുഭ

വിച്ച മഹതിയായിരുന്നു ഖദീജ(റ). വരാനുള്ള പ്രവാചകനെ കുറിച്ച് കേട്ട യുടൻ ഖദീജ(റ) ചിക്കിചികഞ്ഞന്വേഷിച്ചത് വറഖതിനോടായിരുന്നു. എന്തുകൊണ്ടോ ആഗതനാകേണ്ട പ്രവാചകനോടൊരു പ്രതിപത്തിയും അന്നുമുതലേ ഖദീജ(റ) വച്ചുപുലർത്തിയിരുന്നു.

ഖദീജ(റ)യ്ക്ക് തന്റെ സമുദായത്തിൽ ഉന്നതമായ സ്ഥാനവും മാനവും ഉണ്ടായിരുന്നു. തന്റെ ആജ്ഞാനുവർത്തികളാകാൻ ആ സമുദായത്തിലെ നാരികൾ സന്നദ്ധരായിരുന്നു. സമകാലിക അനാശാസ്യതകളിൽ നിന്നും വൃത്തികേടുകളിൽ നിന്നും ശുദ്ധവതിയായിരുന്നു. ക്ലബ്ബുകളിലോ നൃത്തവേദികളിലോ പങ്കെടുക്കുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാതെ പരമശുദ്ധമായ ജീവിതമാണ് നയിച്ചിരുന്നത്. ആ ഭാവഭേദങ്ങളും ധന്യമായ ജീവിതവും പല പുരോഹിതരെക്കൊണ്ടും മുഖലക്ഷണം പറയിച്ചു. പല വേദികളിലും ഖദീജ(റ)യെ കണ്ടമാത്ര തിരുനബി(ﷺ)യുടെ ഭാര്യയാകാനുള്ളവരാണെന്ന് പുരോഹിതവർഗ്ഗം സൂചിപ്പിച്ചിരുന്നു. ഒരുനാൾ ബൈത്തുൽ അതീഖീ (കഅ്ബ) നടുക്കൽ കൂട്ടുകാരുമൊത്ത് നിൽക്കുന്ന ഖദീജയെ നോക്കി ഒരു യഹൂദി ചോദിച്ചു. നിങ്ങളുടെ കൂട്ടത്തിൽ ആരാണ് ആഗതനാകാനുള്ള നബിയുടെ ഭാര്യയാകാനുള്ളത്? കേട്ട ഖുറൈശി വനിതകളൊക്കെ കയർത്തു. ഖദീജ (റ) മാത്രം ആ വർത്തമാനം ഉൾക്കൊണ്ടു.

ചില ചരിത്രഗ്രന്ഥങ്ങളിൽ ഖദീജ(റ) ആകാംക്ഷയോടെ ഭാവി പ്രവാചകനെ ചോദിച്ചറിയുന്ന രംഗം ഉദ്ധരിച്ചിട്ടുണ്ട്. എവിടെനിന്നായിരിക്കും ആ നബി വരിക? എന്നാണ് വരിക, എനിക്ക് കാണാനൊക്കുമോ? എന്നൊക്കെ സ്വന്തം ചോദ്യങ്ങൾ ചോദിച്ച രംഗങ്ങളും വായിക്കാൻ കഴിയുന്നു.

ഖദീജ(റ)ക്ക് തന്റെ സമുദാത്തിലുണ്ടായിരുന്ന അംഗീകാരത്തിന്റെ ഫലമായി അനവധി ഓമനപ്പേരുകളും മഹതിക്കുണ്ടായിരുന്നു. ത്വാഹിറ എന്നായിരുന്നു ഏറ്റവും വ്യാപകമായത്. തിരുനബി(ﷺ)ക്ക് മുമ്പ് രണ്ട് പുരുഷന്മാരെ നിക്കാഹ് കഴിച്ച് അവരുടെ വിയോഗശേഷം വിധവയായിക്കഴിഞ്ഞപ്പോഴും ചാരിത്ര്യത്തിൽ കാണിച്ച നിഷ്കർഷതയായിരുന്നു ആ നാമം അവർക്ക് നേടിക്കൊടുത്തത്. ആദ്യം വിവാഹം കഴിച്ചത് അതീഖ് ബിൻ ആബിദായിരുന്നു. അന്ന് മഹതിയുടെ പ്രായം പത്ത് തികഞ്ഞിട്ടില്ല. അതിൽ അബ്ദുല്ലാ എന്ന പുത്രൻ ജനിച്ചു. അതീഖ് ഉടനെ മരണം വരിച്ചു. തുടർന്ന് ഹിന്ദ് ബിൻ സുറാറ വിവാഹം ചെയ്തു. അതിൽ രണ്ട് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. ഹിന്ദ്, ഹാരിസ്, സൈനബ എന്നിങ്ങനെയായിരുന്നു അവരുടെ പേരുകൾ.

ഇവിടെ ഒരു കവിതാശകലം ആ മഹതിക്ക് മുമ്പിൽ നമുക്ക് ചാർത്താം.

"നീ ഉന്നതിയുടെ സോപാനത്തിലെത്തി. അത് മറ്റുള്ളവർക്ക് അപ്രാപ്യമാണ്. ഇതിനേക്കാൾ ഉന്നതസ്ഥാനവും ദുർലഭമാണ്.

ലോകത്തെത്ര മഹതികളുണ്ടെങ്കിലും നിങ്ങൾക്കുമുമ്പിൽ അവർ നിസ്സാരരത്രെ. റസൂലുല്ലാഹിയുടെ മുഖത്ത് മിഴിച്ചുനോക്കി അതീവ രഹസ്യങ്ങൾ അറിഞ്ഞവരാണ് നിങ്ങൾ.

പ്രവാചകത്വത്തിന്റെ പ്രഭ ഉയരുന്നത് ദർശിച്ച പ്രഭി.... ആ പ്രകാശത്തിലേക്ക് നിങ്ങളും ചേർന്നു നിന്നു. തെളിച്ചം പകർന്നു.

നിങ്ങളുടെ ആഗ്രഹങ്ങൾ അല്ലാഹു വിശാലവും എളുപ്പവുമാക്കിത്തന്നു. എളുപ്പം നിങ്ങളെ എളുപ്പത്തിലേക്ക് നയിക്കുകയും ചെയ്തു.

നിങ്ങൾ റസൂലുല്ലാഹി(ﷺ)യോട് വിവാഹാലോചന നടത്തുക വഴി അവിടത്തേക്ക് ധന്യത പകർന്നു. പത്നി പതിക്ക് അഭയവും അത്താണിയുമായി.

ഇഖ്‌റഅ് അവതരിച്ചപ്പോൾ ആശീർവദിക്കുകയും പ്രവാചകത്വത്തിന്റെ കളിത്തൊട്ടിലായി വർത്തിക്കുകയും ചെയ്തു.

ദിവ്യദൗത്യത്തിന്റെ നിയോഗവും (മാലാഖയുടെ) സംഭാഷണവും സുവിശേഷമറിയിച്ചത്, (നബിയെ) സാന്ത്വനിപ്പിച്ചത് നിങ്ങളല്ലേ........

പുതച്ചുകൊടുത്തതും വറഖത്ബിൻ നൗഫലിനെ സന്ദർശിച്ചതും നിങ്ങളത്രെ.

ജിബ്‌രീൽ (അ) സന്നിഹിതനായപ്പോൾ ദുഃഖം മൂടി മാറ്റിയതിനാൽ പിൻവാങ്ങുകയും പിന്നെ സ്വാഗതമോതപ്പെടുകയും ചെയ്തത് (നിങ്ങളുടെ സാന്നിധ്യത്തിലല്ലോ) തിരുജീവിതത്തിൽ നിന്ന് നിങ്ങൾ പകർത്തിയത് പിന്നീട് ചരിത്രത്തിന്റെ തങ്കലിപികളായി......

നബി(ﷺ)യുടെ കേദാരമായ നാഥൻ നിങ്ങളുടെ പ്രവർത്തനത്തെ അഭിനന്ദിച്ചു.

അതെ. അഭിനന്ദനാർഹം തന്നെ. അന്യൂനനായ അല്ലാഹു നിങ്ങൾക്ക് സലാമോതി. അകമൊഴിഞ്ഞ മുത്തുകളാൽ നിർമ്മിച്ച സ്വർഗ്ഗീയ കൊട്ടാരവും നൽകി. ഔന്നത്യത്തിന്റെ ഗരിമയും സോപാനവും പ്രത്യേകമേകി. ഇനിയും ഉന്നതങ്ങൾ നേരട്ടെ.

# തിരുനബിയുമായുള്ള വിവാഹം

മക്കാനിവാസികൾക്ക് ആഹ്ലാദസുദിനം. എവിടെയും ആനന്ദത്തിന്റെ അലയൊലികൾ. ഖുവൈലിദിന്റെ മകൾ ഖദീജയും മക്കയുടെ പൊന്നോമന പുത്രൻ അൽ അമീനും തമ്മിൽ വിവാഹിതരാവുന്നു.

സൽക്കാരദിവസം നിശ്ചയിച്ചു. ഒട്ടകങ്ങളെ അറുത്തു പാകം ചെയ്തു. നേതാക്കളും പൗരപ്രധാനികളും ഒരുമിച്ചുകൂടി. ഭക്ഷണം പാകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും മക്കക്കാർ മത്സരിച്ചു. ആ വിവാഹത്തിൽ മക്കയിലെ ആബാലവൃദ്ധം ജനങ്ങളും പങ്കുകൊണ്ടു. ഈ വിവാഹത്തിലല്ലെങ്കിൽ മറ്റേതു ചടങ്ങിനാണവർ ഒരുമിച്ചുകൂടുക? ആഹ്ലാദചിത്തരായി മക്കാനിവാസികൾ അതിനെ കണ്ടു.

ഭാര്യയെ കണ്ടറിഞ്ഞ ഭർത്താവ്. സദാ ഭർത്താവിന് സേവനസന്നദ്ധയായ ഭാര്യ. സംതൃപ്തി കളിയാടുന്ന ജീവിതം. ഖദീജ ബീവിക്ക് ഭർത്താവ് ലോകത്തേക്കാൾ പ്രിയപ്പെട്ടവരായിരുന്നു. അതിനെ അവർ എപ്പോഴും മിനുങ്ങി ചിനുങ്ങിത്താലോലിച്ചു. നബിയുടെ സ്ഥാനം ഉൾക്കൊള്ളാൻ ഖദീജ(റ)ക്ക് കഴിഞ്ഞു എന്ന് സാരം. പ്രവാചകത്വം കൊണ്ടനുഗ്രഹീതനായ മനുഷ്യനാണെന്റെ ഭർത്താവെന്ന വ്യക്തമായ ബോധ്യം ഖദീജ(റ)ക്കുണ്ടായിരുന്നു. അതിന് പോന്ന തെളിവുകൾ നബി(ﷺ)യിൽ മഹതി കണ്ടെത്തുകയും ചെയ്തു.

കാലം പിന്നിട്ടപ്പോൾ നബി(ﷺ) ഏകാന്തതയെ ഇഷ്ടപ്പെടാൻ തുടങ്ങി. അത് ഉൾക്കൊള്ളാനും അപ്പോഴും പരിചരണം നൽകാനും ഖദീജ(റ)ക്കു കഴിഞ്ഞു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ആലോചനാനി

മഗ്നനായ നബി(ﷺ)യെ അലോസരപ്പെടുത്താൻ കാര്യബോധമുള്ള ഭാര്യ ഖദീജ(റ) ശ്രമിച്ചില്ല. ആ ഏകാന്തത, പ്രവാചകത്വത്തിന്റെ സ്ഥാന വസ്ത്രം നൽകാനുള്ള അല്ലാഹുവിന്റെ ക്രമീകരണമായിരുന്നു. അതോടെ ആ പ്രവാചകനെ സ്വീകരിക്കാൻ ഭാര്യയും ഒരുങ്ങിക്കൊണ്ടേ യിരുന്നു...

ദിനങ്ങൾ ആഴ്ചകളും മാസങ്ങളുമായി പിന്നിട്ടപ്പോൾ ഖദീജ(റ)യുടെ വയറ്റിൽ കുഞ്ഞിക്കാലുകളുടെ മൃദുസ്പർശം അനുഭവപ്പെട്ടു. ആഹ്ലാദ ഭരിതയായി. അൽഅമീന്റെ പാരമ്പര്യത്തെ ഉദരത്തിൽ ചുമക്കാൻ നിയോഗം ലഭിച്ച ആനന്ദം. അവർ സന്തോഷത്തോടെ ഭർത്താവിനോടു ണർത്തി. ജനിക്കുന്നത് കുഞ്ഞ്മോളായിരിക്കുമെന്നും ഖദീജ(റ) നബി യോടു പറഞ്ഞു (അൽഇസാബ). നബിയോ ആ സുന്ദരമുഹൂർത്തം കാത്തിരുന്നു. ഖദീജ(റ) പ്രസവിച്ചു. അല്ലാഹു നൽകിയ സമ്മാനത്തെ അവർ ഏറ്റുവാങ്ങി. സൈനബ് എന്ന് മകൾക്ക് നാമകരണം ചെയ്തു. പെൺകുഞ്ഞെന്ന് കേൾക്കുമ്പോൾ തലകുനിച്ച സമുദായത്തിന് മദ്ധ്യേ സൈനബയുടെ പിതാവ് തല ഉയർത്തി നടന്നു. കാലം പിന്നിട്ടപ്പോൾ റുഖിയ്യ, ഉമ്മു കുൽസും എന്നീ രണ്ട് പെൺമക്കൾ കൂടി ആ ജീവിത ത്തിലേക്ക് കടന്നുവന്നു. ആ മുന്നു പെൺമക്കളും പ്രവാചകന്റെ മടി ത്തട്ടിൽ വളർന്നു. ആ മാതൃകാദമ്പതികളുടെ വിവാഹത്തിന്റെ പത്താം വർഷം ഫാത്വിമാ എന്ന കുസുമം കൂടി കടന്നുവന്നു.

ആ നാലു മഹിളാകുസുമങ്ങൾ മഹാഭാഗ്യവതികളായിരുന്നു. സൈന ബ, റുഖിയ്യ, ഉമ്മുകുൽസും, ഫാത്വിമ. ഭൂമിലോകത്തെ ഏറ്റവും മഹോ ന്നതമായ മടിത്തട്ടിലാണവർ വളർന്നത്. ഏറ്റവും ഉന്നതനായ പിതാ വിൽ നിന്നാണവർ ജനിച്ചത്. പെൺകുട്ടികൾ അവമതിക്കപ്പെട്ടപ്പോൾ ആദരണീയരായി അവർ വളർന്നു. ഓടിച്ചാടി അവർ മാതാപിതാക്കളെ സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്തു. ഏറ്റവും ഇളയ മകൾ എന്ന പരിഗണന ഫാത്വിമ(റ)ക്കുണ്ടായിരുന്നു. നബിയോട് സാദൃ ശ്യമായ പ്രകൃതം ആ പരിലാളനക്ക് മാറ്റുകൂട്ടി. ഒരു ചരിത്രരേഖപ്ര കാരം ഫാത്വിമ(റ)ക്ക് മാത്രമാണ് മാതാവിൽ നിന്ന് മുലകുടി മുഴുമിപ്പി ക്കാൻ സാധിച്ചത്. മറ്റുള്ളവരെ മുലകൊടുക്കാൻ വേറെ ആളുകൾക്ക് ഏൽപ്പിച്ചുകൊടുക്കുകയായിരുന്നു.

ഫാത്വിമ(റ)ക്ക് നാല് വയസ്സ് പ്രായമായപ്പോൾ പിതാവിൽ പ്രവാച കത്വത്തിന്റെ ആദ്യ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അതോടെ ഏകാന്ത തയുടെ കൂട്ടുകാരനായി നബി(ﷺ) തീർന്നു. ഇലാഹീ സന്ദേശത്തിന്റെ

അടിസ്ഥാനത്തിലായിരുന്നു ആ ഏകാന്തത. പ്രവാചകത്വം ഏൽപ്പിച്ചു കൊടുക്കുന്നതിനു മുമ്പുള്ള പാകപ്പെടുത്തലായിരുന്നു അത്. അഞ്ചുവയസ്സുള്ള ഫാത്വിമക്ക് പിതാവിന്റെ ഏകാന്തതയെ കണ്ടറിയാനും ഉൾക്കൊള്ളാനും കഴിഞ്ഞു. അവസാനം ഇഖ്റഇന്റെ മന്ത്രണം പ്രവാചകപ്രഫുല്ലരെ പുൽകി.

ആ ആദ്യാനുഭവത്തിന്റെ അപരിചതത്വവും വിഹ്വലതകളുമായി നബി(ﷺ) വസതിയിലേക്ക് കുതിച്ചു. ഖദീജയോടു പറഞ്ഞു "എനിക്ക് പതുച്ചുതരൂ. എനിക്ക് പുതച്ചുതരൂ." "എന്തുപറ്റി വല്ലഭാ" എന്ന ചോദ്യത്തോടെ മഹതി നബി(ﷺ)യെ സാന്ത്വനിപ്പിച്ചു. ഈ സംഭവം നേരിൽ കാണാനും കേൾക്കാനും ഫാത്വിമ(റ)ക്ക് നിയോഗമുണ്ടായി.

നബി(ﷺ)യുടെ പരിഭ്രമം കണ്ട ഖദീജ(റ)യുടെ പ്രതികരണം ഇങ്ങനെയായിരുന്നു. "നിങ്ങൾ പാവങ്ങളെ പരിചരിക്കുന്നു. ബാധ്യതകൾ നിറവേറ്റുന്നു... അതുകൊണ്ട് നല്ലതല്ലാതെ ഒന്നും നിങ്ങൾക്ക് വന്നുഭവിക്കില്ല. പിന്നീടവർ ഭർത്താവിനെയും കൂട്ടി വറഖത്ബിൻനൗഫലിന്റെ അടുത്തേക്ക് പോയി. അദ്ദേഹം പറഞ്ഞു: മൂസാനബിക്കും മറ്റും അവതരിച്ച ജിബ്‌രീൽ(അ) ആണ് നിങ്ങളെ സമീപിച്ചത്. നിങ്ങൾ പ്രവാചകനാണ്. നിങ്ങളുടെ നാട്ടുകാർ പുറത്താക്കുന്ന സമയം ഞാനുണ്ടായിരുന്നെങ്കിൽ..... നബി(ﷺ) ചോദിച്ചു എന്റെ നാട്ടുകാർ എന്നെ പുറത്താക്കുകയോ? അതെ....

ഈ വിവരമറിഞ്ഞ് ഫാത്വിമ(റ) അത്ഭുതപ്പെട്ടു. എന്തിനാണീ സമുദായം എന്റെ പിതാവിനെ എതിർക്കുക. എന്തിനാണവർ അദ്ദേഹത്തെ പുറത്താക്കുക. അഞ്ചുവയസ്സുള്ള ആ മകൾ പക്വതയിൽ പ്രായത്തെ കടത്തിവെട്ടിയിരുന്നുവെന്നു ചരിത്രം. രണ്ടാംവട്ടവും തന്നെ പുതപ്പിക്കാൻ പറഞ്ഞ് പിതാവ് വന്നത് ഫാത്വിമ(റ) കണ്ടു. ആ ബാലിക ചിന്തിച്ചു. ആരാണീ പ്രവാചകൻ? എന്താണു സംഭവിക്കുന്നത്?

# ഫാത്വിമ(റ)യും രഹസ്യ പ്രബോധനവും

ഹിറാസന്ദേശത്തോടെ നബി(ﷺ) രഹസ്യമായി ഇസ്‌ലാമിക പ്രബോധനം ആരംഭിച്ചു. നിലവിലുള്ള രീതിശാസ്ത്രത്തെയും സാമൂഹ്യശാസ്ത്രത്തെയും മുഴുവൻ തുടച്ചുമാറ്റി സ്ഥാപിക്കേണ്ട വിശ്വാസസംഹിതയാണ് തിരുനബി(ﷺ)യുടെ കൈയ്യിൽ. അതു തുറന്നു പറയുമ്പോൾ പല പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകും. അതുകൊണ്ടാണ് ഗോപ്യപ്രചാരണമാർഗമാണാദ്യമവലംബിച്ചത്. തന്റെ കൂട്ടുകുടുംബങ്ങളിൽ പ്രഥമമായി ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുകയായിരുന്നു തിരുനബി(ﷺ)യുടെ പദ്ധതി. അതിൽ ഏറ്റവും അടുത്തതും ബന്ധപ്പെട്ടതും ഖദീജ(റ) തന്നെയായിരുന്നു. സ്വകാര്യതയുടെ മാല്യം ആദ്യം ചാർത്തിയതും അവർതന്നെ. തുടർന്ന് അടിമയായിരുന്ന സൈദുബിൻ ഹാരിസ(റ), പിതൃവ്യപുത്രൻ അലി(റ), ഉറ്റ കൂട്ടുകാരൻ അബൂബക്കർ സിദ്ധീഖ്(റ) തുടങ്ങിയവർ ഇസ്‌ലാമിലേക്ക് കടന്നുവന്നു.

ആദ്യമൊന്നും പ്രവാചകരുടെ രഹസ്യപ്രബോധനത്തെ ഖുറൈശികൾ കണ്ടില്ലെന്നു നടിച്ചു. ഉമയ്യത്ബിൻ അബിസ്സൽത്, ഖൈസ്ബിൻസാഇദ, സൈദ്ബിൻ അംറ്ബിൻ തുഫൈൽ എന്നിവരെപ്പോലെ ഒരു ഒറ്റപ്പെട്ട ഏകദൈവ പ്രചാരണമാണെന്നവർ മനസ്സിലാക്കി. പക്ഷേ പ്രവാചകപ്രബോധനം അറേബ്യൻ മനസ്സുകളിൽ ആഴ്ന്നിറങ്ങുന്നതായി കണ്ടറിഞ്ഞപ്പോൾ അവർ കണ്ണുതുറന്നു. മുഹമ്മദുൽ ഗസ്സാലി (റ) ഫിഖ്ഹുസ്സീറയിൽ പറഞ്ഞതിങ്ങനെയാണ്.

ഫാത്വിമ(റ)ക്ക് പ്രായം ഏഴിൽ നിന്ന് എട്ടിലേക്ക് കടന്നു. അതോടെ പ്രബോധനത്തിന്റെ വിധം മാറ്റാനായി നബി(ﷺ)ക്ക് സന്ദേശം വന്നു.

പിന്നെ പ്രകമ്പനങ്ങളുടെ പ്രഭാതങ്ങളായിരുന്നു പ്രവാചകകുടുംബത്തിന്. ഫാത്വിമ(റ)യുടെ മനോമണ്ഡലം കുട്ടിത്തംവിട്ട് ഗൗരവമണ്ഡലത്തിലേക്കു കടന്നു. ബാല്യത്തിന്റെ കളിക്കോപ്പുകൾ വലിച്ചെറിയാൻ ഫാത്വിമ(റ)ക്ക് ഒട്ടും പ്രയാസപ്പെടേണ്ടിവന്നില്ല. പിതാവ് പ്രവാചകനായതോടെ അവൾ പ്രവാചകപുത്രിയായി പരിണമിക്കുകയായിരുന്നു. അന്നു വറഖതിന്റെയടുക്കൽ നിന്ന് മാതാവു പറഞ്ഞ കാര്യങ്ങൾ ആ മകളോർത്തു. തന്റെ പിതാവിനെതിരെയുള്ള വലകൾ, ശത്രുക്കളുടെ പ്രവർത്തനങ്ങൾ അവളെ ആശങ്കാകുലയാക്കി.

ഫാത്വിമ (റ) അധികസമയവും ഏകാന്തയായിരുന്നു. കാരണം പിതാവ് സാമൂഹ്യപ്രശ്നങ്ങളിലും പ്രബോധന പ്രവർത്തനങ്ങളിലും വ്യാപൃതൻ. മാതാവോ പിതാവിന്റെ പരിചരണത്തിലും മറ്റു പ്രവർത്തനങ്ങളിലും ആരാധനകളിലും മുഴുകി. പക്ഷേ പുതിയ സംഭവ വികാസങ്ങൾ ഫാത്വിമ(റ)യുടെ ഏകാന്തതയെ ഇല്ലാതാക്കി. റുഖിയ്യ, ഉമ്മുക്കുൽസും എന്നിവരെ ഭർത്താക്കളായ അബ്ദുൽ ഉസ്സയുടെ മകൻ ഉത്ബയും ഉതൈബയും ത്വലാഖ് ചൊല്ലി. അവർ വീട്ടിലെത്തിയതോടെ ഫാത്വിമക്കു കൂട്ടിനാളായി. മുതിർന്ന സഹോദരിമാർ വഴി പുറംലോക വാർത്തകൾ ഫാത്വിമ(റ)യിലേക്ക് കടന്നുവരാനും തുടങ്ങി.

ഖുറൈശികളുടെ ഗൂഢാലോചനാഭാഗമായിരുന്നു ആ വിവാഹമോചനം. മുഹമ്മദ് പെൺമക്കളെയൊക്കെ വിവാഹം കഴിച്ചയച്ചു. ഇപ്പോൾ ജീവിതത്തിൽ അലട്ടുന്ന യാതൊരു പ്രശ്നവുമില്ല. ആ പെൺമക്കളെ തിരിച്ചയപ്പിച്ചാൽ അതിൽ വ്യാപൃതനായി പ്രബോധനരംഗത്തുനിന്ന് പിൻമാറിക്കൊള്ളും. അവർ കരുതി. അങ്ങനെ മൂന്നു മരുമക്കളെയും ഖുറൈശികൾ സമീപിച്ചു. നിങ്ങൾക്ക് ഖുറൈശി കുടുംബത്തിലെ ഏത് തരുണിയെയും പകരം തരാം. മുഹമ്മദിന്റെ മക്കളെ ത്വലാഖ് ചൊല്ലുക. ഉത്ബയും ഉതൈബയും അതു സമ്മതിക്കുകയും ചെയ്തു.

പിതാവിന്റെ കാൽപാടുകൾ പിൻതുർന്ന് പരീക്ഷണത്തിന്റെ ഘട്ടങ്ങൾ തരണം ചെയ്യാനുള്ള ഭാഗ്യം ഫാത്വിമ(റ)ക്ക് ലഭിച്ചു. പിറന്നുവീണത് മുതൽ പിതാവിന്റെ ജീവിതമാർഗ്ഗം പക്വതയോടെ ഉൾക്കൊണ്ട മഹതി പിതാവിന് വേണ്ടി തന്നെ സമ്മാനിക്കുകയായിരുന്നു.

പിതാവിനൊപ്പം കൂടാൻ ആഗ്രഹിച്ചിരുന്ന മകൾ യുദ്ധത്തിന്റെ കാറ്റും കോളും നേരിൽ കാണാനും വിധിക്കപ്പെട്ടിട്ടുണ്ട്. പ്രബോധന പാഥേയത്തിലെ കല്ലും മുള്ളും ചവിട്ടാൻ സന്നദ്ധയായി പിൻതുടരുകയായിരുന്നല്ലോ മകളും. ഒരുനാൾ പിതാവിനൊപ്പം കഅ്ബയുടെയരികിൽ

നിൽക്കുകയായിരുന്നു. പ്രവാചകൻ(ﷺ) റുകുനുൽ യമാനിയെ ചുംബി ച്ചു. കാത്തിരുന്ന ഖുറൈശികൾ തിരുനബി(ﷺ)ക്കു നേരെ ചാടിവീണു.

നീയല്ലേ പുതിയ വാദങ്ങളുമായി വന്നത്. നിയല്ലേ ഞങ്ങളുടെ പിതാ മഹന്മാരെ ദൈവനിഷേധികളാകുന്നത്? സത്യവും വിശ്വാസവും. കൊടുത്ത ഉറപ്പിൽ നബി(ﷺ) പ്രഖ്യാപിച്ചു. അതെ....ഞാൻ തന്നെയാ ണ്...... ചകിതയായിപ്പോയെങ്കിലും ഫാത്വിമ(റ) തിരുനബി(ﷺ)ക്കൊപ്പം തന്നെ നിന്നു. അൽപം കഴിഞ്ഞപ്പോഴേക്കും തിരുനബി(ﷺ)യുടെ ഉറ്റ കൂട്ടുകാരൻ അബൂബക്കർ(റ) കടന്നുവന്നു. റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞ ആളെ കൊല്ലാൻ ശ്രമിക്കുകകാണോ നിങ്ങൾ? അതോടെ ക്രൗര്യത്തിന്റെ കണ്ണുകൾ അബൂബക്കർ(റ)ന്റെ നേരെ തിരിഞ്ഞു. അവർ അബൂബക്കർ(റ)വിന്റെ താടിപിടിച്ച് വലിച്ചു. തലക്കു മുറിവേൽപ്പിച്ചു.

ആ രംഗത്തിന്റെ ഭീകരത മനസ്സിലിട്ട് നബി(ﷺ) വീട്ടിലേക്ക് നടന്നു. പിന്നാലെ പുന്നാരമകളും വീട്ടിലെത്തി. നബി(ﷺ) പുതപ്പുമൂടി കിടന്നു. അടുത്തിരുന്നു മകൾ സ്വയം ചോദിച്ചുകൊണ്ടിരുന്നു. ഏവർക്കും എന്റെ പിതാവ് സത്യത്തിന്റെ പ്രതീകമായിരുന്നു എന്നിട്ടിപ്പോഴെന്താണവർ ഇങ്ങനെ പെരുമാറുന്നത്? ഈ ചിന്തയുമായി ഫാത്വിമയും പുതപ്പിന ടിയിലേക്ക് വലിഞ്ഞു.

പിതാവ് ഹറമിലേക്ക് പുറപ്പെട്ടു. മകളും പിന്നാലെ കൂടി. അൽപം അകലെ മാറിനിന്ന് അവർ കഅ്ബയിൽ സുജൂദിൽ കിടക്കുന്ന പിതാ വിനെ വീക്ഷിച്ചുകൊണ്ടിരുന്നു. ചുറ്റുഭാഗത്തും ഖുറൈശികൾ നിൽക്കു ന്നു. അക്കൂട്ടത്തിൽപ്പെട്ട ഉഖബത്ബിൻഅബീ മുഅയ്ത് ഒരൊട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്നു. തിരുനബി(ﷺ)യുടെ പിരടിയിലിട്ടു. സജൂ ദിൽനിന്നെഴുന്നേൽക്കാൻ കഴിയാതെ നബി(ﷺ) കുഴങ്ങി. മകൾ പാഞ്ഞ ടുത്തു. കഷ്ടപ്പെട്ട് ആ കുടൽമാല വലിച്ചുമാറ്റി. അപ്പണി ചെയ്തവർക്കെ തിരെ അവർ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. മകളുടെ ശബ്ദം കേട്ട് തിരു നബി(ﷺ) തലയുയർത്തിപ്പറഞ്ഞു. പടച്ചവനേ, ഇവരെ ഞാൻ നിന്നിലേല്പ്പിക്കുന്നു. അബീജഹൽ, ഉത്ബ, ശൈബ, ഉഖ്ബത്ബിൻ അബീമുഐത്, വലീദ് ഉബയ്യുബിൻ ഖലഫ് എന്നിവർക്കെതിരെ പേരെ ടുത്തു ദുആ ചെയ്തു. അത് കേട്ടപ്പോൾ അവർ ഭയന്ന് വിറച്ചു. ആ നിസ്കാരം കഴിഞ്ഞ് നബി(ﷺ) മകളെയും കൂട്ടി വീട്ടിലേക്ക് മടങ്ങി.

# ഫാത്വിമ(റ) ഉദാഹരിക്കപ്പെടുന്നു

അടുത്ത കുടുംബക്കാരെ ഭയപ്പെടുത്തി അറിയിക്കുക എന്നർത്ഥം കുറിക്കുന്ന സൂക്തം അവതരിച്ചു. പ്രവാചകർ അതിനു സന്നദ്ധരായി. ഉയർന്ന സ്വരത്തിൽ അവിടുന്നു ഖുറൈശികളെ വിളിച്ചു. ഖുറൈശികൾ എന്തെന്നറിയാൻ ഒത്തുകൂടി. ഫാത്വിമ(റ)യും എന്താണു സംഭവിക്കുന്നത് എന്നറിയാൻ പിതാവിനടുത്തുതന്നെ നിന്നു. ഉടനെ പ്രവാചകൻ പ്രഖ്യാപിച്ചു. ഖുറൈശികളേ, നിങ്ങളുടെ ജീവിതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. അല്ലാഹുവിൽ നിന്ന് നിങ്ങൾക്കു വന്നെത്തുന്ന ഒന്നും ഞാൻ തടയില്ല. ബനൂ അബ്ദുമനാഫ്, നിങ്ങൾക്കു അല്ലാഹുവിൽ നിന്ന് അനുഭവിക്കുന്ന ഒന്നിനെയും ഞാൻ തടസ്സപ്പെടുത്തില്ല. ഓ അബ്ബാസ്ഇബ്നു അബ്ദുൽ മുത്വലിബ്, അല്ലാഹുവിന്റെ റസൂലിന്റെ പിതൃവ്യാ നിങ്ങളെ തൊട്ടും...... ഓ സഫിയ്യത് ബിൻത് അബ്ദുൽ മുത്വലിബ് നിങ്ങളിൽ നിന്നും.... മുഹമ്മദിന്റെ മകൾ ഫാത്വിമാ ... നിനക്കു വേണ്ട പണം നീ ചോദിച്ചോളൂ ഞാൻ തരാം. പക്ഷേ അല്ലാഹുവിൽ നിന്നുള്ള ഒന്നും ഞാൻ തടുക്കില്ല... ഈ വാക്കുകൾ ഫാത്വിമ(റ)യുടെ മനസ്സിൽ ആഴ്ന്നിറങ്ങി. പതിഞ്ഞ സ്വരത്തിൽ മഹതി പറഞ്ഞു. പ്രിയപ്പെട്ട പിതാവേ... ആദരണീയനായ പ്രബോധകാ... ഞാൻ സ്വീകരിച്ചു ത്തരം നൽകുന്നു. തുടർന്ന് കാര്യഗൗരവത്തോടെ ബാലിക നടന്നുപോയി.

പരിഗണനയുടെ പാരമ്യത സൂചിപ്പിക്കുന്നതാണീ പരാമർശം. കുടുംബത്തിൽ നിന്ന് മറ്റാരെക്കാളും മുൻഗണന ഫാത്വിമ(റ)ക്കു തിരുനബി(ﷺ) കല്പിച്ചുവല്ലോ. ഒരിക്കൽ മാത്രമല്ല ഫാത്വിമ(റ)യെ ഈ വിധം ഉദ്ധരിക്കപ്പെട്ടത്.

മറ്റൊരു രംഗം കാണുക.

ഖുറൈശിയിൽപ്പെട്ട ബനൂമഖ്സൂമി ഗോത്രക്കാരിയായ ഒരു മുസ്ലീം വനിത ആഭരണം മോഷ്ടിച്ചു. വാർത്ത സ്ഥിരീകരിക്കപ്പെട്ടപ്പോൾ അവളുടെ കരഛേദം നടത്താൻ നബി വിധിച്ചു. അത് ഒഴിവാക്കാൻ പല പ്രമുഖരും ശുപാർശക്കെത്തി. അവസാന ശ്രമമെന്നോണം പ്രവാചകരുടെ പ്രിയസ്നേഹിതനും സ്നേഹിതപുത്രനുമായ ഉസാമത്ബിൻസൈദ്(റ) നബിയെ കാര്യം ധരിപ്പിച്ചു. തിരുനബി(ﷺ)യുടെ പ്രതികരണം ഇങ്ങനെയായിരുന്നു. "മോനേ ഉസാമാ, ഈ വിഷയത്തിൽ എന്നോട് സംസാരിക്കരുത്. വിധി തൊട്ടുകളിയല്ല. മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷണം നടത്തിയാൽ അവളുടെ കരവും നാം മുറിച്ച് വിധി നടപ്പിലാക്കും" (ബു:മു). മറ്റൊരു നിവേദനം ഇങ്ങനെ. തിരുനബി പറഞ്ഞു: അല്ലാഹുവിന്റെ വിധിയിലാണോ നീ ശുപാർശ ചെയ്യുന്നത്; മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷ്ടിച്ചാൽ അവളുടെ കയ്യും മുറിക്കപ്പെടും.

മകളെ താലോലിക്കുകയും കൗതുകമാർന്നു കുട്ടി വർത്തമാനങ്ങൾ ഞാൻ ശ്രദ്ധിക്കുമ്പോഴുമൊക്കെ തന്റെ അന്ത്യം അടുത്തിരിക്കുന്നുവെന്ന തോന്നൽ ഖദീജയിൽ കടന്നുകൂടി. ഭർത്താവിന് മുന്നിൽ പ്രതിബന്ധങ്ങൾ വർദ്ധിച്ചുവരുന്നതവർ മനസ്സിലാക്കി. മകൾ ഫാത്വിമയും പിതാവും തമ്മിലുള്ള ബന്ധത്തിന്റെ ആഴവും ആ മാതാവ് ഗ്രഹിച്ചെടുത്തു. തന്റെ വിരഹത്തിന് ശേഷം സ്ഥിതി എന്താകുമെന്നാകുലപ്പെട്ടു.

ചെറുപ്രായമെങ്കിലും മാതാവിലെ മാറ്റങ്ങളും പിതാവിന്റെ മാർഗത്തിലെ പ്രയാസങ്ങളും ഫാത്വിമ(റ)യുടെ ചിന്തയിലും കടന്നുകൂടിയിരുന്നു. അത് സംബന്ധമായി മകളും മാതാവും ചർച്ചകൾ നടത്തിയിരുന്നു. ത്യാഗസന്നദ്ധതയും പിതാവിനോടുള്ള കടപ്പാടും അറിഞ്ഞ് ആ മാതാവ് സംതൃപ്തയാവുകയും ചെയ്തു.

അലമാലകൾ കണക്കെ തിരുനബി(ﷺ)ക്കെതിരെ ഖുറൈശികൾ തിരിഞ്ഞു. എവിടെയും പ്രവാചകർക്ക് ശത്രുക്കൾ വർദ്ധിച്ചുകൊണ്ടിരുന്നു. ശത്രുതയിൽ ഏറ്റവും മുന്നിൽ അബൂലഹബും ഭാര്യ ഉമ്മുജമീലുമായിരുന്നു. നബി(ﷺ) രാത്രി നടക്കുന്ന വഴിയിൽ മുള്ളുവിതറുക ഉമ്മുജമീലിന്റെ നിത്യവൃത്തിയായിരുന്നു. തബ്ബത് എന്നു തുടങ്ങുന്ന ഖുർആനികാധ്യായത്തിലൂടെ അവർക്കെതിരെ പരാമർശം വന്നതോടെ ഒന്നുകൂടി കലികയറി. കഅ്ബയുടെ ചാരത്തിരിക്കുന്ന തിരുനബി(ﷺ)യുടെ അടുത്തേക്ക് കടന്നുവന്നു. നബി(ﷺ)യുടെയടുത്ത് അബൂബക്കർ സിദ്ദീഖ്(റ)വും ഉണ്ടായിരുന്നു. കയ്യിൽ കരുതിയിരുന്ന ഒരു പിടി ചാര

ക്കല്ലുമായി അടുത്തപ്പോഴേക്കും അവളുടെ കണ്ണിൽ നിന്ന് നബി(ﷺ)യെ അല്ലാഹു മറച്ചുകളഞ്ഞു. അബൂബക്കർ(റ)നെ മാത്രം കണ്ട അവർ തട്ടിക്കയറി. നിന്റെ കൂട്ടുകാരൻ എവിടെപ്പോയെടോ? അവൻ നമ്മെ ഭയപ്പെടുത്തുന്നുവെന്ന് ഞാനറിഞ്ഞു. അല്ലാഹു സത്യം (വല്ലാഹി എന്ന അറബി ശൈലി) ഇപ്പോഴവനെക്കിട്ടിയാൽ ഞാനീ ചരൽക്കല്ല് വായിൽ കുത്തിക്കയറ്റും. സത്യം, ഞാനൊരു കവയിത്രി കൂടിയാണ് എന്ന് പറഞ്ഞ് ഒരു കവിത കേൾപ്പിച്ചു.

എന്നിട്ടവൾ തിരിച്ചുനടന്നു. ഉടനെ അബൂബക്കർ(റ) നബിയോട് ചോദിച്ചു. അവൾ നിങ്ങളെ കണ്ടില്ലേ? നബി(ﷺ): ഇല്ല അവൾ കാണുന്നതിൽ നിന്നല്ലാഹു എന്നെ മറച്ചിരുന്നു. (സീറത്തു ഇബ്നുഹിഷാം)

പ്രാരംഭഘട്ടത്തിൽ ഇസ്ലാമിന്റെ പുൽത്തകിടിയിലേക്ക് കടന്നുവന്ന മുസ്ലീംകളെയും മുശ്രിക്കുകൾ വെറുതെ വിട്ടില്ല. ത്യാഗത്തിന്റെ മാലികകൾ ചാർത്താനവർ കൂട്ടംകൂടി. നട്ടുച്ചവെയിലിൽ മരുപറമ്പിൽ മലർത്തിക്കിടത്തി മർദ്ദിച്ചു. ചിലരെ വെള്ളം കൊടുക്കാതെ വിഷമിപ്പിച്ചു. ചിലരെ ചുട്ടുപഴുത്ത ഇരുമ്പുചട്ട അണിയിച്ചു. സ്ത്രീജനങ്ങളെ ദയാപൂർവ്വം കാണാൻ അവർക്ക് കഴിഞ്ഞില്ല. സുമയ്യ(റ)യും അമ്മാർ(റ)ന്റെ വിഭിന്ന നിറങ്ങളും വ്യത്യസ്ത രംഗങ്ങളും ഫാത്വിമ(റ)യിൽ ഈമാനികദൃഢതയും പ്രവാചകപ്രേമവും ആ വിഷമത്തിന്റെ അലമാലകളും ഉയർത്തി. അതിനിടയിൽ കല്ലുകൊണ്ട് നബി(ﷺ)യെ വധിക്കാനുള്ള അബൂലഹബിന്റെ ശ്രമങ്ങളും നടന്നു.

ശത്രുതയുടെയും വിദ്വേഷത്തിന്റെയും ഇരച്ചുകയറലുകൾ ആ കൊച്ചു വിശ്വാസിനി നോക്കി നിന്നു. ബുദ്ധിശൂന്യതയുടെ സംഹാരതാണ്ഡവങ്ങൾ ആ കൊച്ചു ഹൃദയത്തിലും അലമാലകൾ ഉയർത്തി. ശത്രുതയും ക്ഷീണവും വർദ്ധിക്കുന്തോറും വിശ്വാസികളുടെ ദാർഢ്യത കൂടുന്ന അത്ഭുതകരമായ രംഗത്തിനും മഹതി സാക്ഷിയായി. ഇസ്ലാമിക സമൂഹത്തിന് ഊടും പാവും നൽകാൻ നിയുക്തരായ അടിമകളുടെയും പാവങ്ങളുടെയും ആത്മാർത്ഥതയും നിലപാടും ഫാത്വിമ(റ)യിൽ അത്ഭുതം ഉളവാക്കി.

പാവങ്ങൾക്കത്താണിയും ശത്രുക്കൾക്ക് ദുഃഖമായും തിരുനബി(ﷺ)യിൽ നിന്നുയർന്ന പ്രാർത്ഥനാമന്ത്രങ്ങൾക്കും സാക്ഷിയാകാൻ പ്രവാചകപുത്രിക്ക് നിയോഗമുണ്ടായി.

# ഹബ്ശയിലേക്കുള്ള പലായനം

പ്രവാചകത്വലബ്ധിയുടെ നാലാമാണ്ട്. ഫാത്വിമ(റ)ക്ക് പ്രായം എട്ടു തികഞ്ഞു. മുസ്‌ലീംകൾക്ക് മക്കാനിവാസം ക്ലേശകരമായി. നാട്ടിൽനിന്ന് അൽപം മാറിനിൽക്കുക എന്ന ചിന്ത പലരെയും സ്വാധീനിച്ചു. ഖുറൈശിവാദങ്ങൾക്ക് ചുട്ട മറുപടി നൽകി സൂറത്തുൽ കഹ്ഫിലെ വചനങ്ങൾ അവതരിച്ചു. ഒപ്പം മുസ്‌ലീം ലോകത്തിന് സൂചനാപൂർവ്വമുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നു. മൂന്നു ചരിത്രങ്ങളാണ് പ്രധാനമായും ഈ അധ്യായം കൈകാര്യം ചെയ്തത്.

അതിൽ അസ്ഹാബുൽ കഹ്ഫിന്റെ ചരിത്രം ഹിജ്റയിലേക്ക് സൂചനയായിരുന്നു. അവസ്ഥകൾ മാറിവരുമെന്നും ഇന്നത്തെ വിജയികൾ നാളെ പരാജിതരാകുമെന്നുമുള്ള സൂചനയാണ് ഖിള്ർ - മൂസ(അ) സംഭവത്തിലൂടെ വിവരിക്കുന്നത്. സത്യത്തിനും സത്യവിശ്വാസികൾക്കുമാണ് വിജയം. റബ്ബിന് ഇഷ്ടമുള്ളവന് അധികാരം നൽകും എന്ന് ദ്യോതിപ്പിച്ചുകൊണ്ടാണ് ദുൽഖർനൈനീ ചരിത്രം അവതരിച്ചത്. അതിന് പുറമെ ഹിജ്റയെ വ്യക്തമായി പ്രോത്സാഹിപ്പിച്ചുകൊണ്ട് സൂറത്ത്സുമറിലെ സൂക്തവും അവതരിച്ചു.

ഹബ്ശയിലെ നജ്ജാശി ചക്രവർത്തി നീതിമാനാണെന്നും അക്രമം അനുവദിക്കില്ലെന്നും നബി(ﷺ)ക്ക് അറിയാമായിരുന്നു. അതിനാൽ മക്കായിലെ ക്ലേശപൂർണമായ അവസ്ഥയിൽ നിന്ന് അങ്ങോട്ട് പോകാൻ മുസ്‌ലിംകളോട് നബി(ﷺ) കൽപിച്ചു. അതനുസരിച്ച് പ്രവാചകത്വപ്രഖ്യാപനത്തിന്റെ അഞ്ചാമാണ്ടിൽ ആദ്യസംഘം മുസ്‌ലീംകൾ ഹബ

ശയിലേക്ക് പ്രയാണം ചെയ്തു. പന്ത്രണ്ട് പുരുഷന്മാരും നാലു സ്ത്രീകളുമാണ് ആ സംഘത്തിലുണ്ടായിരുന്നത്. അതിന് നേതൃത്വം വഹിച്ച ഉസ്മാൻ(റ) തന്റെ ഭാര്യയും ഫാത്വിമ(റ)യുടെ സഹോദരിയുമായ റുഖിയ(റ)യെയും കൂടെ കൂട്ടിയിരുന്നു. റുഖിയ്യ(റ) വിട ചോദിച്ചപ്പോൾ ഫാത്വിമ(റ) അവരെ വേദനയോടെ യാത്രയാക്കി. ഒന്നാം സംഘം യാത്രപുറപ്പെട്ടമാത്രയിൽ ഒരു വനിത വന്ന് തിരുനബി(ﷺ)യോട് പറഞ്ഞു. നിങ്ങളുടെ മരുമകൻ ഒരു വനിതയെയും കൂട്ടിപ്പോകുന്നത് കണ്ടു. ഉടനെ തിരുനബി(ﷺ) പറഞ്ഞു. അല്ലാഹു അവരെ ഒരുമിച്ചുകൂട്ടട്ടേ. ലൂത്വ് നബി(അ) ന് ശേഷം കുടുംബത്തെയും കൂട്ടി ഹിജ്റ പോകുന്ന ആദ്യത്തെ ആൾ ഉസ്മാൻ(റ) ആണ്.

അതേവർഷം റമളാനിൽ മക്കയിൽ ഒരു സംഭവം നടന്നു. വിജയത്തിന്റെ ഒരു ഒളിഞ്ഞുനോട്ടം. ഉടൻ അത് മറയുകയും ചെയ്തു. നബി(ﷺ)ഹറമലേക്കു ചെന്നു. മക്കാമഹാസാമ്രാട്ടുകൾ മുഴുവൻ അവിടെ കൂടിയിരുന്നു. നബി(ﷺ) നടുവിലേക്ക് കടന്നുചെന്നു. തീപാറുന്ന കണ്ണുകൾക്കിടയിലൂടെ സമാധാനത്തിന്റെ പ്രവാചകൻ തലയെടുപ്പോടെ നടന്നു. പിതാവിന്റെ ധീരമായ ഈ നീക്കം മകൾ ഫാത്വിമ (റ) അഭിമാനത്തോടെ വീക്ഷിച്ചു. (ഉസ്ദുൽഗാബ 7-13)

തിരുനബി(ﷺ) മധുരമായ ശബ്ദത്തിൽ ഖുർആൻ പാരായണം ചെയ്യാൻ തുടങ്ങി. അത് വരെ ഇലാഹീ വചനം കേട്ടിട്ടില്ലാത്തവർ അത്ഭുതപരതന്ത്രരായി നിന്നു. പതറാതെ പാരായണം തുടർന്ന നബി(ﷺ)ക്കു ചുറ്റും ശത്രുക്കൾ കാതുകൂർപ്പിച്ചുനിന്നു. അധ്യായത്തിന്റെ അവസാനത്തിൽ അല്ലാഹുവിന് സുജൂദ് ചെയ്യുക അവനെ ആരാധിക്കുക എന്നർത്ഥമുള്ള സൂക്തമോതി തിരുനബി(ﷺ) സുജൂദ് ചെയ്തു. ആർക്കും അതു തടയാൻ കഴിഞ്ഞില്ല.

ഖുർആനിന്റെ സ്വാധീനവും പിതാവിന്റെ വിജയപൂർണ്ണമായ രംഗവും ഫാത്വിമാ(റ)യുടെ ഹൃദയത്തിൽ ആനന്ദത്തിന്റെ ആന്ദോളനങ്ങൾ പടർത്തി. ഈ സംഭവം മുസ്ലീംകൾക്ക് പൊതുവെ വിശ്വാസദാർഢ്യതക്കൊരു കാരണവുമായി.

ഈ വാർത്ത ഹബ്ശായിലെ മുഹാജിറുകളുടെ കാതിലുമെത്തി. പക്ഷേ ശരിയായ രൂപത്തിലായിരുന്നില്ല. മുശ്രികുകൾ ഇസ്ലാമിലേക്ക് വന്നു എന്നും മറ്റുമായിരുന്നു അവർ കേട്ടത്. ഉടനെ അവർ മക്കയിലേക്ക് തിരിച്ചു. മക്കയോടടുത്തപ്പോൾ അവർ യാഥാർത്ഥ്യം അറിഞ്ഞു. വീണ്ടും

ഹബശയിലേക്ക് തന്നെ തിരിച്ചു. ചുരുക്കം ചിലർ രഹസ്യമായി മക്കയിലേക്ക് കടന്നു.

റുഖിയ്യ(റ) മക്കയിൽ പ്രവേശിച്ച ഉടനെ പിതാവിന്റെ വസതിയിലെത്തി. ആലിംഗന നിബദ്ധരായ സഹോദരിമാർ വിരഹത്തിന്റെ വേദന മറന്ന് സന്തോഷിച്ചു. പക്ഷേ അതു നീണ്ടുനിന്നില്ല. ഖുറൈശികളുടെ അക്രമം വീണ്ടുമുണ്ടായി. റുഖിയ(റ) വീണ്ടും അബ്സീനിയയിലേക്ക് തിരിച്ചു.

ഖുറൈശികളുടെ ചിന്തയും അവരുടെ പിന്നിൽ ഹിജ്റ പോയി. അവരെ അങ്ങനെ അനുവദിച്ചാൽ മക്കക്ക് പുറത്ത് ഇസ്ലാം വ്യാപകമാകാനുള്ള സാധ്യതകൾ അവർ കണ്ടറിഞ്ഞു. അതിന് മുടക്കം സൃഷ്ടിക്കാനും പുറംലോകം മുസ്ലീംകൾക്കഭയം നൽകാതിരിക്കാനും അവർ ചിന്തിച്ചു. അവസാനം രണ്ട് ദൂതൻമാരെ നജ്ജാശിയുടെ അടുത്തേക്കയച്ചു. നയനാനന്ദപൂർണ്ണവും വിലപിടിപ്പുള്ളതുമായ അനവധി സമ്മാനങ്ങളും അവർ കൂടെ കരുതിയിരുന്നു. അറേബ്യൻ കാവ്യകോകിലം ഉമർബിൻ നബീഅ:യുടെ പിതാവ് അബ്ദുല്ലാബിൻ അബീറബീഅയും അംറ്ബിനുൽ ആസുമായിരുന്നു നിയുക്തദൂതന്മാർ. നബിയെയും അനുചരരെയും അകറ്റാൻ നജ്ജാശിയെ ചിന്തിപ്പിക്കുവാൻ എന്ത് പണിയും അവർ ആലോചിച്ചിരുന്നു.

എന്നാൽ അബൂത്വാലിബിന്റെ മനോഗതി അൽപം ആശ്വാസകരമായിരുന്നു. തന്റെ മകൻ ജഅ്ഫർ(റ)വും ഉമൈമ, ബാററ എന്നീ പെൺമക്കളുടെ രണ്ട് മക്കളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നതാണ് പ്രധാന കാരണം. തന്റെ സഹോദരൻ അബ്ദുല്ലാഹിയുടെ പൗത്രി റുഖിയയും അബുത്വാലിബിന്റെ ശുദ്ധമനോഗതിക്ക് വിധേയയായി. അംറിന്റെയും കൂട്ടാളികളുടെയും ചതിക്കുഴികളിൽ നിന്ന് അദ്ദേഹം അവർക്ക് രക്ഷനൽകി. നജ്ജാശിയെ പ്രശംസിച്ചുകൊണ്ട് കവിത ആലപിക്കുകയും ചെയ്തു.

അബൂത്വാലിബിന്റെ ഈ വരികൾ കേട്ട രണ്ട് ഖുറൈശികളിൽ ഒരാൾ പരിഹസിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. ഈ കിഴവന്റെ വരികൾക്ക് അംറിന്റെ ചിന്തക്കെതിരെ എന്ത് ചെയ്യാനാവും? നജ്ജാശിയിൽ ഇതെങ്ങനെ സ്വാധീനിക്കും.

റുഖിയ്യ(റ)യുടെ രണ്ടാമത്തെ പ്രയാണവും ഫാത്വിമ(റ)യെ കൂടുതൽ ദുഃഖിതയാക്കി. ഫാത്വിമ(റ) ദുഃഖം സഹിക്കാനാവാതെ വിതുമ്പുമ്പോൾ ഉമ്മുകുൽസും(റ) ശാന്തിമന്ത്രവുമായി വരും. മോളേ, എന്തിന് വിഷമിക്കണം. പാലായനം നടത്തിയ മുസ്ലിംകളെ റബ്ബ് രക്ഷപെടുത്തും.

നിനക്കോർമ്മയില്ലേ, കുറച്ച് ദിവസം മുമ്പ് നിന്റെ പിതാവ് സൂറത്തുന്നജ്മ് പാരായണം ചെയ്തപ്പോൾ ഖുറൈശികൾ മയങ്ങിനിന്ന രംഗം. ഒരിക്കലും റബ്ബ് മുഹാജിറുകളെ കൈവെടിയുകയില്ല.

തിരുനബി(ﷺ)യുടെ മൗനം ഫാത്വിമ(റ)യെ അല്പം ശാന്തയാക്കി. റബ്ബിന്റെ കൽപനകൾ സ്വീകരിക്കുന്ന രംഗമാണെന്നവർ ഉൾക്കൊണ്ടു. ഇടക്കിടെ പ്രസാദമാകുന്ന തിരുമുഖം മഹതിയിൽ പ്രതീക്ഷയും നല്കിക്കൊണ്ടിരുന്നു.

പക്ഷേ, പിതാവിന്റെ നേരെയുള്ള ആക്രമണത്തിനു മൂർച്ച കൂട്ടുകയായിരുന്നു ശത്രുക്കൾ. അവർ അബൂത്വാലിബിനോട് പോലും ഭീഷണ സ്വരം പ്രയോഗിക്കാൻ തുടങ്ങി. അവർ അദ്ദേഹത്തോടിങ്ങനെ പറഞ്ഞു. അബൂത്വാലിബ്, നിങ്ങൾക്ക് പ്രതാപവും സ്ഥാനവും മാനവുമൊക്കെ ഉള്ള ആളാണ്. നിങ്ങളുടെ സഹോദരപുത്രനെ നിങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ ഞങ്ങൾ നിയന്ത്രിക്കേണ്ടിവരും. ഇനിയും ഞങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രവൃത്തികൾ സഹിക്കാനാവില്ല. രണ്ടാലൊരു വഴി സ്വീകരിക്കാൻ സമയമായി.

അതുവരെയും അചഞ്ചലമായി സഹോദരപുത്രനോട് അനുകൂല നിലപാട് സ്വീകരിച്ചിരുന്ന അബൂത്വാലിബ് ഈ ഭീഷണിയിൽ അല്പമൊന്നിളകി. തിരുനബി(ﷺ)യോട് പറഞ്ഞു: “മോനേ നിന്റെ സമുദായം എന്റെ അടുക്കൽ വന്നിരുന്നു. ഇങ്ങനെയൊക്കെ പറഞ്ഞു. കാര്യമൊക്കെ നമ്മളിൽ ഒതുങ്ങുന്ന തലത്തിലാക്കിയാൽപോരേ? വഹിക്കാനാവാത്ത ഭാരം എന്നെക്കൊണ്ട് ചുമപ്പിക്കരുതേ മോനേ!” അബൂത്വാലിബിന്റെ നിസ്സാഹായത ഈ വാക്കുകളിൽ തിരുനബി(ﷺ) വായിച്ചെടുത്തു. തന്റെ നിലപാട്, അവസാന വാക്ക് നബി(സ) അചഞ്ചലമായി പ്രഖ്യാപിച്ചു. “മൂത്താപ്പാ, അല്ലാഹു സത്യം! എന്റെ ഒരു കൈയിൽ സൂര്യനെയും മറ്റേ കൈയിൽ ചന്ദ്രനെയും വച്ചുതന്നാലും ഞാനെന്റെ ദൗത്യത്തിൽ നിന്നും പിൻമാറില്ല. സത്യം വെളിവാക്കുകയോ ദൗത്യമധ്യേ അന്ത്യം സംഭവിക്കുകയോ അല്ലാതെ മറ്റൊരു മാറ്റവുമില്ല. ഇതു പറഞ്ഞ് നബി(സ) എഴുന്നേറ്റു നടന്നു. ഉടനെ അബൂത്വാലിബ് മകനെ തിരികെ വിളിച്ച് പറഞ്ഞു. മോനെ, നിനക്കിഷ്ടമുള്ളത് നീ പറഞ്ഞുകൊള്ളൂ. ഒരാൾക്കും മോനെ ഞാൻ വിട്ടുകൊടുക്കില്ല. അല്ലാഹു സത്യം! ഈ വാക്കുകൾ ഫാത്വിമ(റ)യിൽ ആത്മാഭിമാനവും സത്യപ്രസ്ഥാനത്തിൽ ദാർഢ്യതാബോധവും ഉയർത്തി. തിരുനബി(ﷺ)ക്ക് തുണയായി നിൽക്കുന്ന അബൂത്വാലിബ് മുസ്‌ലിമായെങ്കിൽ എന്നുകൂടി അവർ ചിന്തിക്കാതിരുന്നില്ല.

അബൂത്വാലിബിന്റെ പ്രവാചകാനുകൂല നിലപാട് ഖുറൈശികളെ ക്ഷുഭിതരാക്കി. അബൂത്വാലിബിനെ ബഹിഷ്ക്കരിക്കുക എന്ന ചിന്തയിലെത്തി. ഒരിക്കൽകൂടി നബി(ﷺ)യുടെ കാര്യം ചർച്ച ചെയ്യാൻ അവർ അബൂത്വാലിബിനെ സമീപിച്ചു. വാർത്ത ഫാത്വിമ(റ)യുടെ ചെവിയിൽ എത്തിയപ്പോൾ തന്റെ പിതാവ് നൽകിയ മറുപടി ആവർത്തിക്കുകയായിരുന്നു പ്രവാചക പുത്രി. എന്നിട്ട് ഇങ്ങനെ ചേർത്തു. നിശ്ചയം, അല്ലാഹു സത്യം വെളിവാക്കുക തന്നെ ചെയ്യും. മെല്ലെ മഹതി അബൂത്വാലിബിന്റെ വീട്ടിലേക്ക് നടന്നു. ഖുറൈശി പ്രമുഖരുടെ ആലോചനകൾ അറിയുകയാണ് ലക്ഷ്യം. ഉമാറത് ബിന് വലീദ് ബിനുൽ മുഗീറയെ അബുത്വാലിബിന് നൽകി പകരം നബിയെ വധിക്കാനനുമതി തേടിയാണവർ വന്നത്. അപ്പോൾ അബൂത്വാലിബിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. നിങ്ങളെത്ര നാണംകെട്ടവർ. നിങ്ങളുടെ മകനെ എനിക്ക് തന്നിട്ട് എന്റെ മകനെ കൊന്നുകളയാനോ? ഇത് കേട്ട ഫാത്വിമ(റ) യുടെ ഉള്ളിടം കിടുങ്ങി. ഏങ്ങലടിച്ചു കൊണ്ടവർ മാതാവിന്നടുത്തേക്കോടി. അവരുടെ മടിയിൽ തലവച്ച് കിടന്നു കരച്ചിൽ തുടർന്നു. ഖുറൈശികളുടെ സംസാരവും അബൂത്വലിബിന്റെ പ്രതികരണവും മാതാവിനോട് പറഞ്ഞു.

പുഞ്ചിരിച്ചുകൊണ്ട് ഖദീജ(റ) പറഞ്ഞു: മോളേ, നബി(ﷺ) അല്ലാഹുവിന്റെ ദൂതനാണ്. സത്യം വെളിവാക്കാൻ നബി(ﷺ)ക്ക് കുറേ സഹിക്കേണ്ടിവന്നേക്കാം. വിജയം അടുക്കാറായിരിക്കുന്നു. ബുദ്ധിമുട്ടിന്റെ പിറകെ വിജയം റബ്ബ് ഒരുക്കിവച്ചിരിക്കുന്നു.

മൂടിക്കിടന്ന അന്തരീക്ഷം തെളിയാൻ തുടങ്ങി. ഇസ്ലാമിക കുടുംബത്തിൽ കരുത്തരായ പലരും കടന്നുവന്നുതുടങ്ങി. തിരുനബി(ﷺ) യുടെ പിതൃവ്യൻ ഹംസ(റ) ഇസ്ലാം സ്വീകരിച്ചു. മുസ്ലീം പാളയത്തിൽ സന്തോഷത്തിന്റെ ബാങ്കൊലികൾ ഉയർന്നു. മൂന്നു ദിവസം കഴിഞ്ഞതേയുള്ളൂ. ശത്രു മസ്തിഷ്കങ്ങൾക്ക് ആഘാതമേൽപ്പിച്ചുകൊണ്ട് ഉമർ (റ)വും ഇസ്ലാമിലേക്ക് പ്രവേശിച്ചു. അത് പ്രവാചക പ്രാർത്ഥനയുടെ പൂർത്തീകരണം കൂടിയായിരുന്നു. അവർക്ക് വേണ്ടി മുസ്ലീംകൾ തക്ബീർ മുഴക്കി. നബി തക്ബീർ മുഴക്കി. സ്വഹാബത്ത് അതേറ്റു പറഞ്ഞു.

ഉമർ(റ)ന്റെ കഴിവും ധൈര്യവും അറബ് ലോകത്ത് വിശ്രുതമായിരുന്നു. അതിനാൽ തന്നെ ശത്രുപാളയത്തിൽ അത് വൻ ആഘാതമേൽപിച്ചു. പ്രീണനത്തിനോ പീഢനത്തിനോ ഇനി മുതിരേണ്ടത് എന്ന ചിന്ത

യിലായിരുന്നു അവർ. പതിനൊന്നു വയസ്സുകാരി ഫാത്വിമ അതിനെയെല്ലാം പ്രായത്തിൽ കവിഞ്ഞ പക്വതയോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഉത്ബത്ബിൻ റബീഅ നബി(ﷺ)യോട് പറഞ്ഞു. നീ ആഗ്രഹിക്കുന്നത് ഏറ്റവും വലിയ പണക്കാരനാകാനാണെങ്കിൽ നിന്നെ ഏറ്റവും വലിയ പണക്കാരനായി വാഴ്ത്താം. സ്ഥാനമാണാഗ്രഹിക്കുന്നതെങ്കിൽ നിന്നോടാലോചിക്കാതെ ഒരു കാര്യവും ഞങ്ങൾ നടത്തില്ല. അധികാരത്തെയാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ നിന്നെ രാജാവാക്കാം. നിനക്കിപ്പോൾ അനുഭവപ്പെടുന്നത് അസുഖം വല്ലതും ആണെങ്കിൽ ഡോക്ടറെ അന്വേഷിച്ച് എന്ത് പണവും ഞങ്ങൾ ചെലവഴിക്കാം. അദ്ദേഹത്തിന് നബി(ﷺ) മറുപടി കൊടുത്തത് ഫുസ്സിലത്ത് സൂറത്ത് പാരായണം ചെയ്തുകൊണ്ടായിരുന്നു. അത് കേട്ടു തന്റെ ജനതയിലേക്ക് മടങ്ങി ഇങ്ങനെ പറഞ്ഞു: മുഹമ്മദ് അവതരിപ്പിക്കുന്ന വചനങ്ങൾ അമാനുഷിക്കമാണ്. അത് കേട്ട അനുയായികൾ ഇങ്ങനെ പറഞ്ഞു: മുഹമ്മദ് വശീകരിച്ചു. മാരണം ചെയ്തു. ഉടനെ തിരിച്ചടിച്ചു. ഇതെനിക്ക് ബോധ്യപ്പെട്ടതാണ്. ഇനി നിങ്ങൾക്ക് വേണ്ടത് ചെയ്യാം. (തഫ്സീർ ഇബ്നുകസീർ)

തിരുനബി(ﷺ)ക്കെതിരെ അവർ പുതിയ ആയുധങ്ങൾ തേടി. നബി(ﷺ)ക്ക് താങ്ങും തണലുമായി നിൽക്കുന്ന അബൂത്വാലിബിനെ ആരംഗത്ത് നിന്ന് മാറ്റി നിർത്താനും നബി(ﷺ)യെ ഒറ്റപ്പെടുത്താനും ആവതും ശ്രമിച്ചുനോക്കി. പക്ഷേ, അബൂത്വാലിബിന്റെ നിലപാട് മാറ്റാൻ ആ ശ്രമങ്ങൾക്കൊന്നും കഴിഞ്ഞില്ല. അബൂത്വാലിബിന്റെ അനുകൂലമായ നിലപാട് കണ്ട് സന്തുഷ്ടയായ ഫാത്വിമ(റ) പലപ്പോഴും അബൂത്വാലിബ് മുസ്ലീമായെങ്കിൽ എന്ന് ചിന്തിച്ചിരുന്നു. അപ്പോഴേക്കും പുതിയ ഒരു പരീക്ഷണത്തിന്റെ വാതിൽ തുറക്കപ്പെട്ടു. ബനൂഹാഷിമിന്റെ മേൽ ഭ്രഷ്ട് കൽപിച്ചുകൊണ്ടുള്ള കരാറായിരുന്നു അത്. കരാർ തയ്യാറാക്കിയത് മൻസൂർ ബിൻ ഇക്രിമതുൽ അബ്ദരിയാണ്. അത് എഴുതിയത്. (അവനെതിരെ നബി (ﷺ) ദുആ ചെയ്യുകയും അവന്റെ കൈ കുഴഞ്ഞു പോവുകയും ചെയ്തു.) ആ കരാർ കഅ്ബക്കുള്ളിൽ അവർ സൂക്ഷിച്ചു. അബൂത്വാലിബും കൂട്ടരും ഭ്രഷ്ടിന് വിധേയമായപ്പോൾ അബൂലഹബ് ഖുറൈശികൾക്കൊപ്പം ശത്രുതയിൽ തന്നെ നിലകൊണ്ടു. മുസ്ലിംകൾ ശിഅബ് അബീത്വാലിബ് - അഹൂത്വാലിബ് താഴ്വരയിൽ ഒറ്റപ്പെട്ടു.

# സഹ്റാഅ് പരീക്ഷണങ്ങൾക്ക് നടുവിൽ

സമൂഹത്തിൽനിന്നകറ്റപ്പെട്ട് കഷ്ടപ്പാടിന്റെ കയ്പുനീരനുഭവിച്ച് മാതാപിതാക്കൾക്കും സഹോദരി ഉമ്മു കുൽസൂമിനുമൊപ്പം ഫാത്വിമ(റ)യും , ശിഅബ്അബീത്വാലിബിൽ താമസിച്ചു. മൂന്ന് വർഷത്തോളം നീണ്ട ആ ഭ്രഷ്ട് കാലം വിശപ്പിന്റെയും ദാഹത്തിന്റെ ദിനരാത്രങ്ങളായിരുന്നു. അതീവ രഹസ്യമായെത്തുന്ന ഇത്തിരി ഭക്ഷണ സാധനങ്ങൾ മാത്രമേ അവർക്കു ലഭിച്ചിരുന്നുള്ളൂ. വിശന്നു വലഞ്ഞു നിലവിളിക്കുന്ന കുട്ടികളെയും സ്ത്രീകളെയും ആ താഴ്വരക്കന്ന് നല്ല പരിചയമായി.

ഈ വേദനക്കും യാതനക്കുമിടയിൽ വിശ്വാസമെന്ന ചാലകശക്തി മനുഷ്യരെ നിയന്ത്രിക്കുന്നതിന്റെ വ്യക്തമായ ചിത്രങ്ങൾ സഹ്റാഇന് അവിടെ കാണാൻ കഴിഞ്ഞു. ഒപ്പം സ്നേഹനിധിയായ ഒരു ഭാര്യ സന്നിഗ്ധ ഘട്ടങ്ങളിൽ ഭർത്താവിന് എങ്ങനെ തുണയാവണമെന്നത് തന്റെ മാതാവിലൂടെ വായിക്കാൻ കഴിഞ്ഞു. മാതാവ് ഖദീജ(റ)യുടെ ജീവിതം ഭർത്താവ് മുഹമ്മദിന്(ﷺ) വേണ്ടി ഉഴിഞ്ഞുവെക്കപ്പെട്ടതായിരുന്നല്ലോ. ബന്ധുക്കൾക്ക് ഭക്ഷണമെത്തിക്കാനും ഖദീജ(റ) തന്റെ സഹോദരപുത്രൻ ഹകീമുബ്നു ഹുസാമ് വഴി ശ്രമിച്ചുകൊണ്ടിരുന്നു.

കേവലം പന്ത്രണ്ട് വയസ്സ് മാത്രം പ്രായമുള്ള കഥാനായിക ലോകനേതാവിന്റെ തുടിപ്പും മിടിപ്പും അനുയായികളുടെ സഹനവും ക്ഷമയും പരീക്ഷണത്തിന്റെ തീച്ചൂളയിൽ മാറ്റുരക്കപ്പെടുന്ന വിശ്വാസവും നേരിട്ടനുഭവിച്ചു. ഖദീജ(റ)യുടെ വിഷമകരമായ ജീവിതം ബനൂഅസദിന്റെ മനതലങ്ങളിൽ വിഷമം സൃഷ്ടിച്ചു. ഏതെങ്കിലും വിധം വേണ്ടതവർക്കെ

ത്തിച്ചുകൊടുക്കാൻ അവർ ശ്രമിച്ചു. ആവശ്യമുള്ളതൊരൊട്ടകത്തിന് പുറത്ത് വെച്ച് താഴ്വരയുടെ വാതിൽക്കൽ ചെന്ന് ഒട്ടകത്തെ അകത്തേക്ക് തെളിച്ച് വിടാമെന്നവർ തീരുമാനിച്ചു. എന്നാൽ പ്രവാചക പത്നി മുഅ്മിനീങ്ങളുടെ മാതാവ് ഖദീജ(റ)യുടെ മനസ്സിൽ സംഭവങ്ങളൊന്നു മനുകൂലമായല്ലാതെ പ്രതിബിംബിച്ചില്ല.

ഒറ്റപ്പെട്ട ചില ശ്രമങ്ങളിലൂടെ താഴ്വരയിലേക്ക് സഹായമെത്തിയെങ്കിലും അത് പുറംലോകത്ത് കോളിളക്കങ്ങൾ സൃഷ്ടിച്ചു. ഈ ദുരിത ദിനങ്ങളിലൊരുദിവസം ഖദീജ(റ) തന്റെ പെൺമക്കളുമായി (ഉമ്മു കുൽസും, ഫാത്വിമ) വർത്തമാനം പറയുന്നതിനിടിൽ തനിക്ക് ലഭിച്ച ശ്രേഷ്ഠതകളെക്കുറിച്ച് പറഞ്ഞു. അവസാനമത് കരച്ചിലിന്റെ വക്കിലേക്കെത്തി. ദൃഢചിത്തയായ മാതാവിന്റെ കരച്ചിൽ മക്കളെയിളക്കി. ഉമ്മു കുൽസും ചോദിച്ചു: എന്തിനാണുമ്മാ കരയുന്നത്? മോളേ, വർഷങ്ങൾ കൊഴിഞ്ഞുപോയി. എന്റെ അന്ത്യം ഏകദേശം അടുക്കാറായിരിക്കുന്നു. ഉടനെ ഫാത്വിമ(റ) ചോദിച്ചു: നിങ്ങൾക്കെന്തെങ്കിലും വിഷമമുണ്ടോ ഉമ്മാ? ഏയ്! അല്ലാഹു സത്യം, എനിക്ക് യാതൊരു വിഷമവുമില്ല മക്കളേ, ഖുറൈശിയിൽ എനിക്ക് ലഭിച്ചത് പോലുള്ള ശ്രേഷ്ഠതകൾ ഒരു വനിതക്കും ലഭിച്ചിട്ടില്ല. എന്നല്ല ലോകത്തൊരു വനിതക്കും ലഭിക്കാത്ത ഭാഗ്യം എനിക്ക് ലഭിച്ചു. സ്ഥാനവും മാനവും ഞാൻ കയ്യാളി. എല്ലാറ്റിലുമുപരി ദുനിയാവിൽ ഞാൻ തിരുനബി(ﷺ)യുടെ ഭാര്യയാണ്. ആഖിറത്തിൽ ഒന്നാമത്തെ മുസ്ലിം വനിതയുമാണ്. ഇത്രയും പറഞ്ഞ് കണ്ണ് തുടച്ച് ഖദീജ(റ) അല്ലാഹുവിനോട് പറഞ്ഞു: പടച്ചവനേ, നിന്നെ ഞാൻ അനന്തമായി സ്തുതിക്കുന്നു. നിന്നെ കണ്ടുമുട്ടുന്നതു ഞാൻ വെറുക്കുന്നില്ലെങ്കിലും നീ എനിക്കനുഗ്രഹം ചെയ്തു തന്നതിന് അർഹയാകാൻ മാത്രം കുറച്ചുകൂടി അധ്വാനിക്കാൻ ഞാനാഗ്രഹിക്കുന്നു. മാതാവിന്റെ വാചകങ്ങൾക്ക് മുന്നിൽ മക്കൾ നിശ്ശബ്ദരായിരുന്നു. ഖദീജ(റ)യുടെ വാക്കുകൾ ആ രാത്രിയെ വിറപ്പിച്ചു. ക്ഷമാശീലയും അർപ്പണമനസ്കയുമായ മുഅ്മിനുകളുടെ മാതാവിന്റെ ശ്വാസോഛ്വാസങ്ങൾ മുഴങ്ങിക്കേൾക്കാൻ തുടങ്ങി. വത്സലയായ മാതാവിന്റെ ആരോഗ്യപൂർണ്ണമായ ഭാവിക്ക് വേണ്ടി മക്കൾ ദുആ ചെയ്തുകൊണ്ടിരുന്നു.

ആ നിശബ്ദതയെ ഭേദിച്ചുകൊണ്ട്, വാതിൽ തുറന്ന് മുസ്ഥഫാ (ﷺ)കടന്നുവന്നു. കാണാൻ കൊതിച്ചിരുന്നത് സംഭവിച്ചു. ഉന്മേഷത്തിന്റെയും ആനന്ദത്തിന്റെയും സ്ഥാനത്ത് ഖദീജ(റ)യിൽ ക്ഷീണം പ്രത്യക്ഷപ്പെട്ടിരുന്നു. മൂന്നുപേരും നബിയുടെ വാർത്തകൾ ശ്രദ്ധിച്ചു. ഒരു

നല്ല പ്രഭാതത്തിന്റെ മുന്നറിയിപ്പുകൾ അതിൽ ഉണ്ടായിരുന്നു. ഇരുട്ട് അൽപ്പാൽപമായി വെളിച്ചത്തിന് കീഴൊതുങ്ങിക്കൊടുക്കുന്നത് അവർ ദർശിച്ചു.

ഖുറൈശികൾ അക്രമത്തെ അവരുടെ രേഖാപത്രം തന്നെ ഇഷ്ടപ്പെടുത്തിയിരുന്നില്ല. ഒപ്പം ചില മാന്യന്മാർക്കും അങ്ങനെ തോന്നിത്തുടങ്ങി. ഹിഷാമുബ്നിൻ അംറ് രാത്രിയിൽ സുഹൈറ് ബിൻ അബീ ഉമയ്യയെ സന്ദർശിച്ചു ചോദിച്ചു. നിന്റെ സഹോദരങ്ങൾ അബൂത്വാലിബിന്റെ താഴ്വരയിൽ വിശന്നു കഴിയുമ്പോൾ നിനക്ക് ഭക്ഷണം കഴിക്കാനും മനസ്സമാധാനത്തോടെ ജീവിക്കാനും കഴിയുന്നുവോ? ഹിഷാം പറഞ്ഞു: അബുൽഹകം ബിൻ ഹിഷാമിന്റെ ബന്ധുക്കളാണെങ്കിലും നീ ഇക്കാര്യം ചോദിച്ചാൽ ഞാൻ മറുപടി പറയില്ല.

ഉടനെ സുഹൈർ പറഞ്ഞു:

ഹിഷാം, ഞാനെന്താണ് ചെയ്യുക, ഞാനൊറ്റക്കാണ്. എന്റെ കൂടെ മറ്റൊരാൾ കൂടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ ആ രേഖയെ അവഗണിച്ച് അവരെ സംശയിക്കുമായിരുന്നു.

ഉടനെ ഹിഷാം നിനക്ക് ഒരു കൂട്ടുകാരനെ ലഭിച്ചിരുന്നു.

ആരെ?

ഹിഷാം : ഞാൻ തന്നെ.

തുടർന്ന് ഹിഷാം മുത് അഖ്ബിന് അദിയ്യ് ബിന് നൗഫൽ ബിൻ അബ്ദുമനാഫ്, അബിൽ ബുഖ്തിരി സംഅത്ബിന് അസ്വദ് എന്നിവരെയും ചെന്നുകണ്ട് വിവരം ധരിപ്പിച്ചു. എല്ലാരും തന്റെ അഭിപ്രായത്തോട് യോജിച്ചു. രാത്രി എല്ലാരും ഖത്മുൽ ഹുജൂൻ എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി. കരാർ പത്രത്തിനെതിരെ രംഗത്ത് വരാനും വിമർശന വർത്തമാനം സുഹൈർ ഉത്ഘാടനം ചെയ്യാനും തീരുമാനിച്ചു.

ഇതിനിടെ പ്രവാചകൻ(ﷺ) അബൂത്വാലിബിനോട് പറഞ്ഞു: ഖുറൈശികളുടെ കരാർപത്രത്തിൽ നിന്ന് അല്ലാഹു എന്നതൊഴിച്ച് എല്ലാം ചിതൽ തിന്നുപോയി. വേണമെങ്കിൽ അത് പരിശോധിക്കാൻ പറയൂ.

സത്യവാനായ മകന്റെ ഈ പ്രവചനം അബൂത്വാലിബിൽ ആവേശമുണർത്തി. വേഗം മസ്ജിദുൽ ഹറാമിലേക്ക് കുതിച്ചു. ഖുറൈശികളും അതു സംബന്ധമായ ചർച്ചയിലാണ്. അതു ദുർബലപ്പെടുത്തണമെന്നു പലരും വാദിച്ചു. തർക്കം മൂത്തപ്പോൾ അബൂത്വാലിബ് എഴുന്നേറ്റ് നിന്നു പറഞ്ഞു: എന്റെ മകൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു. ആ രേഖയിൽ അല്ലാ

ഹുവിന്റെ നാമം ഒഴിച്ച് എല്ലാ ഭാഗവും ചിതൽ തിന്നുകഴിഞ്ഞു. അത് വാസ്തവമാണെന്ന് ബോധ്യമായാൽ ഞങ്ങൾക്കെതിരെ തിരിയാതിരിക്കൂ. അല്ല മറിച്ചാണെങ്കിൽ നിങ്ങൾക്കിഷ്ടമുള്ളതുപോലെയാകാം. ഉടനെ മുത്ഥ്ഇം എഴുന്നേറ്റ് രേഖ പരിശോധിച്ചു. തിരുനബി(ﷺ) പറഞ്ഞതുപോലെതന്നെ. ഖുറൈശികൾ ഇളിഭ്യരായി.

സന്തുഷ്ടനായ അബൂത്വാലിബ് ഒരു കവിതയാലപിച്ചുകൊണ്ട് താഴ്വരയിലേക്കു കുതിച്ചു.

والله لن يصلوا إليك بجمعهم    حتى أوسد في التراب دفينا
فاصدع بأمرك ما عليك غضاضة    وابشر بذاك وقر منه عيونا

അല്ലാഹു സത്യം, എനിക്ക് ഭൂമി തലയിണയാക്കി ഞാൻ ശ്മശാന വാസിയാകുംവരെ അവരാരും തന്നെ നിന്നെ ദ്രോഹമേൽപ്പിക്കില്ല.

അലോസരമാകുന്ന ഏത് കാര്യവും തുറന്നടിക്കൂ! നിങ്ങൾ സന്തോഷവാനാകുക! കൺകുളിർമ നേടുക.

അബൂത്വാലിബിന്റെ ആലാപനം താഴ്വരയിലാകെ മുഴങ്ങി. ഉറങ്ങിക്കിടന്നവർ ഉണർന്നു മുസ്ലിംകൾ ഒന്നാകെ തക്ബീർ മുഴക്കി ആനന്ദം പ്രകടിപ്പിച്ചു.

അന്നാർക്കും ഉറക്കം വന്നില്ല. നേരം വെളുത്തിട്ട് കഅ്ബയിലേക്കും പിന്നെ തങ്ങളുടെ വീടുകളിലേക്കും പോകാനുള്ള സന്തോഷത്താൽ അവർ നേരം പോയതറിഞ്ഞില്ല. നബി(ﷺ)യും രോഗിണിയായ മഹതി ഖദീജ(റ)യും ഒപ്പം ഫാത്വിമ, ഉമ്മുകുൽസും(റ) എന്നീ പുത്രിമാരും മസ്ജിദുൽഹറാമിലേക്ക് പുറപ്പെട്ടു. കഅ്ബയെ ത്വവാഫ് ചെയ്ത ശേഷം വീട്ടിലേക്ക് മടങ്ങി.

ഖദീജ(റ) ശയ്യയിൽ കിടന്ന് റബ്ബിനെ സ്തുതിച്ചു. പരീക്ഷണങ്ങൾ കടന്ന് വിജയത്തിന്റെ പൂർണേന്ദു വെളിവാകുന്നതുവരെ ജീവിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചു. സത്യത്തിൽ ഖദീജ(റ)യുടെ രോഗത്തിന്റെ പ്രത്യേക കാരണം താഴ്വരയിലെ ജീവിതമായിരുന്നു. വിശന്നും ദാഹിച്ചും കഴിച്ചുകൂട്ടിയ ദിനരാത്രങ്ങൾ. ഫാത്വിമാ(റ)യും മെലിഞ്ഞ് വിളറി. മുഖമൊക്കെ ഒട്ടിപ്പോയിരുന്നു. എന്നല്ല മുസ്ലിംകൾ വിശ്വാസദാർഢ്യതകൊണ്ട് മാത്രമായിരുന്നല്ലോ അത് തരണം ചെയ്തത്.

നബി(ﷺ)യും സ്വഹാബത്തും ഒരുങ്ങും എന്നു കരുതിയ രംഗങ്ങൾ മുഴുവൻ അവർക്കെതിരായിരുന്നു. മുസ്ലിംകൾ മടങ്ങി വന്ന് പൂർവ്വ

സ്ഥിതി പ്രാപിക്കുംതോറും. അവരുടെ ചിന്തയും വഴിമാറി ഓടിത്തുടങ്ങി. വീണ്ടും ചിലർ ചർച്ചാമനോഭാവവുമായി അബൂത്വാലിബിനെ സമീപിച്ചു. അവരോട് നബി(ﷺ) പറഞ്ഞു. "ഒരു വാചകം അതുവഴി അറബികൾ ഉന്നതരാവും അനറബികൾ അവർക്ക് വഴങ്ങും." അവർ ചോദിച്ചു "അതെന്താണ്."

നിങ്ങൾ ലാഇലാഹ ഇല്ലല്ലാ പറയൂ മറ്റു ആരാധ്യവസ്തുക്കളെ ഒഴിവാക്കുകയും ചെയ്യൂ.

അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു. മുഹമ്മദ് നീ ഇലാഹിനെ ഒന്നാക്കിച്ചുരുക്കുകയാണ്. താങ്കളുടെ കാര്യം അത്ഭുതം തന്നെ.

ഉടനെ ചിലർ പറഞ്ഞു. ഇവിടുന്ന് നിങ്ങൾ പ്രതീക്ഷിച്ചതൊന്നും ലഭിക്കില്ല. നിങ്ങൾപോയി നിങ്ങളുടെ ദീനിൽ കഴിഞ്ഞുകൂടൂ. അല്ലാഹു വിധിക്കട്ടെ നമുക്കിടയിൽ അവരെ സംബന്ധിച്ച് ഖുർആൻ സൂറതുസ്വാദിലെ 1 മുതൽ 7 വരെയുള്ള സൂക്തങ്ങൾ അവതരിച്ചു.

# അബൂത്വലിബിന്റെ വിയോഗം

മുസ്ലിം സമുദായത്തിന്റെ താങ്ങും തണലുമായിരുന്ന അബൂത്വാലിബ് രോഗഗ്രസ്തനായി. നാലു ചുറ്റും ഖുറൈശി പ്രമുഖർ ഒരുമിച്ചുകൂടി. അപ്പോൾ അബൂത്വാലിബിൽ നിന്ന് വന്നത് വസ്വിയ്യത്തിന്റെ വാചകങ്ങളായിരുന്നു.

ഖുറൈശികളേ, മനുഷ്യരിലേക്കുള്ള റബ്ബിന്റെ പ്രതിനിധികളാണ് നിങ്ങൾ. പരമ്പരാഗതമായി ലഭിച്ച സ്ഥാനമാനങ്ങൾ നിങ്ങൾ കൈപറ്റിയിട്ടുണ്ട്. അതിനാൽ മറ്റു ജനങ്ങളേക്കാൾ ശ്രേഷ്ഠത നങ്ങൾക്കുണ്ട്. അത് നിങ്ങൾക്ക് ജനങ്ങളിലേക്കുള്ള ഒരു മാർഗ്ഗവുമാണ്. ജനങ്ങൾ നിങ്ങളോട് ഇപ്പോൾ സംഘടിതരായി യുദ്ധത്തിലാണ്.

കഅ്ബാലയത്തെ ആദരിക്കാൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുന്നു. അതിൽ റബ്ബിന്റെ തൃപ്തിയും, ജീവിതോപാധിയും, പരമ്പരാഗത സംരക്ഷണവും കൈവരും. കുടുംബബന്ധത്തെ മുറിക്കരുത്. അത് പരിപാവനമായി പാലിക്കണം. കുടുംബബന്ധം നിലനിർത്തുക വഴി അംഗസംഖ്യയും ദീർഘായുസ്സും ലഭ്യമാകും.

വഞ്ചനയും ബന്ധവിഛേദവും നിങ്ങൾ ഉപേക്ഷിക്കുക. അത്തരം കൃത്യങ്ങൾകൊണ്ടാണ് മുൻ സമുദായങ്ങൾ നശിച്ചത്. ക്ഷണം സ്വീകരിക്കുകയും, ചോദിക്കുന്നവന് നൽകുകയും ചെയ്യുക. അതുവഴി ജീവിതകാലത്തും ശേഷവും മാന്യത ലഭിക്കും. സത്യം പറയുക., അ മാനത്തുകൾ വീട്ടുക. അതിൽ വൈയക്തിക സ്നേഹവും സാമൂഹ്യമാന്യതയും കൈവരും.

പല കാര്യങ്ങളും ഉപദേശിച്ച ശേഷം അദ്ദേഹം പറഞ്ഞു. മുഹമ്മദിനോട് നല്ലത് ചെയ്യാൻ ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. അദ്ദേഹം ഖുറൈ

ശികളിലെ ഏറ്റവും വിശ്വസ്തനാണ്. അറബികളിലെ സത്യവാനാണ്. ഞാൻ വസ്വിയ്യത്ത് ചെയ്ത കാര്യങ്ങൾ എല്ലാം ഒത്തിണങ്ങിയ ആളാണ ദ്ദേഹം. അല്ലാഹുവിനെതന്നെ സത്യം! അദ്ദേഹത്തിനോടൊപ്പമുള്ള ഗുണ വാന്മാരായ ദരിദ്രർ, സത്യപ്രവാചകനെ അംഗീകരിച്ച പാവപ്പെട്ടവർ ഭര ണാധികാരികളാകുന്നത് ഞാൻ കാണുന്നു. ഇന്നത്തെ കേമന്മാർ ഇളി ഭ്യരാകും.

നിങ്ങൾ അവരെ സഹായിക്കുക. യുദ്ധത്തിൽ സംരക്ഷിക്കുക. സത്യമാർഗ്ഗത്തിലേക്ക് മാത്രമാണദ്ദേഹം ക്ഷണിക്കുന്നത്. അതിൽ ചേർന്നവർ വിജയലോകത്തിലേക്കാണ് ഗമിക്കുക. എന്റെ ജീവിതവും കുറച്ചുകൂടി ലഭിച്ചിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ തുണക്കുമായിരു ന്നു. അദ്ദേഹത്തിന്റെ ശത്രുക്കളെ തടയുകയും ചെയ്യുമായിരുന്നു.

ജനങ്ങൾ നബി(ﷺ)യെ ശല്യപ്പെടുത്തുന്നതിൽ നിന്നും തന്ത്രപൂർവ്വം തടയുകയാണ് അബൂത്വാലിബിവിടെ ചെയ്തത്. തനിക്ക് കുറച്ചുകൂടി ആയുസ്സ് ലഭിച്ചിരുന്നെങ്കിൽ എന്ന ആഗ്രഹമാണവസാനം പ്രകടിപ്പിച്ചത്.

ഈ പ്രഖ്യാപനത്തെ സംബന്ധിച്ച് ഖദീജ(റ)യും മൂന്ന് പെൺമക്കളും തമ്മിൽ ചർച്ച ചെയ്തു. പ്രവാചകത്വ പ്രഖ്യാപനത്തെ അബൂത്വാലിബ് എങ്ങനെ ഉൾക്കൊണ്ടു എന്ന് അഭിപ്രായാന്തരം ഉയർന്നു.

ഖദീജ(റ) ആഗ്രഹിച്ചു: അബൂത്വാലിബിന്റെ അന്ത്യശ്വാസം ലാഇ ലാഹ ഇല്ലല്ലായിലായിരുന്നെങ്കിൽ റബ്ബേ....

ഫാത്വിമ(റ): നരകത്തിൽ നിന്ന് രക്ഷപെടാനുള്ള ആ വാചകം അദ്ദേഹം ഒന്നുരുവിട്ടിരുന്നെങ്കിൽ....

ഉമ്മുകുൽസും(റ) : അദ്ദേഹം വിശ്വാസം ഉൾക്കൊള്ളുന്നു. പുറ ത്തുപറയാൻ എന്തോ ഒരു തടസം അതെന്താണെന്നറിയില്ല.

സൈനബ(റ) ചോദിച്ചു : നബി(ﷺ) ഇത്രയും വിളിച്ച സ്ഥിയിൽ ഉള്ളിലുള്ള ആശയം പറയാതിരിക്കുമോ? ഉമ്മുൽ മുഅ്മിനീൻ ഖദീജ(റ) രംഗം ശാന്തമാക്കി. ഇപ്പോൾ ശുഭപരിസമാപ്തിക്കായി ദുആ ചെയ്യുക. അതിനുള്ള നേരമാണിത്.

ഫാത്വിമ(റ)യുടെ മനസ്സിൽ ഒരു സംഭവം തെളിഞ്ഞു. ഓ ഖുറൈ ശികളേ എന്ന് നബി വിളിച്ചുപറഞ്ഞ രംഗം.... തുടർന്ന് ഫാത്വിമ(റ) ആത്മ ഗതം ചെയ്തു: എന്താണ് പ്രവാചകപിതൃവ്യാ, നബിക്കിത്രയൊക്കെ സഹായം ചെയ്ത താങ്കൾ ഖൽബുകൊണ്ട് വിശ്വസിച്ചിട്ട് നാവുകൊണ്ട്

പറയാൻ വിഷമം. നാവിന് ഭാരമില്ലാത്ത ഈ വാചകം നരകമോചന ത്തിനുള്ള കാരണമല്ലേ?

പ്രവാചകപിതൃവ്യാ, നരകത്തിലേക്ക് വിളിക്കുന്ന നീചനായ അബൂ ജഹ്‌ലിന്റെ മാർഗത്തിൽ നിങ്ങൾ തൃപ്തികണ്ടെത്തുന്നോ. അതല്ല, സ്വർഗ്ഗ ത്തിലേക്ക് നയിക്കുന്ന തിരുനബിയുടെ പാത ഇഷ്ടപ്പെടുന്നോ?

പെട്ടെന്ന് കൂട്ടം വിട്ട് അബൂത്വാലിബിന്റെ വസതിയിലേക്ക് ഫാത്വി മ(റ) പാഞ്ഞു. സന്തോഷമായ ഏതെങ്കിലും മാറ്റം അവർ കൊതിച്ചു. പക്ഷേ, വേദനാജനകമായ അചഞ്ചലതയാണ് കണ്ടെത്തിയത്. നബി(ﷺ) വന്നപ്പോൾ അബൂജഹലും അവിടെ ഉണ്ടായിരുന്നു എന്നവർ അറിഞ്ഞു. അബ്ദുല്ലാഹിബ്നു അബീഉമയ്യയും കൂടെ ഉണ്ടായിരുന്നു. നബി(ﷺ) പറഞ്ഞു: അല്ലയോ പിതൃവ്യാ, റബ്ബിന്റടുക്കൽ ഞാൻ സാക്ഷി നിൽക്കാം ശഹാദത്ത് ചൊല്ലൂ. ഉടനെ അബൂജഹലും കൂട്ടുകാരും പറഞ്ഞു അ ബ്ദുൽ മുത്വലിബിന്റെ പാത വിടാൻ താങ്കൾ ആഗ്രഹിക്കുന്നോ? നബി(ﷺ) അബൂത്വാലിബിനോട് അപേക്ഷ ആവർത്തിച്ചപ്പോഴെല്ലാം എതിർപക്ഷം അവരുടെ മൊഴിയും ആവർത്തിച്ചു.

ഫാത്വിമ(റ) ദുഃഖിതയായി മടങ്ങി. ഉമ്മായുടെ മടിയിൽ നിശബ്ദ യായി തലചായ്ച്ചു. മകളും മാതാവും ഒരേ ആശയത്തിലും ആഗ്രഹ ത്തിലും സംഗമിക്കുകയായിരുന്നു. അബൂത്വാലിബ് ശഹാദത്ത് പറഞ്ഞി രുന്നെങ്കിൽ.

ദുഃഖവിവർണനായി നബി(ﷺ)യും വീട്ടിലണഞ്ഞു. അബൂത്വാലിബ് യാത്രയായി. നബി(ﷺ) പറഞ്ഞു: അല്ലാഹു അനുമതി തന്നാൽ അദ്ദേ ഹത്തിനുവേണ്ടി ഞാൻ റബ്ബിനോട് പൊറുക്കലിനെ തേടും. ഉടൻ സന്ദേശം വന്നു. 'മുശ്‌രിക്കുകൾക്ക് വേണ്ടി പൊറുക്കലിനെ തേടരുത്. അടുത്ത ബന്ധുക്കളാണെങ്കിലും ശരി....' എന്നർത്ഥം വരുന്ന സൂറതു ത്തൗബയിലെ .....സൂക്തം അവതരിച്ചു. അബൂത്വാലിബ് പ്രമേയമായി താങ്കൾ ഇഷ്ടപ്പെട്ടവരെ സന്മാർഗ്ഗത്തിലാക്കാൻ കഴിയില്ല. റബ്ബ് ഉദ്ദേശി ക്കുന്നവനെ അവൻ ഹിദായത്തിലാക്കും.... (നിസാഅ് 113) എന്ന സൂക്തവും അവതരിച്ചു.

പ്രവാചകത്വത്തിന്റെ പത്താമാണ്ടിൽ റജബിലായിരുന്നു അബൂത്വ ലിബിന്റെ വിയോഗം.

# ഖദീജ(റ)യുടെ വിയോഗം

അബൂത്വാലിബിന്റെ വിയോഗത്തിൽ തിരുനബി(ﷺ)ക്ക് അഗാധമായ വിഷമം നേരിട്ടു. തേഞ്ഞുമാഞ്ഞുപോകുന്നതിന് മുമ്പ് തന്നെ താങ്ങും തണലുമായി വർത്തിച്ച ഭാര്യ ഖദീജ(റ)യ്ക്ക് രോഗം വർദ്ധിച്ചു. ആ അവസ്ഥയിലും തന്നെക്കൊണ്ട് കഴിയുംവിധത്തിൽ അവർ ഭർത്താവ് പ്രവാചകനെ സഹായിച്ചുകൊണ്ടിരുന്നു. വേദന അനുഭവിക്കുമ്പോഴും പുഞ്ചിരിച്ചു നബി(ﷺ)യെ സമാധാനിപ്പിച്ചു. ഏത് വിഷമഘട്ടത്തിലും നബി(ﷺ) കടന്നുവരുമ്പോൾ പരിലാളനയുടെ തലോടൽ നൽകി സമാശ്വസിപ്പിച്ചു. വത്സലയായ ഒരു ഭാര്യയുടെ എല്ലാ ധർമ്മങ്ങളും ഖദീജ (റ) കൈകൊണ്ടിരുന്നു. അനാഥത്വത്തിന്റെ തൊട്ടിലിൽ വളർന്ന നബി(ﷺ)ക്ക് മാതാവിന്റെ തണൽ നൽകിയത് മഹതിയായിരുന്നു.

പ്രവാചകർക്ക് സേവനം ചെയ്യാനും വിശ്വാസിനിയായി ജിവിക്കാനും നിയോഗം നൽകിയ റബ്ബിനെ അവർ അത്യധികം സ്തുതിച്ചു കൊണ്ടിരുന്നു. ഇലാഹീ അനുരാഗത്താൽ നിബിഡമായിരുന്നു ആ ഹൃദയം.

രോഗിണിയായ ഖദീജ(റ) ഇടക്കിടെ കണ്ണുതുറക്കുമ്പോൾ പ്രവാചകൻ തന്നെ പരിചരിക്കുന്നു. തന്നെ സമാശ്വസിപ്പിക്കുന്നു. അതിന് തിരിച്ചുനൽകാൻ പ്രാർത്ഥനയല്ലാതെ കൈമുതലായില്ലാതെ അവർ അതിൽ മാത്രം ആശ്വാസം കണ്ടു. ഇളയമകൾ ഫാത്വിമ ദൂരെനിന്ന് നിറകണ്ണുകളോടെ നോക്കുന്നു. തിരുനബി(ﷺ) അവളുടെ കണ്ണുനീർ തുടച്ച് സമാധാനിപ്പിക്കുന്നു. നിറകണ്ണുകളോടെ മാതാവിനെ സന്ദർശിക്കുന്നവരെ കാണുമ്പോൾ ഫാത്വിമ(റ)യുടെ കണ്ണുകൾ വീണ്ടും അണപൊട്ടുന്നു.

രോഗിണിയായ ഭാര്യയുടെ അന്ത്യനിമിഷങ്ങൾ അടുത്തു. നബി (ﷺ) അടുത്തുതന്നെ നിന്നു. തന്നെ എപ്പോഴും ആദ്യം സ്വീകരിച്ചവർ,

തനിക്കും സമുദായത്തിനും സർവ്വാത്മനാ താങ്ങും തണലുമായവർ, സ്വർഗ്ഗം വാഗ്ദത്തം നൽകപ്പെട്ട മഹതി.

ജിബ്രീൽ(അ) നബി സവിധത്തിലേക്ക് വന്നു. ഖദീജ(റ)യെ കുറിച്ചു പറഞ്ഞു.

ജിബ്രീൽ(അ) വന്നു പറഞ്ഞ സന്തോഷവാർത്ത പെൺമക്കളറിഞ്ഞു. അവർ സന്തുഷ്ടരായി. ജിബ്രീൽ സലാം പറഞ്ഞു എന്നത് അവർക്കാവേശം പകർന്നു. സന്തോഷത്തിന്റെ ബാഷ്പബിന്ദുക്കൾ ഫാത്വിമായുടെ കവിൾത്തടത്തിലൂടെ വാർന്നു. ശഹാദത്ത് ചൊല്ലാൻ നിയോഗം ലഭിക്കാത്ത അബൂത്വാലിബിന്റെ അവസ്ഥയും തന്റെ മാതാവിന്റെ ഗതിയും അവൾ മാറിമാറി ചിന്തിച്ചു. എന്നിട്ടറിയാതെ പാരായണം ചെയ്തു. ഇന്നകലാതഹ്ദീ........

തിരുനബി(ﷺ)യുടെ സാന്നിദ്ധ്യത്തിൽ കിടക്കുന്ന ഖദീജ(റ) നിമിഷാനുനിമിഷം ലോകത്തോടകന്നുകൊണ്ടിരുന്നു. നബി(ﷺ) സമാധാനവചനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മൂന്നു പെൺമക്കളും നോക്കി നിൽക്കെ തിരുനബി(ﷺ)യുടെ സവിധത്തിൽ വച്ച് ഖദീജ(റ) തന്റെ നാഥനിലേക്കുയർന്നു. ഇന്നാലില്ലാഹി.....

വാർത്ത മക്കയിൽ പരന്നു. എല്ലാവർക്കും നല്ലതുമാത്രം പറയാനുള്ള മഹതിയുടെ വിയോഗവാർത്ത മിടിപ്പോടെ അവർ കൈമാറി.

മുസ്ലിംകളെല്ലാം തന്റെ വീട്ടിൽ ഒരുമിച്ചുകൂടുന്നത് ഫാത്വിമ(റ) നോക്കിനിന്നു. വന്നവർ മുഴുൻ ദുഃഖത്തിൽ പങ്കുചേർന്നു. അവസാനം തിരുനബി(ﷺ) തന്നെ ഖബറിൽ ഇറങ്ങി മഹതിയെക്കിടത്തി. ശേഷം നീണ്ട ദുആ ചെയ്തു. (അന്ന് മയ്യിത്ത് നിസ്കാരം നിയമമായിരുന്നില്ല) എല്ലാം കണ്ട് ദുഃഖിതയായി ഫാത്വിമ(റ) ഉറങ്ങി. പക്ഷേ അല്ലാഹു തന്റെ മാതാവിന് നൽകിയ സ്ഥാനം തിരുനബി(ﷺ)യിൽ നിന്നു കേട്ടമാത്രയിൽ പുഞ്ചിരിച്ചു. ഒരേസമയം രാത്രിയും പകലും സന്ധിക്കുന്നു. ചിരിയും കരച്ചിലും ഒരുമിക്കുന്നു. ഭൗതിക അസാന്നിദ്ധ്യത്തിന്റെ ദുഃഖവും ആത്മീയഭാഗ്യത്തിന്റെ സന്തോഷവും. ഫാത്വിമ(റ) തന്റെ സഹോദരിമാരോടൊപ്പം ചേർന്ന് വീടൊക്കെ ഒതുക്കി പിതാവിന്റെ ദുഃഖം വർദ്ധിപ്പിക്കാതിരിക്കാൻ ശ്രമിച്ചു.

തിരുനബി(ﷺ) അപ്പോഴും ആവർത്തിച്ചുകൊണ്ടിരുന്നു. ഇന്നാലില്ലാഹ്.......

* * * * *

ഉറ്റമിത്രങ്ങളും സഹായികളുമായ രണ്ടാളുകളുടെ വിയോഗം നബി(ﷺ)യിൽ വരുത്തിയ ദുഃഖഭാരം ഫാത്വിമ(റ) തികച്ചും ഉൾക്കൊണ്ടു. അബൂത്വാലിബിന്റെ വിയോഗാനന്തരം ഖുറൈശികൾ കൊമ്പുകുലുക്കാൻ തുടങ്ങിയത് ഫാത്വിമ(റ) അറിഞ്ഞു. തിരുനബി(ﷺ)യും ഉറ്റമിത്രം അബൂബക്കർ(റ)വും പാലായനത്തെക്കുറിച്ച് ചിന്തിക്കേണ്ട അവസ്ഥയിലേക്കെത്തി. ഇബ്നു ഇസ്ഹാഖ് പറയുന്നു. അബൂത്വാലിബിന്റെ വിയോഗത്തോടെ തിരുനബി(ﷺ)ക്കെതിരെയുള്ള ഖുറൈശിവിദ്വേഷം അധികരിച്ചു. ഒരുനാൾ കുറേ കുട്ടികൾ കൂടി തിരുനബി(ﷺ)യുടെ തലയിൽ മണ്ണു വാരിയിട്ടു. മണ്ണ് പറ്റിയ തലയുമായി നബി(ﷺ) വസതിയിലേക്ക് കടന്നുചെന്നു. നിലവിളിച്ചുകൊണ്ടോടിയെത്തിയ മകൾ തലകഴുകി വൃത്തിയാക്കിയെടുത്തു.

നബി(ﷺ) പറഞ്ഞു: മോളേ നീ കരയാതെ പൊന്നുമോളേ, നിശ്ചയം അല്ലാഹു മോളുടെ ബാപ്പയെ രക്ഷിക്കും. അൽപം കഴിഞ്ഞ് നബി(ﷺ) കൂട്ടിച്ചേർത്തു. അബൂത്വാലിബിന്റെ വിയോഗം വരെ എന്നെ ഖുറൈശികൾ ഇത്ര ക്രൂരമായി കണ്ടിരുന്നില്ല. പ്രസ്തുത വർഷത്തിന് നബി(ﷺ) തന്നെ പേരുവച്ചു ആമുൽഹുസ്ൻ അഥവാ ദുഃഖവർഷം. ആ പേരിൽ തന്നെയാണ് ചരിത്രം ഇന്നും ആ വർഷത്തെ പരിചയപ്പെടുത്തുന്നത്.

# തിരുനബി(സ)യുടെ വിവാഹവും ഫാത്വിമ(റ)യും

തന്റെ പിതാവിന്റെ വൈവാഹിക തീരുമാനങ്ങളിൽ ഫാത്വിമ(റ) അശേഷം അലോസരപ്പെട്ടില്ല. ഏകാന്തതയുടെയും ആർദ്രദുഃഖങ്ങളുടെയും ദിനരാത്രങ്ങൾക്ക് പര്യവസാനം വന്നതിൽ അവർ സന്തോഷിച്ചു. ശത്രുപക്ഷത്തിന്റെ നീക്കുപോക്കുകൾക്കും അതുവഴിയുണ്ടാകുന്ന യാതനകൾക്കും നടുവിൽ പിതാവിന് കലവറ സൂക്ഷിപ്പുകാർ ഉണ്ടാകട്ടെ എന്നവർ ആശിക്കുകയും ചെയ്തു.

തന്റെ മാതാവും – തിരുനബി(ﷺ)യുടെ പ്രഥമ പത്നിയുമായ ഖദീജ(റ)വിലുള്ള പിതാവിന്റെ താത്പര്യത്തിന്റെയും സ്നേഹത്തിന്റെയും അതിരുകൾ കുറക്കാൻ പുതിയ വിവാഹങ്ങൾ വഴിയാകുകയില്ലെന്നവർക്ക് തിരിച്ചറിയാമായിരുന്നു. തിരുനബി(ﷺ)യുടെ വാചകങ്ങൾ തന്നെ അതിനവർക്ക് തെളിവായിരുന്നു. ജനങ്ങൾ അവിശ്വസിച്ചപ്പോൾ അവൾ, ഖദീജ(റ) വിശ്വസിച്ചു. ജനത എന്നെ കള്ളനാക്കിയപ്പോൾ അവൾ എന്നെ സത്യവാനായി കണ്ടു. ജനത എനിക്ക് വിലക്ക് ഏർപ്പെടുത്തിയപ്പോൾ അവൾ സ്വന്തം സ്വത്ത് കൊണ്ട് എന്നെ ധന്യനാക്കി (ബുഖാരി).

പിതാവിനെ പരിചരിക്കുന്നതിൽ അൽപവും അമാന്തിക്കാത്ത ഫാത്വിമ, മാതൃത്വത്തിന്റെ ലാളനയും ഭാര്യയുടെ ഉത്തരവാദിത്വബോധവും മകളുടെ കാരുണ്യവും ഒന്നുപോലെ ആവാഹിച്ച് സേവനനിരതയായി. എന്നാലും ആവശ്യനിർവഹണവും ആനന്ദവുമൊക്കെയായി ഒരു ഭാര്യ തിരുനബിക്കുണ്ടാകണം എന്നവർ ആശിച്ചു. സംഅയുടെ മകൾ സൗദ സഹധർമിണിയായി നബി ജീവിതത്തിലേക്ക് വന്നതിൽ ഫാത്വിമ(റ) ആനന്ദിച്ചു.

റജബിന്റെ ധന്യമാർന്ന ഒരു നിശയിൽ തന്റെ പിതാവ് അനുഗ്രഹീതനായത് ആനന്ദാശ്രുക്കളോടെ അവർ ഓർത്തു. പ്രപഞ്ച ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട തിരുനബി(ﷺ)യുടെ നിശാപ്രയാണമായിരുന്നു അത്. നിയോഗമാർഗത്തിന്റെ നാഴികക്കല്ലായിരുന്നു നബി(ﷺ) നൽകിയത്. ആനന്ദത്തിന്റെ ആന്ദോളനങ്ങൾ അന്തർതലത്തിൽ ആയിരമായിരം അരിമുല്ലകൾ വിടർത്തിയ നിമിഷങ്ങൾ. ഉടമസ്ഥനായ നാഥനുമായി ബന്ധിച്ച അത്യാദരണീയമായ പാതിരാ പ്രയാണം.

ഫാത്വിമാ(റ)യുടെ ഓർമയുടെ ഏടുകൾ പിറ്റേന്ന് പ്രഭാതത്തെയാണോർക്കുന്നത് – നബി(ﷺ) ആ യാത്രാവൃത്താന്തങ്ങൾ പരസ്യം ചെയ്തു കേട്ട ഖുറൈശികൾ ഇളകിച്ചിരിച്ചു. വിശ്വാസികൾ കൂടൊഴിഞ്ഞു. ശത്രുക്കൾക്കൊരു അവസരം വീണുകിട്ടിയതുപോലെയവർ അട്ടഹസിച്ചു. പക്ഷേ, അത് സിദ്ദീഖുമാരുടെ വിശ്വാസത്തെ ദൃഢപ്പെടുത്തി. ചരിത്രത്തിലെവിടെയും ഉദാഹരിക്കപ്പെടാൻ മാത്രം ഉന്നതിയിലേക്കുയർന്നു. അല്ലാഹുവിലും അദൃശ്യകാര്യങ്ങളിലും അവർക്കുള്ള വിശ്വാസത്തിന്റെ ആക്കം വർദ്ധിച്ചു.

ഫാത്വിമ(റ)യുടെ സ്മൃതിതലത്തിൽ ചില പിന്നാമ്പുറങ്ങൾ കൂടി മിന്നിമായുകയാണ്.

ഹൃദയവർജ്ജകമായ ദലമർമ്മരങ്ങൾ പ്രകമ്പനങ്ങളോടെ ആ വത്സല ഹൃദയത്തെ ഓർമിപ്പിക്കുകയാണ്. മക്കയിൽ നിന്ന് അബ്സീനിയായിലേക്ക് പോയിരുന്ന പലായന സംഘത്തിന്റെ കഥ പരിതാപകരമായി. തിരദൂതർ(ﷺ) മദീനവാസികളുമായി രണ്ടു കരാറുകളിൽ ഏർപ്പെട്ടു. അത് ഉന്നതവിജയത്തിന്റെ വാതായനങ്ങൾ തുറന്നു. മുസലിംകൾക്ക് മദീനയിലേക്ക് യാത്രയാകാൻ തിരുനബി അനുമതി നൽകി.

നിർണ്ണായകമായ ഈ മുഹൂർത്തത്തിൽ മക്കായുടെ മലർവനിയിലേക്കൊരു യാത്രാസംഘം വന്നുചേർന്നു. അത് അബ്സീനിയയിൽ നിന്നുള്ള പ്രഥമ സംഘമായിരുന്നു. മുസ്ഥഫായുടെ പ്രിയപുത്രി റുഖിയ്യ(റ) അതിലെ പ്രധാനിയായിരുന്നു. ബാല്യത്തിന്റെ ഓർമകൾ മനോമുകുരത്തിൽ തൊട്ടുണർത്തുന്ന നിമിഷങ്ങളായിരുന്നു റുഖിയ്യയുടേത്. പിതാവിന്റെ സന്നിധാനത്തിലേക്കും മാതാവിന്റെ മടിത്തട്ടിലേക്കുമുള്ള മടക്കം.

ആർദ്രചിത്തയായി മഹതി പിതൃസന്നിധിയിലേക്ക് മടങ്ങി... റുഖിയ്യ(റ)യെ അഭിസംബോധനം ചെയ്യാൻ ഫാത്വിമയും ഉമ്മുകുൽസുമും

ഭയപ്പെട്ടു. പക്ഷേ മാതാവിന്റെ വിയോഗത്തിന്റെ ദുഃഖം...... മാതാവില്ലാത്ത വീട്ടിലേക്കുള്ള പ്രിയപുത്രിയുടെ മടക്കം..... മാനസിക നിലകളെ നിയന്ത്രിക്കാൻ ശ്രമപ്പെടുന്ന സന്നിഗ്ദ നിമിഷങ്ങൾ.......... ഇരുവരും റുഖിയ്യയെ ആലിംഗനം ചെയ്തു. ആറു നയനങ്ങളും ഒരുമിച്ചു ഒരു നീർചാൽ തീർത്തു. ഇടയിൽ ഇടറിയ സ്വരത്തിൽ റുഖിയ്യ(റ) ചോദിച്ചു. എന്റെ ഉമ്മയെവിടെ?

മാതാവിന്റെ വിരഹം മക്കളിൽ തീർത്ത ദുഃഖം അവരെ ഒരു മറുപടി പറയുന്നതിൽ നന്ന് തടഞ്ഞു.

അവർ ഇരുവരും ഏകസ്വരത്തിൽ പറഞ്ഞു. വാപ്പക്ക് സുഖമാണ്. അബ്സീനിയയിൽ നിന്ന് തിരിച്ചെത്തിയവരെ കാണാൻ പോയതാണ്. ഇത്രയുമായപ്പോഴേക്ക് ഫാത്വിമാ(റ)യുടെ അധരങ്ങൾ വിറച്ചു. അവൾ വിതുമ്പി ഉമ്മുകുൽസൂമിന്റെ ഇമകൾ അടഞ്ഞു. കണ്ണുനീർ പൊഴിക്കാൻ തുടങ്ങി. വിരഹം ദുഃഖത്താൽ പൊറുതിമുട്ടുന്ന ഒരു പുനഃസമാഗമം. കാലങ്ങൾക്കു ശേഷം കണ്ടുമുട്ടിയ സഹോദരിയോട് ഒത്ത് ചേരുമ്പോൾ കാലയവനികൾക്കുള്ളിലേക്ക് മറഞ്ഞ മാതാവിന്റെ സ്മരണകൾ ഗദ്ഗദ മുയർത്തുന്ന സന്നിഗ്ധ നിമിഷങ്ങൾ. പിന്നെ അധികമൊന്നും ചോദിക്കാൻ റുഖിയ്യ(റ) മുതിർന്നില്ല. അവൾ നിശബ്ദയായി കട്ടിലിലേക്ക് ചരിഞ്ഞു. ശേഷം പൂർണമായ നിശബ്ദത. ആരും ഒന്നും ഉരിയാടുന്നില്ല.

അധികം വൈകിയില്ല. തിരുനബി(ﷺ) അടുത്തേക്ക് കടന്നുവന്നു. മൂവരും പിതൃലാളനയുടെ ഗിരിശൃംഖത്തിൽ നിന്ന് മാതൃവിയോഗത്തിന്റെ ദുഃഖം ഘനീഭവിപ്പിച്ചു. റുഖിയ്യ പിതാവിന്റെ വിരിമാറിലേക്ക് ചരിഞ്ഞു.

# പലായനവും ഫാത്വിമ(റ)യും

ദിനങ്ങൾ ധൃതിയിൽ ഉദയാസ്തമയങ്ങൾ തേടി. മദീനയിലേക്കുള്ള പലായനം തീരുമാനിച്ചു. പ്രായേണ പ്രവാചകനും(ﷺ) പലായനത്തിന് ഇലാഹീനിയോഗം ലഭിച്ചു. നബി(ﷺ)യും സിദ്ധീഖ്(റ)വും മദീനയിലേക്കുള്ള മാർഗത്തിൽ പ്രവേശിച്ചു. മകൾ ഫാത്വിമ(റ)യെയും ഉമ്മുകുൽസുമി(റ)നെയും ഭാര്യ, സംഅയുടെ മകൾ സൗദ (റ)യെയും പിന്നിലാക്കി. റുഖിയ്യത്ത് ഉസ്മാൻ(റ)വിനൊപ്പം യാത്രതുടങ്ങിയിരുന്നു.

ഖുറൈശി കുലപതികൾ കണ്ണും ഖൽബും പാർത്തിരുന്നു. രണ്ട് നേതാക്കളും പലായനം കാട്ടുതീപോലെ മക്കയിൽ പരന്നു. മദീനയിൽ നിന്ന് മക്കയിലേക്ക് സുവിശേഷങ്ങളെത്തിത്തുടങ്ങി. അതിരറ്റ സ്നേഹാദരങ്ങളോടെ യസ്രിബിന്റെ മക്കൾ തിരുദൂതരെ സ്വീകരിച്ച വാർത്തകൾ. അനുരാഗപ്രകടനത്തിന്റെ അലമാലകളിൽ ആനന്ദാശ്രുക്കൾ പൊഴിക്കുന്ന തിരുനബി(ﷺ)യുടെ വാർത്തകൾ, സിദ്ധീഖിന്റെ പ്രസ്താവനകൾ... മക്കക്കാരെ ഒന്നുകൂടി പൊറുതിമുട്ടിച്ചു.

അധികം വൈകാതെ തിരുനബി(ﷺ) ഏൽപിച്ച യാത്രികരുടെ കാര്യനിർവഹണം നടത്തി അലി(റ)വും യാത്രുതടങ്ങി – പിന്നെ ഓരോ ദിനങ്ങളും ഗദ്ഗദവുമുയർത്തി ആർദ്രതയുടെ ബാഷ്പബിന്ദുക്കൾ മദീനയുടെ മണൽതരികളെ പുൽകി. ആനന്ദത്തിന്റെ വല്ലരിയിൽ തത്തിക്കളിക്കുന്ന മദീന നിവാസികൾക്ക് എത്താനുള്ള യാത്രികരെത്തേടി മനം വെമ്പൽകൊണ്ടു. അങ്ങനെയിരിക്കെ സുവിശേഷമെത്തി. ഭാരമേറിയ രാത്രികൾക്കും, വേച്ചുവേച്ചു നടന്ന പകലുകൾക്കും അറുതിയായി. സൈദുബിൻ ഹാരിസയും, അബൂറാഫിഉം രണ്ടു സഹയാത്രികരുമായി എത്തി. ഒപ്പം അഞ്ചു ദിർഹമിന്റെ സ്വത്തും സൗദ, ഫാത്വിമ ഉമ്മു

കുൽസും(റ) എന്നീ പ്രവാചകകുടുംബത്തിലെ മഹിളാരത്നങ്ങളും ആഇശ മാതാവും യാത്രതിരിച്ചു.

മക്കയിൽ നിന്ന് മദീനയിലേക്ക് പുറപ്പെടുന്ന ദിവസം, അഥവാ മക്കയിലെ അവസാനദിവസം ഫാത്വിമ(റ)യും ഉമ്മുൽകുൽസൂ(റ)മും സഹോദരി സൈനബി(റ)വിനൊപ്പമായിരുന്നു. ശുഭമായനാളെ എന്നാശംസകൾ നേർന്നവർ പിരിഞ്ഞു. നേരെ ഹുജൂനിലേക്ക് മടങ്ങി. മണ്ണറയിൽ കിടക്കുന്ന മാതാവിനെ സന്ദർശിച്ചു. ഒലിക്കുന്ന നയനങ്ങളോടെ വിടപറഞ്ഞു തിരുനബി(ﷺ)യുടെ മക്കാഭവനത്തിന്റെ വാതിൽ അവർ ഒന്നു ചേർത്തടച്ചു. ഇസ്ലാമിന്റെ അനുഗാമികളിൽ നിന്ന് തൽക്കാലം മക്ക ഒറ്റപ്പെട്ടു. മക്കയുടെ ഹൃദയ സന്തതികളും രക്ഷിതാക്കളും നിൽക്കപ്പൊറുതിയില്ലാതെ യസ്രിബിലേക്ക് പിൻവാങ്ങിയത് കഅ്ബക്ക് ദുഃഖമായി ജാജ്വല്യമായ ഒരു പുനാഗമനത്തിനായി അത് ഹൃദയാ പ്രാർത്ഥിച്ചു.

സൈദ് കാത്തുനിന്ന വഴിയിലേക്ക് ഫാത്വിമ(റ) ഉമ്മുകുൽസുമി(റ)ന്റെ കൈപിടിച്ചു നടന്നു. മദീനയിലേക്കുള്ള പ്രയാണപാതയിൽ അവർ നടന്നു നീങ്ങി. പക്ഷേ മാർഗ്ഗം വേണ്ടത്ര ശാന്തമായിരുന്നില്ല. അപശപ്തനായ ഖുറൈശീ കിങ്കരന്റെ കഴുകക്കണ്ണുകൾ തിരുനബി(ﷺ)യുടെ പുത്രിമാരുടെ മാർഗ്ഗത്തിലുമെത്തി. ഹുവൈരിസ് എന്നായിരുന്നു അവന്റെ നാമം. അവരുടെ വാഹനങ്ങളെ അവൻ തടഞ്ഞുമാറ്റി ആക്രമിച്ചു കീഴടക്കി. അതോടെ യാത്ര കാൽനടയായി. മൃദുലമായ ആ പാദങ്ങൾ മരുപ്പറമ്പിന്റെ ദാർഷ്ട്യതയോട് മെരുകാൻ പണിപ്പെട്ടു. മാർഗ്ഗമധ്യേയുള്ള മണൽത്തരികൾപോലും സ്വർഗ്ഗീയ തരുണികളുടെ യാത്രാക്ലേശത്തിൽ ആർദ്രമായി. പാദസ്പർശമേറ്റ് പുളകമണിയുമ്പോഴും യാത്രാക്ലേശത്തിൽ അവ ദുഃഖിതമായി.

ദാർഷ്ട്യനായ ഹുവൈരിസിനെ തടയാൻ അവിടെ ആരുമുണ്ടായിരുന്നില്ല. തിരുനബി(ﷺ)യുടെ പ്രബോധനപാഥേയത്തിൽ സ്ഖലിതങ്ങൾ തീർത്ത മനുഷ്യ പിശാചിനെ ഒതുക്കാൻ ആരും അവിടെ സന്നിഹിതരായിരുന്നുമില്ല. പക്ഷേ, ചരിത്രം ആ ക്രൂരകൃത്യങ്ങളെ മറന്നില്ല.

ചരിത്രത്തിന്റെ ഗതിമാറ്റം അവിസ്മരണീയമായി നബിഹൃദയത്തിൽ നിലനിന്നു. ഹിജ്റയുടെ എട്ടാംവർഷം ഹുവൈരിസിന്റെ ഓർമ്മതലത്തിൽ നിലനിൽക്കുകയാണ്. ഉന്നതവിജയത്തിന്റെ ദിനരാത്രങ്ങളെ അയാൾ മറക്കില്ല....അലി(റ)വായിരുന്നു ഹുവൈരിസിന്റെ പ്രതിയോഗി. അവിടുന്ന് കർത്തവ്യം നിറവേറ്റുകയും ഹുവൈരിസ് ചരിത്രത്തിന്റെ പിന്നാമ്പുറത്തേക്ക് മാറുകയും ചെയ്തു....

ഫാത്വിമ(റ)യെ മദീനയിലേക്ക് ഹാജരാക്കാൻ ആളെ നിയോഗിക്കുന്നതിന് മുമ്പ് തന്നെ തിരുനബി(ﷺ) പള്ളിയുടെയും ഭവനത്തിന്റെയും നിർമ്മാണം ആരംഭിച്ചിരുന്നു. നബി(ﷺ)യുടെ ഒട്ടകം മദീനയിൽ മുട്ടുകുത്തിയതുതന്നെ അബൂഅയ്യൂബുൽ അൻസാരി എന്ന പ്രമുഖന്റെ ഭവനത്തിനു മുമ്പിലായിരുന്നു. ആ വീടിനൊരു പ്രത്യേകത ഉണ്ടായിരുന്നു. അഫ്‌ലഹ് എന്നു പേരുള്ള അതിന്റെ മുൻ മുതലാളിയുടെ പക്കൽ നിന്നും അബ്ദുറഹ്മാന്റെ മകൻ മുഗീറ ആയിരം ദീനാറിന് വാങ്ങിയതായിരുന്നു. അറ്റകുറ്റപ്പണികൾ നിവർത്തിച്ചശേഷം മദീനയിലെ ഫുഖറാക്കൾക്ക് അത് സമ്മാനിക്കുകുയം ചെയ്തു. അതിന്റെ അവകാശിയായിരുന്നു അബൂഅയ്യൂബുൽ അൽസാരി(റ).....

തിരുനബിയുടെ(ﷺ)നിർമ്മാണപ്രവൃത്തികളിൽ മക്കയിൽ നിന്നു വന്ന (മുഹാജിറുകൾ) വരും മദീനാ നിവാസികളായ അൻസാറുകളും ആവേശപൂർവ്വം ഭാഗഭാക്കായിക്കൊണ്ടിരുന്നു. ആനന്ദാരവങ്ങളോടെയുള്ള നിർവ്വഹണങ്ങൾക്കിടയിൽ കേട്ട കവിതാശകലം ഇങ്ങനെയായിരുന്നു.

ലഇൻ ഖഅദ്നാ വന്ന ബിയ്യു യഅ്മലു

ലിദാക മിന്നാ - അൽ അമലുൽ മുളല്ലലു....

(തിരുനബി കർമ്മസരണിയിലാകുമ്പോൾ നമ്മൾ കർമ്മകുശലരായില്ലെങ്കിൽ എത്ര വ്യർത്ഥമായ സമീപനവും പ്രവൃത്തിയുമായിരിക്കും അത്)

ഈ വരികളെ നെഞ്ചിലേറ്റി അധ്വാനസംതൃപ്തരാകുന്നതിനിടയിൽ മുസ്‌ലിം അധരങ്ങളിൽ നിന്നൊഴുകിയ മറ്റൊരു കാവ്യശകലം ഇങ്ങനെയായിരുന്നു.

ലാഹുമ്മഇന്നൽഐശ ഐശുൽ ആഖിറ

ഫർഹമിൽ അൻസ്വാറവൽമുഹാജിറ:

(യഥാർത്ഥ ജീവിതം മരണം ശേഷം തന്നയാ

അതിനാലെ ഭൂമിയിൽ ക്ലേശവും അന്യായമാ

അൻസാരികൾക്ക് കരുണ നൽകണം റബ്ബനാ

അതുപോലെ തന്നെ മുഹാജിറിന്നും ഹിബ്ബനാ)

കർമ്മാവേശത്തോടെ പ്രവർത്തിക്കുന്ന അമ്മാർ(റ)വിന്റെ മേനിയിൽ നിന്ന് പൊടി തട്ടി വൃത്തിയാക്കുന്ന തിരുനബി(ﷺ)യുടെ കരങ്ങൾ ആർദ്രവും സജീവവുമായിരുന്നു. പടുകൂറ്റൻ കല്ലുകൾ ചുമക്കുകയായി

രുന്ന യാസറിന്റെ മകൻ അമ്മാർ(റ). ഇടയിലൂടെ അലി(റ)ന്റെ കവിതാശകലങ്ങൾ കേൾക്കാമായിരുന്നു.

لا يستوي مــن يعــمر الــمساجدا
يدأب فــيه قائــما وقــاعــــدا
ومــن يرى عـــن الــغـبار حائدا

നിത്യമായി പള്ളിയിൽ നിലകൊണ്ട് പള്ളി പരിപാലിക്കുന്നവരും

പൊടിപിടിച്ച് പള്ളിയിൽ ഇരിക്കുന്നവരും അല്ലാത്തവരും ഒരിക്കലും സമമല്ല.

പള്ളിയുടെ നിർമ്മാണം തീരുന്നതുവരെ അമ്മാറിന്റെ അധരങ്ങളിൽ ഈ കവിതാതന്തു തത്തിക്കളിച്ചുകൊണ്ടിരുന്നു.

മദീന പള്ളിയോട് ചേർന്ന് വിനീതമായി നിർമ്മിക്കപ്പെട്ട പ്രവാചകഭവനം. ഈത്തപ്പനയോലകളാൽ ക്രമീകരിച്ച കിടക്ക.

താഴ്മനീറഞ്ഞ പ്രസ്തുത ഭവനത്തിലേക്കാണ് ഫാത്വിമ(റ) എത്തിച്ചേർന്നത്. നാളുകൾക്ക് മുമ്പ് മക്കയിൽ നിന്ന് പിരിഞ്ഞുപോന്ന പിതാവിനോട് ആദരനിർഭരമായ വിധത്തിൽ അൻസാറുകൾ കാത്തുനോറ്റു സേവനം ചെയ്യുന്ന നബിയുടെ(ﷺ) കൂടെ ജീവിക്കാനുള്ള എത്തിച്ചേരൽ. മക്കയിൽ നിന്നു വന്നവർ സ്വദേശവും സർവ്വസ്വവും ഉപേക്ഷിച്ചിട്ടും മദീനയിൽ പൂർണ സംതൃപ്തരും ശാന്തരുമായിരുന്നു. മുഹാജിറുകളുടെയും അൻസാരികളുടെയുമിടയിൽ നബി(ﷺ) സാഹോദര്യം സ്ഥാപിച്ചു. അതോടെ പരദേശത്തിന്റെ അന്യതാബോധം വന്നവരിൽ ഇല്ലാതായി. പരസ്പരമുള്ള ബന്ധങ്ങൾ രൂഢമൂലമാവുകയും ചെയ്തു.

അപ്പോഴേക്കും ഫാത്വിമ(റ)ക്ക് പതിനെട്ട് വയസ്സ് പ്രായമായിരുന്നു. വത്സലനായ പിതാവിന്റെ സേവനത്തിൽ സംതൃപ്തികാംക്ഷിച്ച അവൾ വൈവാഹിക ജീവിത്തിലേക്ക് ചിന്തിച്ചിട്ടില്ല. ആലോചനകൾ ഇസ്‌ലാമിലും തിരുനബിയിലും ഒതുങ്ങിനിന്നതിനാൽ പാറിക്കളിച്ചതുമില്ല. അവൾ സ്വസ്ഥയും സുശീലയുമായി തുടർന്നു.

എന്നാൽ നാളുകൾ നൽകിയ പാഠത്തിൽ നിന്നവൾ വിവാഹത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടു. ഒരു പെണ്ണിന്റെ ജീവിതത്തിന് ഒരു ആൺതുണയുടെ അനിവാര്യത അവൾ തിരിച്ചറിഞ്ഞു. ആ വിചാരവിക്ഷേപങ്ങൾക്കിടയിലും അവൾ തന്റെ ചുറ്റുപാടിലേക്കൊന്നിമ അയച്ചു.

എത്ര ചേതോഹരമായ കാഴ്ചകൾ.......വ്യക്തമായ സാഹോദര്യത്തിന്റെ അമൂർത്തമായ ദൃശ്യങ്ങൾ..........

മദീനാ നിവാസികളും വന്നവരും തമ്മിൽ എന്തൊരു സ്വരച്ചേർച്ച. സാർത്ഥകമായ സ്നേഹത്തിന്റെ നിസ്വാർത്ഥങ്ങളായ പ്രഭാത പ്രദോഷങ്ങൾ

ഓരോ മുഹാജിറും മദീനയിലേക്ക് വരുമ്പോഴും ദശക്കണക്കിന് അൻസാരികൾ അടുത്തുകൂടുന്നു. ഏവരും ആതിഥ്യമരുളാൻ മത്സരിക്കുന്നു. തനിക്കു സഹോദരനായിക്കിട്ടണം എന്നതിൽ ആവേശം കാണിക്കുന്നു. അവസാനം നറുക്കിടേണ്ടിവരുന്നു. കിട്ടുന്നവർ സംതൃപ്തരായി കീർത്തനാലാപത്തോടെ യാത്രപോകുന്ന കാഴ്ച. ലോകചരിത്രത്തിലെതന്നെ ഏറ്റവും അത്യപൂർവ്വവും ആനന്ദനിർഭരപവുമായ കാഴ്ചയാണത്. സാഹോദര്യത്തിൽ ചരിത്രം തീർത്ത സംവേദനങ്ങൾ.........

മദീനയുടെ മനതാരിൽ നിന്നും സ്വർഗ്ഗീയ റാണി ഫാത്വിമ(റ) മക്കയിലേക്കൊന്നെത്തിനോക്കി....ശോഭനമായൊരു നാളെ മക്കയിലും പൊട്ടിവിടരുമെന്നവൾ പ്രത്യാശിച്ചു. പൊറുതിമുട്ടിക്കലിന്റെയും വിനാശത്തിന്റെയും ശത്രുതയുടെയും ഇന്നലെകൾ വഴിമാറുമെന്നവർ ആഗ്രഹപൂർവ്വം പ്രതീക്ഷയമർത്തി.

മക്കാമദീനകൾക്കിടയിൽ ഒരു തുലന പാരായണത്തിനവൾ ശ്രമിച്ചുനോക്കി.

മക്കയിൽ ഇസ്ലാമായെന്നറിഞ്ഞാൽ അയാൾക്കുചുറ്റും ആളുകൾ ഒത്തുചേരും. പിന്നെ അക്രമമായി. പീഢനമായി, ശിക്ഷാമുറകളും മറ്റും മറ്റും......

മദീനയിൽ ഒരു മുസ്ലിമെത്തിയാലോ, അപ്പോഴക്കും ആളുകൾ ഒത്തുകൂടും. പിന്നെ പിടിവലിയായി. സ്വീകരിക്കാനും, കൂടെ കൂട്ടാനും... സൽക്കാരിക്കാനും........

ഈ അൻസാരികളാണ് നമ്മെ കാത്തിരുന്നതെങ്കിൽ പലായനം എത്ര ലളിതമാണ്. വീടുകൾ വിട്ടൊഴിഞ്ഞതിൽ എന്ത് ദുഃഖിക്കാനാണ്.

ആത്മമിത്രങ്ങളെ ലഭിച്ചപ്പോൾ നഷ്ടപ്പെട്ടതെത്ര നിസ്സാരമാണ്.

അൻസാറുകളുടെ ആതിഥ്യത്തിന്റെ സീമകൾ ഒന്നൊന്നായി വികസിച്ചു. സ്വത്തിന്റെയും ഭവനത്തിന്റെയും പകുതിവീതം അതിഥികൾക്ക്

നൽകി. പോരാത്തതിന് ഒന്നിലധികം പത്നിമാരുള്ള അൻസാറുകൾ ആഗതർക്ക് ഇഷ്ടമുള്ള പത്നിയെ മൊഴിചൊല്ലി അവർക്ക് വേളികഴിച്ചു കൊടുക്കുകയും ചെയ്തു.

അതുവഴി ആഗതർ അൻസാരികളിൽ നാനാർത്ഥത്തിലും ഇഴുകി ച്ചേർന്നു.

വിഹ്വലതയുടെ ദിനരാത്രങ്ങളിൽ നിന്ന് എത്തിച്ചേർന്നവർ എന്തു കൊണ്ടും സുരക്ഷയുടെ തീരത്തണഞ്ഞു.

ഹിജ്റയുടെ രണ്ടാമാണ്ട് അയവിറക്കുമ്പോൾ ഫാത്വിമ(റ)ക്കോർമ്മ വരുന്ന മറ്റൊരദ്ധ്യായം ആഇശ(റ)യുടേതാണ്. അബൂബക്കറി(റ)ന്റെ മകൾ ആഇശ(റ) തിരുനബി(ﷺ)യുടെ ഭാര്യാപദം അലങ്കരിക്കുന്ന സംഭ വം.... പ്രവാചകത്വത്തിന്റെ പദവിയും ഇസ്ലാമിക മാർഗ്ഗത്തിന്റെ സാരാർത്ഥവും നന്നായറിയുന്ന ഫാത്വിമ(റ) ആ ദിനരാത്രങ്ങളെ കൗതു കത്തോടെയും ആശംസകളോടെയും ഓർത്തുനോക്കുന്നു.

അത്തരം ഒരു പുനർവിവാഹത്തിൽ അവൾ പന്തികേടൊന്നുംതന്നെ കണ്ടില്ല. ആഇശ പ്രവാചകജീവിതത്തിലേക്ക് കടന്നുവരേണ്ടതിന്റെ പശ്ചാത്തലം നന്നായി ഫാത്വിമ മനസ്സിലാക്കിയിരുന്നു.......

ഖദീജ(റ)യുടെ വിയോഗത്തിന് ശേഷം ഏകാന്തത നിറഞ്ഞ ജീവി തത്തിലേക്ക് വൈവാഹിക വിചാരങ്ങളുണർത്തിയത് ഹകീമിന്റെ മകൾ ഖൗലയുടെ ചർച്ചകളും ആലോചനകളുമായിരുന്നു എന്നതാണ് വസ്തു ത. സംഅയുടെ മകൾ സൗദയെയും കല്യാണമാലോചിച്ചത് ഖൗലത ന്നെയായിരുന്നു.

തിരുനബി(ﷺ)യുടെ പുനർവിവാഹങ്ങളിൽ ന്യായപൂർണതകൾ നേരിൽ കണ്ട ഫാത്വിമതുൽ ബതൂൽ, ഇസ്ലാമിക പ്രബോധനരംഗത്തും വൈജ്ഞാനികരംഗത്തും പ്രവാചക പത്നിമാർ വഹിക്കേണ്ടിയിരുന്ന ഉത്തരവാദിത്വങ്ങൾ നന്നായി ഉൾക്കൊള്ളാൻ ഭാഗ്യം ലഭിച്ചവരായിരുന്നു.

# സൈനബ(റ)യുടെ പലായനം

വളരെയേറെ നിർണായകമായ ഒരു ഘട്ടത്തിലാണ് സൈനബ്(റ). കാരണം തന്റെ ഭർത്താവ് ഇസ്‌ലാമിലേക്ക് വന്നിട്ടില്ല. മാത്രമല്ല ബദ്റിന്റെ രണഭൂവിൽ തിരുനബി(ﷺ)യുടെ മറുപക്ഷത്താണ് സൈനബിന്റെ ഭർത്താവ് അബുൽ ആസ്.

സൈനബ(റ) തന്റെ പിതാവിന്റെ സഹായിയായി മുസ്‌ലീം പക്ഷത്തും. സ്നേഹപാത്രം ഇസ്‌ലാമിലേക്ക് കടക്കാത്ത ദുഃഖം ഒപ്പം പിതാവിന്റെ മറുപക്ഷത്ത് യുദ്ധഭൂമിയിൽ എത്തിച്ചേർന്നതും കൂടി ഇരട്ടി ദുഃഖം. നബി(ﷺ)യും മരുമകനും മുഖാമുഖം എത്തരുതേ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു.

അവസാനം ബന്ദികളുടെ കൂട്ടത്തിൽ അബുൽ ആസ് അകപ്പെട്ടു. നബി സവിധത്തിൽ മരുമകൻ ഹാജരാക്കപ്പെട്ടു. ബന്ദികളെ മോചിപ്പിക്കാൻ ഖുറൈശികൾ വ്യഗ്രത കാട്ടിക്കൊണ്ടിരുന്നു. എത്രവേണമെങ്കിലും മോചനദ്രവ്യം നൽകാൻ അവർ തയാറായി മുന്നോട്ടുവന്നു. അങ്ങനെ ഒരു വനിത ചോദിച്ചു. ഒരു ഖുറൈശിയുടെ പരമാവധി മോചനദ്രവ്യം എത്രയാണ്? നാലായിരം ദിർഹം എന്ന മറുപടിയിൽ അവൾ പകച്ചില്ല. തത്തുല്യമാംവിധം മോചനസാധനം നൽകി ഭർത്താവിനെയും, മകനെയും, പിതാവിനെയും അവൾ മോചിപ്പിച്ചു.

എന്നാൽ സൈനബിന്റെ ഭർത്താവിന് ദണ്ഡം നൽകാമെന്ന് അറിയിച്ച അബ്ദുൽ അസീസിന്റെ കുടുംബം ധനികരായിരുന്നെങ്കിലും തന്റെ ഭർത്താവിന്റെ മോചനം തന്റെ ബാധ്യതയായി അവൾ കണ്ടു. ഇന്നല്ലെങ്കിൽ നാളെ ഇസ്‌ലാമിലേക്ക് വരുമെന്നവൾ പ്രതീക്ഷിച്ചു. അബുൽ ആസിന്റെ സഹോദരൻ അംറിനെ അവൾ അടുത്തുവിളിച്ചു. ഒരു ചെറിയ പൊതിയേൽപ്പിച്ചു. അതെന്താണെന്നദ്ദേഹം അറിഞ്ഞില്ല. പൊതിയുമായി തന്റെ സഹോദരന്റെ മോചനത്തിനായി നബിസവിധത്തിലെത്തി.

നബി(ﷺ) തുറന്നുനോക്കി, ഒരു യമനീ ആഭരണം. മുൻപരിചയത്താൽ നബി(ﷺ) സൂക്ഷിച്ചുനോക്കി. ഹൃദതലത്തിലേക്ക് ഒരുപാട് ഓർമകൾ ചൊരിയാൻ ആ മാല കാരണമായി. സ്മൃതിപഥത്തിൽ അതിന്റെ യഥാർത്ഥ സ്ഥാനം നബി(ﷺ) ഓർത്തെടുത്തു.

തങ്ങളുടെ പ്രിയപത്നി, സൈനബി(റ)ന്റെ മാതാവ്, ഖദീജ(റ)യുടെ മാലയായിരുന്നു അത്. ഇന്നലെകളെ നബി(ﷺ)യോർത്തു. ഖദീജ (റ)യുടെ നിറസാന്നിധ്യം പകർന്ന തളിർക്കാറ്റുകൾ ഓർമ്മിച്ചെടുത്തു. പ്രിയപ്പെട്ട കൂട്ടുകാരി നൽകിപ്പോന്ന ആർദ്രതയെ അയവിറക്കി. കഅ്ബക്കടുത്ത് ഹുജൂൻ പ്രദേശത്തെ ഖബറിടത്തിനരികിലേക്ക് സ്മരണകൾ പാറിനടന്നു. തന്റെ മകൾ സൈനബിന് കല്യാണസമ്മാനമായി നൽകിയതായിരുന്നു ആ മാല. ഖദീജ(റ)യുടെ അമ്മാവന്റെ മകൾ ഹാലയുടെ മകനാണ് സൈനബിന്റെ വരൻ അബുൽ ആസ്. നമ്മുടെ ബന്ദി. സ്മരണകൾ കണിശമായി നീട്ടിവരച്ചു. ഇടവഴി മുറിയാതെ അത് ഗദ്ഗദങ്ങളുയർത്തി.

സഹാബികൾ ആ മാലയുടെ പ്രാധാന്യം മനസ്സിലാക്കി. തന്റെ ഭർത്താവിന്റെ മോചനത്തിനായി പ്രവാചകപുത്രി നൽകിയതാണെന്നത് എന്തെന്നില്ലാത്ത ഹൃദയവിചാരങ്ങൾക്ക് വഴിതെളിച്ചു.

അൽപമൗനത്തിന് ശേഷം തിരുനബി(ﷺ) സംസാരിക്കാൻ തുടങ്ങി.... വത്സലനായ ഒരു പിതാവിന്റെ സ്വരവും ഒപ്പം കരുണാമയനായ പ്രവാചകന്റെ സ്വരവും ഇഴുകിച്ചേർന്നു. നിങ്ങളഭിപ്രായപ്പെട്ടാൽ അവളുടെ ബന്ദിയെ ഒഴിവാക്കുകയും ആ മാല മടക്കി നൽകുകയും ചെയ്യാം.... അനുചരന്മാർ ഒരേ സ്വരത്തിൽ പറഞ്ഞു.. അതേ തിരുദൂതരേ... അപ്രകാരം ഞങ്ങൾ തീരുമാനിച്ചു......

നബി(ﷺ) മരുമകനെ അടുത്തേക്ക് ചേർത്തുനിർത്തി. രഹസ്യമായി പലതും പറഞ്ഞു. അനുകൂലമാംവിധം തലകുനിച്ചു നിന്ന അദ്ദേഹം അവസാനം യാത്രപറഞ്ഞിറങ്ങി. അൽപം ദൂരത്തായപ്പോൾ നബി(ﷺ) അനുചരന്മാരിലേക്ക് തിരിഞ്ഞിരുന്നു എന്നിട്ട് ഇങ്ങനെ പറഞ്ഞു. അല്ലാഹുവെത്തന്നെ സത്യം നാം മരുമക്കളോട് മോശമായി ഒന്നും ചെയ്തിട്ടില്ല.......

സൈനബ് (റ) തനിക്ക് കഴിയുന്നതിൽ ഏറ്റവും നല്ല മോചനദ്രവ്യവും നൽകി, ഭർത്താവിനെ കാത്തിരുന്നു. അയാളിൽ അവൾക്ക് മഹത്തായ പ്രതീക്ഷയുമുണ്ട്. ഇന്നല്ലെങ്കിൽ നാളെ ഇസ്‌ലാമിലേക്ക് വരും. അയാളുടെ പല നടപടികളും ഇസ്‌ലാമികഭാവങ്ങളോട് ചേരുന്നതുമാണ്. അവർ പ്രത്യാശിച്ചു.

അങ്ങനെയിരിക്കെ അബുൽആസ് അടുത്തേക്ക് വന്നു. സ്വാഗതവചനങ്ങളോടെയും സന്തോഷത്തോടെയും അവൾ അദ്ദേഹത്തെ സ്വീക

രിച്ചു. അപകടമൊന്നുമേൽക്കാതെ എത്തിച്ചേർന്നതിൽ അവൾ അല്ലാഹുവിനെ സ്തുതിച്ചു. ഭർത്താവിനെ നേർമാർഗ്ഗത്തിൽ ചേർക്കാനവൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്തു.

ആനന്ദാശ്രുക്കളോടെ ആത്മഭാജനത്തെ സ്വീകരിച്ച സൈനബ്(റ), പക്ഷേ അബുൽആസിന്റെ മുഖത്തെ മ്ലാനത ശ്രദ്ധിച്ചു. അവൾ തുറന്നു ചോദിക്കുകും ചെയ്തു. എന്താണാത്മപ്രേയസാ നിങ്ങൾക്കൊരു പ്രയാസംപോലെ. അപ്പോഴവളുടെ മനസ്സിൽ കുറെ ദൃശ്യങ്ങൾ മിന്നിമറഞ്ഞു. തന്റെ ഭർത്താവിന്റെ സ്നേഹസമൃദ്ധമായ ദൃശ്യങ്ങളായിരുന്നു അത്. ഖുറൈശികൾ നബി(ﷺ)യുടെ മരുമക്കളോടാഹ്വാനം ചെയ്ത നേരവും അവർ സ്മരിച്ചു. മുഹമ്മദിന്റെ പെൺമക്കളെ നിങ്ങൾ ഒഴിവാക്കി തിരച്ചേൽപിക്കൂ. റുഖിയ്യയും ഉമ്മുകുൽസുമും അങ്ങനെ ഒഴിവാക്കപ്പെട്ടവരാണ്. അപ്പോഴും അബുൽ ആസ് പറഞ്ഞത് ഞാനെന്റെ പത്നിയെ ഒഴിവാക്കുകയില്ലെന്നാണ്. ഖുറൈശിലെ ഏത് നാരിയെയും നിങ്ങൾക്കു തരാം, മുഹമ്മദിന്റെ പുത്രിയെ ഒഴിവാക്കൂ എന്നായിരുന്നു ആ പ്രഖ്യാപനം. അത് അബുൽ ആസ് തന്നെ സ്നേഹിക്കുന്നതിന് തെളിവാണെന്ന് സൈനബ് വായിച്ചറിഞ്ഞു.

ഖുറൈശിയിലെ ഒരു പെണ്ണും എന്റെ പത്നിക്ക് പകരമാകില്ലെന്ന് പറഞ്ഞ അബുൽ ആസ് ഇപ്പോൾ പക്ഷേ മേഘം മൂടിയ മുഖഭാവത്തിലാണ്...ഒന്നുകൂടി അവർ ചോദിച്ചു. എന്തുപറ്റി നിങ്ങൾക്കൊരു ശാന്തത. ഞാൻ വിടപറയാൻ വന്നതാണ്. അബുൽ ആസ് മറുപടി പറഞ്ഞു. നയനതടങ്ങൾ സജലങ്ങളാകാൻ വൈകിയില്ല. സൈനബ് ചോദിച്ചു എന്തേ ഖുറൈശികൾ ഇത്തവണ നിങ്ങളെ സ്വാധീനിച്ചോ? വറർഷങ്ങളായി നിങ്ങളെ ഇളക്കാൻ കഴിയാത്ത അവർ ഇത്തവണ വിജയം നേടിയോ?

അബുൽ ആസ് പ്രതികരിച്ചില്ല.

ആദർശത്തിന്റെ പേരിലാണെങ്കിലും ആത്മമിത്രത്തെ, ഹൃദയഭാജനത്തെ മുഖാമുഖം നോക്കിപ്പിരിയാൻ ഒരുമ്പെടുമ്പോഴുള്ള വെമ്പൽ... അവർ കുത്തി കുത്തി ചോദിച്ചു. ഇപ്പോൾ എന്തേ ഈ വിടപറയലിനു കാരണം? അബുൽ ആസിന്റെ മനതലം കലുഷമായി. പ്രിയപത്നിയോട് യാത്രാമംഗളം പറയുന്നതിന്റെ കദനം ആത്മാവിലേക്ക് തുളച്ച് കയറി. വിനീതമായി അയാൾ ഇങ്ങനെ പറഞ്ഞു.

“നിനക്ക് കരുണവർഷിക്കട്ടെ മോളേ......

നിന്റെ പിതാവ് എന്നോട് നിന്നെ ആവശ്യപ്പെട്ടിരിക്കുന്നു. അന്ന് എത്തിച്ചുകൊടുക്കാൻ ഇസ്‌ലാം എന്റെയും നിന്റെയുമിടയിൽ വേർപാടിന്റെ നിമിഷത്തിലായിരുന്നു. ഞാൻ ഏൽപിച്ചുകൊടുക്കാമെന്നേറ്റു. ഞാൻ വാക്കുപാലിക്കുന്നു.

അവൾ മെല്ലെയൊന്നിരുന്നു. ഇണപിരിയുന്നതിന്റെ വേപഥു അവളെ ഒന്നു പതറിച്ചു. പക്ഷേ ആദർശത്തിന്റെ ജ്വലകണങ്ങൾ അവളെ ജീവത്താക്കി. ഞാനെന്റെ പിതാവിന്റെ സമീപത്തേക്കാണ് പോകുന്നത്, പോകുന്ന വഴിയിൽ പ്രിയസഹോദരി റുഖിയ്യയുടെ ഖബറിടം ഒന്നു ദർശിക്കാനായേക്കും.. വീടും നാടും വിട്ടുപോയ മുഹാജിറുകളെ കാണാം. അവർക്കൊപ്പം ആദർശം കാത്ത് ജീവിക്കാം... തുടങ്ങി മോഹനവിചാരങ്ങൾ അവളെ സാന്ത്വനപ്പെടുത്തി.

ഉടനെ ചോദിച്ചു: ഇനിയെത്ര സമയമുണ്ട് നമുക്ക് യാത്രയാകാൻ?

ഹൃദയഭേദകവും വിനയനിർഭരവുമായ സ്വരത്തിൽ അബുൽ ആസ് പറഞ്ഞു. യാത്രക്ക് തയാറെടുക്കാനുള്ള അൽപം ദിനരാത്രങ്ങൾ മാത്രം... പിന്നെ പുറപ്പെടുക തന്നെ.. ദയാപുരസ്സരം അവൾ ചോദിച്ചു. ഞാനൊറ്റക്കാണോ പോകേണ്ടത്.

അല്ല. സൈദുബ്നിന് ഹാരിസ കൂട്ടിനുണ്ട്. ഒപ്പം അൻസാരികളിലുള്ള നിന്റെ ഉപ്പയുടെ സുഹൃത്തും. അവർ "യഅ്ജജ്" താഴ്‌വരയിൽ കാത്ത് നില്ക്കുകയാണ്. ഇവിടുന്ന് ഏകദേശം എട്ടുമൈൽ ദൂരത്താണത്. അവർ സുരക്ഷിതമായി നിന്നെ മദീനത്തെത്തിക്കും. ഞാനാ വാഗ്ദാനം ലംഘിക്കുകില്ല. നിന്നെ യാത്രയാക്കാതെ ഗത്യന്തരമില്ല... നിങ്ങൾ മദീനവരെ എനിക്കൊപ്പം വരില്ലേ...ഹൃദയഹാരിയായി അവർ ചോദിച്ചു...കഴിയില്ല മോളേ.....അവർ കണ്ണുനീർ നിയന്ത്രിച്ച് പുറത്തേക്കിറങ്ങി.

അല്ലാഹുവിധിച്ച വിയോഗത്തെ അവർ പുൽകാൻ തയ്യാറായി. നാളെകൾ ജാജ്വലമാകാൻ അവൾ ഹൃദയാ കൊതിച്ചു. പ്രതീക്ഷയുടെ നാമ്പുകൾക്കവൾ ചുംബനം കൊടുത്തു.

യാത്രാസന്നാഹങ്ങളൊരുക്കാൻ തുടങ്ങി. യാത്രയാകേണ്ട ദിവസം പ്രഭാതമായി. ഉത്ബയുടെ മകൾ ഹിന്ദ് അടുത്തേക്ക് വന്നു. ഒതുക്കങ്ങളും ഭാവങ്ങളും കണ്ട് വിഷയം മനസ്സിലാക്കിയെങ്കിലും അവൾ ചോദിച്ചു. എന്തേ വാപ്പയുടെ അടുത്തേക്ക് പോകുകയാണോ മുഹമ്മദ് നബി(ﷺ) യുടെ പുത്രി.

അത്ഭുതപരതന്ത്രയായ സൈനബ (റ) എന്ത് പറയണമെന്നറിയാതെ തരിച്ചുനിന്നു. ഉടനെ ഹിന്ദ് തുടർന്നു. "അല്ലായോ പിതൃവ്യപുത്രീ യാത്രയിൽ എന്തെങ്കിലും നേരമ്പോക്കിന് വേണമെങ്കിൽ നിന്റെ പ്രശ്നപരിഹാരം എന്റെ പക്കലുണ്ട്. പുരുഷന്മാർക്കിടയിൽ കടന്നുവരുന്നതൊക്കെ സ്ത്രീകൾക്കിടയിൽ വരണമെന്നില്ല." ഹിന്ദിന്റെ വാക്കുകൾ സൈനബിന്റെ മനസ്സിൽ പതിഞ്ഞു. തന്റെ പലായനവാർത്ത പറഞ്ഞാലോ എന്ന സൈനബ് വിചാരിച്ചു, പക്ഷേ ഒരു ഭയം പോലെ... അവളുടെ അവസ്ഥ വളരെ നിർണായകമാണ്.

സൈനബ് (റ) പറയുന്നു  അവൾ ചോദിച്ചത് പ്രവർത്തിക്കാനാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. പക്ഷേ ഞാൻ തുറന്ന് പറയാൻ മടിച്ചു.

സമയമായി. വേർപാടിനുള്ള നേരം അനുരാഗത്തിന്റെ ഇണപ്രാവുകൾ വേർവപിരിയൽ, അബുൽ ആസിനോടുള്ള യാത്ര. അതും അബുൽ ആസിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശിശു അവളുടെ ഗർഭാശയത്തിൽ വളർച്ച പ്രാപിക്കുന്ന കാലഘട്ടത്തിൽ.....അയാൾക്ക് യാത്രയാക്കാനുള്ള സ്ഥലംവരെപ്പോകാൻ കഴിയുന്നില്ല. മുന്നിൽനിന്നു കണ്ണുകൾ ചാലിട്ടൊഴുകുമ്പോൾ വേർപാടിന്റെ വേപഥു അധികമാകുന്നു... യാത്രതിരിക്കുമ്പോൾ  അവളെവിട്ട് ഏകാന്തനാകാൻ അവൻ ആഗ്രഹിച്ചു........

സൈനബിനെ യാത്രയാക്കാൻ തന്റെ സഹോദരൻ കിനാന:യെ ഏൽപിച്ചു. ഖുറൈശികളുടെ മുന്നിലൂടെ പട്ടാപ്പകൽ പരസ്യമായി കിനാന സൈനബിനെയും കൂട്ടി യാത്രയായി. ഏത് പ്രതിസന്ധിയെയും തരണം ചെയ്യാൻ തന്റെ ആവനാഴിയും അമ്പും തയ്യാറാക്കിവച്ചു. പ്രവാചകപുത്രിയുടെ ഈ പ്രയാണം ഖുറൈശികളെ ചൊടിപ്പിച്ചു. കുറേപ്പേർ ആ യാത്രികരെ പിന്തുടർന്നു. 'ദൂത്വുവാ' എന്ന സ്ഥലത്ത് വച്ചവർ ഒപ്പമെത്തി. ഗുബാർബിൻ അസ്‌വദ് എന്നയാളാദ്യം എത്തിച്ചേർന്നു.. തന്റെ മൂന്ന് സഹോദരന്മാർ ബദ്റിൽ കൊല്ലപ്പെട്ടതിന്റെ പക അയാളിൽ ജ്വലിച്ചുനിന്നു.

മനുഷ്യത്വത്തിന്റെ മൂല്യങ്ങളെ മറന്ന അവിശ്വാസികൾ കലപില കൂടി. വിശ്വാസിനിയായ പലായനക്കാരിക്കുമുന്നിൽ വിദ്വേഷത്തോടെ അവർ നിലകൊണ്ടു. അലറിക്കൊണ്ട് കിനാന സൈനബിലേക്ക് ചേർന്നു നിന്നു. അടുത്താൽ ഞാനവനെ അമ്പെയ്യും.... അതോടെ അടുത്തവർ അകന്നു. അബൂസുഫ്‌യാൻ അൽപം അകലെ മാറിനിന്ന് പറഞ്ഞു. കിനാനാ... നീ ഒന്ന് ഒതുങ്ങിയേ. ഒരു കാര്യം പറയട്ടേ... കിനാന കേൾക്കാൻ തയ്യാറായി.

നീ ചെയ്തത് ശരിയായില്ല കിനാനാ.. നമ്മുടെ വിഷമങ്ങൾ അറിഞ്ഞിട്ടും നമുക്കുമേൽ മുഹമ്മദ് നേടിയത് മനസ്സിലാക്കിയശേഷം പട്ടാപ്പകൽ പരസ്യമായി  ഈ സ്ത്രീയെയും കൂട്ടി പുറപ്പെട്ടത് ശരിയായില്ല. ജനങ്ങൾ ഇത് അവരുടെ നിന്ദ്യതയായിക്കാണും. അവരുടെ ശക്തിയെ ചോദ്യംചെയ്യുകയാണെന്ന് മനസ്സിലാകും. അവളുടെ വാപ്പക്ക് പകരം സൈനബിനെ തടഞ്ഞിട്ട് ഞങ്ങൾക്കൊന്നും കിട്ടാനില്ലെന്നാണ് സത്യവും. ഇപ്പോൾ നീ അവളെയും കൊണ്ട് മടങ്ങിപ്പോകൂ. പിന്നെ ജനങ്ങൾ ശാന്തരായശേഷം രഹസ്യമായി അവളെ വാപ്പക്ക് എത്തിച്ചു കൊടുത്താൽ മതി.

കിനാനയുടെ ശൗര്യം അതിനനുവദിച്ചില്ല. പിന്മാറാൻ കൂട്ടാക്കുന്ന മനസ്സായിരുന്നില്ല അദ്ദേഹത്തിന്. പക്ഷേ സൈനബിന്റെ അവസ്ഥ മാറി. ഗർഭിണിയായ മഹതിക്ക് വേദന തുടങ്ങി. ചുട്ടുപൊള്ളുന്ന മണൽപ്പരപ്പിൽ പ്രവാചകപുത്രിയുടെ പ്രസവം നടന്നു. മാനസികമായും ശാരീരികമായും അവൾ തളർന്നു.

അവർ മക്കയിലേക്ക് തന്നെ മടങ്ങി. അബുൽആസും അടുത്തെത്തി. അൽപം ദിവസങ്ങൾകൊണ്ട് ആരോഗ്യസ്ഥിതി പുരോഗമിച്ചപ്പോൾ വീണ്ടും യാത്രക്കൊരുങ്ങി. കിനാന വീണ്ടും സൈനബിനെയും കൂട്ടി യാത്രതിരിച്ചു. സുരക്ഷിതമായി സൈദ് ബിൻ ഹാരിസയെ ഏൽപിച്ചു കൊടുത്തു.

സൈനബിന്റെ മുഖം ജാള്യതയാൽ വിവർണമായിരുന്നു. ഈ യാത്രയിൽ ആരും അവരെ പിന്തുടർന്നില്ല. അസ്ത്രം കണക്കെയുള്ള ഹിന്ദിന്റെ കാവ്യശകലങ്ങളും അവരെ നന്നായി കളിയാക്കി.

പെണ്ണുങ്ങളോട് യുദ്ധം ചെയ്യാൻ പോകുന്നവരേ, ബദ്റ് ദിനത്തിൽ നിങ്ങളെവിടെയായിരുന്നു എന്ന ഹിന്ദിന്റെ ചോദ്യം ഖുറൈശികളെ നാണം കെടുത്തി.

യുദ്ധമില്ലാത്തപ്പോൾ കൊമ്പുകുലുക്കി ചീറിപ്പായുന്നവരേ, എന്തേ യുദ്ധത്തിൽ അബലകളായ പെണ്ണുങ്ങളേപ്പോലെയായത്? എന്ന ഹിന്ദിന്റെ കവിതകൂടിയായപ്പോൾ അവർ ഇളിഭ്യരായി. സുഭദ്രമായി സൈനബിനെ ഏൽപിച്ചുകൊടുത്ത കിനാന. അബുൽ ആസിന്റെയുടുക്കലേക്ക് മടങ്ങി.

സൈനബിനെ കാത്തിരുന്ന ഫാത്വിമ (റ) ആകുലയായി. ഇത്താത്ത എന്താണ് എത്താൻ വൈകുന്നത്? എത്തിച്ചേരേണ്ട ദിവസം കഴിഞ്ഞല്ലോ. ഖുറൈശികളുടെ പുറപ്പാടോ മറ്റു കഥകളോ അറിയാതെ അവൾ കൂട്ടിയും കിഴിച്ചും ദിനങ്ങളെണ്ണിനീക്കി.

സൈനബും മക്കൾ, അലി, ഉമാമ എന്നിവർ എത്തിയ വാർത്ത അറിഞ്ഞതോടെ ആശങ്കകൾ അകന്നു. സ്നേഹനിധിയായ ഇത്താത്തയെ കാണാൻ അനുജത്തി ഫാത്വിമ (റ) പാഞ്ഞടുത്തു. അനുഭവിച്ച കദനങ്ങൾ കേട്ട് ഫാത്വിമ (റ) ദുഃഖിച്ചു. മരുഭൂമിയുടെ നടുവിൽ പൂർണ ഗർഭിണിയായ നിലയിൽ എത്തിപ്പെടേണ്ടിവന്ന കഥകേട്ട് വിഷമം അധികരിച്ചു. മഞ്ഞളിച്ചു വിവർണമായ മുഖഭാവം രോഗത്തിന്റെ സാന്നിദ്ധ്യമാണെന്നറിഞ്ഞവർ അസ്വസ്ഥയായി. എങ്കിലും സമാഗമത്തിന്റെ ആഹ്ലാദത്തിൽ അവർ പ്രസന്നത കാണിച്ചു.

വാപ്പയോടൊത്തിരുന്ന് ഖുറൈശികളഉടെ പ്രതികരണം കേട്ടുകൊണ്ടിരുന്നു ഫാത്വിമ, ഹിന്ദിന്റെ പരിഹാസ ശരങ്ങളെക്കുറിച്ചും അറിഞ്ഞു.

ഹിന്ദിന്റെ അവസ്ഥയും അബൂസുഫ് യാന്റെ മനോഭാവവും യുദ്ധാന ന്തരം എന്തായിരിക്കുമെന്ന് കണിശമായി മനസ്സിലാക്കി.

സ്വഹാബിമാർ ഈ വാർത്തകേട്ട് കോപിഷ്ടരായി. അവർ ഖുറൈ ശികൾക്കെതിരെ തിരിഞ്ഞു.

أتاني الذي لا يقدر الناس قدره    لزينب فيهم من عقوق ومأثم
فأقسمت لا تنفك منا كتائب    سراة خميس في لهام مسوّم
تروع قريش الكفر حتى نعلها    بخاطمة فوق الأنوف بميسم
ننزلهم أكناف نجد ونخلة    وإن يتهموا بالخيل والرجل نتهم
فأبلغ أبا سفيان إما لقيته    لئن أنت لم تخلص سجودا وتسلم
فأبشر بخزي في الحياة معجل    وسربال قار خالذا في جهنم

നബി(ﷺ)യും കോപിഷ്ടരായി. സൈനബിനെ ആക്രമിക്കാൻ വന്ന ഗുബാറിനെയും അവന്റെ സഹകരാരിയെയും കരിച്ചുകളയാൻ നബി (ﷺ) ആജ്ഞാപിച്ചു. പക്ഷേ അവരെ കണ്ടെത്താനായില്ല. പിറ്റേന്ന് പ്രഭാത മായപ്പോൾ നബി(ﷺ) അവരിലേക്ക് സന്ദേശമറിയിച്ചു. അവർക്ക് വധ ശിക്ഷ നൽകിയാൽ മതി അഗ്നിക്കിരയാക്കരുത്. അബൂഹുറൈറ(റ) നിവേ ദനം തെയ്യുന്നു. നബി(ﷺ) ഒരു സംഘത്തെ അയച്ചു. നിങ്ങൾ ഗുബാ റിനെയും അവന്റെ തുണ, സൈനബിനെ ആക്രമിക്കാൻ വന്നവനെയും കമണ്ടുമുട്ടിയാൽ - അവന്റെ പേര് നാഫിഅ് ബിൻ അബ്ദുൽ ഖൈസ് എന്നാണ് - രണ്ടുപേരെയും അഗ്നിക്കിരയാക്കുക. പിറ്റേന്ന് രാവിലെയാ യപ്പോൾ ഞങ്ങളിലേക്കയാളെ അയച്ചു. അവരെ അഗ്നിക്കിരയാക്കാനാ യിരുന്നല്ലോ ഞാൻ പറഞ്ഞത്. എന്നാൽ അല്ലാഹുവിനല്ലാതെ അഗ്നി ശിക്ഷ നൽകാൻ അവകാശമില്ല. അതുകൊണ്ട് അവരെ അതിജയിച്ചാൽ വധിച്ചേക്കുക - ഞാനും ആ സംഘത്തിൽ ഉണ്ടായിരുന്നു.

സൈനബ്(റ) പിതാവിന്റെ വസതിയിൽ ഉമ്മുകുൽസു(റ)മിനൊപ്പം ജീവിതമാരംഭിച്ചു. ഫാത്വിമ(റ)യും അധികം വിദൂരത്തല്ല. തൊട്ടടുത്ത കുടിലിൽ സഹോദരിമാർ ഇടപഴകി കഴിഞ്ഞുകൂടി. വിയോഗം തേടിയ റുഖിയ്യ(റ)യുടെ സ്മരണയിൽ സൈനബ്(റ) കണ്ണീർവാർത്തു. അവ ളുടെ പരലോകരക്ഷക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

യാത്രയിലും മറ്റുമായി സൈനബി(റ)ന് അനുഭവിക്കേണ്ടിവന്ന വിഷ മങ്ങളിൽ നിന്ന് ക്രമേണ മോചിതയായിത്തുടങ്ങി. മകൻ അലിയ്യിനെയും മകൾ ഉമാമയെയും പരിപാലിച്ച് ഇസ്ലാമിക ചുറ്റുപാടിൽ തന്നെ പോറ്റി വളർത്തി.

# ഫാത്വിമ(റ)യുടെ വിവാഹം

തന്റെ പിതാവിന് വീട്ടുകാരിയായി സിദ്ധീഖി(റ)ന്റെ മകൾ സിദ്ദീഖ (ആഇശ)(റ) എത്തിയതിൽ സന്തുഷ്ടയാണ് ഫാത്വിമ(റ) ആഇശ(റ) എത്തിയതോടെ വീട് ധന്യമായി. ഫാത്വിമ(റ)ക്ക് ഒരു കൂട്ടും നേരമ്പോക്കും. മറുഭാഗത്ത് അലി(റ) വിഷയം അവതരിപ്പിക്കാൻ അവസരം കാത്ത് നബിയെ ചുറ്റിപ്പറ്റി നടക്കുകയാണ്. ഫാത്വിമ(റ)യാണെങ്കിൽ വൈവാഹികസ്വപ്നങ്ങൾക്കൊന്നും നേരം കാണാതെ അശ്രദ്ധയിലാണ്. കാരണം അവളുടെ മുഖ്യ അജണ്ട നബി(ﷺ)യും നബി(ﷺ)യുടെ പ്രശ്നങ്ങളും മാത്രം.

ആഇശ(റ)യുടെ വിവാഹം കഴിഞ്ഞതോടെ ഫാത്വിമ(റ)യെ ആലോചിക്കാം എന്ന ചിന്തയിലാണ് അലി(റ). നബിയുടെ വളർത്തുമകൻ. മൂത്താപ്പ അബൂത്വാലിബി(റ)ന്റെ പുത്രൻ. അങ്ങനെ എന്തുകൊണ്ടും സുപരിചിതനും അടുത്തയാളുമാണ് നബി(ﷺ)ക്ക് അലി(റ).

ജീവിതാരംഭത്തിൽ തന്നെ ചരിത്രത്തിന്റെ ഭാഗമാണ് അലി(റ). ബിബംത്തിന് സുജൂദ് ചെയ്തിട്ടേ ഇല്ല. യുവാക്കളിൽ നിന്നും കുട്ടികളിൽ നിന്നുമായി ആദ്യം ഇസ്‌ലാം പുൽകിയതും അലി(റ). ആദ്യമായി ദണ്ഡം നിന്ന ആൾ. ആക്രമികൾ വീടു വളഞ്ഞപ്പോൾ നബിയുടെ വിരിപ്പിൽ പകരക്കാരനായി കിടന്ന ധൈര്യശാലി... ബദ്റിന്റെ ഭൂമിയിൽ നിർണായകമായി പങ്കെടുക്കുകയും പ്രാഗത്ഭ്യം തെളിയിക്കുകയും ചെയ്ത ചുരുക്കം പേരിൽ ഒരാൾ.

മദീനയിലേക്ക് ഹിജ്റാമാർഗ്ഗം എത്തുമ്പോൾ ഇതെന്റെ സഹോദരനാണ് എന്ന പ്രത്യഭിവാദ്യം ചെയ്ത് നബി(ﷺ) ആതിഥ്യം നൽകിയ മഹാൻ....

അന്ന് മദീനയിലേക്ക് വരുമ്പോൾ അൻസാരികൾ ധൃതികൂട്ടി. അലി(ﷺ)യ്യിന് ആതിഥ്യം നൽകാൻ പരസ്പരം തർക്കിച്ചു. അപ്പോഴേക്കും നബി(ﷺ) ഇടപെട്ടു. തങ്ങളുടെ സഹോദരനെന്ന് പറഞ്ഞ് സ്വീകരിച്ചാനയിച്ചു. അക്ഷരാർത്ഥത്തിൽ ഇത് മഹത്തായ ഒരു ഭാഗ്യമായിരുന്നു. വിശ്വാസത്തിൽ ഉദാഹരിക്കപ്പെടുന്ന സിദ്ധീഖ്, നബി(ﷺ)യിൽ ആദ്യം വിശ്വസിച്ച ആൾകൂടിയാണ്. എന്നിട്ടുപോലും ഈ പ്രയോഗത്തിന് പാത്രമായില്ല.

അപ്പോൾ എന്തോ ഒരു രഹസ്യമുണ്ട്. അതാണ് നാളെകൾ പുലർത്താൻ പോകുന്നത്...

ഫാത്വിമ(റ)യെ വിവാഹമന്വേഷണവുമായി അബൂബക്കർ സിദ്ധീഖ്(റ)വും ഉമറുൽ ഫാറൂഖ്(റ)വും നബി സവിധത്തിലെത്തി. പക്ഷേ സമ്മതമായില്ല. അങ്ങനെ ഉമർ(റ) അബൂബക്കർ(റ)വിനോട് ചോദിച്ചു.

നിങ്ങളെന്തേ? നബിയുടെ പുത്രിയെ വിവാഹം ഉദ്ദേശിക്കുന്നില്ല.!

അബൂബക്കർ(റ) : എനിക്ക് വിവാഹം ചെയ്തുതന്നില്ല.

ഉമർ(റ): നിങ്ങൾക്കല്ലെങ്കിൽ ആർക്കാണർഹതപ്പെട്ടത്. നിങ്ങളാണ് ജനങ്ങളിൽ ഏറ്റവും മാന്യനും, ആദ്യം ഇസ്ലാം സ്വീകരിച്ച ആളും. അബൂബക്കർ(റ) മകൾ ആഇശയെ സമീപിച്ചു പറഞ്ഞു. മോളെ , നബി (സ) നിന്നോടൊപ്പം സന്തോഷിക്കുമ്പോൾ എനിക്കുവേണ്ടി ഫാത്വിമയുടെ കാര്യം നീ ഒന്നോർമിപ്പിക്കണം...

ഉസ്ദുൽഗാബ എന്ന ചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ കാണാം. അബൂബക്കർ(റ)വും ഉമർ(റ)വും വിവാഹാലോചന നടത്തിയപ്പോൾ നബി(ﷺ) മറുപടി പറഞ്ഞതിപ്രകാരമായിരുന്നു.

“അല്ലാഹുവിന്റെ വിധി പ്രതീക്ഷിക്കുകയാണ് ഞാൻ. രണ്ട് പേർക്കും അനുകൂലമായി വിധി വന്നില്ലെന്ന് മനസ്സിലാക്കിയ അവർ ഫാത്വിമ(റ)ക്ക് നല്ലൊരു വരനുവേണ്ടി അബ്ദുറഹ്മാൻ ബിൻ ഔഫി(റ)നെ സമീപിച്ചു. അദ്ദേഹത്തോട് പറഞ്ഞു. നിങ്ങൾ നബി(ﷺ)യുടെ മകളെ ഒന്നന്വേഷിച്ചുനോക്കൂ. ലഭിച്ചാൽ നിങ്ങൾക്ക് മഹാഭാഗ്യമായിരിക്കും. അപ്രകാരം അബ്ദുറഹ്മാൻ(റ)ഉം ആലോചന നടത്തി. അദ്ദേഹത്തിനും വിധി അനുകൂലമായില്ല.

സിദ്ധീഖും(റ) ഫാറൂഖും(റ) അലി(റ)നെ തിരിച്ചറിഞ്ഞു. അവിടുത്തെ മാഹാത്മ്യവും നബി(ﷺ)യോടുള്ള കടപ്പാടും മനസ്സിലാക്കി. അവർ നേരെ അലി(റ)നെ സമീപിച്ചു. അലിയേ..... നിങ്ങൾക്ക് നബി

യോടുള്ള ബന്ധവും ഇസ്ലാമിനോടുള്ള അടുപ്പവും ഞങ്ങൾക്കറിയാം. നിങ്ങൾ ഫാത്വിമ(റ)യെ വിവാഹം കഴിച്ചാൽ നിങ്ങളുടെ സ്ഥാനവും ശ്രേഷ്ടതയും അല്ലാഹു ഏറ്റിത്തരും. അനസ്(റ)ന്റെ നിവേദനപ്രകാരം മറ്റു പല സ്വഹാബിമാരും അലി(റ)വിനോട് ആവശ്യപ്പെട്ടു. നിങ്ങൾ നബി(ﷺ)യുടെ മകൾ ഫാത്വിമ(റ)യെ വിവാഹം കഴിച്ചുതരാൻ അന്വേഷിക്കൂ.

ഒരു ദിവസം സിദ്ധീഖും(റ) ഫാറൂഖും(റ) സഅദ് ബിൻ മുആദും(റ) മസ്ജിദുന്നബവിയിൽ ഇരിക്കവെ ഫാത്വിമ ചർച്ചാവിഷയമായി. സിദ്ധീഖ്(റ) പറഞ്ഞു: ഒരുപാട് മാന്യന്മാർ ആലോചനകൾ നടത്തി. പക്ഷേ നബി (ﷺ) അല്ലാഹുവിൽ നിന്ന് വിധി പ്രതീക്ഷിക്കുന്നു എന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്.

സിദ്ധീഖിന്റെ ഈമാൻ പ്രഭാവിതമായിരുന്നു. ഉമറിന്റെ വിശ്വാസം ദൃഢവും സുനിഷ്ചിതവുമാണെന്ന് വാസ്തവവും. തങ്ങളുടെ ആലോചനകൾ സാധുവാകാത്തതിൽ പരാതിയോ പരിഭവമോ അവർക്കില്ല.

താനാഗ്രഹിച്ചത് തന്റെ സഹോദരനും ആഗ്രഹിക്കുക എന്ന പ്രവാചകവചനത്തിന്റെ പുലർച്ചയാണവർ. ഇരുവരും ഒരേ അഭിപ്രായത്തിൽ അലി(റ)വിനെ സമീപിക്കുന്നതതുകൊണ്ടാണ്.

അലിയ്യി(റ)ന്റെ അടിമസ്ത്രീവരെ അലി(റ)നെ സമീപിച്ചഭ്യർത്ഥിച്ചു. 'അലിയ്യേ... നിങ്ങൾക്ക് ഫാത്വിമയെ ആലോചനയുണ്ടെന്ന് ഞാനറിഞ്ഞു. എന്തേ പിതൃവ്യപുത്രനായ ഫാത്വിമയുടെ വാപ്പയോട് തുറന്നു ചോദിച്ചുകൂടേ.'

'എന്റെ പക്കൽ മഹ്റിനെന്തെങ്കിലുമുണ്ടോ?' എന്ന ചോദിച്ച് അവിടെ പിൻവാങ്ങാൻ ശ്രമിച്ചു.

ആഗ്രഹത്തിന്റെ അലമാലകൾ അലിയ്യിന്റെ അന്തർതലത്തിൽ ഉയർന്നു. പക്ഷേ അത്യാവശ്യമായ മഹ്റ് കൈവശമില്ലാത്തതിനാൽ അവിടുന്ന് പിന്നാക്കം കാണിച്ചു.

പരപ്രേരണകൾ കൂടിയായപ്പോൾ ശാന്തനായി പ്രവാചക സവിധത്തിലേക്ക് അലി (റ) നീങ്ങിത്തുടങ്ങി. തന്റെ കൊച്ചാപ്പയുടെ പുത്രൻ അല്ലെങ്കിൽ സഹോദരന്റെ ചാരത്തേക്ക് നടന്നു. ഇസ്ലാമികാചാരപ്രകാരമുള്ള അഭിവാദനത്തിന് ശേഷം നബി(ﷺ)യോട് ചേർന്നിരുന്നു. നാണംകൊണ്ട് വാക്കുകകൾ പുറത്തുവന്നില്ല. തിരുമേനി(ﷺ)യുടെ

മുഖത്തെ പ്രൗഢിയും ഗാഭീര്യവും കണ്ട് പറയാൻ മനസ്സിന് കഴിയുന്നില്ല. പരുങ്ങലും പതുങ്ങലും കണ്ട നബി(ﷺ) ആഗമനലക്ഷ്യം മനസ്സിലാക്കി. ആത്മമിത്രവും മൂത്താപ്പയുടെ മകനുമായ അലിയ്യി(റ)ന്റെ ഉള്ളിലിരിപ്പ് തിരിച്ചറിഞ്ഞു. സൗഹൃദത്തോടെ നബി(ﷺ) ചോദിച്ചു.

എന്താണ് അലീ ആവശ്യം?

താഴ്ന്ന സ്വരത്തിൽ ഇമതാഴ്ത്തിക്കൊണ്ട് പറഞ്ഞു. റസൂലിന്റെ പുത്രി ഫാത്വിമ(റ)യെ ഞാനോർത്തു. സന്തോഷത്തോടെയും സൗഹൃദത്തോടെയും നബി(ﷺ) പ്രതിവചിച്ചു.

മർഹബൻ അഹ്‌ലൻ (ഹൃദ്യമായ മംഗളം, സ്വാഗതം) മറ്റൊരു നിവേദന പ്രകാരം അവൾ നിനക്കാണ് എന്നായിരുന്നു പ്രതികരണം. തുടർന്ന് അധികമൊന്നും പറഞ്ഞില്ല. ഇരുവരും മൗനംദീക്ഷിച്ചു. അലിയ്യി(റ)ന്റെ ഹൃദയത്തിൽ സാമ്പത്തിക ഞെരുക്കവും വിചാരസമ്മർദ്ദവും ഒരുമിച്ചിളകി. ഉൽക്കടമായ വിശ്വാസത്തിന് പുറമേ സാമ്പത്തികമായി വൈവാഹിക സാഹചര്യം അലി(റ)വിന് ഇല്ലായിരുന്നു അപ്പോൾ.

കുടുംബക്കാരോടും കൂട്ടുകാരോടും എന്ത് പറയണമെന്നറിയാതെ അലിയ്യ്(റ) നബി സവിധത്തിൽ നിന്ന് പുറപ്പെട്ടു. അവരെല്ലാം നബി (ﷺ) യുടെ പ്രതികരണം പ്രതീക്ഷിച്ചിരിക്കുകയാണ്. പ്രതീക്ഷിച്ചതുപോലെ കൂട്ടുകാർ ചോദിച്ചു. എന്തായി? അലി(റ) പ്രതികരിച്ചു. എന്താണ് തീരുമാനം എന്നെനിക്കറിയില്ല. ഞാൻ വിഷയമവതരിപ്പിച്ചു. മർഹബൻ അഹ്‌ലൻ എന്ന് നബി(ﷺ) ഉത്തരം ചെയ്തു. കേട്ടവരുടെ മറുപടി: ഓ അത്രമതി. മർഹബൻ എന്ന് മാത്രം പറഞ്ഞാലും അത് നിങ്ങളോടുള്ള സമ്മതമാണ്.

അലി(റ) തിരുനബിസവിധത്തിലേക്ക് ചെന്നു. ആത്മവിശ്വാസത്തെ ആസകലം അടക്കിപ്പിടിച്ച് നബി(ﷺ)യോട് പറഞ്ഞു:

തങ്ങളേ..... എന്റെ മാതാപിതാക്കൾ തങ്ങൾക്ക് ദണ്ഡമാണ്. തങ്ങൾക്കറിയാമല്ലോ എന്റെ കഥ. നിങ്ങളുടെ മൂത്താപ്പയുടെ (അബൂത്വാലിബ്) പക്കൽ നിന്നും നിങ്ങളെന്നെ സ്വീകരിച്ചു. എന്റെ ഉമ്മ ഫാത്വിമത് ബിൻത് അസദിൽ നിന്നും എന്നെ നിങ്ങൾ ഏറ്റെടുത്തു. അന്ന് ഞാൻ ഒരു കുട്ടിയായിരുന്നു. എന്നെ പരിചരിക്കുകയും നേർമാർഗ്ഗത്തിലാക്കുകയും ചെയ്തത് അവിടുന്നാണ്. എന്നെ സംശുദ്ധനാക്കിയതും തങ്ങൾതന്നെ. എന്റെ പിതാവ് അബൂത്വാലിബിനേക്കാളും മാതാവ് ഫാത്വിമത്ത്ബിൻത് അസദിനേക്കാളും എനിക്ക് ശ്രേഷ്ഠത തങ്ങളോടാ

ണ്. എന്നോട് അവരേക്കാൾ അനുഗ്രഹവും കാരുണ്യവും വർഷിച്ചത് അവിടുന്നാണ്. തങ്ങൾ മാർഗ്ഗേണയാണ് അല്ലാഹു എന്നെ നേർമാർഗ്ഗത്തിലാക്കിയത്. പ്രവാചകപ്രഭോ ഇഹത്തിലും പരത്തിലും എന്റെ പ്രതീക്ഷയും ഇടനിലയും തങ്ങൾ മാത്രമാണ്. തങ്ങൾ എനിക്ക് വലംകയ്യാകുന്നതോടൊപ്പം ഞാൻ ആഗ്രഹിക്കുന്നതൊന്നുണ്ട്. ഒരു വീടും ഒരു ഭാര്യയും. ഞാൻ തങ്ങളുടെ മകളെ വിവാഹമാലോചിച്ച് വന്നതാണ്. നടക്കുമോ നബിയേ..........

നബി(ﷺ)യുടെ മുഖം പ്രസന്നമായി. അലിയ്യി(റ)നെ നോക്കി പുഞ്ചിരിച്ചു.

അലീ നിങ്ങളുടെ പക്കൽ മഹ്റിന് വല്ലതുമുണ്ടോ? ഒന്നുമില്ല തിരുദൂതരേ. എന്റെ അവസ്ഥ തങ്ങൾക്കറിയാമല്ലോ? എന്റെ വാളും ഒട്ടകവും മാത്രമേ ഉള്ളൂ.

നബി(ﷺ) ചോദിച്ചു.

ഞാൻ മുമ്പൊരിക്കൽ നൽകിയ പടയങ്കി എവിടെപ്പോയി? ഓ! ഹഥീമ അങ്കിയാണോ? അതെന്റെ പക്കലുണ്ട്. എന്നാൽ അതവൾക്ക് കൊടുത്തോളൂ. അലി(റ) വേഗം പോയി അങ്കിയുമെടുത്ത് വന്നു. കല്യാണമൊരുക്കാനായി അത് വിൽക്കാൻ നബി(ﷺ) കൽപിച്ചു.

നാനൂറ്റി എഴുപത് ദിർഹം വില നൽകി ഉസ്മാൻ(റ) അത് വാങ്ങി. അലി(റ) ആ തുക വാങ്ങി നബിയുടെ മുമ്പിൽ സമർപ്പിച്ചു. നബി(ﷺ)ബിലാൽ(റ)നെ വിളിച്ചു. അൽപം സുഗന്ധവും അത്തറും വാങ്ങാൻ ഏർപാടു ചെയ്തു.

മറ്റൊരു നിവേദനപ്രകാരം ഇങ്ങനെയാണ്. അലി(റ) പറയുന്നു എന്നോട് എന്താണുള്ളതെന്ന് നബി(ﷺ) ചോദിച്ചു. ഞാൻ പറഞ്ഞു വാളും ഒട്ടകവും അങ്കിയുമൊഴികെ വേറൊന്നുമില്ല. നബി(ﷺ) പറഞ്ഞു "വാള് നിങ്ങക്കൾനിവാര്യമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത് വേണ്ടിവന്നേക്കും. ഒട്ടകം നിങ്ങളുടെ കുടുംബത്തെ കൊണ്ടുപോകാനും യാത്രാസാമഗ്രികൾ വഹിക്കാനുമാവശ്യം വരും. അങ്കി നിങ്ങളുടെ ഭാര്യക്ക് നൽകിക്കോളൂ."

ബലാദരി എന്ന ഗ്രന്ഥകാരന്റെ നിവേദനപ്രകാരം അലി(റ) തന്റെ ഒട്ടകവും ചരക്കുകളും വിറ്റു. അതിന് നാനൂറോ നാനൂറ്റി എൺപതോ ദിർഹം വില ലഭിച്ചു. അതിന്റെ മൂന്നിലൊരുഭാഗം സുഗന്ധവും ബാക്കി

തുകക്ക് മറ്റു സാധനങ്ങളും വാങ്ങാനും കൽപിച്ചു........ എങ്ങനെയാണ് പ്രവാചകപുത്രിയുടെ വിവാഹം, ചടങ്ങുകൾ, മഹ്റും മറ്റു സാധനങ്ങളും ഇവയാണ് നാം വായിച്ചത്. നാലു മാനദണ്ഡങ്ങളിലാണ് വിവാഹം നടക്കുന്നത്. പെണ്ണിന്റെ സ്വത്ത്, കുടുംബം, സൗന്ദര്യം, വിശ്വാസം എന്നിവയാണത്. വിശ്വാസത്തിന് പ്രാധാന്യം നൽകുന്നവർ വിജയിച്ചു എന്നാണ് പ്രവാചകപാഠം. അതിന്റെ ചേതോഹരമായ പ്രഖ്യാപനമാണ് അലി-ഫാത്വിമ ദമ്പതികളുടെ വൈവാഹിക മുഹൂർത്തത്തിൽ തെളിഞ്ഞുകാണുന്നത്. അനുപമമായ ഉദാഹരണമാണിത്. ശേഷകാലങ്ങൾക്കു മുഴുവൻ കണ്ടുപകർത്താനാണീ ചിത്രം. പ്രവാചക ചരിത്രദർശിനിയിൽ മായാതെ നിൽക്കുന്നത്.

പിതാവായ റസൂൽ(ﷺ), യുവാക്കളുടെ മനോഗതി വായിക്കുന്നു. യുവത്വത്തിന്റെ ആവശ്യത്തെ ഉൾക്കൊള്ളുന്നു. മകൾക്കനുയോജ്യമായ ഭർത്താവിനെ പിതാവ് കണ്ടെത്തി. ആലോചനയുമായി വന്ന അബൂബക്കറി(റ)നെയും ഉമറിനെയും നയപരമായും സൗഹാർദ്ദത്തോടെയും മടക്കി അയക്കുന്നു. അവർക്കത് അലോസരമായിട്ടില്ല. അവരും കൂടി ചേർന്ന് ഫാത്വിമ(റ)യുടെ വിവാഹക്കാര്യം ചർച്ചചെയ്യുന്നു. എത്ര സുമോഹനങ്ങളായ ദൃശ്യങ്ങൾ... എത്ര സരളമായ ഇടപാടുകൾ.......

എത്രാമത്തെ വർഷമാണ് ഫാത്വിമയുടെ വിവാഹം നടന്നത് എന്നതിൽ ചരിത്രത്തിൽ അഭിപ്രായാന്തരങ്ങളുണ്ട്. ഭൂരിപക്ഷാഭിപ്രായ പ്രകാരം ഫാത്വിമ(റ)ക്ക് 18 വയസ്സുള്ളപ്പോഴാണ് വിവാഹം. അപ്രകാരമാകുമ്പോൾ ഹിജ്റ രണ്ടാം വർഷമാണ് സംഭവം.

പെൺമക്കൾക്ക് വിവാഹാലോചന നടത്തുമ്പോൾ പെൺമക്കളുടെ തൃപ്തി തേടിയിരുന്ന ശൈലിയും സുവിദിതമാണ്. മോളേ ഇന്നയാൾ നിന്നെ ആഗ്രഹിക്കുന്നു എന്ന് പറയുമ്പോൾ മൗനം ദീക്ഷിച്ചാൽ അതംഗീകാരത്തിന്റെ അടയാളമായിരുന്നു. അഭിപ്രായം പറയുമ്പോൾ മറക്കു പിന്നിലേക്ക് വലിഞ്ഞാൽ വിസമ്മതമാണെന്ന് മനസ്സിലാക്കും. ഇതായിരുന്നു നബി(ﷺ)യുടെ ശൈലി.

അങ്ങനെ നബി(ﷺ)യുടെ അരുമ മകളും മുസ്‌ലിം യുവതയുടെ അഭിമാനനേതാവും തമ്മിലുള്ള വിവാഹം നടന്നു. മഹത്തരമായ ഒരു കുടുംബപരമ്പരയുടെ പ്രഭവസ്ഥാനവും പൈതൃകവുമായി അത് പടർന്നു പന്തലിക്കുന്നു.

# മോഹനദിനങ്ങൾ

കഴിഞ്ഞ അധ്യായത്തിൽ വായിച്ചത് പോലെ ഹിജ്റ രണ്ടാമാണ്ടിൽ വിവാഹമുഹൂർത്തം നടന്നു. അലി(റ) വിനീതമായ ഒരു ഭവനം കണ്ടെത്തി. തന്റെ തരുണീമണിയുമൊത്തുള്ള ജീവിതത്തിന്റെ പ്രാരംഭദിനങ്ങളാണ്. മുസ്ഥഫാ(ﷺ)യുടെ മകളെ നിവസിപ്പിക്കാനുള്ള ഭവനത്തിന്റെ ഭാവവും ശൈലിയും തീർത്തും സരളവും തരളിതവുമായിരുന്നു. മണൽവിരിച്ച ഒരു മുറി. ഒരു വിരിപ്പ്, തലയിണകൾ, ഒരു ഇരിപ്പിടം. ആട്ടുകല്ല്. ഒരു തോൽപാത്രം, വെള്ളം തണുപ്പിക്കാനുള്ള മറ്റൊരു പാത്രം. എന്നിത്യാദി സാധനങ്ങൾ മാത്രം. മുസ്ഥഫാപുത്രിയുടെ ഭവനചാരുതയെ ബുഖാരിമുസ്ലിം പരിചയപ്പെടുത്തുന്നതിപ്രകാരമാണ്.

വിവാഹസദ്യയുടെ ദിനമായി.

നബി(ﷺ)യുടെയും അലിയ്യി(റ)ന്റെയും പിതൃവ്യനായ ഹംസ(റ) രണ്ട് ഒട്ടകങ്ങളെ കൊണ്ടുവന്നു. അവകളെ അറുത്ത് സദ്യ നടത്തി. ഭക്ഷണമൊക്കെ കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞുപോയി.

നബി(ﷺ)യുടെ ശഹ്ബാഅ ് എന്ന മൃഗത്തെ ചമയിച്ചു നിർത്തി. അതിന്റെ കട്ടിലിൽ ഒരു വിരിപ്പു വിരിച്ചു. നബി(ﷺ)മകളെ വിളിച്ചു. ഇതിലേക്ക് കയറൂ മോളേ... സൽമാൻ(റ)വിനെ പ്രസ്തുത മൃഗത്തെ തെളിക്കാനും ഏർപ്പാട് ചെയ്തു. നബി(ﷺ)യും ഹംസ(റ), ഹാഷിമീ പുത്രന്മാർ തുടങ്ങിയവർ വാളുകളുമായി നടന്നു. അബ്ദുൽ മുത്വലിബിന്റെ പെൺമക്കളോട് ഫാത്വിമക്ക് കൂട്ടിനായി എത്താൻ പറഞ്ഞിരുന്നു. മുഹാജിറുകളിൽ നിന്നും അൻസാരികളിൽ നിന്നുമുള്ള മറ്റു കുറേ വനിതകളും അവരോടൊപ്പം ചേർന്നു. സന്തോഷത്തോടെയുള്ള വിവാഹയാത്രയിൽ അൽഹം ദുലില്ലാഹ്..... അല്ലാഹു അക്ബർ എന്നീ വാച

കങ്ങൾ മാത്രം മുഴങ്ങിക്കേട്ടു. അല്ലാഹുവിനിഷ്ടപ്പെടാത്തവിധം ഒന്നും ഉണ്ടാവരുതെന്ന് പ്രത്യേക നിർദ്ദേശമുണ്ടായിരുന്നു. പ്രസ്തു രംഗത്തെ ഉമ്മുസലമ:യിലെ കവയിത്രി പരിചയപ്പെടുത്തുന്നതിങ്ങനെയാണ്.

سرن بعون الله جاراتي     واشكرنه في كل حالات

واذكرن ما أنعم رب العلا     من كشف مكروه وأفات

فقد هدانا بعد كفر وقد     أنعشنا رب السموات

سرن مع خير نساء الورى     تفدى بعمات وخالات

يا بنت من فضله ذو العلا     بالوحي منه والرسالات

നിങ്ങൾ സന്തോഷിക്കുക അല്ലാഹുവിന്റെ സഹായത്താൽ എന്റെ ചങ്ങാത്തികളെ

എല്ലാ സമയവും അവന് നന്ദി കാണിക്കുക

ഉന്നതനായ റബ്ബ് അനുഗ്രഹം ചെയ്തത് സ്മരിക്കുക

വിപത്തുകളും വിഷമങ്ങളും നീക്കിത്തന്നതിൽ

അവിശ്വാസത്തിൽ നിന്നും അവൻ നമുക്ക് നേർമാർഗ്ഗം നൽകി,

ലോകോത്തമസ്ത്രീയെക്കൊണ്ട് നിങ്ങൾ സന്തോഷിക്കൂ

രിസാലത്ത് വഹ്യ് കൊണ്ട് സർവ്വോന്നതൻ അനുഗ്രഹിച്ചവരുടെ മകളേ...

തിരുനബി(ﷺ)യും സംഘവും അലി(റ)വിന്റെ വീട്ടിലെത്തി. എന്നിട്ട് നബി(ﷺ) പറഞ്ഞു: അലി, ഞാൻ വരുന്നതിന് മുമ്പ് നിന്റെ കൂട്ടുകാരിയോട് ഒന്നും പറയരുത്.

അതോടെ പള്ളിയിൽ നിന്ന് ബിലാലി(റ)ന്റെ വാങ്കൊലി മുഴങ്ങി. നബി(ﷺ) തങ്ങൾക്കൊപ്പം നിസ്കാരം നിർവ്വഹിച്ചു. നബിയെ സ്വീകരിക്കാൻ അലി(റ) നേരത്തേ വീട്ടിലേക്ക് പോയി. നബി(ﷺ)വന്നപ്പോഴേക്കും ഉമൈസിന്റെ മകൾ അസ്മാഅ് ഒഴികെ എല്ലാ സ്ത്രീകളും പോയിക്കഴിഞ്ഞു.

നബി(ﷺ) ചോദിച്ചു "ഇതാരാണ്.?"

മഹതി പറഞ്ഞു; "ഞാൻ തങ്ങളുടെ മകളുടെ അംഗരക്ഷകയാണ്. കല്യാണരാത്രിയിൽ പെൺകുട്ടിന് അടുത്ത് ഒരു പെണ്ണ് വേണം. എന്തെങ്കിലും ആവശ്യങ്ങളോ മറ്റോ ഉണ്ടായാൽ അത് നിവർത്തിക്കാനാണ്".

ഇത് കേട്ടതോടെ ഫാത്വിമ(റ)യുടെ വത്സലമാതാവിനെ നബി(ﷺ) ഓർത്തു. ഖദീജ(റ)യുടെ സ്മരണകൾ നബി(ﷺ)യെ മഥിച്ചു. അവൾ എത്ര വലിയ സഹായിയും വലംകയ്യുമായിരുന്നു എന്ന് നബി(ﷺ) അയവിറക്കി. ഫാത്വിമ(റ) മുറിയുടെ ഒരു കോണിൽ നാണം നിറഞ്ഞ മുഖത്തോടെ കുനിഞ്ഞിരുന്നു. ഹജൂനിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹതിയായ മാതാവാണ് മനസ്സിൽ. അസ്മാഅ് ബിൻത് ഉമൈസ് എന്ന വാക്ക് കേട്ടപ്പോഴേക്കും കണ്ണീർ ധാരധാരായി വാർന്നു.

നബി(ﷺ) അസ്മാഇ(റ)ന് വേണ്ടി ദുആ ചെയ്തു. ഫാത്വിമ(റ)യും അസ്മാ(റ)ഉം തമ്മിലുള്ള അടുപ്പത്തെ അടുത്തറിഞ്ഞു.

അല്ലാഹുവിനോട് രക്ഷക്കായി പ്രാർത്ഥിച്ച ശേഷം അസ്മാഇ(റ)നോട് അൽപം വെള്ളം കൊണ്ടുവരാൻ പറഞ്ഞു. അസ്മാഅ്(റ) കൊണ്ടുവന്ന പാത്രത്തിൽ നബി(ﷺ) ഒന്നു തുപ്പി. ശേഷം ഫാത്വിമ(റ)യെ വിളിച്ചു. അൽപം വെള്ളം കോരിയെടുത്തു. മൂർദ്ധാവിലും കാലിലും തളിച്ചു. ചേർത്തു നിർത്തി പ്രാർത്ഥിച്ചു. "അല്ലാഹുവേ ഇവൾ എന്റെ ഭാഗമാണ്. ഞാൻ അവളുടെയും ഭാഗമാണ്. എന്നിൽ നിന്ന് മ്ലേച്ഛതകളെ വിപാടനം ചെയ്തു ശുദ്ധമാക്കിയതുപോലെ ഇവളെയും ശുദ്ധീകരിക്കണേ റബ്ബേ..." പിന്നീടൊരുപാത്രം വെള്ളം കൂടിയെടുത്ത് അലി(റ)നെയും ഇപ്രകാരം തന്നെ നിർവ്വഹിച്ചു. ഇരുവർക്കും വേണ്ടി പ്രാർത്ഥിച്ചു.

ജമഅല്ലാഹു ശംലകുമാ........

നിങ്ങളുടെ ബന്ധം അല്ലാഹു ചേർത്തുതരട്ടെ. പരമ്പര പരിശുദ്ധമാക്കിത്തരട്ടെ..... ആശംസകളർപ്പിച്ച് കതകടച്ച് നബി(ﷺ) പുറത്തേക്ക് പോയി.

ഇബ്നുസഅദ്(റ) ത്വബഖാതിൽ രേഖപ്പെടുത്തിയതിങ്ങനെയാണ്. ഇശാനിസ്കാരാനന്തരം നബി(ﷺ) അലി(റ)വിന്റെ വീട്ടിലേക്ക് വന്നു. ഒരു പാത്രം വെള്ളം ആവശ്യപ്പെട്ടു. വുളൂഅ് ചെയ്തശേഷം അലിയ്യി(റ)ന്റെ മേൽ തളിച്ചു. ശേഷം ഇങ്ങനെ പ്രാർത്ഥിച്ചു.

"ഇവർക്കിരുവർക്കും നീ ബറകത്ത് ചൊരിയണേ നാഥാ. ഇവരുടെ പരമ്പരയിലും നീ ഗുണം വർഷിക്കണേ....."

അടുത്ത ഒരു പാത്രം വെള്ളമെടുത്തു. അതിൽ കൈയിട്ട് ശേഷം ഫാത്വിമ(റ)യെ വിളിച്ചു. അവളുടെ മേൽ തളിച്ചു. തുടർന്ന് പ്രാർത്ഥിച്ചു.

ശേഷം ഇരുവരുടെയും നെഞ്ചുകളിൽ അൽപം വെള്ളം തളിച്ചു.

മറ്റൊരു നിവേദനപ്രകാരം പ്രാർത്ഥിച്ചതിങ്ങനെയാണ്.

"അല്ലാഹുവേ ഇവർ എനിക്കിഷ്ടപ്പെട്ടവരാണ്. നീയും ഇഷ്ടപ്പെടേണമേ അല്ലാഹ്. ഇവരുടെ പരമ്പരയിൽ നീ ഗുണം ചൊരിയേണമേ. ഇവർക്കു മേൽ നിന്റെ സംരക്ഷണം നൽകേണമേ. ഇവരുടെ സന്താന പരമ്പരയ്ക്കും പിശാചിൽ നിന്ന് നിന്നോട് കാവൽ ചോദിക്കുന്നു നാഥാ." ഫാത്വിമ(റ)ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. അല്ലാഹു നിന്നിൽ നിന്ന് മ്ലേച്ഛതകളെ അകറ്റി ശുദ്ധവതിയാക്കി അനുഗ്രഹിക്കട്ടെ മോളേ.....

വേറൊരു നിവേദനത്തിൽ ഇങ്ങനെയാണ്. "അല്ലാഹുവെ, ഇതെന്റെ പുത്രിയും ഇതെനിക്ക് വളരെ ഇഷ്ടപ്പെട്ടവളുമാണ്. ഇദ്ദേഹം എന്റെ സഹോദരനും ഇഷ്ടപാത്രവുമാണ്. അല്ലാഹുവേ ഇവരെ നിന്റെ ഇഷ്ടപ്പെട്ടവരിൽ ഉൾപ്പെടുത്തണമേ. തുർന്നു അലി(റ)വിന് ആശംസകൾ നേർന്നു. ഓ അലീ നിന്റെ വീട്ടുകാരിക്കൊപ്പം കൂടിക്കൊള്ളൂ. അല്ലാഹു ഗുണം നൽകട്ടെ. അവന്റെ അനുഗ്രഹകടാക്ഷങ്ങളും നിങ്ങൾക്ക് വർഷിക്കട്ടെ. അല്ലാഹു സ്തുതികൾക്കർഹനും പ്രതാപവാനുമാണ്. പിന്നീട് വാതിലിന്റെ ഇരുഭാഗങ്ങളും പിടിച്ചു പ്രാർത്ഥിച്ചു. നിങ്ങളെ രണ്ടുപേരെയും അല്ലാഹു ശുദ്ധരിൽ ഉൾപ്പെടുത്തട്ടെ. നിങ്ങളുടെ പരമ്പരയും പരിശുദ്ധമാക്കിത്തരട്ടെ. നിങ്ങളോട് ശാന്തി നേരുന്നവർക്ക് ഞാനും ശാന്തി നേരുന്നു. നിങ്ങളോട് ദേശ്യപ്പെടുന്നവർക്ക് എന്റെ ദേഷ്യം അവകാശപ്പെട്ടിരിക്കുന്നു. അല്ലാഹുവിങ്കൽ നിങ്ങളെ ഞാൻ ഏൽപ്പിക്കുന്നു. ശേഷം ആ പരിശുദ്ധ കരങ്ങൾ കൊണ്ട് വാതിൽ ചേർത്തടച്ചു.

ഫാത്വിമ(റ)യുടെ കണ്ണുനീർ നിലച്ചില്ല. പക്ഷേ യോഗ്യനും ശക്തവാനുമായ ഒരാളെ ഏൽപ്പിച്ചുകൊടുത്ത സാന്ത്വനത്തിലായിരുന്നു തിരുനബി(ﷺ).

വേറൊരു നിവേദനപ്രകാരം ഇങ്ങനെ കാണാം. കരഞ്ഞുകൊണ്ടിരുന്ന ഫാത്വിമ(റ)യോട് നബി(ﷺ)പറഞ്ഞു. "എന്തിനാണ് മോളെ കരയുന്നത്? ബുദ്ധിയും ജ്ഞാനവും ശാന്തിയും നിറഞ്ഞ ഒരാൾക്കാണല്ലോ ഞാൻ നിന്നെ വേളികഴിച്ചുതന്നത്....."

# ഫാത്വിമ(റ) വസതിയിൽ

ഒരേ ദളത്തിലെ ഇണപ്പൂക്കളാണ് ഫാത്വിമ(റ)യും അലി(റ)യും. രണ്ടുപേരും പ്രവാചക പരിചരണത്തിന്റെ പരിമളം ആസ്വദിച്ചവർ. പരസ്പരം അറിഞ്ഞും അടുത്തും ഉള്ളതിൽ സംതൃപ്തരായും അവർ ജീവിച്ചു. ആഡംബരനിർഭരമോ ധൂർത്തിലോ ആയിരുന്നില്ല ആ കുടുംബത്തിന്റെ പ്രയാണം. സാമ്പത്തികമായ സാഹചര്യം പരിഗണിച്ചാൽ ഫാത്വിമ(റ) മറ്റു സഹോദരിമാരിൽ നിന്നും ഏറെ വിനീതയായിരുന്നു. സൈനബി(റ)ന്റെ ഭർത്താവ് അബുൽ ആസ് മക്കയിൽ എണ്ണപ്പെട്ട സ്വത്തുകാരൻ. റുഖിയ്യ(റ)യും ഉമ്മുകുൽസു(റ)മും മുസ്ലിംകളിൽ പ്രമാണിയും ധനാഢ്യനുമായ ഉസ്മാൻ(റ)വിന്റെ പത്നിമാർ (റുഖിയ(റ)യുടെ വിയോഗശേഷമാണ് ഉമ്മുകുൽസുമി(റ)നെ ഉസ്മാൻ(റ) വിവാഹം കഴിച്ചത്)

അനന്തരമായി ലഭിച്ചതോ അല്ലാത്തതോ ആയ അധികം സ്വത്തിന്റെ ഉടമായിരുന്നില്ല അലി(റ). പിതാവ് അബൂത്വാലിബ് ഖുറൈശി പ്രമുഖനായിരുന്നു. മക്കയിൽ ആരാലും സ്വീകാര്യനായ കുലപതി. പക്ഷേ സാമ്പത്തികമായ വലിയ നീക്കിയിരിപ്പ് ഒന്നുമുണ്ടായിരന്നില്ല. കുടുംബാഗംങ്ങൾ പൊതുവേ കൂടുതലുമായിരുന്നു. ഉള്ള സ്വത്തിൽ നിന്ന് അപരന് നൽകുന്നതിൽ അമാന്തിച്ചതുമില്ല. അങ്ങനെയിരിക്കെയാണല്ലോ....അബ്ബാസ്(റ)വും തിരുനബി(ﷺ)യും ചേർന്ന് അബൂത്വാലിബിന്റെ കുടുംബഭാരം കുറക്കാൻ മക്കളെ ഏറ്റെടുക്കാൻ ചെന്നത്. അബ്ബാസ്(റ) ജഅ്ഫറിനെയും നബി(ﷺ) അലി(റ)യെയും സംരക്ഷണത്തിനേറ്റു. അതായിരുന്നു അലി(റ)യ്യിന്റെ നേർമാർഗ്ഗത്തിലുള്ള പ്രവേശിക.

സൈന്യവുമായി ബന്ധപ്പെട്ടതും ഇസ്ലാമിക സേവനത്തിലധിഷ്ഠിതവുമായിരുന്നു അലി(റ)വിനന്റെ ജീവിതം.

ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ വായിക്കുമ്പോൾ ഒരു വേലക്കാരിയെ നിർത്താൻ പോലുമുള്ള സാമ്പത്തികാവസ്ഥ അലി(റ)ക്ക് ഉണ്ടായിരുന്നില്ല. ഫാത്വിമ(റ) തനിച്ച് ഗൃഹവൃത്തികൾ നിർവ്വഹിക്കുമ്പോൾ തന്നാൽ കഴിയുന്നത് സഹായിക്കുക അലി(റ)വിന്റെ ശൈലിയായിരുന്നു. ശാരീരികമായി മെലിഞ്ഞ് ഫാത്വമ(റ)ക്ക് ഒറ്റക്ക് കാര്യങ്ങൾ നർവ്വിഹക്കുക പ്രയാസകവുമായിരുന്നു. തിരുസവിധത്തിൽ നിന്ന് പരിഹാരം കാണാൻ ഒരവസരം കാത്തിരിക്കുകയായിരുന്നു അലി(റ). അങ്ങനെയിരിക്കെ നബി(ﷺ)യുടെ അടുക്കലേക്ക് ബന്ദികളെ കൊണ്ടുവരുന്ന വാർത്തയറിഞ്ഞു. ഉടനെ വീട്ടിലേക്ക് വന്നപ്പോൾ, ഫാത്വിമ(റ)യാണെങ്കിൽ ആട്ടുകല്ലിനോട് മല്ലടിച്ച് വിഷമത്തിൽ കഴിയുകയാണ് അലി(റ) പറഞ്ഞു: മോളെ നിന്റെ ഉപ്പയുടെ പക്കൽ കുറെ യുദ്ധത്തടവുകാരെ ഹാജരാക്കിയിട്ടുണ്ട്. ഒന്നിനെ നിനക്ക് സേവനത്തിയച്ചുതരാൻ ആവശ്യപ്പെട്ടാലോ? ഇൻശാഅല്ലാ. ഞാൻ ചെയ്യാം എന്നു പ്രതികരിച്ച ഫാത്വിമ(റ), ക്ഷീണം മാറി അൽപം കഴിഞ്ഞപ്പോൾ മുഖമക്കനയും ധരിച്ച് നബി(ﷺ)യുടെ അടുത്തേക്ക് ചെന്നു മകളുടെ ആഗമനത്തിൽ പ്രസന്നരായ തിരുനബി(ﷺ) ആവശ്യം ആരാഞ്ഞു.

അവൾ പറഞ്ഞു: ഞാൻ സലാം പറയാൻ വന്നതാണ്. ആവശ്യം അവതരിപ്പിക്കാൻ അവൾക്ക് കഴിഞ്ഞില്ല. വന്നതുപോലെ തിരിച്ചുപോയി. വാപ്പോടൊന്നും ആവശ്യപ്പെടാൻ തോന്നിയില്ലെന്ന് അലി(റ)വിനോട് പറഞ്ഞ് അവൾ അകത്തേക്ക് പോയി. ഉടനെ അലി(റ) കൂടെ കൂടി. വീണ്ടും നബി(ﷺ) സവിധത്തിലേക്ക് ചന്നു. ചോദിക്കാമെന്ന കാര്യം അലി (റ) ഏറ്റെടുത്തു. അവർ നാണം കൊണ്ട് തലകുനിച്ചു. പിതാവിന്റെ മുഖത്തേക്ക് നോക്കി ഒന്നിമവെട്ടിച്ചു. ഉടനെ അലി(റ) പറഞ്ഞു. നബിയേ, അവൾ ഒരു സേവകിയെ ആഗ്രഹിക്കുന്നുണ്ട്.

നബി (ﷺ)പറഞ്ഞു, ഇല്ല , സുഫ്ഫത്തുകാർ (നബിയോടൊപ്പം പള്ളിയിൽ കൂടുന്ന പാവപ്പെട്ട അനുചരന്മാർ – അവർ തിണ്ണവാസികൾ അഹ്ലുസ്സുഫ്ഫ എന്നാണറിയപ്പെടുന്നത്) പട്ടിണികിടക്കെ ഞാനെങ്ങനെ നിങ്ങൾക്ക് നൽകും. അവരുടെ പട്ടിണിക്ക് പരിഹാരമാണ് ഞാനിതു വഴി നോക്കുന്നത്.

വിഷയം മനസ്സിലാക്കിയ ദമ്പതിമാർ അല്ലാഹുവിന് നന്ദി പറഞ്ഞ് തിരിച്ച് നടന്നു. പക്ഷേ കരുണാമയനായ പിതാവിന്റെ ഹൃദയത്തിൽ മകളുടെ അഭ്യർത്ഥന നിറഞ്ഞ് നിന്നു.

ഇവിടെ നാം രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. തിരുനബി

(ﷺ)യുടെ പ്രിയപുത്രി ആവശ്യമുന്നയിക്കാൻ ചെന്നിട്ടു കഴിയാതെ മടങ്ങി. കാരണം വിഷയത്തിന്റെ നിജസ്ഥിതി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടാവണം. തന്നേക്കാൾ ആവശ്യമുള്ളവർക്കുമുന്നിൽ തന്റെ ആവശ്യം നിസ്സാരമാണെന്നും അവൾക്ക് തോന്നിയിരിക്കാം.

പക്ഷേ ഭർത്താവിന്റെ അഭ്യർത്ഥനയെ അവൾ എങ്ങനെ മാനിക്കാതിരിക്കും. അത് നിവർത്തിക്കാൻ അവൾ കൂടെ പോവുകയും ചെയ്തു.

രണ്ടാമത്തെ ഭാഗം കൂടി നാം ചിന്തിക്കുക. നീതിയുടെ നിയുക്തനായ തിരുനബി(ﷺ), അബലകളുടെ അത്താണിയും ആവശ്യക്കാരുടെ അഭയവും കാരുണ്യത്തിന്റെ പ്രപഞ്ചവുമായ തിരുനബി എങ്ങനെ സുഫ്ഫതുകാരെ മറക്കും. അവർ നബിക്കും ഇസ്‌ലാമിനും വേണ്ടി സ്വത്തും ശരീരവും ബലികഴിച്ചവരാണ്. ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ നാം നടപ്പിൽ വരുത്തുമ്പോൾ പക്ഷപാതിത്തത്തിന് പ്രസക്തിയില്ല. തന്റെ മക്കൾ, പിതൃവ്യർ ഏവരും തുല്യരാണ്. എല്ലാവരും മുസ്‌ലിംകൾ, ഒരാളുടെ ആവശ്യം ഒരു മുസ്‌ലിമിന്റെ ആവശ്യമാണ്. അപ്പോൾ ആവശ്യങ്ങളേക്കാൾ മുമ്പേ പരിഗണിക്കേണ്ടത് അത്യാവശ്യങ്ങളാണ്.

നിശയുടെ നിശ്ശബ്ദതയിലേക്ക് ദമ്പതികൾ ഒത്തുകൂടി. ആർദ്രമായ തണുപ്പിനെ അവർ ഒരു പുതപ്പ്കൊണ്ട് തടഞ്ഞുനിർത്താൻ നോക്കി. ഭൗതികമായ ജീവിതം പരിമിതമാണെന്നവർ ഉൾക്കൊണ്ടു. അനന്തമായ ജീവതം യാഥാർത്ഥ്യമാണെന്നവർ മനസ്സുറപ്പിച്ചു. അങ്ങനെ കിടക്കവേ വാതിൽക്കൽ ഒരു മുട്ട് കേൾക്കുന്നു. പെട്ടെന്ന് അലി(റ) വാതിൽ തുറന്നു. അതിഥി ആരെന്നറിയാൻ ഫാത്വിമ(റ)യും ശ്രദ്ധിച്ചു. അതാ നിൽക്കുന്നു തിരുമേനി(ﷺ). ഇത് നിങ്ങൾ രണ്ടാളുമല്ലേ.....മൃദുലമായ ശൈലിയിൽ നബി(ﷺ) തുടർന്നുചോദിച്ചു. നിങ്ങൾ എന്നോട് ചോദിച്ചതിനേക്കാൾ ഉത്തമമായ ഒന്നു ഞാൻ നൽകട്ടെ.

ഇരുവരും ഒരുമിച്ചുത്തരം നൽകി. അതേ...

നബി(ﷺ)തുടർന്നു

ജിബ്‌രീൽ(അ) പഠിപ്പിച്ചുതന്ന ചില വാചകങ്ങളാണ്. ഓരോ നിസ്കാരത്തിന്റെ ശേഷവും പത്തുതവണം വീതം സുബ്ഹാനല്ലാഹ് അൽഹംദുലില്ലാഹ് അല്ലാഹു അക്ബർ എന്നീ ദിക്റുകൾ നിർവ്വഹിക്കുക. കിടക്കാനൊരുങ്ങുമ്പോൾ സുബ്ഹാനല്ലാഹ് അൽഹംദുല്ലാഹ് മുപ്പത്തിമൂന്ന് വീതവും അല്ലാഹു അക്ബർ എന്ന് മുപ്പത്തിനാല് തവണയും ചൊല്ലുക.

ഈ ഇലാഹീ സമ്മാനം കൈമാറിയശേഷം തിരുനബി(ﷺ) വിട ചോദിച്ചു. ആത്മീയമായ ഈ പരിശീലനമാർഗ്ഗം ദുർഘടങ്ങൾക്ക് പരിഹാരമാണെന്ന് നിർദ്ദേശിച്ചു. കാരുണ്യവാനായ പിതാവിന്റെ മാർഗ്ഗനിർദ്ദേശമാണിത്. ജിബ്രീൽ(അ) ഉപദേശിച്ചുനൽകിയ ഈ വചനങ്ങൾ ഈ ദമ്പതികൾക്ക് മാത്രമുള്ളതല്ല. സമുദായത്തിന് മുഴുവനുമുള്ള സമ്മാനമാണ്.

നിസ്സംശയം അവർ ഈ മഹാദാനത്തെ ഹൃദ്യമായി സ്വീകരിച്ചു. പിതാവിന്റെ മനസ്സിൽ മകളുടെ ആവശ്യം എത്രകണ്ട് ചിന്ത ഉണർത്തി എന്നതിന്റെ പ്രതിഫലനമാണ് ഈ സമ്മാനമെന്നവർ തിരിച്ചറിഞ്ഞു.

ശാരീരികമായ ദുർഘടസന്ധികൾക്ക് ആത്മീയമായ ചികിത്സ. ആത്മീയ ഗുരുവിന്റെ ശിക്ഷണങ്ങൾക്ക് മുന്നിൽ വിനീത ശിഷ്യന്മാരാണ് ഈ ദമ്പതികൾ. പിൽക്കാലത്ത് അലി(റ) പറഞ്ഞു. ഞാൻ ഇതുവരെയും അത് മുടക്കിയിട്ടില്ല. ദുർഘടമായ സ്വിഫീൻ യുദ്ധത്തിന്റെ രാത്രിയിൽപോലും.

നബവീ മദ്രസയിലെ പഠിതാക്കളുടെ ആത്മീയ കണിശത നോക്കൂ. ഈ കുടുംബത്തിൽ നിന്ന് വിരിഞ്ഞ പ്രഫുല്ല ബിന്ദുക്കളാണല്ലോ ആലുന്നബീ അഥവാ നബികുടുംബം. അവരെ ആദരിക്കാനാണ് ഏഴുതവണയിലധികം ഖുർആൻ ആവശ്യപ്പെട്ടത്.

# അലി(റ)യുടെ വസതി

അലീഫാത്വിമാദമ്പതിമാർ നബി(ﷺ)യുടെ വീട്ടിൽനിന്നൽപം അകലെയാണ് താമസിക്കുന്നത്. അടുത്ത് ഒരു വീട് ലഭിക്കാൻ നബി(ﷺ) ആഗ്രഹിച്ചു. നബി(ﷺ)യുടെ ഭാര്യമാരുടെ വീടിനോട് ചേർന്ന് ഹാരിസത്ബിൻ നുഅ്മാൻ എന്ന സ്വഹാബി താമസിച്ചിരുന്നു. നബി(ﷺ)യുടെ ഓരോ ഭാര്യമാർ താമസത്തിനു വന്നപ്പോഴും മാറിക്കൊടുത്ത ആളാണദ്ദേഹം.

ഫാത്വിമ(റ) നബി(ﷺ)യോട് പറഞ്ഞു ഉപ്പാ ഹാരിസോട് വീടൊന്നു മാറിത്തരാൻ പറഞ്ഞാൽ നന്നായിരന്നു. മോളെ, ഹാരിസ ഒരുപാട് തവണ വീടുമാറിത്തന്ന ആളാണ്. ഇനിയും അദ്ദേഹത്തോട് പറയാൻ നാണമുണ്ട് മോളേ.....

ഈ വർത്തമാനം ഹാരിസ അറിഞ്ഞു. ഉടനെ തിരുമേനി(ﷺ)യെ സമീപിച്ച് പറഞ്ഞു. പ്രവാചകപ്രഭോ, എന്റെ വീടുകളിൽ ഏതും ഫാത്വിമക്ക് വേണ്ടി സ്വീകരിക്കാം. തങ്ങളോട് അടുത്ത വീടുകൾ എന്റേതാണല്ലോ? "നബിയേ ഞാനും എന്റെ സ്വത്തും തങ്ങൾക്കും അല്ലാഹുവിനുമുള്ളതാണ് തങ്ങൾ എന്നിൽ നിന്ന് സ്വീകരിക്കാത്തതിനേക്കാൾ സ്വീകരിക്കുന്നതാണെനിക്കിഷ്ടം." നബി(ﷺ)പറഞ്ഞു. നിങ്ങൾ പറഞ്ഞത് ഞാനംഗീകരിക്കുന്നു. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. നബി(ﷺ) ഫാത്വിമ(റ)യെ അടുത്ത വീട്ടിലേക്ക് മാറ്റിത്താമസിപ്പിച്ചു.

വളരെ മനോഹരമായ ഒരു ചിത്രമാണ് നാം മുകളിൽ വായിച്ചത്. പ്രവാചകപാഠശാലയിൽ നിന്ന് പകർന്നെടുത്ത സാമൂഹ്യശാസ്ത്രമാണത്. സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും ഹൃദയഹാരിയായ

ദർശനം. അല്ലാഹുവോട് കരാറ് ചെയ്തതിനെ പാലിക്കുന്ന മഹാപുരുഷന്മാരുടെ മഹദ് ദർശനം. പ്രവാചകപ്രേമത്തിന്റെ ഉമ്മറത്ത് എന്നും സമർപ്പിക്കാൻ അവർ ഹൃദയാ സന്നദ്ധരായിരുന്നു.

ഫാത്വിമ(റ)യുടെ വീട് മാത്രമല്ല, പ്രവാചകഭവനങ്ങൾ മുഴുവൻ വളരെ വിനീതമായിരുന്നു. നിങ്ങൾക്ക് നബി(ﷺ)യിൽ ഉത്തമമാതൃകയുണ്ട് എന്ന ഖുർആനിക ദർശനത്തിന്റെ പുലർച്ചയായിരുന്നു പ്രസ്തുത വീടുകൾ. പരിത്യാഗത്തിന്റെയും താഴ്മുടെയും ഗൃഹസാഹചര്യങ്ങൾ അല്ലാഹുവിലും അവന്റെ അനുഗ്രഹത്തിലും ലക്ഷ്യം ഉറപ്പിച്ചതിന്റെ നിദാന്ത ദർശനങ്ങൾ.

തിരുജീവിതത്തിന്റെ ഏത് കോണിലേക്ക് വീക്ഷിച്ചാലും ഈ പ്രത്യേകതകൾ സുതാര്യമാണ്. പ്രവാചക ഭവനങ്ങളെ ഒന്നു കടന്നുകാണാൻ ശ്രമിക്കൂ.

തിരുമേനി പലായനം ചെയ്ത് മദീനയിലെത്തി. അബുഅയ്യൂബ് എന്ന അനുചരന്റെ വീടിന്റെ താഴ്ഭാഗത്ത് താമസമക്കി. തുബ്ബഅ് രാജാവ് പണിതതാണാഭവനം എന്നാണ് പറയപ്പെടുന്നത്. പള്ളി നിർമ്മിക്കുന്നത് വരെ അവിടെത്തന്നെ താമസിച്ചു. ശേഷം തനിക്കും മഹിളാരത്നങ്ങൾക്കുമായി വളരെ വിനീതമായ ഭവനങ്ങൾ തീർത്തു. മദീനയിലെത്തുമ്പോൾ സംഅയുടെ മകൾ സൗദ(റ)യും സിദ്ദീഖി(റ)ന്റെ മകൾ ആഇശ(റ)യും മാത്രമേ പത്നിമാരായി ഉണ്ടായിരുന്നുള്ളൂ. ഊത്തപ്പനയും ഇഷ്ടികയും ഉപയോഗിച്ച് പള്ളിയോട് ചേർത്ത് അതേ ശൈലിയിൽ തന്നെ അവർക്ക് വീടുകൾ പണിതു. ദക്ഷിണഭാഗത്തുള്ള പള്ളിയുടെ കിഴക്കുഭാഗത്തായിരുന്നു അത്. ഇന്ന് തിരുനബി(ﷺ) വിശ്രമിക്കുന്ന റൂമും പരിസരവുമായിട്ടായിരുന്നു ആദ്യഭാര്യമാരുടെ റൂമുകളും ഫാത്വിമാ(റ), ഉമ്മുകൽസും(റ) എന്നിവരുടെ മുറികളും ഉണ്ടായിരുന്നത്. ഇന്നാഭാഗത്താണ് ഇരുമ്പുഗ്രില്ല്കൊണ്ട് റൂമാക്കി തിരിച്ച് നബി(ﷺ)യുടെയും സിദ്ദീഖി(റ)ന്റെയും ഫാറൂഖി(റ)ന്റെയും ഖബറുകളും ഉൾക്കൊള്ളുംവിധം കെട്ടിയിരിക്കുന്നത്. ഓരോ പുതിയ ഭാര്യമാരും വരുമ്പോഴും ആഇശായുടെ മുറിക്ക് സമാനമായ ഒരു മുറി നവവധുവിനും എന്ന ശൈലിയാണ് സ്വീകരിച്ചത്. അങ്ങനെയാണ് പള്ളിയുടെ ദക്ഷിണഭാഗത്തും നിർമ്മാണം വന്നത്.

പുനരധിവാസങ്ങൾക്കും റൂം നിർമ്മാണങ്ങൾക്കും ഉദ്ദേശിച്ചപ്പോഴെല്ലാം ഹാരിസ:യെയാണ് മാറ്റിമാറ്റിത്താമസിപ്പിച്ചത്. നബി കുടുംബത്തിന് വേണ്ടി ഒമ്പത് റൂമുകൾ പണിതുകഴിഞ്ഞതോടെ ബാബുന്ന

ബി(ﷺ)യുടെയും ആഇശ(റ)യുടെ വീടിന്റെയുമിടയിൽ ഇടമില്ലാതായി, അതിനാൽ മൈമുന(റ)ക്ക് വേണ്ടി അൽപം വിദൂരത്താണ് റൂം നിർമിച്ചത്. നബി(ﷺ)യുടെ വഫാത്തിന് ശേഷം അവർ മക്കത്തേക്ക് മടങ്ങുകയും സരിഫ് എന്ന പ്രദേശത്ത് വച്ച് വഫാത്താവുകയും ചെയ്തു. നബി(ﷺ)നിർമിച്ചു നൽകിയിരുന്ന ഖുബ്ബയിൽ ഖബറടക്കുകയും ചെയ്തു.

ഇമാം ബുഖാരി(റ) അദബുൽ മുഫ്റദ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു. നബി(ﷺ)യുടെ കുടുംബത്തിന്റെ റൂമുകൾ ഞാൻ കണ്ടു. ഈത്തപ്പന മട്ടൽകൊണ്ടും പുറത്തുനിന്ന് രോമത്താൽ പൊതിഞ്ഞതുമായിരുന്നു. ഏഴോ എട്ടോ മുഴം വീതിയുണ്ടാകുമെന്നാണ് എന്റെ ഭാവന. ഉള്ളറ മുഴുവൻ പത്തുമുഴം ചുറ്റളവുണ്ടാകും. എന്റെ ഭാവനയിൽ ഏഴോ എട്ടോ മുഴം ഉയരവും ഉണ്ടാകും.

ഹസൻ ബസ്വരി(റ)വിന്റെ വിശദീകരണം ഇങ്ങനെയാണ്. അദ്ദേഹം ഉമ്മുസലമ(റ)യുടെ വീട്ടിൽ വളർന്ന ആളാണ്. ഞാൻ കൗമാരപ്രായത്തിലായിരിക്കെ ഞാൻ നബി പത്നിമാരുടെ വീടുകളുടെ അകത്ത് കയറിയിറങ്ങിയിട്ടുണ്ട്. വീട്ടിനുള്ളിൽ കട്ടിയുള്ള ഒരു തരം മരം ഉപോഗിച്ച് റൂമുകൾ തിരിച്ചിരുന്നു. എന്റെ കൈകൊണ്ട് മേൽകൂര തൊടാൻ കഴിയുമായിരുന്നു. ഹഫ്സ(റ)യുടെ വീട്. ഇന്ന് നബി(ﷺ)യെ സിയാറത്ത് ചെയ്യാൻവേണ്ടി ആളുകൾ നിൽക്കുന്ന സ്ഥലത്തായിരുന്നു. പരസ്പരം ബന്ധപ്പെടാൻ ചെറിയ പൊത്തുകളും ഉണ്ടായിരുന്നു.

എല്ലാ നിവേദനങ്ങളെയും അടിമുടി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതിതാണ്, ആകെക്കൂടെ വീടിന്റെ വിസ്തൃതി അഞ്ചോ ആറോ മീറ്റർ വരും. രണ്ടു മീറ്ററിലധികം ഉയരവും ഉണ്ടായിരുന്നില്ല.

മുഹമ്മദ് ബിൻ ഉമർ (റ) നിവേദനം ചെയ്യുന്നു. അബുദല്ലാഹിബ്ൻ യസീദ് അൽ ഹുദലി പറഞ്ഞു. വലീദ് ബിൻ അബ്ദുൽ മലികിന്റെ നിർദ്ദേശപ്രകാരം ഉമർബിൻ അബ്ദുൽ അസീസ്(റ) പൊളിച്ചപ്പോൾ നബി(ﷺ)യുടെ വീടുകൾ ഞാൻ കണ്ടിരുന്നു. എല്ലാം ഇഷ്ടികയും, ചെളിയും, ഈത്തപ്പനമടലും ഉപയോഗിച്ചുള്ളതായിരുന്നു. ഒൻപതു റൂമുകളും ഞാൻഎണ്ണി നോക്കിയിരുന്നു. ബാബുന്നബീ എന്ന കവാടത്തിന്റെയും ആഇശ(റ)യുടെ വീടിന്റെയും ഇടയിലായിരുന്നു. തുടർന്നദ്ദേഹം രേഖപ്പെടുത്തി. ഉമ്മുസലമയുടെ വീടും ഞാൻ കണ്ടു. മഹതിയുടെ പൗത്രനോട് ഞാനന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. നബി (ﷺ) ദൗമതുൽ ജൻദൽ യുദ്ധത്തിൽ പോയപ്പോഴാണ് ഉമ്മസലമ(റ) ഇഷ്ടികകൊണ്ട് വീട് ഭംഗി

യാക്കിയത്. മടങ്ങിവന്നപ്പോൾ നബി(ﷺ) ചോദിച്ചു ഇതെന്താണ്? ഉമ്മുസലമ മറുപടി പറഞ്ഞു, നബിയേ ഞാൻ ജനങ്ങളുടെ കണ്ണ് തടയാനാണ് ഇങ്ങനെ ഭദ്രമാക്കിയത്. നബി(ﷺ) പ്രതികരിച്ചു ഉമ്മസലമാ.. മുസ്‌ലിംകളുടെ സ്വത്ത് ദുർവിനിയോഗം ചെയ്യപ്പെടുന്നത് കെട്ടിടങ്ങളിലാണ്.

മുഹമ്മദ് ബിൻ ഉമർ തുടരുന്നു. ഞാൻ മേൽ ഹദീസ് മുആദ് ബിൻ മുഹമ്മദുൽ അൻസാരിയോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. റൗളയിൽ ഇരിക്കവേ (ഖബറിന്റെയും മിമ്പറിന്റെയും ഇടയിൽ സ്വർഗ്ഗത്തോപ്പ് എന്ന് വിശേഷിപ്പിക്കപ്പെട്ട സ്ഥലം) ഇംറാൻ ബിൻ അബൂഅനസ്(റ)വിന്റെ മജ്‌ലിസിൽവച്ച് അത്വാഉൽ ഖുറാസാനി പറയുന്നത് ഞാൻ കേട്ടു. നബി (ﷺ)യുടെ ഭവനങ്ങൾ ഞാൻ കണ്ടു. (ആ ഭവനങ്ങൾ പൊളിക്കാനുള്ള വലീദിന്റെ ഓർഡർ ഞാൻ കണ്ടിരുന്നു എന്ന് പറഞ്ഞു കരയാൻ തുടങ്ങി.) ഇംറാന് ബിൻ അനസ് അന്നത്തേതുപോലെ കരുയന്നത് ഞാൻ കണ്ടിട്ടില്ല. അത്വാഅ്(റ) പറയുന്നു. സഈദുബ്നിന് അൽ മുസയ്യബിന്റെ വാക്കുകൾ ഞാൻ ശ്രവിച്ചിരുന്നു. അവർ ആ വീടുകൾ പൊളിക്കാതിരുന്നെങ്കിൽ മാലോകർക്കു മുഴുവൻ ഒരു പാഠമാകുമായിരുന്നേനെ. ആധിക്യവും അധികാരവും നടക്കുന്ന തലമുറകൾക്കു മുമ്പിൽ തിരുനബി (ﷺ)യുടെ വിനീതഭവനം ഒരുണർത്തുപാട്ടാകുമായിരുന്നു.

അത്വാഇന്റെ വിശദീകരണം കഴിഞ്ഞപ്പോൾ ഇംറാൻ ബിൻ അബൂ അനസ് പറഞ്ഞു. നബിഭവനങ്ങളിൽ നാലെണ്ണം ഇഷ്ടികയാൽ നിർമ്മിതവും അറ്റത്ത് ഈത്തപ്പന മട്ടൽകൊണ്ട് റൂം തിരിച്ചതുമായിരുന്നു. അഞ്ചെണ്ണം ചെളിയും ഈത്തപ്പനമട്ടലും ചേർന്നുള്ളതായിരുന്നു. അതിനുള്ളിൽ റൂം തിരിച്ചിരുന്നില്ല. അതിന്റെ വാതിലുകളിൽ ഉണ്ടായിരുന്ന വിരികൾ ഞാൻ അളന്നുനോക്കി. രണ്ടോ മൂന്നോ മുഴമാണുണ്ടായിരുന്നത്.

നേരത്തെ മഹാനവർകളുടെ കരച്ചിലിനെക്കുറിച്ചു നാം പരമാർശിച്ചല്ലോ. പ്രസ്തുതനേരത്ത് പല സ്വാഹാബീപുത്രന്മാരും പള്ളിയിൽ ഉണ്ടായിരുന്നു. അബ്ദുറഹ്മാൻബിൻ ഔഫിന്റെ മകൻ അബൂസലമ: സഹ്ല് ബിൻ ഹുനൈഫിന്റെ മകൻ അബൂഉമാമ: സൈദ്ബിൻ സാബിതിന്റെ മകൻ ഖാരിജ: എന്നിവർ അതിൽ ഉൾപ്പെട്ടിരുന്നു. ഇവരെല്ലാം താടിരോമങ്ങൾ നനയുംവിധത്തിൽ അന്നു കരഞ്ഞവരാണ്. അബൂഉമാമ: ഗദ്ഗദത്തോടെ അന്ന് പറഞ്ഞു. ഇതൊന്നു പൊളിക്കാതിരുന്നെങ്കിൽ.പ്രപഞ്ചരഹസ്യങ്ങൾ മുഴുവൻ കൈമുതലാക്കിയതിനു നബി(ﷺ)ക്ക് അല്ലാഹു

തൃപ്തിപ്പെട്ടു നൽകിയ ഭവനങ്ങൾ ലോകർക്കൊരു ദർശനമാകുമായിരുന്നു.

നാം പറഞ്ഞുവന്നത് നബി ഭവനങ്ങളെക്കുറിച്ചാണ്. നമുക്ക് ഫാത്വിമ(റ)യുടെ വീട്ടിലേക്ക് തന്നെ പോകാം.

മാതാവിന്റെ വിയോഗം മുതൽ പിതാവിന്റെ പരിലാളനയിലായിരുന്നല്ലോ ഫാത്വിമ(റ): തീറ്റയും ഉറക്കവും കുടിയും സ്നേഹപ്രകടനങ്ങളുമെല്ലാം തിരുനബി(ﷺ)ക്കൊപ്പം.....വിവാഹത്തിന് ശേഷവും ദൂരത്തേക്ക് പോയില്ല. പിതാവിന്റെ ചാരത്ത് തന്നെയാണ് താമസം. മേലെ നാം വായിച്ചത് പോലെ വളരെ വിനീതമായിരുന്നല്ലോ ആ ഭവനം.

ഉമ്മുകുൽസുമും(റ) ഫാത്വിമ(റ)യും ഒരുമിച്ചാണാദ്യം ജീവിച്ചിരുന്നത്. ഏറ്റവും ഇളയപുത്രി ഫാത്വിമ(റ)യും തൊട്ടു മുകളിലത്തെയാൾ ഉമ്മുകുൽസു(റ)മും ആയിരുന്നു. ഏറ്റവും മൂത്ത സഹോദരിയായിരുന്നു സൈനബ്. അബുൽ ആസിന്റെ ഭാര്യ. ഇസ്ലാം അവരെ വേർപിരിച്ചത് നാം മുന്നേ വായിച്ചു. ശേഷം അദ്ദേഹം ഇസ്ലാം സ്വീകരിച്ച് സൈനബിനൊപ്പം ചേർന്നു. റുഖിയ്യ(റ) എന്ന സഹോദരിയുടെ വിയോഗത്തിന് ആറുമാസം പിന്നിട്ടപ്പോൾ റുഖിയ(റ)യുടെ ഭർത്താവായിരുന്ന ഉസ്മാൻ (റ) ഉമ്മുൽകുൽസൂമി(റ)നെ വിവാഹം കഴിച്ചു. അതോടെ ഫാത്വിമ(റ) വീട്ടിൽ തനിച്ചായി. വിവാഹത്തിന് ശേഷം രണ്ടുപേരുടെയും വീടുകൾ വേറെവേറെയായി എന്ന് തന്നെയാണ് ഭാവിക്കപ്പെടുന്നത്.

നബി(സ)യുടെ വീടിന്റെ പിന്നിലായിരുന്നു ഫാത്വിമ(റ)യുടെ വീട്. പള്ളിയുടെ ഇടതുഭാഗത്തായിരുന്നു സ്ഥിതിചെയ്തത്. ഫാത്വിമ(റ)യുടെ വീട്ടിൽ നിന്ന് നബി(ﷺ)യുടെ വീട്ടിലേക്ക് ഒരു കിളിവാതിലുണ്ടായിരുന്നു. ഇബ്നുന്നജ്ജാർ ഉദ്ദരിക്കുന്നു. എന്നും നബി(ﷺ) ഫാത്വിമയുടെ വീടിന്റെ വാതിൽക്കൽ പിടിച്ചുകൊണ്ട് പറയും അസ്സ്വലാ.....(നിസ്കാരം) അസ്സ്വലാ.... (നിസ്കാരം) ശേഷം അഹ്ലുബൈതിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ഖുർആനിക സൂക്തം, പാരായണം ചെയ്യുകയും ചെയ്യുമായിരുന്നു.

ഹസൻ(റ)ന്റെ പൗത്രൻ ഉമർ(റ) പറയുന്നു നബി(ﷺ) ഇറങ്ങുന്ന സ്ഥലത്തായിരുന്നു ഫാത്വിമ(റ)യുടെ വീട്. ഫാത്വിമ(റ)യുടെ ഭിത്തിയിൽ ആഇശ(റ)യുടെ വീട്ടിലേക്ക് ഒരു ചെറിയ പൊത്ത് ഉണ്ടായിരുന്നു. നബി(ﷺ) പുറത്തേക്ക് വരുമ്പോൾതന്നെ ആ പൊത്ത് വഴി ഫാത്വിമ(റ)യുടെ വിശേഷങ്ങൾ അറിയാമായിരുന്നു.

ഖബറിന്റെ ചുറ്റിക്കെട്ടിന്റെ ശ്രേഷ്ഠത വിശദീകരിക്കുന്ന സ്ഥലങ്ങളിൽ ഇങ്ങനെ കാണാം. എല്ലാ ദിവസവും നബി(ﷺ) അലി(റ)ന്റെ വീട്ടിൽ വരുമായിരുന്നു. (ഒരു നിവേദനത്തിൽ എല്ലാ സുബ്ഹിക്കും എന്നാണ്) വാതിൽ പിടിച്ച് അസ്സ്വാലത്ത് എന്ന് മൂന്ന് പ്രാവശ്യം പറയുമായിരുന്നു. ശേഷം മേൽ ഉദ്ധരിച്ച ഖുർആൻ സൂക്തവും പാരായണം ചെയ്യും.

ഇബ്നുന്നജ്ജാർ പറയുന്നു. ഫാത്വിമ(റ)യുടെ വസതിയുടെ ഭാഗത്ത് ഒരു മിഹ്റാബടക്കം വേർതിരിച്ചിട്ടുണ്ട്. നബി(ﷺ)യുടെ റൂമിന്റെ പിൻഭാഗത്താണത്. സന്ദർശകർ കടന്നുവരുന്ന ഭാഗത്ത് പ്രത്യേകം പരിഗണിക്കുകയും ചവിട്ടാൻ അനുവദിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഒരു സ്ഥലമുണ്ട്. ഒരഭിപ്രായപ്രകാരം ഫാത്വിമ(റ)യുടെ ഖബറും അവിടെത്തന്നെയാണ്. ബാബുജിബ്രീലിന്റെ ഭാഗത്തായിട്ടാണ് ആ ഭാഗമുള്ളത്. അവിടുത്തെ വാതിലിന്റെ ചിത്രമാണ് ഈ ഗ്രന്ഥത്തിന്റെ മുഖചിത്രമായിക്കൊടുത്തിട്ടുള്ളതും.

ലോകനേതാവ് തിരുമേനി(ﷺ)യുടെ പ്രിയപുത്രി ഫാത്വിമ(റ)യുടെ വീട്ടുവിശേഷങ്ങളാണ് നാം വിവരിച്ചത്...ഫാത്വിമ(റ) എന്റെ ഭാഗമാണ് സ്വന്തം പിതാവിന്റെ മാതാവെന്ന വിശേഷണം നേടിയവൾ. ക്ഷമാനിർഭരമായ ജീവിതത്തിന്റെ ദർശിനി....... പരിത്യാഗത്തിന്റെ പര്യായം....... താഴ്മയുടെ തേൻകുടം.... ഈ ആത്മീയകേന്ദ്രത്തിൽ നിന്നാണ് പരിശുദ്ധമായ പരമ്പരയുടെ കണ്ണികൾ തിരുനബി(ﷺ)യോട് ചേരുന്നത്. (ഈ വിനയ ഭാവത്തിൽ നമുക്ക് പാഠങ്ങളില്ലേ?)

# ഫാത്വിമ(റ)
# പടക്കളത്തിനു ചാരെ

ഫാത്വിമ(റ) പിറന്നുവീണത് തന്നെ പോരാട്ടഭൂമിയിലേക്കാണ്. ആദർശത്തിന്റെ പ്രവാചകനായ പിതാവ് വിമർശനത്തിന്റെ മുൾപടർപ്പിലൂടെ നടന്നപ്പോഴെല്ലാം തീർത്ഥയായ പുത്രിയാണ് ഫാത്വിമ(റ). ബദ്റിന്റെ രണഭേരിയും വിജയഗാഥയും അവൾ നേരിട്ടുകണ്ടതാണ്. വിവാഹത്തിനു ശേഷം ആദ്യമായി അവൾ യുദ്ധത്തെ കാണുന്നത് ഉഹ്ദിന്റെ രണഭൂമയിലിലാണ്.

ബദ്റിൽ തോറ്റതിന്റെ പകയിലാണ് ഖുറൈശികൾ. ആ വിദ്വേഷത്തിന്റെ പ്രകടനമാണ് സൈനബിനെതിരെ അവരെ ഇളക്കിവിട്ടത്. (നാമത് വായിച്ചു) പലിശയടക്കം ഉഹ്ദിൽ തീർക്കാനാണ് ഖുറൈശീപടയൊരുക്കം.

ഉഹ്ദിലേക്ക് പുറപ്പെട്ട സ്വഹാബികൾക്കൊപ്പം അകത്ത് നിന്ന് സേവനം ചെയ്യാൻ ചില വനിതകളും പുറപ്പെട്ടു. അതിൽ ഫാത്വിമ(റ)യും ചേർന്നു. യുദ്ധത്തിന്റെ പ്രാഥമിക ഘട്ടത്തിൽ വിജയകരമായി മുസ്‌ലിംകൾ മുന്നേറി. അല്ലാഹുവിന്റെ അപാരമായ സഹായം ശത്രുപാളയത്തിൽ വിള്ളലുകൾ തീർത്തു.

പക്ഷേ ജബലുറുമാത്തിന്റെ മുകളിൽ നബി(ﷺ) ഏർപ്പെടുത്തിയ സൈനികവിഭാഗം അൽപം അശ്രദ്ധരായി. അബ്ദുല്ലാഹ്ബിൻ ജുബൈറ്(റ) ന്റെ നേതൃത്വത്തിൽ അമ്പത് പേരെയാണവിടെ നിർത്തിയിരുന്നത്. എന്ത് വന്നാലും, യുദ്ധം അവസാനിച്ചാലും ഞാൻ പറയുന്നത് വരെ അവിടെ തുടരണമെന്നാണ് നബി(ﷺ) കൽപിച്ചിരുന്നത്.

മുശ്‌രിക്കുകൾ തോറ്റു പിന്തിരിഞ്ഞോടി. യുദ്ധം കഴിഞ്ഞെന്ന ഭാവത്തിൽ ജബൽറുമാത്തിലെ സ്വഹാബികൾ ഇറങ്ങിത്തുടങ്ങി. അതോടെ യുദ്ധത്തിന്റെ ഗതി മാറി. ശത്രുക്കൾ അതേ മലഞ്ചെരുവുവഴി തിരിച്ചു വന്നു. പോരാട്ടത്തിന്റെ ഗതി കലങ്ങിമറിഞ്ഞു. തിരുനബി(ﷺ) ശത്രുമദ്ധ്യേ നേരിട്ട് യുദ്ധമുഖത്തേക്ക് വരേണ്ടിവന്നു. പല്ലിനും തലക്കും മുറിവ് പറ്റി. എവിടെയാണ് തിരുമേനി(ﷺ) നിൽക്കുന്നതെന്നറിയാൻ സ്വഹാബികൾ സാഹസപ്പെട്ടു. ശത്രുക്കൾ അവസരം മുതലെടുത്തു.

അവസാനം മുറിവ് പറ്റിയ തിരുമേനി(ﷺ)യെ അല്ലിയ്യ്(റ) എടുത്തു ത്വൽഹത്ബിൻ ഉബൈദില്ലാഹി(റ)യും കൂടി സഹായിച്ചു. മാലിക് ബിൻ സിനാൻ തിരുമുഖത്ത് നിന്ന് രക്തം ഒപ്പിയെടുത്തു.

ഇമാം ബുഖാരി ഉദ്ദരിക്കുന്നതിപ്രകാരമാണ്. സഹ്ല്ബിന് സഅദ് (റ)നോട് നബി(ﷺ) മുറിവിനെക്കുറിച്ചന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. ആരാണ് നബി(ﷺ)യുടെ മുറിവ് കഴുകിയത്. വെള്ളം വാർന്നുകൊടുത്ത്? എന്തുകൊണ്ടാണ് ചികിത്സിച്ചത്? തുടങ്ങി എല്ലാം എനിക്ക് നന്നായി അറിയാം, ഫാത്വിമ(റ)യാണ് മുറിവ് കഴുകിയത്. വെള്ളം വാർന്നു കൊടുത്തത് അലി(റ)വായിരുന്നു. ഫാത്വിമ (റ) മനസ്സിലാക്കി. വെള്ളത്തേക്കാൾ രക്തം മികച്ചുവരുന്നുണ്ട്. ഉടൻ അവൾ പായയുടെ ഭാഗം കീറിയെടുത്ത് കരിച്ചു. അതിന്റെ ചാരം മുറിവിൽ ഇട്ടുകൊടുത്തു. അതോടെ രക്തം നിയന്ത്രിതമായി.

നിർണായക ഘട്ടങ്ങളിൽ മുഴുവൻ സഹായഹസ്തവുമായി മുന്നിലെത്തുന്നത് ഫാത്വിമ(റ)യാണ്. മറ്റുള്ള വനിതകൾക്കൊപ്പം മുറിവ് പറ്റിയവരെ ചികിത്സിക്കാനും വെള്ളംനൽകാനുമൊക്കെ ഫാത്വിമ(റ) പങ്കെടുത്തു

പ്രവാചക പാഠശാലയിലെ ചിന്തനീയമായ കാഴ്ചകളാണ് യുദ്ധഭൂമിയിൽ പ്രത്യേകിച്ചു ഉഹ്ദ് ഒരു പുതിയ പാഠത്തിന്റെ പ്രമാണമായിരുന്നു. പ്രവാചക കൽപനകളെ ശരിയാംവണ്ണം പരിപാലിക്കാനുള്ള നിഷ്കർഷമായ സന്ദേശമായിരുന്നു അത്.

തന്റെ പിതൃസഹോദരനായ ഹംസ(റ) രക്തസാക്ഷിയായത് ആ യുദ്ധത്തിലാണ്. അവൾ ഹംസ(റ)ക്ക് കടാക്ഷങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു. മറ്റു രക്തസാക്ഷികൾക്ക് മുഴുവൻ ആശംസകൾ നേർന്നു, ഫാത്വിമ(റ) മറ്റുള്ളവർക്കൊപ്പം തിരിച്ചുപോയി.

ഇടിപ്പടക്കങ്ങൾക്ക് നടുവിൽ ആതുരസേവനത്തിന്റെ പാതയിൽ നിന്ന സേവക. അതുകൂടി ഫാത്വിമ(റ)യുടെ പദവിയിൽ ഒരു പൊൻതൂവൽ ചാർത്തി.

# ഉമ്മുകുൽസൂമിന്റെ വിവാഹം

ഫാത്വിമ(റ)യുടെ സ്മൃതിപഥം സഹോദരിക്കൊപ്പം തന്നെ സഞ്ചരിക്കുകയാണ്.

ഹിജ്റ മൂന്നാം വർഷം റബീഉൽ അവ്വൽമാസം നബി(ﷺ) വീട്ടിൽ വിശ്രമിക്കുകയാണ്. വിവർണമുഖനായി ഉമർ(റ) പരാതിയുമായി തിരുസവിധത്തിലേക്ക് വന്നു. നബിയേ, അബൂബക്ർ(റ)ഉം, ഉസ്മാൻ(റ)ഉം എന്റെ അഭ്യർത്ഥനയെ നിരുത്സാഹപ്പെടുത്തിയിരിക്കുന്നു. എന്റെ മകൾ ഹഫ്സയുടെ ഭർത്താവ് ഖുനൈസ് ബിൻ ഹുദാഫ മരണപ്പെട്ടു. ഞാൻ ഹഫ്സയെ വിവാഹം കഴിക്കാൻ അബൂബക്റി(റ)നോടും ഉസ്മാനി(റ) നോടും പറഞ്ഞു. അബൂബക്ർ(റ) ഒന്നും മറുപടി പറഞ്ഞില്ല. ഉസ്മാനി(റ)ന് ഉദ്ദേശമില്ലെന്നും പറഞ്ഞു.

ഉമ്മുകുൽസുമി(റ)ന്റെ കാതിലും ഈ വർത്തമാനം എത്തി. അവളുടെ ചിന്ത ബാല്യത്തിലേക്ക് പറന്നു. റുഖിയ്യ(റ)യുമൊത്ത് കളിച്ചു ചിരിച്ച ദിനരാത്രങ്ങൾ, ശേഷം കർശനക്കാരിയായ അബൂലഹബിന്റെ ഭാര്യ ഉമ്മുജമീലിനെ ഓർത്തു. അബുലഹബിന്റെ മക്കളായിരുന്നു റുഖിയ്യയെയും ഉമ്മുകുൽസുമിനെയും ആദ്യം വിവാഹം കഴിച്ചത്. ഭർതൃഭവനത്തിലും കുൽസുമും റുഖിയ്യയുമൊപ്പമാണ് ചെലവഴിച്ചത്.

ശേഷം റുഖിയ്യയെ ഉസ്മാൻ (റ) വിവാഹം കഴിച്ചു. ഇപ്പോൾ റുഖിയ്യ മരണപ്പെട്ടുപോയി. ഇനി ഉസ്മാനി(റ)ന് ഹഫ്സയെ വിവാഹം കഴിച്ചുകൂടേ. അപ്പോഴേക്കും ഉമർ(റ)വിന്റെ വാക്കുകൾ വീണ്ടും കേൾക്കുന്നു. ഉസ്മാനി(റ)ന് ഹഫ്സയെക്കാൾ വേറെ നല്ല ഭാര്യ ആരു കാണും. ഹഫ്സക്ക് ഉസ്മാനി(റ)നേക്കാളും നല്ല ഭാർത്താവുമാര് കാണും.

ഉമ്മുകുൽസുമി(റ)ന്റെ മനസ്സിൽ ഉമർ(റ)ന്റെ മേൽ വാചകം തത്തി ക്കളിച്ചു. ശരിയല്ലേ....... അധികം വൈകിയില്ല. നബിയുടെ സേവകി ഉമ്മു അബ്ബാസ് വന്ന് ഉമ്മുകുലുസൂമിനെ വിളിച്ചു...... വാപ്പ വിളിക്കുന്നു. വാപ്പ ഉമ്മുകുൽസൂവിനോടന്വേഷിച്ചു. മോളേ, ഉസ്മാനിനെ നിനക്ക് ഭർത്താ വാക്കിത്തന്നാലോ.

അവൾ ഒന്നും പ്രതികരിച്ചില്ല. പകരം പഴയ വിചാരങ്ങൾ അവ ളുടെ ഹൃദയത്തിൽ ചേക്കേറി. റുഖിയ്യ(റ)യും ഒരുമിച്ച് അബുലഹബിന്റെ വീട്ടിൽ താമസിച്ച ദിനരാത്രങ്ങൾ......

അവൾ തിരിച്ചു സൈനബിന്റടുക്കൽ എത്തി. ഫാത്വിമയും അടു ത്തുണ്ട്. അവരിരുവരും ഈ വാർത്തകേട്ട് സന്തുഷ്ടരായി. ഉമ്മു കുൽസൂമും റുഖിയ്യയും തമ്മിലുള്ള ഇണപൊരുത്തത്തെ അവർ എടു ത്തുപറഞ്ഞു. അതേ റബീഉൽ അവ്വലിൽ തന്നെ വിവാഹം നടന്നു.

ഉമ്മുകുൽസൂം(റ) തന്റെ സഹോദിരമാർക്കും ഉമ്മു അയ്യാശിനുമൊപ്പം റുഖിയ്യ(റ)യുടെ പദവി പിൻതുടരാൻ ഉസ്മാൻ(റ)വിന്റെ വീട്ടിലേക്ക് പോയി. ഉമ്മുകുൽസൂം(റ) മനസ്സിൽ അപ്പോൾ ചിന്തിച്ചിട്ടുണ്ടാവണം. റുഖിയ്യാനാമിനി ഒരുമിക്കാൻ ഖബറിടം മാത്രമേ ബാക്കിയുള്ളൂ.

ഉസ്മാനിനോടൊപ്പം കുൽസൂമിനെ യാത്രയാക്കി സൈനബും ഫാത്വിമയും തിരിച്ചുവന്നു. അവൾക്ക് ക്ഷേമാശംസകൾ നേർന്നു. വർത്തമാനത്തിനിടയിൽ മക്കയിലേക്ക് ചിന്തപാറി. അവടെ വിശ്രമിക്കുന്ന വാത്സല്യവും ആദരണീയയുമായ മാതാവിനെ അവർ നിറമിഴികളോടെ സ്മരിച്ചു.........

# സൗന്ദര്യപ്പിണക്കങ്ങൾ

അല്ലാഹുവിലും പ്രവാചകതിരുമേനി(ﷺ)യിലുമുള്ള പ്രേമത്തിൽ ചാലിച്ച ജീവിതം എത്ര പ്രഫുല്ലമാണ്. ആത്മസാക്ഷാത്ക്കാരമുള്ള കുടുംബപ്രയാണങ്ങൾ എത്ര സാർത്ഥകമായിരിക്കും.

എന്നാലും എല്ലാ രാഗങ്ങളും ഒരേ മാധുര്യത്തോടെ തുടരുകയില്ലല്ലോ. കാലം ചെല്ലുമ്പോൾ ചിലങ്കകൾ മാറിക്കിലുങ്ങും. വിചാരങ്ങൾക്കും ജീവിതങ്ങൾക്കും ദിനരാത്രങ്ങളുടെ തേരിൽ പരിവർത്തനങ്ങൾ സംഭവിക്കുക സ്വാഭാവികം.

അങ്ങനെയിരിക്കെ ഒരുദിവസം അലീഫാത്വിമ ദമ്പതികൾ തമ്മിൽ പിണങ്ങി. സ്നേഹം അമൂർത്തമാകുംതോറും ചെറിയ ചലനങ്ങൾ വലിയ കോളിളക്കങ്ങൾ സൃഷ്ടിക്കും. നിസാരമായ വീക്ഷണവൈജാത്യങ്ങൾ വലിയ പിണക്കമായി മാറും. പിണക്കമറിഞ്ഞതോടെ തിരുനബി(ﷺ) കടന്നുവന്നു. ഹൃദയപാനത്തിലെവിടെയോ സ്ഖലിതം കലർന്നെന്ന് തിരുനബി(ﷺ) മനസ്സിലാക്കി. നബി(ﷺ) ഇരുന്നു. അലി(റ)യെ അടുത്ത് ചേർത്തിരുത്തി മറുഭാഗത്ത് ഫാത്വിമ(റ)യെയും ചേർത്തിരുത്തി. രണ്ടുപേരുടെയും കരങ്ങൾ തിരുമേനി(ﷺ)യുടെ വയറിനുമുകളിൽ ചേർത്തുവച്ചു. അനുസ്യൂതമായ ഇണപ്രവാഹത്തെ തന്ത്രികോർത്തുകൊണ്ട് ആ ജീവിതരാഗം വീണ്ടും തുടർന്നു.

മറ്റൊരിക്കൽ നബി(ﷺ) കേട്ടു. അലി(റ)വും ഫാത്വിമ(റ)യും എന്തോ സ്വരക്കേടിലാണ്. ഉടനെ മകളുടെ വീട്ടിലേക്ക് ചെന്നു. അൽപം കഴിഞ്ഞ് പ്രസന്നമുഖനായി തിരിച്ചുവന്നു. ആരോ ഒരു സ്വഹാബി നബി(ﷺ)യോട് ചോദിച്ചു എന്താണ് നബിയേ ഒരു പ്രത്യേക അവസ്ഥയിൽ അകത്തേക്ക് പോയി പുഞ്ചിരി തൂകി തിരികെ വരുന്നത്?

തിരുമേനി പറഞ്ഞു

എനിക്കേറ്റവും പ്രിയപ്പെട്ട രണ്ടുപേർക്കിടയിൽ ഞാൻ പിണക്കം തീർത്തുവരികയാണ്.

മൂന്നാമതൊരിക്കൽ ഒരു പിണക്കം കൂടി. ഫാത്വിമ(റ) പറഞ്ഞു ഞാൻ ഉപ്പയോട് പരാതി പറയും. അവൾ പുറപ്പെട്ടു. അലി(റ)വും വൈകിയില്ല. തൊട്ടുപിറകെ പോയി. തിരുനബി സവിധത്തിൽ മകളും മരുമകനും.

നബി(ﷺ) ഉപദേശിച്ചു. പരസ്പര സഹകരണത്തിന്റെ മാധുര്യം ഉണർത്തി.

നബിയേ ഇനി അവൾക്കിഷ്ടപ്പെടാത്തവിധം ഒന്നും സംഭവിക്കില്ല. പ്രിയപ്പെട്ട പിതാവിന് രണ്ടും മക്കളാണ്. രണ്ടുപേർക്കുമറിയാം ഇത് കാരുണ്യത്തിന്റെ പൊൻകുടമാണ്.

മാതാവിന്റെ വിയോഗം തീർത്ത ആകുലതയിൽ നിന്നാണ് ഫാത്വിമ(റ)യുടെ ആഗമനം. കദനഭാരം ഇറക്കിവെക്കാനുള്ള ഏകാവലംബമാണ് ഭർത്താവ്.

അവൾക്ക് വിചാരിക്കുന്നിടത്തോളം ഉയരാൻ ചിലപ്പോൾ തേരാളിയായ അലി(റ)ക്ക് കഴിയുന്നില്ല. ചിലപ്പോൾ തന്ത്രികൾ മാറിത്തട്ടും. ഗീതകത്തിന്പകരം ദൈന്യതകൾ പുറത്ത്വരും. അതാണ് സൗന്ദര്യപ്പി ണക്കം

ആത്മാവിന്റെ പ്രവേശികകളെ നന്നായറിയുന്ന തിരുദൂതരാണ് മധ്യസ്ഥൻ.. അതോടെ പിണക്കം ഗാഢസ്നേഹമായി തുടർന്നൊഴുകുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം നബി(ﷺ) മകളുടെ വീട്ടിലേക്ക് ചെന്നു. അലി(റ)യെ കാണാനില്ല. നബി(ﷺ) അന്വേഷിച്ചു. എവിടെപ്പോയി മോളെ അലി?

ഞങ്ങൾ തമ്മിൽ ചെറുതായൊന്നുരസി. അപ്പോൾ എന്നോട് ദേഷ്യപ്പെട്ടു. പിന്നെ ഇവിടെ നിന്നില്ല.

രോഗം തിരിച്ചറിഞ്ഞ നിർവ്വാഹകൻ. ആത്മശാന്തിയുടെ പര്യായം, അലി(റ)നെ അന്വേഷിക്കാൻ ഒരാളെ അയച്ചു. പള്ളിയിലുണ്ടെന്ന് മറുപടി ലഭിച്ചു.

ദേഷ്യം വന്നപ്പോൾ ശാന്തതക്ക് വേണ്ടി പള്ളിയിലേക്ക് പോയതാണ്. അൽപം കഴിഞ്ഞപ്പോൾ മടങ്ങാൻ നോക്കിയെങ്കിലും രംഗം ഒന്നു കൂടി ശാന്തമാകട്ടെ എന്ന് കുരുതി അവിടെക്കിടന്നതാണ് അലി(റ). ഉറക്കത്തിൽ മേൽത്തട്ടം മാറ്റി. മണ്ണിൽ കിടന്ന് ഉറങ്ങുകയാണ് അലി(റ).

നബി(ﷺ) അവിടേക്ക് കടന്നു ചെന്നു. ശരീരത്തിൽ നിന്ന് മണ്ണ് തട്ടി മാറ്റിയിട്ട് വിളിച്ചു. ഓ അബൂതുറാബ് (മണ്ണിന്റെ പിതാവേ, മണ്ണിൽകിടന്നുറങ്ങിയതിനെ സൂചിപ്പിച്ചു വിളിച്ചതാണ്). അബു തുറാബ്... എഴുന്നേൽക്കൂ. കൂട്ടി വീട്ടിലേക്ക് കൊണ്ടുപോയി. ഒരുമിച്ചു... പിണക്കം ഒതുക്കി. ആ ദാമ്പത്യനൗകയെ തുടർന്നും തുഴയാൻ അനുവദിച്ചു. ഹൃദയങ്ങൾ ശാന്തനിർഭരമായി.

# ഹഫ്സയുടെ മംഗല്യം

ഹഫ്സ(റ)ക്ക് ഉസ്മാനെ(റ)ക്കാൾ ഉന്നതമായ ഒരാൾ വേറെയാരുണ്ട്? ഉസ്മാനി(റ)ന് ഹഫ്സ(റ)യേക്കാൾ ഉന്നതയായ വേറെയാരുണ്ട്? ഉമർ(റ)വിന്റെ വാക്കുകൾ ഓർമ്മയിൽ നിൽക്കുകയാണ്. അത് ചരിത്രം ഏറ്റെടുത്തു. ഉസ്മാൻ(റ)വിനെക്കാൾ ഉന്നതനായ തിരുമേനി(ﷺ)യുടെ വധുവായി മാറുകയാണ് ഹഫ്സ(റ): വാർത്ത അറിഞ്ഞതോടെ ഉമർ(റ) സിദ്ധീഖ്(റ)നെ സമീപിച്ചു. സിദ്ധീഖ്(റ) പറഞ്ഞു: ഇതെനിക്ക് മുമ്പേ ഒരു ഭാവന ഉണ്ടായിരുന്നു. അത്കൊണ്ടാണ് ഞാൻ നേരത്തെ വിസമ്മതം പറഞ്ഞത്. തിരുമേനി ഹഫ്സ(റ)യെ വേളികഴിച്ചില്ലെങ്കിൽ ഞാൻ സ്വീകരിക്കുമായിരുന്നു.

ഉമർ(റ) മകളുടെ അടുക്കലേക്ക് ചെന്നു. ഭൂമിലോകത്തെ ഏറ്റവും ശ്രേഷ്ഠനായ ഭർത്താവാണ് നിന്റെ ജീവിതം ഏറ്റെടുക്കുന്നത് എന്ന സുവിശേഷമറിയിച്ചു. സിദ്ദീഖ്(റ) തന്റെ മകൾ ആഇശ(റ)യോടും ഹഫ്സ(റ)യുടെ ആഗമനത്തെക്കുറിച്ച് പറഞ്ഞു. ഉസ്മാൻ ഉമ്മുകുൽസും വിവാഹം റബീ ഉൽഅവ്വലിൽതന്നെ നടന്നെങ്കിലും ഹഫ്സ(റ)യുടെ വിവാഹം ഹിജ്റ മൂന്നാം വർഷം ശഅ്ബാനിലാണ് നടന്നതെന്നാണ് പ്രബലാഭിപ്രായം. റമളാനിലായിരുന്നു എന്നാണ് മറ്റഭിപ്രായമുള്ളത്.

ഖദീജ:(റ)യുടെ വിയോഗാനന്തരം മൂന്നാമത്തെ ഭാര്യയായിരുന്നു ഹഫ്സ(റ): ഹഫ്സ(റ)യുടെ ആഗമനം ഫാത്വിമയിൽ ഖദീജയെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തി. പക്ഷേ, പിതാവിനെക്കുറിച്ച് ഫാത്വിമ(റ)ക്ക് നന്നായറിയാം. സ്ത്രീതത്പരനായതിനാലല്ല ഹഫ്സ(റ)യെക്കൂടി വിവാഹം കഴിക്കുന്നത്. ദീനും ഇലാഹിയ്യുമായ രഹസ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണിത്. (ഖദീജയിൽ നിന്നൊഴികെ മറ്റു ഭാര്യമാരിൽ

നിന്നൊന്നും തിരുനബി(സ)ക്ക് സന്താനങ്ങളും ഇല്ലായിരുന്നല്ലോ) മറ്റു രണ്ടുപേർ നബിജീവിതത്തിലേക്ക് കടന്നുവന്നിട്ടും ഖദീജ(റ)യെക്കുറിച്ചുള്ള മതിപ്പ് നബി(ﷺ)യിൽ വർദ്ധിച്ചിട്ടേ ഉള്ളൂ. ഖദീജ(റ)ക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾക്ക് ആക്കം വർദ്ദിച്ചിട്ടേ ഉള്ളൂ. ഈ യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ വസ്തുതാബോധം നിലനിർത്തിയവരാണ് പ്രവാചക പുത്രിമാർ. എല്ലാവരും ഹഫ്സ(റ)യുടെ വിവാഹത്തിൽ പങ്കെടുത്തു.

ചടങ്ങുകൾ കഴിഞ്ഞ് എല്ലാവരും മടങ്ങി. ഫാത്വിമ(റ)യും അലി(റ)യും ഖദീജാസ്മൃതികളിൽ സമയം ചെലവഴിച്ചു. അലി(റ)വിനുമുണ്ടല്ലോ ഖദീജ(റ)ന്റെ പരിലാളനയുടെ ഒരുപാട് സ്മരണകൾ.

# പുതിയ പരീക്ഷണങ്ങൾ

ഫാത്വിമാകുടുംബത്തിന്റെ ജീവിതം വളരെയധികം വിനയപൂർവ്വമായിരുന്നു എന്ന് നാം വായിച്ചുകഴിഞ്ഞു. ഹന്നാദ് ബിൻ അത്വാ ഇൽനിന്നിങ്ങനെ ഒരുദ്ധരണി കാണാം. അലി(റ) പറയുന്നു. കുറെ ദിനങ്ങൾ കഴിഞ്ഞുകൂടി. എന്റെയോ നബി(ﷺ)യുടെയോ കൈവശം ഒന്നുംതന്നെയില്ല. ഞാനങ്ങനെ പുറത്തേക്കിറങ്ങി. വഴിയിൽ അവഗണിക്കപ്പെട്ട ഒരു ദീനാർ ശ്രദ്ധയിൽപെട്ടു. എടുക്കണോ വേണ്ടയോ, ഒരുപാട് ആശയക്കുഴപ്പത്തിലായി. അവസാനം ഗത്യന്തരമില്ലാതെ അതെടുത്തു. ധാന്യപ്പൊടി ഇറക്കുമതി ചെയ്ത് കച്ചവടം ചെയ്യുന്നവരുടെ പക്കൽ ഞാൻ കൊടുത്തു. എന്നിട്ടൽപം പൊടി വാങ്ങി. എന്നിട്ട് ഫാത്വിമ(റ)യെ ഏൽപ്പിച്ചു. റൊട്ടിയുണ്ടാക്കാൻ പറഞ്ഞു. അവൾ റെഡിയാക്കി വെച്ചു. ഞാൻ തിരുമേനിയുടെ അടുക്കൽ ചെന്ന് കാര്യം പറഞ്ഞു. നബി(ﷺ) പറഞ്ഞു. ഭക്ഷിച്ചോളൂ. അത് അല്ലാഹു നിങ്ങൾക്ക് നൽകിയതാണ്. (പശ്ചാത്തലബോധത്തോടെ വായിക്കുക)

ഈ ക്ലേശകരമായ ജീവിതയാത്രയിലും ഫാത്വിമ(റ) തൃപ്തയും ക്ഷമാശാലിയുമായിരുന്നു. ഇസ്‌ലാമികദർശനം ഉൾക്കൊണ്ടവരുടെ ജീവിതം വിനീതവും ഉള്ളത്കൊണ്ട് തൃപ്തിനിറയുന്നതുമായിരിക്കും എന്ന് പ്രവാചകവചനമാണവൾക്ക് പ്രചോദനം നൽകിയത്. നബി(ﷺ) പറയുന്നത് ഫാത്വിമ(റ) കേട്ടിട്ടുണ്ട്. നിങ്ങൾ നന്നായി അന്വേഷിച്ചോളൂ. പക്ഷേ അല്ലാഹു അവന്റെ അടിമക്ക് ഭൂമിയിൽ നിശ്ചയിച്ചതേ അവന് ലഭിക്കൂ. അവന്വിധിച്ചത് സ്വീകരിക്കാതെ അവൻ മരണപ്പെടുകയില്ലതന്നെ.

ഏതു ക്ലേശഘട്ടത്തിലും അലി(റ)വിന്റെ മനസ്സിൽ മുമ്പ് ചെയ്ത ഒരു പ്രതിജ്ഞ മുഴുത്തുനിന്നു. ഫാത്വിമ(റ)ക്ക് തൃപ്തിയില്ലാത്തതൊന്നും എന്നിൽനിന്നുണ്ടാകുകയില്ലേ,. പക്ഷേ, അപ്രതീക്ഷിതമായി എന്തെങ്കിലും വന്നുപോയാൽ ഊർജ്ജതയോടെയുള്ള ഒരു പുനഃസമാഗമത്തിനുതകും വിധം ഒന്നു ചിണുങ്ങും. പിന്നെ ഇണങ്ങും.

എന്നിട്ടും അലി(റ)ന്റെ വിവാഹാലോചന ഫാത്വിമയിൽ നിന്ന് അപ്രതീക്ഷിതമായ പ്രതികരണങ്ങളാണുണ്ടാക്കിയത്. കഥ ഇതാണ്. അബൂജഹ്ലിന്റെ പുത്രിയുമായി അലി(റ)വിന് വിവാഹാന്വേഷണം വന്നു. അലി(റ) ചിന്തിച്ചു. ഇസ്ലാമികദൃഷ്ട്യാ ഇത്ബന്ധമാണോ? അല്ല. ഈ വിഷയത്തിൽ പ്രവാചകപുത്രിയെന്ന നിലയിൽ പ്രത്യേകതയും അറിവായിട്ടില്ല. മതദൃഷ്ട്യാ അനുവദനീയമാണെങ്കിൽ ഫാത്വിമ(റ) എന്ന പ്രത്യേകതയൊന്നും നബി(ﷺ) പറയില്ല. കാരണം മോഷണക്കാരിയായ പെണ്ണിന് ശുപാർശപറയാൻ വളർത്തുമകന്റെ മകൻ സൈദിനെ നബി(ﷺ)യിലേക്ക് നിയോഗിച്ചു. വളർത്തുമകനായ ഉസാമയോടുള്ള ബന്ധം ഇസ്ലാമികന്യായത്തിന് മുമ്പിൽ നബി(ﷺ) പരിഗണിച്ചില്ലെന്നു മാത്രമല്ല വിദ്വേഷഭാവത്തോടെ തിരുമേനി ചോദിച്ചു. അല്ലാഹുവിന്റെ നിയമത്തിലാണോ നീ ശുപാർശക്ക് വന്നത്? തുടർന്നു നബി(ﷺ) ഒരു പ്രസംഗം നിർവ്വഹിച്ചു. ഓ ജനങ്ങളേ.... ഇതാണ് നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത്. അവരിലെ മാന്യന്മാർ മോഷ്ടിച്ചാൽ അതവഗണിക്കുകയും പാവങ്ങൾ മോഷ്ടിച്ചാൽ നിയമം നടപ്പാക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹു സത്യം! മുഹമ്മദ് നബി(ﷺ)യുടെ മകൾ ഫാത്വിമ(റ)യാണ് മോഷണകുറ്റം ചെയ്തതെങ്കിലും ഞാൻ കൈ മുറിക്കുക തന്നെ ചെയ്യും (മുസ്ലിം)

നിയമത്തിന്റെ മുന്നിൽ ന്യായമായ ഈ വിഷയം ഫാത്വിമ(റ)യായതിനാൽ പ്രത്യേകത ഉണ്ടാകില്ലെന്ന് അലി(റ) വിശ്വസിച്ചു. പക്ഷേ, അല്ലാഹുവിന്റെ റസൂലി(ﷺ)ന്റെ മുന്നിൽ ഫാത്വിമ(റ)ക്ക് അനിതരമായ പല പ്രാധാന്യവും ഉണ്ടായിരുന്നു. സ്ത്രീലോകത്തിന്റെ നേതാവും സൃഷ്ടിശ്രേഷ്ടർ സല്ലല്ലാഹു അലൈഹി വസല്ലമയുടെ കരളിന്റെ കഷ്ണവുമാണ് ഫാത്വിമ(റ). അത്കൊണ്ടീ ആലോചനയെ ഫാത്വിമ(റ) ഇഷ്ടപ്പെടാത്തത്പോലെ തിരുനബിയുടെയും ബദ്ധശത്രുവായ അബൂജഹ്ലിന്റെ മകളായിരുന്നു പ്രതിശ്രുതവനിത.

വിഷയത്തിന്റെ ഗാംഭീര്യം ഉള്ളിൽനിറഞ്ഞപ്പോൾ ദേഷ്യത്തോടെ തിരുനബി(ﷺ) പള്ളിയിലേക്ക് പോയി. മിമ്പറിൽ കയറി ജനങ്ങളെ അഭിമുഖീകരിച്ചു. ബനൂഹിഷാം എന്നോട് അബൂത്വാലിബുമായുള്ള വിവാഹാലോചന നടത്തിയിരിക്കുന്നു. ഞാനവർക്ക് അനുമതി നൽകുന്നില്ല (മൂന്നു പ്രാവശ്യമാവർത്തിച്ചു) അലിയ്യിന് അത് ആവശ്യമാണെങ്കിൽ എന്റെ മകളെ വിവാഹമോചനം നടത്തുക. എന്നിട്ട് അബൂജഹ്ലിന്റെ മകളുടെ വേളി നടത്തൂ. ഇവിടെ ഞാൻ ഹലാലിനെ ഹറാമാക്കുകയോ (അല്ലാഹു അംഗീകരിച്ചതിനെ നിരോധിക്കുകയോ) ഹറാമിനെ ഹലാലാ

ക്കുകയോ അല്ല. അല്ലാഹു തന്നെ സത്യം പ്രവാചകപുത്രിയും അല്ലാഹുവിന്റെ ശത്രുവിന്റെ മകളും ഒരുമിക്കുകയില്ലതന്നെ (ബുഖാരി)

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം കാണാം. ഫാത്വിമ (റ) എന്റെ ഭാഗമാണ്. അവൾ ഫിത്നയാക്കപ്പെടുന്നതിനെ ഞാൻ ഭയക്കുന്നു. ഞാൻ മതവിധി മാറ്റുകയല്ല. പ്രവാചകപുത്രിയും ഇസ്ലാമിന്റെ ശത്രുവിന്റെ മകളും ഒരുമിക്കുകയില്ലതന്നെ. (അബൂദാവൂദ്, ഇബ്നുമാജ:, അഹ്മദ്, ബുഖാരി, മുസ്ലിം)

അതോടെ ആ വിവാഹാലോചന ഉപേക്ഷിക്കപ്പെട്ടു എന്ന് ഇമാം മുസ്ലിം ഉദ്ധരിച്ച നിവേദത്തിൽ കാണാം.

പിന്നീട് നബി(ﷺ) മരുമകൻ അബുൽ ആസ്വിനെ പരാമർശിച്ചു. അദ്ദേഹം അബ്ദുശ്ശംസിന്റെ മക്കളിൽപെട്ട ആളാണ്. അലിയ്യി(റ)ന്റെ സമാനനാണ്. അബുൽആസിനെ പ്രശംസിച്ചു. അയാൾ എന്നോട് വിഷയം അവതരിപ്പിച്ചു. സത്യം പ്രവർത്തിച്ചു. വാഗ്ദത്തം നിറവേറ്റുകയും ചെയ്തു. ഞാൻ മതവിധിമാറ്റുന്ന ആളല്ല. പ്രവാചകപുത്രിയും അല്ലാഹുവിന്റെ വിരോധിയുടെ മകളും ഒരുമിച്ചുചേരുകയില്ല തീർച്ച.....

നമുക്ക് നിഗമിക്കാം മദീനയിലെ ആ രാത്രിയുടെ ഭാവം എന്തായിരിക്കും. കരുണാമയമായ പിതൃത്വത്തിന്റെ ദർശനങ്ങൾ... മകളോടുള്ള സ്നേഹത്തിന്റെ പരസ്യപ്രഖ്യാപനം. പ്രവാചകഹൃദയത്തിൽ നിറഞ്ഞ സ്നേഹത്തിന്റെ പീയൂഷം. അത് പകർന്ന് ലഭിക്കാൻ ഭാഗ്യം ചെയ്യപ്പെട്ട അരുമപുത്രിമാർ....

ശഅബിയുടെ നിവേദനംകൂടി വായിക്കാം. അബൂജഹ്ലിന്റെ മകളെക്കുറിച്ച് സംസാരിക്കാൻ അലി(റ) തിരുമേനിയെ സമീപിച്ചു. നബി(ﷺ) ചോദിച്ചു: എന്താണവളെക്കുറിച്ച് ചോദിക്കാനുള്ളത്? അവളുടെ സ്നേഹത്തെകുറിച്ചാണോ? അലി(റ) പറഞ്ഞു. അല്ല, ഞാനവളെ വേളികഴിക്കുന്നതിൽ തങ്ങൾക്ക് വെറുപ്പുണ്ടോ എന്നറിയാനാണ്. ഞാൻ വെറുക്കുന്നു. അലി(റ) പറഞ്ഞു. തങ്ങൾക്കിഷ്ടമില്ലാത്തതൊന്നും പ്രവർത്തിക്കുകയില്ല.

എല്ലാ ഹദീസുകളും ഏകോപിച്ചു സമ്മതിക്കുന്നു, നബി(ﷺ)യുടെ അനിഷ്ടമറിഞ്ഞതോടെ അലി(റ) ആ ആലോചന ഉപേക്ഷിച്ചു. പ്രവാചകപ്രേമത്തിൽ നിർഭരമായ ആ ഹൃദയം നബി(ﷺ)യുടെ താത്പര്യത്തിനപ്പുറം ഒന്നിനും പ്രാധാന്യം കൽപിച്ചതേയില്ല. ഇസ്ലാമിക മാർഗ്ഗത്തിൽ സർവ്വാർപ്പണം നടത്തിയ അലി(റ)വിന് ആ നിരാസം എത്ര നിസ്സാരവുമായിരുന്നു.

അനുവാചകരുടെ സംശയനിവാരണത്തിനാണ് അബുൽ ആസിനെ

നബി(ﷺ) പരാമർശിച്ചത്. ഒപ്പം വ്യക്തവും ഇഷ്ടവുമായവിയോജിപ്പിന്റെ കാരണങ്ങളും നബി(ﷺ) പറഞ്ഞു.

1. പരസ്പരധ്രുവങ്ങളിലുള്ള രണ്ടുപേരുടെ മക്കൾ എങ്ങനെ ഒരുമിച്ചുപോകാൻ കഴിയും?

2. ഫാത്വിമയുടെ ഈമാനിക അവസ്ഥ അബൂജഹ്ലിന്റെ മകളുമായിച്ചേരുമ്പോൾ കലാപനിർഭരമായേക്കും. (എത്രകണ്ട് തിരുനബിയെ പീഡിപ്പിച്ച ആളായിരുന്നു അബൂജഹ്ൽ)

3. ഫാത്വിമ എന്റെ അംശമാണ്, അവളുടെ വ്യസനം എനിക്ക് അസഹനീയവുമാണ്.

ഈ ന്യായവശങ്ങൾക്കെല്ലാം പുറമേ നബിയുടെ തീരുമാനപ്രഖ്യാപനം സ്വേഛപ്രകാരമായിരുന്നില്ല.

സ്വേഛപ്രകാരം അവിടുന്ന് ഒന്നും ഉച്ചരിച്ചിട്ടില്ല എന്ന ഖുർആൻആനികവിശേഷണത്തിന്റെ പ്രതിച്ഛായയാണ് തിരുമേനി.

ഹാഫിള് ഇബ്നുഹജർ അൽ ഹൈതമി(റ) പറയുന്നു: ഫാത്വിമ(റ) അലി ദമ്പതികളുടെ വിവാഹം ഹിജ്റ രണ്ടാമാണ്ടിൽ ബദ്റ് യുദ്ധത്തിന് ശേഷമായിരുന്നു. പ്രത്യുതാ മേൽപറഞ്ഞ വിവാഹാലോചന ഹസൻ ജനിക്കുന്നതിന് മുൻപായിരുന്നു. ഹസൻ ജനിച്ചത് ഹിജ്റ മൂന്നാം വർഷം റമളാൻ മാസത്തിലായിരുന്നു. (അതിന് ശേഷമാണെന്നും അഭിപ്രായമുണ്ട്.)

ഈ വിഷയത്തിൽ പല നിവേദനങ്ങളും വന്നിട്ടുണ്ടെങ്കിലും ആകത്തുക ഇതാണ്. മേൽപറഞ്ഞ ന്യായവശങ്ങളോടെ നബി(ﷺ) വിവാഹാലോചനയോട് യോജിച്ചില്ല. ഇബ്നുഹജർ(റ) പറയുന്നു. ഫാത്വിമാ(റ)യുടെ വിഷയത്തിൽ ഒരു പ്രത്യേകതതന്നെ മതവിധിയിൽ വന്നിരുന്നു എന്ന് വന്നാൽപോലും അത് സ്വീകാര്യതക്ക് നിരക്കാത്തതൊന്നുമല്ല. അതിനുമാത്രം സ്ഥാനമാനങ്ങളും പരിഗണനയും ഫാത്വിമ(റ)ക്ക് അവകാശപ്പെട്ടിരുന്നല്ലോ.

തിരുനബി(ﷺ)യുടെ പരിചരണത്തിൽ വളർന്ന പുന്നാരമകൾക്ക് അനുവദനീയമായതെല്ലാംതന്നെ നബി(ﷺ) താത്പര്യപ്പെട്ടിരുന്നല്ലോ. അത് ഈ വിഷയത്തിൽ മാത്രമല്ല. വെള്ളിയും സ്വർണ്ണവും സ്ത്രീകൾക്കനുവദനീയമെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ ഫാത്വിമ(റ) മനോഹരമായ ഒരു മാല ധരിച്ച് അണിഞ്ഞൊരുങ്ങുന്നത് കണ്ടപ്പോൾ നബി(ﷺ) താൽപര്യം കാണിച്ചില്ല. അത്പോലെ മകൾക്കൊരു വേലക്കാരിക്കു പകരം ദിക്റുകളാണ് പറഞ്ഞുകൊടുത്തത്. തുലനം ചെയ്തു പഠിക്കാൻ ഇത്ര ഉദാഹരണങ്ങൾതന്നെ വേണ്ടുവോളമാണല്ലോ.

# സൂനങ്ങൾ പിറക്കുന്നു

ഫാത്വിമയുടെ ഭവനത്തിൽ ആനന്ദത്തിന്റെ രാക്കിളികൾ ഗാനമാല പിക്കുന്നു. പ്രഭാതപ്രദോഷങ്ങൾക്ക് പ്രശോഭയേറുന്നു. ഫാത്വിമ(റ) യുടെ ഗർഭാശയത്തിൽ പൈതൽ വളർന്നുവരുന്നു....

ആർഭാടങ്ങളുടെ ആരവങ്ങളില്ലാത്ത ജീവിതം. ദൈനംദിന കർമ്മങ്ങളെല്ലാം അലി ഫാത്വിമ ഇണക്കിളികൾ ഒത്തുചേർന്ന് നിവർത്തിക്കുന്നു. സേവകന്മാരുടെ അകമ്പടിയില്ല. വെള്ളം വലിക്കണം, ചുമന്ന്കൊണ്ടുവരണം, ഭക്ഷണത്തിനുള്ള വകുപ്പുകൾ കാണണം, അതിന് അലിയ്യ്(റ) നേരം കണ്ടെത്തേണ്ടതുണ്ട്. പത്തിരിക്കുള്ളതെല്ലാം മദീനയിൽ കടകളിലുണ്ട്. പക്ഷേ വീട്ടിലെത്തി ഭക്ഷണമാകുന്നതിനിടയിൽ എത്രയെത്ര കടമ്പകൾ കടക്കണം. അതിനെല്ലാം ഇടപെടാൻ അലി(റ) മാത്രം.

ഒരു സേവകനെ നിർത്താനുള്ള കഴിവ് അലി(റ)നില്ല. ദീനീപ്രവർത്തനത്തിനൊപ്പം വേണം അന്നത്തിനുള്ള വകുപ്പുനോക്കാൻ വേണ്ടി വന്നാൽ സമരക്കളത്തിൽ പങ്കെടുക്കണം. ജീവിതത്തിന്റെ ഇരുതലചേർത്തുകൊണ്ടുപോകാൻ ഫാത്വിമ(റ) ഒരുപാട് പ്രയാസപ്പെട്ടു. എല്ലാ അധ്വാനങ്ങൾക്കുമിടയിൽ ഭർത്താവിന്റെ പരിചരണം അവൾ കണിശമായി നിലനിർത്തുകയും ചെയ്തു.

ഹസനിനെ ഗർഭം ധരിച്ചിരിക്കുകയാണവൾ. പക്ഷേ ജീവിതത്തിന്റെ നിത്യജോലികൾക്കിടയിൽ നിന്നൊന്നും ഒഴിഞ്ഞുനിൽക്കാൻ അത് കാരണമാകുന്നില്ല.

അങ്ങനെയിരിക്കെ അബ്ബാസി(റ)ന്റെ ഭാര്യ ഉമ്മുൽ ഫള്ൽ തിരുനബിയോട് പറഞ്ഞു. അല്ലയോ തിരുദൂതരേ, തങ്ങളുടെ ഒരു അവയവം എന്റെ വീട്ടിൽ എത്തിയതായി ഞാൻ സ്വപ്നം കണ്ടല്ലോ. തിരുനബി പറഞ്ഞു: നിന്റെ സ്വപ്നം നല്ലതാണ്. ഫാത്വിമ(റ) ഹസനെ പ്രസവിച്ചിരിക്കുന്നു. നീ ആ കുഞ്ഞിന് മുലയൂട്ടണം. അത് പുലരുകയും ചെയ്തു.

ഹിജ്റ മൂന്നാം വർഷം ശഅ്ബാൻ പകുതിയിലായിരുന്നു അത് ഫാത്വിമ(റ) ഹസനിന്റെ മാതാവായി. സുവിശേഷകൻ തിരുമേനി(ﷺ) യുടെ സമക്ഷത്തിങ്കൽ ചെന്നു. ആനന്ദാശ്രുക്കളോടെ തിരുനബി(ﷺ) ഫാത്വിമായെ സമീപിച്ചു. കുഞ്ഞിനെയെടുത്ത് കാതിൽ വാങ്കുകൊടുത്തു. വാത്സല്യത്തോടെ ആ സൂനത്തെ നോക്കിയിരുന്നു.

അലി(റ) പറയുന്നു. ഹസൻ ജനിച്ചപ്പോൾ തിരുനബി(ﷺ) പറഞ്ഞു; എന്റെ മോനെ ഒന്നു കാണിക്കൂ... നിങ്ങളെന്താണവന് പേര് വെക്കുന്നത്. ഞാൻ പറഞ്ഞു. ഹർബ് എന്ന പേരാണ്. തിരുനബി(ﷺ) പ്രതികരിച്ചു. അല്ല. അവൻ ഹസൻ ആകുന്നു. ജന്മത്തോടനുബന്ധിച്ച് സദ്യനടത്തി. ഏഴാം ദിവസം അഖീഖ അറുത്തു നൽകി. തല മുണ്ഡലം ചെയ്ത് മുടിയുടെ തൂക്കം വെള്ളി സ്വദഖഃ നിർവഹിക്കുകയും ചെയ്തു.

ഹസൻ തിരുനബി(ﷺ)യോട് രൂപസാദൃശ്യമേറെയുള്ളയാളായിരുന്നു. (സാദൃശ്യത്തിന്റെ വിശദാംശങ്ങളും, നേരിയനിലയിൽ സദൃശരായിരുന്ന മറ്റുള്ളവരുടെ വിവരങ്ങളും പരിഭാഷകന്റെ സൗന്ദര്യസ്വരൂപനായ തിരുനബി(സ) എന്ന കൃതിയിൽ പ്രാമാണികതയോടെ പഠനവിധേയമാക്കിയിട്ടുണ്ട്) അനസ്(റ)വിൽനിന്ന് ഇമാം സുഹ്‌രി നിവേദനം ചെയ്യുന്നു. നബി(ﷺ)യോട് മുഖഭാവത്തിൽ വളരെ സദൃശനായിരുന്നു അലി(റ)വിന്റെ മകൻ ഹസൻ(റ). അലിയ്യ്(റ)വിൽനിന്ന് ഹാനിഅ് ഉദ്ധരിക്കുന്നതിങ്ങനെയാണ്: ഹസൻ നെഞ്ചുമുതൽ ശിരസ്സ് വരെ തിരുനബി(ﷺ)യോട് ഏറെ സദൃശനായിരുന്നു. ഹുസൈൻ നെഞ്ചുമുതൽ താഴോട്ട് നബി(ﷺ)യോട് സദൃശ്യനായിരുന്നു.

തിരുനബി(ﷺ) ഹസനെ വളരെയേറെ സ്നേഹിച്ചു. ചെറുതായിരിക്കെത്തന്നെ നാവ് ഈമ്പുകയും ആലിംഗനം ചെയ്യുകയുമൊക്കെ ചെയ്തിരുന്നു. ചിലപ്പോൾ തിരുനബി(ﷺ) നിസ്കരിക്കുമ്പോൾ പുറത്ത് കയറിയിരുന്ന് കളിക്കും. അത് കാരണത്താൽ സുജൂദ് ദീർഘിപ്പിക്കേണ്ടിവരും. ചിലപ്പോൾ മിമ്പറിൽ കയറ്റും. അങ്ങനെ തിരുമേനി(ﷺ)യുടെ പരിലാളന നിറയെ ഹസൻ അനുഭവിച്ചു.

ഹസന്റെ സാന്നിധ്യം അലീഭവനത്തിന്റെ ചാരുത വർദ്ധിപ്പിച്ചു. ആനന്ദത്തിന്റെയും സന്തോഷത്തിന്റെയും മാറ്റ് കൂട്ടിക്കൂട്ടി നൽകി. ഫാത്വിമ (റ)യിൽ ആവേശത്തിന്റെ അലയൊലികൾ ഉയർത്തി. ഇടക്കിടക്ക് മകനെ ഉയർത്തി തിരുമേനി(ﷺ)യെക്കാണിക്കും. തിരുനബി(ﷺ)ക്ക് ഹസനിൽ അധികനേരം പിരിഞ്ഞുനിൽക്കാൻ കഴിയാത്തവിധമുള്ള താത്പര്യം. രാവിലെ വീട്ടിൽനിന്നിറങ്ങുമ്പോഴും വൈകുന്നേരം വീട്ടിലേക്ക് കയറുമ്പോഴും ഹസനെ വന്ന് കണ്ടിട്ടേ പോകൂ. കാണുന്നതോടെ തിരുമുഖം

പ്രസന്നമാകും. നയനങ്ങൾ കുളിർമയണിയും. ആ പുഷ്പത്തിന്റെ സുഗന്ധം ഇഷ്ടാനുസാരം ആസ്വദിക്കും.

ഫാത്വിമ(റ)യോടുള്ള സ്നേഹവും അത്ര ഉയർന്നതായിരുന്നു. ഒരു പിതാവും മകളുംപോലെയായിരുന്നില്ല നബി(ﷺ)യും ഫാത്വിമ(റ)യും. അല്ലാഹുവിന്റെ തണലിൽ കഴിയുന്ന രണ്ട് ആത്മമിത്രങ്ങളെപ്പോലെയായിരുന്നു നബി(ﷺ)യും ഫാത്വിമ(റ)യും. ഒരു കൂട്ടുകാരിയെപ്പോലെ... അബുസഅ്ലബതുൽ ഖുശനി(റ) നിവേദനം ചെയ്യുന്നതിങ്ങനെയാണ്. നബി(ﷺ) ഒരു യാത്ര കഴിഞ്ഞ് വന്നാൽ നിസ്കാരത്തിന് ശേഷം ഫാത്വിമ(റ)യുടെ വീട്ടിലേക്ക് പോകും. എന്നിട്ടേ ഭാര്യമാരുടെ സമീപത്തേക്ക് പോയിരുന്നുള്ളൂ.

ഒരിക്കൽ യാത്രകഴിഞ്ഞു മടങ്ങവേ നിസ്കാരം കഴിഞ്ഞ് ഫാത്വിമ(റ)യുടെ അടുക്കലേക്ക് ചെല്ലുന്നു. ഖുബ്ബയുടെ വാതിലിൽനിന്ന് അവൾ കരയുന്നു. പിതാവ് ചോദിച്ചു. എന്തിനാണ് മോളേ കരയുന്നത്? വാപ്പയുടെ വസ്ത്രം ഒട്ടാകെ മുഷിഞ്ഞ് ക്ഷീണിച്ച് പ്രാകൃതമായിക്കിടക്കുന്നല്ലോ. അത് കണ്ടിട്ടാണ് ഉപ്പാ. തിരുമേനി(ﷺ) പ്രതിവചിച്ചു.

കരയാതെ മോളേ, നിന്റെ ഉപ്പയെ അല്ലാഹു നിയോഗിച്ചത് ഒരു മഹത്തായ ദൗത്യവുമായിട്ടാണ്. അത് വഴി പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങൾക്കും പ്രതാപവും പ്രതിപത്തിയും നൽകിയിരിക്കുന്നു.

തിരുനബി(ﷺ)യും ഫാത്വിമ(റ)യും തമ്മിലുള്ള ബന്ധത്തിന്റെ ആധിക്യം സൂചിപ്പിച്ചുകൊണ്ട് സൗബാൻ(റ) ഉദ്ദരിച്ച പരാമർശം ഇപ്രകാരമാണ്. നബി(ﷺ) യാത്ര ഉദ്ദേശിച്ചാൽ അവസാനം പിരിയുന്നത് ഫാത്വിമ(റ)യോടാണ്. മടങ്ങിവന്നാൽ ആദ്യം എത്തുന്നതും ഫാത്വിമ(റ)യുടെ അടുത്താണ്.

ഇത് പ്രകടമായ ഒരു സംവേദനമല്ല. ഹൃദയംഗമായ സ്നേഹത്തിന്റെ പ്രതിസ്ഫുരണമാണ്. ഒപ്പം അല്ലാഹുവിന്റെ സ്നേഹത്തിന്റെ ആമുഖമാണ്. അല്ലാഹുവിന്റെ പ്രീതിവഴി അവൾ അനന്തമായ വിജയത്തിനർഹയാവുകയും ചെയ്യുന്നു. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്ന ഹദീസിന്റെ ശകലം കൂടി ഇവിടെ ചേർക്കാം. സ്വർഗീയ വനിതകളിൽ ഏറ്റവും ശ്രേഷ്ട ഖുവൈലിദിന്റെ മകൾ ഖദീജ(റ)യും മുഹമ്മദ്(ﷺ)യുടെ മകൾ ഫാത്തിമ(റ)യും ഇംറാന്റെ മകൾ മറിയമും (റ)മസാമിവിന്റെ മകൾ ആസിയ(റ)യുമാണ്.

ഫാത്വിമ(റ) ഈ സംഘത്തിൽ എങ്ങനെ പരിഗണിക്കപ്പെടാതിരിക്കും അവളെ പരിചരിച്ചത് തിരുനബി(ﷺ)യാണല്ലോ?

തിരുദൂതർ അവളെ സദ്കർമങ്ങളിൽ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അവളുടെ സ്ഥാനോന്നതിക്കായി അവളിൽ ഇബാദത്തിന്റെ തൈകൾ നട്ടുവളർത്താൻ തിരുമേനി(ﷺ) ശ്രദ്ധിച്ചിരുന്നു.

ഫാത്വിമ(റ)യുടെ ദിനരാത്രങ്ങൾ ആരാധനാ നിർഭരമായിരുന്നു. വ്രതപൂർണമായ പകലുകൾ നിസ്കാരപ്പായയിൽ ഒതുങ്ങിനിൽക്കുന്ന രാവുകൾ. ഖുർആൻ പാരായണത്താൽ ചലിക്കുന്ന അധരങ്ങൾ. ത്രസിക്കുന്ന ഹൃദയം. ദിക്റുകളാൽ നിത്യഹാരിയായ നാവ്... മൗനിയായി ഇരിക്കുന്ന മകളെ ഒരിക്കൽ തിരുനബി(ﷺ) ശ്രദ്ധിച്ചു. ദിക്റുകൾ വഹിക്കേണ്ടനാവ് നിശബ്ദമാണെന്ന് ബോധ്യപ്പെട്ടു.... മൃദുലമായ വിധത്തിൽ ഉപദേശപൂർവ്വം ഫാത്വിമ(റ)യെ പിതാവുണർത്തി. ആത്മീയതയുടെ ഇടവഴികളിലേക്ക് ശ്രദ്ധാപൂർവ്വം ഉയർത്തി നിർത്തി. അനസ്(റ) നിവേദനം ചെയ്തതിങ്ങനെയാണ്.... ഓ ഫാത്വിമാ... ഞാൻ നിന്നോട് കൽപ്പിച്ചത് എന്നെ കേൾപ്പിക്കാൻ എന്താണ് മോളേ തടസ്സം... (ഞാൻ മോൾക്ക് ചൊല്ലാൻ ഏൽപ്പിച്ച ദിക്റ് എന്തേ ചൊല്ലുന്നില്ലേ?) യാ ഹയ്യു യാ ഖയ്യൂം... ബിറഹ്മതിക അസ്തഗീസു ഫലാ തകിൽനീ ഇലാ നഫ്സീ ത്വർഫത ഐൻ വ അസ്‌ലിഹ്‌ലി അഅ്നീ കുല്ലഹു...

അബൂഹുറൈറ(റ) ഉദ്ദരിച്ച മറ്റൊരു നിവേദനത്തിൽ ഇങ്ങനെയാണുള്ളത്. രാവിലെയും വൈകുന്നേരവും ചൊല്ലാൻ ഞാൻ പറഞ്ഞേൽപിച്ച ദിക്റുകൾ എന്തേകേൾക്കാത്തത്......

ആത്മീയ പ്രഭാവത്തിന്റെ ഗിരിശൃംഖത്തിൽ വെളിച്ചം പകരുന്ന ഈ താരകം.. എത്ര മനോഹാരിതയാണ് പകരുന്നത്. ആരാധനാനിർവ്വഹണത്തിന്റെ സ്വർഗ്ഗീയ ആരാമത്തിലേക്ക് കൂടുകൂട്ടുന്ന പിതാവ് മക്കളെ പ്രചോദിപ്പിക്കുന്ന പരാമർശങ്ങൾ എത്ര ചേതോഹരണമാണ്... ഫാത്വിമ(റ) തന്നെ പറയട്ടേ... എന്നോട് തിരുദൂതർ (ﷺ) ഒരിക്കൽ ചോദിച്ചു... ഫാത്വിമ(റ) അന്ത്യനാളിൽ ലോകവനിതകളുടെ നേതാവായി നീ നിയോഗിക്കപ്പെടുന്നത് നിനക്ക് തൃപ്തിയാണോ...?

.വർണാഭമായ ഈ ചോദ്യം ഫാത്വിമീയ ഹൃദയത്തിൽ ഉയർത്തിയ രാഗം എത്രമധുരതരമായിരിക്കും... ആരാധനാകർമ്മങ്ങളിൽ വരുത്തിയ സ്വാധീനം എത്ര വലുതായിരിക്കും...

നരകത്തിൽ നിന്ന് മോചനം നേടി സ്വർഗ്ഗപ്രവേശം സിദ്ധിക്കുന്നവൻ എത്ര ഭാഗ്യവാൻ എന്ന നബിവചനമൊന്നോർക്കുക. സ്വർഗ്ഗംകൊണ്ട് സുവിശേഷമറിഞ്ഞവളെക്കുറിച്ച് തുടർന്ന് കേൾക്കുക. എത്ര മഹത്വമാണവൾ നേടിയതെന്നപ്പോൾ നമുക്ക് സങ്കൽപിക്കാനാവും. സ്വർഗ്ഗീയ വനിതകളുടെ നേതാവാണവൾ എന്നുകൂടി ചേർത്തു നോക്കു. എത്ര

ഭാഗ്യവതിയാണവൾ.... ഫാത്വിമ(റ) ഭൂമിയിൽനിന്ന് സ്വർഗ്ഗം മണത്തവൾ... ഹായ് എത്ര ഔന്നത്യമാണ് കരസ്ഥമാക്കിയിരിക്കുന്നത്, ഫിർദൗസിലെ രാജ്ഞിയുടെ സ്ഥാനം...

ചരിത്രം കാത്തുനിന്നില്ല... ദിനങ്ങൾ മറിയാനും മറന്നില്ല... തുടർന്നു കൊണ്ടേ ഇരുന്നു. ഫാത്വിമ(റ) അടുത്ത പുഷ്പത്തെ വഹിക്കാൻ തുടങ്ങി. ഹസൻ പിച്ചവെക്കാൻ തുടങ്ങി രണ്ടാം സന്തതി ഫാത്വിമയിൽ വളർന്നുകൊണ്ടേയിരുന്നു. ഇളംകാലുകൾ രാഗങ്ങളുയർത്താനാരംഭിച്ചു. വലിയുപ്പയായ തിരുമേനി(ﷺ) ആ നടപടികൾ കണ്ടാസ്വദിച്ചു. പൗത്രന്റെ ഇളം ചുവടുകൾ ഹൃദയത്തെ കുളിരണിയിച്ചുകൊണ്ടിരുന്നു...

ഹസന്റെ നടപ്പുകൾ സ്വഹാബത്തിനും കുളിർമപകർന്നു. ഇമാം അബൂനുഐം അബൂഹുറൈ(റ)വിന്റെ വാക്കുകൾ എഴുതിച്ചേർക്കുന്നു. ഹസനിനെക്കാണുമ്പോഴേക്കും എന്റെ നയനങ്ങൾ സജലങ്ങളാകും കാരണം ഒരിക്കൽ ഹസൻ വന്ന് തിരുനബി(ﷺ)യുടെ മടിയിൽ ഇരുന്നു. തിരുമേനി(ﷺ)യുടെ വായ തുറന്ന് ഹസന്റെ അധരങ്ങൾ അങ്ങോട്ടടുപ്പിച്ചു. ശേഷം ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ ഞാൻ ഇവനെ ഇഷ്ടപ്പെടുന്നു നീയും ഇഷ്ടപ്പെടേണമേ... (മൂന്നു പ്രാവശ്യം ഇതുപറഞ്ഞു)

നമുക്ക് ഫാത്വിമ(റ)യെക്കുറിച്ചുതന്നെ പറയാം. അവളുടെ ഗർഭം മാസം തികയാനടുത്തു. അബൂത്വാലിബിന്റെ ഭവനം അടുത്ത സന്തതിക്കുവേണ്ടി കാത്തിരിക്കുന്നു. ഫാത്വിമാ(റ)യുടെ ലക്ഷണങ്ങളിൽ മാറ്റങ്ങൾ ദൃശ്യമായി... പ്രസവത്തിന്റെ നേരം അടുത്തുകൊണ്ടേ ഇരുന്നു. വിചാരമണ്ഡലം നാളെകളുടെ നിഗമനങ്ങളിൽനിന്ന് വഴിമാറി. ഇന്നലെകളുടെ കഥകളിലേക്ക് ചേക്കേറി... പിന്നോട്ട് ദൂരം കൂടിക്കൊണ്ടേ ഇരുന്നു. അബൂജഹ്ലിന്റെ മകളെ വിവാഹമാലോചിച്ച ദിവസങ്ങളെത്തി. ഓർമ്മതലങ്ങൾ അവിടെ ഉടക്കിനിന്നു. അന്ന് നബി(ﷺ)യുടെ ഭാവമെന്തായിരുന്നു. മക്കളോട് വാത്സല്യമുള്ള പിതാവിന്റെ ശൈലി... നബിക്ക് മക്കളോടുള്ള സ്നേഹം വ്യക്തമായ നിമിഷങ്ങളായിരുന്നു അത്. അന്നത്തെ പ്രസംഗത്തിന്റെ ഗൗരവം എത്രയായിരുന്നു. ഗൗരവതരമായ പ്രഭാഷണം ശ്രവിച്ച് ഞാൻ വീട്ടിലേക്ക് വന്നരംഗം. "ഫാത്വിമ(റ) അപ്പോഴും കരയുകയായിരുന്നു. ഗദ്ഗദചിത്തനായി ഞാൻ അവളോട് പറഞ്ഞു. ഫാത്വിമാ ക്ഷമിക്കുക എന്റെ ഉദ്ദേശ്യം ഞാൻ ഒഴിവാക്കിയിരിക്കുന്നു. നിന്റെ ഉപ്പായുടെ വാക്കുകൾ എന്നെ ഭയപ്പെടുത്തി. മോളേ ക്ഷമിക്കുക. ഇനിമേൽ ഞാൻ നിനക്കനിഷ്ടമായതൊന്നും ചെയ്യൂല മോളേ. തിരുനബിയുടെ മകളും അബൂജഹലിന്റെ മകളും ഒരു വീട്ടിൽ പറ്റുകയില്ല... അത് ഞാൻ ഉൾക്കൊണ്ടു....

ഇങ്ങനെ പഴയകാലകഥകളും പരാമർശങ്ങളും ഓർമ്മപഥത്തിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു. ഒപ്പം അതിന്റെ വികാരഭാവങ്ങൾ മുഖത്ത് പടർന്നു. രാപകലുകൾപോലെ മുഖത്തിന്റെ ശൈലികളും ഒന്നൊന്നിന് വഴിമാറി... അങ്ങനെയിരിക്കെയാണ് അകത്ത്നിന്നും നവജാത ശിശുവിന്റെ സ്വരം കേൾക്കുന്നത്. വിചാരലോകത്തുനിന്നും അലി(റ) ഉണർന്നു. അതോടെ എന്താണീ കുഞ്ഞിന് പേരിടുക എന്ന ചിന്തയായി. അധികം വൈകിയില്ല.. ഹർബ് എന്ന് തന്നെയാകട്ടെ... ഹർബ് (യുദ്ധം) അസത്യ വാദികൾക്കെതിരെയുള്ള ഹർബാകണം എന്റെ പുത്രൻ...

പേരിനെക്കുറിച്ചധികം ചിന്തിക്കുംമുമ്പ് ഹസനിന്റെ ജന്മസമയം അലി(റ) ഓർത്തു. അന്നും താൻ പുത്രന് ഹർബെന്ന പേര് തന്നെ യാണ് തെരഞ്ഞെടുത്തത്. പക്ഷേ തിരുനബി(ﷺ) അത് മാറ്റി. ഹസൻ എന്ന പേരാണ് അന്ന് നബി(ﷺ) തീരുമാനിച്ചത്. ഇനി ഇപ്രാവശ്യം കാര്യം നബി(ﷺ)യെതന്നെ ഏൽപ്പിക്കാം. എന്നോട് ഉദ്ദേശമെന്താന്ന് ചോദിച്ചാൽ ഹർബ് എന്ന് പറയാം... അലി(റ) ഉറച്ചു.

ഫാത്വിമ(റ)യുടെ പ്രസവസുവിശേഷം തിരുനബി(ﷺ)യറിഞ്ഞു. പിന്നെ വൈകിയില്ല മകളുടെ വീട്ടിലേക്ക് തിരിച്ചു. നവജാതശിശുവിനെ യെടുത്തു. ചെവിയിൽ വാങ്ക് കൊടുത്തു. ശേഷം അലി(റ)യെ വിളിച്ചു ചോദിച്ചു. അലീ.. ഏത് പേരാണുദ്ദേശിക്കുന്നത്. ആലോചിക്കേണ്ട കാര്യ മില്ലല്ലോ... ഹർബ് എന്ന് തന്നെ പറഞ്ഞു. തിരുബി(ﷺ) പ്രതിവചിച്ചു. ഹുസൈൻ(റ) (യുദ്ധത്തിന്റെ ദാർഢ്യത ചേർക്കാൻ കൊതിച്ചിടത്ത് ഔന്ന ത്യത്തിന്റെ തിലകം ചാർത്തുകയായിരുന്നു നബി. എത്ര ചാരുതയാ ണാനാമം നിലനിർത്തിയത്) ഹസനിന്റെ അനുജൻ ഹുസൈൻ തന്നെ ലൈസ് ബിൽ സഅദി(റ)ന്റെ നിവേദനപ്രകാരം ഹുസൈനിന്റെ ജനനം ഹിജ്റാബ്ദം നാലാംവർഷം ശഅ്ബാൻ മാസത്തിലായിരുന്നു. സുബൈർബിൻ ബക്കാറിന്റെ അഭിപ്രായപ്രകാരം ശഅ്ബാൻ അഞ്ചി നായിരുന്നു എന്ന് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

ഹസന്റെ ജന്മം മദീനയെ ആഹ്ലാദപൂർണമാക്കിയത് പോലെ ഹുസൈനിന്റെ ജനനവും മദീനാവാസികളിൽ ആമോദത്തിന്റെ അരിമു ല്ലകൾ വിടർത്തി. ഏഴാംദിവസം തന്നെ തിരുനബി(ﷺ) അഖീഖ അറു ക്കുകയും മുടിയുടെ തൂക്കം വെള്ളി ദാനം നൽകുകയും ചെയ്തു.

ദിനങ്ങൾ ആരെയും കാത്തിരുന്നില്ല. അത് ചംക്രമണം തുടർന്നു. ഒപ്പം ഹസൻ(റ) വളർന്നു കൊണ്ടിരുന്നു. ഉപ്പാപ്പയെ ഒഴിച്ചുകൂടാൻ വയ്യാത്ത തരത്തിലായി ഹസൻ(റ). മഹത്വത്തിന്റെയും പിതൃവാത്സല്യ ത്തിന്റെയും നിർഭരവുമായ വിധത്തിലുള്ള തിരുമേനിയുടെ നിലപാട് ഹസ

നിൽ നിറഞ്ഞു കവിഞ്ഞു. തിരുനബി(ﷺ)ക്ക് പൗത്രന്മാരുമുണ്ടായിരുന്ന വ്യവഹാരത്തിന്റെ വ്യക്തമായൊരു ദർപ്പണമാണ് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നത്. തിരുനബി(ﷺ) ഹസനിനെ ചുമലിൽ കയറ്റിയിരുത്തിക്കളിപ്പിക്കുയായിരുന്നു. അത് കണ്ട ഒരാൾ പറഞ്ഞു. എത്ര നല്ല വാഹനത്തിലാണ് മോനെ ഇരിക്കുന്നത്... ഉടനെതിരുനബി(ﷺ) പ്രതികരിച്ചു എത്ര നല്ല യാത്രക്കാരനാണിവൻ... ബറാഅ്(റ) റിപ്പോർട്ടുചെയ്യുന്നതിങ്ങനെയാണ്. ഹസനെ ചുമലിൽ ഇരുത്തിയിട്ട് നബി(ﷺ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹുവേ ഞാനിവനെ ഇഷ്ടപ്പെടുന്നു. നീയും ഇഷ്ടപ്പെടേണമേ. ഇവനെ ഇഷ്ടപ്പെടുന്നവരെയും ഞാനിഷ്ടപ്പെടുന്നു. ഇതൊരു നിരന്തരമായ കാഴ്ചയാണ്. ഹസൻ(റ) തിരുനബിയുടെ ചുമലിൽ ഇരിക്കുന്നത്.

ഹസൻ പൗത്രന്മാരിൽനിന്നൊരാളാണ് അബൂബക്കറത്:(റ) വിൽനിന്നുള്ള റിപ്പോർട്ടിൽ ഇങ്ങനെ കാണാം. നബി(ﷺ) മിമ്പറിൽ കയറി പറഞ്ഞു. എന്റെ ഈ മകൻ സയ്യിദാകുന്നു. രണ്ടു വലിയ സംഘങ്ങൾക്കിടയിൽ ഇവൻ രഞ്ജിപ്പുണ്ടാക്കും. അബൂബക്റതിന്റെ തന്നെ വേറിട്ടൊരു നിവേദനത്തിൽ ഇതിന്റെ പശ്ചാത്തലംകൂടി പറഞ്ഞുതരുന്നുണ്ട്. തിരുനബി ജനങ്ങൾക്ക് ഇമാമായി നിസ്കരിക്കുകയായിരുന്നു. നബി(ﷺ) സുജൂദിലായപ്പോൾ ഹസൻ(റ) പുറത്ത് കയറി. (ഇങ്ങനെ പല തലണയും ഉണ്ടായിട്ടുണ്ട്) അനുചരന്മാർ നേതാവിനോട് പറഞ്ഞു. നബിയേ, ഈ ഹസനുമായി തങ്ങളുടെ പെരുമാറ്റം എത്ര വ്യത്യസ്തമാണ്. മറ്റുള്ള ആരോടും ഇങ്ങനെയൊക്കെ പ്രവർത്തിക്കുന്നത് ഞങ്ങൾ കണ്ടിട്ടില്ലല്ലോ. ഉടനെ നബി(ﷺ) പറഞ്ഞു. എന്റെയീ മോൻ സയ്യിദാണ് (നേതാവാണ്) മുസ്ലിംകളിലുള്ള രണ്ട് വൻവിഭാഗങ്ങൾക്കിടയിൽ ഇവൻ രഞ്ജിപ്പുണ്ടാക്കും. വേറൊരു റിപ്പോർട്ടിൽ ഇപ്രകാരമാണ്. എന്റെയീ മോൻ സയ്യിദാണ് (നേതാവാണ്) മുസ്ലീംകളിലെ രണ്ട് വൻ ഗ്രൂപ്പികൾക്കിടയിൽ സന്ധിയാക്കുന്നത് വരെ ഇവൻ ജീവിച്ചേക്കും...

ഹസനും ഹുസൈനും നറുമണം പരത്തുന്ന കുസുമങ്ങളാണ്. തിരുമേനി(ﷺ)യുടെ ഹൃദയകവാടങ്ങളെ തുറന്നവർ. മകളുടെ പുത്രന്മാർ എന്നതിലുപരി തിരുനബിയുടെ ശേഷിപ്പ് ഇവരിലൂടെയാണ്. പാരമ്പര്യത്തിന്റെ നേർധാരകളാണിവർ രണ്ടുപേരും. ഖദീജ(റ)യുടെ വിയോഗാനന്തരം, പെൺമക്കൾ വലുതായശേഷം, വാത്സല്യത്തിന്റെ താരള്യം പ്രകടിപ്പിക്കാൻ വേണ്ടത്ര അവസരം നൽകിയവരാണീ ഹസനും ഹുസൈനും(റ).

ദിനരാത്രങ്ങളുടെ പ്രയാണത്തിന് ആരും തടസ്സം നിന്നില്ല. ചരിത്രങ്ങൾ പിറക്കുന്നത് ഇന്നുകൾ ഇന്നലെയാകുമ്പോഴാണല്ലോ. ചരിത്രത്തിന്റെ പിറവി ഉണ്ടാകുന്നതിന് വേണ്ടിയോ... ചരിത്രത്തിന് നീളവും താളവും ഏറുന്നതിന് വേണ്ടിയോ നാളെകൾക്ക് വേണ്ടി ഇന്നുകൾ ഇന്നലെകളായിക്കൊടുത്തു. ദിവസങ്ങളോരോന്നും ഒരുപാട് സംഭവങ്ങളെയും നെഞ്ചിലേറ്റിയാണ് മാറി മറഞ്ഞത്. ഇന്നലെകൾ വഹിച്ച ഒരു നിർണ്ണായക സംഭവത്തിലാണ് നാം ഉടക്കിനിൽക്കുന്നത്. ഫാത്വിമ(റ)യുടെ ചരിത്രസമീക്ഷയിൽ അതുകൂടി ചേർന്നുനിൽക്കുകയാണ്. ഖുറൈശികൾ മദീനക്കെതിരെ തിരിഞ്ഞു. അമ്പെയ്ത്തുകാരുടെ അഭാവം മൂലം ഉഹ്ദിൽ നേടിയ സാന്ത്വനത്തിന്റെ ഇടവേള അവരെ ആവേശചിത്തരാക്കി. എന്നിട്ടും അന്തിമവിജയം മുസ്‌ലിംകൾ നേടിയതിൽ അവർക്ക് പക വർദ്ധിച്ചു. ഇനിയൊരു പുതിയ യുദ്ധത്തിന്റെ പുറപ്പാടിലേക്കാണ്. അഹ്സാബ് ഖന്തഖ് എന്നൊക്കെ ചരിത്രം വിളിച്ച യുദ്ധം ഹിജ്റാബ്ദം അഞ്ചാം വർഷം ശഅ്ബാനിലാണ് സംഭവിക്കുന്നത്. നിർണായകമായിരുന്നു ഖന്തക്. മുസ്ലിം ചരിത്രത്തിൽ ദൂരവ്യാപകമായ പ്രതിസ്ഫുരണങ്ങൾ ഉയർത്തിയ യുദ്ധം. തുല്യതയില്ലാത്ത വിധം മുസ്ലിംകൾ പരീക്ഷിക്കപ്പെട്ട പോരാട്ടം. സൂറത്തുൽ അഹ്സാബിലെ പത്ത്, പതിനൊന്ന് സൂക്തങ്ങൾ അതിന്റെ ഗൗരവം പ്രകാശിപ്പിച്ചിട്ടുണ്ട്.

ഈ സംഭവം ഫാത്വിമ(റ)ായുടെ ജീവിത ചരിത്രത്തോട് ചേരുന്നതിന് വ്യക്തമായ ഒരു കാരണമുണ്ട്. അലി(റ)വിന്റെ പ്രതിഭാത്വത്തിന്റെ പ്രഭാവം ഉയർത്തിയ യുദ്ധമാണിത്. അലി(റ)വിൽ ഉൾക്കൊണ്ടിരുന്ന ധീരയോദ്ധാവ് ഉണർന്ന് ജ്വലിച്ചതിന് ഖന്തഖ് സാക്ഷിയാണ്. ശത്രുവ്യൂഹത്തിന്റെ ആഗമനം കണ്ടറിഞ്ഞ സൽമാൻ അൽഫാരിസി(റ) പേർഷ്യൻ യുദ്ധതന്ത്രങ്ങൾ നബിയോട് പറഞ്ഞു. അവർ കടന്നുകയറാൻ വരുന്ന ഭാഗത്ത് ഒരു കിടങ്ങ് (ഖന്തക്) കുഴിക്കാം. അപ്പോൾ അവർക്ക് നമ്മുടെ ഭാഗത്തേക്ക് അടുക്കാൻ കഴിയില്ല. സ്വഹാബത്ത് സംഘംചേർന്ന് വലിയ കിടങ്ങ് തീർത്തു. മുസ്ലിംകളെ നിഷ്പ്രഭമാക്കാൻ അരയും തലയും മുറുക്കിയിറങ്ങിയ കുതിരപ്പടയാളികൾ കിടങ്ങിന്റെ മുമ്പിൽ പതറിനിന്നു. അത്യാഗ്രഹം കാണിച്ചവർ കിടങ്ങിൽ വീണുപോയി. ഇളിഭ്യരായ അവർ കിടങ്ങിന്റെ ഇടുങ്ങിയ ഒരു ഭാഗത്തിന് വേണ്ടി തെരഞ്ഞു നടന്നു. ഒറ്റപ്പെട്ട ഒരു സ്ഥലം അവർ കണ്ടെത്തി. സാഹസത്തോടെ ആ പഴുത് ഉപയോഗപ്പെടുത്താൻ അവരിൽ ചില യോദ്ധാക്കൾ ഒരുമ്പെട്ടു. അതിൽ മുമ്പനായിരുന്നു അംറ്ബിൻ അബ്ദുവുദ്ദ് എന്നയാൾ. വെല്ലുവിളി ഉയർത്തി മുസ്ലിംകളുടെ മുമ്പിലേക്കയാൾ വന്നു. ആരാണെന്നെ നേരി

ടുക എന്ന ധിക്കാരസ്വരത്തിൽ അയാൾ ഉറഞ്ഞുതുള്ളി. ധൈര്യപൂർവ്വം അലി(റ) കൊമ്പുകോർത്തു. നീയാണോ ഒരു പ്രതിജ്ഞയെടുത്ത് വന്ന യാൾ. അംറ് പറഞ്ഞു. അതെ, അലി(റ) അയാളെ നേർമാർഗ്ഗത്തി ലേക്കും അല്ലാഹുവിലേക്കും റസൂൽ(ﷺ)യിലേക്കും ക്ഷണിച്ചു. എനി ക്കതൊന്നും ആവശ്യമില്ലെന്നയാൾ പ്രതികരിച്ചു. ഞാൻ നിന്നെ നേരി ടാൻ വിളിക്കുന്നു എന്ന് അലി(റ) അതിന് മറുപടി നൽകി. അപ്പോൾ അംറ് അലി(റ)വിനോട് പറഞ്ഞു. സഹോദരപുത്രാ നിന്നെ വധിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അലി(റ) ഉടൻ പ്രതികരിച്ചു. പക്ഷേ സത്യ മായും നിന്നെ വധിക്കാൻ ഞാനാഗ്രഹിക്കുന്നു. അംറ് അതേറ്റെടുത്തു. കുതിരയെ ഒരുക്കി അലി(റ)ന് നേരെ തിരിഞ്ഞു. ദ്വന്ദയുദ്ധം മുറുകി ത്തുടങ്ങി. അധികം വൈകിയില്ല. അലി(റ) അംറിനെ വകവരുത്തി.

ഈ സംഭവത്തിന്റെ മറ്റൊരു നിവേദനം കൂടി ചേർത്തു വായിക്കു ന്നത് ശോഭനീയമാണ്. അംറ് വെല്ലുവിളിച്ചു. ആരാണെന്നെ നേരിടാൻ. നിങ്ങളിൽ ഒരാൾ വധിക്കപ്പെട്ടാൽ സ്വർഗ്ഗത്തിൽ പോകുമെന്നല്ലേ നിങ്ങ ളുടെ വാദം, സ്വർഗ്ഗമെവിടെയാടോ കാണട്ടെ...

കേട്ടമാത്രയിൽ അലി(റ) എഴുന്നേറ്റു. തിരുനബി(ﷺ)യെ ഞാന വനെ നേരിടാം തിരുനബി(ﷺ) പറഞ്ഞു ഇരിക്കൂ അയാൾ രണ്ടാമത് വെല്ലുവിളിച്ചപ്പോഴും അലി(റ) എഴുന്നേറ്റു. നബി(ﷺ) വീണ്ടും ഇരു ത്തി. മൂന്നാമതും അവൻ പോർ വിളിച്ചപ്പോഴും അലി(റ) തന്നെ എഴു ന്നേറ്റു... നബിയേ.. ഞാൻ നബി(ﷺ) പറഞ്ഞു. അത് അംറാണ്... വ്യക്ത മായ ആവേശത്തോടെ പറഞ്ഞു. അംറാണെങ്കിലും ഞാൻതന്നെ നോക്കാം. നബി (ﷺ) അനുമതി നൽകി. അലി (റ) അംറിന്റെ നേരെ ചെന്നു. അംറ് പറഞ്ഞു. എന്റെ സഹോദരപുത്രാ... നിന്റെ പിതൃവ്യന്മാ രിൽ നിന്നെക്കാൾ പ്രായമുള്ളവർ ജീവിച്ചിരിക്കെ നിന്റെ രക്തം ചൊരി യാൻ ഞാനാഗ്രഹിക്കുന്നില്ല. അലി(റ) പ്രതികരിച്ചു. നിന്റെ രക്തം ചൊരിയുന്നതിൽ എനിക്ക് യാതൊരു പന്തികേടുമില്ല. യുദ്ധം മുറുകി. അംറിനെ വകവരുത്താൻ അലി(റ)ന് പ്രയാസപ്പെടേണ്ടിവന്നില്ല. തക്ബീറും തഹ്ലീലും ഉയർന്നു. മുസ്ലിംകൾ വിജയകാഹളം മുഴക്കി. ഇത് അല്ലാഹുവിൽ നിന്നുള്ള സഹായവും സുവിശേഷവുമായിരുന്നു....

അംറിന്റെ തിരോധാനവും അലി(റ)ന്റെ വീരകൃത്യവും കാട്ടുതീ പോലെ പരന്നു ഹൃദയവാർജ്ജകമായ ഈ വാർത്ത ഫാത്വിമ(റ)യും അറിഞ്ഞു. അവളുടെ ഖൽബിൽ സന്തോഷം ഉയർന്നു. ഭർത്താവിന്റെ ധീരകൃത്യം അഭിമാനത്തിന്റെ ആയിരം മാലപ്പടക്കങ്ങൾ ഫാത്വിമീയ ഹൃദ യത്തിൽ ഒന്നിച്ചുപൊട്ടി. ബനൂഖുറൈള ഗോത്രത്തോടുള്ള സ്വരക്കേട്

വന്നതോടെ ഖുറൈശി അണികളിൽ താളഭേദം സംഭവിച്ചു. ഒപ്പം അതി കഠിനമായി തണുപ്പുള്ള രാത്രികളിലെ വിനാശകരമായ കൊടുംകാറ്റും ഖുറൈശികളെ മടുപ്പിച്ചു കളഞ്ഞു. അവരുടെ ടെന്റുകൾ അട്ടിമറഞ്ഞു. നിഗമനങ്ങൾ തകിടം മറിഞ്ഞു. വ്യാമോഹങ്ങൾ ചില്ലുകൊട്ടാരംപോലെ തകർന്നു. മുസ്ലിംകളിൽ ആവേശം തണുത്തിട്ടില്ല. അതിനിടെ തിരുമേനിയുടെ വാക്കുകൾ. ഈ വർഷത്തിനുശേഷം ഖുറൈശികൾ നിങ്ങൾക്കെതിരിൽ യുദ്ധത്തിനു തയ്യാറാവുകയില്ല. പക്ഷേ നിങ്ങൾക്ക് അവരോട് പൊരുതേണ്ടിവരും.....

തക്ബീറിന്റെ അമരധ്വനികളുയർന്നു തഹ്ലീലിന്റെ ആരവങ്ങളാൽ അന്തരീക്ഷം ആമഗ്നമായി. ആഹ്ലാദപൂർവ്വം മുസ്ലിംകൾ മദീനയിലേക്ക് മടങ്ങി. മദീനക്കാർ വാർത്തയറിഞ്ഞ് യോദ്ധാക്കളെ ആനയിക്കാൻ അതിർത്തിയിലേക്കൊഴുകി. അവർണനീയമായ ആഹ്ലാദത്തിൽ ഫാത്വിമാ(റ) തത്തിക്കളിച്ചു. പ്രാണഭാജനത്തിന്റെ അഭിമാനപൂർണമായ പുനരാഗമനം....

അലി(റ) ഫാത്വിമാ(റ)യുടെ സവിധത്തിലേക്ക് വന്നു. ഹസനെ ആലിംഗനം ചെയ്തു. ചുംബനവർഷങ്ങൾ നൽകി. കുളിരണിയിച്ചു. ഹുസൈനിനെ വാത്സല്യപൂർവ്വം എടുത്ത് മാറോടണച്ചു. ചുടുചുംബനങ്ങളോടെ സന്തോഷം കൈമാറി. വിജയാഹ്ലാദങ്ങളുടെ നിർമലരാത്രി... ആത്മനിർവൃതിയുടെ നിശാനിമിഷങ്ങളിൽ ജയഭേരി തക്ബീർ ധ്വനികളായി ഹൃദയാന്തരങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

ദിവസങ്ങൾക്ക് ആഴ്ചകൾ നിർമ്മിക്കണം. ആഴ്ചകൾ മാസങ്ങൾ നിർമ്മിക്കാനുള്ള തിരക്കിലാണ്. മാസങ്ങൾക്ക് വർഷങ്ങൾ നെയ്തെടുക്കാനുള്ള തത്രപ്പാടും. ധൃതമായ കാലചംക്രമണത്തിനിടയിൽ അതിനേക്കാൾ ധൃതിയോടെ ഇസ്ലാമിക പ്രബോധനം തുടർന്നുകൊണ്ടിരുന്നു. ഇസ്ലാമിന്റെ ചൈതന്യത്തിലേക്ക് ആളുകൾ സംഘങ്ങളായി ഒഴുകിച്ചേർന്നുകൊണ്ടിരുന്നു. തമോമയമായിക്കിടന്ന ഇടവഴികളിൽ ഇസ്ലാമിന്റെ പ്രകാശം വ്യാപരിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ... ഒരു ദിവസം ഫാത്വിമ(റ) സുന്നത്ത് നോമ്പിലാണ്.... അൽപം ഒന്നു മയങ്ങി ഉമ്മയെ സ്വപ്നത്തിൽ ദർശിക്കുന്നു. എവിടെയും ഉമ്മ നിറഞ്ഞു നിൽക്കുന്നു. ഉണർന്നെഴുന്നേറ്റ ഫാത്വിമ(റ) മക്കളെയുമെടുത്ത് പിതാവിന്റെ വീട്ടിലേക്ക് നടന്നു. അതാ നിൽക്കുന്നു ഹാല മദീനാ സന്ദർശത്തിന് വിശിഷ്യ നബിയെ കാണാൻ വന്നതാണവർ. ഹാലയുടെ ശബ്ദം മുറ്റത്ത് നിന്ന് കേട്ടമാത്രയിൽതന്നെ തിരു

നബി(ﷺ) കാതുകൂർപ്പിച്ചു. ഖദീജയുടെ സ്വരത്തിന് സമാനമായിരുന്നു ഹാലയുടെയും ശബ്ദം. അല്ലാഹുമ്മ... ഖദീജയുടെ സഹോദരി ഹാല യോ... ആവേശപൂർവ്വം തിരുനബി(ﷺ) പറഞ്ഞു.

ഉപ്പയുടെ മേലുള്ള പരാമർശത്തിൽ ഫാത്വിമ(റ)യുടെ മനസ്സ് നിർഭ രമായി. തന്റെ ഉമ്മയോട് പിതാവിനുള്ള സ്നേഹത്തിന്റെ ആക്കം അവൾ വായിച്ചു. മറ്റു ഭാര്യമാർ നബിയുടെ ജീവിതത്തിലേക്ക് വന്നിട്ടും ഖദീജ(റ) നേടിയ സ്ഥാനം മറ്റാരും കവർന്നിട്ടില്ലെന്നത് അവളെ ചിന്തിപ്പിച്ചു. ഖദീ ജക്ക് സമാനരായി തിരുനബിക്ക് മറ്റൊരു പത്നിയും എത്തിയിട്ടില്ലെന്ന് അവൾ തിരിച്ചറിഞ്ഞു.

തിരുമേനി(ﷺ) തങ്ങളുടെ പേരക്കുട്ടികൾക്ക് നൽകുന്ന വാത്സല്യ ത്തിന്റെ നിറവ്. ഒരു പിതാവ് വഴിഞ്ഞു നൽകുന്ന സ്നേഹം കണ്ട് നിന്ന ഫാത്വിമ(റ) ധന്യയും സന്തുഷ്ടയുമായി. തിരുനബി അവരെ വിളി ക്കുമ്പോഴേക്കും ഫാത്വിമ(റ) ആഹ്ലാദിക്കാൻ തുടങ്ങും. അനസ്(റ) പറ യുന്നു. നബി(സ) പറയും. എന്റെ മക്കളെ ഇങ്ങ് വിളിക്കൂ.... അവർ അടുത്തു വന്നാൽ അവരെ എടുത്ത് ചേർത്ത് ആലിംഗനം ചെയ്ത് മുത്തി മണക്കും...

ഇമാം തുർമുദി(റ) ഉദ്ധരിച്ച ഒരു ഹദീസിൽ ഉസാമത് ബിൻ സൈദ്(റ) വിന്റെ ഒരു പരാമർശം ഇപ്രകാരമാണ്. ചില ആവശ്യങ്ങൾക്ക് വേണ്ടി ഞാൻ നബി(ﷺ)യുടെ വീട്ടുവാതിൽക്കൽ തട്ടി. തിരുനബി പുറത്തേക്ക് വന്നു. പക്ഷേ എന്തോ ഒരു ജോലിയിൽ വ്യാപൃതരായിരുന്നത് പോലെ യുണ്ട്. എന്താണ് എന്നെനിക്ക് മനസ്സിലായില്ല. എന്റെ ആഗമനലക്ഷ്യം പൂർത്തീകരിച്ചതിനുശേഷം ഞാൻ ചോദിച്ചു. തിരുദൂതരേ എന്തോ ഒരു ഏർപ്പാടിൽ മുഴുകിയിരിക്കുകയാണല്ലോ തങ്ങൾ; അതെന്താണ്? അപ്പോൾ എനിക്ക് ഹസനെയും ഹുസൈനെയും കാണിച്ചുതന്നു. (അവരുമായുള്ള കളിയിലാണ്) ഉടനെ നബി(ﷺ) ചേർത്തു പറഞ്ഞു. ഇതെന്റെ മക്കളാ ണ്. അതായത് എന്റെ മകളുടെ മക്കൾ. ഞാനിവരെ രണ്ടുപേരെയും ഇഷ്ടപ്പെടുന്നു. ഇവരെ ഇഷ്ടപ്പെടുന്നവരെയും ഇഷ്ടപ്പെടുന്നു. അവ രിരുവരെയും കുറിച്ചുള്ള വാക്കുകൾ നബി(ﷺ)ക്ക് മധുമൊഴികളായിരു ന്നു. അതാവർത്തിക്കുന്നതിലോ ദീർഘിക്കുന്നതിലോ മടുപ്പ് കണ്ടിരു ന്നില്ല. ആൺമക്കളുടെ അസാന്നിധ്യത്തിന്റെ മധുരം മുഴുവൻ തിരു നബി(ﷺ) ആസ്വദിച്ചതിവരിലൂടെയാണ്. മരണപ്പെട്ടുപോയ പുത്രന്മാരെ കണ്ടെത്തിയത് ഹസനിലൂടെയും ഹുസൈനിലൂടെയുമായിരുന്നു.

തന്റെ സന്താനങ്ങളിലൂടെ അല്ലാഹു നൽകിയ മഹാഭാഗ്യത്തെ ഫാത്വിമ(റ) തിരിച്ചറിഞ്ഞു. തന്നിലും മക്കളിലും വിശുദ്ധ പാരമ്പര്യ

ത്തിന്റെ സൂനങ്ങൾ നിലനിർത്തിയതിൽ ആത്മനിർവൃതിയിലാണ്ടു. മാന വകുലത്തിലെ ഏറ്റവും വിശുദ്ധ കുടുംബപരമ്പരയുടെ കവാടങ്ങളാണ് തങ്ങളെന്ന് വേണ്ടുവോളം അവർ തിരിച്ചറിഞ്ഞു.

ഫാത്വിമ(റ)യുടെ ഭർത്താവിന്റെ മുഖത്തെ അല്ലാഹു ആദരിച്ചു (കർറമല്ലാഹുവജ്ഹഹു) ഒപ്പം മഹാ പാരമ്പര്യത്തിന്റെ നിതാന്ത പിതൃത്വം നൽകി ആദരിക്കുകയും ചെയ്തു.

തിരുനബി(ﷺ) കുഞ്ഞുങ്ങളോട് കാണിച്ച ഔദാര്യത്തിന്റെയും സ്നേഹത്തിന്റെയും വായ്പുകളെ വ്യക്തമായി നോക്കിക്കണ്ടാൽ തിരു മേനിയുടെ ഹൃദയവ്യവഹാരങ്ങളെ അടുത്തറിയാൻ കഴിയും. വിശുദ്ധ ഹൃദയം ആവാഹിച്ചിരുന്ന സ്നേഹകാരുണ്യ നിറവുകളെത്രയെന്ന് ഉൾക്കൊള്ളാൻ കഴിയും. ആദ്യകാലത്ത് സ്ത്രീകളും കുഞ്ഞുങ്ങളും പള്ളിയിൽ പിന്നണിയിൽ നിന്നിരുന്നു. പിൽക്കാലത്താണ് ഇസ്ലാമിക നിയമം അതിനെ നിയന്ത്രിച്ചത്. കള്ളു നിരോധനംപോലെ നിസ്കാര ത്തിൽ നിൽക്കുന്ന നബി ഓമനകളുടെ കരച്ചിൽ കേട്ടാൽ നിസ്ക്കാ രത്തിന്റെ ദൈർഘ്യം കുറക്കും. കുഞ്ഞിനോടും അതിന്റെ മാതാവിനോ ടുമാവശ്യമായ പരിഗണന നൽകും ബിൽ മുഅ്മിനീന റഊഫുർ റഹീം എന്ന ഖുർആനികശകലത്തിന്റെ പൊരുളത്രെ ഇത്.

തിരുനബി(ﷺ)യുടെ സ്നേഹത്തിന് പാത്രീഭവിച്ച കുട്ടികളിൽ മറ്റൊ രാളാണ് സൈനബിന്റെ പൗത്രൻ അലിബിൻ അബുൽ ആസ്.(റ) ഖദീ ജ(റ)യുടെ ജീവിതകാലത്ത്തന്നെയായിരുന്നു അലിബിൻ അബുൽ ആസിന്റെ ജനനം. അബൂത്വാലിബ് താഴ്വരയിൽ ഉപരോധിക്കപ്പെട്ടതിന് ശേഷം മക്കയിലേക്ക് മടങ്ങവെ സഹയാത്രികനായി സ്വീകരിച്ചത് അലി യ്യിനെയായിരുന്നു. അന്ന് കുട്ടിക്ക് പതിനൊന്നു വയസ്സായിരുന്നു പ്രായം.

സൈനബിന്റെ മകൾ ഉമാമതിനെയും നബി(ﷺ) വാത്സല്യപൂർവ്വം പരിലാളിച്ചു. ഒരിക്കൽ നബി(ﷺ) വീട്ടിലേക്ക് വരുമ്പോൾ കൈയിൽ ഒരു ചെറിയ മാലയുണ്ടായിരുന്നു. എന്നിട്ട് നബി(സ) പറഞ്ഞു. സ്ത്രീക ളുടെ കൂട്ടത്തിൽ നിന്ന് ഞാൻ വളരെ സ്നേഹിക്കുന്ന ഒരു മകൾക്കുള്ള താണിത് നബി കുടുംബം പറഞ്ഞു. അത് അബൂബക്റ്(റ)ന്റെ മകളാ യിരിക്കും. അവിടുത്തെ കരങ്ങൾകൊണ്ട്തന്നെ കഴുത്തിൽ അത് കെട്ടി ക്കൊടുത്തു. (ത്വബഖാതുൽ കുബ്റാ)

ആഇശ(റ) നിവേദനം ചെയ്യുന്നു. നേഗസ് (നജ്ജാശി) ചക്രവർത്തി നബി(ﷺ)ക്ക് ആഭരണങ്ങൾ സമ്മാനമായി നൽകി. അതിൽ ഒരു സ്വർണ്ണ മോതിരവും ഉണ്ടായിരുന്നു. അത് നബി സൈനബിന് കൊടുത്തയച്ചു എന്നിട്ട് പറഞ്ഞു. ഇത് നീ ധരിച്ചോളൂ കുഞ്ഞുമോളേ.

ഗതകാലസ്മരണകളുടെ മധുരപ്രയാണത്തിൽ ഫാത്വിമ(റ) നിർവൃതയായി. ഹാലയോടൊപ്പം സമയം ചെലവഴിക്കുമ്പോഴാണ് സൈനബിന്റെ ആഗമനം. ഹൃദയഹാരിയായ വിധം സൈനബും ഹാലയെ സ്വീകരിച്ചു. ഹാല അബുൽ ആസിനെകുറിച്ച് സൈനബിനോടന്വേഷിച്ചു. ഹാലക്ക് തന്നോടും മകനോടുമുള്ള സ്നേഹത്തിന്റെ ആഴം മനസ്സിലാക്കാൻ ഈ അന്വേഷണംതന്നെ അധികമായിരുന്നു. പക്ഷേ ഇസ്ലാം മകനെയും മാതാവിനെയും വേർപിരിച്ചിരുന്നു. എന്നാലും സ്നേഹത്തിന്റെ വരിഷ്ട ബിന്ദുക്കൾ അവരെ പരസ്പരം ബന്ധിപ്പിച്ചിരുന്നു. അബുൽ ആസ് ദർശനമംഗീകരിച്ചു. അബുൽ ആസ് ശുദ്ധ സ്വഭാവിയും ഖുറൈശി കുടുംബക്കാരനുമായിരുന്നു.

ഹാലയെ സൈനബിന്റെ വീട്ടിൽതന്നെ നിർത്തി ഫാത്വിമ(റ) വീട്ടിലേക്ക് മടങ്ങി. ഭക്ഷണം തയ്യാർ ചെയ്യണം. ഭർത്താവിനെയും മക്കളെയും പരിചരിക്കണം. വീട്ടുവേലകൾ നിർവ്വഹിക്കണം. ധൃതിയിൽ അവൾ നടന്നു... അവൾ ആലോചനാവിഷ്ടയായി... ആത്മസമാധാനത്തിന്റെ മാർഗ്ഗങ്ങൾ ആലോചിച്ചു. എനിക്ക് ഒരു പ്രതീക്ഷക്കുള്ള വഴി ഞാൻ അന്ത്യറസൂലിന്റെ മകളാണല്ലോ... ആത്മീയ ലോകത്തിന്റെ മഹദ് വനിതകളിൽ ഒരാളാകാൻ ഭാഗ്യം ലഭിച്ചല്ലോ... അൽഹംദുലില്ലാഹ്.

സായാഹ്നമായി. തിരുവസതിയിൽ ഒരു മഹദ് സംഗമം ആഇശ(റ) ഫാത്വിമ(റ) അലി(റ) ഉസ്മാൻ ബിൻ അഫാൻ(റ) ഉമ്മുകുൽസും(റ) ദമ്പതികൾ എല്ലാവരും ഒരുമിച്ചിരുന്ന് പ്രതീക്ഷിക്കുന്നത് സൈനബിനെയും ഹാലയെയുമാണ്. ഹാല പ്രവേശനാനുമതി നേടിയതോടെ തിരുനബിയിൽ ഖദീജ(റ)വിനെക്കുറിച്ചുള്ള ഓർമകൾ ഉണർന്നു. ആഇശയിൽ അസൂയാവഹമാംവിധം വഫാതായ ഖദീയെക്കുറിച്ചുള്ള ഓർമകൾ തിരുനബി(ﷺ) ഉണർത്തിക്കൊണ്ടിരുന്നു. ആഇശ(റ) തന്നെ ആ രംഗം വിശദീകരിക്കുന്നതിങ്ങനെയാണ്. ഖദീജയുടെ സഹോദരി ഹാലയുടെ സ്വരംകേട്ട മാത്രയിൽതന്നെ തിരുനബി(ﷺ)യുടെ മുഖത്തിന്റെ നിറം മാറി. ഖദീജ(റ)യെ മനസിൽ കണ്ട്കൊണ്ട് പടച്ചവനേ ഹാല... എന്ന് തിരുനബി പറഞ്ഞു. എനിക്കതിൽ സൗന്ദര്യപ്പിണക്കം തോന്നി. ഞാൻ പറഞ്ഞു. എന്താണിത് ഖുറൈശികളിൽപ്പെട്ട ഒരു കിഴവിയെ ഓർത്തിരിക്കുകയാണോ തങ്ങൾ. പണ്ടെന്നോ അവർ മരണപ്പെട്ടില്ലേ... അവരെക്കാൾ നല്ലവരെ നിങ്ങൾക്കല്ലാഹു നൽകിയില്ലേ.. (ഇനിയുമെന്തിനാണ് അവരെ ഓർക്കുന്നത് ഞാനൊക്കെയില്ലേ?) കേട്ട മാത്രയിൽതന്നെ നബിക്ക്(ﷺ) കോപം വന്നു. എന്നിട്ട് പറഞ്ഞു.... അല്ലാഹു സത്യം, ഇല്ല... ഖദീജക്ക് പകരം ഒരാളെയും എനിക്ക് കിട്ടിയിട്ടില്ല. ജനങ്ങൾ

എന്നെ അവിശ്വസിച്ചപ്പോൾ അവൾ എന്നെ വിശ്വസിച്ചു. ജനങ്ങൾ എന്നെ കളവാക്കിയപ്പോൾ അവൾ എന്റെ സത്യത്തെ ഉൾക്കൊണ്ടു. ജനങ്ങൾ എനിക്ക് വിലക്കിയപ്പോൾ സാമ്പത്തികമായും എന്നെ അവൾ സഹായിച്ചു. അവളിൽനിന്നെനിക്ക് അല്ലാഹു സന്താനങ്ങളെയും നൽകി. (ബുഖാരിയുടെ നിവേദനപ്രകാരം, അവളിൽ എനിക്ക് മക്കളും ഉണ്ടായി എന്നാണുള്ളത്).

തിരുനബി(ﷺ)യുടെ ഹൃദയതലത്തിൽ ഇന്നും നിലനിൽക്കുന്ന ഖദീജ(റ)യുടെ സാന്നിധ്യം കേട്ടപ്പേൾ നബി(ﷺ)യുടെ പുത്രിമാർ സുസ്മേരവദനരായി. ഹാലയെയും അത് കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്.

ആഇശ(റ) നിവേദനം ചെയ്യുന്നു. എനിക്ക് ഖദീജയോടുണ്ടായത്ര സൗന്ദര്യപ്പിണക്കം മറ്റൊരു ഭാര്യമാരോടും ഉണ്ടായിട്ടില്ല. പക്ഷേ തിരുനബി (ﷺ) ഇടക്കിടെ ഖദീജ(റ)യുടെ സ്മരണകൾ അയവിറക്കും. ചിലപ്പോൾ ആടിനെ അറുത്ത് ഖദീജയുടെ കൂട്ടുകാരികൾക്കിടയിൽ വിതരണം നടത്തും. ചിലപ്പോൾ ഞാൻ പറയും തങ്ങൾക്കീ ദുൻയാവിൽ വേറെ ഭാര്യമാരില്ലാത്തത്പോലെ നബി(ﷺ) ഉടനെ പ്രതികരിക്കും.

ആഇശ(റ) തന്നെ നിവേദനം ചെയ്യുന്നു. ഒരിക്കൽ ഒരു വൃദ്ധ ഞങ്ങളുടെ വീട് സന്ദർശിച്ചു. നബി (ﷺ) അവരെ അത്യധികം ആദരിക്കുകയും തുണിവിരിച്ച് അതിൽ ഇരുത്തുകയും ചെയ്തു. അവർ മടങ്ങിപ്പോയപ്പോൾ ഞാൻ ചോദിച്ചു. നബിയേ, ആ വന്നതായിരുന്നു. തിരുനബി(ﷺ) പറഞ്ഞു. ഖദീജ ജീവിച്ചിരിക്കുമ്പോൾ നമ്മുടെ വീട്ടിൽ വന്നിരുന്നവരാണവർ (ബുഖാരി മുസ്ലിം) ഖദീജയോട് തിരുനബി നിലനിർത്തിയ സ്നേഹത്തന്റെ അസംഖ്യം ഉദാഹരണം നമുക്ക് കാണാൻ കഴിയും.

അഞ്ചാമത്തെ വിവാഹത്തിന് ശേഷവും നബി(ﷺ)ക്ക് ഖദീജ(റ)യോടുണ്ടായിരുന്ന സ്നേഹം ഫാത്വിമ(റ)യേയും അത്ഭുതപ്പെടുത്തുകയും അഭിമാനിക്കാൻ വക നൽകുകയും ചെയ്തിട്ടുണ്ട്. മഹദ് സംഗമം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു. ചുമലിൽ ഹസനെയും കയ്യിൽ ഹുസൈനെയും വഹിച്ച് അലി(റ)വും വീട്ടിലേക്ക് നടന്നു. ചാരത്തു ചേർന്ന് ഫാത്വിമ(റ)കൂടെ സഞ്ചരിച്ചു.

ഉസ്മാൻ(റ) ഉമ്മുകുൽസൂമിനെയും കൂട്ടി നടന്നുപോയി. ഹാലയും സൈനബും കൂടി സൈനബിന്റെ റൂമിലേക്കും.

അന്നത്തെ രാത്രി ഫാത്വിമ(റ)ക്ക് ഹർഷ പൂർണമായിരുന്നു. അവളുടെ മനസ്സ് മാപിനിയിൽ മിന്നിമറഞ്ഞത് മുഴുവനും ശോഭന ചിത്രങ്ങളായിരുന്നു. തിരുമേനി(ﷺ) ഖദീജ(റ)യെ സ്മരിക്കുന്നതിന്റെ ഔന്നത്യ ഭാവം അവളെ ആമോദത്താൽ ആമഗ്നയാക്കി.

# പ്രാർത്ഥനയുടെ ഫലം

ഹിജ്റാബ്ദം ആറാം വർഷം ജമാദുൽഊലാമാസത്തിലെ ഒരു രാത്രി. ഏറെ വൈകിയിരിക്കുന്നു. സൈനബ് ഗതകാലസ്മരണകളിൽ വ്യാപരിച്ച് കിടക്കുകയാണ്.

ഇസ്ലാമിന്റെ ഭാവിയിൽ അവൾ സംതൃപ്തയാണ്. ജനങ്ങൾ സംഘം സംഘമായി ഇസ്ലാം സ്വീകരിക്കുന്നു. വൈരത്തിലും ശത്രുതയിലും കഴിഞ്ഞ ആയിരങ്ങൾ ഇതിനകം ആദർശത്തിന്റെ വിശുദ്ധ കൂടാരത്തിലേക്കണഞ്ഞുകഴിഞ്ഞു. അല്ലാഹു തിരുദൂതർക്ക് വാഗ്ദാനം ചെയ്ത സഹായം നിസ്സംശയം വർദ്ധിക്കുന്നതായി ഏവർക്കും സുതാര്യമായി.

ഈ ഘോഷങ്ങൾക്കിടയിലും തിരുമേനിയുടെ പുത്രി സൈനബിന്റെ ആത്മാവിൽ ഒരു ചോദ്യം മുഴുത്തു നിൽക്കുകയാണ്. തന്റെ ആത്മഭർത്താവ് ഇസ്ലാം സ്വീകരിക്കുമോ? നിശയുടെ നിമിഷങ്ങൾ അടുത്ത പ്രഭാതത്തിന് വഴിമാറാനടുത്തുകൊണ്ടിരുന്നു. അവൾ ഉറക്കിൽനിന്നുണർന്നു. സുബ്ഹി നിസ്ക്കാരത്തിനുള്ള ഒരുക്കങ്ങളിലാണ്. ആകാശത്ത് ഒളിവിന്റെ രേഖകൾ തെളിയാൻ തുടങ്ങുന്നു. വാതിലിൽ ആരോ വന്നത്പോലെ അവൾ കാതോർത്തു. ഇടയ്ക്കിടെ വാതിൽ മുട്ടുകേട്ടുക്കൊണ്ടിരിക്കുന്നു. അവൾ ചോദിച്ചു. ആരാണവിടെ? വിനീതവും വിഭ്രമവും നിറഞ്ഞ സ്വരത്തിൽ മറുപടി വന്നു. റബീഇന്റെ മകൻ അബുൽ ആസ്, അവൾക്കത് വിശ്വസിക്കാനായില്ല. താൻ ദിവാസ്വപ്നത്തിലാണോ? അല്ലെങ്കിൽ ഈ നേരത്ത് അബുൽ ആസ് എവിടെനിന്ന് വരുന്നു. എന്താണ് കാരണം?. അയാൾ ഭാര്യയെ ഒന്നു സന്ദർശിക്കാം എന്ന് കരുതി വന്നതാണോ.

അവൾ വാതിൽക്കലേക്ക് വന്നു അബുൽ ആസ് തന്നെ, മുഖം ക്ഷീണിച്ചിരിക്കുന്നു. അധ്വാനത്തിന്റെ അടയാളങ്ങളും പരീക്ഷണത്തിന്റെ പരിഭ്രാന്തിയും മുഖത്ത് നിഴലിക്കുന്നുണ്ട്.

സൈനബ് വിളിച്ചു... അബുൽ ആസ്!! അതെ ഞാൻ തന്നെ... ഞാൻ തന്നെ... സൈനബേ.. ഞാൻ അബുൽ ആസ്ബിൻ റബീഅ്

എന്താ താൻ കാണുന്നത്? കേൾക്കുന്നത്? വിശ്വാസമാവാത്തത് പോലെ അവൾക്ക് തോന്നി.

ഓ സൈനബേ ഞാൻ അബുൽ ആസ്ബിൻ റബീഅ് എന്ന വാചകം അവളിൽ എന്തോ ഉണർവ്വ് പകർന്നതുപോലെ... സൈനബ്(റ) ചോദിച്ചു. എന്തേ ഇപ്പോൾ... ഇന്നേരത്ത്.... എവിടെ നിന്നാണ് വരുന്നത്? വേഗം നീ കതക് തുറക്ക്... ഞാനൊന്നിരുന്ന് ശ്വാസം വിടട്ടേ വല്ലാതെ ക്ഷീണിച്ചുപോയി..... (പിന്നെ ഒക്കെപ്പറയാം)

സൈനബി(റ)ന്റെ ചടവ് മാറിയിരിക്കുന്നു.... വ്യക്തമായും ഇത് അബുൽ ആസ് തന്നെ....

ബിലാലിന്റെ സ്വരം കേൾക്കാൻ തുടങ്ങി. സുബ്ഹിയുടെ വാങ്ക്... രാവിന്റെ മൂടുപടങ്ങളെ തക്ബീറിന്റെ അമദ്ധ്വനി കേട്ടതോടെ പകലോൻവ കഞ്ഞുനീക്കാൻ തുടങ്ങി. കിടപ്പുരകളിൽ നിന്ന് വിശ്വാസികൾ വാങ്കിനുത്തരം നൽകി ഇറങ്ങി... പള്ളിയിലേക്കുള്ള പുറപ്പാടിന്റെ നേരമായി...

അതോടെ പിതാവ് തിരുനബി(ﷺ)യുടെ കാലടികളും സൈനബ(റ) ശ്രദ്ധിച്ചു. ഇമാമായി നിസ്കരിക്കാൻ പോവുകയാണ്.

സൈനബ് തന്നെ മറന്നിട്ടുണ്ടാകുമെന്ന ഭാവത്തിലാണ് അബുൽ ആസ്... യാത്രാക്ഷീണം തന്റെ രൂപഭാവങ്ങളും മാറ്റിക്കളഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞുതുടങ്ങി. സൈനബേ.. ഇത് നിന്റെ അതിഥിയാണ്. വിരഹത്തിന്റെ മുറിവും യാത്രാദൈർഘ്യത്തിന്റെ ക്ഷീണവും അധ്വാനത്തിന്റെ ചടവും ഒന്നിച്ചു കാർന്നുതിന്നുന്ന ഒരാൾ പുനരുന്മേഷത്തിനുവന്നതാണ്... പീഢനത്തിന്റെയും നേരിടലിന്റെയും നോവും എന്നെ മഥിക്കുന്നുണ്ട്.

അധരങ്ങളും മുഖകമലവും ഒന്നിച്ചു പ്രകാശിപ്പിച്ചു സൈനബ് (റ) അടുത്തേക്ക് ചെന്നു. ജീവത്താക്കാനുള്ള ഉദ്ദേശത്തോടെയാണവൾ പക്ഷേ, അബുൽ ആസിന്റെ വാചകങ്ങൾ അവളെ തടഞ്ഞുനിർത്തി.

പീഢനത്തിന്റെ കഥയോ.... നിങ്ങളുടെ സമൂഹത്തിൽ നിങ്ങൾ നേതാവായിരിക്കേ...?

അബുൽ ആസ്വിന്റെ മുഖത്ത് ചന്ദ്രിക തെളിഞ്ഞു. സൈനബിന്റെ ഹൃദയതലത്തിൽ അലട്ടുന്നതെന്തെന്ന ഭാവേന ഒന്നു നോക്കുക മാത്രം ചെയ്തു. പൊടുന്നനെ അവളുടെ മുഖത്ത് നിന്നും എന്തോ വായിച്ചെടുത്തത് പോലെ മറുപടി പറഞ്ഞു. സൈനബേ ഞാൻ മുസ്ലിമായി യസ്രിബി(മദീന)ലേക്ക് വന്നതല്ല. മറിച്ച് ഞാൻ ശാമിലേക്ക് കച്ചവടത്തിന് പോയതാണ്. എന്റെയും ഖുറൈശികളിൽപെട്ട ചിലരുടെയും സാധനങ്ങൾ എന്റെ ചരക്കിലുണ്ടായിരുന്നു. കച്ചവടം കഴിഞ്ഞ് ഞാൻ മടങ്ങി വരുന്ന വഴിയിൽ നിന്റെ ഉപ്പയുടെ സൈന്യത്തിൽപ്പെട്ട സൈദ്ബിൻ ഹാരിസയും നൂറ്റിഎഴുപതോളം വരുന്ന സംഘവുമായി ഞങ്ങളുടെ യാത്രാസംഘം ഏറ്റുമുട്ടേണ്ടിവന്നു. എന്റെ സ്വത്തെല്ലാം അവരുടെ കൈവശത്തായി എനിക്കവരെ വിട്ട് ഭയന്നോടേണ്ടിവന്നു. അങ്ങനെ നേരം രാത്രിയായപ്പോൾ രഹസ്യമായി നിന്റെ അഭയം തേടിവന്നതാണ്.

അവൾ ആദ്യം നിന്നിടത്തേക്ക് തന്നെ മാറിനിന്ന് പറഞ്ഞു: അമ്മായിയുടെ മകന് സ്വാഗതം.... ഉമാമയുടെയും അലിയ്യിന്റെയും പിതാവിന് സ്വാഗതം... അൽപം നേരം വെറും മൗനം മാത്രമാണ്... പ്രപഞ്ചമാകെ മ്ലാനമായത്പോലെ... നിശബ്ദത ഭേദിച്ചുകൊണ്ട് പള്ളിയിൽ തിരുനബി(ﷺ)യുടെ ശബ്ദം കേട്ടു. നിസ്കാരത്തിലേക്ക് തക്ബീർ ചൊല്ലി പ്രവേശിക്കുകയാണ്. തുടർന്ന് ഫാതിഹ പാരായണം ചെയ്യുന്നതും കേൾക്കുകയായി.......

എന്ത് ചെയ്യണം...? എന്ത് പറയണം.... ഒരു ആശയവും ഉദിച്ചുവരുന്നില്ല. അബുൽ ആസ്വ് നിശബ്ദനായി അവിടെത്തന്നെയിരുന്നു. സൈനബിന്റെ മനസിലും ആശയങ്ങളുടെ സംഘട്ടനം... ഇത് എന്റെ മക്കളുടെ പിതാവാണ്. അമ്മായിയുടെ മകനാണ്.... അഭയം തേടിവന്നപ്പോൾ നൽകാതിരിക്കാൻ കഴിയില്ലല്ലോ...

ഏതായാലും ഉപ്പ നിസ്കാരം കഴിഞ്ഞു വരുന്നത് വരെ കാത്തിരിക്കാം. വിവരം അവതരിപ്പിച്ച് വേണ്ടത് ചെയ്യാം.... അൽപം കഴിഞ്ഞു... എന്തോ ഒരു ചിന്ത മനസ്സിൽ കടന്നുകയറിയത്പോലെ.... അവളുടെ ഭാവം മാറി. എന്നിട്ടവർ വാതിലിന്റെ ഭാഗത്തേക്ക് മാറിനിന്നു. എന്നിട്ട് വിളിച്ചു പറഞ്ഞു. ഓ ജനങ്ങളെ അബുൽ ആസ്ബിൻ റബീഅതിന് ഞാൻ അഭയം നൽകിയിരിക്കുന്നു. (പള്ളിയും വീടും അടുത്ത റൂമുകളുടെ ദൂരമേ ഉള്ളൂ എന്നത് ശ്രദ്ധിക്കുക). ഒന്നിലധികം തവണ ഇത്

ആവർത്തിച്ചു പറഞ്ഞു. എന്നിട്ടകത്തേക്ക് കയറി സുബ്ഹി നിസ്കരിച്ചു.

മഹതിയുടെ സ്വരം പള്ളിയിലുള്ളവർ ശ്രവിച്ചു. നിസ്കാരത്തിൽനിന്ന് സലാംവീട്ടിയിരിക്കുന്ന തിരുനബി(ﷺ) അനുചരന്മാരുടെ മുഖത്തേക്ക് നോക്കിയിട്ട് ചോദിച്ചു.... ഞാൻ എന്തോ ഒന്ന് കേട്ടു... അത് നിങ്ങളും കേട്ടില്ലേ... അവർ പറഞ്ഞു: അതെ തിരുദൂതരേ. എന്റെ നിയന്ത്രണം ആരുടെ പക്കലാണോ അവൻ (അല്ലാഹു) തന്നെ സത്യം നിങ്ങളും ഞാനും ഒരുമിച്ചുകേട്ട ആ വാക്കല്ലാതെ ഈ വിഷയത്തിൽ ഞാനൊന്നുമറിഞ്ഞിട്ടില്ല. (തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാനാണ് പറഞ്ഞത്) അൽപശേഷം മൗനിയായിട്ട് തിരുനബി ചേർത്ത് പറഞ്ഞു. അദ്ദേഹം മുസ്ലിംകളിൽനിന്ന് അടുത്തവരോട് അഭയം തേടി.... അവൾ അഭയം നൽകിയവർക്ക് നമ്മളും അഭയം നൽകുന്നു....

നബി(ﷺ) പള്ളിയിൽനിന്ന് തിരിഞ്ഞു സൈനബിന്റെ വീട്ടിലേക്ക് പോയി.... നബി(ﷺ)യെക്കണ്ട മാത്രയിൽത്തന്നെ മകൾ വിഹ്വലയായി എഴുന്നേറ്റു നിന്നു. വിനയപൂർവ്വം പറഞ്ഞു. യാ റസൂലുല്ലാഹ്... അബുൽ ആസ് കുടുംബപരമായി നോക്കിയാൽ കുട്ടികളുടെ വാപ്പയും... ഞാൻ അഭയം നൽകി...

സമാധാനവും, താരള്യവും നിറഞ്ഞ ഹൃദയത്തോടെ വാത്സല്യപൂർവ്വം പിതാവ് മകളെ ഒന്ന് നോക്കി.

നീ നിന്റെ അതിഥിയെ ആദരിച്ചോളൂ. പക്ഷേ നിങ്ങൾക്ക് ഭാര്യാഭർതൃവ്യവഹാരങ്ങൾ അനുവദനീയമല്ല മോളേ....

തിരുനബി(ﷺ) മടങ്ങിപ്പോയി.... അബുൽ ആസ്വും സൈനബ്(റ)ഉം പരസ്പരം നോക്കി... എന്താണ് തീരുമാനം... എന്താണ് ചെയ്യേണ്ടത്. തിരുനബി(ﷺ) മറയുന്നത് വരെ നോക്കിനിന്നു.

അതുകഴിഞ്ഞ് സൈനബ്(റ) അകത്തേക്ക് കടന്നു. ഭക്ഷണം തയ്യാറാക്കാനുള്ള ഏർപ്പാടിലായി. അബുൽ ആസ്വിന്റെ മുഖത്ത് ഇസ്ലാമിന്റെ ഒരു തെളിവ് പ്രത്യക്ഷപ്പെട്ടതുപോലെയുണ്ടല്ലോ എന്നവരുടെ ഹൃദയം ആവർത്തിച്ചാവർത്തിച്ചു മന്ത്രിച്ചുകൊണ്ടിരുന്നു. അബുൽ ആസ് ഇസ്ലാമിനെ സ്വീകരിച്ചിട്ടാണോ വന്നിട്ടുള്ളത്..? എന്നാൽ അദ്ദേഹത്തിന്റെ വാചകത്തിൽ അതൊന്നുമില്ലല്ലോ എന്നും അവൾ ആലോചിച്ചു.

സൈനബിന്റെ ഹൃദയവ്യവഹാരങ്ങൾ എന്തായിരിക്കും എന്ന ആലോചനയിലാണ് അബുൽ ആസ്. തന്റെ അരുമക്കിടാങ്ങൾ അലി

യ്യിനെയും, ഉമാമയെയും കാണാനുള്ള അത്യാഗ്രഹം അദ്ദേഹത്തെ മഥിച്ചു കൊണ്ടിരുന്നു. ഈ അഭിലാഷത്തെ സൈനബ് കണ്ടറിഞ്ഞു. മക്കളെ കാണാൻ അടുത്തേക്ക് വിളിച്ചു. ഭക്ഷണം തയ്യാർചെയ്യുന്നത് വരെ ഉറങ്ങുന്ന മക്കളുടെ അടുത്തിരിക്കാൻ പറഞ്ഞ് അടുക്കളയിലേക്ക് പോയി. ഒലിക്കുന്ന നയനങ്ങളോടെ മക്കളെ നോക്കി ഇരുന്നു. വിരഹത്തിന്റെ മതിലുകൾ മക്കളെ മാറ്റിനിർത്തിയതിനെ അദ്ദേഹം ഹൃദയഭാരമായി കണ്ടു.

അമ്മായിയുടെ മകനേ... ഏത് വരെ, എന്തിനാണീ ദുഃഖം....

പെട്ടെന്ന് അബുൽ ആസ് ഉത്തരം ചെയ്തു. അല്ലാഹുവിന്റെ വിധി വരുന്നത് വരെ... വാക്കുകൾ മധുരതരമായിരുന്നു.

അല്ലാഹു നമുക്ക് കാരുണ്യത്തിന്റെ വർഷം ചൊരിയട്ടെ... എന്ന് സൈനബ് (റ) പ്രാർത്ഥിച്ചു.

പ്രഭാവത്തോടെ മുഖമുയർത്തിയ അദ്ദേഹം തുടർന്നു പറഞ്ഞു. ഇന്നലെ അവർ എന്നെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ഒപ്പം എന്റെ കൈവശമുള്ള സ്വത്തുക്കളെല്ലാം ഞാനെടുത്തുകൊള്ളാനും പറഞ്ഞു.

പക്ഷേ ഞാൻ അത് വിസമ്മതിച്ചു. എന്റെ ഇസ്‌ലാമിക പ്രവേശത്തെ വഞ്ചനയോട് കലർന്നതാകരുതെന്ന് ഞാൻ ചിന്തിച്ചു എന്റെ കയ്യിലുള്ള സ്വത്തുക്കൾ ഇസ്‌ലാമിന്റെ ശത്രുക്കളുടേതാണെങ്കിലും എന്നെ വിശ്വസിച്ചേൽപ്പിച്ചകാര്യം ഞാൻ നിർവ്വഹിക്കാതിരിക്കാനാഗ്രഹിക്കുന്നില്ല.

ഈ വാക്കുകൾ സൈനബിനെ എത്രമാത്രമാണ് സന്തോഷിപ്പിച്ചത്... പിതാവ് മക്കളെ രണ്ടുപേരെയും ഉണർത്തി ചുംബിച്ചു. വാത്സല്യത്തോടെ അണച്ചു പിടിച്ചു.

പ്രഭാതമായി. തിരുനബി(ﷺ) സൈദുബിൻഹാരിസ(റ)യുടെ സംഘത്തിലേക്കൊരു ദൂതനെ അയച്ചു. എന്നിട്ട് പറഞ്ഞു. അബുൽ ആസിന്റെ വിഷയം നിങ്ങൾക്കറിയാമല്ലോ. അദ്ദേഹത്തിന്റെ കൈവശത്ത് നിന്നും നിങ്ങൾ നേടിയ സ്വത്തുക്കൾ മുഴുവൻ തിരിച്ചു നൽകിയാൽ അതാണെനിക്കിഷ്ടം. നൽകുന്നില്ലെങ്കിൽ എനിക്ക് പരാതിയുമില്ല. അത് നിങ്ങളുടെ സ്വാതന്ത്ര്യമാണ്.

ഒരേ സ്വരത്തിൽ അവർ പറഞ്ഞു. തിരുനബിയേ... ഞങ്ങൾ അദ്ദേഹത്തിന് തിരിച്ചുനൽകാം. അങ്ങിനെ എല്ലാവരും അവരവരുടെ പക്കലുള്ളത് കൊണ്ടുവരാൻതുടങ്ങി.ഒരാൾ ബക്കറ്റുമായി വന്നു. മറ്റൊരാൾ

ചെറിയ പാത്രവുമായി.. വേറൊരാൾ തോൽപാത്രം കൊണ്ടുവന്നു. അങ്ങനെ ഒരു കടുക്പോലും കുറയാതെ എല്ലാം എത്തിച്ചേർന്നു.

ഇസ്ലാമിന്റെ ചൈതന്യവും തിരുനബിയുടെ വ്യക്തിപ്രഭാവവും അബുൽ ആസ്വിന് കാണാൻ ഒരു ശോഭനമായ അവസരമായി അത് മാറി. അദ്ദേഹത്തിനതിൽ അഭിമാനവും തോന്നി.

വേഗംതന്നെ അബുൽ ആസ്വ് യാത്രയാരംഭിച്ചു. നബി(ﷺ) യാത്ര യാക്കി.

സൈനബി(റ)ന്റെ വീട്ടിലേക്ക് നോക്കി അദ്ദേഹം നടന്നു. ആ ഭവന ത്തിലാണ് തന്റെ ഹൃദയഭാജനം എന്നതദ്ദേഹത്തെ വിരഹത്തിന്റെഭാരം ചുമത്തി, മക്കയിലേക്കുള്ള പാതയിൽ പ്രവേശിച്ചു. സൈനബിന്റെ മന സ്സിൽ രണ്ട് വിധം വിചാരങ്ങൾ പരസ്പരം തർക്കിച്ചുകൊണ്ടിരുന്നു. അബുൽ ആസ്വ് മുസ്ലിമാകുമോ? ആകില്ലേ? എന്ത് കണക്കുക്കൂട്ടിയിട്ടും ആകുമെന്നതിനാണ് മുൻതൂക്കം കാണുന്നത്. എന്റെ ഇസ്ലാമിക പ്രവേ ശനം തന്നെ വഞ്ചനയിലാകരുതല്ലോ? എന്ന വാക്കാണ് മുഴുത്തു നിന്നത്.

അല്ല അദ്ദേഹം മുസ്ലിമായിക്കഴിഞ്ഞല്ലോ എന്ന് തന്നെ പറഞ്ഞാ ലെന്താ? എന്നാൽ എന്തേ അദ്ദേഹം അത് തുറന്ന് പറയാത്തത്? അങ്ങനെ വിചാരസംഘട്ടനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

അബുൽ ആസ്വ് മക്കയിലെത്തി. ഖുറൈശികൾ ആവേശത്തോടെ അടുത്ത് കൂടി. സ്വത്തുക്കളും സുരക്ഷിതമായി എത്തിച്ചേർന്നതിൽ ആഹ്ലാദിക്കുകയും ഒപ്പം അത്ഭുതപ്പെടുകയും ചെയ്തു. എങ്ങനെ നിങ്ങൾ യസ്രിബിൽനിന്ന് രക്ഷപ്പെട്ടു? പലരും ചോദിച്ചുകൊണ്ടിരുന്നു. പക്ഷേ ഒന്നും വിശദീകരിക്കാൻ അദ്ദേഹം മുതിർന്നില്ല.

ഓരോരുത്തർക്കുമുള്ള വിഹിതങ്ങൾ നൽകിത്തുടങ്ങി. അവകാശ ങ്ങൾ അമാന്തിക്കാതെ വിതരണം ചെയ്തു. അബുൽ ആസ്വിന്റെ മടക്ക ത്തിനുശേഷം സൈനബി(റ)നൊരു സ്വൈര്യം കിട്ടുന്നില്ല. വിചാരവേലി യേറ്റങ്ങൾ മഹതിയെ മഥിച്ചുകൊണ്ടിരുന്നു. വേഗം ഫാത്വിമ(റ)യുടെ അടുക്കലേക്ക് പോയി. അബുൽ ആസ്വിന്റെ മുഖലക്ഷണങ്ങളും കണ്ണു നീരുമൊക്കെ വിശദീകരിച്ചു.

ഉടൻതന്നെ അദ്ദേഹം മുസ്ലിമാകുമെന്ന് ഫാത്വിമ(റ) സുവിശേഷം പറഞ്ഞു. ഹാലയുമായി ഒരുമിച്ചുകൂടിയ ദിവസത്തെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്നവൾ സമാശ്വസിപ്പിച്ചു.

* * * * * * * *

സ്വത്ത് വിതരണം കഴിഞ്ഞ് അബുൽ ആസ് ഉറക്കെ വിളിച്ചു ചോദിച്ചു. ഓ ഖുറൈശികളേ..... നിങ്ങളുടെ ആരുടെയെങ്കിലും വിഹിതം എന്റെ പക്കൽ ബാക്കിയുണ്ടോ?

അവർ ഏകസ്വരത്തിൽ പറഞ്ഞു.

ഇല്ല... നിനക്ക് നല്ലത് ഭവിക്കട്ടേ.... നീ മാന്യനും ഏറ്റെടുക്കുന്നത് വീട്ടുന്നവനുമാണ്.....

എല്ലാവരും അദ്ദേഹത്തെ ഉറ്റുനോക്കി. മദീനയിൽവച്ച് എന്ത് സംഭവിച്ചു എന്നറിയാൻ അവർ കാത് കൂർപ്പിച്ചു. സാവധാനം ഒരോ വാക്കുകളും അളന്ന് മുറിച്ച്കൊണ്ട് അബുൽ ആസ് പറയാൻ തുടങ്ങി.

അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്.... വ അന്നമുഹമ്മദ്ർറസൂലുല്ലാഹ്.... നിങ്ങളുടെ സ്വത്ത് ഞാൻ അപഹരിച്ചു എന്ന് പറയുമോ എന്ന് ഭയന്നതിനാലാണ്. അത് മുഴുവനും വീട്ടി നൽകുന്നത് വരെ ഞാൻ കലിമ പിന്തിച്ചത് ഞാൻ ഇതാ മുസ്ലിമായിരിക്കുന്നു.

ഇടിവെട്ടേറ്റപോലെ ശ്രോതാക്കൾ തരിച്ചു

അധികം വൈകിയില്ല അബുൽ ആസ് മദീനത്തേക്ക് തിരിച്ചു...

സൈനബിന്റെ ഹൃദയത്തിൽ എന്തോ ഒരാനന്ദം. അവർക്ക് തന്നെ മനസ്സിലാകുന്നില്ല. മക്കളെയെടുത്ത് ആവർത്തിച്ചാവർത്തിച്ചു ചുംബിച്ചു. ആനന്ദത്തിന്റെ അടിയൊഴുക്കുകൾ ഒന്നും വ്യക്തമാകാതെ അവൾ അസ്വാളിച്ചു. അനുജത്തിയുടെ അടുക്കലേക്ക് പോകാമെന്നു കരുതി. ആകസ്മികമായ എന്റെ ആഹ്ലാദത്തിന് അവൾക്കെന്തെങ്കിലും വ്യഖ്യാനം പറയാനുണ്ടാവും. എന്തായാലും ഫാത്വിമ(റ)യുടെ അരികിലെത്തി. അവരോട് സൈനബ് ചോദിച്ചു. മോളേ എനിക്കെന്തോ ഒരാനന്ദത്തിന്റെ കുളിർ ഹൃദയത്തിലെത്തിയത്പോലെ. ഉടൻ തിരിച്ചു ചോദിച്ചു. അല്ല... അബുൽ ആസ് ഇസ്ലാം സ്വീകരിച്ച് തിരിച്ചെത്തിയോ? പറഞ്ഞു തീർന്നില്ല. അബുൽ ആസ് സൈനബിന്റെ വീട്ടിലേക്ക് നടന്നുവരികയാണ്... സൈനബ് ധൃതിയൽ അങ്ങോട്ട് ഓടിച്ചെന്നു. അതെ ഹിദായത്തിന്റെ പ്രഭാവം സ്വീകരിച്ച് വന്നിരിക്കയാണ്.

സൈനബിന്റെ ആവേശം അബുൽ ആസ്വും തിരിച്ചറിഞ്ഞു. പക്ഷേ അബുൽ ആസിന്റെ മനസ്സിൽ എന്തോ ഒരു ചോദ്യം ബാക്കിയായിരുന്നു. സൈനബ് എന്റെ ഭാര്യയായിത്തന്നെ തുടരുമോ? അല്ല ഞങ്ങളുടെ വേർപാട് ഇസ്ലാമാകുന്നതോടെ തീരുകയില്ലേ? മുസ്ലിമാകുന്ന

തോടെ അതിനുമുമ്പുള്ള ബന്ധം തുടരുമെന്ന് കേട്ടിട്ടുണ്ട്. അത് യഥാർത്ഥത്തിൽ എങ്ങനെയൊക്കെയാണ്. തർക്കവിതർക്കങ്ങൾ മനസ്സിൽ അരങ്ങേറി മനസ്സ് പിടച്ചുകൊണ്ടിരുന്നു. പള്ളിയിലേക്ക് നടന്നു. അകത്ത് കടന്ന് നബി(ﷺ)യെ ആലിംഗനം ചെയ്ത് മുസ്ലിമായ കാര്യം വെളിപ്പെടുത്തി. നബി(ﷺ)ക്ക് കരാറ് ചെയ്യുന്നത് കണ്ട മുസ്ലിംകൾ തക്ബീറും തഹ്ലീലും മുഴക്കി. ശേഷം ഒത്തുചേർന്ന് ആശംസകളും സന്തോഷങ്ങളുമറിയിച്ചു.

ഈ ആഹ്ലാദപ്രകടനങ്ങൾക്കിടയിലും അബുൽ ആസിന്റെ ഹൃദയത്തിലെ ചോദ്യം മുഴങ്ങിനിന്നു. തിരുനബി അദ്ദേഹത്തിന് നന്മ നേരുന്നു. ശേഷം മരുമകനെയും കൂട്ടി സൈനബിന്റെ വീട്ടിലേക്ക് നടന്നു. എന്തായിരിക്കും തിരുനബി പറയുക എന്ന് ആത്മഭാജനങ്ങൾ (സൈനബും അബുൽ ആസും) ഒരുപോലെ ചിന്തിച്ചു. വേർപാടിന്റെ കാലങ്ങൾ തീർത്ത ഖേദത്തിൽനിന്നും പുനഃസമാഗമനത്തിന്റെ ധന്യ നിമിഷങ്ങളിൽ ആത്മാവുകൾ ആലിംഗനം ചെയ്തുകഴിഞ്ഞു.... പക്ഷേ എന്താകും മതദർശനം അവർ കാതു കൂർപ്പിച്ചു.

തിരുനബി സൈനബിനെ അബുൽ ആസിന് ഭാര്യയാക്കി രണ്ടാമതും നൽകി. ഒന്നാമത്തെ നിക്കാഹിന്മേൽതന്നെയാണെന്നാണഭിപ്രായം (ഇതാണ് ഇമാം ശാഫിഈ(റ)വിന്റെ പ്രമാണം) ഭൂരിപക്ഷം ചരിത്രകാരന്മാരും ഇങ്ങനെയാണ് പറഞ്ഞതും എന്നാൽ പുതുതായി നിക്കാഹ് നടത്തിയെന്നും പറയപ്പെടുന്നു.

അലി(റ) ഫാത്വിമ(റ), ഉസ്മാൻ(റ) ഉമ്മുകുൽസും എന്നിവർ പോയി സൈനബി(റ)ന് ആദ്യം മംഗളാശംസകൾ നേർന്നു. പിന്നെ ഒരുമിച്ചു കൂടാനും ചെന്നു.

മംഗളമായ സാന്നിധ്യത്തിനു ശേഷം മൂന്നു മഹതികളും ഭർത്താക്കന്മാർക്കൊപ്പം മടങ്ങി. അബുൽ ആസ് ഇസ്ലാമിന്റെ ശീതഛായയിലുള്ള നവജീവിതത്തിലേക്ക് കടന്നു.

# തിരുനബിസ്നേഹം ഫാത്വിമാ കുടുംബത്തിൽ

തിരുനബി(ﷺ)ക്ക് പൗത്രന്മാരോടുള്ള സ്നേഹത്തിന്റെ ആധിക്യം അവർണനീയമായിരുന്നു. അവരോടുള്ള സ്നേഹാധിക്യം മകൾ ഫാത്വിമ(റ)യോടുള്ള അടുപ്പത്തിൽ ആക്കവും കൂട്ടി. അതിമഹത്തായ ആ സ്നേഹഗോപുരത്തിൽ ഒരു ചോദ്യം ഉയർന്നുനിന്നു.

ഫാത്വിമയോടാണോ, അലി(റ)യോടാണോ തിരുനബി അധികം സ്നേഹം കാണിച്ചത്? അതിന് നൽകിയ ഉത്തരം വളരെ ചിന്തനീയവും എന്നാൽ അർത്ഥനിർഭരവുമായിരുന്നു. അലി(റ)നോട് പറഞ്ഞു. ഫാത്വിമ എനിക്ക് നിങ്ങളെക്കാൾ പ്രിയപ്പെട്ടതാണ്. നിങ്ങൾ എനിക്ക് അവളേക്കാൾ പ്രതാപവാനാണ്.

ഇത് ചരിത്രം തെളിയിച്ചു. ഫാത്വിമായുടെ കുടുംബത്തിന് തിരുനബിയുടെ സ്നേഹം വേണ്ടുവോളം ലഭിച്ചു. ഉദാഹരണങ്ങൾക്കൊതുങ്ങാത്തവിധം അതുല്യമായിരുന്നു. അത്. തിരുനബി(ﷺ) അതുവഴി നടക്കുമ്പോഴെല്ലാം മരുമകന്റെ വീട്ടിൽ കടക്കും. അൽപസമയം ലഭിച്ചാൽ സ്നേഹപാത്രങ്ങളുടെ വീട്ടിലേക്ക് കടന്നുചെല്ലും. താരള്യത്തോടെ വിജയാശംസകൾ നേരും. വാത്സല്യത്തോടെ മക്കളെ പരിലാളിക്കുകയും ചെയ്യും.

ഒരു സംഭവശകലം ഇവിടെച്ചേർത്ത് വായിക്കാം. ഒരിക്കൽ തിരുനബി(ﷺ) കടന്നുചെല്ലുമ്പോൾ അലിഫാത്വിമ്മാർ ഉറക്കത്തിലേക്കായിക്കഴിഞ്ഞു. ഇപ്പുറത്ത് ഹസൻ വിശന്നു കരയുന്നു. ഉറങ്ങുന്ന ആത്മമിത്രങ്ങളെ ഉണർത്താൻ തിരുനബി(ﷺ)ക്ക് കഴിഞ്ഞില്ല. പെട്ടെന്ന് തന്നെ

മുറ്റത്ത് നിൽക്കുന്ന ചെറിയ ആടിന്റെ അടുത്തേക്ക് പോയി. അതിനെ കറന്ന് ഹസന് പാല് നൽകി. വിശപ്പുമാറുന്നത് വരെ കുടിപ്പിച്ചു.

മറ്റൊരിക്കൽ തിരുനബി(ﷺ) കടന്നുപോകവേ ഹുസൈനിന്റെ കരച്ചിൽ കേട്ടു. ധൃതിയിലുള്ള യാത്രയാണെങ്കിലും മകളുടെ അടുത്തേക്ക് കടന്നു. അൽപമൊന്നു കുറ്റപ്പെടുത്തുംവിധം ചോദിച്ചു: മോളേ... ഹുസൈനിന്റെ നിലവിളി എന്നെ വേദനിപ്പിക്കുമെന്ന് നിനക്കറിയില്ലേ?

അനർഘമായ ഈ സ്നേഹത്തെ വർണിക്കാനോ അതിന്റെ നിമിത്തങ്ങളെ നിർണ്ണയിക്കാനോ നമുക്ക് കഴിയില്ല.

ഹസനിന്റെയും ഹുസൈനി(റ)ന്റെയും മാതാവാകാൻ കഴിഞ്ഞത് ഫാത്വിമ(റ)യുടെ മഹാഭാഗ്യമാണ്. തിരുനബി(ﷺ)യുടെ പ്രേമകുസുമങ്ങൾക്ക് ജന്മം നൽകാൻ ലഭിച്ച ഭാഗ്യം.

അലി(റ)വിനും സിദ്ധിച്ചത് ചെറിയ ഭാഗ്യമാണോ? തിരുമേനി(ﷺ)യും പിതൃവ്യപുത്രനുമായ തിരുനബി(ﷺ)യോടുള്ള അഭേദ്യമായ ബന്ധം, രക്തത്തിൽ അലിഞ്ഞപോലെ ചേർച്ചയും ചാർച്ചയും തിരുനബി(ﷺ)യുടെ കുടുംബപരമ്പരക്ക് പിതൃത്വം നൽകാനുള്ള നിയോഗം. ഇമാം ത്വബ്റാനീ നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇങ്ങനെ വായിക്കാം. ഒരു ദിവസം തിരുനബി(സ) കടന്നുവന്നു ചോദിച്ചു. എന്റെ മക്കളെവിടെ? ഫാത്വിമ(റ) പറഞ്ഞു. ഉപ്പാ ഇന്നിവിടെ ഭക്ഷണത്തിന് ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ അലി(റ) പറഞ്ഞു. ഞാൻ മക്കളെയും കൊണ്ട് പോകാം. അൽപം കഴിഞ്ഞാൽ മക്കൾ വിശപ്പ് അധികരിച്ച് കരഞ്ഞേക്കും... അങ്ങനെ ഒരു യഹൂദിയുടടെ അടുക്കലേക്ക് പോയി. തിരുനബി(ﷺ)യും അങ്ങോട്ട് നടന്നുചെന്നു. കുട്ടികൾ ഒരു ഹൗളിന്റെ അടുക്കൽനിന്ന് കളിക്കുന്നതാണ് കണ്ടത്. അൽപം കാരക്കയും അവരുടെ അടുക്കലുണ്ട്. അലിയെയും അടുത്ത് തന്നെ കണ്ടെത്തി. തിരുനബി ചോദിച്ചു. ഓ അലീ... വെയിലധികമാകുന്നതിന് മുമ്പ് മക്കളെയും കൊണ്ട് പോകുന്നില്ലേ? യാ റസൂലല്ലാഹ്. ഇന്ന് വീട്ടിൽ ഒന്നുമില്ലായിരുന്നു. തങ്ങൾ അൽപനേരം മക്കളെ നോക്കിയാൽ ഫാത്വിമക്ക് വേണ്ടി അൽപം കാരക്കകൂടി ശേഖരിക്കാം. തിരുനബി(ﷺ) അവിടെ കാത്തിരുന്നു. ഒരുമിച്ച് കൂട്ടിയ കാരക്കകൾ ഒരു തുണിയിൽ ഒതുക്കിക്കെട്ടി. നബി(ﷺ)യുടെ അടുത്തേക്ക് വന്നു. ഒരു മകനെ നബി(ﷺ)യും അടുത്ത മകനെ അലി(റ)വും എടുത്തു വീട്ടിലേക്ക് തിരിച്ചു.

തിരുനബി(ﷺ)യും അലി(റ)യും തമ്മിലുള്ള സ്നേഹം ഏകപക്ഷീയമായിരുന്നില്ല. തിരുനബി(ﷺ)യെ സന്തോഷിപ്പിക്കാൻ എന്ത് ത്യാഗത്തിനും മഹാനവർകൾ സന്നദ്ധനായിരുന്നു. എന്നാൽ തിരുനബി(ﷺ)യെ ഇസ്ലാമിക പ്രബോധനരംഗത്തേക്കു മാത്രം ലഭിക്കാൻ മുസ്ലിംകൾ ഒന്നാകെ താത്പര്യപ്പെടുകയും ചെയ്തു. ഇബ്നു അബ്ബാസ്(റ)വിൽനിന്ന് ഇബ്നു അസാകിർ ഉദ്ദരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം. തിരുനബി(ﷺ)യ്ക്ക് ക്ഷാമം അനുഭവപ്പെട്ടു. ഈ വാർത്ത അലി(റ) അറിഞ്ഞു. ഒരു യഹൂദിയുടെ തോട്ടത്തിലേക്ക് പുറപ്പെട്ടു. 17 ബക്കറ്റ് വെള്ളം കോരി കൃഷി നനച്ചു. ഒരോ ബക്കറ്റിനും ഒരു കാരക്കയാണ് പ്രതിഫലം. ഇഷ്ടമുള്ള ഇനം കാരക്ക കൂലിയായി എടുക്കാൻ യഹൂദി അനുമതി നൽകി. അജ്വ എന്ന പേരിലുള്ള കാരക്ക അലി(റ) എടുത്തു. നേരെ നബിക്ക് എത്തിച്ചുകൊടുത്തു. ഓ ഹസനിന്റെ പിതാവേ എവിടുന്നാണിത്. അലി(റ) പറഞ്ഞു. തങ്ങൾക്ക് ക്ഷാമത്തിലാണെന്ന് ഞാനറിഞ്ഞു. തങ്ങൾ ഭക്ഷണം നൽകാൻ ഏതെങ്കിലും പണി തേടി ഞാനിറങ്ങി. മോനേ, ഇതിലേക്ക് നിന്നെ പ്രേരിപ്പിച്ചത് അല്ലാഹുവിനോടും അവന്റെ ദൂതരോടുമുള്ള സ്നേഹമാണല്ലോ? അലി(റ)പറഞ്ഞു. അതെ. ഉടനെ തിരുനബി പറഞ്ഞു. അല്ലാഹുവിനെയും അവന്റെ ദൂതനെയും സ്നേഹിക്കുന്നവർക്ക് ദാരിദ്ര്യം മലവെള്ളപ്പാച്ചിൽപോലെ പിറകെക്കൂടും. തീർച്ച.

# സഹ്റാഇന്റെ സാന്നിദ്ധ്യം ചരിത്രദളങ്ങളിൽ

ഫാത്വിമ(റ)ക്കാദ്യത്തെ പെൺകുഞ്ഞു പിറന്നു. തിരുനബി(ﷺ) അതിനെ സൈനബ് എന്ന് പേരു വിളിച്ചു. സൈനബ് എന്ന പേരിനോട് തിരുനബി(ﷺ)ക്കതിയായ താത്പര്യമാണ്. കാരണം അബൂസലമയുടെ മകൾ ബർറക്കും ജഹ്ഷിന്റെ മകൾ ബർറക്കും ബർറ എന്ന പേർ മാറ്റി സൈനബ് എന്ന് നബി(ﷺ) പുനർനാമകരണം ചെയ്തിരുന്നു.

ഈ കാലഘട്ടത്തിൽ നബിപുത്രി സൈനബ് (റ) രോഗഗ്രസ്ഥയായിരുന്നു. മരുഭൂമിയിൽവച്ച് പ്രസവിക്കേണ്ടിവന്ന ഘട്ടം നാം വായിച്ചു. വേദനാമയമായ ഘട്ടം മുതൽ മഹതിക്ക് ആരോഗ്യപരമായി പരിവേദനത്തിലായിരുന്നു. ഹുബാബ്ബിൻ അസ്‌വദിന്റെ മുമ്പിൽ വിഹ്വലയായി നിന്ന ഘട്ടം അത്രകണ്ട് ഭീതിതമായിരുന്നല്ലോ? അന്ന് മുതൽ ആരംഭിച്ച ആരോഗ്യപ്രശ്നങ്ങൾ നാൾക്കുനാൾ മഹതിയെ ഗ്രസിച്ചുകൊണ്ടിരുന്നു.

ഹിജ്റാബ്ദം എട്ടിൽ നബി(ﷺ)യുടെ പത്നിമാരുടെ എണ്ണം ഒൻപതായി (മാരിയ: എന്ന അടിമസ്ത്രീ കൂടാതെ) സംഅയുടെ മകൾ സൗദാ, അബൂബകർ(റ)വിന്റെ മകൾ ആഇശ, ഉമർ(റ)വിന്റെ മകൾ ഹഫ്സ, ഖുസൈമയുടെ മകൾ സൈനബ് (ഹിജ്റാബ്ദം 4-ാം വർഷം വഫാത്തായി) ഉമ്മുസലമ, ജഹ്ഷിന്റെ മകൾ സൈനബ്, ഹാരിസിന്റെ മകൾ ജുവൈരിയ്യ, ഹുയയ്യിന്റെ മകൾ സഫിയ, ഉമ്മുഹബീബ, റംലബിൻത് അബൂസുഫിയാൻ, ഹാരിസിന്റെ മകൾ മൈമൂന(റ): എന്നിവരായിരുന്നു അവർ.

എന്നാൽ അവരുമായുള്ള ജീവിതാനുഭവങ്ങളൊന്നും ഫാത്വിമ(റ)യെ പരിചരിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചില്ല. സൈനബ്(റ), ഉമ്മുകുൽസൂം(റ) എന്നീ പുത്രിമാരെയും അത് പോലെത്തന്നെ തിരുമേനി(ﷺ) ശ്രദ്ധിച്ചു. സൈനബിന്റെ മകൾ ഉമാമ നബി(ﷺ)ക്ക് ഹരമായിരുന്നു. വാത്സല്യ

ത്തിന്റെ നിറവിൽ അവളെ നബി(ﷺ) കളിപ്പിച്ചു. ഒരിക്കൾ അവളെ ഒക്കത്ത് വച്ച് കൊണ്ട് നബി(ﷺ) നിസ്കരിച്ചു. സുജൂദിലേക്ക് പോകാൻ നേരം നിലത്ത് വെക്കും കഴിഞ്ഞ് ഉയരുമ്പോൾ വീണ്ടും എടുക്കും. അത്ര ത്തോളം ഉമാമയെ പരിലാളിച്ചു.

* * * * * * * * *

ഹിജ്റാബ്ദം എട്ടിൽതന്നെ മുസ്ലിംകളെ ആനന്ദിപ്പിക്കുന്ന അന വധി സംഭവങ്ങൾ അരങ്ങേറി. ഖൈബർ ജയം കൈവരിച്ചു. സാമർത്ഥ്യ ത്തിന്റെ പുതിയ മകുടങ്ങൾ അലി (റ) വിന്റെ വ്യക്തിത്വത്തിലേക്കതു ചേർത്തുവച്ചു.

സംഭവത്തിന്റെ ചുരുക്കം ഇങ്ങനെയാണ്. യഹൂദികൾ മുസ്ലിംകളെ എതിർത്തു. മദീനയിലുള്ള യഹൂദികളോട് മദീനക്കെതിരെ യുദ്ധത്തിന് ആലോചനകളും ചർച്ചകളും നടന്നു. ജൂതശ്രമത്തിനെതിരെ തിരു നബി(ﷺ) ചിന്തിച്ചു. അത്തരം ഒരാക്രമണത്തിൽ നിന്ന് മദീനയെ മോചി പ്പിക്കാൻ തിരുമേനി(ﷺ) തീരുമാനിച്ചു. മദീനയുടെ ഇടത് കിഴക്കേ ഭാഗത്ത് എഴുപത് കിലോമീറ്റർ ദൂരെയാണ് ഖൈബർ പട്ടണം. തിരുനബി(ﷺ) ഖൈബറിലേക്ക് തിരിച്ചു. അവർ ആയിരത്തി നാനൂറ് അംഗങ്ങളായിരു ന്നു. കോട്ടകളുടെ ഭാഗത്ത് സൈന്യം ഇറങ്ങി. കോട്ടകൾ ഓരോന്നായി കീഴടക്കി. ഖമൂസ് കോട്ട മുസ്ലിംകൾക്കടിയായി, ആ സമയത്ത് അലി (റ) ചെങ്കണ്ണ് രോഗം ബാധിച്ച് കിടപ്പാണ്. ഖമൂസ് കോട്ടകൂടി അതിജയി ക്കുന്നതിനുള്ള ചർച്ചകൾ നടന്നു. അങ്ങനെയിരിക്കെ തിരുനബി(ﷺ) പറ ഞ്ഞു. നാളെ ഒരാൾ ഈ പതാക സ്വീകരിക്കും. അല്ലാഹുവിനെയും റസൂലിനെയും അദ്ദേഹം ഇഷ്ടപ്പെടുന്നു. ഒപ്പം അല്ലാഹുവും റസൂലും അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു.

നാളെ പതാക ലഭിക്കാൻ സഹാബികളഖിലം ആഗ്രഹിച്ചു. സ്വഹാബി പ്രമുഖർ പ്രത്യേക താത്പരരായി. മുഹൂർത്തമായി. നബി(ﷺ) അലിയെ ക്ഷണിച്ചു. കണ്ണിൽ ഒന്ന് തുപ്പിക്കൊടുത്തു. ഒപ്പം പ്രാർത്ഥിക്കു കയും ചെയ്തു. രോഗം ശമിച്ചു. രോഗം വന്നതിന്റെ ലക്ഷണം പോലും ഇല്ലാതെയായി. പതാക അലി(റ) ന് കൈമാറി. ഉടനെ

അലി (റ) ചോദിച്ചു. അവർ നമ്മളെപ്പോലെ ആകുന്നത് വരെ യുദ്ധം ചെയ്യാനാണോ...? തിരുനബി(ﷺ) പറഞ്ഞു. അല്ല. അവർ കോട്ടയുടെ മുറ്റത്ത് വരുന്നത് വരെ കാത്ത് നിൽക്കുക. അപ്പോൾ അവരെ ഇസ്ലാമി ലേക്ക് ക്ഷണിക്കുക. അവരുടെ മേലുള്ള അല്ലാഹുവിന്റെ നിയമങ്ങളെ അവർക്കറിയിച്ചുകൊടുക്കുക. അല്ലാഹു സത്യം... നിങ്ങൾക്കൊരു പറ്റം

ആടുകൾ ഉണ്ടാകുന്നതിനേക്കാൾ ഉത്തമം നിങ്ങൾ വഴി ഒരാൾ മാർഗ്ഗ ദർശനം സിദ്ധിക്കലാകുന്നു.

അലി(റ) കോട്ടയുടെ മുറ്റത്തെത്തി. പ്രസിദ്ധനായ കുതിര സവാരിക്കാരൻ മുറഹ്ഹിബ് മുറ്റത്തേക്ക് വന്നു. പരസ്പരം വാൾത്തലപ്പുകൾ ഉയർന്നു. അലി(റ) വിന്റെ വാൾ മുറഹ്ബിനെ രണ്ടു കഷ്ണങ്ങളാക്കി നിലത്തു കിടത്തി. ഖൈബർ ജയിച്ചടക്കി.

ഇമാം ലൈസിൽനിന്ന് ഇമാം ഇബ്നു അബീശൈബ ഉദ്ദരിക്കുന്നത് കാണാം.

ഞാൻ അബൂ ജഅ്ഫറിനെ സന്ദർശിച്ചു. അദ്ദേഹം തന്റെ തെറ്റുകളും ഭയങ്ങളുമൊക്കെപ്പറഞ്ഞു. എന്നിട്ട് കരഞ്ഞു. പിന്നെ അദ്ദേഹം ഹദീസുദ്ദരിച്ചു. എന്നോട് ജാബിർ പറഞ്ഞു. ഖൈബർ ദിനത്തിൽ അലി(റ) കോട്ടയുടെ വാതിൽ കൈയിൽ ഉയർത്തിപ്പിടിച്ചു. അതുവഴി മുസ്ലിംകൾ വിജയം കൊയ്തു.

മുഹന്നത് ബിൻ ഇസ്ഹാഖ് ഉദ്ദരിക്കുന്നു. ഒരു ജൂതൻ അലി (റ)നെ വെട്ടി. അതോടെ അലി (റ) വിന്റെ പരിജ തെറിച്ചുപോയി . ഉടനെ കോട്ടയുടെ വാതിൽ പരിചയാക്കി ഉയർത്തിയെടുത്ത് അത് പരിചയാക്കി ഉപയോഗിച്ചു. യുദ്ധാവസാനം വരെ അത് കൈയിൽ തന്നെ നിലനിർത്തി. ശേഷം അത് നിലത്തിട്ടു. അബൂറാഫിഅ്(റ) തുടർന്നു പറഞ്ഞു. ഞങ്ങൾ ഏഴുപേർ ചേർന്ന് ആ വാതിൽ മാറ്റാൻ ശ്രമിച്ചു. പക്ഷേ പരാജയപ്പെട്ടു. അബൂജഅ്ഫർ പറഞ്ഞതായി ലൈസ് പറഞ്ഞു. അത് നാൽപത് പേർ ചേർന്നാണുയർത്തിയത്.

ഈ സംഭവത്തെ തുടർന്ന് മുസ്ലീം നാവുകളിൽ അലി(റ) നിറഞ്ഞു. അദ്ദേഹത്തന്റെ സാമർത്ഥ്യം വിശ്രുതമായി.

സുവിശേഷങ്ങൾ ഒരു ഭാഗത്ത് തക്ബീർ ധ്വനികളുയർത്തിക്കൊണ്ടിരുന്നു മറു ഭാഗത്ത് സൈനബി(റ)ന്റെ രോഗം മൂർച്ഛിക്കുകയായിരുന്നു. രോഗധിക്യം കാണുമ്പോഴേക്കും ഭർത്താവ് അബുൽ ആസ്വിന്റെ ഹൃദയം നൊമ്പരപ്പെടാൻ തുടങ്ങി. പുനഃസമാഗമനത്തിന് ശേഷം രണ്ട് വർഷം തികയുന്നതേ ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ കാലത്ത് തന്നിൽ വന്ന ഉപേക്ഷ കുറ്റങ്ങൾ അബുൽ ആസ്വിനെ നോവിച്ചു. സൈനബ്(റ) ഇസ്ലാം പുൽകിയപ്പോൾ അഭിമാനം ഭയന്ന് മുസ്ലീമാകാതിരുന്നത് മഠയത്തരമായി എന്ന് തീർത്തും മനസ്സിലാക്കി.

അവസാനം തിരുനബി(ﷺ)ക്ക് മുമ്പിൽ ഒരു തടവുകാരനായി എത്തിയതാണ് അല്ലാഹു നൽകിയമഹാഭാഗ്യം. തിരുനബി(ﷺ) മാന്യമായി പ്രതി

കരിച്ചു. ഇസ്ലാമിന്റെ പൂവനിയിലേക്ക് വരാൻ നിമിത്തമതായിരുന്നു. തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്ക് പ്രവേശിക്കാനുള്ള സുവർണ്ണാവസരമായിരുന്നു അത്.

അന്ന് സൈനബി(റ)നൊപ്പം പുറപ്പെട്ടാലും നന്നായിരുന്നു. ഹുബാറ്ബിൻ അസ്‌വദിന്റെ ക്രൂര ദംഷ്ട്രകൾക്കു മുമ്പിൽ സൈനബി(റ)ന് വിഷമിക്കേണ്ടിവരില്ലായിരുന്നു. പക്ഷേ, കരയാൻ മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞുള്ളൂ. മഥിക്കുന്ന സ്മരണകൾ കരച്ചിലുകൾക്ക് കാരണമായി നിലാവെളിച്ചം ലഭിക്കാതെപോയ ഇന്നലെകൾ ശാപങ്ങളായി അബുൽ ആസ് മനസ്സിലാക്കി.

ഓർമകൾ കർമശൂന്യതകൾ വെളിച്ചത്താക്കി അബുൽ ആസിനെ വേട്ടയാടിയപ്പോഴേക്കും സൈനബി(റ)ന്റെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുകഴിഞ്ഞു.

അബുൽ ആസ് സൈനബി(റ)ന്റെ കിടക്കയിൽ തന്നെ ചാരി അൽപം അബോധാവസ്ഥയിലായി ദുഃഖ ഭാരത്താൽ നിശ്ചേഷ്ടനായിപ്പോയി. തിരുമേനി(ﷺ) വരുന്നത് വരെ ആർക്കും അദ്ദേഹത്തെ പിടിച്ചു മാറ്റാൻ പോലും കഴിഞ്ഞില്ല. തിരുനബി(ﷺ)യും ദുഃഖഭാരത്തിലാണെങ്കിലും കർമ്മ നിർവ്വഹണത്തിനുള്ള ഏർപ്പാടുകൾ ചെയ്തു.

മൂന്നോ അഞ്ചോ തവണ(ഒറ്റയാകണം) കുളിപ്പിക്കൂ.... (ശരീരത്തിൽ വെള്ളം എത്തിക്കൂ) അവസാനത്തേതിൽ കർപ്പൂരം കൂട്ടിച്ചേർത്ത് കുളിപ്പിക്കൂ.... എന്ന് മഹതികളോട് പറഞ്ഞു. സൈനബിനെ പരലോകയാത്രക്ക് ഒരുക്കുന്നത് കണ്ട് നിർനിമേഷനായി അബുൽ ആ സ് വാതിൽക്കൽ നിന്നു.

പള്ളിയിലേക്ക് ജനാസയെത്തി. തിരുമേനി(ﷺ)യുടെ നേതൃത്വത്തിൽ മയ്യിത്ത് നിസ്കാരം നടന്നു. ത്വൈബ ( മദീനയുടെ ഒരു പേര്) യുടെ മണ്ണിൽ ഒരുക്കിയ ഖബറിടത്തിലേക്ക് സൈനബിനെ കിടത്തി (മിൻഹാ ഖലക്നാക്കും...)

ഇന്നെലെ വരെ സന്തോഷത്തിന്റെ തിരകളുയർത്തി ഇന്ന് ഓർമകൾക്ക് വഴിമാറിക്കൊടുത്തത് സൈനബിന്റെ വീട്ടിലേക്ക് അബുൽ ആസ് തിരുച്ചുവന്നു. ദുഃഖം പങ്കുവെക്കാൻ മകൻ അലിയ്യും മകൾ ഉമാമയും അവിടെ ഉണ്ടായിരുന്നു. ഉമാമയുടെ കണ്ണുകളിൽ സൈനബി(റ)ന്റെ സാന്നിദ്ധ്യം തെളിഞ്ഞത് പോലെ. ഉമാമയുടെ മുമ്പിൽ നേരം പോക്കിന് പണിപ്പെടേണ്ടി വന്നില്ല. ദുഃഖ ഭാരം കുറക്കാൻ അവളുടെ പുഞ്ചിരി വഴി തെളിക്കുകയും ചെയ്തു.

സൈനബ്(റ)യുടെ വിയോഗം ഫാത്വിമയിൽ വിതച്ച ദുഃഖം അധിക മായിരുന്നു. ഗതകാല സ്മരണകൾ കൂട്ടം കൂട്ടമായി അനുജത്തിയുടെ ഹൃദയത്തിലേക്ക് ചേക്കേറാൻ തുടങ്ങി. ചെറുപ്പത്തിലേ പിരിഞ്ഞ ഉമ്മ ഖദീജ(റ) ഇടക്കാലത്ത് വഫാത്തായ ജ്യേഷ്ഠത്തി റുഖിയ്യ(റ), ഇപ്പോ ളിതാ ഇത്താത്ത സൈനബ്(റ)ഉം. ഓർമ്മകൾ കൈകോർത്ത് നിന്നു. ഇളം ഹൃദയത്തിലേക്ക് ഇരച്ചുകയറി. മക്കയിലെ ബാല്യകാലസ്മരണ കൾ പുതുമയോടെ വീണ്ടും കടന്നുവന്നു.

ഫത്വിമ(റ)യുടെ പുത്രി സൈനബ് (റ) സഹോദരി സൈനബിന്റെ സ്മരണകൾ നിലനിർത്തി. ഇത്താത്തയുടെ നാമം അനുസ്മരിപ്പിക്കാ നാണ് മകളുടെ പേര് സൈനബ് എന്ന് വിധിക്കപ്പെട്ടത്. അവർ തിരച്ച റിഞ്ഞു.

എന്തിനാണ് എന്റെയുപ്പ എന്റെ മകൾക്കും സൈനബ് എന്ന് പേര് വിളിച്ചത് ഇത്താത്ത സൈനബിന്റെ വഫാത്തടുത്തു എന്ന് ഉപ്പ മനസ്സി ലാക്കിയിരുന്നോ?

ഉപ്പ തങ്ങൾക്കല്ലാഹു തണലേകട്ടേ....

ഇത്താത്ത നിങ്ങൾക്കും അല്ലാഹു തണൽ നല്കട്ടേ....

* * * * * * * *

ചരിത്രത്തിന്റെ താളുകൾ വീണ്ടും അധികരിച്ചു. ഇന്നുകൾ നാളെ കളുടെ ചരിത്രമാണല്ലോ? ചരിത്ര ദളങ്ങളെ പ്രോജ്ജ്വലിപ്പിക്കാൻ സംഭ വങ്ങൾ അനവധിയുണ്ടായിരുന്നു അത് ധൃതമായി ചേർന്നുവരികയും ചെയ്തു.

ഖുറൈശികൾ ഹുദൈബിയ്യ കരാർ ലംഘിച്ചു. ഖുറൈശികളിലെ ചില വിഭാഗങ്ങൾ , തിരുനബി(ﷺ)ക്കൊപ്പം നിന്ന ഖുസാ അ: ഗോത്ര ത്തിനെതിരെ തിരിഞ്ഞ ബനൂബക്റിന് കൂട്ടിക്കൊടുത്തു. അവർ നിർഭ യത്വം നേടിയവരായിരുന്നു. എന്നാൽ അവർ ഇഷ്ടപ്പെട്ട യുദ്ധം ഹറ മിന്റെ മുറ്റം വരെ എത്തി. അങ്ങനെ ഖുസാഅ: ഗോത്രക്കാർ ബദീൽ ബിൻ വർഖാഇന്റെയും മറ്റു ഖുസാഇകളുടെയും ഭവനങ്ങളിൽ പ്രവേശി ച്ചു. ഈ പോരാട്ടത്തിൽ ഇരുപത് പേർ കൊല്ലപ്പെടുകയും ചെയ്തു. ഇത്ര യൊക്കെ നടന്നാലും തിരുമേനി(ﷺ) അത് അറിയാനിടയില്ലെന്നാണ് ഖുറൈശികൾ മനസ്സിലാക്കിയത്.

അബൂസുഫ്യാൻ വിഷയത്തിൽ ഇടപെട്ടു. അദ്ദേഹം പറഞ്ഞു. ഈ സംഭത്തിൽ ഞാൻ സാക്ഷിയല്ല എന്നാൽ എനിക്കറിയാത്തതുമല്ല. ഇതി

നിനിയുള്ളത് ഒന്ന് മാത്രമാണ്. ഞാനിതേറ്റെടുക്കുന്നു. മുഹമ്മദ് നബി(ﷺ) സത്യപാലകനാണ്. അദ്ദേഹം നമുക്കെതിരെ വരുമെന്നതന്നെയാണെന്റെ ധാരണ. അദ്ദേഹം വിഷയമറിയുന്നതിന് മുമ്പ് നേരിൽ കണ്ട് കരാറിന്റെ അവധി നീട്ടുന്നതിൽ എനിക്ക് അഭംഗിയായി ഒന്നും തോന്നുന്നില്ല.

അംറുബിൻ സാലി എന്ന ഖുസാഊ ഗോത്രക്കാരൻ അപ്പോഴേക്ക് പുറപ്പെട്ടുകഴിഞ്ഞു. മുഹമ്മദ് നബിയെ(ﷺ) വിവരമറിയിക്കാനും തിരുനബിയോട് സഹായം തേടാനുമാണ് പുറപ്പെട്ടത്.

അതോടെ തിരുനബി(ﷺ) മക്കാവിജയത്തിനുള്ള ഒരുക്കത്തിലായി. തമസ്സ് വ്യാപരിച്ചുകിടന്ന മക്കാ താഴ്‌വരകളിൽ ജോതിസ്സിന്റെ നാരുകൾ കണികാണാൻപോകുകയാണ്. അല്ലാഹു മുന്നറിയിപ്പ് നൽകിയ ഉദാത്ത വിജയത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ തകൃതിയായി നടന്നു. മഹത്തായ മക്കാ പ്രവേശത്തിൽ ഭാഗം ചേരാൻ തങ്ങളാൽ കഴിയുന്നത് നിർവ്വഹിക്കാൻ എല്ലാവരും ശ്രമിച്ചു.

മഹാ വിജയത്തിനുള്ള തീരുമാനങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ തിരുമേനി(ﷺ) സ്വഹാബത്തിനോടാഹ്വാനം ചെയ്തു. അവിടുന്നിങ്ങനെ ഉച്ചരിച്ചു. നാഥാ.... മക്കയിൽ പ്രവേശിക്കുന്നത് വരെ വാർത്തകളോ സന്ദേശങ്ങളോ ഖുറൈശികളിലേക്കെത്തിക്കരുതേ....

ഹാതബ് ബിൻ അബീബൽതഅ എന്ന സ്വഹാബി അൽപം ആലോചിച്ചു. തന്റെ കുടുംബം ഖുറൈശികൾക്കിടയിലാണ്. അവർക്കു കൂടി മക്കാവിജയത്തിൽ എന്തെങ്കിലും സംഭവിക്കുമോ? അത്കൊണ്ട് തിരുമേനി(ﷺ)യുടെ മക്കാപ്രവേശം അവരെ രഹസ്യമായി ഒന്നറിയിച്ചാലോ? അത് പ്രകാരം ഒരു കത്തെഴുതി ഒരു സ്ത്രീയെ ഏൽപ്പിച്ചു. മക്കയിലേക്കെത്തിക്കാൻ ഏർപ്പാട് ചെയ്തു.( ഈ നടപടി വേണ്ടത്ര ഭംഗിയുള്ളതായിരുന്നില്ല. എങ്കിലും ബദ്റിൽ പങ്കെടുത്ത സ്വഹാബി എന്ന നിലയിൽ അഭിമതനാവുകയോ, അങ്ങനെ പരാമർശിക്കുകയോ ഉണ്ടായിട്ടില്ല)

ഹാതബ് നൽകിയ കത്തും ഏറ്റെടുത്ത് അത് മുടിക്കെട്ടിൽ ഒളിപ്പിച്ച് സ്ത്രീ യാത്രതിരിച്ചു. ഉടനെ അല്ലാഹുവിൽ നിന്ന് തിരുനബി(ﷺ)ക്കു ദ്ബോധനം വന്നു. ഉടനെ തിരുമേനി(ﷺ) അലിയ്യിനെ (റ)ും സുബൈറ (റ) നെയും നിയോഗിച്ചു. മദീനയിൽ നിന്ന് മക്കഭാഗത്തേക്ക് പന്ത്രണ്ട് മൈൽ ദൂരയുള്ള ഖാഖ് എന്ന ഗാർഡനിനടുത്ത് പോയി പ്രസ്തുത സ്ത്രീയിൽ നിന്ന് കത്ത് വാങ്ങാൻ ആവശ്യപ്പെട്ടു. എല്ലാം ഉപേക്ഷിച്ച്

അലി(റ)യും സുബൈർ(റ)വും പുറപ്പെട്ടു. പ്രവചിക്കപ്പെട്ട സ്ഥലത്തു നിന്ന് വനിതയെ കണ്ടെത്തി. ഉടനെ അലി(റ) ചോദിച്ചു. എവിടെ നിന്റെ കയ്യിലുള്ള കത്ത്? അവർ ചോദിച്ചു. ഏത് കത്ത്? എന്റെ കയ്യിൽ കത്തൊന്നുമില്ല. സ്വഹാബികൾ അവളുടെ വാഹനമൊന്നാകെ പരതിനോക്കി. കത്ത് കണ്ടെത്താനായില്ല. ഉടനെ അലി(റ) പറഞ്ഞു. അല്ലാഹുവിൽ സത്യം തിരുനബി(ﷺ)യും ഞങ്ങളും കളവു പറഞ്ഞിട്ടില്ല. അതിനാൽ നീ കത്തെടുക്കുന്നോ.... അതല്ല ഞാൻ നിന്റെ ശരീരത്തിൽ പരിശോധന നടത്തണോ? അലി(റ) അവളുടെ അടുത്തേക്ക് നീങ്ങി. അലി ഒരുങ്ങിക്കഴിഞ്ഞത് കണ്ട് അവൾ പറഞ്ഞു. മാറിനിൽക്കൂ. അലി(റ) അകന്നു നിന്നു. ഉടനെ അവൾ മുടുക്കെട്ടഴിച്ച് കത്തെടുത്തു കൊടുത്തു. ഇരുവരും കത്തുമായി തിരുനബി(ﷺ)യുടെ സവിധത്തിലേക്ക് തിരിച്ചു...

തിരുമേനി(ﷺ)യുടെ പ്രവചനങ്ങളിൽ അലി(റ) വിനുണ്ടായിരുന്ന ദൃഢമായ വിശ്വാസത്തിന്റെ പ്രമാണം കൂടിയാണീ സംഭവം.

* * * * * * * *

മക്ക പ്രവേശത്തിന്റെ ആഹ്വാനത്തെ പ്രതീക്ഷിച്ചിരിക്കുകയാണ് വിശ്വാസികൾ അലി(റ) വീട്ടിലേക്ക് വന്നു. മക്കയിലേക്കുള്ള മടക്കത്തിന്റെ സുവിശേഷം ഫാത്വിമ(റ) യുടെ കാന്തി വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല മക്കയെക്കുറിച്ചുള്ള ആലോചനയിലേക്ക് ചേക്കേറിയിരിക്കുകയാണ് മഹതി. ആവേശത്തോടെ അലി(റ) വിനോടവർ ചോദിച്ചു. മക്കയെ നിങ്ങൾ കണ്ടോ? കാലപ്പഴക്കം പിന്നെവല്ല പരിവർത്തനങ്ങളും വരുത്തിയിട്ടുണ്ടോ? എട്ടുവർഷങ്ങൾക്കപ്പുറം വിട്ടേച്ചുപോന്ന മാതൃരാജ്യത്തിന്റെ അവസ്ഥയാണന്വേഷിക്കുന്നത്. ബാല്യത്തിന്റെ മധുരസ്മൃതികൾ നിറഞ്ഞ മക്കയുടെ മനസ്സിൽ ഫാത്വിയുടെ സല്ലാപം....

എന്റെ ജന്മനാടായ മക്കയിൽ ശത്രുക്കൾ എന്തൊക്കെ കാട്ടിക്കൂട്ടി. അവിടുത്തെ മനോഹാരിതകളെ മുഴുവൻ ബിംബങ്ങൾ മാറ്റിക്കളഞ്ഞിട്ടുണ്ടോ? ചോദ്യങ്ങളും അന്വേഷണങ്ങളും തീർക്കുന്ന ചങ്ങലകൾക്ക് മുമ്പിൽ അലി (റ) ഇങ്ങനെ പ്രതികരിച്ചു...യാ ഉമ്മൽ ഹസൻ (ഹസന്റെ ഉമ്മാ)നാളെ നമുക്ക് നേരിട്ട് കാണാം. കാലം മറച്ച വഴികളും മാറ്റിയ രീതികളും... ഏറ്റിവാങ്ങിയ പരിവർത്തനങ്ങളും .....(ഇ:അ)

ഇരുവരും കിടപ്പറയിലേക്ക് നീങ്ങിയെങ്കിലും ഫാത്വിമ(റ)യുടെ മനസ്സ് മക്കയിൽ തന്നെ പാറിനടന്നു. ബാല്യകൗമാരങ്ങളുടെ കളിത്തൊട്ടിലിൽ അവർ രാഗങ്ങളുതിർത്തു. അറിയാതെ ഖദീജ(റ)യെന്ന തന്റെ മാതാ

വിനെ അവൾ ഓർത്തു. അവിടുത്തെ അന്ത്യവിശ്രമസ്ഥലത്തെ ഓർത്തെടുത്തു. അബൂത്വാലിബിന്റെയും മറ്റു കുടുംബക്കാരുടെയും ഖബറിടങ്ങളിലൂടെ ഫാത്വിമാ(റ)യുടെ മനക്കുരുവികൾ ചിലച്ചുനടന്നു. മഹത്തുക്കളുടെ വിയോഗ ദുഃഖത്തിൽ നിൽക്കുകയാണോ മക്ക.... അല്ല. തീർത്ഥ പാദസ്ഥലികളിൽ അരുതായ്മയുടെ അരങ്ങേറ്റങ്ങളാണോ സംഭവിച്ചത്...?

അന്ന് രാത്രി ഫാത്വിമ ഉറങ്ങിയില്ല. മാതാവിനെയും മറഞ്ഞുപോയ കൂട്ടുകുടുംബങ്ങളെയും ഓർത്ത് ഈറനണിഞ്ഞ നയനങ്ങൾ നിദ്രാവിഹീനമായിരുന്നു. അതാ വാതിൽക്കൽ ആരോ മുട്ടിവിളിക്കുന്നു. ഉടനെ അലി (റ) പിടഞ്ഞെഴുന്നേറ്റു. (അലിയും ഉറങ്ങിയിരുന്നില്ലായിരുന്നു എന്ന് ഫാത്വിമ(റ) മനസ്സിലാക്കി) അലി(റ) വാതിൽ തുറന്നു. അതാ മുന്നിൽ നിൽക്കുന്നു. അബൂസുഫ്യാൻ. മുശ്രിക്കുകളുടെ പതാക വാഹകൻ. ഒപ്പം ഹിന്ദിന്റെ ഭർത്താവുമുണ്ട്. (ഹിന്ദാണ് ഉഹ്ദിം ഹംസ (റ) ന്റെ കരൾ ചവച്ചു തുപ്പിയത്)

അബൂസുഫ്യാൻ സംസാരിക്കാൻ തുടങ്ങി. ഖുറൈശികളുടെ വർത്തമാനം മദീനയിലെത്തി. മുസ്ലിംകൾ മക്കാ പ്രവേശത്തിനൊരുങ്ങുമെന്നറിഞ്ഞാണ് വരവ്. അയാൾ ആദ്യം മകൾ റംലയുടെ അടുൽ വന്നു. ശേഷം ഉമ്മു ഹബീബയെ സന്ദർശിച്ചു. വിശ്വാസികളുടെ വീട്ടിൽ ഒരു മുശ്രിക്കായ നിലയിൽ ഇരിക്കാൻ സാഹചര്യങ്ങൾ സമ്മതിച്ചില്ല. അവസാനം അയാൾ നബിയുടെ(ﷺ) അടുക്കൽ വന്നു. തിരുനബി(ﷺ) ഒന്നും പ്രതികരിച്ചില്ല. തിരുനബി(ﷺ)യോട് ശുപാർശചെയ്യാൻ സിദ്ധീഖി(റ)നെയും ഫാറൂഖി(റ)നെയും സമീപിച്ചു. ഫാറൂഖ്(റ) ചോദിച്ചു. "ഞാൻ നിങ്ങൾക്ക് വേണ്ടി നബി(ﷺ)യോട് ശുപാർശ ചെയ്യുകയോ? അല്ലാഹു സത്യം ഒരു ധാന്യമണിയേ എനിക്ക് ലഭിച്ചിട്ടുള്ളൂ എങ്കിൽ അതുമായി ഞാൻ നിങ്ങൾക്കെതിരെ പോരാടും.' (അവസാനം അലി (റ) അടുത്തേക്ക് വന്നതാണ്) വിവരങ്ങൾ പറഞ്ഞ് അബൂസുഫ്യാൻ അൽപം ശ്വാസമയച്ചു. എന്നിട്ട് അലി(റ)വിനോട് പറഞ്ഞു. അലീ.... നമ്മൾ കുടുംബക്കാരല്ലേ. ഞാൻ നിരാശനായി വന്നത് പോലെ നീ എന്നെ നിരാശനാക്കരുത്. തിരുമേനി(ﷺ)യുടെ അടുത്ത് എനിക്ക് വേണ്ടി ഒന്നു ശുപാർശചെയ്യണം. ഉടനെ അലി (റ) പറഞ്ഞു. എന്ത്... അബൂസുഫ്യാൻ ....(നാശം) തിരുനബി(ﷺ) തീർച്ചപ്പെടുത്തിയ കാര്യത്തിൽ ഞങ്ങൾക്കൊന്നും പറയാൻ കഴിയില്ല. ഉടനെ അബൂസുഫ്യാൻ ഫാത്വിമ(റ)യുടെ ഭാഗത്തേക്ക് തിരിഞ്ഞു. അതു വരെ ഫാത്വിമ(റ) മൗനമവലംബിക്കുകയായിരുന്നു. ഉണർന്നെഴുന്നേറ്റ ഹസൻ ഉമ്മയുടെ അടുത്തുണ്ടായിരുന്നു. ഹസൻ (റ)വിനു നേരെ വിരൽ ചൂണ്ടി ഫാതിമ(റ)യോട് അബൂസുഫ്യാൻ പറ

ഞ്ഞു. ഓ മുഹമ്മദീയപുത്രീ ജനമധ്യത്തിൽ ഞങ്ങൾക്കഭയം പ്രഖ്യാപിക്കാൻ നിന്റെ കുഞ്ഞുമോൻ ഹസനിനോടൊന്നു പറയാമോ? എന്നാൽ എക്കാലത്തേയും അവൻ അറബികളുടെ നേതാവായിരിക്കും.

ഉടനെ ഫാത്വിമ പ്രതികരിച്ചു. എന്റെ മോൻ അത്തരമൊരു പ്രഖ്യാപനത്തിനായിട്ടില്ല. തിരുനബി(ﷺ)യുടെ തീരുമാനത്തിനപ്പുറം ഒരഭിപ്രായപ്രഖ്യാപനം നടക്കുകയുമില്ല...

ഇളിഭ്യനായി അബൂസുഫ്യാൻ എഴുന്നേറ്റു... വാതിലിൽ അൽപമൊന്നു തങ്ങിനിന്നു താഴ്മയോടെ അലി (റ)യോട് ചോദിച്ചു. ഓ അബൂൽ ഹസൻ (ഹസനിന്റെ ഉപ്പാ) കാര്യങ്ങൾ പിടുത്തം വിട്ടു എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നെ ഉപദേശിക്കൂ ഞാനെന്തു ചെയ്യും?

അലി(റ) പറഞ്ഞു:

നിങ്ങൾക്ക് നന്നാകുന്ന ഒരു മാർഗ്ഗം ഞാൻ കാണുന്നില്ല. പക്ഷേ നിങ്ങൾ കനാന: ഗോത്രത്തലവനാണല്ലോ. പൊതുജനങ്ങളോട് അഭയം തേടി നാട്ടിലേക്ക് പൊയ്ക്കൊള്ളൂ. ഇത് കേട്ട് ഒന്നുകൂടി താഴ്ന്ന ശൈലിയിൽ അവൻ ചോദിച്ചു.

അതിനപ്പുറമൊന്നും കാണുന്നില്ലേ?. ഒന്നു മൗനം പാലിച്ച ശേഷം അലി(റ) പറഞ്ഞു.

അല്ലാഹുസത്യം, മറ്റൊന്നും ഞാൻ കാണുന്നില്ല.

അബൂസുഫ്യാൻ തിരിഞ്ഞു നടന്നു. അലി നിർദ്ദേശിച്ച മാർഗ്ഗമേ കരണീയമാകൂ എന്നയാൾ ഉറപ്പിച്ചു.

ദമ്പതികൾ വാതിലടച്ചു. മുസ്ലിംകൾക്ക് അല്ലാഹു നൽകിയ കടാക്ഷങ്ങളെ അവർ പറഞ്ഞുകൊണ്ടിരുന്നു. ഇസ്ലാമിനെയും മുസ്ലിംകളെയും പല്ലും നഖവും ഉപയോഗിച്ചെതിർത്തവർ തുരത്തി ഓടിക്കാൻ നടന്നവർ ഇന്ന് ഇളിഭ്യരായി രക്ഷക്ക് യാചിക്കുന്നു. അർദ്ധരാത്രി പിന്നിട്ടു... ഹസൻ ഉറങ്ങി.... പിന്നെയും കുശലം പറഞ്ഞ ദമ്പതികൾ അൽപനേരം ഇരുന്നു. മക്കയിലേക്കുള്ള പുനഃ പ്രവേശത്തിന് താലോലങ്ങൾ ചാർത്തി രണ്ടുപേരും ഉറക്കത്തിലേക്ക് വീണു.

സുബ്ഹിക്കൽപം മുമ്പ് അവർ ഉണർന്നു. അപ്പോഴും ഫാത്വിമയുടെ മുഖം പ്രസന്നമാണ്. മക്കയിലേക്കുള്ള മടക്കത്തിന്റെ മുന്നറിയിപ്പിലുള്ള ആഹ്ലാദം അത്രത്തോളം അവളെ സ്വാധീനിച്ചിരിക്കുന്നു. അവളുടെ ഹൃദയം ഗതകാല ഓർമകളിലേക്ക് ചേക്കേറാൻ തുടങ്ങി. പിതാവ് പരസ്യമായി ഇസ്ലാമിലേക്ക് പ്രബോധനം നടത്തിയ ദിനം. കഠിനമായ പാത

യോരങ്ങളിൽ നടന്നു തീർത്ത ദൂരങ്ങൾ. കുട്ടിയായ തന്നെയും ചേർത്ത് പിതാവ് പിന്നിട്ട മാർഗ്ഗങ്ങൾ. ഉദാഹരണപൂർവ്വം പ്രഖ്യാപനം നടത്തിയപ്പോൾ തന്റെ പേര് പറഞ്ഞ് തിരുനബി(ﷺ) നടത്തിയ പ്രഖ്യാപനം .... തിരുമേനി(ﷺ)യുടെ പ്രിയ... പ്രിയതമയുടെ ക്രയവിക്രയങ്ങൾ..... അബൂത്വാലിബ് താഴ്‌വരയിലെ ഉപരോധിക്കപ്പെട്ട ദിനങ്ങൾ.

ഏത് ദുർഘട ഘട്ടങ്ങളിലും അല്ലാഹു ഇസ്‌ലാമിനൊപ്പമായുരുന്നു. എന്നതവർ തിരിച്ചറിഞ്ഞു. പരസ്യമായി കലിമ ചൊല്ലാതെ മരണപ്പെട്ട അബൂത്വാലിബ്. അബൂത്വാലിബിന്റെ അവസാമനിമിഷമെങ്കിലും ലാഇലാഹ ഇല്ലല്ലാഹ് കേൾക്കാൻ കൊതിച്ചു നിന്ന തിരുനബി(ﷺ)..... മാതാവിന്റെയും അബൂത്വാലിബിന്റെയും വിയോഗങ്ങൾ പിതാവായ തിരുനബി(ﷺ)യിൽ വരുത്തിയ ദുഃഖത്തിന്റെ കാഠിന്യം...

ഹൃദയത്തിലേക്കിരമ്പിക്കയറുന്ന പലായനത്തിന്റെ (ഹിജ്റയുടെ) സ്മരണകൾ.... തന്നെയും തന്റെ ഇത്താത്തയെയും മരുഭൂമിയിൽ വച്ച് വിഷ മിപ്പിച്ച നിമിഷങ്ങൾ...ഹുബാർ ബിനുൽ അസ്‌വദ് തന്റെ ഇത്താത്ത സൈനബി(റ)നെ മനോവിഷമത്തിലാക്കിയ ഘട്ടം... അംറ് ബിൻ ആസ് തുടങ്ങിയ ചുണക്കുട്ടൻമാർ ഇസ്‌ലാമാശ്ലേഷിച്ച മോഹനഘട്ടങ്ങൾ... ഇങ്ങനെ ഓർമയുടെ ഏടുകൾ കറുത്തും വെളുത്തും മിന്നിമറഞ്ഞുകൊണ്ടേയിരുന്നു..... അപ്പോഴാണ് ബിലാലി(റ)ന്റെ വാങ്കോലി മുഴങ്ങിയത്..... സ്മൃതിഗോപുരങ്ങളിൽ നിന്നിറങ്ങി ബാങ്കൊലിക്ക് മറുപടി നൽകി.....

പതിനായിരത്തിൽപരം മുസ്‌ലീംകൾ ഒരുങ്ങിപ്പുറപ്പെട്ടു കഴിഞ്ഞു. ഹറമിന്റെ നാട്ടിലേക്ക്... കഅ്ബ നിലകൊള്ളുന്ന ഹൃദയഭൂമിയിലേക്ക് ... ദിനരാത്രങ്ങൾ അതിന്റെ പ്രകൃതമായ ചംക്രമണത്തിലാണെന്നവർ മനസ്സിലാക്കി. രഹസ്യമായി ഒരു നാട്ടിൽ നിന്ന് പാലായനം ചെയ്യേണ്ടിവന്ന തിരുമേനി(ﷺ) ഇതാ തല ഉയർത്തി ബഹുമാനാദരങ്ങളോടെ തിരിച്ചു കയറാൻ പോകുന്നു.

ഹിജ്റാബ്ദം 8-ാം വർഷം റമളാൻ പത്താം ദിവസം തിരുനബി (ﷺ)യുടെ നേതൃത്വത്തിൽ സ്വഹാബി സംഘം മക്കാ ദിശയിലേക്ക് ചലിച്ചു. അബൂദർറ് അൽ ഗിഫാരി (റ) നെ മദീനയിൽ കാര്യ നിർവ്വഹണങ്ങൾ ഉത്തരവാദിത്ത്വപ്പെടുത്തി. മഹത്തായ വിജയത്തിന് ,സാക്ഷിയാകാൻ നബി കുടുംബത്തോടൊപ്പം ഫാത്വിമ(റ)യും യാത്രയായി.... വഴിമധ്യേ പാലായനത്തിന്റെ പാതകൾ അവർ ശ്രദ്ധിച്ചു. ഉമ്മുൽകുസൂമിനൊപ്പം വിഷമം സഹിക്കേണ്ടി വന്ന സ്ഥലം അവൾ ഓർത്തെടുത്തു. അപ്പോഴേക്കും ഹൃദയത്തിൽ ചോദ്യങ്ങൾ മുഴങ്ങിയുണർന്നു. റുഖിയ(റ)

എവിടെ? സൈനബ്(റ) എവിടെ. രണ്ട് ജേഷ്ഠത്തിമാരും ഈ ആഹ്ലാദ ക്കരമായ തിരിച്ചുവരവിനില്ലാതെ പോയല്ലോ? മദീനയുടെ മണ്ണറകളിലേ ക്കവർ താമസം മാറ്റിക്കഴിഞ്ഞു.

ഇപ്പോൾ അവരുടെ ഓർമകൾ മാത്രം ബാക്കിയായിരിക്കുന്നു..... മുസ്ലീംകൾ മക്കയോടടുത്തുകൊണ്ടിരുന്നു. ഒപ്പം ഫാത്വിമ(റ)യും ജന്മ നാടിനോട് ചേരാനടുത്തു. മർറുള്ളഹ്റാൻ എന്ന സ്ഥലത്തേക്ക് സംഘം എത്തി ച്ചേർന്നു. മുന്നോട്ടുള്ള ഗമനത്തിനായി തിരുനബി(ﷺ) സൈന്യ ത്തെ ക്രമപ്പെടുത്തി. പിന്നീട് പകൽ കാത്തുനിന്നില്ല. തിരുനബി(ﷺ)യുടെ വാഹനത്തിന്മേൽ അബ്ബാസ് (റ) വിന്റെ സഹയാത്രികനായി അബൂ സുഫ്യാൻ വന്നു. അബ്ബാസിന്റെ കൂടെ അയാൾ രാപ്പാർത്തു. മക്കക്കാ രോട് മുഹമ്മദ് നബി(ﷺ) നടത്താനിരിക്കുന്ന പ്രഖ്യപനത്തെ അയാൾ പ്രതീഷിച്ചു. പ്രഭാതം പൊട്ടിവിടർന്നു. ഇരുവരും നബിസവിധത്തിലേക്ക് പ്രവേശിച്ചു. അബൂസുഫിയാൻ സമാധാനത്തിന്റെ പതക്കമണിഞ്ഞു. ഉടനെ അബ്ബാസ്(റ) തിരുനബി(ﷺ)യോടുണർത്തിച്ചു. തിരുദൂരരേ.... അബൂസുഫ്യാൻ ആഗ്രഹിക്കുന്ന ആളാണ്. അദ്ദേഹത്തിന് ചിലത് വക വച്ചുകൊടുക്കണം...

തിരുമേനി(ﷺ) പ്രതിവചിച്ചു. അതെ. അംഗീകരിച്ചിരിക്കുന്നു. അബൂസുഫ്യാന്റെ വീട്ടിൽ അകപ്പെട്ടവരും ഇനികടക്കുന്നവരും നിർഭ യരാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. തുടർന്ന് നബി(ﷺ) അബ്ബാസിനോട് നിർദ്ദേശിച്ചു. നിങ്ങൾ അബൂസുഫ്യാനെ പർവ്വതമുനമ്പിന് നേരെയുള്ള താഴ്വരയിൽ നിർത്തുക. അല്ലാഹുവിന്റെ സൈന്യം നടന്നുപോകുന്നത ദ്ദേഹം ഒന്നു കാണട്ടെ. ഹിജ്റാബ്ദം എട്ടാം വർഷം റമളാൻ മാസം 17-ാം തീയ്യതി ബുധനാഴ്ച രാവിലെ മർറുള്ളഹ്റാ നിൽ നിന്ന് മക്കയിലേക്ക് മുസ്ലിം സൈന്യം പ്രവേശിച്ചു.

അഭിമാനവും ചേതോഹരവുമായ ആ പ്രയാണം അബൂസുഫ് യാൻ നോക്കിനിന്നു...... അയാൾ ഉടനെ മക്കത്തേക്ക് വന്നു. പൊതു ജനങ്ങ ളോടായി അയാൾ ആഹ്വാനം ചെയ്തു. ഓ ഖുറൈശികളേ.... ഇതാ മുഹ മ്മദ് നബി വന്നിരിക്കുന്നു. ഈ ഘട്ടത്തിൽ അബു സുഫ്യാന്റെ വസതി യിലുള്ളവർ സുരക്ഷിതരാണ്. ഇനി കടക്കുന്നവരും സുരക്ഷിതരത്രെ. മസ്ജിദുൽ ഹറമിൽ കടന്നവർക്കും രക്ഷ....

ജനങ്ങൾ പള്ളിയിലേക്കും വീടുകളിലേക്കും തിരിച്ചു. ദീത്വുവ എന്ന സ്ഥലത്ത് തിരുനബി(ﷺ) സ്വഹാബി പ്രമുഖർക്കിടയിൽ വാഹനത്തിൽ തന്നെ നിലകൊണ്ടു. അല്ലാഹു നൽകിയ മഹത്വത്തിനും ആദരവിനും

മുന്നിൽ താഴ്മയും വിനയവും പ്രകടിപ്പിച്ചു. മക്കയുടെ ഹൃദയഭാഗത്തേക്കുള്ള പ്രവേശനം എങ്ങനെയാകണം എന്ന് ചിട്ടപ്പെടുത്തി. സൈന്യത്തെ വിഭിന്ന ഗ്രൂപ്പുകളാക്കി. ഓരോ ഗ്രൂപ്പിന്റെയും നേതൃത്വം ഓരോ സ്വഹാബീപ്രമുഖരെ ഏൽപിച്ചു. പതാക സഅദ്ബിൻ ഉബാദഃ (റ) വിന്റെ കയ്യിൽ കൊടുത്തു. വഴിമധ്യേ അബൂസുഫ്യാനെ കണ്ടു. ഉടനെ ഇപ്രകാരം പറയാൻ തുടങ്ങി. ഇത് വിജയത്തിന്റെ ദിനം, മഹത്വം വാഴുന്ന ദിവസം, അല്ലാഹു ഖുറൈശികളെ ഇളിഭ്യരും നിന്ദ്യരുമാക്കിയ സുദിനം. ( ഇത് അബൂസുഫ്യാനെ വിഷമിപ്പിച്ചു.) തിരുനബി അഹൂസുഫ്യാനിനു നേരെയായപ്പോൾ അദ്ദേഹം പരാതി പറഞ്ഞു. സഅദ് പറയുന്നത് കേൾക്കുന്നില്ലേ നബിയേ? നബി(ﷺ) ചോദിച്ചു. എന്താണ്? ഖുറൈശികളുടെ നിന്ദയുടെ ദിനം.... തുടങ്ങിയതൊക്കെയാണ് പറയുന്നത്.... ഉടനെ ഉസ്മാനുബിനു അഫ്ഫാൻ (റ) വും അബ്ദുറഹ്മാൻ ബിൻ ഔഫ് (റ) വും പറഞ്ഞു. നബിയേ ഇന്ന് അബൂസുഫ്യാനിന് ഖുറൈശികളിൽ വലിയ സ്വാധീനമൊന്നുമില്ല. (അതുകൊണ്ട് അദ്ദേഹത്തിന്റെ പരാതി ചെവിക്കൊള്ളേണ്ടതില്ല. എന്ന് സാരം) ഉടനെ തിരുനബി(ﷺ) പ്രതികരിച്ചു.

"ഇത് കഅബയുടെ ആദരണീയ ദിനമാണ്. ഖുറൈശികളുടെ അഭിമാന സുദിനവുമാണ്.  തുടർന്ന് സഅ്ദിന്റെ കയ്യിൽ നിന്ന് പതാകവാങ്ങി. സഅ്ദിന്റെ മകൻ ഖൈസിന്റെ കയ്യിൽ കൊടുക്കാൻ ആളെ അയച്ചു.

സുബൈറ്ബിൻ അവ്വാമിനോടും ഖദീജ(റ)യോടും സഹോദരപുത്രനോടും തിരുനബി(ﷺ)യുടെ പതാക മക്കയുടെ ഉയർന്ന ഭാഗമായ ഹുജൂനിൽ ഉയർത്തിപ്പിടിക്കാൻ കൽപിച്ചു.

അങ്ങനെ സുബൈറിന്റെ വാഹനം ഹുജൂനിൽ എത്തി. ഉടനെ അബ്ബാസ് (റ) പറഞ്ഞു. ഇവിടെ പതാക കേന്ദ്രീകരിക്കാനാണ് തിരുനബി(ﷺ) നിങ്ങളോട് പറഞ്ഞത്.

* * * * * * * *

ഫാത്വിമ(റ)യുടെ മനോമുകുരത്തിൽ ബുൽബുൽ പക്ഷികൾ രാഗമുതിർത്തു. മക്കവിജയത്തിന്റെ സുവർണ്ണ പതാക എത്തിച്ചേർന്നിരിക്കുന്നത് തന്റെ മാതാവിന്റെ ഖബ്റിന്റെ ചാരത്താണ്. ഫാത്വിമ(റ)യുടെ നയനങ്ങൾ നിറഞ്ഞു. പിതാവായ തിരുനബി(ﷺ) മാതാവിന്റെ വിശ്രമസ്ഥലത്തിനു നൽകുന്ന അനുരാഗപൂർണ്ണമായ ബന്ധം അവളിൽ ആലോചനകളുയർത്തി. വിജയഭേരിമുഴക്കുന്ന വിപ്ലവാത്മക നിമിഷങ്ങളിലും. അനുരാഗത്തിന്റെയും ആത്മബന്ധത്തിന്റെയും വർണ്ണരാജികൾ മാഞ്ഞിട്ടില്ലെന്നവൾ മനസ്സിലാക്കി. വഫാത്വിന് മുമ്പ് ഖദീജ(റ) സ്വപ്നം കണ്ട

ഇസ്ലാമിന്റെ പതാക സ്വന്തം വിശ്രമഭൂമിയിൽ പാറിക്കളിക്കുന്നത് ആ വിശുദ്ധാത്മാവ് ദർശിച്ചു. തിരുമേനി(ﷺ)യുടെ കൊടി വാനിലേക്കുയർന്ന പ്പോഴേക്കും ബഹു ദൈവരാധനയുടെ കൊടിക്കൂറകൾ എന്നന്നേക്കുമായി മക്കയിൽ നിന്നു വിപാടനം ചെയ്യപ്പെട്ടു.....

ഖദീജയുടെ ഖബറടത്തിനടുത്തായി തിരുനബി(ﷺ)ക്കായി ഖുബ്ബ ഉയർന്നു. മക്കാവിജയത്തിന്റെ ലഹരിയിൽ ദുഃഖങ്ങൾ മറന്നുപോയ മകൾ ഫാത്വിമ(റ)യും പിതാവിനൊപ്പം ചേർന്നു. മക്കയിലേക്ക് പോകുമ്പോൾ ഹുവൈരിസ് ആക്രമിക്കാൻ വന്ന ഘട്ടം പോലും ഫാത്വിമ(റ) മറന്നു പോയി. പക്ഷേ തിരുനബി(ﷺ) ആ രംഗം വിസ്മരിച്ചില്ല..... അതിരുക ടന്ന അക്രമത്തിന്റെ ജ്വാലകൾ പിതാവിന്റെ ഹൃദയത്തിൽ നിന്നു മറഞ്ഞു പോയില്ല.

നബി(ﷺ) സ്വാഹാബത്തിനെ വിളിച്ചു. പോർവിളി നടത്താതെ ഒരാ ളെയും നേരിടരുതെന്ന് കരാർ ചെയ്തു. ചിലരെ അതിൽ നിന്നൊഴിവാക്കി. അവരെ കഅ്ബയുടെ ചാരത്തായാലും ഒഴിവാക്കരുതെന്ന് കൽപിച്ചു. (മുറിച്ചു മാറ്റിയില്ലെങ്കിൽ തടിക്കുതന്നെ കേടുവരുമെങ്കിൽ അവയവം മുറി ച്ചുമാറ്റുന്നതിലാണല്ലോ കരുണയും ചികിത്സയും ന്യായവും) അതിൽ ഒരാളായിരുന്നു ഹുവൈരിസ്. അയാളെ ഒതുക്കുന്ന കാര്യം അലിയ്യ് (റ) ഏറ്റെടുത്തു........

മുസ്ലിംകളുടെ ആരവങ്ങളുയർന്നു. മക്കയിലെ ഗിരിനിരകൾ തരിച്ചു നിന്നു. പതിനായിരങ്ങളുടെ കണ്ഠങ്ങളിൽ നിന്നൊന്നിച്ചുയർന്ന തക്ബീർ ധ്വനികൾ മക്കയെ അക്ഷരാർത്ഥത്തിൽ പ്രകമ്പനം കൊള്ളിച്ചു.

അത്യാഹ്ലാദത്തോടെ അവർ ഒരുമിച്ചു ചൊല്ലി. അല്ലാഹു അക്ബർ... അല്ലാഹു അക്ബർ..... ലാഇലാഹ ലാഇലാഹ വഹ്ദഹൂ.... സദഖ..... വഅ്ദഹു.....വ നസ്വറ അബ്ദഹു... വഅഅസ്സജുൻദഹു... വഹസമൽ അഹ്സാബ വഹ്ദഹു... ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അകബർ (ഏറ്റവും ഉന്നതൻ അല്ലാഹുവാണ്.. അല്ലാഹു അല്ലാതെ ആരാധ്യനില്ല..... അവൻ ഏകനാണ്... അവൻ വാഗ്ദത്തം നൽകിയത് നിർവഹിച്ചിരിക്കു ന്നു.... അവന്റെ അടിമയെ സഹായിച്ചിരിക്കുന്നു..... അവന്റെ സൈന്യത്തെ ശക്തിപ്പെടുത്തിയിരിക്കുന്നു...)

തിരുനബി(ﷺ), തങ്ങൾക്കൊരുക്കിയ ഖുബ്ബയിലേക്കെത്തി. ഫാത്വിമ(റ) അവിടെ ക്കാത്തിരിക്കുകയായിരുന്നു. മക്കാവിജയത്തിന്റെ നിർവ്വാഹകകാര്യാലയമായി ആ ഖുബ്ബ പരിണമിച്ചു. ഔദ്യോഗികമായി തിരുനബി(ﷺ) സൂറതുൽ ഇസ്റാഇലെ 81-ാം സൂക്തം അവിടുന്ന് പാരാ യണം ചെയ്തു... ഖുൽ ജാഅൽ ഹഖ്ഖു....

മുസ്ലിം ജനതയുടെ ആഹ്ലാദാഘോഷങ്ങളെല്ലാം മരണപ്പെട്ടുപോയവർ കേൾക്കുമോ? യാസറിന്റെ മാതാപിതാക്കൾ..... അത് പോലെ രക്തസാക്ഷികളായ എത്ര വിശ്വാസികൾ മക്കത്ത് ഖബറുഖളിലാണ്. എട്ടു വർഷങ്ങൾക്കപ്പുറം ഇസ്ലാമിന്റെ ആരംഭദശയിൽ ഇസ്ലാമിനുവേണ്ടി ത്യഗം സഹിച്ച നിരവധി ഖബറാളികൾ.... തിരുനബി(ﷺ)യുടെ പ്രബോധനരംഗം വിജയപൂർണ്ണമായി പുലർന്നുകാണാൻ അത്യധികം കൊതിച്ചിരുന്ന ഖദീജ (റ) കേൾക്കുമോ.....

മരണപ്പെട്ടവർ ജീവിച്ചിരിക്കുന്നവരുടെ കാലൊച്ചകൾ കേൾക്കും.... സലാംമടക്കും.... ചിലർ ശിക്ഷ അനുഭവിക്കുന്നു. ചിലർ സ്വാസ്ഥ്യത്തോടെ കഴിയുന്നു. എന്നൊക്കെയുള്ള നബിവചനങ്ങൾ അവലംബിക്കുമ്പോൾ മരണപ്പെട്ടവർ കേൾക്കുമെന്നേ പറയാൻ കഴിയൂ... അങ്ങനെ വരുമ്പോൾ മരണപ്പെട്ടവർ കേൾക്കുമെന്നേ പറയാൻ കഴിയൂ.... അങ്ങനെ വരുമ്പോൾ മക്കാവിജയം ഖദീജബീവി ഖബറിൽ കിടന്ന് അനുഭവിച്ചത് എത്ര ആനന്ദത്തോടെ അതിനെ സ്വീകരിച്ചിട്ടുണ്ടാകും.

* * * * * * * *

അബൂത്വാലിബിന്റെ മകൾ ഉമ്മുഹാനിഅ്(റ) നിവേദനം ചെയ്യുന്നു. നബി (ﷺ) മക്കയിൽ എത്തിച്ചേർന്നു. അപ്പോളേക്കും മഖ്സും ഗോത്രത്തിലെ രണ്ടുപേർ എന്റെ അടുക്കലേക്ക് ഓടിവന്നു. ( ഇബ്നു ഹിശാമിന്റെ നിവേദന പ്രകാരം ഹിശാമിന്റെ മകൻ ഹാരിസ് അബൂ ഉമയുടെ മകൻ സുഹൈർ എന്നീ രണ്ടുപേരായിരുന്നു അത്) പിന്നിൽ തന്നെ അലി(റ)യ്യും എത്തിച്ചേർന്നു. അല്ലാഹു തന്നെ സത്യം ഞാൻ അവരെ വധിക്കുമെന്നാണ് അലിയ്യി(റ)ന്റെ ഭാവം. ഞാനവരെ പുരക്കകത്തായിപ്പൂട്ടിക്കളഞ്ഞു. എന്നിട്ടാണ് ഞാൻ തിരുനബി(ﷺ)യെ സമീപിച്ചത്. തിരുനബി(ﷺ) ജവനയിൽ നിന്ന് വെള്ളമെടുത്ത് കുളിക്കുകയായിരുന്നു. ഫാത്വിമ(റ)യാണ് വസ്ത്രം കൊണ്ട് മറപിടിച്ചു നിൽക്കുന്നത്. കുളികഴിഞ്ഞ് നബി(ﷺ) എട്ട് റക്അത്ത് ളുഹാ (സൂര്യോദയത്തിന് ശേഷം. ഉച്ചക്ക് മുമ്പ് സുന്നത്തുള്ള നിസ്കാരം) നിർവ്വഹിച്ചു. ശേഷം എന്നോട് വന്ന കാര്യാമന്വേഷിച്ചു. ഞാൻ വിഷയം പറഞ്ഞു. തിരുനബി(ﷺ) ഇങ്ങനെ മറുപടി പറഞ്ഞു. നീ അഭയം നൽകിയവർക്ക് നമ്മളും അഭയം നൽകിയിരിക്കുന്നു. നീ രക്ഷിച്ചവർക്ക് നമ്മളും രക്ഷ നൽകിയിരിക്കുന്നു. അലിയ്യ്(റ) അവരെ വധിക്കുകയില്ല. (വധിക്കേണ്ടതില്ല)

അൽപനേരത്തെ വിശ്രമത്തിനു ശേഷം തിരുനബി(ﷺ) ജനസാഗരത്തിനു മധ്യേ കഅ്ബയിലേക്ക് പുറപ്പെട്ടു. വാഹനത്തിനു മുകളിലിരുന്നുതന്നെ ഏഴു പ്രാവശ്യം കഅ്ബയെ പ്രദക്ഷിണം ചെയ്തു. തുടർന്ന്

കൽപന പ്രകാരം കഅ്ബ തുറന്നു. കഅ്ബയുടെ കവാടത്തിന് വിജയ പ്രഭാഷണം നടത്തി. ഖുറൈശികളോട് ചോദിച്ചു.... ഓ ഖുറൈശിവ്യൂഹമേ..... നിങ്ങൾ എന്നിൽ നിന്നെന്താണ് പ്രതീക്ഷിക്കുന്നത്. അവർ പറഞ്ഞു. നന്മയാണ്. നിങ്ങൾ മാന്യനായ സഹോദരനും മാന്യനായ സഹോദരന്റെ പുത്രനുമാണ്. നബി(ﷺ) ഉത്തരം ചെയ്തു. നിങ്ങൾ പൊയ്ക്കൊളൂ. നിങ്ങൾ സ്വതന്ത്രരാണ്......

* * * * * * * *

ഊഷ്മളമായ പകലിന് സായാഹ്നം പടംവിരിക്കാൻ തുടങ്ങി. പകലോൻ പടിഞ്ഞാറേക്ക് നീങ്ങി.... പലായനം കഴിഞ്ഞ് മടങ്ങിയെത്തിയരെ മക്കാ മാതാവ് ചിറകിലേക്ക് ചേർത്തൊതുക്കി..... അവർക്ക് അതിഥ്യമരുളുകയും സ്വന്തം നാട്ടിലെത്തിക്കാൻ കൂടെ വരികയും ചെയ്ത അൻസാരികൾക്ക് സ്വീകരണം നൽകി. മുമ്പൊരു പ്രവാചകനോ നേതാവിനോ ലഭിക്കാത്ത അനുചരാനുഗ്രഹങ്ങളും കടാക്ഷങ്ങളും നൽകി. അല്ലാഹു തിരുനബിയെ(ﷺ) ആദരിച്ചു. അല്ലാഹുവിന്റെ സൈന്യത്തിന് ഹസ്തദാനം നൽകി മാലാഖമാർ ആശംസകൾ നേർന്നു. പിശാചിന്റെ അധികാരകേന്ദ്രങ്ങളെ തിരസ്കരിച്ച ഇലാഹീ ഹൃദയങ്ങളിൽ മലക്കുകൾ പിയൂഷം പകർന്നു.

ഇവിടെയും ഫാത്വിമ(റ) പിതാവിന്റെ ചാരത്താണ്. നിദ്രാവിഹീനയായി കിടക്കയിലാണവൾ. ഉമ്മയും ഇത്താത്തമാരുമാണ് ഫാത്വിമ(റ)യുടെ സ്മൃതി പഥത്തെ മഥിച്ചിരിക്കുന്നത്.

ബാല്യകാല സ്മരണകളും ഇടക്കിടെ എത്തിനോക്കിക്കൊണ്ടിരുന്നു. നേരം പോയതറിഞ്ഞില്ല. കഅ്ബയിൽ നിന്ന് ബിലാലി(റ)ന്റെ വങ്കൊലി ഉയർന്നു. വിശുദ്ധമായ ഹറമിന് പുറത്തേക്ക് ആ ശബ്ദം ഒഴുകിയെത്തി. പ്രാർത്ഥനയുടെ പ്രൗഢിയണിയാൻ പ്രപഞ്ചം ഒരുങ്ങിക്കഴിഞ്ഞു. വിശ്വാസികൾ ഗൃഹാന്തരങ്ങളിൽ നിന്ന് പള്ളിയിലേക്ക് നടന്നു ചേർന്നു. കൽദൈവങ്ങൾക്കും പ്രതിഷ്ഠകൾക്കും പ്രതിമകൾക്കും സൽക്കാരം നൽകിയ കഅ്ബാലയത്തിൽ ചരിത്രത്തിലാദ്യമായി നടക്കുന്ന സുബ്ഹി ജമാഅത്ത്.......

പള്ളിയിലേക്കൊരുങ്ങിയിരിക്കുന്ന അലി (റ) വിളിച്ചു ചോദിച്ചു യാ ഉമ്മൽ ഹസൻ (ഫാത്വിമാ)ഉറങ്ങുകയാണോ? അവൾ മറുപടി പറഞ്ഞു. ഹറം ശരീഫിന്റെ അന്തരീക്ഷം ഇസ്ലാമിക ചൈതന്യത്തിലമർന്നതിന്റെ സന്തോഷാധിരേകത്താൽ കരഞ്ഞുപോയതാണ്. ഇന്ന് പതിനായിരം വിശ്വാസികളാണല്ലോ? സുബ്ഹി നിസ്കാരത്തിന് ഒത്തു ചേരുന്നത്.

അബ്ദിൽ ഹസൻ ( അലീ) ഞാൻ ഉറങ്ങുകയോ? ആഹ്ലാദപൂർണ്ണമായി ഈ ദിവസം ഉറങ്ങിയാൽ ഈ സംഭവങ്ങളെല്ലാം സ്വപ്നമാണോ എന്ന് തോന്നിപ്പോകും. അതിനാൽ പൂർണമായും ഉണർന്നിരുന്ന് സാക്ഷിയാകാനാണ് ഞാൻ ഉദ്ദേശിച്ചത്..... ഫാത്വിമയും എഴുന്നേറ്റ് നിസ്കാരപ്പായയിലേക്ക് പോയി................

തറവാട്ടിലേക്ക് എപ്പോഴാണ് പോവുക. ജന്മഭവനത്തിൽ എത്തിച്ചേരാനുള്ള ആഗ്രഹത്താൽ ഫാത്വിമ(റ) ചിന്തിച്ചു. തന്റെ ഭർത്താവ് അലി(റ)യുടെയും ബാല്യകാലസ്മൃതികൾക്ക് സാക്ഷ്യം വഹിച്ച വീട്ടിലേക്ക് പോകാൻ അവൾ അത്രക്ക് മോഹിച്ചു. പക്ഷേ ഹിജ്റയുടെ കാലത്ത് അതിന്റെ ഉടമസ്ഥത അബൂ ത്വാലിബിന്റെ മകൻ ഉഖൈലിനായിരുന്നു...... ഒരിക്കൽ ഉസാമ(റ) നബി(ﷺ)യോട് ചോദിച്ചു. മക്കയിൽ ഞങ്ങളുടെ വീടിന്റെ ഭാഗത്താണ് താമസിക്കുക. തിരുനബി(ﷺ) ചോദിച്ചു.....ഉഖൈൽ നമുക്ക് വേണ്ടി റൂമും ഭാഗങ്ങളും ഒന്നും ഒഴിച്ചിട്ടിട്ടില്ലേ?.....

ചരിത്രപരമായ പ്രബലാഭിപ്രായപ്രകാരം നബി(ﷺ) ഹൂജുനിലുള്ള വീട്ടിൽ തന്നെയാണ് താമസിച്ചത്.

ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമാശ്ലേഷിച്ചുകൊണ്ടേയിരുന്നു. അങ്ങനെയിരിക്കെയാണ് ഹവാസിൻ സഖീഫ് എന്നീ ഗോത്രങ്ങളിലെ നേതാക്കൾ ഒരുമിച്ചു ചേർന്ന് മാലിക് ബിൻ ഔഫ് അന്നസ്വരിയുടെ നേതൃത്വത്തിൽ ഇസ്ലാമിനെതിരെ തിരിഞ്ഞത്. നബി(ﷺ)ക്ക് അവരെ നേരിടേണ്ടിവന്നു. മുഹാജിറുകളും അൻസാരികളുമടങ്ങുന്ന പതിനായിരം പേരും മക്കക്കാരായ രണ്ടായിരം പേരും ചേർന്ന് 12,000 അംഗങ്ങളടങ്ങുന്ന മുസ്ലിം സൈന്യം തിരുനബി(ﷺ)ക്കൊപ്പം തിരിച്ചു. ഹിജ്റാബ്ദം 8-ാം വർഷം ശവ്വാൽ ആറ് ശനിയാഴ്ചയായിരുന്നു പുറപ്പാട്. മക്കയിൽ നിന്ന് മൂന്ന് രാത്രിയുടെ വഴി ദൂരമുള്ള ഹുനൈനിൽ വെച്ചായിരുന്നു. യുദ്ധം. ഉന്നതമായ വിജയവും അനവധിയുദ്ധസ്വത്തുക്കളും നേടി മുസ്ലീംകൾ തിരിച്ചുവന്നു. യുദ്ധാനന്തര സ്വത്തിൽ നിന്നും കൂടുതൽ വിഹിതവും പുതുതായി ഇസ്ലാമാശ്ലേഷിച്ചവർക്കാണ് തിരുനബി(ﷺ)നൽകിയത്.

ഏത് വീട്ടിലായിരിക്കും ഉപ്പ താസിക്കുക? എന്ന ചിന്തയിലാണ് മകൾ ഫാത്വിമ(റ). ഒപ്പം അൻസാരികളുടെ മനസ്സിലും ഒരു ചോദ്യം ഉയർന്നു വന്നു. മക്കാവിജയത്തിനൊപ്പം ഹുനൈൻ വിജയം കൂടിയായപ്പോൾ ആ ചോദ്യത്തിനാക്കം കൂടി. തിരുനബി(ﷺ) ഇനി മദീനത്തേക്ക് വരില്ലേ? മക്കയിൽ തന്നെ താമസമാക്കിയേക്കുമോ. മക്കയിൽ നിന്ന് പുതുതായി ഇസ്ലാം പുൽകിയവരോട് നബി(ﷺ)ക്കുള്ള ശുഷ്കാന്തി. നീണ്ട നാളുകൾക്ക് ശേഷം ജന്മനാട്ടിലേക്കുള്ള മടക്കം..... ഇതെല്ലാം കൂടിയായപ്പോൾ

അൻസാരികൾ പരസ്പരം സംശയം കൈമാറാൻ തുടങ്ങി. കൂട്ടത്തിലൊരാൾ ഇങ്ങനെ പറഞ്ഞു.

അല്ലാഹു സത്യം നബി(ﷺ) തങ്ങളുടെ ജനതയെ കണ്ടുമുട്ടിക്കഴിഞ്ഞു..... ഒപ്പം ഈ ആശയം നൽകുന്ന വിധത്തിൽ ഹസ്സാൻ (റ) വിന്റെ കവിതയും വിരിഞ്ഞുകഴിഞ്ഞു.... അതിങ്ങനെയാണ്.

وائت الرسول فقل: يا خير مؤتمن   للمؤمنين إذا ما عدد البشر
علام تُدعى سُليم وهي نازحة   قدام قوم هم آووا وهم نصروا؟
سماهم الله أنصار ابنصرهم   دين الهدى وعوان الحرب تستعر
وسارعوا في سبيل الله واعترضوا   للنائبات وما خاموا و ما ضجروا
والناس إلب علينا فيك، ليس لنا   إلا السيوف وأطراف القنا وزر
فماو نينا، وما خمنا، وما خبروا   منا عثارا او كل الناس قد عثروا

ഈ വരികൾ മക്കക്കാരുടെ മുഴുവൻ കാതുകളിലുമെത്തി. ഒപ്പം ഫാത്വിമ(റ)യുടെ ശ്രവണപുടങ്ങളിലും എത്തിക്കഴിഞ്ഞു. അൻസാറുകളുടെ ഈ സംശയം വെറുതെയല്ലെന്നവളും ആലോചിച്ചു. എങ്കിൽ പിന്നെ തന്റെ ഉപ്പ ഇനി നേരിടാനുള്ള ദുർഘട സന്ധിയെന്താകുമെന്നവൾ അന്തിച്ചു. തിരുനബി(ﷺ) പരിഹാരം കാണാതിരിക്കില്ലെന്ന ചിന്ത അവളെ സാന്ത്വനിപ്പിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെയാണ് തിരുനബി(ﷺ)യും അൻസ്വാരി പ്രതിനിധി സഅ്ദ്ബിൻ ഉബാദയും തമ്മിലുള്ള സംഭാഷണം കേൾക്കാനായത്. അൻസാരികളുടെ പരാതി അറിയിക്കാനാണദ്ദേഹം വന്നിട്ടുള്ളത്.

ഈ അഭിപ്രായത്തിൽ നിങ്ങളുടെ നിലപാടെന്താണ് നബി(ﷺ) ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഞാനും അൻസാരികൾക്കൊപ്പമാണ്.

ഇതുപറയുമ്പോൾ ഫാത്വിമ(റ) ഉപ്പയുടെ മുഖം ശ്രദ്ധിച്ചു...... പക്ഷേ അൽപം പോലും അതൃപ്തിയോ ദേഷ്യമോ മിന്നിമറഞ്ഞത് പോലുമില്ല. മറിച്ച് എല്ലാ അൻസാരികളെയും ഒരുമിച്ചുകൂട്ടാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു.

അദ്ദേഹം അത് നിർവ്വഹിച്ചശേഷം തിരുമേനി(ﷺ)യോട് വന്നു പറഞ്ഞു. യാറസൂലുല്ലാഹ് അതാ ആ ചെരുവിൽ മുഴുവൻ അൻസാരികളും നിറഞ്ഞിരിക്കുന്നു. നബി (ﷺ) അവരെ അഭിസംബോധനം ചെയ്തു.

അല്ലാഹുവിന് സ്തോത്രങ്ങളർപ്പിച്ചു പ്രഭാഷണം തുടങ്ങി.

അല്ലയോ അൻസാറുകളേ.... നിങ്ങൾക്കുണ്ടായ സംശയത്തിൽ നിന്നും ഉടലെടുത്ത ഒരു വാചകം ഞാൻ കേൾക്കാനിടയായിരിക്കുന്നു. അതിനു കാരണമെന്താണ്? നിങ്ങൾ ദുർമാർഗ്ഗികളായിരിക്കെ ഞാൻ നിങ്ങളിലേക്കെത്തി. നിങ്ങളെ അല്ലാഹു സൻമാർഗ്ഗികളാക്കി. നിങ്ങളെ ക്ഷാമത്തിൽ നിന്നവൻ ക്ഷേമത്തിലേക്കുയർത്തി. ശത്രുതയിൽ നിന്ന് ഒരുമയിലേക്കു പരിവർത്തിപ്പിച്ചു. ശരിയല്ലേ? അതേ..... അല്ലാഹുവും അവന്റെ ദൂതരുമാണ് അത്യുദാരരും അതിശ്രേഷ്ഠരുമായി ഞങ്ങൾക്കുള്ളത്.... അവർ ഏക സ്വരത്തിൽ പറഞ്ഞു.

ഞാൻ ഇനി ചോദിക്കാൻ പോകുന്നതിന് നിങ്ങൾക്ക് ഉത്തരം നൽകാമോ? നബി(ﷺ) ചോദിച്ചു. അവർ പറഞ്ഞു. ഞങ്ങൾ ഉത്തരം നൽകാൻ കടപ്പെട്ടവരാണല്ലോ..... അല്ലാഹുവും അവന്റെ റസൂലുമാണ് ഞങ്ങൾക്ക് അതിശ്രേഷ്ഠരും അത്യുദാരരുമായിട്ടുള്ളത്...... എന്താണ് ഞങ്ങൾ പറയേണ്ടത് റസൂലേ....?

വേണമെങ്കിൽ നിങ്ങൾക്ക് പറയാം. തങ്ങൾ കളവാക്കപ്പെട്ടപ്പോൾ ഞങ്ങൾ തങ്ങളെ വിശ്വസിച്ചു. നിസ്സഹായരായപ്പോൾ സഹായിച്ചു....... നിരാലംബരായപ്പോൾ അഭയം നൽകി.

ഓ അൻസാരികളേ. നിങ്ങൾക്കെന്തുപറ്റി. അൽപം പച്ചപ്പ് കണ്ടപ്പോൾ അതിലേക്ക് ഞാൻ ചേരുകയും ചെയ്തു. എന്ന് നിങ്ങൾ ഭാവിച്ചുപോയോ? നിങ്ങളെ നിങ്ങളുടെ നിശ്വാസത്തിന് ഭരമേൽപ്പിച്ചു പോയി എന്ന് നിങ്ങൾ തെറ്റിദ്ധരിച്ചു. അല്ലേ. ജനങ്ങൾ ആടുമാടുകളുമായി പോകുമ്പോൾ തിരുനബി(ﷺ)യും നാട്ടിലേക്ക് മടങ്ങുന്നതിൽ നിങ്ങള് സംതൃപ്തരാണോ?

എന്റെ ഉടമസ്ഥനിൽ സത്യം ഹിജ്റയില്ലായിരുന്നെങ്കിൽ ഞാനും അൻസ്വാരികളിൽ ഒരാളാകുമായിരുന്നു. ജനങ്ങൾ മുഴുവൻ ഒരു താഴ്വരയിലും, അൻസാരികൾ മാത്രം മറ്റൊരു താഴ്വരയുലും ഒരുമിച്ചു കൂടിയാൽ ഞാൻ അൻസാരികളുടെ കൂട്ടത്തിലേ ചേരൂ.... അല്ലാഹു അനുഗ്രഹിക്കട്ടെ. അൻസാരികളുടെ മക്കളെയും പരമ്പരയെയും അനുഗ്രഹിക്കട്ടെ...

അൻസാരികൾ കരയാൻ തുടങ്ങി. താടിരോമങ്ങൾ നനഞ്ഞ് തഴേക്കൊഴുകും വിധം കണ്ണുനീർ വാർന്നുകൊണ്ടിരുന്നു. നിർഭരമായ വിശ്വാസദാർഢ്യതയിൽ അവർ വിളിച്ചുപറഞ്ഞു കൊണ്ടേയിരുന്നു......

വിഹിതവും അവകാശവുമായി റസുലുല്ലാഹി(ﷺ)യെ ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. റളീനാ ബി റസൂലില്ലാഹി ഖിസ്മൻ വ ഹള്ളൻ......

അൻസാരികളുടെ കരച്ചിലിനും ഫാത്വിമ(റ) സാക്ഷിയായി...... അതോടെ അവരുടെ ഹൃദങ്ങൾ പളുങ്കുപോലെ തിളങ്ങി..... എല്ലാ പൊടിപടലങ്ങളും മാറിപ്പോയിരിക്കുന്നു. ഏത് ദുർഘട സന്ധിയും അല്ലാഹുവിനും റസൂലിനും സരളമാണെന്ന പാഠം ഈ സംഭവത്തിൽ നിന്ന് ഫാത്വിമ(റ) പഠിച്ചു.

ഹസ്സാനി(റ)ന്റെ വരികൾ പതിഞ്ഞ സ്ഥലത്ത് നൈർമല്യത്തിന്റെ അരിമുല്ലകൾ വിടർന്നു. ഗുണഭോക്തമായ ഒരു സംശയം സ്നേഹാർദ്രമായ ഒരു പുതിയ പ്രഭാതത്തിലേക്ക് വഴിമാറിക്കൊടുത്തു. ആത്മാർത്ഥമായ അനുരാഗത്തിൽനിന്ന് വഴിതെളിച്ച സംശയം നിർവ്യതായ ആലിംഗനത്തിലേക്ക് വഴിതെളിച്ചു.

തിരുനബി(ﷺ) മദീനയിലേക്കു മടങ്ങുമെന്ന വാർത്ത മക്കക്കാരെ ദുഃഖത്തിലാഴ്ത്തി.... ഓരോ ദിനങ്ങളും മാസങ്ങളും ദൈർഘ്യം പകർന്നു.....

അതോടെ ഫാത്വിമ(റ)യും ഒരുങ്ങിക്കഴിഞ്ഞു. ഇനി മക്കയിലേത് വീട്ടിലാണ് താമസമെന്ന സംശയത്തിലേക്ക് ഫാത്വിമ(റ) ഉഴറി വീഴുകയില്ല.......

രണ്ട് മാസവും ശിഷ്ടദിവസങ്ങളുമേ നബി(ﷺ) മക്കയിൽ തങ്ങിയുള്ളൂ..... റമളാനിലാണല്ലോ മക്കയിൽ വന്നത്. അതേവർഷം തന്നെ ദുൽഖഅ്ദ: അവസാനമായപ്പോഴേക്കും മടങ്ങി. ഉംറ അതിനകം നിർവ്വഹിച്ചിരുന്നു. ഫാത്വിമ പറയുന്നു . മക്കവിജയത്തിന്റെ രാത്രിയിൽ അവൾക്ക് സ്വപ്നദർശനമുണ്ടായി. തിരുനബി(ﷺ)യുടെ നേതൃത്വത്തിൽ മുസ്ലിം ജനത പുറപ്പെട്ടു. ഈ യാത്രയിൽ രണ്ട് വിജയങ്ങൾ ഉറപ്പിച്ചിട്ടുണ്ട്. ഒന്ന് മക്കാവിജയം രണ്ടാമത്തേത് ഹുനൈൻ വിജയവും.

മുസ്ലിംകൾ നേടിയ ഔന്നത്യത്തിന്റെ ആത്മാഭിമാനത്തിലാണ് ഫാത്വിമ(റ) മക്കയിലുള്ളപോലുള്ള കാഴ്ചകൾ എത്രചേതോഹരമാണ്. സംഘജനങ്ങൾ വരുന്നു മുസ്ലിമായി കീഴ്പെട്ട് പോകുന്നു. കച്ചവടസംഘങ്ങൾ നേരിട്ട് വന്ന് ഇസ്ലാമിക ദർശനം ഉൾക്കൊള്ളുന്നു. നിശയുടെ കരിമ്പടത്തിൽ ഗർവ്വ് നടിച്ച ഖുറൈശി കുലപതികൾ.....പകലിന്റെ തെളിവിൽ തിരുദൂതർക്ക് മുന്നിൽ ക്ഷമയാചിക്കുന്നു. വിടുതി പ്രതീക്ഷിച്ചെത്തുന്നു. ഹംസ (റ) വിന്റെ കരള് ചവച്ചുതുപ്പിയവർ വരെ......ഉസ്മാൻ (റ) വിന്റെ സന്നിധിയിൽ വന്ന് നബിസമക്ഷത്തിലേക്ക് പ്രവേശനം ചോദിക്കുന്നു. അവസാനം ഉടമ്പടി ചെയ്ത് ഇസ്ലാം പുൽകുന്നു....

ഏതൊരു വിശ്വാസിയുടെയും കരളിനു കുളിരണിയിക്കുന്നരംഗങ്ങൾ. സഹ്റാഅ്(റ) (ഫാത്വിമ)ന്റെയും പിതാവിന്റെയും ആനന്ദത്തിനതിരില്ല. പ്രബോധനത്തിന്റെ ഫലകങ്ങൾ കുലച്ചു കൂടുകയാണ്. പിന്നിട്ട വഴിക

ളിൽ നേരിടേണ്ടിവന്ന മുൾപ്പടർപ്പുകൾക്ക് പകരം പൂമെത്തകൾ വിരിക്കപ്പെടുകയാണ്.

മദീനയിൽ നിന്നുള്ള മടക്കത്തിന്റെയും ഹിജ്റ ആറിൽ ഖുറൈശികളുമായി നടന്ന കരാറിന്റെയും ശേഷം പ്രബോധനമേഖല വ്യാപിച്ചിരുന്നു. മാനവികകുലത്തിനാകെ താക്കീതുകാരനായും സുവിശേഷകനുമായിട്ടുമാണ് തങ്ങളെ നാം ദൂതനാക്കിയത്. പക്ഷേ ഏറെ ജനങ്ങളും അതറിയുന്നില്ല എന്നർത്ഥം വരുന്ന ഖുർആനിക സൂക്തത്തിന്റെ പ്രഖ്യാപനം കൂടിയായിരുന്നു ആ പ്രവർത്തനം. അതിന്റെ ഭാഗമായിട്ടാണ് രാജാക്കന്മാർക്ക് കത്തയച്ചത്. ആ കൂട്ടത്തിൽ ഹാതാബ് ബിൻ അബീബൽ തഅ:(റ) വിന്റെ കയ്യിൽ ഈജിപ്തിലെ മുഖൗഖിസിനും ഒരു കത്ത് കൊടുത്തയച്ചു. അദ്ദേഹം തിരുനബി(ﷺ)യുടെ സന്ദേശവാഹകനെ ആദരിച്ചു. തിരുനബി(ﷺ)ക്ക് സമ്മാനമായി രണ്ട് അടിമസ്ത്രീകളെയും കൊടുത്തയച്ചു. മാരിയ്യത്തുൽ ഖിബ്തിയ്യയും സഹോദരി സീരീനും ആയിരുന്നു. അടിമകൾ. ഹിജ്റാബ്ദം 8-ാം വർഷത്തിൽ തന്നെയാണവർ മദീനയിലെത്തിയത്. മാരിയ്യയെ നബി(ﷺ) സ്വീകരിക്കുകയും സഹോദരിയെ മഹാകവി ഹസ്സാൻ (റ)ന് നൽകുകയും ചെയ്തു. മറ്റു നബി പത്നിമാരിൽ അസൂയ ഉണർത്തക്കവിധം മാരിയ്യ നബി(ﷺ)ക്ക് സ്നേഹവും സേവനവും നൽകി പ്രവാചക സ്നേഹം കൈമുതലാക്കി. ആഇശ(റ) പ്രത്യേകിച്ചു. മറ്റു പത്നിമാർ പൊതുവെയും സൗന്ദര്യപ്പിണക്കം പറഞ്ഞിട്ടുണ്ട്. ആഇശ(റ)യുടെ വാക്കുകൾ ഇങ്ങനെയാണ്. ഞാൻ മറ്റുള്ളവരോട് കാണിച്ച സ്വരക്കേട് മാരിയ്യയോടുണ്ടായതിനേക്കാൾ കുറവായിരുന്നു. അവൾ അതീവ സുന്ദരിയും കൂടിയായിരുന്നു. മാരിയ്യയെ ആദ്യം താമസിപ്പിച്ചത് തങ്ങളുടെ അയൽകാരനായ നുഅ്മാൻ ബിൻ ഹാരിസയുടെ വീട്ടിലായിരുന്നു. തിരുനബി(ﷺ) പകൽ സമയങ്ങളിൽ അവിടെയാണ് ചിലവഴിച്ചിരുന്നത്. പിന്നീട് മദീനയുടെ അതിർത്തിയായ ഭാഗത്തേക്ക് മാറ്റി. നബി(ﷺ) അവിടെപ്പോയി വരുമായിരുന്നു. അതിൽ ഞങ്ങൾക്ക് വിഷമം തോന്നി. മാരിയ്യയിൽ ഗർഭലക്ഷണങ്ങൾ കണ്ട് തുടങ്ങി. മാരിയ്യ ഒരു കുഞ്ഞിന് ജന്മം നൽകാൻ പോകുന്നതിൽ തിരുനബി(ﷺ)ക്ക് സന്തോഷമായി.സന്ദർശകർ അധികരിച്ചു തിരുനബി(ﷺ) മാരിയ്യയിൽ ഒരുകുഞ്ഞിനെ പ്രതീക്ഷിക്കുന്നു എന്ന വാർത്ത മദീനയിൽ പരന്നു. സഹ്റാഅ്(റ) അതിൽ വളരെ സന്തോഷിച്ചു മരണപ്പെട്ടുപോയ അബ്ദുല്ല, ഖാസിം എന്നീ സഹോദരങ്ങൾക്ക് പകരം ഒരു സഹോദരനെ അവൾ ആഗ്രഹിച്ചു. അതോടൊപ്പം ഫാത്വിമ(റ)ക്കും അടുത്ത കുസുമം വിരിയാനടുത്തിരുന്നു.

ആഴ്ചകൾ കഴിഞ്ഞുകൊണ്ടിരുന്നു. മക്കയിൽ നിന്നുള്ള വിശ്വാസികളുടെ മടക്കം തുടർന്നുകൊണ്ടിരുന്നു. മാരിയ്യയുടെ സേവനത്തിനായി സഹോദരി സീരിൻ അടുത്തെത്തി. അതറഞ്ഞ നബി(ﷺ) അബീറാഫിഇന്റെ ഭാര്യ സൽമയെക്കൂടി പ്രസവശുശ്രൂഷക്കാക്കിക്കൊടുത്തു. വീടിന്റെ ഒരു ഭാഗത്ത് തിരുനബി(ﷺ) ഇബാദത്തിൽ വ്യാപൃതരായി കഴിച്ചുകൂട്ടി.

അങ്ങനെയിരിക്കെ അകത്തുനിന്ന് നവജാത ശിശുവിന്റെ ഞരക്കം കേട്ടു. സൽമ(റ) നബി(ﷺ)യെ സുവിശേഷമറിയിച്ചു. നബി(ﷺ) അവളെ ആദരിച്ചു. മാരിയ്യക്ക് ആശംസകൾ നേർന്നു. അടിമത്വത്തിൽ നിന്നവളെ മോചിപ്പിച്ച കുഞ്ഞിന്റെ പിറവിയാണല്ലോ അത്. വാത്സല്യത്തോടെ കുഞ്ഞിനെ ഏറ്റു വാങ്ങി ഇബ്റാഹീം എന്ന് നാമകരണം ചെയ്തു. അമ്പിയാക്കളുടെ പിതാവായ ഇബ്റാഹീം നബി(അ)യോടുള്ള സ്മരണയിലായിരുന്നു ആ നാമം.....

പിതാവിന് കുഞ്ഞു പിറന്നതിൽ ഫാത്വിമ(റ) ആഹ്ലാദിച്ചു. അൻസാരി വനിതകൾ കുഞ്ഞിന് മുലയൂട്ടാൻ ഏറ്റെടുക്കുന്നതിൽ മത്സരിക്കുന്നത് ഫാത്വിമ(റ)ക്ക് കാണാൻ കഴിഞ്ഞു. അബൂസൈഫിന്റെ ഭാര്യ ഉമ്മുസൈഫിനെയാണ് തിരുനബി(ﷺ) മുലയൂട്ടാൻ തിരെഞ്ഞെടുത്തത്. കുഞ്ഞിന്റെ മുടിയുടെ തൂക്കം വെള്ളി ദാനം നൽകുകയും രണ്ട് ആടുകളെ അറുത്ത് വിതരണം ചെയ്യുകയും ചെയ്തു.

പിതാവിന് മകനോടുള്ള വാത്സല്യവും സാമീപ്യവുമൊക്കെ ഫാത്വിമ(റ) ശ്രദ്ധിച്ചുകൊണ്ടിരുന്നു..... അതിനിടെ ഫാത്വിമ(റ)യും കുഞ്ഞിനെ പ്രതീക്ഷിക്കുകയാണെന്ന വാർത്ത മദീനക്കാർ കൈമാറി.

തബൂക്ക് യുദ്ധത്തിന്റെ വക്കത്ത് വരെ സംഭവങ്ങൾ മിന്നിമറഞ്ഞുകൊണ്ടിരുന്നു. തിരുനബി (ﷺ) അവസാനമായി പങ്കെടുത്ത യുദ്ധമാണ് തബൂക്ക്. മുപ്പതിനായിരം പടയാളികളുണ്ടായിരുന്നെങ്കിലും സന്നിഗ്ധ യുദ്ധം എന്നാണിത് അറിയപ്പെടുന്നത്. കാരണം ആയുധങ്ങളും യുദ്ധച്ചെലവിനുള്ള സാമ്പത്തികശേഷിയും കുറവായിരുന്നു. വാഹനമില്ലാത്തതിനാൽ ചില യോദ്ധാക്കളെ തിരിച്ചയക്കേണ്ട ഘട്ടം വരെ നേരിട്ടു.

ഹിജ്റാബ്ദം 9-ാം വർഷം റജബ് മാസത്തിലായിരുന്നു അത്. ഖുർആനിൽ പ്രത്യേകം പരാമർശിക്കപ്പെട്ട ചില വിശ്വാസികളും മുനാഫിഖുകളും യുദ്ധത്തിൽ പങ്കുചേർന്നില്ല. (വിശദീകരണം സൂറത്തുത്തൗബയിൽ)

മദീനയിലെ കാര്യനിർവ്വഹണത്തിന് മുഹമ്മദ് ബിന് മസ്‌ലമ(റ)യെയും കുടുംബകാര്യങ്ങൾ ശ്രദ്ധിക്കാൻ അലിയ്യ് (റ) വിനെയും ചുമത

ലപ്പെടുത്തി. നബി(ﷺ) തന്നെ സ്നേഹിക്കാത്തതിനാലാണ് യുദ്ധത്തിൽ കൂട്ടാത്തതെന്ന് അലി (റ) വിനോട് മുനാഫിഖുകൾ ആരോപണം പറഞ്ഞു. ഉടനെ അലി(റ) നബിയുടെ പാത പിൻപറ്റി സംഘത്തിൽ ചേർന്നു. തിരുനബി(ﷺ) മടക്കിയയച്ചുകൊണ്ട് പറഞ്ഞു. മൂസാനബി(അ)ക്ക് ഹാറൂൻ(അ) എപ്രകാരമായിരുന്നോ അപ്രകാരം നിങ്ങൾ എനിക്ക് കൂട്ടാകാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? ( എനിക്ക് ശേഷം നബിയില്ലെന്ന് മാത്രം)

തബൂക്ക് യുദ്ധത്തിന്റെ നടപടികളുമായി തിരുനബി(ﷺ) വ്യാപൃതരായിരിക്കവെ മകൾ ഉമ്മുകുൽസൂം(റ) രോഗഗ്രസ്ഥയായി. പിതാവ് മടങ്ങിവരുന്നത് വരെ സംരക്ഷണത്തിനായി ഉമ്മകുൽസൂ(റ)മിനെ ഫാത്വിമ(റ) വീട്ടിലേക്ക് കൂട്ടികൊണ്ട് വന്ന് പരിചരണം നടത്തി. ശഅ്ബാനിലായിരുന്നു സംഭവം.

റമളാനിൽ നബി(ﷺ) തബൂക്കിൽ നിന്ന് മടങ്ങിവന്നു. മകളുടെ രോഗം മൂർഛിച്ചു. ഫാത്വിമ(റ)യുടെ അവസ്ഥയിലും വളരെ പരിവർത്തനം വന്നു. ഉമ്മുകുൽസും(റ) ഒരു പക്ഷേ നാളെ.... എന്നതിനാൽ നവജാത പുത്രിക്ക് ഉമ്മുകുൽസൂം എന്ന് ഫാതിമ(റ) പേരുവിളിച്ചു. അധികം വൈകിയില്ല പ്രവാചകപുത്രി ഉമ്മുകുൽസും ലോകത്തോട് യാത്രപറഞ്ഞു. ഉസ്മാൻ (റ) വിന്റെ വസതിയിൽ വെച്ചാണ് മഹതിവാഫാതായത്. തിരുനബി ഇമാമായി മയ്യിത്ത് നിസ്കാരം നടന്നു. മകളുടെ ഖബ്റിന്റെ ചാരത്ത് നബി ഇരുന്നു. അലി (റ) വും ഉസാമ (റ) വും ജനാസ ഖബറിലേക്കിറക്കി വച്ചു...... ഇന്നാലില്ലാഹി....

തിരുനബി(ﷺ)യുടെ വഫാതിനോ.. സ്വന്തം ഭർത്താവ് ഉസ്മാൻ (റ) വിന്റെ ദാരുണമായ വിയോഗത്തിനോ സാക്ഷിയാകേണ്ടിവരാതെ അവൾ മുമ്പേ പറന്നു. ഉമ്മുകുൽസും റളിയല്ലാഹു അൻഹാ........,

ഭാരം പേറിയ ഹൃദയവും ഈറനണിഞ്ഞ കണ്ണുകളുമായി ഫാത്വിമ(റ) വീട്ടിലേക്ക് മടങ്ങിവന്നു. ഇഹലോകവാസം വെടിഞ്ഞ രണ്ട് ഇത്താത്തമാരുടെ പേരുവഹിച്ച രണ്ട് പെൺ മക്കൾ, സൈനബിനെയും ഉമ്മുകുൽസൂമിനെയും അവൾ കൂടെ വഹിച്ചു.

ഇഴയാൻ പ്രായമായ സൈനബ്, ജനിച്ചു ദിവസങ്ങൾ മാത്രമായ ഉമ്മുകുൽസൂം... നബി(ﷺ) അവരെ താലോലിക്കാനായി ഫാത്വിമയുടെ വീട്ടിലേക്ക് വന്നു.

ശേഷം ഇബ്റാഹീമെന്ന പുത്രനെ ലാളിക്കാനായി മാരിയ്യായുടെ ചാരത്തേക്ക് നടന്നു.

# അഹ്ലുബൈത്തിന്റെ നായിക

﴿إنما يريد الله ليذهب عنكم الرجس أهل البيت ويطهركم تطهيرا﴾

ഈ ആയത്തിന്റെ അവതരണ പശ്ചാതലത്തിൽ അഞ്ച് വ്യക്തിക ളാണ് പരാമർശിക്കപ്പെടുന്നത്. നബി(ﷺ), അലി(റ), ഫാതിമ(റ), ഹസൻ(റ), ഹുസൈൻ(റ) . പ്രവാചകപത്നിമാരെ സംബന്ധിച്ചുള്ള സൂക്തമാണിതെന്നാണ് ഇബ്നു അബ്ബാസ്(റ) ഇക്രിമ(റ) എന്നിവർപറഞ്ഞിട്ടുള്ളത്. അവതരണകാരണം അവരാണെന്ന അഭിപ്രായം ശരിയാണ്. എന്നാൽ ഈ ആയത്തിൽ ഉദ്ദേശിക്കപ്പെടുന്നത് അവർ മാത്രമാണോയെന്ന് ചിന്തിക്കേണ്ടതാണ്. കാരണം നിരവധി ഹദീസുകൾ ഈ ആയത്തിന്റെ അവതരണ പശ്ചാതലത്തെ വ്യാപകമായി ഉൾക്കൊള്ളും വിധം വന്നിട്ടുണ്ട്.

അനസ്(റ) വിൽ നിന്ന് ഇമാം തുർമുദി(റ) ഉദ്ദരിക്കുന്നു. തിരുനബി(ﷺ) സുബ്ഹി നിസ്കാരത്തിന് വേണ്ടി പുറപ്പെട്ടാൽ ഫാത്വിമ (റ)യുടെ വീട്ടിനടുക്കൽ കൂടി ഇങ്ങനെ പറഞ്ഞുകൊണ്ട് പോകുമായിരുന്നു.

നിസ്കാരത്തിലേക്ക് നബി കുടുംബമേ...... ഇപ്രകാരം ആറുമാസം തുടർച്ചയായി നിർവ്വഹിച്ചിരുന്നു.

സഅ്ദ്(റ) വിൽ നിന്നും ഇബ്നു ജരീർ ഉദ്ദരിക്കുന്നു. വഹ്യ് അവതരിച്ച ഉടനെ തിരുനബി(ﷺ) എഴുന്നേറ്റു അലി (റ) വിനെയും ഫാത്വിമ(റ) യെയും മക്കളെയും ഒരു വസത്രത്തിലേക്ക് ഒരുമിച്ചണച്ചുകൂട്ടി. തുടർന്ന് പറഞ്ഞു. റബ്ബേ ഇവരാണെന്റെ അഹ്ലും അഹലുബൈത്തും.

യസീദ് ബിൻ ഹിബ്ബാൻ പറയുന്നതായി ഇമാം മുസ്ലിം(റ) ഉദ്ദരിക്കുന്നു. ഞാനും സബുറയുടെ മകൻ ഹിസ്വ്നും മസ്ലമയുടെ മകൻ ഉമറും കൂടി സൈദ് ബിൻ അർഖം (റ) ന്റെ അടുക്കലേക്ക് പോയി. അവിടെയിരുന്ന് സംസാരിക്കുന്നതിനിടെ പറഞ്ഞു. നിങ്ങൾ അനവധി അനുഗ്രഹങ്ങൾ നേടിയ ആളാണ്. തിരുനബി(ﷺ)യെ നിങ്ങൾക്ക് ദർശിക്കാൻ കഴിഞ്ഞു. ഹദീസുകൾ കേൾക്കാൻ കഴിഞ്ഞു. കൂടെ യുദ്ധത്തിൽ പങ്കെടുക്കാനും ഒപ്പം നിസ്കരിക്കാനുമൊക്കെ ഭാഗ്യം ലഭിച്ചു. നിങ്ങൾ തങ്ങളിൽ നിന്നും കേട്ട ഹദീസുകൾ ഒന്നു പറഞ്ഞുതരൂ. ഇത് കേട്ടയുടനെ അദ്ദേഹം ഇങ്ങനെ മറുപടിപറഞ്ഞു. അല്ലയോ സഹോദരപുത്രാ. എനിക്ക് പ്രായം കൂടുതലാവുകയും ഓർമകൾക്ക് കാലപ്പഴക്കം വരികയും ചെയ്തിരിക്കുന്നു. തിരുനബി(ﷺ)യിൽനിന്ന് ഞാൻ കേട്ട ചിലതൊക്കെ ഞാൻ മറന്നു പോയിരിക്കുന്നു. ഞാൻ പറയുന്നത് നിങ്ങൾ സ്വീകരിച്ചോളൂ. അതിലപ്പുറം നിങ്ങൾ നിർബന്ധിക്കരുത്. എന്നിട്ട് പറയാൻ തുടങ്ങി ഒരിക്കൽ നബി(ﷺ) പ്രസംഗിക്കാൻ വേണ്ടിനിന്നു. ഹംദുംസ്ത്രോത്രങ്ങളും ചൊല്ലിയ ശേഷം തുടർന്നു ഓ ജനങ്ങളേ, അല്ലാഹുവിന്റെ ദൂതന്റെ ആഗമനം പ്രതീക്ഷിച്ചുനിൽക്കുന്നവനാണ് ഞാൻ. ദൂതൻ വന്നാൽ ഞാൻ ഉത്തരം ചെയ്യും.... രണ്ട് പ്രധാന കാര്യങ്ങളെ ഞാൻ ഉപേക്ഷിക്കുന്നു. ഒന്നാമത്തേത് അല്ലാഹുവിന്റെ കിതാബാണ്. (പിന്നെ അതിലേക്ക് ആഗ്രഹം ജനിപ്പിച്ചു തുടർന്നു) പിന്നെ കുടുംബത്തെയാണ് ഞാൻ ഏൽപ്പിക്കന്നത്. എന്റെ കുടുംബത്തിന്റെ കാര്യത്തിൽ അല്ലാഹുവിനെ നിങ്ങൾ ഓർക്കണമെന്ന് ഞാൻ ഉണർത്തുന്നു. (ഇത് മൂന്നുതവണ ആവർത്തിച്ചു പറഞ്ഞു.) നബി(ﷺ)യുടെ പത്നിമാരും അഹ്ലുബൈത്തിൽ ഉൾപ്പെടുമോ സൈദേ? ഹിസ്വ്ൻ ചോദിച്ചു. അതെ, അഹ്ലുബൈത്തിൽ പെട്ടതാണ്. അഹ്ലു ബൈത്ത് എന്ന പ്രയോഗത്തിലുൾപ്പെടുന്നവർ. അതാരൊക്കെയാണ് എന്ന് ഹിസ്വ്നിന്റെ ചോദ്യമുയർന്നു. അലി (റ), ഉഖൈൽ(റ), ജഅ്ഫർ(റ), അബ്ബാസ്(റ) എന്നിവരുടെ കുടുംബങ്ങളാണ്. എന്ന് സൈദ് (റ)വിശദീകരിച്ചു. ഹിസ്വ്ന് വീണ്ടും ചോദിച്ചു. പ്രസ്തുത കുടുംബങ്ങൾ സദഖവിലങ്ങിയിരുന്നോ. അതെ എന്നായിരുന്നു സൈദ് (റ) വിന്റെ മറുപടി.

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയാണ്. ഹിസ്വ്ന് (റ)പറയുന്നു. ഞാൻ ചോദിച്ചു നബി പത്നിമാരും അഹ്ലുബൈത്തിൽ ഉൾപ്പെടുകയില്ലേ? ഇല്ല എന്ത് ചോദ്യമാണിത്.... സ്ത്രീകൾ ഭർത്താക്കന്മാർക്കൊപ്പം ജീവിക്കുമ്പോൾ അവരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും കാലം കഴി

ഞ്ഞാൽ അവളുടെ പിതാവിന്റെയും കുടുംബത്തിന്റെയും ഒപ്പം പോവുകയും ചെയ്യും (അഹ്‌ലുബൈത്ത് എന്ന സാങ്കേതിക പ്രയോഗത്തിൽ അവർ ഉൾപ്പെടുയില്ല) അഹ്‌ലുബൈത്ത് എന്ന സാങ്കേതിക പ്രയോഗത്തിൽ പെടുന്നവർ മക്കളും കുടുംബപരമായി അടുത്തവരും വിശിഷ്യാ സ്വദഖ അനുവദനീയമല്ലാത്തവരാണ്. (നിയമപ്രകാരം നിർബന്ധമായി നൽകുന്ന ദാനമാണ് സ്വദഖ ഇത് അഹ്‌ലുബൈത്തിനേ അനുവദനീയമാവുകയുള്ളൂ.

ഇബ്നുകസീർ മേലെ ഉദ്ദരിച്ച രണ്ട് നിവേദനങ്ങളെയും പരിഗണിച്ച ശേഷം ഇങ്ങനെ പറഞ്ഞു. ഒന്നാമത്തേതാണ് ഏറ്റവും ഉദ്ദരണീയമായത്. രണ്ടാമത്തേതിനെ അതിനുള്ള വിശദീകരണമായിട്ടേ പരിഗണിക്കാനാവൂ... തുടർന്ന് ഇബ്നുകസീർ ഉദ്ദരിക്കുന്നു. അലി (റ) വിന്റെ പുത്രൻ ഹസൻ (റ) ഇറാഖിലെ മിമ്പറിൽ നിന്നിങ്ങനെ പറഞ്ഞു. അല്ലയോ ഇറാഖ് നിവാസികളേ, ഞങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക. ഞങ്ങൾ അഹ്‌ലുബൈത്തുകാരാണ്. ഇന്നമായുരീദു.... എന്ന ആയത്ത് ഞങ്ങളെ സംബന്ധിച്ചാണവതിരിച്ചിട്ടുള്ളത്. ഇത് കേൾക്കേണ്ട താമസം ... പള്ളിയിൽ ഒരുമിച്ചു കൂടിയവർ ഒന്നാകെ കരയാൻ തുടങ്ങി. മറ്റൊരിക്കൾ ഹുസൈൻ (റ) വിന്റെ പുത്രൻ അലി (റ) പേർഷ്യക്കാരിൽ ഒരാളോട് ചോദിച്ചു. സൂറത്ത് അഹ്സാബിൽ ഇന്നമായുരീദൂ....... എന്ന ആയത് പാരായണം ചെയ്തിട്ടില്ലേ...? അദ്ദേഹം പറഞ്ഞ അതെ.......... അത് നിങ്ങളെ ക്കുറിച്ചാണോ...... അലി (റ) പറഞ്ഞു. അതെ.

ഖുർ ആനിന്റെ സൂക്തങ്ങളുടെ അവതരണപശ്ചാതലങ്ങൾ വിശദീകരിക്കുന്ന ഗ്രന്ഥത്തിൽ ഇമാം വാഹദീനൈസാബൂരി എന്നവർ പറയുന്നു. അത്വാഅ്ബിൻ അബീറബാഹിൽ നിന്ന് നിവേദനം. ഉമ്മു സലമ

(റ) പറയുന്നതായി കേട്ട ഒരാൾ പറഞ്ഞു. തിരുനബി(ﷺ) ഉമ്മു സലമ(റ)യുടെ വീട്ടിലായിരുന്നു. ഒരിക്കൽ ചട്ടിയിൽ ഖസീറ എന്ന പലഹാരവുമായി ഫാത്വിമ(റ) അവിടേക്ക് വന്നു. തിരുനബി(ﷺ) അവളോട് പറഞ്ഞു. നിന്റെ ഭർത്താവിനെയും മക്കളെയും വിളിക്കൂ. അത് പ്രകാരം അലി (റ) ഹസൻ ഹുസൈൻ (റ) എന്നിവരെ വിളിച്ചുവരുത്തി. എല്ലാവരും ഒരുമിച്ചിരുന്ന് വിഭവം കഴിച്ചുകൊണ്ടിരുന്നു. ഞാൻ നിസ്കാരപ്പായയിലായിരുന്നു അപ്പോൾ. അപ്പോഴാണ് ഇന്നായുരീദൂ... എന്ന ഖുർ ആനി സൂക്തം അവതരിച്ചത്. ഉടനെ നബി(ﷺ) വസ്ത്രത്തിൽ നിന്ന് കവിഞ്ഞു

കിടന്ന ഭാഗത്തിനുള്ളിലേക്ക് മകളെയും കുടുംബത്തെയും അണച്ചു ചേർത്തു. എന്നിട്ട് കൈപുറത്തേക്കെടുത്ത് ആകാശത്തേക്കുയർത്തി ഇങ്ങനെ പ്രാർത്ഥിച്ചു. അല്ലാഹുവേ ഇതാണെന്റെ കുടുംബം... പ്രത്യേകക്കാരും..... ഇവരിൽ നിന്ന് മ്ലേച്ഛതകളെ വിദൂരത്താക്കി ശുദ്ധീകരിക്കേണമേ....

നബി പത്നിമാരെയും ഫാത്വിമാ(റ)യുടെ കുടുംബത്തെയും പരാമർശിക്കുന്ന ഇത്തരം ഹദീസുകൾ വേറെയും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ആയിശ(റ) തന്നെ നിവേദനം ചെയ്ത ഹദീസുകളും കാണാം. അല്ലാഹുവിന്റെ തൃപ്തി അവരിൽ വർഷിക്കുമാറാകട്ടെ....

# ഫാത്വിമ(റ)യും ഹജ്ജും

ഹിജ്റാബ്ദം ഒൻപതാം വർഷമാണ് ഹജ്ജ് നിർബന്ധമായത്. തിരുനബി (സ) അബൂബക്കർ (റ) വിനെ ഹജ്ജിന്റെ നേതൃത്വത്തിനും നിയമങ്ങൾ പഠിപ്പിക്കുന്നതിനുമായി മക്കയിലേക്കയച്ചു. മദീനയിൽ നിന്ന് മുന്നൂറ് പേരാണ് അന്ന് പുറപ്പെട്ടത്. അബൂബക്കർ(റ) പുറപ്പെട്ട കഴിഞ്ഞപ്പോഴാണ്. ബറാഅത്ത് സൂറത്ത് നബി(ﷺ)ക്കവതരിച്ചത്. ഉടനെ അലി(റ)യെ അന്വേഷിക്കാൻ നബി(സ) ആളെ അയച്ചു. പക്ഷേ അലി (റ) വീട്ടിലുണ്ടായിരുന്നില്ല. ഫാത്വിമ(റ) അലി(റ) നെ അന്വേഷിക്കാനാളെ അയച്ചു. നിത്യവൃത്തിക്ക് വേണ്ടി മദീനക്കാരായ ഒരാളുടെ തോട്ടത്തിൽ പണിക്ക് പോയതായിരുന്നു അലി(റ). ഫാത്വിമയുടെ സന്ദേശമെത്തിയ ഉടനെ അലി(റ) വീട്ടിലെത്തി. ഉപ്പ ദൂതനെ അയച്ചകാര്യം ഫാത്വിമ(റ) പറഞ്ഞു. ധൃതിയിൽ തിരുസവിധത്തിലേക്ക് പുറപ്പെട്ടു. ബറാഅഃ സൂറത്തിലെ സന്ദേശവുമായിനിങ്ങൾ പുറപ്പെടണം. പെരുന്നാൾ ദിവസം മിനയിൽ ഒരുമിച്ചുകൂടുന്ന ജനങ്ങളോട് പ്രഖ്യാപിക്കണം. സത്യനിഷേധി സ്വർഗ്ഗത്തിൽ കടക്കുയില്ല, ഈ വർഷത്തിനുശേഷം ബഹുദൈവാരാധകർക്ക് ഹജ്ജ് അനുവദനീയമല്ല. കഅ്ബയെ നഗ്നമായി പ്രദക്ഷിണം ചെയ്യാൻ പാടില്ല. തിരുനബി(ﷺ)യോടാരെങ്കിലും കരാർ ചെയ്തിട്ടുണ്ടെങ്കിൽ അത് അതിന്റെ കാലം വരെയുണ്ടാകും തിരുനബി(ﷺ) മൊഴിഞ്ഞു.

ഫാത്വിമ(റ) യാത്രാസാമഗ്രികൾ ഒരുക്കി. ഭർത്താവിന്റെ മഹനീയ യോഗത്തിലേക്കുള്ള പുറപ്പാടിന് വേണ്ടതൊക്കെ തയ്യാർ ചെയ്തു. തിരുനബി(ﷺ)യുടെ അള്ബാഅ് എന്ന് പേരുള്ള ഒട്ടകത്തിന്മേൽ യാത്രതിരിച്ചു അധികം വൈകാതെ അബൂബക്ർ(റ) വിനോടൊപ്പം എത്തിച്ചേർന്നു.

ഉടനെ അബൂബക്ർ(റ) ചോദിച്ചു. നിങ്ങൾ നേതാവായി എത്തിയ താണോ അല്ല അനുയായിആയിചേരുകയാണോ? അലി(റ) പറഞ്ഞു. ഞാൻ നിങ്ങളുടെ അനുഗാമിയാണ്. ഒരുമിച്ചു യാത്ര തുടർന്നു. ഹജ്ജിന്റെ നേതൃത്വം മുഴുവൻ അബൂബകർ(റ) നിർവ്വഹിച്ചു. പെരുന്നാൾ ദിവസമാ യപ്പോൾ തിരുനബി(ﷺ)യേൽപിച്ച പ്രഖ്യാപനം നിർവഹിക്കാൻ വേണ്ടി അലി(റ) എഴുന്നേറ്റുനിന്നു. (സൂറത്തുത്തൗബയിൽ നിന്ന് അലി(റ) നിർവ്വ ഹിച്ച പ്രഖ്യപനത്തിന്റെ സാരം ഇങ്ങനെയാണ്.

അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നും സത്യം ചെയ്ത നിങ്ങളുടെ കൂട്ടത്തിൽ പ്പെട്ട ബഹുദൈവരാധകരോടുള്ള വിടുതൽ പ്രഖ്യാപനമാണിത്. അത് പ്രകാരം (ബഹുദൈവാരാധകരേ) നിങ്ങൾ നാലുമാസം നിർഭയരായി ഭൂമിയിൽ സഞ്ചരിച്ചു കൊള്ളുക. അല്ലാഹു വിന്റെ ശിക്ഷയെത്തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിയില്ലെന്ന് നിങ്ങൾ അറി യുക. നിശ്ചയം നിങ്ങളെ അല്ലാഹു നിന്ദ്യരാക്കുക തന്നെ ചെയ്യും. മുശ്രിക്കീങ്ങളിൽ നിന്നും അല്ലാഹുവും റസൂലും ഒഴിവാണെന്ന കാര്യം ഹജ്ജുൽ അക്ബറിന്റെ (ബലി പെരുന്നാൾ) ഈ ദിവസം ജനങ്ങളോട് പ്രഖ്യാപിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ചാൽ അത് നിങ്ങൾക്കുത്തമ മാണ്...

അലി(റ) വിനുള്ള സ്ഥാനം ഇത് വഴി ഫാത്വിമ(റ) ഒന്നുകൂടി മനസ്സി ലാക്കി. മഹത്തായ പ്രഖ്യാപനത്തിന് അലി(റ) നെത്തനെ തെരെഞ്ഞെടു ത്തതിൽ അവൾ അഭിമാനിച്ചു. തിരുനബി(ﷺ)ക്ക് പകരം ഒരു പ്രഖ്യാപ നമായിരുന്നു...... ഫാത്വിമ(റ)യുടെ ഹൃദയത്തിൽ ഗാനഗന്ധർവ്വൻമാർ ഒരു മിച്ചുകൂടി. ആനന്ദത്തിന്റെ ശുദ്ധഗീതികൾ ഒരുമിച്ചു കേട്ടു. താളലയത്തിൽ ഫാത്വിമ(റ)ായുടെ ഹൃദയം ആനന്ദനൃത്തത്തിലാഴ്ന്നു.

ഇത് പോലെ മറ്റൊരു രംഗത്ത് കൂടി അലി(റ) നിർണ്ണായകമായത് ഫത്വിമ(റ) സ്മരിച്ചു... അതെന്താണെന്നല്ലേ.....

നാളെ ഞങ്ങൾ കണ്ടുമുട്ടും, കൂട്ടരെ

നബിയെയും സംഘത്തെയും സഹോദരെ

അങ്ങനെ യമൻ ദേശക്കാർ വന്നു. നബി(ﷺ) പറഞ്ഞു. ഇതാ നിങ്ങ ളിലേക്ക് യമനികൾ വന്നിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ സരളമാണ്. മൃദുലമനസ്കരാണ്. ഈമാൻയമനാണ്. ഹിക്മത്ത് (തന്ത്രം) യമനിക

ളുടേതുമാണ്. അങ്ങനെ ഖാലിദ് ബിൻ വലീദ് (റ) വിനെയും ഒരു ചെറിയ സംഘത്തെയും യമനിലേക്ക് പ്രബോധനത്തിനയച്ചു. പക്ഷേ അത് വിജയം കണ്ടില്ല.

അങ്ങനെയിരിക്കെയാണ് ഹമദാൻ ഗോത്രം മുഴുവൻ ഇസ്ലാം സ്വീകരിച്ചത് ഈ വിവരം അലി (റ) ആണ് നബി(ﷺ)ക്ക് രേഖാമൂലം അറിയിച്ചത്. കത്ത് കണ്ട മാത്രയിൽ തന്നെ നബി(ﷺ)സുജൂദിലേക്ക് വീണു. അതുകഴിഞ്ഞ ശിരസ്സുയർത്തി പ്രാർത്ഥിച്ചു.

ഹമദാനിന് നീ രക്ഷയേകണേ

ഹമദാനിന് നീ രക്ഷയേകണേ

ഹമദാൻ സംഭവത്തിലും വിടുതൽ പ്രഖ്യാപനത്തിലും ബന്ധപ്പെടുക വഴി തന്റെ ഭർത്താവ് നേടിയ മഹത്വത്തിൽ ഫാത്വിമ(റ) ഉൾപുളകമണിഞ്ഞു........

സംഘങ്ങൾ തുടർന്നു.... ഇസ്ലാമിനെ പുൽകുന്നവർ വർദ്ധിച്ചു....... അങ്ങനെയിരിക്കെയാണ് സൂറതുൽ ഫത്വഹ് അവതരിക്കുന്നത്......

# ഇബ്രാഹീം(റ)ന്റെ വിയോഗം

ഹിജ്റാബ്ദം പത്താം വർഷം റബീഉൽ അവ്വൽ മാസമായി. ഇബ്രാഹിമിന്റെ ഓമന ശരീരത്തിൽ രോഗം ബാധിച്ചു തുടങ്ങി. രണ്ട് വയസ്സ് തികയാത്ത കുഞ്ഞുമോന്റെ രോഗവിവരം മദീനയിൽ പരന്നു. ഇബ്രാഹീമിന്റെ മാതാവ് മാരിയ്യ:, അവരുടെ സഹോദരി സിരീൻ, കുഞ്ഞിന്റെ പരിചാരിക അബൂസൈഫിന്റെ ഭാര്യ എന്നിവർ ചാരത്തിരുന്നു. താലോലിച്ചുകൊണ്ടിരുന്നു. (എല്ലാവരും അബൂസൈഫിന്റെ വീട്ടിലായിരുന്നു എന്നും അഭിപ്രായമുണ്ട്)

എല്ലാവരും നിദ്രാവിഹീനരായി കുഞ്ഞിന്റെ കിടക്കക്ക് ചുറ്റുമിരുന്നു. ജീവന്റെ നിഴലുകൾ മാഞ്ഞുതുടങ്ങുന്നത് കണ്ട് അവർ ദുഃഖിച്ചു........

അതാ തിരുനബി(ﷺ) വരുന്നു. ദുഃഖഭാരത്താൽ അബ്ദുറഹ്മാൻ ബിൻ ഔഫിന്റെ ചുമലിൽ താങ്ങിയാണ് വരുന്നത് . പൊന്നോമന മകനെ ഉമ്മയുടെ മടിയിൽ നിന്ന് കയ്യിലേക്കെടുത്തു. കണ്ണീർ വാർത്തുകൊണ്ട് ഏക മകന്റെ അന്ത്യനിമിഷങ്ങൾക്ക് സാക്ഷിയാകുന്നു. ഉമ്മയുടെയും കൂട്ടുകാരികളുടെയും ചിണുങ്ങലുകൾക്കിടയിൽ മുഖത്ത്കൂടി കണ്ണീർ ചാലിട്ടൊലിച്ചു.

അനസ്ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. നബി(ﷺ) ഞങ്ങൾക്കൊപ്പം അബൂയൂസുഫിന്റെ വീട്ടിലേക്ക് കടന്നു. ഇബ്രാഹീമിനെ എടുത്ത് ചുംബനംകൊടുത്തു, മണപ്പിച്ചു. പിന്നെ ഞങ്ങളുടെ ഭാഗത്തേക്ക് തിരിച്ചുവന്നു. അവിടുത്തെ കണ്ണുകൾ ചാലിട്ടൊലിക്കുന്നു. അബ്ദുറഹ്മാൻ ബിൻ ഔഫ് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ... തങ്ങൾ കരയുകയോ....? അബ്ദുറഹ്മാനേ.... ഇത് അല്ലാഹുവിന്റെ റഹ്മത്താണ്, കാരുണ്യമാണ്. മറ്റൊരാൾകൂടി ചോദിച്ചപ്പോൾ നബി(ﷺ) പറഞ്ഞു.

കണ്ണുകൾ ഒലിക്കുന്നു, ഹൃദയം തപിക്കുന്നു. പക്ഷേ അല്ലാഹുവിന് തൃപ്തമാകാത്തതൊന്നും നമ്മൾ പറയുന്നില്ല. ഓ ഇബ്രാഹീം.... (മോനേ) നിന്റെ കാര്യത്തിൽ ഞങ്ങൾ ദുഃഖിതരാണ്

പിതാവ് കുനിഞ്ഞു മകനെ ചുംബിച്ചു. അപ്പോഴും കണ്ണു നീർവാർന്നു കൊണ്ടിരിക്കുകയാണ്...... ഒപ്പം പറഞ്ഞു. മോനേ ഇബ്രാഹീം ..... ഇത് സത്യമാണ് വാഗ്ദാനത്തിന്റെ പുലർച്ചയാണ്...... കഴിഞ്ഞുപോയവരോട് വരാനുള്ളവർ ചേരും......... (മരണം സത്യമാണ്) അല്ലെങ്കിൽ നിന്റെ കാര്യത്തിൽ എത്രയോ ഞങ്ങൾ ദുഃഖിച്ചുപോകുമായിരുന്നു. മോനേ നിന്നിൽ ഞങ്ങൾ .....ആർദ്രതയിലാണ്..... കണ്ണുകൾ ഒലിക്കുന്നു. ഹൃദങ്ങൾ ഗദ്ഗദം കൊള്ളുന്നു. എന്നാൽ റബ്ബിനു നിരക്കാത്തതൊന്നും നാം പറയുകയില്ല......

നബി മാരിയ്യയെ (കുഞ്ഞിന്റെ മാതാവിനെ) സാന്ത്വനപ്പെടുത്തികുമിഞ്ഞു നിൽക്കുന്ന ദുഃഖത്തിൽ നിന്ന്, സാന്ത്വനം പകരുന്ന ഭർത്താവിനെ അവൾ തിരിച്ചറിഞ്ഞു. നബി(ﷺ) മഹതിയോട് പറഞ്ഞു... ഇബ്രാഹീം എന്റെ മകനാണ്..... അവൻ അമ്മിഞ്ഞ പ്രായത്തിൽതന്നെ മരണപ്പെട്ടു. അവന് സ്വർഗ്ഗത്തിൽ പാലൂട്ടാൻ രണ്ട് സേവകിമാരുണ്ട്... അവർ അവന്റെ മുലയൂട്ടൽ പൂർണ്ണമാക്കും.......

കരഞ്ഞുകൊണ്ടിരുന്നു സ്ത്രീകളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. കരച്ചിലിനിടയിലും ഒരു കാന്തിയുടെ മിന്നലാട്ടം.

സുബ്ഹിയുടെ വാങ്കൊലി മുഴങ്ങി. എല്ലാവരും നിസ്കാരത്തിലേക്ക് തിരിഞ്ഞു. ഏത് ദുഃഖത്തിനും ആഹ്ലാദത്തിനുമിടയിൽ അല്ലാഹുവിനോടുള്ള സംഭാഷണത്തിന് മാറ്റം വരില്ലല്ലോ......

ഇബ്രാഹീമിന്റെ മരണവാർത്ത മദീനയിൽ പരന്നു. സൂര്യനുദിച്ചപ്പോഴേക്കും വീടും പരിസരവും ജനനിബിഢമായി. അബ്ബാസ്(റ) ജനാസകുളിപ്പിച്ചു. ഭൂമിയിൽനിന്ന് പരലോകത്തേക്കുള്ള യാത്രയുടെ കുളി...

സജലങ്ങളായ നയനങ്ങളുമായി ദുഃഖഹൃദയത്തോടെതിരുനബി (ﷺ) ഇരുന്നു.

ഒരു ചെറിയ കിടക്കയിൽ ഇബ്രാഹീമിന്റെ ശരീരം ഉയർന്നു.

പിതാവായ തിരുനബി(ﷺ) മകന്റെ ജനാസ നിസ്കാരത്തിന് നേതൃത്വം നൽകി. ജനാസ ബഖീഇലേക്ക് നീങ്ങിത്തുടങ്ങി. പിന്നിൽ വിശ്വാസിവൃന്ദം നിരനിരയായി ദുഃഖ ഭാരത്തോടെ നടന്നു. ഖബ്റിലേക്ക്

നബിതങ്ങൾതന്നെ, മകനെ കിടത്തി......... ഖബ്റടക്കൽ കർമ്മം പൂർത്തിയായി. ഖബ്റിനുമുകളിൽ വെള്ളം തളിച്ചു...... സന്ദർശകർ മടങ്ങി. എല്ലാവരുടെയും മുഖം ദുഃഖ പൂർണ്ണമാണ്. തിരുനബി(ﷺ)യുടെ ഏക പുത്രന്റെ വിയോഗത്തിൽ ഏവരും വിഷമത്തിലാണ്.

ആകാശം മേഘാവൃതമായി..... സൂര്യഗ്രഹണം സംഭവിച്ചിരിക്കുന്നു........ചിലർ പറയാൻ തുടങ്ങി. ഇത് ഇബ്രാഹീമിന്റെ വിയോഗ കാരണമായി സംഭവിച്ചതാണ്...... ഈ വർത്തമാനം തിരുനബി(ﷺ) അറിഞ്ഞു. ജനങ്ങളെ ഒന്നു വിളിച്ചുകൂട്ടി. ഗ്രഹണനിസ്കാരം നിർവ്വഹിച്ചു. എന്നിട്ടൊരുദ്ബോധനം നടത്തി. സൂര്യചന്ദ്രൻമ്മാർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. ആരുടെയും മരണത്തിനു വേണ്ടി അവകൾക്ക് ഗ്രഹണം സംഭവിക്കുകയില്ല..... സൂര്യഗ്രഹണമോ ചന്ദ്രഗ്രഹണമോ സംഭവിച്ചാൽ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക...... തക്ബീർ ചൊല്ലുക.... നിസ്കരിക്കുക...... ദാനധർമ്മങ്ങൾ ചെയ്യുക...

സഹോദരന്റെ വിയോഗം കഴിഞ്ഞ് ഫാത്വിമ(റ) വീട്ടിലേക്ക് മടങ്ങി. ഉമ്മയെ സാന്ത്വനപ്പെടുത്താൻ അവൾ ആവതും ശ്രമിച്ചു. അപ്പോഴും അവളുടെ കണ്ണുകൾ സജലങ്ങളാണ്. ഇരട്ട ദുഃഖമാണ് ഫാത്വിമ(റ)ക്ക്. ഒന്ന് സഹോദരന്റെ വിയോഗം. അതിലേറെ പിതാവിന്റെ ദുഃഖത്തിലുള്ള ദുഖം.... ഉപ്പയുടെ മുഖത്ത് നിഴലിച്ചുകണ്ട ദുഃഖമാണിപ്പോഴും അവളുടെ മനസ്സിൽ നിലനിൽക്കുന്നത്.......

അവൾ മക്കളെ മാറോടണച്ചു. ഇവർ എവന്റെ പിതാവിന് മക്കളാണല്ലോ? ഇളയ രണ്ട് മക്കളെയും എടുത്തു. ഹസനിനെയും ഹുസൈനെയും ഒപ്പം നടത്തിച്ചു. ഉപ്പയുടെ വീട്ടിലേക്കവൾ നടന്നു. ഈ മക്കളുടെ സാന്നിധ്യം പിതാവിന് നേരമ്പോക്കാകുമെന്നവൾ അറിഞ്ഞു. ഹസനും ഹുസൈനും നബി(ﷺ)യുടെ ജീവനാണ്. സൈനബും, ഉമ്മുകുൽസൂമും തങ്ങളുടെ മരണപ്പെട്ടുപോയ മക്കളുടെ സ്മരണയാണ്.

മാനവിക ചരിത്രം തന്റെ മുന്നിൽ അസ്തമിച്ചുപോയി. തിരുനബി(ﷺ)യിൽ തികഞ്ഞുനിന്ന പിതൃവാത്സല്യത്തിന്നു മുന്നിൽ തുല്യത കാണിക്കാൻ കഴിയാതെയായി. സ്നേഹത്തിന്റെയും ആർദ്രതയുടെയും മുന്നിൽ ഇന്നലെ കൾ തലകുനിച്ചു....

വാത്സല്യ പൂർണനായ പിതാവിനെ കാണാൻ തിരുനബി(ﷺ) ചരിത്രത്തിലേക്ക് നോക്കുമ്പോൾ മാനവികത നമ്രശിരസ്കമാകേണ്ടിവരുന്നു. നിറമിഴികളോടെ നോക്കിക്കാണേണ്ടിവരുന്നു.

നബി(ﷺ)ക്ക് മകളോടും പേരമക്കളോടുള്ള സ്നേഹം ഔന്നത്യങ്ങൾ കീഴടക്കി. നബിഹൃയത്തെ അവർ നിർഭരമാക്കി. മദീനയുടെ ഇന്നലെ കൾ അതിനെ നേരിൽ ദർശിച്ചു. ഇന്നും മദീന അത് മറക്കാതെ നില നിർത്തുന്നു.... തെരുവിലൂടെ തിരുനബി(ﷺ) നടന്നു നീങ്ങുകയാണ്. ചുമലിൽ വഹിച്ചിട്ടുണ്ട് . പള്ളിയിൽ എത്തി മിഹ്റാബിലേക്ക് നീങ്ങി. നിസ്കാരത്തിന് നേതൃത്വം കൊടുത്തു. പൗത്രനെ ലളിതമായ ചാരത്തി രുത്തി.

ജനങ്ങൾ അത്ഭുതപരതന്ത്രരായി. തിരുനബി(ﷺ) സുജൂദിൽ നിന്ന് ഉയരുന്നില്ല. നീണ്ടുപോകുന്നു....... സാധാരണയേക്കാൾ വൈകിയിരിക്കു ന്നു. ഏതായാലും നിസ്കാരം പൂർത്തിയായി. സ്വാഹാബികൾ വട്ടം കൂടി. തിരുമേനി(ﷺ)യോട് ചേദിച്ചു. എന്താണ് നബിയേ ഇന്ന് സുജൂദ് ദീർഘ മായി പ്പോയത്. വഹ്യ് വന്നതാണോ? എന്തെങ്കിലും സംഭവിച്ചു പോയെന്ന് ഞങ്ങൾ ഭയന്ന് പോയി.

അവിടുന്ന് പറഞ്ഞു. ഒന്നും സംഭവിച്ചിട്ടില്ല. എന്റെ മോൻ എന്റെ മുകളിൽ കയറിയിരുന്ന് കളിച്ചു. ധൃതിയിൽ അവനെ താഴെയിറക്കാൻ ഞാൻ മുതിർന്നില്ല. അവൻ ഇറങ്ങിക്കൊള്ളട്ടെ എന്ന് ഞാൻ തീരുമാ നിച്ചു.

ഇത് പോലെ വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും നിത്യഹാ രിയായ എത്ര രംഗങ്ങൾക്കാണ് മദീന സാക്ഷിയായത്. നബി(ﷺ) പ്രസം ഗിക്കുകയാണ്...... അതിനിടയിലാണ് ഹസനും ഹുസൈൻ(റ)ഉം ആടിയും ഉലഞ്ഞും പള്ളിയിലേക്ക് നടന്നുവന്നു.' ചുവന്ന ജുബ്ബയാണവർ ധരിച്ചി രുന്നത്. കണ്ടമാത്രയിൽ നബി(ﷺ) സ്റ്റേജിൽ നിന്നിറങ്ങി അവരെ വാരി യെടുത്ത് മുന്നിൽ കൊണ്ടിരുത്തിയശേഷം തുടർന്നു.

മക്കളും ധനവും ഫിത്ന:യാണ് എന്ന ഖുർആനികശകലം എത്ര വാസ്തവമാണ്. ആടിപ്പാടി വന്ന ഇവരെ രണ്ടാളെയും കണ്ടപ്പോൾ അവരെ എടുത്ത് കൊണ്ടുപോകുന്നത് വരെ എനിക്ക് പ്രസംഗം തുട രാൻ കഴിഞ്ഞില്ല......

സ്നേഹപാത്രമായ പിതാവിന്റെയും വലിയുപ്പയുടെയും ചിത്രങ്ങൾ ചരിത്രത്തിൽ നിന്ന് മറയുകയില്ല... ഒരു രംഗം കൂടി കാണുക. ഒരിക്കൽ ഹുസൈനിനെ അടുത്തുനിർത്തിച്ചു. ചുമലിൽ പിടുച്ചു. തിരുനബി(ﷺ) യുടെ പാദങ്ങളിലന്മേൽ നിർത്തി. പരിലാളിച്ചുകൊണ്ട് പറഞ്ഞു. മുകളി ലേക്ക് കയറൂ മോനേ....... കയറൂ.... അവനെ ഉയർത്തി നെഞ്ചിന്റെ ഭാഗ

ത്തേക്കെത്തിയപ്പെൾ മുഖം അടുത്തേക്കടുപ്പിച്ചു പറഞ്ഞു. വായതുറക്കൂ മോനേ........ തുറന്നു. ചുംബിച്ചു പ്രാർത്ഥിച്ചു..... അല്ലാഹുവേ.... ഞാനിവനെ ഇഷ്ടപ്പെടുന്നു. നീയും ഇഷ്ടപ്പെടേണമേ...... ഇവനെ ഇഷ്ടപ്പെടുന്നവരെയും നീ സ്നേഹിക്കേണമേ....

മദീന സൗകുമാര്യത്തോടെ ഓർക്കാതിരിക്കുമോ ഈ കാഴ്ചകൾ. ലോകനേതാവായ തിരുമേനി മക്കൾക്ക് നൽകുന്നതാരള്യത്തിന്റെ കാഴ്ചകൾ എങ്ങനെ മറക്കും..... ഫാത്വിമ (റ) പറയുന്നു. ഒരിക്കൽ നബി(ﷺ) അനുചരന്മാർക്കൊപ്പം ഒരു സദ്യയിലേക്ക് പോവുകയാണ്...... വഴിയിൽ ഹുസൈൻ(റ) മറ്റു കുട്ടികളോടൊപ്പം മണ്ണിൽ കളിക്കുകയാണ്. നബി ഹുസൈനി(റ)ന്റെ രണ്ട് ഭാഗത്തുമായി കൈ കാണിച്ച് വലയം ചെയ്യാൻ നോക്കി..... അവൻ അങ്ങോട്ടുമിങ്ങോട്ടും കളിച്ചു. നബി(ﷺ) ചിരിച്ചു കൊണ്ട് അവസാനം പിടിച്ചു. ഒരു കൈ പിറകിലും മറ്റേകൈ താടിയിലും വെച്ചിട്ട് ചുംബനം കൊടുത്തിട്ട് പറഞ്ഞു.

ഹുസൈൻ(റ) എന്റേതാണ്. ഞാൻ ഹുസൈന്റേതാണ് . ഹുസൈനിനെ സ്നേഹിക്കുന്നവരെ അല്ലാഹു സ്നേഹിക്കും. അബൂഹുറൈ(റ) പറയുന്നു. നബി(ﷺ)തങ്ങൾ ഹസനിനെയും ഹുസൈനിനേയും ചുംബിക്കുന്നത് അസറഅ്ബിൻ ഹാബിസ് കണ്ടു. അദ്ദേഹം പറഞ്ഞു. എനിക്ക് പത്തു സന്താനങ്ങളുണ്ട്. ഞാനൊരാളെയും ചുംബിച്ചിട്ടില്ല. നബി (ﷺ) തങ്ങൾ പ്രതികരിച്ചു.

കാരുണ്യം നൽകാത്തവർക്ക് കാരുണ്യം ലഭിക്കുകയുമില്ല

# വിടവാങ്ങൽ ഹജ്ജും ഫാത്വിമ(റ)യും

ദൗത്യം നിർവ്വഹിക്കപ്പെട്ടു. വിശ്വാസ്യത നിറവേറ്റുകയും ചെയ്തു. സമുദായത്തിന് നേർദശകാണിക്കുകയും ഇലാഹീമാർഗ്ഗത്തിൽ പരിശ്രമിക്കുകയും ചെയ്തു. പ്രബോധനത്തിന്റെ നേർരേഖകൾ തെളിഞ്ഞു. ഏകദൈവത്വത്തിലധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടി പൂർത്തിയായി. തിരുനബി(ﷺ)യുടെ പ്രവാചകത്വം അംഗീകരിക്കപ്പെടുകയും ബഹുദൈവചിന്തകൾ അസ്തമിക്കുകയും ചെയ്തു. ഇത്രയുമായപ്പോഴേക്കും തിരുനബി(ﷺ)യുടെ ഉള്ളറയിൽ ഒരു വിചാരമുണർന്നു. ഭൗമികമായ തങ്ങളുടെ ജീവിതം അവസാനിപ്പിക്കാനായോ... കോലാഹലങ്ങളുയർത്താതെ ആ തിരുമനസ്സിൽ അത് ചിന്തകളുർണർത്തി. ഹിജാറാബ്ദം പത്താം വർഷം മുആദ്ബിൻ ജബൽ(റ)വിനെയമനിലേക്ക് നിയോഗിക്കുമ്പോൾ വ്യംഗ്യമായി ഈ ചിന്ത ഉണർത്തി ഓ മുആദേ ചിലപ്പോൾ ഈ സംവത്സരത്തിന് ശേഷം എന്നെ നീ കണ്ടെന്നുവരില്ല നീ എന്റെ പള്ളിയുടെയും ഖബ്റിന്റെയും ചാരത്ത്കൂടി നടക്കുകയാവും ഉണ്ടാവുക.

വിനിയോഗത്തിന്റെ സൂചനാവാക്യങ്ങൾ കേട്ട മുആദ് കരഞ്ഞു..... തിരുമേനിയുമായുള്ള അവസാനത്തേ കൂടികാഴ്ച്ചയാകുമോ ഇതെന്ന്..... മുആദിന് സഹിച്ചില്ല....

ഈ വാർത്ത ചിലർ അറിഞ്ഞു മറ്റുള്ളവർ കൈമാറി. ഫാത്വിമ(റ)യുടെ കാതിലും വർത്തമാനമെത്തി. അവൾക്കത് താങ്ങാനായില്ല. എന്റെ ഉപ്പ പൊയ് വാക്കുപറയുകയില്ല. പറയുന്നതൊക്കെ പുലരും. അപ്പോൾ ഈ വാക്കും പുലരാതിരിക്കുമോ.... മുആദി(റ)നോട് പറഞ്ഞ വാക്കുകൾ

അവർ സൂക്ഷ്മപരിശോധന നടത്തി. ചിലപ്പോൾ എന്ന പ്രയോഗത്തെ അവൾ പിടികൂടാൻ നോക്കി. പക്ഷേ അതിൽ സാന്ത്വനിക്കാൻ കഴിയുമായിരുന്നില്ല....

ഇരുപതിൽപരം വർഷം നീണ്ടുനിന്ന പ്രബോധന പാഥേയത്തിന്റെ അനുരണനങ്ങൾ തിരുനബി(ﷺ)യെ ഒന്നു കാണിക്കാൻ അല്ലാഹു തീരുമാനിച്ചു. മക്കയിലെ ഗോത്രങ്ങളും കുലങ്ങളും ഒത്തുചേർന്ന് മതവിധികൾ പഠിക്കാനും പ്രബോധനം നിർവ്വഹിക്കാനും ശുഷ്കാന്തി കാണിച്ചു.

തിരുനബി(ﷺ) ഹജ്ജിനു പോകാനുറച്ച വിവരം പരസ്യപ്പെടുത്തി. മദീനയിലെ പരശ്ശതം ജനങ്ങൾ തിരുസവിധത്തിൽ ഒത്തുചേർന്നു തങ്ങളുടെ നേതൃത്വത്തിൽ ഹജ്ജിന് പോകാനുറച്ചു.

ദുൽഖഅ്ദ 4-ാം തീയതി ശനിയാഴ്ച തിരുനബി(ﷺ) യാത്രക്കൊരുങ്ങി. ളുഹ്റിന് ശേഷം യാത്രയാരംഭിച്ചു. ഫാത്വിമയടക്കം കുടുംബത്തിലെ മിക്ക അംഗങ്ങളും ഒപ്പം ചേർന്നിട്ടുണ്ട്. മദീനയിൽ വെച്ചുതന്നെ ഹജ്ജിനെകുറിച്ചുള്ള കാര്യങ്ങൾ തുരുനബി(ﷺ) പറഞ്ഞുകൊടുത്തു ദുൽഖഅ്ദ് ആറിന് നബി(ﷺ)യും സംഘവും ദുൽഹുലൈഫയിലേക്ക് തിരിച്ചു.സർവ്വസ്വവും ഉപേക്ഷിച്ച് അസംഖ്യം ആളുകൾ തീർത്ഥസംഘത്തിൽ ചേർന്നു. ചിലർ കാൽനടയായും മറ്റുള്ളവർ വാഹനത്തിലുമായി എത്തിച്ചേർന്നുകൊണ്ടേയിരുന്നു. കഅ്ബയിൽനിന്നുള്ള പ്രഫുല്ല ബിന്ദുക്കൾ അവരെ പുണർന്നു കൊണ്ടിരുന്നു. ഹിറായിൽ നിന്നുള്ള പ്രകാശ രേണുക്കൾ ഹൃദയങ്ങളെ കവർന്നു. തിരുമേനിയുടെ മുഖശ്രീയിലേക്ക് ഒന്നെത്തിനോക്കാനായി പിരടികൾ ഉയർന്നും ചരിഞ്ഞും കളിച്ചു.

അറേബ്യൻ മലർവനിയിലെ മണൽതരികൾ പുളകമണിഞ്ഞു. വിശ്വാസിവൃന്ദത്തിന്റെ തീർത്ഥപ്രയാണത്തെ ആത്മഹർഷത്തോടെ മക്കയേറ്റുവാങ്ങി. അന്തരീക്ഷത്തിൽ നിന്ന് സ്വാഗതഗീതങ്ങൾ തുടരെതുടരെ വീണ മീട്ടുകയായിരുന്നു. സാഗരത്തിലെ അലയൊലികൾപോലെ മുഅ്മിനുകളുടെ സംഗമത്തിന്റെ ഗതിവിഗതികൾ ഉയർന്നു. അനുരാഗത്തിന്റെ അരിമുല്ലകൾ വിടർത്തിയപോലെ ആയിരക്കണക്കിന് സതീർത്ഥ്യർ തിരുനബിയുടെ ചുറ്റുംകൂടി. ക്ലേശപൂർണ്ണമായ യാത്രകൾ അവർ അവഗണിച്ചു. ഉപേക്ഷിക്കപ്പെട്ട ബാന്ധവങ്ങളെ അവർ മറന്നു. വിശ്വവിശുദ്ധ സംഗമത്തിൽ ഭാഗം ചേരാൻ കഴിഞ്ഞതിന് ഓരോരുത്തരും ആത്മാഭിമാനികളായി. മാർഗ്ഗദർശനത്തിനും ആത്മസംസ്കരണത്തിനും

വഴിതെളിച്ച തിരുനബിയെ കിട്ടിയതിൽ അവർ അല്ലാഹുവിന് നന്ദി വാക്കുകൾ ചൊരിഞ്ഞുകൊണ്ടിരുന്നു തമസ്സിൽനിന്ന് ജ്യോതിസ്സിലേക്കും അരിഷ്ടതയിൽനിന്ന് സമൃദ്ധിയിലേക്കും കൈപിടിച്ചുയർത്തിയ തിരുമേനിയെ ലഭിച്ചതിൽ അവർ നാഥനോട് സ്തുതികീർത്തനങ്ങൾ നടത്തി.

മദീനക്കാർക്ക് ഇഹ്റാം ചെയ്യാൻ നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ദുൽഹുലൈഫ മഹാതീർത്ഥ സംഘം ദുൽഹുലൈഫയിലെത്തി ആഇശ(റ) പറയുന്നു. മദീനക്കാർക്ക് ദുൽഹുലൈഫയും ഷാംകാർക്കും ഈജിപ്തുകാർക്കും ജുഹ്ഫയും ഇറാഖുകാർക്ക് ദാതുഇർഖ് ഉം യമനികൾക്ക് യലംലം എന്ന സ്ഥലവും ഇഹ്റാമിന് വേണ്ടി നബി(ﷺ) നിശ്ചയിച്ചു. .തുടർന്നിങ്ങനെ പറഞ്ഞു. നിശ്ചയിക്കപ്പെട്ടവർ നിർണ്ണയിക്കപ്പെട്ട സ്ഥലത്ത് നിന്ന് ഇഹ്റാം ചെയ്യട്ടെ. അതുവഴി വരുന്ന മറ്റുനാട്ടുകാരും അതാത് സ്ഥലങ്ങളെ ആശ്രയിക്കട്ടെ (ബുഖാരി, മുസ്ലീം)

ഇഹ്റാമിന്റെ വസ്ത്രം ധരിച്ചു. ദുൽഹുലൈഫ പള്ളിയിലേക്ക് കടന്നു. രണ്ട് റകഅത്ത് നിസ്കാരം നിർവ്വഹിച്ചു. പിന്നെ ഹജ്ജിന്റെ തഹ്ലീൽ മുഴക്കി. തുടർന്ന് നബി(ﷺ) പറഞ്ഞു ഹജ്ജും ഉംറയും കരതുന്നവർക്ക് അങ്ങനെയും ഹജ്ജോ ഉംറയോ മാത്രം കരതുന്നവർ അങ്ങനെയുമാകാം നബി(ﷺ) ഹജ്ജിന് മാത്രം ഉദ്ദേശിച്ചു. ഒപ്പം കുറെയാളുകളും മറ്റുചിലർ ഹജ്ജും ഉംറയുംകരുതി. ചിലർ ഉംറ മാത്രം ഉദ്ദേശിച്ചു. ഞാൻ ഉംറ മാത്രമാണ് കരുതിയത്....

ലബ്ബൈക്കിന്റെ വിശുദ്ധ ധ്വനികളുയർന്നു നബി(ﷺ) ഖസ്വാഅ് എന്ന ഒട്ടകത്തിന്റെ പുറത്താണ് യാത്ര. പിന്നിൽനിന്നുള്ള ജനസാഗരം ലബൈക്കിന്റെ സ്വരമുയർത്തി പ്രപഞ്ചമാകമാനം അതേറ്റ് ചൊല്ലുന്നത്പോലെ തോന്നി. ഔന്നത്യമാർന്ന മാഗത്തിൽ താഴ്വരകൾ അലിഞ്ഞുചേർന്നു. സ്വരുമയാർന്ന വിശുദ്ധ തീർത്ഥാടനത്തോട് അന്തരീക്ഷം ചങ്ങാത്തം പുലർത്തി. ലബൈക്കല്ലാഹുമ്മ ലബൈക്ക്, ലോക സമസ്യകളെ വകഞ്ഞുമാറ്റി... വിശ്വാസിഹൃദയങ്ങളുടെ കാന്തിയേറ്റി.... ആത്മപീയൂഷത്തിന്റെ രുചി പകർന്നു നൽകി. അസത്യത്തിന്റെ അരമനകളെ വിറങ്ങലിപ്പിച്ചുകളഞ്ഞു.

മുന്നോട്ട് ഗമിക്കുന്ന സഞ്ചലനം അബവാഇന്റെ താഴെയെത്തി നബി മാതാവിന്റെ വിശ്രമസ്ഥലമാണ് അബവാഅ്... ശൈശവദശയിൽ മോനെയും കൂട്ടി ഭർത്താവിന്റെ ഖബ്റ് സന്ദർശിക്കാൻ വന്നതായിരുന്ന ആമിന(റ). മക്കയിലേക്ക് മടങ്ങിവരുന്ന മധ്യേയാണ് അബവാഇൽ വെച്ച്

രോഗഗ്രസ്ഥയായതും മരണപ്പെട്ടതും. ജനിക്കുന്നതിന് മുമ്പേ പിതാവ് വഫാത്തായി 6-ാം വയസ്സിൽ ആമിന(റ)യും വിയോഗം തേടി. പിന്നീട് അബ്ദുൽ മുത്വലിബും അബുത്വാലീബുമാണ് പരിചരിച്ചത്. അല്ലാഹു എന്നെ നന്നായി പരിചരിച്ചു. എന്ന തിരുവാചകം ഇവിടെച്ചേർത്തുവായിക്കാം. പൊന്നു മോന്റെ ജൈത്രപ്രയാണത്തിൽ അബവാഇൽ കിടന്ന് ആമിന പുഞ്ചിരിക്കുന്നുണ്ടാകാം...(റ.അ)

ഈ താഴ്വരയിലൂടെ മുമ്പ് പ്രവാചകന്മാർ കടന്നു പോയിട്ടുണ്ട്. ഹൂദും(റ) സാലിഹും(റ) ആയിരുന്നു അവർ. കഅ്ബാലയത്തിലേക്ക് ഹജ്ജിനുവേണ്ടിയാണവരും കടന്നുപോയത്. അല്ലാഹുവിനെ ആരാധിക്കാനായി ആദ്യം നിർമിതമായ ഭവനമാണല്ലോ കഅ്ബ. സർവ്വാത്മ സമർപ്പണത്തിന്റെ പര്യായമായ ഇബ്രാഹീം (അ) കഅ്ബ സ്മൃതികളുടെ നേതാവാണല്ലോ? മകനെ ബലികൊടുക്കാൻ സന്നദ്ധമായ അവിസ്മൃത നിമിഷങ്ങളാണ് ഖുർആൻ പകർന്നു നൽകിയത്.-

ലബൈക്കിന്റെ അമരധ്വനികളുമേറിയ ആ യാത്രാസംഘം ദുത്വുവാ എന്ന താഴ്വരയിലണഞ്ഞു  ദുൽ ഹജ്ജ് 4 ന് ഞായറാഴ്ചയായിരുന്നു അത്. കഅ്ബയിലേക്കടുക്കാനുള്ള ഉൽക്കടമായ ആഗ്രഹത്തോടെ അവർ അൽപനേരം അവിടെ കഴിച്ചുകൂട്ടി... തൊട്ടടുത്ത് നിൽക്കുന്ന ഒരു ദിവസത്തിനാണ് താത്പര്യം കൂടുതൽ എന്ന മൊഴിയെത്ര സത്യമായിരുന്നു.

തിരുനബി(ﷺ)യും സംഘവും അവിടന്ന് കുളി നിർവഹിച്ചു. മക്കയിലേക്ക് പ്രവേശിക്കുമ്പോൾ സുന്നത്തുള്ള സ്നാനമാണത്.

സനിയ്യത്ത് കൂദാ  എന്ന മക്കയുടെ ഉയർന്ന ഭാഗത്ത്കൂടി നബി (സ) മക്കയിലേക്ക് പ്രവേശിച്ചു. പ്രഭാതം കഴിഞ്ഞ ളുഹാ സമയമായപ്പോൾ മസ്ജിദുൽ ഹറാമിന്റെ അടുക്കൽ എത്തി. ഒട്ടകങ്ങളെ പുറത്ത് കെട്ടി ബനുശൈബ കവാടത്തിലൂടെ അകത്തേക്ക് കടന്നു. കഅബാലയം കണ്ണിൽ പതിഞ്ഞപ്പോഴേക്കും തക്ബീർ മുഴക്കി. തുടർന്നിങ്ങനെ പറഞ്ഞു. അല്ലാഹുമ്മ അന്തസ്സലാം.... അല്ലാഹുവേ നീയാണ് ശാന്തി. നിന്നിൽനിന്നാണ് ശാന്തി. നിന്നിലേക്കാണ് ശാന്തിയുടെ മടക്കം. ഞങ്ങളെ നീ ശാന്തിയിൽ നിവസിപ്പിക്കേണമേ... റബ്ബേ നിന്റയീദേഹത്തിന്റെ സ്ഥാനമാനങ്ങൾ ഉയർത്തേണമേ.... (പ്രൗഢിയും ബഹുമതിയും വർദ്ദിപ്പിക്കണമേ... ഇവിടെ വന്ന് ഹജ്ജ്ചെയ്യുന്നവരുടെയും സ്ഥാനമാനങ്ങളും ഗുണഗണങ്ങളും ഏറ്റിക്കൊടുക്കേണമേ...

ഹജറുൽ അസ്വദിനെ ചുംബിച്ചശേഷം കഅ്ബാലയത്തെ ഇടതു

വശത്താക്കിപ്രദക്ഷിണം ചെയതു. നബി(ﷺ)യും അനുചരന്മാരും പൂണൂൽ രൂപത്തിൽ ധരിക്കുകയും ആദ്യത്തെ മൂന്നു പ്രാവശ്യം വലം വെച്ചപ്പോൾ ചടുലമായി (റമൽ നടത്തം) നടക്കുകയും ചെയ്തു. മുസ്ലീം ജനതയുടെ ചൊടിയും ദാർഢ്യതയും പ്രദർശിപ്പിക്കാനായിരുന്നു അങ്ങനെ നിർവ്വഹിച്ചതെന്നാണ് പണ്ഡിതപക്ഷം.

കഅ്ബായെ ഏഴുതവണ പ്രദക്ഷിണം ചെയ്തപ്പോഴും യമാനീ കോർണറിനെ കൈതൊട്ട് ചുംബിക്കുകയും ഹജറുൽ അസ്വദിനെ ചുംബിക്കുകയും ചെയ്തു. യമനീ കോർണറിൻയും ഹജറുൽ അസ്വദിന്റെയും ഇടയിൽ റബ്ബനാ ആതിനാ.....എന്ന മന്ത്രം ഉച്ചരിച്ചുകൊണ്ടാണ് നടന്നത്. ത്വവാഫിന് ശേഷം ഇബ്രാഹീം മഖാമിനെ നിങ്ങൾ നിസ്കാര സ്ഥലമാക്കൂ... എന്നർത്ഥം വരുന്ന ഖുർആനിക സൂക്തം നബി(ﷺ) ഉറക്കെ പാരായണം ചെയ്തു. തൗഹീദിന്റെ ആശയം പകർന്നു തരുന്ന കാഫിറുൻ, ഇഖ്ലാസ് എന്നീ ഖുർആനിക അധ്യായങ്ങളാണ് ക്രമപ്രകാരം ഒന്നും രണ്ടും റക്അത്തുകളിൽ പാരായണം ചെയ്തത് .

തിരുനബി(ﷺ)യുടെ ഓരോ കർമ്മങ്ങളും കടുകിട തെറ്റാതെ അനുചരന്മാർ പകർത്തി. അനുധാവനത്തോടെ നിർവ്വഹിച്ചുകൊണ്ടിരുന്നു.

അതിനുശേഷം വീണ്ടും ഹജറുൽ അസ്വദ് ചുംബിച്ചു. കഅബായുടെ വാതിലിന്റെയും ഹജറിന്റയും ഇടയിൽ വന്ന് ശരീരത്തിന്റെ മുൻഭാഗം താഴ്മയോടെ കഅ്ബയിലേക്ക് ചേർത്തുവച്ചു. അല്ലാഹുവിന്റെ ഗേഹത്തോടുള്ള ആദരവിന്റെ പ്രാധാന്യം പഠിപ്പിക്കുകകൂടിയായിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് സംസംകിണറിനടുത്ത് വന്നു അതിൽനിന്ന് പാനം ചെയ്യുകയും പ്രാധാന്യം സ്വഹാബാക്കൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു തുടർന്ന് സഫാമർവകൾക്കിടയിൽ സഅ്യ് നിർവ്വഹിച്ചു. മർവയിൽ സഅ്യ് അവസാനിപ്പിച്ചപ്പോൾ തിരുനബി(ﷺ) വിളിച്ചു പറഞ്ഞു അറവിനുദ്ദേശിക്കാത്തവർ ഉംറ പൂർത്തിയാക്കി ഇഹ്റാമിൽനിന്ന് ഒഴിവായിക്കൊള്ളുക.

മക്കയിലെ അബ്ത്വഹ് എന്ന സ്ഥലത്തേക്ക് നീങ്ങി. ഞായറാഴ്ച മുതൽ വ്യാഴാഴ്ചവരെ അവിടെ കഴിച്ചുകൂട്ടി ദുൽഹജ്ജ് മാസം 8-ാം തീയതിയായിരുന്നു അന്ന്. യൗമുത്തർവിയ എന്നാണാദിവസത്തിന്റെ പേര്. ഹജ്ജിന്റെ ദിവസങ്ങൾക്കാവശ്യമായ വെള്ളവും മറ്റും കരുതി തയ്യാറാക്കിയിരുന്ന ദിവസമായിരുന്നതിനാലാണ് തർവിയ്യ എന്ന് പേര് വന്നത്. അന്ന് മിനായിലേക്ക് പോയി. ളുഹർ മുതൽ പിറ്റേന്ന് സുബ്ഹിവരെയു

ളള അഞ്ച് നേരത്തെ നിസ്ക്കാരങ്ങൾ അവിടന്ന് നിർവ്വഹിച്ചു. സൂര്യോദയം വരെ കാത്തുനിന്നശേഷം അറഫയിലേക്ക് പുറപ്പെട്ടു. ഖസ്വാഅ് എന്ന ഒട്ടകത്തിന്മേൽ തന്നെയായിരുന്നു. യാത്ര ബത്‌ നുൽവാദി എന്ന സ്ഥലത്തെത്തി. ഒരു ലക്ഷത്തി നാനൂറ്റി ഉരുപതോ നാൽപതോ ആളുകൾ ഒപ്പമുണ്ടായിരുന്നു. തിരുനബി അവർക്കിടയിൽ എഴുന്നേറ്റുനിന്നു വിടവാങ്ങൽ പ്രസംഗം നടത്തി. അതിന്റെ പ്രധാന ഭാഗങ്ങൾ ഇങ്ങനെയായിരുന്നു.

"അല്ലയോ ജനങ്ങളേ.... എന്റെ വാക്കുകൾക്ക് നിങ്ങൾ ചെവിതരിക. നിങ്ങളോടൊപ്പം ഈ വർഷത്തിനു ശേഷം ഇതേ സ്ഥാനത്ത് നിങ്ങളിൽ ഒരുവനായി കഴിയാൻ ഇനിയുമൊരാണ്ടുകൂടി എനിക്ക് അനുവദിച്ചുകിട്ടുമോ എന്നറിഞ്ഞുകൂടാ.

നിങ്ങളിൽ ഒരോരുത്തരുടേയും ജീവനും സ്വത്തും അഭിമാനവും മറ്റൊരുത്തന് പവിത്രമാക്കിയിരിക്കുന്നു. ഈ ദിവസത്തിന്റെ പവിത്രതപോലെ! ഈ മാസത്തിന്റെയും ഈ സ്ഥലത്തിന്റെയുംപവിത്രത പോലെ. ജാഹിലിയ്യത്തിലെ എല്ലാ വേണ്ടാത്തരങ്ങളും എനിക്കറിയാം. ഗോത്രപ്പോര് കാരണം രക്തം ചിന്തിയത് ഇവിടെ ഓർമ്മിക്കുന്നു. ഇബ്നു റബീയുടെ രക്തം ചിന്തിയത് ഗോത്രപ്പകമൂലമാണ്. അതെല്ലാം ഇവിടെ അവസാനിക്കുന്നു.

സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക അവർ അല്ലാഹു നിങ്ങൾക്കേൽപ്പിച്ച സൂക്ഷിപ്പ് സ്വത്താണ്. നാഥന്റെ വചനങ്ങളാണ് അവരെ നിങ്ങൾക്ക് അനുവദനീയമാക്കിയത്. നിങ്ങൾക്കിഷ്ടമില്ലാത്തത് അവർ ചെയ്യുന്ന പക്ഷം അനുവദനീയമായ രൂപത്തിൽ അവരോട് നിങ്ങൾക്ക് രോഷം പ്രകടിപ്പിക്കാം.അവർക്ക് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. അല്ലാഹുവിന്റെ ഗ്രന്ഥം നിങ്ങൾ അവലംബമാക്കുന്ന കാലത്തോളം നിങ്ങൾ പിഴച്ചവരാകില്ല.

ജനങ്ങളേ എന്റെ ശേഷം ഒരു പ്രവാചകൻ ഇല്ല. നിങ്ങൾ അവസാനത്തെ സമുദായവുമാണ്. അല്ലാഹുവിന് ആരാധിക്കുക. നിസ്കാരവും വ്രതവും നിങ്ങൾ കൃത്യമായി നിർവ്വഹിക്കുക. നിങ്ങളുടെ സമ്പത്തുകളുടെ സകാത്ത് നൽകുക. കഅ്ബയിൽ വന്ന് ഹജ്ജ് ചെയ്യുക ഇതെല്ലാം സ്വർഗ്ഗപ്രവേശനത്തിനുള്ള നിമിത്തങ്ങളാണ്. നിങ്ങളോട് എന്നെക്കുറിച്ച് ചോദിക്കും അപ്പോൾ നിങ്ങളെന്താണ് മറുപടി പറയുക. അവർ

ഏകസ്വരത്തിൽ പറഞ്ഞു നബിയേ, അങ്ങ് അവിടെത്തെ ദൗത്യം നിർവ്വഹിച്ചിരിക്കുന്നു. ഞങ്ങൾ സാക്ഷിയാണ്". ഉടനെ പ്രവാചകൻ(ﷺ) അവിടുത്തെ ചൂണ്ടുവിരൽ ആകാശത്തിലെക്കുയർത്തി. എന്നിട്ട് പറഞ്ഞു അല്ലാഹുവേ നീയാണ് സാക്ഷി. ഇത് മൂന്നുപ്രാവശ്യം ആവർത്തിച്ചു.

നബി(ﷺ)യുടെ അറഫാ പ്രഭാഷണം ജനങ്ങൾക്ക് ശബ്ദത്തിൽ കേൾപ്പിച്ചുകൊടുത്തത് റബീഅത് ബിൻ ഉമയ്യത് ബിൻ ഖലഫ് (റ) ആയിരുന്നു. പ്രഭാഷണത്തിൽനിന്ന് വിരമിച്ച ഉടനെ അൽയൗംമ അക്മൽതു... (ഈ ദിവസത്തിൽ നിങ്ങളുടെ മതം പൂർത്തീകരിച്ചിരിക്കുന്നു) എന്ന സൂക്തം അവതരിച്ചു.

അത് കേട്ടനേരം ഉമർ(റ) കരയാൻ തുടങ്ങി ഒരാൾ ചോദിച്ചു എന്തിനാണ് കരയുന്നത്. ഉമർ(റ) മറുപടി പറഞ്ഞു. പൂർണതയ്ക്ക് ശേഷം ന്യൂനതയിലേക്കാണ് പോവുക......

ജനനിബിഢമായ പ്രഥമ ദിനം കഴിഞ്ഞു നാളെയുടെ കർമങ്ങളെ ആലോചിച്ച് നിശയിലേക്ക് പ്രവേശിച്ചു. ഫാത്വിമ(റ)യും വിരിപ്പിലേക്ക് നീങ്ങി. പക്ഷേ ഉറക്കം കടാക്ഷിച്ചില്ല ഉപ്പയുടെ പ്രഭാഷണത്തിലെ ഓരോ വാക്കുകളും അവളെ ചിന്താവിഷ്ടയാക്കി. വരികൾക്കിടയിലൂടെ അവർ വായിച്ചു. അക്ഷരങ്ങൾക്കിടയിൽ പതിഞ്ഞിരുന്ന ഒളിപ്പൊരുളുകളെ പൊലിപ്പിച്ചു. ചിന്തിക്കാൻ തുടങ്ങി. മുആദിനോട് പറഞ്ഞ വാചകം കൂടി ഒപ്പം ഓർത്തെടുത്തു.

മോനേ മുആദ്, നീ ഈ വർഷത്തിനുശേഷം എന്നെ കണ്ടുകൊള്ളണമെന്നില്ല. അതൊരൊറ്റപ്പെട്ട വാചകമാണെന്ന് കരുതിപ്പോയിരുന്നു. ഇപ്പോഴിതാ പൊതുജനസമക്ഷവും അതേ വാചകം പറഞ്ഞുകഴിഞ്ഞു. തുടർന്നവതരിച്ച ഖുർആനിക സൂക്തം, അത് കേട്ടതോടെ ഉമർ(റ) വിന്റെ കരച്ചിൽ..... എല്ലാം ഒരു ദിശയിലേക്കാണ് ചൂണ്ടുന്നത്. ഒരേ ആശയത്തിലേക്കാണ് വഴിതെളിക്കുന്നത്. ഫാത്വിമ കരഞ്ഞുപോയി. തിരുമേനി(ﷺ)ക്ക് വിയോഗത്തിന്റെ ദിവ്യബോധനം വന്നുകഴിഞ്ഞോ ? അവൾ അവളോടുതന്നെ ചോദിച്ചു. വിങ്ങിപ്പൊട്ടി..... വഹ്‌യ് (ദിവ്യബോധനം) വന്നാൽ അത് പറയാതിരിക്കില്ലല്ലോ ? വഹ്‌യുകൾ ഒന്നും മറച്ചുവെക്കാറില്ലല്ലോ.

എന്തേ എന്റെ നിഗമനങ്ങളും വിചാരങ്ങളും ഇങ്ങനെ പോകുന്നത് ഫാത്വിമ പുനഃആലോചിച്ചു...... ഇല്ല ഞാൻ ചിന്തിക്കുന്നത്പോലെയൊന്നുമായിക്കൊള്ളണമെന്നില്ല.... പിന്നെയെന്തേ ഉമർ(റ) കരഞ്ഞുപോയത്...... ഇങ്ങനെ ചിന്തകൾ ചാഞ്ചാടാൻതുടങ്ങി.

ഫാത്വിമ(റ)ായുടെ ഭാവമാറ്റം അലി(റ) ശ്രദ്ധിച്ചു നിദ്രാവിഹീനയായി ക്കരയുന്നതിലെ പന്തികേട് അദ്ദേഹം വായിച്ചെടുത്തു.

ചോദിച്ചു.... എന്താണ് ഉമ്മുൽ ഹസൻ (ഹസന്റെ ഉമ്മാ) എന്ത് പറ്റി! അവൾ പറഞ്ഞു തിരുനബി(ﷺ)യുടെ കാലം നിർണ്ണയിക്കപ്പെട്ടതുപോലെ തോന്നുന്നു. അബുൽ ഹസൻ (ഹസനിന്റെ ഉപ്പാ) അവിടുത്തെ വാക്കു കളിൽ നിന്നും ഇതേവസാനത്തെ വർഷമെന്ന ധ്വനിയാണല്ലോ ഉയർന്ന ത്...

അലി(റ) വിനൊന്നും പ്രതികരിക്കാൻ കഴിഞ്ഞില്ല. സമാനമായ ചിന്ത തന്നെ അദ്ദേഹത്തെയും അലട്ടുകയായിരുന്നു. ഒരൊഴിവുകഴിവും പറ യാനോ ന്യായീകരിക്കാനോ കഴിയാതെ നിശബ്ദനായി.

അവസാനം ഇങ്ങനെ മാത്രം പറഞ്ഞു. മോളേ നിന്റെ ഉപ്പക്ക് നന്മയേ ഭവിക്കൂ. എല്ലാം അല്ലാഹുവിങ്കൽ കണക്കാക്കപ്പെട്ടതാണല്ലോ?

ദുൽഹജ്ജ് പതിമൂന്നിന് തിരുനബി(ﷺ) മക്കയോടുവിടവാങ്ങാനുള്ള വിദാഇന്റെ ത്വവാഫ് നിർവ്വഹിച്ചു. ഹജ്ജ് കർമ്മങ്ങൾ കഴിഞ്ഞ ഉടനെ ഏവരെയും മദീനയിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ചു. ഇലാഹീ മാർഗ്ഗത്തിൽ ശ്രമകരമായ യാത്രക്ക് വിശ്രമത്തിനിടവേള നൽകാതെതന്നെ പറഞ്ഞു.

സഫർമാസം ഉസാമത് ബിൻ സൈദിന്റെ നേതൃത്വത്തിൽ റോമക്കെ തിരെ സായുധസേനയെ നിയോഗിച്ചു. ആ സംഘം ലക്ഷ്യസ്ഥാനത്തേ ക്കുള്ള പ്രയാണത്തിനിടെ ജർഫിൻ എത്തിയപ്പോഴേക്കും മദീനയിലെ വാർത്തകൾ മാറിക്കഴിഞ്ഞിരുന്നു.

പ്രസ്തുത സൈന്യത്തെ ധൃതിയിൽ അപ്പോൾ തന്നെ നിയോഗി ച്ചത് ഫാത്വിമ(റ)ക്ക് വേണ്ടിയാണ് ഉപ്പ ഉടനെ വഫാത്താകില്ല എന്ന ധാരണ ഉണ്ടായിക്കൊള്ളട്ടേ എന്നാണുദ്ദേശിച്ചത്.

# ഫാത്വിമ (റ) തിരുസന്നിധിയിൽ

മറ്റു വനിതകളെപ്പോലെ ആഭരണഭ്രമമുള്ളവളായിരുന്നില്ല ഫാത്വിമ(റ). ഖുറൈശീ, ഹാഷിമീ വനിതകളെപ്പോലെ ഉപയോഗിച്ചിരുന്നതുമില്ല. കാരണം പരലോകത്തിനു മുന്നിൽ ഇഹലോകത്തിന്റെ മൂല്യം അവൾ അറിഞ്ഞിരുന്നു......

അനുവദനീയമായതിൽനിന്നുള്ള അൽപം സ്വർണ്ണം പോലും തിരുനബി(ﷺ)യിൽ അനിഷ്ടം ഉണ്ടാകുമെന്ന് അവൾ സ്വപനേപി വിചാരിച്ചു. പരിത്യാഗത്തിന്റെ സമവാക്യമായിരുന്നു പര്യായവുമായിരുന്നു. ഭവനങ്ങളോ ഭാര്യമോരോ സ്വത്തുവകകളോ ഇല്ലാത്തവരായിരുന്നു അവർ. താമസം പള്ളിയിലും ഭക്ഷണം ദാനധർമ്മത്തിൽനിന്നുമായിരുന്നു അവർ കഴിച്ചുകൂട്ടിയത്.

ചെറിയ ഒരു മാലയും ധരിച്ചുകൊണ്ട് ഫാത്വിമ(റ) ഉപ്പയെകാണാൻപോയി... അഭിവാദനവും പ്രത്യഭവാദനവും കഴിഞ്ഞു കുശലാമ്പഷണങ്ങളും സ്നേഹപ്രകടനങ്ങളും നടന്നു.

അതിനിടയിൽ തിരുനബി(ﷺ)യുടെ ശ്രദ്ധ ഫാത്വിമ (റ)യുടെ മാലയിൽ പതിഞ്ഞു. അതിലേക്ക് ആവർത്തിച്ചാവർത്തിച്ചു നോക്കുന്നതും മുഖത്ത് തിളക്കം കുറയുന്നതും മകൾ ശ്രദ്ധിച്ചു. ബുദ്ധിമതിയായ മകൾക്കത് മതിയായിരുന്നു. അവൾ അതിന്റെ ഉൾപ്പൊരുൾ വായിച്ചു. തിരുനബി(ﷺ)ക്ക് പൂർണ തൃപ്തമല്ലാത്ത വിധം ആഭരണം ധരിച്ചതിൽ മകൾ ഖേദിച്ചു. ഇനിയതിന് പരിഹാരമായി എന്ത് ചെയ്യും ഇനിയീമാല ഞാൻ ധരിക്കുകയില്ല....മാല വിറ്റിട്ട് ഒരടിമയെ വാങ്ങിയാലോ.. അടിമയെന്നും മാലക്ക് ഓരോർമയാകും അതും തൃപ്തികരമല്ല. എന്നാൽ ഒരു കാര്യം ചെയ്യാം മാലകൊണ്ട് ഒരടിമയെ വാങ്ങി സ്വതന്ത്രമാക്കിയേക്കാം.

# വഫാത്തുറസൂൽ

യാത്രക്കുള്ള സമയമടുത്തു. ഉടമസ്ഥന്റെ വിളിക്കുത്തരം ചെയ്യാൻ നേരമായി അല്ലാഹുവിൽ വിലയം പ്രാപിക്കുന്നതിനിനി അധികം വൈകേണ്ടതില്ല.

വിയോഗത്തിന്റെ സൂചനകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. വാചകങ്ങളിലും പ്രവർത്തനങ്ങളിലും അത് നിഴലിച്ചുനിന്നു. ഈ വർഷം (ഹിജാറാബ്ദം 10-ാം വർഷം) റമളാനിൽ ഇരുപത് ദിവസം പള്ളിയിൽ ഭജനമിരുന്നു. മുൻവർഷങ്ങളിൽ പത്തു ദിവസമായിരുന്നു പതിവ് . പതിനൊന്നാം വർഷം റമളാനിൽ ഭൂമിലോകത്ത് ഉണ്ടാകില്ലല്ലോ എന്ന് ചിന്തിച്ചത്പോലെ സാധാരണയിൽനിന്ന് വ്യത്യസ്തമായി ഇക്കഴിഞ്ഞ റമളാനിൽ ജിബരിൽ (അ) ഖുർആൻ രണ്ട് തവണ പാരായണം ചെയ്തു. തിരുനബി(ﷺ)യെ കേൾപ്പിക്കുകയും ചെയ്തു. മുആദ് (റ) വിനോട് യാത്ര പറഞ്ഞപ്പോൾ ഉണർത്തിയ വാചകങ്ങൾ.... ഹജ്ജ് പ്രഭാഷണത്തിലെ പരാമർശങ്ങൾ..... എല്ലാം ഒരു ദിശയിലേക്ക്തന്നെയാണ് വിരൽ ചൂണ്ടുന്നത്.

ഹിജാറാബ്ദം 11-ാം വർഷം സഫർ മാസമായി തിരുമേനി ഉഹ്ദിലേക്ക് പോയി. ഉഹ്ദ് ശുഹാദാക്കളുടെ മേൽ നിസ്കരിച്ചു അവരോടും യാത്രപറയുന്നതുപോലെ..... തുടർന്ന് പള്ളിയിലേക്ക് വന്നു ഇപ്രകാരം ഉദ്ബോധനം ചെയ്തു. ഞാൻ നിങ്ങളുടെ മുൻഗാമിയാണ്. ഞാൻ നിങ്ങളുടെ സാക്ഷിയാണ്. ഞാനിപ്പോൾ എന്റെ ഹൗളിൽ (ഹൗളുൽ കൗസർ) നോക്കിക്കൊണ്ടിരിക്കുകയാണ് എനിക്ക് ഭൗമിക കലവറകളുടെ താക്കോൽ നൽകപ്പെട്ടിരിക്കുന്നു. എനിക്ക് ശേഷം നിങ്ങൾ ബഹുദൈവാരാധകരാകുമോ എന്ന് ഞാൻ ഭയക്കുന്നില്ല,. പക്ഷേ നിങ്ങൾ ദുനിയാവ് ലഭിക്കുന്നതിന് വേണ്ടി മത്സരിക്കുന്നത് ഞാൻ ഭയപ്പെടുന്നു.

അവസാനത്തെ രാത്രിയിൽ ജന്നത്തുൽ ബഖീഅ് എന്ന ഖബർസ്ഥാനിലേക്ക് പുറപ്പെട്ടു അവിടെ വിശ്രമിക്കുന്നവർക്ക് പൊറുക്കലിനെത്തേടുകയും സലാം ചൊല്ലുകയും ചെയ്തു എന്നിട്ടിങ്ങനെ പറഞ്ഞു. അല്ലയോ ഖബർവാസികളെ, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ശാന്തി വർഷിക്കട്ടെ നാശങ്ങൾ അന്ധകാരനിബിഢമായ രാത്രിപോലെ ഒത്തുചേർന്നിരിക്കുന്നു. അതിൽ അവസാനത്തേത് ആദ്യത്തോട് ചേരുന്നു. അവസാനത്തെ നാശങ്ങൾ ആദ്യത്തേതിനേക്കാൾ ആപൽകരമാണ്. ഇൻശാഅല്ലാഹ് നമ്മൾ നിങ്ങളോട് ചേരുകയാണ്.... അല്ലാഹുവേ ബഖീഇൽ വിശ്രമിക്കുന്നവർക്ക് നീ പൊറുക്കേണമേ.....

എല്ലാ രേഖകളും വിയോഗത്തിലേക്കുള്ള നാട്ടകളാണ്.... നബി പത്നിമാർ, വിശ്യഷ്യ ആഇശ (റ) എല്ലാം കണിശമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു.

വിയോഗരോഗത്തിന്റെ ആരംഭം സഫർമാസം 29നായിരുന്നു അന്നൊരു തിങ്കളാഴ്ചയായിരുന്നു. ബഖീഇലേക്കുള്ള ഒരു ജനാസയെ പിന്തുടർന്നതിനുമധ്യേ തലവേദനബാധിച്ചു ശരീരത്തിൽ താപം കൂടാൻ തുടങ്ങി....തലയിൽ അനുഭവപ്പെടുന്ന വിഷമതകൾ സഹാബത്തിനു പോലും ദൃശ്യമായി.... രോഗഗ്രസ്ഥമായ 13 ദിവസങ്ങളിൽ പതിനൊന്നു ദിവസവും നബി(ﷺ) തങ്ങൾ തന്നെ നിസ്കാരത്തിന് നേതൃത്വം നൽകി.

രോഗം മൂർച്ഛിച്ചുതുടങ്ങി. പത്നിമാരോട് ചോദിച്ചു.... നാളെഞാൻ ആരുടെ കൂടെയാണ്? ചോദ്യത്തിന്റെ ആശയം മനസ്സിലാക്കി ഭാര്യമാർ നബിക്കിഷ്ടമുള്ളിടത്താകാം എന്ന് സന്തോഷപൂർവ്വം സമ്മതിച്ചു. അങ്ങനെ ആഇശ(റ) യുടെ വീട്ടിലെത്തി. അലിയ്യുബിൻ അബുത്വാലിബി(റ) ന്റെയും ഫള്ൽ ബിൽ അബ്ബാസ്(റ)ന്റെയും തോളിൽ താങ്ങിയായിരുന്നു അങ്ങോട്ട് കടന്ന് വന്നത്. അനുഗ്രഹീതമായ തിരുജീവിതത്തിന്റെ അവസാനത്തെ ആഴ്ച ആഇശ(റ)യുടെ ഭവനത്തിലായിരുന്നു താമസം...

വിയോഗത്തിന്റെ നാല് ദിവസം മുമ്പ് ബുധനാഴ്ച ദിവസം വേദന അധികമായി... രോഗഗതി മൂർച്ഛിച്ച് തിരുമേനി ബോധരഹിതരായി... ഏഴ് വ്യത്യസ്ത കിണറുകളിൽനിന്ന് വെള്ളം കൊണ്ടുവരാൻ പറഞ്ഞു. ധൃതിയാൽ അത് സമാഹരിച്ചുകഴിഞ്ഞു. ശേഷം തിരുനബി(ﷺ)യെ ഒരു മിഖ്ളബിന്റെ (തോൽപാത്രം) മുകളിൽ ഇരുത്തി വെള്ളം ഒന്നൊഴിച്ചുകൊടുത്തു.... മതി.....മതി...യെന്നു പറയുവോളം അത് നിർവ്വഹിച്ചു.

അതോടെ അൽപം ശാന്തമായി. ഒരു ശമനം അനുഭവിച്ചത്പോലെ. പള്ളിയിലേക്ക് കടന്ന് മിമ്പറിൽ ഇരുന്നു. നിബിഢമായ സദസ്സിനോട്

സംസാരിച്ചു. കൂട്ടത്തിൽ അങ്ങനെയും പറഞ്ഞു. ജൂതക്യസ്ത്യാനികൾക്ക് അല്ലാഹുവിന്റെ ശാപമുണ്ട്. അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകളെ നമ്രശിരസ്കാരത്തിനുള്ള സ്ഥലമാക്കിയിരിക്കുന്നു... നിങ്ങൾ എന്റെ ഖബറിനെ ആരാധിക്കപ്പെടുന്ന ബിംബമാക്കരുതേ....

ശേഷം ആത്മപ്രദർശനം നടത്തിയിട്ട് പറഞ്ഞു ആരെയെങ്കിലും പുറത്ത് ഞാൻ പ്രഹരിച്ചിട്ടുണ്ടെങ്കിൽ ഇതാ എന്റെ ശരീരം പകരമെടുത്തുകൊള്ളൂ. ആരുടെയെങ്കിലും അഭിമാനത്തെ ഞാൻ ക്ഷതപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രതികാരമെടുത്തുകൊള്ളൂ.

അൽപം കഴിഞ്ഞ് മിമ്പറിൽനിന്നറങ്ങി ളുഹ്റ് നിസ്കാരാനന്തരം വീണ്ടും മിമ്പറിൽ കയറി. നടേ പരാമർശങ്ങൾ ആവർത്തിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു. എനിക്ക് തങ്ങൾ മൂന്ന് ദിർഹം തരാനുണ്ട്. ഉടനെ ഫ്ളൽ ബിൻ അബ്ബാസി(റ)നോട് നബി(ﷺ) പറഞ്ഞു അത് വീട്ടിക്കൊടുക്കൂ അദ്ദേഹം അതു പാലിക്കുകയും ചെയ്തു.

തുടർന്ന് അൻസ്വാറുകളെക്കുറിച്ച് പറഞ്ഞു അൻസാറുകളുടെ കാര്യത്തിൽ ഞാൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുന്നു. അവരിലെ നന്മകളെ നിങ്ങൾ സ്വീകരിക്കൂ. വീഴ്ചകളെ നിങ്ങൾ വിടുതിചെയ്യൂ....

വ്യാഴാഴ്ച ദിവസമായി.... രോഗം വീണ്ടും മൂർച്ചിച്ചു. അതിനിടയിൽ മൂന്നുകാര്യങ്ങൾ വസ്വിയ്യത്ത് ചെയ്തു ജൂതക്രൈസ്തവരെ അറേബ്യൻ ഭൂഖണ്ഡത്തിൽനിന്നു പുറത്താക്കുക. കച്ചവടസംഘങ്ങൾക്കനുമതി നൽകുക എന്നിവ ക്രമപ്രകാരം ഒന്നാമത്തേതും രണ്ടാമത്തേതുമായിരുന്നു. മൂന്നാമത്തെ വിഷയം നിസ്കാരമോ, ഖുർആനും തിരുചര്യയും മുറുകെപ്പിടിക്കൂ എന്നോ ഉസാമയുടെ നേതൃത്വത്തിലുള്ള സൈന്യത്തെ നിയോഗിക്കണം എന്നോ ആയിരുന്നു. അഭിപ്രായാന്തരങ്ങൾ ഉണ്ട്. രോഗാധിക്യം അനുഭവപ്പെട്ട പ്രസ്തുത ദിവസവും ജനങ്ങൾക്കൊപ്പമാണ് നിസ്കാരം നിർവ്വഹിച്ചത് അന്നത്തെ ദിവസം മഗ്‌രിബ് നിസ്കാരത്തിൽ വൽമുർസലാത്തി എന്ന ഖുർആനികാധ്യായമാണ് പാരായണം ചെയ്തിരുന്നത്.

ശനിയാഴ്ചയോ ഞായറാഴ്ചയോ ആയപ്പോഴേക്കും അൽപം ശാന്തത വീണ്ടും അനുഭവപ്പെട്ടു. ഉടനെ രണ്ടുപേരുടെ സഹായത്താൽ പള്ളിയിലേക്ക് പുറപ്പെട്ടു. അപ്പോൾ അബൂബക്കർ (റ) നിസ്കാരത്തിന് നേതൃത്വം നൽകുകയായിരുന്നു. നബി(ﷺ)യുടെ ആഗമനമറിഞ്ഞതോടെ ആബൂബക്കർ (റ) പിന്നോട്ടടിച്ചു. അത് കണ്ടതിരുനബി നേതൃത്വം തുട

രാൻ സിദ്ധീഖ്(റ)വിന് ആംഗ്യം കാണിച്ചു. നബി(ﷺ) സ്വിദ്ദീഖ്(റ)ന്റെ ചാരത്തിരുന്നു ഉടനെ സിദ്ദീഖ്(റ) അൽപം പിന്തിനിന്ന് നബി(ﷺ)യുടെ നിസ്കാരത്തെ തുടർന്നു. ഒപ്പം നബിയുടെ നിസ്കാരത്തിന്റെ സ്വരം കുറഞ്ഞതിനാൽ തക്ബീർ ഉച്ചത്തിൽ ചൊല്ലി മുബല്ലിഗ് (ഇമാമിന്റെ ചലനം അറിയാൻ കഴിയാത്ത മഅമൂമുകൾക്ക് അറിയിച്ചുകൊടുക്കുന്ന ആൾ ആയി മാറി.

ഞായറാഴ്ച ദിവസമായി നബി(ﷺ)ക്ക് സേവനം ചെയ്തിരുന്ന അടിമക്കുട്ടികൾക്ക് മോചനം നൽകി. കൈവശമുണ്ടായിരുന്ന ഏഴ് ദീനാറുകൾ ദാനം ചെയ്തു. ആയുധങ്ങൾ പൊതു മുസ്ലീംകൾക്ക് സമ്മാനം നൽകി.....തിരുജീവിതത്തിന്റെ അവസാനത്തെ ദിവസം അനസ്(റ) നിവേദനം ചെയ്യുന്നു. തിങ്കളാഴ്ച സുബ്ഹി നിസ്കാരം അബൂബക്കർ (റ) വിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. നബി(ﷺ) റൂമിലെ കർട്ടൻ നീക്കി പള്ളിയിലേക്ക് നോക്കി നിരയായി നിന്ന് നിസ്കരിക്കുന്നത് കണ്ട് നബി(ﷺ) പുഞ്ചിരിച്ചു. നബി(ﷺ) നിസ്കാരത്തിലേക്ക് വരികയാണെന്ന് കരുതി അബൂബക്കർ (റ) സ്വഫിലേക്ക് ചേരാൻ മുതിർന്നു. തിരുനബി(ﷺ) യുടെ ദർശനത്തിൽ അനുചരൻമാർ സന്തുഷ്ടരായി. നിസ്കാരം തുടർന്നു കൊള്ളാൻ നബി(ﷺ) ആംഗ്യം കാണിച്ചു. കർട്ടൻ താഴ്ത്തിയിട്ടു ഈ നിസ്കാരത്തിന് ശേഷം ഒരു നിസ്കാരത്തിന്റെ നേരം ഭൗതീകജീവിതത്തിൽ നബി (ﷺ) ക്കുണ്ടായിരുന്നില്ല. പക്ഷേ അനുചരന്മാർ അത് നിഗമിച്ചതേ ഇല്ല.

ളുഹാ സമയമാകാനായി ഫാത്വിമാ(റ) എത്തിയിട്ടില്ലെന്ന് നബി(ﷺ) അറിഞ്ഞു ഉടനെ വിളിച്ചു. വേഗം അവൾ എത്തിച്ചേർന്നു. ആഇശ(റ) യുടെ വാക്കുകളിൽ അവളുടെ നടത്തം തിരുമേനി(ﷺ)യുടെ നടത്തം പോലെ തന്നെയാണ് എത്തിച്ചേർന്നയുടനെ തിരുമേനി(ﷺ) സ്വാഗതം ചെയ്തു അരികിൽ പിടിച്ചിരുത്തി. അൽപം സ്വകാര്യം പറഞ്ഞപ്പോഴേക്കും അവൾ കരഞ്ഞു തുടർന്നു കുറച്ചുകൂടി പറഞ്ഞപ്പോൾ അവൾ ചിരിച്ചു.

ആഅശ(റ) ചോദിച്ചു. എന്താണ് മോളെ കുറച്ചുനേരം കരഞ്ഞിട്ട് പിന്നെ ചിരിച്ചത്. എന്ത് രഹസ്യമാണ് ഉപ്പ മോളോട് പറഞ്ഞത് ഫാത്വിമ(റ) പറഞ്ഞു. ആ രഹസ്യം ഇപ്പോൾ ഞാൻ പറയാനുദ്ദേശിക്കുന്നില്ല. തിരുനബി(ﷺ)യുടെ വഫാത്വിന് ശേഷം വിശദീകരിച്ചതിങ്ങനെയാണ് ഉപ്പ എന്നോട് പറഞ്ഞു മോളെ...ജിബ്രീൽ(അ) എല്ലാ വർഷവും റളാനിൽ ഖുർആൻ ഒരു തവണയേ ഓതികേൾപ്പിക്കാറുള്ളൂ. ഇക്കഴിഞ്ഞ റമളാനിൽ രണ്ടുതവണ പാരായണംചെയ്തു. എന്റെ വിയോഗം അടുത്തു

എന്നാണ് ഞാനയറിയുന്നത്. ഞാൻ നിനക്ക് ഉത്തമ മുൻഗാമിയാണ്. എന്നിട്ടെന്നോട് പറഞ്ഞു മോളേ നീയാണ് നമ്മുടെ കുടുംബത്തിൽനിന്ന് ആദ്യം എന്നോട് ചേരുക  ഇത്രയുമായപ്പോൾ ഞാൻ കരഞ്ഞു. ഉടനെ ചോദിച്ചു. നീ ലോകവനിതകളുടെ നായികയാകാൻ ആഗ്രഹിക്കുന്നില്ലേ? അപ്പോഴാണ് ഞാൻ ചിരിച്ചത്.

ഒരു നിവേദനപ്രകാരം ഇങ്ങനെയാണ്, ആ രോഗത്തിൽതന്നെ ഉപ്പ വഫാത്താകുമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ കരഞ്ഞു.

അതോടെ തിരുനബി(ﷺ)യുടെ മുഖത്തെ വേദന മകൾ വായിച്ചെടുത്തു അവൾ കണ്ണീരൊലിപ്പിച്ചുകൊണ്ട് പറഞ്ഞു.

എന്റെ ഉപ്പയുടെ വേദനയേ....ഉടനെ തിരുമേനി(ﷺ) പറഞ്ഞു  മോളേ "ഉപ്പാക്കിനി വേദനയില്ല. ഇന്നത്തേതുകഴിഞ്ഞാൽ പിന്നീട് വേദനയില്ല മേളേ..."

തിരുമേനി(ﷺ) ഹസനി(റ)നെയും ഹുസൈനി(റ)നെയും വിളിച്ചു. അവർക്ക് നന്മകൊണ്ട് വസ്വിയ്യത്ത് ചെയ്തു. അവരെ ചുംബിച്ചു ഭാര്യമാരെ അടുത്തേക്ക് വിളിച്ച് ഉപദേശിച്ചു.

ജനങ്ങളോട് നിസ്കാരം നിലനിർത്താനും അടിമകളോടുള്ള നന്മയും ആവർത്തിച്ചുപദേശിച്ചു.

ആസന്ന സമയമായി ആഇശ(റ) തിരുനബി(ﷺ)യെച്ചേർത്തുപിടിച്ചു. മടിയിലേക്ക് ചേർത്തുകിടത്തി. അപ്പോൾ അബ്ദുറഹ്മാൻ ബിൻ അബൂബക്കർ കടന്നുവന്നു. അദ്ദേഹത്തിന്റെ കയ്യിലുള്ള മിസ്‌വാക്കിലേക്ക് നബി(ﷺ) നോക്കുന്നത് ആഇശ(റ) ശ്രദ്ധിച്ചു. എന്നിട്ട് ചോദിച്ചു അത് വേണോ നബിയെ....? വേണമെന്ന് തലയാട്ടി. മഹതി അത് വാങ്ങിക്കൊടുത്തു. അത് അൽപം കട്ടിയുള്ളതായി അനുഭവപ്പെട്ടു...മയമാക്കണോ പ്രഭോ.... അതേ എന്ന് തലകുലുക്കി. ആഇശ(റ) അത് വാങ്ങി മയമാക്കിക്കൊടുത്തു. ഒരു നിവേദനപ്രകാരം നന്നായി പല്ലുതേച്ചു എന്നതന്നെ കാണാം.

അടുത്ത് ഒരു തോൽപാത്രത്തിൽ വെള്ളമുണ്ടായിരുന്നു അതിൽ നിന്ന് കൈ നനച്ച് മുഖം തടകി. ഉടനെ ലാഇലാഹ ഇല്ലല്ലാഹ് എന്ന് ഉച്ചരിച്ചു. നിശ്ചയം മരണത്തിന് വേദനയുണ്ട് എന്ന് ചേർത്തു പറഞ്ഞു.

മിസ്‌വാക്ക് കഴിഞ്ഞ ശേഷം കൈ ഉയർത്തി നോട്ടം മുകൾ ഭാഗത്തേക്ക് തന്നെ കേന്ദ്രീകരിച്ചു ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു

ആഇശ(റ) കാതോർത്തു.....

വാക്കുകൾ ഇങ്ങനെയായിരുന്നു.

മഅല്ലദീന അൻഅംത അലൈഹിം

നീ അനുഗ്രഹിച്ച പ്രവാചകന്മാർക്കും സിദ്ദീഖുകൾക്കും ശുഹദാക്കൾക്കും സ്വാലിഹീങ്ങൾക്കുമൊപ്പമാക്കേണമേ.

എനിക്ക് പൊറുക്കേണമേ...

എന്നെ അനുഗ്രഹിക്കേണമേ ..

റഫീഖുൽ അഅ്ലയിലേക്ക് ചേർക്കണമേ.... അല്ലാഹുവേ..റഫീഖുൽ അഅ്ലയിലേക്ക്...

തിരുനബി(സ) റഫീഖുൽ അഅ്ലയിലേക്ക് ആത്മാക്കളുടെ ഏറ്റവും വിശ്ഷ്ടമായതലത്തിലേക്ക് പറന്നുയർന്നു....

റബീഉൽ അവ്വൽ 12 ളുഹാസമയത്തായിരുന്നു വഫാത്ത്.. ചന്ദ്രമാസപ്രകാരം 63 വയസ്സും നാല് ദിവസവുമായിരുന്നു നബി(സ)യുടെ പ്രായം.

ഉപ്പയുടെ വിയോഗമറിഞ്ഞ മകൾ ഫാത്വിമ(റ) പറഞ്ഞു. ഉപ്പാതങ്ങൾ അല്ലാഹുവിന്റെ വിളിക്കുത്തരം ചെയ്തു.... ഉപ്പാ....അവിടുന്ന് സ്വർഗ്ഗീയ ആരാമത്തിലേക്ക് താമസം മാറ്റി. ഞങ്ങൾ ജിബ്രീലിനോട് ദു:ഖവാർത്ത കൈമാറുന്നു. ഉപ്പാ അവിടുന്ന് റബ്ബിലേക്ക് അടുത്തുചേർന്നു.

തിരുനബി(ﷺ)യുടെ അന്ത്യനിമിഷമടുത്തപ്പോൾ ശബ്ദം കേൾക്കും വിധം ഫാത്വിമ(റ) കരഞ്ഞു. ഉടനെ ഉപ്പ മകളോട് പറഞ്ഞു പൊന്നുമോളേ.... കരയരുത്... ഞാൻ വഫാത്തായാൽ ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ എന്ന് പറഞ്ഞോളൂ...

ബുധനാഴ്ച രാത്രി വഫാത്തായ അതേ സ്ഥലത്ത് തന്നെ തിരുനബി(ﷺ)യുടെ ഖബ്റൊരുക്കിക്കിടത്തി....

പിതാവിന്റെ വിയോഗത്തിൽ ചിറകൊടിഞ്ഞ സഹ്റാഅ് കിളിഫാത്വിമ(റ) പതറുന്ന പാദങ്ങളുമായി പിതാവിന്റെ ഖബ്റിന്നരികിലെത്തി. മണൽത്തരികൾ കൈയിൽ വാരി കണ്ണിനോട് ചേർത്തു ചുംബിച്ചു വിരഹദു:ഖത്തെ അടക്കിച്ചേർത്തുകൊണ്ടവൾ പാടി.

അഹ്മദ് നബിയുടെ ഖബറിടത്തെ മണ്ണ് ശ്വസിച്ചവന്

ഇനി ഒരുകാലത്തും എത്ര ഉയർന്ന സുഗന്ധവും വാസനിക്കേണ്ടിവരില്ല.

എന്റെമേൽ വിപത്തുകൾ വർഷിക്കപ്പെട്ടു. രാത്രിയുടെ മേൽ അത് വർഷിച്ചിരുന്നെങ്കിൽ രാവുകൾ പകലുകളായി പരിവർത്തിച്ചേനെ

അവളുടെ ദുഃഖം കണ്ണുനീർചാലുകൾ തീർത്തു അറിഞ്ഞവർ അറിഞ്ഞവർ കരയാൻ തുടങ്ങി. അവളുടെ കയ്യിലെ മണൽതരികളെ ചിലർ ശ്രദ്ധിച്ചു. ഭൗതികതയെ പരിത്യജിച്ചത്പോലെ അവൾ തിരിഞ്ഞു നടന്നു.

ഖൽബുകളും കണ്ണുകളും ഫാത്വിമ(റ)യെ അനുധാവനം ചെയ്തു തിരുനബി(ﷺ)യുടെ സേവകൻ അനസ്(റ) ഫാത്വിമ(റ)യോട് ക്ഷമയാചിച്ചു ഉടനെ തിരിച്ചു ചോദിച്ചു.

തിരുനബിയുടെ മേൽ മണ്ണിട്ട് മൂടാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു.

ഉമ്മു അയ്മനും തേങ്ങൽ തുടരുകയാണ്. ആരോ ചോദിച്ചു എന്തിനാണ് ഉമ്മു അയ്മൻ ഇങ്ങനെ വല്ലാതെ കരയുന്നത് നീ നബി(ﷺ)യുടെ പരിചാരകിയായിരുന്നു എന്നാലും ക്ഷമിക്കൂ.. അവൾ പറഞ്ഞു.

ഞാൻ നബി(ﷺ)യുടെ വിയോഗത്തിലല്ല കരയുന്നത് നബി(ﷺ)ക്ക് ദുൻയാവിനേക്കാൾ ശ്രേഷ്ടമായിടത്തേക്കാണ് പോയത്. ഞാൻ കരയാൻ കാരണം വഹ്‌യ് നിലച്ചുപോയല്ലോ എന്നോർത്തുകൊണ്ടാണ്.

സ്വഹാബികൾ, സ്ത്രീകൾ, കുട്ടികൾ ഏവരും ദു:ഖത്തിന്റെ ആഴിയിലാണ്. സഹിക്കാനാവാത്ത ഹൃദയഭാരത്താൽ അവർ ഗദ്ഗദം പൂണ്ടു.

പക്ഷേ ഫാത്വിമ(റ) സാന്ത്വനത്തിനൊരു വഴികണ്ടെത്തി. ഞാനാണല്ലോ ആദ്യം എന്റെ ഉപ്പയോട് ചേരുന്നത്. സുവിശേഷത്തെ അവൾ നെഞ്ചിലേറ്റി തിരുനബി(ﷺ)യുടെ വഫാത്ത് മുതൽതന്നെ അവൾ ദുൻയാവിനോട് യാത്രപറഞ്ഞു തുടങ്ങി.

തിരുനബി(ﷺ)യുടെ വഫാത്തിന്റെ ദിവസംതന്നെ ജനങ്ങൾ അബൂബക്റ്(റ)വിനെ ഖലീഫയായി ബൈഅത് ചെയ്തു. അടുത്ത ദിവസംതന്നെ അലി (റ)യും ഫാത്വിമ(റ) യും സിദ്ദീഖ്(റ) നെ സമീപിച്ചു ചോദിച്ചു. എന്റെ ഉപ്പയിൽനിന്നുള്ള അനന്തരമാണോ ഉടമ്പടി പ്രകാരമുള്ളതാണോ? ഖന്തകിലും ഖൈബറിലുമുള്ള സ്വത്തുകൾ മദീനയിലുള്ള സദഖകൾ എന്നിവ ഞാൻ അനന്തരാവകാശപ്പെടുത്തുമല്ലോ നിങ്ങൾ വഫാത്തായാൽ നിങ്ങളുടെ പെൺമക്കൾക്കുള്ളത് പോലെ.

അബൂബകർ(റ) വിശദീകരിച്ചു "നിന്റെ ഉപ്പ എന്നെക്കാൾ ഉത്തമനും നിങ്ങൾഎന്റെ പെൺമക്കളെക്കാൾ മഹത്വമുള്ളവരുമാണ് മോളേ.... തിരുനബി പറഞ്ഞതിങ്ങനെയാണ്. നമ്മൾ അനന്തരമെടുക്കപ്പെടുകയില്ല. (ന

മ്മിൽനിന്നും അനന്തര സ്വത്തുക്കളില്ല) നാം ഉപേക്ഷിച്ചു പോകുന്നതെല്ലാം സദഖയാകുന്നു മോളേ നിങ്ങളുടെ പിതാവ് നൽകിയതാണ്. നിങ്ങൾ സമ്മതിച്ചാൽ അതങ്ങനെതന്നെ ഫാത്വിമ(റ) പറഞ്ഞു. എന്റെ അറിവി ലുള്ളത് ചോദിച്ചെന്നേ ഉള്ളൂ.

ഫാത്വിമ സംതൃപ്തയായി അബൂബക്റ്(റ) വിന്റെ വിശദീകരണ ത്തിൽ അത്യധികം ആഹ്ലാദിച്ചു. നബിമക്കളായതിന്റെ പ്രാധാന്യം തിരി ച്ചറിഞ്ഞു പരിത്യാഗിനിയായി അവൾ ജീവിച്ചു. പരലോകത്തിന് ഇഹ ലോകത്തെക്കാൾ മഹത്വമുണ്ടെന്നവൾ ഉൾക്കൊണ്ടു ഉപ്പയോടൊപ്പം ആദ്യം ചേരുന്ന ആൾ താനാണെന്ന ബോധം അവളെ ആവേശഭരിത യാക്കി.

ഇമാം ബുഖാരി(റ) ഫളാഇലുസ്സ്വഹാബ എന്ന അധ്യായത്തിൽ ഫാത്വിമബീവി(റ) അനന്തരാവകാശമന്വേഷിച്ച സംഭവം രേഖപ്പെടുത്തി യിട്ടുണ്ട്. അതിൽ ഇങ്ങനെ കാണാം. അബൂബക്ർ(റ) സ്വത്തിന്റെ വാസ്തവം പറഞ്ഞു. ഉടനെ അലി(റ) പറഞ്ഞു. അതേ അബൂബക്കർ, ഞങ്ങൾക്കിപ്പോൾ വ്യക്തമായിരിക്കുന്നു. അബൂബകർ (റ) അപ്പോൾ ഇങ്ങനെ പറഞ്ഞു എന്റെ ശരീരം ഉടമയാക്കിയ അല്ലാഹുവിൽ സത്യം ഞാൻ ചേർക്കാൻ ആഗ്രഹിക്കുന്ന ബന്ധങ്ങളിൽ ഏറ്റവും കടപ്പെട്ടത് തിരുനബി(ﷺ)യുടെ കുടുംബത്തോടാണ്. എനിക്ക് ഏറ്റവും വിശാലത നൽകുന്നതും അതത്രെ.

നബി(ﷺ)യുടെ അനന്തരത്തെക്കുറിച്ച് ഇതേ ഹദീസ് പരാമർശം തന്നെ ഉമർ(റ)തന്റെ ഭരണകാലത്ത് അബ്ബാസ്(റ)വിന്റെയും അലി(റ)വി ന്റെയും സാന്നിദ്ധ്യത്തിൽ പറഞ്ഞതും ഇമാം ബുഖാരി(റ) മാലിക്ബിൻ അനസ്(റ) എന്നിവർ നിവേദനം ചെയ്തിട്ടുണ്ട്.

ഫാത്വിമ(റ) പരലോകത്തേക്ക് പറക്കാൻ കൊതിപൂണ്ടിരുന്നു. കാരണം ഫാത്വിമ(റ)ക്ക് മരണം പിതാവിനോടുള്ള സമാഗമമാണ്. ഭൗതി കതയോടുളള് വിയോഗമല്ല. അധികം കാത്തിരിക്കേണ്ടിവന്നില്ല. തിരു നബി(ﷺ) വഫാത്തായതിനുശേഷം ആറു മാസത്തെ ഇടവേള മാത്രമേ ഉണ്ടായിരുന്നുള്ളൂ.

# ഫാത്വിമ(റ)യെ സ്നേഹിക്കുമ്പോൾ

അല്ലാഹുവിലുള്ള സ്നേഹം, അത് മഹത്തായ അനുഗ്രഹമാണ് അല്ലാഹുവിൽ പരസ്പരം സ്നേഹിക്കുന്നവർക്ക് അവൻ നൽകുന്ന സ്ഥാനമാനങ്ങൾ എത്ര ഉന്നതമാണ്. തിരുനബി(ﷺ)യുടെ ഒരു വചനം തന്നെ നോക്കൂ. "മൂന്നു വിശേഷണങ്ങൾ ഒരാൾക്കുണ്ടായാൽ അയാൾ ഈമാനിന്റെ മധുരം അനുഭവിച്ചു. അതിൽ പ്രാധാനമായി പറഞ്ഞ വിശേഷണമത്രെ, അല്ലാഹുവും അവന്റെ ദൂതനും ഏറ്റവും ഇഷ്ടപ്പെട്ടതാവുക. ഒരാൾ മറ്റൊരാളെ സ്നേഹിക്കാനുള്ള മാനദണ്ഡം ഇലാഹീയാവുക. അവിശ്വാസത്തിലേക്ക് മടങ്ങുന്നത്, നരകത്തിലേക്ക് എറിയപ്പെടുന്നതിന് സമാനമാണെന്ന നിലയിലേക്ക് എത്തുക".

സ്നേഹം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയാകുമ്പോൾ, തിരുനബി(ﷺ)യുടെ പ്രീതിയിൽനിന്ന് പ്രഭവിക്കുമ്പോൾ .... എത്ര മഹത്തരമായിരിക്കും. പ്രവാചകപുത്രി, കരളിന്റെ കഷ്ണമെന്ന് വിശേഷണംസിദ്ധിച്ച മകളോടുള്ള സ്നേഹമാകുമ്പോൾ അതെത്ര ധന്യമായിരിക്കും. തിരുകുടുംബത്തെയും അതിലെ നായിക ഫാത്വിമ(റ)യെയും സ്നേഹിക്കണമെന്ന നബിവചസ്സുകൾ ശിരസ്സാ വഹിക്കുമ്പോൾ അതിന്റെചൈതന്യം എത്ര പൂർണമായിരിക്കും. എന്റെ കുടുംബത്തിന്റെ കൈകാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഓർക്കൂ.... എന്ന വചനത്തിന്റെ ഘടന എത്ര മാത്രം അർത്ഥഗർഭമാണ്.

നമ്മുടെ സ്നേഹത്തിന്റെ വിഹിതം എന്ത്കൊണ്ടും അവകാശപ്പെട്ട മഹതിയാണ് ഫാത്വിമ(റ). അവൾ നബിപുത്രിയാണ്. ഇസ്ലാമിന്റെ മാർഗ

ത്തിൽ ത്യാഗനിർഭരമായ ഘട്ടങ്ങളെ തരണം ചെയ്തവളാണ്. എല്ലാ ചാർച്ചബന്ധങ്ങളും പാരമ്പര്യങ്ങളും മുറിയുന്ന അന്ത്യനാളിൽ കുടുംബ മഹിമ അവകാശപ്പെടാൻ അർഹതയുള്ള മഹതിയാണവൾ നബി(ﷺ) തന്നെ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. എല്ലാ കുടുംബങ്ങളും കാരണങ്ങളും അന്ത്യനാളിൽ മുറിഞ്ഞുപോകും. പക്ഷേ ഞാനുമായുള്ള കുടുംബബ ന്ധവും കാരണങ്ങളുമൊഴികെ. അതോടൊപ്പം ഒരുണർത്തൽകൂടി വായി ക്കുക. "എന്റെ കുടുംബത്തിന്റെ കാര്യത്തിൽ എന്റെ കോപത്തിനിരയാ യവർ നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും."

നബികുടുംബത്തോടും ഫാത്വിമയോടുമുള്ള സ്നേഹം മതത്തിലെ അടിസ്ഥാനപരവും വിശ്വാസപരവുമായ കാര്യമത്രെ. രണ്ട് കാര്യങ്ങൾ ഞാൻ ഉപേക്ഷിച്ചുപോകുന്നു. എന്റെ കുടുംബവും അല്ലാഹുവിന്റെ കലാ മായ ഖുർആനുമാണ്. അവകളെ പരിപാലിക്കുന്നിടത്തോളം നിങ്ങൾ വഴി കേടിലാവുകയില്ല. ഹൗളുൽ കൗസർ വിതരണം ചെയ്യുന്നത് വരെ അവ രണ്ടും വേർപിരിയുകയില്ല. അവയിൽ നിങ്ങൾ എങ്ങനെ തുടരുന്നു എന്ന് ശ്രദ്ധിക്കുക. എന്നനബിവചനത്തിന്റെ അന്തരാർത്ഥം എത്ര ബൃഹത്താ ണ്. നബികുടുംബത്തെയും വിശിഷ്യാ ഫാത്വിമ(റ)യെയും സ്നേഹി ക്കാതെ എങ്ങനെയാണ് നാം തിരുനബി(ﷺ)യെ പിൻപറ്റുക.

ഒരു ഹദീസ് ശകലം ഇങ്ങനെ വായിക്കാം. "നിങ്ങളെ പരിപാലിക്കു ന്നതിൽ നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കൂ. അല്ലാഹു സ്നേഹിക്കു ന്നതിനാൽ എന്നെ നിങ്ങൾ സ്നേഹിക്കൂ. ഞാൻ സ്നേഹിക്കുന്നതിനാൽ എന്റെ കുടുംബത്തെ നിങ്ങൾ സ്നേഹിക്കൂ".

ഇവിടെയാണ് സ്നേഹം വിശ്വാസപരവും അടിസ്ഥാനപരവുമാകുന്ന ത്. വിശിഷ്യാ ഫാത്വിമ(റ)യോടുള്ള സമീപനം എത്ര സ്നേഹപരമാക ണമെന്ന് വ്യക്തമാകുന്നത്.

എന്നാൽ ഈ സ്നേഹം വ്യക്തമായും നീതിയുടെ അളവുകോലു കളെ പരിഗണിച്ചുകൊണ്ടായിരിക്കണം. അവരോടുള്ള അനുരാഗത്തിന്റെ പ്രധാന ഭാഗം അനുധാവനത്തിന് വഴിമാറിക്കൊടുക്കണം. ഇസ്ലാമിക വ്യവസ്ഥിതിയുടെ നിയന്ത്രണരേഖകളിൽ നിന്നു കടുകിടതെന്നിമാറാത്ത വിധമായിരിക്കണം നാം സ്നേഹം പ്രകടിപ്പിക്കേണ്ടത്.

അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ തിരുനബി(ﷺ)യെ അനു ധാവനം ചെയ്യൂ. നബികുടുംബത്തെയും അനുചരന്മാരെയും മാതൃകക ളാക്കൂ എന്ന പാഠഭാഗത്തിനാണ് നാം പ്രാമുഖ്യം നൽകേണ്ടത്.

നബികുടുംബത്തിന്റെ ആദരവിനെ വേണ്ടുവോളം നിലനിർത്താൻ മതനിയമങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്.

അവിതർക്കിതമായ അനുരാഗം അനുധാവനത്തിലാണ് വിജയംതേടേണ്ടത്. ഒരു തിരുവചനംകൂടി വായിക്കാം. നബി(ﷺ) പറയുന്നു എന്റെ കുടുംബം നൂഹ് നബി(അ)യുടെ കപ്പൽപോലെയാണ്. അതിനെ പ്രാപിച്ചവർ രക്ഷപ്രാപിച്ചു. അതിനെ അവഗണിച്ചവർ അപകടത്തിലകപ്പെട്ടു. ഫാത്വിമ(റ)യോട് തിരുനബി(ﷺ) പറഞ്ഞു. ഞാനും നീയും അലി(റ)യും ഹസ(റ)നും ഹുസൈനും അന്ത്യനാളിൽ ഒരേ സ്ഥലത്തായിരിക്കും.

ഉദ്യത ഹദീസിൽനിന്നും നബി(ﷺ) കുടുംബത്തിന്റെ മഹത്വം നാം ഉൾക്കൊള്ളണം. എന്നാൽ സമീപനം ശരീഅത്തിനെ മറികടക്കുന്നതാകാൻ തരമില്ല.

അതിലേക്ക് സൂചന നൽകുന്നതാണ് അലി(റ) വിന്റെ വാക്കുകൾ ഞാനുമായുള്ള സമീപനത്തിൽ രണ്ടു തരമാളുകൾ നാശത്തിലാണ്. സ്നേഹാധിക്യത്തിൽ എനിക്കില്ലാത്തത് അവരോധിച്ചവനും വിദ്വേഷത്താൽ എന്നെ ആക്ഷേപത്തിൽ വീക്ഷിച്ചവരുമാണവർ ...ഫാത്വിമാ കുടുംബത്തിന് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നമ്മൾ സന്തോഷിക്കുന്നു. അവരെ നാം ആദരപൂർവ്വം സമീപിക്കുന്നു. പക്ഷേ അവരിലില്ലാത്തവ അവരോധിക്കുന്നത് വിദ്വേഷത്തിനു തുല്യമാണ്. കാരണം രണ്ടും വാസ്തവവിരുദ്ധമത്രെ.

കെട്ടുകഥകൾക്കും സങ്കല്പങ്ങൾക്കും വിധേയരായിട്ടാണ് ചിലർ നബികുടുംബത്തോടുള്ള സമീപനത്തിൽ അതിലംഘനം നടത്തുന്നത്. അത് ക്ഷന്തവ്യമല്ല. പ്രമാണികരേഖകളെയും സ്വീകാര്യയോഗ്യമായ നിവേദനങ്ങളെയും മാത്രമേ അവലംബിക്കാവൂ.

തിരുനബികുടുംബമെന്നവകാശപ്പെടുന്നവരും ഒരുപാട് ചിന്തിക്കേണ്ടതുണ്ട്. തിരുനബി(ﷺ)യോട് പരമ്പര ചേർത്തു പറയുമ്പോൾ അതിനാവശ്യമായ ചൈതന്യം നിലനിർത്തൽ അനിവാര്യമാണ്. നബികുടുംബത്തിന്റെ ഉത്തരവാദിത്വത്തിൽ തീർത്തും ബോധവാന്മാരായിരിക്കണം മുൻഗാമികൾ കാത്തുപോന്ന ഇസ്ലാമിക പ്രഭാവം, സ്വഭാവഗുണങ്ങൾ എന്നിവയിൽ വീഴ്ചവരുത്തുവാൻ പാടില്ല. പാരമ്പര്യ അവകാശവാദം മറ്റേതിനെക്കാളും ഗൗരവമർഹിക്കുന്നതാണ്. ഖുർആനിന്റെയും പ്രവാചകചര്യയുടെയും കാവലാളുകളായി സയ്യിദന്മാർ നിലനിൽക്കണം. ഭൗതി

കമായ ഭ്രമങ്ങളിൽനിന്ന് വിരക്തരായി ആത്മീയഗുണങ്ങളുടെ കാവലാളുകളുമായി സയ്യിദന്മാർ പ്രഭാവം നിലനിർത്തണം.

മ്ലേച്ഛതകളിൽനിന്ന് മുഴുവൻ ഒഴിവാക്കപ്പെട്ടവരാണ് നബി കുടുംബം തഖ്‌വയുടെയും ഗുണത്തിന്റെയും ആളുകളാണവർ. പരിശുദ്ധിയുടെ പൂർണതയ്ക്ക് വേണ്ടിയാണ് സ്വദഖപോലും അവർക്ക് നിഷിദ്ധമാക്കിയത്. കാരണം ജനങ്ങളുടെ സ്വത്തിനെയോ ശരീരത്തെയോ ശുദ്ധീകരിക്കാനുള്ളതാണ്. സ്വദഖ. അത് വേണ്ടത്ര ഭംഗിയുള്ളതല്ല. അഹ്‌ലുബൈത്തിനെക്കുറിച്ചുള്ള എന്റെ ഗ്രന്ഥത്തിൽ നബികുടുംബത്തിന് സദഖ അനുവദനീയമല്ല എന്ന വിശുദ്ധ വചനത്തിന്റെ വിശദാംശം നൽകിയിട്ടുണ്ട്.

അഹ്‌ലുബൈത്തുകാർ ജനങ്ങളെ നന്മയിലേക്ക് വഴിനടത്താൻ നേതൃത്വം നൽകണം. അഭിപ്രായങ്ങൾ തമ്മിൽ യോജിപ്പിക്കണം. നബി കുടുംബത്തോടുള്ള സ്നേഹത്തിൽ അതിർലംഘിച്ച് അപകടത്തിൽ ചാടുന്നവരെ ഉദ്ബോധിപ്പിച്ച് ശരിയായ സ്ഥാനമാനങ്ങൾ പറഞ്ഞുകൊടുക്കണം. അബദ്ധവിശ്വാസങ്ങളെ തിരുത്തിക്കാണിക്കണം.

അഹ്‌ലുസ്സുന്നത്തിവൽജമാഅ ശരിയാംവണ്ണം നബികുടുംബത്തെ സ്നേഹിക്കുന്നു. ഉറച്ച വിശ്വാസത്തിലധിഷ്ഠിതമാംവിധം അവരുടെ സ്ഥാനമാനങ്ങളെ അംഗീകരിക്കുന്നു.

ഞാൻ നിങ്ങൾക്ക് രണ്ട് ഭാരങ്ങൾ ഏൽപിച്ചുപോകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ കുടുംബവുമാണവ ഹൗളുൽ കൗസർ എത്തുന്നത് വരെ അവരണ്ടും വേർപിരിയുകയില്ല.

ഈ വചനം തന്നെ അവരുടെ സ്ഥാനപ്രകാശനത്തിന് മതിയായതാണ്. അഹ്‌ലുബൈത്തിന്റെ ഉത്തരവാദിത്വം മറ്റുള്ളവരെക്കാൾ ഏറെയാണ്. അലിബ്നിൻ ഹുസൈൻ, സൈനുൽ ആബിദീൻ ഖുർറത് അയ്നിൽ ഇസ്‌ലാം എന്നിവർ അതുൾകൊണ്ടവരാണ്. ഖുർറതു പറയുന്നു ഞങ്ങളിൽ നിന്ന് സദ്‌വൃത്തർക്ക് പ്രതിഫലം ഞാൻ പ്രതീക്ഷിക്കുന്നു ദുർവൃതർക്ക് ഇരട്ടി ശിക്ഷയും ഞാൻ ഭയക്കുന്നു.

അഹ്‌ലുബൈത്തിനെ ഏതെങ്കിലും വിധം മോശമാക്കുന്നവർ ഹതഭാഗ്യരാണ്. കുറ്റം പറഞ്ഞോ പരിഹസിച്ചോ ഏത് വിധമായാലും അത് ആപത്കരമാണ്. കാരണം ഈ വിഷയകമായ ഹദീസുകൾ അനവധിയാണ്. അഹ്‌ലുബൈത്തിനർഹമായത് നൽകാതിരിക്കുന്നതും അവഗണനയുടെ ഗണത്തിൽപെട്ടതാണ്.

മസ്മൂർബിൻ മഖ്റമ (റ) യിൽ നിന്ന് നിവേദനം നബി(ﷺ) പറഞ്ഞു ഫാത്വിമ(റ) എന്റെ അംഗമാണ്. അവളുടെ പ്രയാസം എന്റെയും പ്രയാസമാണ്. അവളെ കോപിപ്പിക്കുന്നത് എന്നെയും കോപിപ്പിക്കലാണ്.

വിശുദ്ധ പരമ്പരക്ക് സമുദായം വകവെച്ചുനൽകേണ്ട അനവധി കടപ്പാടുകളുണ്ട്. ആദരവിലും അംഗീകാരത്തിലും പാലിക്കേണ്ട തലങ്ങളുമുണ്ട്. എന്റെ പരമ്പരയുടെ വിഷയത്തിൽ എന്നെ വിഷമിപ്പിച്ചവർക്കുമേൽ അല്ലാഹുവിന്റെ ദേഷ്യം ശക്തമാണ് 'എന്ന പ്രവാചകവചനം എന്ത് ഗൗരവതരമാണെന്നോർക്കുക.

മറ്റൊരിക്കൽ നബി(ﷺ) അലിഫാത്വിമ കുടുംബത്തോട് പറഞ്ഞു. നിങ്ങളോട് സമരത്തിലായവരോട് ഞാൻ സമരത്തിലാണ്. നിങ്ങളോട് സന്ധിയുള്ളവരോട് ഞാനും സന്ധിയിലാണ്.

മറ്റൊരു വചനത്തിന്റെ സാരം ഇങ്ങനെ വായിക്കാം എന്റെ ഒരു രോമത്തെയെങ്കിലും പ്രയാസപ്പെടുത്തിയാൽ എനിക്ക് പ്രയാസമായി എന്നെ വിഷമിപ്പിക്കുന്നവൻ അല്ലാഹുവിനെ പ്രയാസപ്പെടുത്തിയവനായി.

അലി (റ) നിവേദനം ചെയ്യുന്നു. തിരുനബി(ﷺ) പറഞ്ഞു നാലു വിഭാഗത്തിന് അന്ത്യനാളിൽ ഞാൻ ശുപാർശ ചെയ്യും.

1. എന്റെ പരമ്പരയെആദരിച്ചവർ

2. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നവർ

3. അവർക്കുവേണ്ടി പരിശ്രമിക്കുന്നവർ

4. ഹൃദയംകൊണ്ടും നാവുകൊണ്ടും അവരെ സ്നേഹിക്കുന്നവർ (ദൈലമി)

അലി(റ) വിൽനിന്നുതന്നെ മറ്റൊരു നിവേദനം ഇങ്ങനെയാണ് നബി(ﷺ) പറഞ്ഞു സ്വിറാത്തിനുമേൽ ഏറ്റവും ഭദ്രമാകുന്നവർ എന്റെ കുടുംബത്തെയും അനുചരന്മാരെയും അത്യധികം സ്നേഹിക്കുന്നവരാണ് (ഇബ്നു അദിയ്യ്).

നബി(ﷺ) പറഞ്ഞതായി അലി(റ) വിൽനിന്നുള്ള മറ്റൊരു നിവേദനം ഞാനും ഫാത്വിമയും ഹസനും ഹുസൈനും ഞങ്ങളെ സ്നേഹിച്ചവരോടൊപ്പം അന്ത്യനാളിൽ ഒരുമിച്ചുകൂടും ഞങ്ങൾ ഒരുമിച്ചു ഭക്ഷണപാനീയങ്ങൾ കഴിക്കും ഞങ്ങൾ മറ്റുള്ളവരിൽനിന്ന് വേറിട്ടൊരുമിച്ചിരിക്കും.

അബൂദർ (റ)വിൽനിന്ന് നിവേദനം നബി(ﷺ) പറഞ്ഞു. നിങ്ങൾക്കിടയിൽ എന്റെ കുടുംബത്തിന്റെ സ്ഥാനം നൂഹ് നബി(അ)യുടെ കപ്പൽപോലെയാണ് കയറിയവർ രക്ഷപ്പെട്ടു. കയറാത്തവർ മുങ്ങിപ്പോയിരിക്കുന്നു (ഇബ്നു ജമീർ) മറ്റൊരു നിവേദനത്തിനത്തിൽ ഇസ്രയേലിരിലെ "ഹിത്വം" കവാടം പോലെയാണ് എന്നുകൂടി കാണാം.

നബി(ﷺ) പറഞ്ഞു എന്റെ സമുദായത്തിൽനിന്ന് ഞാൻ വിവാഹം കഴിക്കുന്നവരും ഞാൻ വിവാഹം കഴിപ്പിക്കുന്നവരും എന്നോടൊപ്പം സ്വർഗ്ഗത്തിൽ വേണമെന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അവൻ അതെനിക്കു നൽകിക്കഴിഞ്ഞു (ഇബ്നുന്നജ്ജാർ) ഈ വചനത്തിന്റെ അർത്ഥമുൾക്കൊണ്ട ഉമർ(റ) മാഹാത്മ്യം കൈവരിക്കാനായി നബി(ﷺ) പുത്രിയെ വിവാഹാലോചന നടത്തുകയും ചെയ്തു.

ഇബ്നു അബ്ബാസ്(റ) പറയുന്നു. നബി(ﷺ) പറഞ്ഞു ഞാനെന്റെ മരുമകൾക്ക് സ്വർഗ്ഗം നൽകണമെന്ന് ഞാൻ പ്രാർത്ഥിച്ചു അത് നൽകുകയും ചെയ്തു. (അബുൽ ഖൈർ ഹാകിമി അൽ ഖസ്വീനി)

ഇബ്നു അബീ ഔഫ(റ)യുടെ നിവേദനം നബി (ﷺ) പറഞ്ഞു. ഞാൻ വിവാഹം കഴിച്ചുകൊടുത്തവർ, ഞാൻ വിവാഹം കഴിച്ചവർ എന്നിവർക്കുമേൽ നരകം അല്ലാഹു ഹറാമാക്കിയിരിക്കുന്നു. (ഇബ്നു അസാകിർ)

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ്. ഞാൻ വിവാഹം കഴിച്ചുകൊടുക്കുന്നവരും ഞാൻ വിവാഹം കഴിക്കുന്നവരും സ്വർഗ്ഗവാസികളാകണമെന്ന് ഞാൻ അല്ലാഹുവിനോട് ചോദിച്ചു.

നബികുടുംബത്തോടുള്ള സ്നേഹവും ആദരനിർഭരമായ സമീപനവും വിജയത്തിലേക്കും തിരുനബി(ﷺ)യിലേക്കുള്ള മാർഗ്ഗമാണെന്നത് നിസ്തർക്കമത്രെ.

ഫാതിമ(റ)യെ സ്നേഹിക്കുക മതകീയമായ അനിവാര്യതയാണ്. മഹതിയോടുള്ള ആദരവും ബഹുമാനവും വിശ്വാസത്തിന്റെ ഭാഗമാണ് എന്റെ കുടുംബക്കാരോടുള്ള അനുഭാവമല്ലാതെ ഞാൻ നിങ്ങളിൽനിന്നൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എന്ന ഖുർആനിക സാരം ഗൗരവതരമായി ഉൾക്കൊള്ളേണ്ടതിവിടെയാണ്. പക്ഷേ തഖ്വയിലധിഷ്ഠിതവും ഇസ്ലാമിക ശരീഅത്തിനെ പൂർണ്ണമായും പാലിച്ചുകൊണ്ടുമാകണം സ്നേഹപ്രകടനം നിർവ്വഹിക്കേണ്ടത്. അതിനപ്പുറമുള്ളതെല്ലാം അലക്ഷ്യമാണ്. നിരർത്ഥകവും വിനാശകരവുമാണ്. ബന്ധം

വിശ്വാസപരമാണ്. സ്നേഹമാനങ്ങൾ മതകീയമാണിവിടെ. വികാരവിഭ്രമങ്ങൾക്കോ സാങ്കൽപിക കഥനങ്ങൾക്കോ പ്രവേശനമില്ല. ഈമാനിക ഇതിവൃത്തത്തിനപ്പുറമുള്ളവർ അടുത്ത കുടുംബക്കാരായിട്ടുപോലും നബി(ﷺ) പരിഗണിച്ചില്ല. പിതൃവ്യനായ അബൂലഹബ്ഉദാഹരണം മാത്രം പ്രത്യുത നബികുടുംബത്തോടുള്ള സ്നേഹം ഫാത്വിമ(റ)യോടുള്ള അനുഭാവം എല്ലാം ഈമാനികമാകേണ്ടതനിവാര്യമാണ്. അതാണ് കരണീയമായ മാർഗ്ഗം, ഈമാനികമാനദണ്ഡത്തിലുള്ള ദർശന വീക്ഷണങ്ങൾ അല്ലാഹു നമ്മെ നേർമാർഗത്തിൽ വഴിനടത്തട്ടെ. (ആമീൻ)

(ശിയാക്കളുടെ വിശ്വാസമുഖങ്ങളുടെ അർത്ഥശൂന്യത കാണിക്കാനും, ശരിയായ സ്നേഹതലം വിശദീകരിക്കാനുമാണ് ഈ അധ്യായം ക്രോഡീകരിച്ചത്. വിവർത്തനവും സ്നേഹത്തിന്റെ തലം എന്ന വിശദീകരണവും പ്രസ്തുത മാനദണ്ഡത്തിൽ വായിക്കുക. - വിവർത്തകൻ)

# സ്വഭാവമഹിമ

സദ്ഗുണയും സുശീലയുമാണ് ഫാത്വിമ(റ). കണിശമായ കാഴ്ച പ്പാട്, കുശാഗ്രബുദ്ധി, മാന്യതയും കുലീനതയും നിറഞ്ഞ ഭാവം. എല്ലാ സദ്ഗുണങ്ങളുടെയും സമ്മേളനമാണ് ഫാത്വിമ(റ).

പിതാവിന്റെ വഫാത്തിന് മുമ്പവൾ പൂർണ പ്രസന്നയായിരുന്നു. പിന്നീടവൾ അധികം ആഹ്ലാദിച്ചിട്ടില്ല. ഭൗതീകാഢംബരങ്ങളെ പൂർണ മായും ത്യജിച്ചുകഴിയുകയായിരുന്നു.

അസത്യത്തിനുവേണ്ടി ആ അധരങ്ങൾ ചലിച്ചിട്ടില്ല. സത്യമൊഴി കൾക്കല്ലാതെ നാവനങ്ങിയിട്ടുമില്ല. ആരെയും മേശമാക്കാനോ ഏഷണി പരദൂഷണങ്ങൾക്കോ അവൾ വിധേയയായിട്ടില്ല. കരാർ പാലനം, രഹസ്യം സൂക്ഷിക്കുക, വിട്ടുവീഴ്ച ചെയ്യുക, വാക്ക് പാലിക്കുക, തുടങ്ങി സദ്സ്വഭാവങ്ങളെല്ലാം പൂർണ്ണമായി നിലനിർത്തിയ മഹിളാരത്നം.

വിശ്വസ്ഥതയുടെ പര്യായമായിരുന്ന മഹതി തന്റെ ഭർത്താവിന്റെ വാക്കുകളെക്കാതോർത്തു.

പരിശുദ്ധിയുടെ തികവ് മഹതിയിൽ പ്രകടമായിരുന്നു. “അഹ്ലു ബൈത്തിൽനിന്ന് മ്ലേഛരതകളെ ഇല്ലായ്മചെയ്തിരിക്കുന്നു.” എന്ന ഖുർ ആനിക പ്രഖ്യാപനത്തിന്റെ പ്രതിരൂപമായിരുന്നു ഫാതിമ.(റ)

അനസ്(റ) നിവേദനം ചെയ്യുന്നു. നബി (സ) ചോദിച്ചു. സ്ത്രീക ളിലെ മഹദ്ഗുണം എന്താണ്? എന്ത് പറയണമെന്ന് ഞങ്ങൾക്ക് മനസ്സി ലായില്ല. അലി(റ) ഫാതിമ(റ)യോട് ചോദിച്ചു. ഉടനെ ഫാതിമ(റ) ചോദിച്ചു നിങ്ങൾ ഇങ്ങനെമറുപടി പറഞ്ഞാലോ.! സ്ത്രീകളിലെ മഹത്വമുള്ള

വർ പുരുഷന്മാരെ നോക്കാത്തവരും പുരുഷന്മാർ കാണാ ത്തവരു മാണ് അലി(റ) ഈ മറുപടി നബി (സ) യോട് പറഞ്ഞു: തിരുമേനി(ﷺ) ചോദിച്ചു ആരാണ് നിങ്ങളെ ഇത് പഠിപ്പിച്ചത്?. അലി(റ) പറഞ്ഞു ഫാത്വിമ(റ)യാണ്. ഫാത്വിമ(റ) എന്റെ അംശമാണ്. നബി ചേർത്തു പറ ഞ്ഞുനാണത്തിൽ ഉദാഹരിക്കപ്പെടാവുന്നത്ര ഹയാഉ ന്റെഉടമയായി രുന്നു അവൾ ഹയാഅ് ഈമാനിന്റെ ഭാഗമാണ്. സജ്ജനങ്ങളുടെ വിശേ ഷണവും സദ്വൃത്തയായ വനിതകളുടെ ആഭരണവുമാണ്. അത് ഗുണമേ പ്രദാനം ചെയ്യൂ. അനർത്ഥങ്ങളിൽനിന്ന് തടയാനേ അതുപകരി ക്കൂ.

ഫാത്വിമ(റ)യുടെ നാണം അതുല്യമായിരുന്നു ഒരിക്കൽ അസ്മാ അ്ബിൻത് ഉമൈസിന്റെ ചാരെ ചേർന്ന് ഫാത്വിമ(റ) കരയാൻ തുടങ്ങി. അസ്മാഅ് കാരണമന്വേഷിച്ചു. വിചാരങ്ങളെ സംഭ്രമിപ്പിക്കുന്ന മറുപടി യാണവൾ നൽകിയത്. നാണബോധത്താൽ... ഒപ്പം മരണാനന്തരത്തെ ആലോചിച്ചു കരയുകയായിരുന്നുവത്രെ. അതായത് മരണപ്പെട്ട് കുളിപ്പി ക്കലും കഴിഞ്ഞ് ജനാസ പൊതിഞ്ഞശേഷം മറമാടാൻ വേണ്ടി പുരുഷ ന്മാരെ ഏൽപിക്കുമ്പോൾ തന്റെ ശരീരത്തോട് വസ്ത്രം ചേർത്തു കെട്ടു ന്നതിനാൽ ശരീരത്തിന്റെ വലുപ്പവും ഭാവവും വ്യക്തമാകുമല്ലോ എന്നോർത്താണവർ കരഞ്ഞുപോയത്. (ഹയാഇന്റെ മൂർത്തീഭാവമെന്നെ ങ്ങനെ പറയാതിരിക്കും)

അസ്മാഅ്(റ) മറുപടികേട്ടത്ഭുതപ്പെട്ടു. എന്നിട്ട് പറഞ്ഞു 'മോളേ ഇവിടെയൊക്കെ ഒരു പലകപ്പുറത്താണ് ജനാസ കൊണ്ടുപോകുന്നതെ ങ്കിലും നാലു ഭാഗവും മറയും മുകളിൽ തുണിയിട്ടും ജനാസകൊണ്ടു പോകുന്ന നടപടിയും ഉണ്ട്. അത് അബ്സീനിയയിലൊക്കെയുണ്ടെന്ന് അവൾ ധരിപ്പിച്ചു. ഫാത്വിമ(റ) അതാഗ്രഹിക്കുകയും ചെയ്തു. അത് അസ്മാഇ(റ)നോട് വസിയ്യത്ത് ചെയ്ത ശേഷം ഇങ്ങനെ പ്രാർത്ഥിച്ചു. എന്നെ നിങ്ങൾ മറയ്ക്കുന്നത് പോലെ അല്ലാഹു നിങ്ങളെയും മറ യ്ക്കട്ടെ .

ജീവിതകാലത്ത് തന്നെ മരണശേഷമുള്ള നാണം മറക്കുന്നത്ര ഹയാഅ് ഇതെത്ര അതുല്യമാണ്.

ഫാത്വിമ(റ)യുടെ ജീവിതം ലളിതമായിരുന്നു. ഉള്ളത്കൊണ്ട് തൃപ്തി യടയുന്ന ഭാവം പിതാവിന്റെ വാക്കുകൾ അവൾക്ക് സന്തോഷം നൽകി. "ഇസ്ലാമിലേക്ക് മാർഗ്ഗദർശനം സിദ്ധിക്കുകയും ഉള്ളതിൽ തൃപ്തിയ

ടഞ്ഞ് ജീവിക്കുകയും ചെയ്യുന്നവർ എത്ര ഭാഗ്യമുള്ളവരാണ്. അവർക്ക് മംഗളം". നബി(ﷺ)യുടെ പ്രസംഗവും അവൾ കേട്ടിട്ടുണ്ട്. ഓ ജനങ്ങളെ നിങ്ങൾ നന്നായി അധ്വാനിക്കുക.... അല്ലാഹു നിശ്ചയിച്ചത് മാത്രമേ അടിമക്ക് ഭൗതികജീവിതത്തിൽ ലഭിക്കുകയുള്ളൂ, ഭൗതികജീവിതത്തിൽ അവന് വിധിച്ചത് അനുഭവിക്കാതെ യാത്രപറയുകയുമില്ല . നബി(ﷺ) ഫാത്വിമ(റ)യോട് പറയും "മോളേ, ഭൗതികജീവിതത്തിന്റെ കയർപ്പുകളെ നീ ക്ഷമിക്കുക. നിദാന്തമായ അനുഗ്രഹത്താൽ നീ വിജയം വരിക്കും".

അസ്മാഅ്ബിൻത് ഉമൈസ്(റ) നിവേദനം ചെയ്യുന്നു. ഫാത്വിമ (റ) പറഞ്ഞു. ഒരു ദിവസം നബി(ﷺ) വീട്ടിലേക്ക് വന്നു ചോദിച്ചു. മക്കളെവിടെ? (അതായത് ഹസൻ, ഹുസൈൻ) ഞാൻ പറഞ്ഞു ഇന്ന് ഈ വീട്ടിൽ ഒരു ഭക്ഷണവും ഇല്ല.- (നാം അല്ലാഹുവിന് സർവ്വസ്തോത്രങ്ങളുംനേരുന്നു.)അപ്പോൾ അലി (റ) പറഞ്ഞു. നിന്റെയടുക്കൽ മക്കൾ കരയാതിരിക്കാൻ ഞാൻ മക്കളെയുമായി പോകാം (അങ്ങനെ പുറത്ത് പോയതാണ്)

ജീവിതക്ലേശങ്ങളിൽ പൂർണ്ണക്ഷമയോടെയാണ് അവളുടെ ജീവിതം. സൗകര്യങ്ങളുടെയും ജീവിതചുറ്റുപാടിന്റെയും പരിമിതികളെ സഹനത്തോടെ അവൾ തരണം ചെയ്തു. മറ്റുള്ളവരിൽനിന്നൊന്നും അവൾ ആഗ്രഹിച്ചില്ല. ഉള്ള അവസ്ഥയിൽ പൂർണ്ണ സംതൃപ്തി നിലനിർത്തുകയും ചെയ്തു. ഉപ്പയുടെ വാക്കുകൾ അവൾക്ക് പാഠമായിരുന്നു വ്യൂൽപത്തിയിലല്ല ഐശ്വര്യം ആത്മസംതൃപ്തിയിലാണ് ഐശ്വര്യം കുടികൊളളുന്നത്.

നബി(സ) ഒരു ഗ്രാമീണനെ ഉപദേശിച്ചതിങ്ങനെയാണ്. നീ നിസ്കരിക്കുമ്പോൾ ഭൗതികജീവിതത്തിൽനിന്ന് വിടവാങ്ങുന്നവനെപ്പോലെ നിസ്കരിക്കുക. നാളെ കാരണം ബോധിപ്പിക്കേണ്ടവിധം ഒന്നും പറയാതിരിക്കുക. ജനങ്ങളുടെ പക്കലുള്ളതിൽനിന്ന് ആഗ്രഹിക്കാതിരിക്കുക. അതാണ് അപ്പോഴത്തെ ഐശ്വര്യം.

അലിയ്യ്(റ) പറയുന്നതുമവൾക്കറിയാം. ജനങ്ങളോടുള്ള ആവശ്യവും അവരിൽ നിന്നുള്ള ഐശ്വര്യവും നിന്റെ ഹൃദയത്തിൽ ഒരുമിച്ചു കൂടും. അവരോടുള്ള ആവശ്യം നിന്റെ മൃദുലവാചകങ്ങളിലും പ്രസന്നവദനത്തിലും പ്രകാശിതമാകും. അവരിൽനിന്നുള്ള ഐശ്വര്യം നിന്റെ ആവശ്യങ്ങളിൽനിന്നുള്ള പരിത്യാഗത്തിലും പ്രതാപം നിലനിർത്തുന്നതിലും പ്രകടമാകും.

ഭൗതികതയിൽനിന്ന് ഐശ്വര്യവതിയായിരുന്നു. അവൾ ഹൃദയം ഭൗമികസുഖങ്ങൾക്ക് പണയം വെച്ചിരുന്നില്ല. താഴ്മയ്ക്കും സംതൃപ്തിക്കും വിപരീതമായി ആ ജീവിതത്തിൽ ഒന്നുംതന്നെ പ്രകടമായതേ ഇല്ല. ജീവിതത്തിന്റെ ഗതിമാനങ്ങളിൽ ക്ഷമയുടെ മൂടുപടമണിഞ്ഞ് അവൾ ധന്യയായി. നാവ് ഇലാഹീമന്ത്രങ്ങളാൽ ഹരിതാഭമാവുകയും ചെയ്തു.

ഫാത്വിമ(റ)യെ മഥിച്ചത് പരലോകമായിരുന്നു. ഐഹികമായ അലങ്കാരങ്ങൾ അവളെ ഭ്രമിപ്പിച്ചില്ല. തിരുവചനംപോലെയായിരുന്നു അവളുടെ ജീവിതം. നബി(ﷺ) പറഞ്ഞു. ഭൗമികമായ ചിന്തയാൽ, ഒരാൾ പ്രഭാതമായാൽ അവന്റെ കാര്യങ്ങളെ അവന്റെ മേൽ ചിതറിക്കളയും അവന്റെ ദാരിദ്ര്യം അവന്റെ കൺമുന്നിൽ കാണിച്ചുകൊടുക്കും. അവന് അല്ലാഹു വിധിച്ചതേ ലഭിക്കുകയുള്ളൂ. പരലോകചിന്തയാൽ ഒരാൾ പ്രഭാതമായാൽ. അവന്റെ പ്രശ്നങ്ങളെ അല്ലാഹു ഏറ്റെടുക്കും. അവന്റെ നഷ്ടങ്ങളെ കാത്തുസൂക്ഷിക്കും. ഹൃദയത്തിൽ ഐശ്വര്യം നിറക്കും ദുൻയാവ് അവനിലേക്ക് വരും.

തിരുനബി(ﷺ)യുടെ പരിചരണത്തിൽനിന്നാണല്ലോ ഫാത്വിമ(റ) പഠിച്ചത്. പരിത്യാഗിയായ പിതാവിന്റെ മകൾ അതു ശീലിച്ചു. എന്ന് സാരം ഭൗതിക വിരക്തിയുടെ ഗിരിശൃംഖത്തിൽ കൊത്തിവെക്കാവുന്ന ഒരു ശകലം കൂടി ചേർത്ത് വായിക്കാം. നബി(ﷺ) പറഞ്ഞു. മക്കയിലെ ബത്ഹാഅ് തോപ്പുകൾ സ്വർണ്ണമാക്കിത്തരാമെന്ന് അല്ലാഹു അറിയിച്ചു. ഞാൻ പറഞ്ഞു വേണ്ട.... ഒന്നിടവിട്ട് ഭക്ഷണം കഴിഞ്ഞു ഞാൻ കഴിച്ചു. ഞാൻ പറഞ്ഞു. വേണ്ട... ഒന്നിടവിട്ട് ഭക്ഷണം കഴിച്ച് ഞാൻ കഴിഞ്ഞു കൂടാം ഞാൻ വിശക്കുന്നദിവസം നിനക്ക് സ്തുതി കീർത്തനങ്ങളും സ്തോത്രങ്ങളും നേർന്ന് കഴിഞ്ഞുകൂടാം റബ്ബേ...

അതെ അണിഞ്ഞൊരുങ്ങിയ താത്കാലിക വാസസ്ഥലത്തെ അവൾ പരിഗണിച്ചില്ല. ദോഷചിന്തകളിൽ അവൾ കീഴടങ്ങിയില്ല. ആഡംബരങ്ങളിൽ കൺകുളിർക്കാതെ അന്ത്യനാളിനെ അവൾ താലോലിച്ചു.

# ഫാത്വിമ (റ)യുടെ കർമ്മശാസ്ത്രം

ലോകവനിതകളുടെ നേതാവാണ് ഫാത്വിമ(റ). അതിൽ തർക്കമില്ല. ഒപ്പം കർമ്മശാസ്ത്രവിശാരദയും ഇസ്‌ലാമികപ്രമാണങ്ങളിൽ അവഗാഹമുള്ളവളുമാണ്. പരിജ്ഞാനത്തിന്റെയും പരിചാരണത്തിന്റെയും പാഠഭാഗങ്ങൾ തിരുനബി(ﷺ)യിൽനിന്ന് നേരിട്ട് പകർത്തിയതാണവൾ മാതാവിന്റെ വിയോഗത്തിന് ശേഷം പിതാവിന്റെ പരിചരണംകൂടി നിർവ്വഹിച്ച അതുല്യപ്രതിഭാസമത്രെ ഫാത്വിമ(റ).

ഇലാഹീപ്രഭാവത്തിൽ പരിലാളിക്കപ്പെടുന്ന ഫാത്വിമ(റ)യിൽനിന്ന് കർമ്മശാസ്ത്രവിജ്ഞാനത്തെ മാത്രം പകർത്താനൊരുങ്ങുമ്പോഴും പല കാര്യങ്ങളും എടുത്തുപറയാൻ മാത്രം കാണാം. തിരുനബി(ﷺ) യുടെ പ്രബോധനജീവിതത്തിലെ നിർണ്ണായക ഘട്ടകങ്ങൾ മുഴുവൻ കർമ്മബോധത്തോടെ സാക്ഷിയാകാൻ മകൾക്ക് ഭാഗ്യം ലഭിച്ചു ഹ്രസ്വമായി മാത്രമേ ഈ വിഷയത്തെ സ്പർശിക്കാൻ ആഗ്രഹിക്കുന്നുള്ളൂ.

നബി(ﷺ) കഅ്ബാമുറ്റത്ത് നിസ്കാരം നിർവ്വഹിക്കുന്നരംഗം സുജൂദിന്റെ വേളയിൽ ഒട്ടകത്തിന്റെ കുടൽമാല കഴുത്തിലേക്ക് ചാർത്തിക്കൊടുത്തു. ശത്രുക്കൾ അത് നോക്കി ആർത്തു ചിരിച്ചു. തല ഉയർത്താനാവാതെ തിരുനബി(ﷺ) സുജൂദിൽതന്നെ തുടർന്നു. ഫാത്വിമയാണപ്പോൾ ആ കുടൽമാല എടുത്തുമാറ്റാൻ ധൈര്യപ്പെട്ട് മുന്നോട്ട് വന്നത്. (ബുഖാരി)

ഭർത്താവിനോടുള്ള കടപ്പാടുകൾ., മക്കളോടും ഭവനത്തോടുമുള്ള ബാധ്യതകൾ എല്ലാം ന്യൂനതയില്ലാതെ അവൾ നിർവ്വഹിച്ചു. അരക്കുന്ന

കല്ലിന്റെ അടയാളം കൈയിൽ പതിഞ്ഞിരുന്നു. വെള്ളം ചുമന്നതിന്റെ തഴക്കം ആ ചുമലുകളിൽ ഉണ്ടായിരുന്നു. അലി(റ) പറയുന്നു. ഞാൻ ഫാത്വിമയെ വിവാഹം കഴിച്ചകാലത്ത് ഒരാട്ടിൻതോലായിരുന്നു വിരിപ്പായിട്ടുണ്ടായിരുന്നത്.

എനിക്കും അവൾക്കും സേവനത്തിനായി അവൾ മാത്രം നബി(ﷺ) മകളെ വിവാഹം ചെയ്തുതന്നപ്പോൾ ഒപ്പം കൊടുത്തയച്ച വസ്തുക്കൾ എത്ര ലളിതമായിരുന്നുവെന്നോ? ആടിൻരോമത്തിലുള്ള ഒരു വിരിപ്പ് ഒരു തലയിണ, തോൽ പാത്രം,അരക്കാനുള്ള കല്ല്, രണ്ട് ചെറിയ പാത്രങ്ങൾ എന്നിവയായിരുന്നു വീടു വേലകളെല്ലാം അവൾതന്നെയാണ് ചെയ്തിരുന്നത്.

ക്ലേശമധികരിച്ചപ്പോൾ മകൾ ഉപ്പയുടെ അടുക്കലേക്ക് വന്ന് സംഭവം മുൻ അധ്യായത്തിൽനാം വായിച്ചിട്ടുണ്ട്.. പക്ഷേ അന്ന് തിരുനബി(ﷺ) അവിടുണ്ടായിരുന്നില്ല. പകരം പത്നി ആഇശ(റ) യാണ് ഫാതിമ(റ) യിൽനിന്ന് വിഷയങ്ങൾ കേട്ടിരുന്നത്.

നബി(ﷺ)ക്ക് മുറിവേറ്റ രംഗത്തും ഫാത്വിമ സന്നിഹിതയായിരുന്നു. ഉടനെ അലി(റ) ഒരു പാത്രത്തിൽ വെള്ളവുമായി വന്നു. ആ പാത്രത്തിന്റെ ദുർഗന്ധത്താൽ തിരുനബി(ﷺ) അതിൽനിന്ന് പാനം ചെയ്തില്ല പകരം വെള്ളമെടുത്ത് മുഖത്തെ മുറിവ് കഴുകി.

നബിയെ മുറിവേൽപിച്ചവരോട് അല്ലാഹു കോപിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് വെള്ളം പകർന്നിരുന്നത്. സഹ്ൽ(റ) പറയുന്നു അന്ന് നബി(ﷺ)യുടെ മുറിവ് കഴുകിയതാരാണെന്നും വെള്ളം പകർന്നു നൽകിയതാരാണെന്നും നന്നായി എനിക്കറിയാം

ഫാത്വിമ(റ)യുടെ കണിശമായ കണക്കുകൂട്ടലുകൾ, നിഗമനങ്ങൾ വ്യക്തമാക്കുന്ന അനവധി പരാമർശങ്ങളുണ്ട്. ചിലത് മാത്രം ഇവിടെ പകർത്തുകയാണ്.

1. ഒരിക്കൽ തിരുനബി(ﷺ) മകളോട് ചോദിച്ചു. മോളെ സ്ത്രീകളുടെ മഹത്വമെന്താണ്? (സ്ത്രീകളിൽ ഏറ്റവും നല്ലവർ ആരാണ്) അന്യപുരുഷനെ കാണുകയോ അന്യപുരുഷൻ കാണുകയോ ചെയ്യാത്തവളാണ്. ഈ മറുപടി തിരുനബിയെ അത്യധികം സന്തോഷിപ്പിച്ചു. ഗാഢമായ വിചാരത്തിൽ നിന്ന് പറയേണ്ട ഉത്തരം ധടുതിയിൽ ശരിയാംവണ്ണം പറഞ്ഞതിൽ പിതാവ് ആനന്ദിച്ചു ഇതിനെ ഉൾക്കൊള്ളും വിധംതിരുനബി(ﷺ)യുടെ തന്നെ ഒരു വചനം വായിക്കൂ.

പുരുഷന്മാർക്ക് പ്രയാസകരമാവുന്ന ഒരു നാശത്തെയും അവശേഷിപ്പിച്ചിട്ടില്ല,പെണ്ണിനെയല്ലാതെ . (പുരുഷനെ ഏറ്റവും വഴി പിഴപ്പിക്കുന്നത് സ്ത്രീകളായിരിക്കും എന്ന് സാരം)

2. തിരുനബി(ﷺ)യും പത്നിമാരും മുഴുവനും സന്നിഹിതരാണ്. പക്ഷേ ആരോടും പറയാത്ത ചിലത് ഫാത്വിമ (റ)യോട് നബി(ﷺ)ക്ക് പറയാനുണ്ട്. വഫാത്തിന്റെ മണിക്കൂറുകൾക്ക് മുമ്പായിരുന്നു രംഗം ഫാത്വിമ കടന്നുവന്നപ്പോഴേക്കും സ്വാഗതം ചെയ്തു. അടുത്തിരുത്തി അടക്കം പറഞ്ഞു. മകൾ ആ രഹസ്യത്തെ അർഹമാംവിധം കാത്തുസൂക്ഷിച്ചു പിതാവിന്റെ വിശദീകരണത്തെ ഹൃദയംകൊണ്ട്ഏറ്റുവാങ്ങി. ആദ്യം കരഞ്ഞു. പിന്നീട് ചിരിച്ചു (സംഭവം വഫാത്ത്റസൂൽ എന്ന അധ്യായത്തിൽ കഴിഞ്ഞിട്ടുണ്ട്.)

പ്രവാചകത്വപരമായ രഹസ്യങ്ങളെയും പ്രഖ്യാപനങ്ങളെയും ഏറ്റുവാങ്ങാൻ പക്വത നേടിയ യുവതിയായിരുന്നു ഫാത്വിമ എന്നതിന്റെ വ്യക്തമായ നിദർശനമാണീ ഹദീസ്. ലോകവനിതകളുടെ നേതാവായ നീ ആദ്യമായി എന്നോട് ചേരും എന്ന പ്രഖ്യാപനത്തെ സന്തോഷപൂർവ്വമാണ് മഹതി സ്വീകരിച്ചത്.

ഇമാം മുസ്ലിം(റ) നിവേദനം ചെയ്ത ഹദീസിൽ ആഇശ(റ) ഉദ്ദരിച്ചതിൽ അവസാനം ഇങ്ങനെയാണ് ഫാത്വിമ പറഞ്ഞു ആദ്യം എന്റെ ഉപ്പയുടെ വിയോഗത്തെക്കുറിച്ചു പറഞ്ഞു. ഞാൻ കരഞ്ഞു ശേഷം ഞാനാണ് നബി(ﷺ)ക്ക് ശേഷം ആദ്യമായി വിയോഗം തേടുക എന്നു പറഞ്ഞു ഞാൻ ചിരിച്ചു.

3. രസാവാഹമായ ഒരു നിവേദനം ഇങ്ങനെ വായിക്കാം ആഇശ(റ) ഫാത്വിമയോട് അഭിമാനപൂർവ്വം പറഞ്ഞു. നബി(ﷺ) വിവാഹം ചെയ്തതിൽ ഏക കന്യക ഞാനാണ്. (ഫാതിമക്ക് ഉമ്മയെ ഓർമ്മവന്നു) നബി (സ)യോട് സംഭവം പറഞ്ഞു. ഉടനെ മകളോട് പറഞ്ഞു നബി(ﷺ) കന്യകനായി (ആദ്യമായി) വിവാഹം കഴിച്ചത് എന്റെ ഉമ്മയെ മാത്രമാണെന്നാണ് മകൾ പറഞ്ഞോളൂ.

ഇബ്നു ഉമർ(റ)വും ഫാത്വിമ (റ) വും സ്വദഖകളെ മദീനയിൽ നിലനിർത്തിയ സംഭവം വളരെ പ്രസിദ്ധമാണ്. ഒപ്പം നമ്മുടെ അധ്യായത്തിന്റെ പ്രമേയവുമാണ് ഇബ്നുഹസം രേഖപ്പെടുത്തുന്നു വൈജ്ഞാനികവ്യുൽപത്തിയിൽ ഉദാഹരിക്കപ്പെടാവുന്ന ഉത്തമ നിർദ്ദേശമാണ് ഫാത്വിമ (റ) ഹദീസ് ഗ്രന്ഥങ്ങളെ അവലംബിക്കുമ്പോൾ അനവധി ഉദാഹരണങ്ങൾ ചേർത്തു വായിക്കാൻ കഴിയും.

വിജ്ഞാനപ്രകാശനത്തിലുപരി വിജ്ഞാനവും സൂക്ഷ്മതയും ഉൾക്കോളളുന്നതിലാണ് ഫാതിമ (റ) നിന്നത്. മരണത്തിന് ശേഷവും ശരീരത്തിന്റെ വർണ്ണനകളോ മറ്റോ വ്യക്തമാകാതിരിക്കാൻ അവൾ ആഗ്രഹിച്ചു. പ്രസ്തുത പരാമർശത്തെയാണ് കർമ്മശാസ്ത്ര ഗവേഷകന്മാരായ ഇമാമുമാർ മുഖവിലക്കെടുത്ത് വിധിനിർണയം നടത്തിയത്. സ്ത്രീകളുടെ ജനാസ ഖബ്റിൽ ഇറക്കുമ്പോൾ ഖബ്റിന്റെ മുകൾഭാഗം മറക്കൽ സുന്നത്താണെന്നാണ് ശാഫീ ഹമ്പലീ മദ്ഹബുകളിലെ അഭിപ്രായം.

മുഹമ്മദ്മുൻസ്വിർതകത്താനി രേഖപ്പെടുത്തുന്നു. എണ്ണിക്കണക്കാക്കാൻ മാത്രമുള്ള കർമ്മശാസ്ത്ര പരാമർശങ്ങൾ ഫാത്വിമ (റ) യുടെ ജീവിതത്തിൽനിന്ന് പകർത്താൻ കഴിയും. അവിടുത്തെ ജീവിതക്രമങ്ങളെയും പെരുമാറ്റച്ചട്ടങ്ങളെയും അപഗ്രഥിക്കുമ്പോൾ അത് വ്യക്തമാകും.

നബി(സ)യുടെ പാഠശാലയിൽനിന്ന് വൈജ്ഞാനിക പ്രഭാവത്തെയും ആത്മീയ ഗുണങ്ങളെയും പകർന്നെടുത്ത തരുണീമണിയാണ് ഫാത്വിമ (റ) മുസ്ലീം വനിതയും മാതൃകയും ഇസ്ലാമിക സ്ത്രീത്വത്തിന്റെ പര്യായവുമാണ്. പിതാവിന്റെ ഉമ്മ എന്ന് വിശേഷിപ്പിക്കപ്പെട്ട ഏക പുത്രി. മഹതിയിൽ നിറഞ്ഞുനിന്ന പക്വതയുടെ പ്രതിസ്ഫുരണമാണാ നാമത്തിന്റെ പൊരുൾ.

# സഹ്റാഇന്റെ വസിയ്യത്ത്

വിയോഗത്തിന്റെ അൽപം മുമ്പ് ഫാത്വിമ(റ)യും പ്രിയവല്ലഭൻ അലി (റ) വും നടന്ന സംഭാഷണത്തിൽ മൂന്ന് കാര്യങ്ങൾ മഹതിവസിയ്യത്ത് ചെയ്തു.

മഹതി പറഞ്ഞുതുടങ്ങി "പ്രിയപ്പെട്ടവനേ ഞാൻ എന്റെ ഉപ്പയിൽ ചേരാൻ അടുത്തിരിക്കുന്നു. ഓരോ നിമിഷവും അവിടത്തേക്ക് സമീപിച്ചുകൊണ്ടിരിക്കുകയാണ്. എനിക്ക് ചില കാര്യങ്ങൾ ഏൽപിക്കാനുണ്ട്. ഉടനെ അലി(റ) അടുത്തേക്ക് ചേർന്നിരുന്നു മുറിയിൽ നിന്ന് മറ്റുള്ളവരെയൊക്കെ പുറത്താക്കി ഫാത്വിമ പറഞ്ഞുതുടങ്ങി ഞാൻ നിങ്ങളോട് ചേർന്ന ശേഷം ഞാൻ നിങ്ങളെ പൂർണമായും അനുസരിച്ചിട്ടുണ്ട്. നിങ്ങളുടെ ആഗ്രഹങ്ങൾക്ക് ഞാൻ ഒത്തുനിന്നു വിഘാതം നിന്നിട്ടേ ഇല്ല. നിങ്ങൾ ചെയ്ത കരാറുകൾ ആത്മാർത്ഥമായിരുന്നു.

അലി (റ) പ്രതികരിച്ചു. അല്ലാഹു കാത്തുരക്ഷിക്കട്ടെ (മആദല്ലാഹ്) എന്നെക്കാളും അല്ലാഹുവിനെ അറിയുന്നവളും സൂക്ഷിക്കുന്നവളും ഭയക്കുന്നവളും നീയാണ് ഫാത്വിമാ.. ഈ വേർപാടിനെ ഞാൻ സഹിക്കുന്നത് ഇതനിവാര്യമായതുകൊണ്ട് മാത്രമാണ് മോളേ.... തിരുനബി(സ)യുടെ വിയോഗം എന്നെ തളർത്തിക്കളഞ്ഞു. നിന്റെ അസാന്നിധ്യംകൂടിയാകുമ്പോൾ എനിക്കസഹ്യമാകുന്നു. പക്ഷേ നമ്മൾ അല്ലാഹുവിലേക്ക് മടങ്ങേണ്ടവരാണല്ലോ...? ഇരുവരും ചേർന്ന് കരയാൻ തുടങ്ങി അലി(റ) ഫാത്വിമ(റ)യുടെ ശിരസ്സ് കൈകളിലേക്ക് താങ്ങി പറഞ്ഞു ഏൽപക്കേണ്ടതു ഏൽപിക്കൂ ഫാത്വിമാ...

മൂന്നു കാര്യങ്ങൾ എണ്ണിപ്പറഞ്ഞു.

1. ആസ്ബിൻ റബീഇന്റെയും സൈനബിന്റെയും പുത്രിയായ ഉമാമയെ നിങ്ങൾ വിവാഹം ചെയ്യണം. തന്നെപ്പോലെതന്റെ മക്കളെപ്പരിലാളിക്കാൻ ഉമാമക്ക് കഴിയും എന്നായിരുന്നു അതിന് കാരണം ഒപ്പം ഫാത്വിമയുടെ സഹോദരീ സൈനബിന്റെമകളാണോ ഉമാമ. (നബി(ﷺ) നിസ്കാരത്തിൽ വഹിച്ചുകൊണ്ട് നിസ്കരിച്ചു എന്ന് പരാമർശിക്കപ്പെട്ട ഉമാമയാണിത്)

2. എനിക്ക് വേണ്ടി നാലു ഭാഗവും മറവുള്ള ഒരു മയ്യിത്ത് കട്ടിൽ ശരിയാക്കണം. അസ്മാഅ് ബിൻത് ഉമൈസ് അതിന്റെ രീതികൾ നടേ പറഞ്ഞിട്ടുണ്ട്.

3. ജന്നതുൽ ബഖീഇൽ രാത്രിയേ ഖബറടക്കാവൂ.

ഈ വസ്വിയ്യത്തുകളെ ഹൃദയപൂർവ്വം ഗദ്ഗദത്തോടെ അലി (റ) ഏറ്റെടുത്തു. ഉമാമയെ വിവാഹം കഴിച്ചു (പക്ഷേ അതിൽ മക്കൾ ഉണ്ടായിരുന്നില്ല.)

ഫാത്വിമ വിശേഷിപ്പിച്ച വിധമുള്ള മയ്യിത്ത് കട്ടിൽ തരപ്പെടുത്തി ഖബ്റിനു മുകളിൽ മറ നിലനിർത്തി രാത്രി ബഖീഇലേക്ക് ജനാസ എടുക്കാൻ തീരുമാനിച്ചു.

# രോഗവും വിയോഗവും

രോഗം നീണ്ടുനിന്നില്ല. ഹിജ്റാബ്ദം പതിനൊന്നാംവർഷം ജമാദുൽ ആഖിർ മൂന്നിനാ (തിയ്യതി ക്ലിപ്തപ്പെടുത്തുന്നതിൽ ചരിത്രത്തിൽ അഭി പ്രായാന്തരങ്ങളുണ്ട്. ജമാദുൽ ആഖിൽ 10, റബീഉൽ ആഖിർ 13 ഞായർ, റജബ് 21, എന്നിവയാണ് മറ്റഭിപ്രായങ്ങൾ) യിരുന്നു വിയോഗം. എന്നാൽ പ്രാമാണികമായി പ്രബലമായ നിവേദനം റമളാൻ മാസത്തിലെ ഒരു തിങ്ക ളാഴ്ചദിവസമായിരുന്നു എന്നാണ്. മദാഇനി വാഖിദീ, ഇബ്നു അബ്ദുൽ ബർറ് എന്നീ പണ്ഡിതന്മാർ ഈ അഭിപ്രായമാണ് പ്രബലമാക്കിയത്.

29-ാമത്തെ വയസ്സിലാണ് മഹതി വഫാത്തായത്. വഫാത്താകുന്ന നേരം ഉപ്പയോട് കൂടാൻ പോവുകയാണല്ലോ എന്ന സന്തോഷത്തിലാ യിരുന്നു ഫാത്വിമ(റ).

ഫാത്വിമ(റ)യുടെ വിയോഗവാർത്ത മദീനയിൽ പടർന്നു. കേട്ടവർ കേട്ടവർ വസതിയിലേക്കെത്തിച്ചേർന്നു. ദു:ഖാർദ്രനായിരുന്നു അലി (റ) കരഞ്ഞുകൊണ്ട് ചാരത്തിരിക്കുന്ന അരുമ മക്കൾ ഹസനും ഹുസൈ(റ)നും മക്കളുടെ കരച്ചിൽ മദീനക്കാരുടെ ഹൃദയം കവർന്നു. അവരും അറിയാതെ കരഞ്ഞുപോയി. ജനാസനിസ്കാരത്തിനും മറമാ ടുന്നതിനും കാത്തിരിക്കുന്ന ജനസാമാന്യത്തിലേക്ക് അബുദർറുൽ ഹിഫാ രി(റ) കടന്നുവന്നു. ഇങ്ങനെ വിളിച്ചുപറഞ്ഞു. നിങ്ങൾ ഇപ്പോൾ പോയ് ക്കോളൂ രാത്രിയേ ഖബറടക്കുകയുള്ളൂ അത് നബിപുത്രിയുടെ വസ്വിയ്യ ത്താണ്. മറയുള്ള മയ്യിത്ത് കട്ടിലിലേക്ക് ജനാസഎടുത്ത് കിടത്തി. ഈ വിധമുള്ള മയ്യിത്ത് കട്ടിൽ ആദ്യം വഹിക്കപ്പെടുന്ന ജനാസ ഫാത്വിമ (റ) യുടേതാണ്. (അത്വരെ ഒരുപലകയുടെ മുകളിൽ കിടത്തിയാണ് കൊണ്ടു പോകുന്നത്.) ഒലിക്കുന്ന നയനങ്ങളും തപിക്കുന്ന ഹൃദയങ്ങളും ഫാത്വി

മയുടെ ശരീരത്തെ വഹിച്ചു. അലി(റ) ഇമാമായി മയ്യിത്ത് നിസ്കാരം നടന്നു. മഹാനവർകൾതന്നെ ഖബറിലേക്ക് ജനാസ കിടത്തി. ഹൃദയ ഭേദകമായ യാത്രാവചനങ്ങൾ ചൊല്ലി അദ്ദേഹം ഖബറിന്റെ ചാരത്ത് നിന്നു. തിരുനബി(ﷺ)ക്ക് പിറകെ ഫാത്വിമകൂടി യാത്രയായപ്പോൾ ഇരു ചിറകുമൊടിഞ്ഞ പക്ഷിയെപ്പോലെ അലി (റ) കൂടണഞ്ഞു.

ദുഖഗ്രസ്ഥമായ ഹൃദയതാപങ്ങളെ തണുപ്പിക്കാൻ പണിപ്പെട്ടു ഇട യിൽ അത് കവിതയായി ഇങ്ങനെ വഴിഞ്ഞു.

ഭൗമിക ദു:ഖം ഏറെ ഞാൻ കണ്ടല്ലോ
മരണം വരെ സഹനം തുടർന്നിടുമല്ലോ
സുഹൃത്തുക്കളെല്ലാം പിരിയുവാനാണല്ലോ
പിരിയാത്ത ബന്ധങ്ങൾ അതും കുറവല്ലോ
തിരുനബി മറഞ്ഞു ഉടനെ ഫാത്വിമയല്ലോ
ബന്ധങ്ങൾ പിരിയും എന്നതിൽ തെളിവല്ലോ

# വിശുദ്ധ പാരമ്പര്യം

മഹത്തായ പ്രവാചക കുടുംബത്തിന്റെ നായികയാകാൻ നിയോഗം സിദ്ധിച്ച മഹതിയാണ് ഫാത്വിമ(റ) മുസ്‌ലീം വനിതയുടെ പര്യായം, ഗുണവതിയായ ഭാര്യ, വത്സലയായ പുത്രി, മാതൃകായോഗ്യയായ മാതാവ്, പരിത്യാഗത്തിന്റെ വനിതാഭാവം. സഹനശീല, പരിശ്രമങ്ങളിൽ ആമഗ്നയായ സാത്വിക. അങ്ങനെ വിശേഷണങ്ങളുടെ അർത്ഥതലങ്ങൾ പ്രത്യേകം സൂചിപ്പിക്കാൻ അൽപം വരികൾ വിനിയോഗിക്കുകയാണിവിടെ

## 1. നബിപുത്രി

ഫാത്വിമ(റ)യുടെ മാഹാത്മ്യത്തിന്റെ ആകെത്തുകയാണിത് പാരമ്പര്യം പറയാവുന്നതിൽ ഏറ്റവും നല്ല പാരമ്പര്യമല്ലെ നബിപരമ്പര ഫാത്വിമ(റ)യോട് പിതാമഹിമകൾ പറയാവുന്ന മറ്റു പുത്രിമാർ ലോകത്തുണ്ടോ? അങ്ങനെയാകുമ്പോൾ ആദം സന്തതികളിൽ ഏറ്റവും ആദരണീയയായ. പിതാവിന്റെ പുത്രിയല്ലോ ഫാത്വിമ.

ഫാത്വിമ(റ)ക്കും ഇത്താത്തമാർക്കും മാത്രം ചോദിക്കാവുന്ന ഒരു ചോദ്യമിതാണ്. ഞങ്ങളുടെ പിതാവിന് തുല്യമായി ഏത് പിതാവാണുളളത്?

## 2. 'ഫാതിമ' എന്ന നാമം

മുലയൂട്ടുക എന്ന അർത്ഥകൽപനവഹിക്കുന്ന അറബി പദത്തിൽ നിന്ന് നിഷ്പന്നമായ പദമാണ് ഫാത്വിമ മഹത്തായ ഒരു പാരമ്പര്യത്തിന്റെ മാതൃത്വം ജന്മനാ നേടിയതിന്റെ സൂചനയത്രെ ഈ നാമം

ഫാത്വിമ(റ)യുടെ പുത്രന്മാരായ ഹസൻ ഹുസൈൻ (റ) വിലൂടെയാണ്നബികുടുംബത്തിന്റെ പാരമ്പര്യം ഇന്നുവരേയും തുടരുന്നത്.

## 5. വനിതകളുടെ നേതാവ്

മറിയം (റ) കഴിഞ്ഞാൽ ലോകവിശ്വാസികളുടെ നേതാവാണ് ഫാത്വിമ(റ) (ഹാകിം, ത്വബ്റാനി). ഇബ്നു ഹജർ അൽ ഹൈതമി (റ) പറയുന്നു. അബുൽ ഫള്ൽ ഇബ്നുഹജറി(റ)ന്റെയും അവർ അവലംബമാക്കിയ സുബ്കി(റ) വിന്റെയും മറ്റു വീക്ഷണാശാലികളുടെയും വായനകൾ വ്യക്തമാക്കുന്നതിങ്ങനെയാണ്. മേൽ പറഞ്ഞ ഹദീസ് ഒരാമുഖ പരാമർശമാണ്. ഇബ്നു അബ്ദുൽ ബർറ്(റ) ഇബ്നു അബ്ബാസ് (റ) വിൽനിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരമാണുള്ളത്. ലോക വനിതകളുടെ നേതാവ് ഇംറാന്റെ മകൾ മർയം, ഫാത്വിമ, ഖദീജ, ആസിയ(റ) എന്ന ക്രമത്തിലാകുന്നു. നബി(ﷺ)യുടെ പുത്രമാരിൽനിന്നും വ്യത്യസ്തമായി ഫാത്വിമ (റ)ക്കുള്ള സ്ഥാനം ഹാഫിള് ഇബ്നു ഹജർ (റ) പറയുന്നു. നബി(സ)യുടെ പാരമ്പര്യം നിലനിൽക്കുന്നത് ഫാതിമ (റ)യിലൂടെ മാത്രമാണ്. മാത്രമല്ല മറ്റുള്ള സഹോദരിമാർ നബി(ﷺ)യുടെ ജീവിതകാലത്ത് തന്നെ പരലോകം പ്രാപിക്കുകയും ചെയ്തു. തദ്വാരാ അവർ നബി ചരിത്രത്തിലേക്ക് ലയിച്ചു. ഫാതിമയുടെ ജീവിതകാലത്താണ് നബി(ﷺ) വഫാത്തായത്, പ്രത്യുത നബിചരിത്രത്തെ ഫാത്വിമ(റ) ഏറ്റുവാങ്ങി പാരമ്പര്യത്തെ നിലനിർത്തി. ഇബ്നു ജരീർ ത്വബ്രീ ഉദ്ദരിക്കുന്ന ഒരു ഹദീസ് ഇവിടെ ചേർത്തുവായിക്കാം ഹുസൈൻ(റ) വിന്റെ മകൾ ഫാതിമ (റ) പറയുന്നു. മാതാമഹി ഫാതിമ(റ) യിൽനിന്ന് നിവേദനം ഞാൻ ആഇശ (റ) യുടെ അടുക്കൽ ഇരിക്കവെ നബി(ﷺ) അവിടേക്ക് കടന്നുവന്നു. എന്നോട് അൽപം സ്വകാര്യം പറഞ്ഞു അപ്പോൾ ആദ്യം കരയുകയും പിന്നീട് ചിരിക്കുകയും ചെയതു. ആഇശ(റ) എന്നോട് കാരണമന്വേഷിച്ചു ഞാൻ പറഞ്ഞു ആ രഹസ്യം ഞാനിപ്പോൾ പറയുന്നില്ല നബി(ﷺ) വഫാത്തായശേഷം ഞാൻ പറഞ്ഞു. ജിബ്രീൽ (അ) ഈ റമളാനിൽ രണ്ടുതവണ ഖുർആൻ കേൾപ്പിച്ചിരിക്കുന്നു. ഞാനീ വർഷംതന്നെ പരലോകം പ്രാപിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു ലോകവനിതകളിൽ നബി(ﷺ)ക്ക് ഏറ്റവും ഗുണപ്രദാനം ചെയ്ത വനിത ഫാത്വിമ(റ)യാണ്. മോളേ അതിനാൽ തന്നെ ക്ഷമയിലും നീ മറ്റുള്ളവരേക്കാൾ താഴെയാവാൻ പാടില്ല. അപ്പോൾ ഞാൻ കരഞ്ഞു ഉടനെ നബി(ﷺ) പറഞ്ഞു നീ സ്വർഗ്ഗീയവനിതകളുടെ നേതാവാണ്.

ഫാത്വിമ (റ) തിരുനബി(ﷺ)യുടെ അംശമാണ്. ഇമാംബുഖാരി(റ)ടെ ഹദീസ് ഒരിക്കൽക്കൂടി വായിക്കാം. നബി(ﷺ) പറഞ്ഞു ഫാത്വിമ(റ) എന്റെ ഭാഗമാണ്. ആരെങ്കിലും അവളെ കോപിപ്പിച്ചാൽ എന്നെ ദ്വേഷിപ്പിച്ചിരിക്കുന്നു. സുഹൈലിയുടെ നിവേദനത്തിൽ ഇങ്ങനെ കാണാം. ആരെങ്കിലും അവളെ ചീത്ത പറഞ്ഞാൽ അവൻ കാഫിറാകുന്നു. അബൂ ലുബാബയുടെ സംഭവം ഇവിടെ വായിക്കേണ്ടതാണ്. നബി(ﷺ) അല്ലാതെ തന്നെ അഴിച്ചുവിടാൻ പാടില്ല എന്നദ്ദേഹം ശപഥം ചെയ്തു ഫാതിമ(റ) അദ്ദേഹത്തെ അഴിച്ചുവിടാൻ ചെന്നപ്പോഴും ശപഥം കാരണത്താൽ അദ്ദേഹം വിസമ്മതിച്ചു. ഉടനെ നബി(ﷺ) പറഞ്ഞു. ഫാത്വിമ എന്റെ ഭാഗമാണ്, അംശമാണ് അവളെ പ്രയാസപ്പെടുത്തുന്നതെന്തും നബി(ﷺ)ക്കും പ്രയാസമാണ്.

## 4.അലി (റ)ന്റെ വിവാഹാലോചന

മുൻമ്പ് വായിച്ചത്പോലെ അലി (റ)ന് അബുജഹ്ലിന്റെ മകളെ വിവാഹാലോചന നടത്തി. ഈ ആലോചന ഫാത്വിമ(റ)ക്ക് വിഷമകരമാകുമെന്ന് വന്നപ്പോൾ നബി(ﷺ)ക്ക് വിഷമമായി. അതിനെതിരെ പരസ്യമായും ഗൗരവതരമായും നബി(ﷺ) ഉണർത്തുകയും ചെയ്തു.

## 5. ഉമ്മു അബീഹാ

അവളുടെ വാപ്പായുടെ ഉമ്മ എന്ന വിളിപ്പേർ എത്ര സാർത്ഥകവും നബി(ﷺ)യോടുള്ള ബന്ധത്തിന്റെ സൂചനയുമായിരുന്നു. നബിയുടെ ഭാര്യയും ഫാത്വിമ(റ)യുടെ ഉമ്മയുമായ ഖദീജ(റ) വഫാത്തായത് മുതൽ തിരുനബി(ﷺ)ക്ക് ആവശ്യമായ സേവനങ്ങളും പരിചരണവും നൽകിയതിനാലാണ് ഈ പേർ സിദ്ധിച്ചത്. അതിന്റെ പ്രതിഛായയപോലെ നബി(ﷺ) ഫാത്വിമ(റ)യെ അതിരറ്റ് സ്നേഹിച്ചു അവളുടെ മക്കളെ പരിലാളിച്ചു എവിടേക്കെങ്കിലും പുറപ്പെട്ടാൽ അവസാനം യാത്ര പറയുന്നതവളോടായാരുന്നു. മടങ്ങി വന്നാൽ ആദ്യം പള്ളിയിൽ വന്ന് രണ്ട് റ്ക്അത്ത് നിസ്കരിക്കും അതിനുശേഷമേ ഭാര്യമാരെ സന്ദർശിച്ചിരുന്നുള്ളു.

## 6. നബി(സ)യുടെ മക്കളിൽ ഏറ്റവും പ്രിയപ്പെട്ടവൾ ഫാത്വിമ

നബി(സ)യോട് ഏറ്റവും സാദൃശ്യമുണ്ടായിരുന്നതും അവർക്കായിരുന്നു. ആഇശ(റ) നിവേദനം ചെയ്യുന്നു നടത്തത്തിലും ഭാവത്തിലും

നബി(ﷺ)യോട് ഏറ്റവും സാദൃശ്യമുള്ളത് ഫാത്വിമ(റ)ക്കായിരുന്നു. (അത്രത്തോളം മറ്റാരെയും ഞാൻ കണ്ടിട്ടില്ല) അവൾ കടന്നുവന്നാൽ നബി(ﷺ) ചെന്ന് ചുംബിച്ച് സ്വീകരിക്കും എന്നിട്ട് നബി(ﷺ) യുടെ ഇരിപ്പിടത്തിൽ ഇരുത്തുകയും ചെയ്യും.

## 7. സഹ്റാഅ്

റോസാപുഷ്പം എന്നർത്ഥമുള്ള സഹ്റാഅ് ഫാത്വിമ(റ)യുടെ ഒരു നാമമാണ്. അവളുടെ പ്രഭാവവും ചന്തവും നാമത്തെ അന്വർത്ഥമാക്കി. ചുവപ്പ് കലർന്ന് വെളുത്ത നിറം റോസാപുഷ്പത്തിന്റെ സാദൃശ്യത നില നിർത്തുന്നതിൽ മേനിപകിട്ടുകൂടി പകർന്നു.

## 8. ശുപാർശ

അന്ത്യനാളിൽ നബി(ﷺ) ശുപാർശ ചെയ്യുമ്പോൾ ഇങ്ങനെ പറയും എന്റെ സമുദായമേ എന്റെ സമുദായമേ... അല്ലാഹുവോട് ഞാൻ ശുപാർശ തേടുന്നത് എന്റെ സമുദായത്തിന് വേണ്ടിയാണ് എനിക്കോ എന്റെ ഫാത്വിമ(റ)ക്കോ വേണ്ടിയല്ല. മഹത്വവും ഒപ്പം ഗൗരവവും നിറഞ്ഞ സ്ഥാനത്ത് പോലും ഉദ്ദേശിക്കപ്പെടുന്ന നാമം അതും തിരുനബി(ﷺ)യുടെ അധരങ്ങളിൽ കൂട്ടുകൂടുന്നു മുത്തുമണികൾ അതാണ് ഫാത്വിമ(റ) എത്രത്തോളം ഭയാനകമായ ഘട്ടത്തിലാണ് നബി(ﷺ) ഈ പ്രയോഗം നടത്തുന്നതെന്നുകൂടി അനുസ്മരിക്കുക. അഖില പ്രവാചകന്മാരും കൈയൊഴിഞ്ഞ ശേഷമാണ് ജനങ്ങൾ നബി(ﷺ)യെ സമീപിക്കുന്നത്. മുർസലീങ്ങൾ അടക്കം സ്വന്തം വിഷയത്തിൽ വിഹ്വലരാകുന്ന രംഗമായിരിക്കും അത്.

മഖ്സൂമി ഗോത്രത്തിലെ വനിതയെ മോഷണക്കേസിൽ പിടിക്കപ്പെട്ടു. ഉസാമ(റ)യെ നബി(ﷺ)യിലേക്കവർ ശുപാർശക്കയച്ചു. അപ്പോഴും നബി (ﷺ) ഫാത്വിമയെ പരാമർശിച്ചു. എന്റെ മകൾ ഫാത്വിമ(റ)യാണ് മോഷ്ടിച്ചതെങ്കിലും ഞാൻ കൈ മുറിക്കുകതന്നെ ചെയ്യും.

വിധിപ്രയോഗത്തിൽ വിട്ടുവീഴ്ചയില്ലെന്ന പ്രഖ്യാപനത്തിനൊപ്പം തനിക്ക് ഫാത്വിമ(റ)യോടുള്ള പ്രിയം കൂടിയാണ് മേൽ വാചകം ഉൾക്കൊള്ളുന്നത്. അതോടൊപ്പം ഫാത്വിമ(റ)യിൽ തിരുനബി(ﷺ)ക്കുണ്ടായിരുന്ന ഈമാനികവും കർമ്മപരവുമായ പ്രതീക്ഷ കൂടി മേൽ പരാമർശം ആവഹിക്കുന്നത്.

മറ്റൊരിക്കൽ നബി(ﷺ) ഫാത്വിമയോട് പറഞ്ഞു മോളേ നീ ആവശ്യമുള്ളത് ചോദിച്ചോളൂ അത് അല്ലാഹുവിൽനിന്ന് ലഭിക്കാതെ ഞാൻ ഐശ്വര്യവാനാവുകയില്ല. നിനക്ക് വേണ്ടതെന്തും അല്ലാഹുവിൽനിന്ന് ഞാൻ ചോദിച്ചു വാങ്ങിത്തരാം......സ്നേഹത്തിന്റെയും താത്പര്യത്തിന്റെയും എത്ര പ്രഫുല്ല ബിന്ദുക്കളാണോ വാചകത്തിൽ തെളിയുന്നത്.

## 9 പരിത്യാഗം

താഴ്മയുടെയും ഭൗതികപരിത്യാഗത്തിന്റെയും പര്യായമാണ് സഹ്റാഅ്. അടിമയെത്തേടി പിതാവിനെ സമീപിച്ചു അടിമക്കു പകരം നൽകിയ മന്ത്രങ്ങളിൽ അവൾ സംതൃപ്തയായി. ഭൗതികപ്രയാസങ്ങളേതും പരലോകത്തിനു വേണ്ടി നെഞ്ചിലേറ്റാൻ അവൾ തയ്യാറായി. ധരിച്ചിരുന്ന ആഭരണംപോലും വിറ്റ് അടിമമോചനം നടത്തി. ആഡംബരങ്ങളിലോ ആർഭാടങ്ങളിലോ ആ കണ്ണുകൾ എത്തിനോക്കിയത്പോലുമില്ല.

## 10. അവസാനത്തെ യാത്രിക

നബി(ﷺ)യുടെ മക്കളിൽ ഏറ്റവും ഒടുവിൽ വിടവാങ്ങിയത് ഫാത്വിമ(റ)യാണ്. മറ്റുള്ളവരെല്ലാം തിരുമേനി(ﷺ)യുടെ ജീവിതകാലത്ത്തന്നെ വിയോഗം തേടി. നബി(ﷺ)യുടെ വഫാത്തിനുശേഷം മാസങ്ങളേ ഫാത്വിമ(റ) ജീവിച്ചുള്ളൂ. 29-ാം വയസ്സിലായിരുന്നല്ലോ മഹതിയുടെ പരലോകയാത്ര. ആഖിറത്തിൽ പറുദീസ കാത്തിരിക്കുമ്പോൾ ഇഹലോകത്ത് കൂടുതൽ വൈകുന്നതെന്തിന്? ഇതായിരിക്കണം ഹ്രസ്വജീവിതത്തിന്റെ ദർശനം.

അത് പോലെ സ്തുതിക്കപ്പെട്ട മഹതിയാണ് മർയം(റ). ചാരിത്ര്യം സംരക്ഷിച്ച് ഇലാഹി ദർശനങ്ങളെ ശിരസ്സാ വഹിച്ച മഹതി സമാനരായ വിശ്വാസിനികൾക്ക് മുഴുവൻ മർയം(റ) മാതൃകയാണ്.

പക്ഷേ ലോകവിശ്വാസിനികൾ ഒത്തുചേർന്നാലുമെത്താത്ത എത്ര മാഹാത്മ്യമാണ് ഫാത്വിമ(റ)ക്കുള്ളത്.

ഉപ്പക്ക് മകളും ആത്മീയലോകത്തും കൂട്ടിന് വേണമായിരുന്നു വേഗം വരണമെന്ന് പറഞ്ഞു. വൈകാതെ തന്നെ ഫാത്വിമ(റ) പാതാവിന്റെ ചാരത്തെത്തി.

# സമാപ്തം

മഹാത്മാക്കളോടും സച്ചരിതരോടും പരമ്പര ചേർക്കുന്നതും വ്യക്തമാക്കുന്നതും മഹദ്കർമ്മങ്ങളാണ്. നബി(ﷺ)യുടെ പരമ്പരയാകുമ്പോൾ അതെന്ത്കൊണ്ടും മഹത്വം നിറഞ്ഞുതന്നെയാണ്.

മഹദ് പാരമ്പര്യത്തിലെ പ്രഫുല്ല കുസുമമാണ് ഫാത്വിമ(റ) സച്ചരിതമായ മാതൃപിതൃപരമ്പരകളിൽനിന്ന് മാത്രം വിരിഞ്ഞ പുഷ്പം. മഹത്തായ നബികുടുംബത്തിന്റെ മാതാവ്. അവരുടെ അപദാനങ്ങളും കീർത്തനങ്ങളും മഹദ് കർമ്മമത്രെ. നബികുടുംബത്തിന്റെ മഹത്വമുൾക്കൊള്ളാൻ ഒരൊറ്റ ഹദീസ് തന്നെ അധികമാണ്.

അവരുടെ പാരമ്പര്യത്തോട് ചേരുന്നതിന്റെ മഹത്വം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. തഖ്‌വയിൽ അവരുടെ ചൈതന്യത്തിനായി യാചിക്കുന്നു. നബി(ﷺ)യുടെ മഹത്വം അവരിൽ നിർബാദം നിലനിൽക്കാനും ഹൃദയം സംശുദ്ധവും മഹത്തുക്കളിലേക്ക് സമീപ്യമുള്ളതുമാകാനും പ്രാർത്ഥനാനിരതമാകുന്നു സന്മാർഗ്ഗത്തിന്റെ പ്രഭവ കേന്ദ്രങ്ങളിൽ സംശയത്തിന്റെ സ്ഖലിതം കലർത്തുന്നവർക്ക് അന്ധത ബാധിച്ചിരിക്കുന്നു.

മഹതി ഫാത്വിമ(റ)യുടെ ഈ ചരിത്രശകലങ്ങൾ ഒരധ്യാപനവിദ്യാർത്ഥിക്കു നൽകാവുന്നതിൽ വച്ച് മഹത്വമുള്ള അധ്യായങ്ങളാണ്. മാതാപിതാക്കൾ മക്കൾക്ക് നൽകാവുന്നതിൽ മഹത്വമേറിയ സമ്മാനങ്ങളാണ്. ഈ ചരിത്രപാരായണം അവരുടെ ഹൃദയങ്ങളെ തുറക്കുന്നു. ആത്മാക്കളെ പരിപുഷ്ടമാക്കും. സ്വഭാവചൈതന്യം സാധ്യമാക്കും.

ഇസ്‌ലാമിക സംഹിതക്കും സാമാന്യ ബോധത്തിനും നിരക്കാത്തത് നാമിതിൽ അവലംബിച്ചിട്ടില്ല. ഒരു മുസ്‌ലീം കുടുംബത്തിന്റെ ധാർമിക

നവോത്ഥാനത്തിന് ഒരു മാതൃകയാവശ്യമാണ് (അതാണിത്). അനന്ത മായ വിജയസാഫല്യത്തിന് അനുയോജ്യമായ ഒരു തുടർച്ച അനിവാര്യ മാണ്.


ഫാത്വിമ (റ)യുടെ ചരിത്രസംഹിതയിൽനിന്നിവിടെ കോർത്ത മണി മുത്തുകൾ എത്ര നയനമനോഹരങ്ങളും ഹൃദയഹാരിയുമാണ്. നബി കുടുംബത്തിന്റെ മഹത്വത്തിൽ സംശയമുള്ളവർക്ക് യാഥാർത്ഥ്യം പ്രാപി ക്കാനുള്ള കൈത്തിരിയാകുമെന്നാശിക്കുന്നു.

ഫാത്വിമ(റ)യുടെ ജീവിതം മുഴുവനും മഹദ് ദർശനമാണ്. പാഠങ്ങളും മാർഗ്ഗരേഖകളുമാണ് ബാല്യം മുതൽതന്നെ അവൾ പ്രബോധനത്തിന്റെ സഹായിയും തിരുമേനി(ﷺ)യുടെ കാവലാളുമായിരുന്നു ഇത് കുട്ടി കൾക്കുള്ള പാഠമാണ്. ഫാത്വിമ(റ) യുടെ കുടുംബജീവിതം കുടും ബിനികൾക്കുള്ള പ്രകാശരേഖയാണ് മഹത്വമുൾക്കൊള്ളുന്ന ഭാര്യമാർക്ക് മാതൃകയുടെ മാപിനിയാണ്.

തിരുനബി(ﷺ)യുടെ പ്രഭാവത്തിന്റെ അംശമാണവൾ തിരുമേനി(ﷺ)യുടെ പാഠശാലയിലെ വിദ്യാർത്ഥിനിയാണ്. അവിടുത്തെ പരിപാലനത്തിൽനിന്ന് സ്വഭാവം പകർന്നവളാണ്. പിതാവിന്റെ ഉമ്മയാണ്. അവളുടെ ഇഷ്ടാനിഷ്ടങ്ങൾ നബി(ﷺ)യുടെ ഇഷ്ടാനിഷ്ടങ്ങളാണ്. അവൾക്കും പരമ്പരക്കും പൈശാചികസ്വാധീനത്തിൽനിന്ന് കാവൽ ചോദിക്കപ്പെട്ടതാണ്.

അല്ലാഹു നമ്മുടെ ഹൃദയങ്ങളെ പ്രകാശപൂരിതമാക്കട്ടെ സർവ്വവും ആ പ്രഭാവലയത്തിലാക്കിത്തരട്ടെ.. അല്ലാഹു ഉത്തരം നൽകുന്നവനാണ് നബി(ﷺ)യോടും കുടുംബത്തോടുമുള്ള വിശുദ്ധ സ്നേഹം നമ്മുടെ ഹൃദ യങ്ങളിൽ അല്ലാഹു പ്രദാനം ചെയ്യട്ടെ. ആമീൻ.

* * * *




ജന്നത്തുൽ ബഖീഇലെ ഫാത്വിമ ബീവി(റ)യുടെ മഖ്ബറ (വലത് വശത്ത് അടയാളപ്പെടുത്തിയിരിക്കുന്നു)




ഖദീജ(റ)യുടെ മഖ്ബറ



ആമിന(റ)യുടെ മഖ്ബറ



ഫാതിമ(റ) ജനിച്ച സ്ഥലം



നബി(സ)യുടെ വീടിന്റെ ദൃശ്യം

# ഖാദിസിയ്യ ഇസ്‌ലാമിക് കോംപ്ലക്സ്

**തഴുത്തല പി.ഒ., മുഖത്തല, കൊല്ലം**

**ഫോൺ: 0474-2531578, 3091851**

പത്തു വർഷത്തോളമായി വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു നവോത്ഥാനമായി പ്രവർത്തിക്കുന്ന ദക്ഷിണ കേരളത്തിലെ ഏറ്റവും വലിയ മത- ഭൗതിക- സാങ്കേതിക വിദ്യാഭ്യാസ സമുച്ചയമാണ് ഖാദിസിയ്യ ഇസ്‌ലാമിക് കോംപ്ലക്സ്. ആയിരത്തിൽപരം വിദ്യാർത്ഥികളാണ് വിവിധ വിഭാഗങ്ങളിലായി ഈ സ്ഥാപനത്തിൽ നിന്ന് ജ്ഞാനം നേടുന്നത്.

## സ്ഥാപനങ്ങൾ:

ശരീഅത്ത് കോളേജ്

ജുമുഅ മസ്ജിദ്, തഴുത്തല

ദഅ്‌വാ കോളേജ്, ചിറയിൻകീഴ്

ഹിഫ്ളുൽ ഖുർആൻ കോളേജ്, കണിയാപുരം

മസ്ജിദ് & മദ്റസ, ചിറവയൽ

മസ്ജിദ് & മദ്റസ, മൈനാഗപ്പള്ളി

ഇംഗ്ലീഷ് മീഡിയം സ്കൂൾ

ഓർഫൻ കെയർ സെന്റർ

സ്കൂൾ ഓഫ് ഖുർആൻ & സയൻസ്

ദഅ്‌വാ സെൽ

ഇസ്‌ലാമിക് ലൈബ്രറി

പ്രതിമാസം ആറ് ലക്ഷത്തിൽപരം രൂപ ചെലവ് വരുന്ന ഈ സ്ഥാപനം അഭ്യുദയകാംക്ഷികളുടെ ഹൃദ്യമായ സഹായ സഹകരണങ്ങൾകൊണ്ട് മാത്രമാണ് മുന്നോട്ട് പോകുന്നത്. നാളിതുവരെ സഹായിച്ചവരെ നാഥൻ തുണയ്ക്കട്ടെ, ആമീൻ.

*സഹകരണ പ്രതീക്ഷയോടെ...*

| പ്രസിഡണ്ട് | സെക്രട്ടറി |
|---|---|
| പി. എ. ഹൈദ്രോസ് മുസ്‌ലിയാർ ഫൈസി | പി. എ. മുഹമ്മദ് കുഞ്ഞ് സഖാഫി M.A. Mphil |

**A/c No: C1159, Canara Bank, Kollam-13**

വിലാസം:

**ഖാദിസിയ്യ ഇസ്‌ലാമിക് കോംപ്ലക്സ്**

തഴുത്തല പി. ഒ., മുഖത്തല, കൊല്ലം, ഫോൺ: 0474 - 2531578